
Date of publication : 1 ജനുവരി 2021
വോള്യം 21/ലക്കം 3
ISSN 2319-9741

# സംഘടിത



# സംഘർഷഭൂമികൾ

ANWESHI

# പുതിയ കാലത്തെ സ്ത്രീയെ
# പുനർനിർവ്വചിക്കുന്ന
# സ്ത്രീപക്ഷമാസിക...

# സംഘടിത

**10-ാം വർഷത്തിലേക്ക്**










**വായിക്കുക! പ്രചരിപ്പിക്കുക!**

**www.sanghaditha.com**

Sanghaditha,
C/o. Anweshi Councelling Centre
Kottooli, Calicut - 673 016

*email:*
sanghadithacalicut@gmail.com,
sheebakm@gmail.com

വായനക്കാർക്ക് സംഘടിതയുടെ പുതുവത്സരാശംസകൾ

# സംഘടിത

സംഘടിത/ ജനുവരി 2021/ വോള്യം 21/ലക്കം 3




കവർ ചിത്രം: ഇന്റർനെറ്റ്

സമാധാനത്തിന്റെ ഉണർവുകൾ : സ്ത്രീകളുടെ പ്രതിരോധത്തിന്റെ ആചാരങ്ങളും സ്മരണകളും — 7
വി. ഗീത

ചെക്ക് പോയിന്റുകളിലൂടെ കടന്നുപോകുമ്പോൾ- ഇലങ്കൈ തമിഴ് സ്ത്രീകളുടെ കവിത — 17
ഡോ.അപർണ ഈശ്വരൻ

ആദിവാസി സ്ത്രീകളും ബസ്തറിലെ സായുധപോരും — 21
ബേലാ ഭാട്ടിയ

സഫൂറ സർഗാറും ഇന്ത്യയുടെ ആത്മാവിനായുള്ള അന്വേഷണവും — 27
കല്പന കണബിരൻ

ദലിത് സ്ത്രീകളുടെ ജീവിതം -ജാതിയും അക്രമോത്സുകതയും — 32
സ്മിത എം.പാട്ടീൽ

നിയമത്തിന്റെ പരിമിതികൾ: സോണി സൂരി കേസിലൂടെ വൃന്ദാ ഗ്രോവർ — 35
അഭിമുഖം / ഉർവ്വശി ബൂട്ടാലിയ & ഉമാ ചക്രവർത്തി

ഓർമ്മകളും, മറവികളും, മുന്നോട്ടുള്ള കാൽവയ്പ്പുകളും — 43
അമൃത പ്രീതം ഗോഗോയ്

മറക്കാൻ എനിക്കാവില്ല; നാം ഓർക്കണം - ഗുജറാത്ത് 2002 — 48
ഡോ. മീര വേലായുധൻ

പോരാട്ടത്തിന്റെ പെണ്ണുടലുകൾ: കശ്മീർ മണിപ്പൂർ വായനകൾ — 53
അശ്വതി സേനൻ

നഗരമാതാക്കളും ആൺയുക്തികളും — 56
ഉപ്പും മുളകും / ഗീത

1971 ൽ ബംഗാൾ അതിർത്തിയിലെ സ്ത്രീകൾ — 58
മല്ലാരിക സിൻഹാ റോയ്

മനുഷ്യനും പൗരനും ആദിവാസിക്കുമിടയിൽ — 62
പാപോരി ബോറ

ഒരുമ്പെട്ടോള് — 66
കവിത/അനു ഉഷ

നിയമവിരുദ്ധമായ നിയമങ്ങൾ: ഥംഗ്ജം മനോരമ കേസ് — 67
ഹരിപ്രിയ സോയ്ബം

സംഘർഷ മേഖലകളിലെ ഭരണ നിർവഹണവും ലിംഗപദവിയും — 72
സീമ കാസി

മിന്നിച്ചു വരൂ ചുണക്കുട്ടികളേ... — 77
വാസ്തവം / ഡോ.ജാൻസി ജോസ്

സംഘർഷഭരിത ഇടങ്ങളിലെ സ്ത്രീയും കലാപവും: സമകാലിക ആസ്സാമീസ് നോവലുകളിലെ സ്ത്രീ അനുഭവങ്ങളെക്കുറിച്ച് ഒരു പഠനം — 78
മനസി മിശ്ര

സിസ്റ്റർ അഭയ കേസ് നമ്മളോട് പറയുന്നതെന്ത്? — 82
പെൺപക്ഷം /അജിത കെ.

സ്ത്രീയും സായുധകലാപവും: ഉൾഫയിലെ സ്ത്രീ അനുഭവങ്ങൾ — 83
മുൻമി പഥക്

ഗന്ധത്തിന്റെ അധികാരം : ബോഡോ പ്രദേശങ്ങളിലെ സംഘർഷപൂർവ ദൈനംദിനം — 86
ഡോണ ബിസ്വാസ്

ആണുങ്ങളില്ലാത്ത വീടും പെണ്ണുങ്ങളില്ലാത്ത ചരിത്രവും : മലബാർ കലാപത്തിലെ സ്ത്രീ ആഖ്യാനങ്ങളെ മുൻ നിർത്തിയുള്ള പഠനം — 91
ഷംഷാദ് ഹുസൈൻ കെ.ടി.

മലബാർ കലാപത്തിലെ പെൺജീവിതം — 95
ഡോ. ശ്രീവിദ്യ

മാറാടിലെ സ്ത്രീകളും വർഗീയ കലാപങ്ങളും — 98
ഹമീദ സി. കെ.

കൊലപാതകരാഷ്ട്രീയവും കണ്ണൂരിലെ സ്ത്രീകളും: ഓർമ്മ,അനുഭവം — 103
ഡോ. ദീപ വി. കെ.

രാഷ്ട്രീയ കൊലപാതകങ്ങൾ; ഒരു ഓർമ്മ കുറിപ്പ് — 106
അഫീദ കെ. ടി.

ശാന്തിപ്രിയയുടെ പാട്ടുവഴികളിലൂടെ ... — 108
ജാനകി/വഴിത്താരകൾ

നേപ്പാളിലെ പീപ്പിൾസ് വാറിൽ സ്ത്രീകൾ — 111
കവിത രതൂരി

അവസാനിപ്പിക്കണം ചേലാകർമ്മമെന്ന അനാചാരം ! — 114
ആരിഫ ജോഹാരി

ഇനിയീ മനസ്സിൽ കവിതയില്ല — 117
അനുസ്മരണം /കെ.എ.ബീന

കാതലീന്റെ നാലു പതിറ്റാണ്ടു നീണ്ട ഗവേഷണവും കോവിഡ് വാക്സിനും — 119
ശാസ്ത്രം / സീമ ശ്രീലയം



**ഫോട്ടോഫീച്ചർ :** സംഘർഷത്തിൽ നിന്ന് സമാധാനത്തിലേക്കുള്ള ഇടപെടലുകൾ

**എഡിറ്റർ:** ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:** കെ.അജിത **ഗസ്റ്റ് എഡിറ്റർ:** ഹമീദ സി. കെ., **പത്രാധിപസമിതി:** രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ. പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ഡോ. സോണിയ ജോർജ്. അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ശ്രീജിത **ഉപദേശകസമിതി** : പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാ സാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** : സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി.

ISSN 2319-9741

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖവുര



ഷീബ കെ.എം.

ദില്ലി അതിർത്തിയിൽ കർഷക വിരുദ്ധനിയമങ്ങൾക്കെതിരെ നടക്കുന്ന അതിജീവനസമരത്തെക്കുറിച്ച് കഴിഞ്ഞ ലക്കം മുഖവുരയിൽ എഴുതിയതിൽ പിന്നെ ഒരു മാസം കടന്നുപോയി.സമരമുഖത്തിരിക്കുന്നവർ നാൾക്കുനാൾ വർദ്ധിച്ചു വന്ന പ്രതികൂലസാഹചര്യങ്ങളെ വകവയ്ക്കാതെ ചെറുത്തുനിൽപ്പ് തുടരുകയാണെങ്കിലും ഭരണത്തിലിരിക്കുന്നവർക്ക് പ്രത്യേകിച്ച് കുലുക്കമൊന്നും കണ്ടില്ല. മരണങ്ങളും ആത്മഹത്യകളും വരെയുണ്ടായി.ഏറെ യാതനകൾ സഹിച്ച് കൊടും തണുപ്പിൽ വൃദ്ധരും കുട്ടികളും മുതിർന്നവരും ഒരുപോലെ നിരായുധരായി സഹനസമരത്തിലായിട്ടും കണ്ടില്ലെന്ന് നടിക്കാൻ ശ്രമിക്കുകയായിരുന്നു കോർപ്പറേറ്റ് അനുകൂല സർക്കാർ. ഖാലിസ്ഥാനിയെന്നും ഭീകരവാദിയെന്നുമൊക്കെ മുദ്രകുത്താൻ ശ്രമിച്ചും ഐക്യദാർഢ്യവുമായെത്തിയ മുസ്ലീം സഹോദരങ്ങളെ മുഗൾ സിഖ് ശത്രുതകളുടെ ചരിത്രമോർമ്മിപ്പിച്ച് അകറ്റി നിർത്താൻ ശ്രമിച്ചും സമരത്തെ തകർക്കാനുള്ള കുൽസിത ശ്രമങ്ങളുണ്ടായി. ഒടുവിലിപ്പോൾ ചർച്ചയ്ക്ക് വിളിച്ചിരിക്കുകയാണ്. വീറോടെ പൊരുതി നിൽക്കുന്നവർ ചരിത്രവിജയം നേടട്ടെ എന്ന് ആശംസിക്കുകയും ആഗ്രഹിക്കുകയും ചെയ്യാം. അനീതിക്കും ദുരധികാരത്തിനും മുതലാളിത്ത ദുർവ്യവസ്ഥയ്ക്കുമെതിരെയുള്ള ഈ ചരിത്ര ഗംഭീര സംഘാടനത്തിന് വീണ്ടും ഉശിരുള്ള ഐക്യദാർഢ്യം !

നീണ്ട 28 വർഷങ്ങളുടെ നിർണ്ണായക പോരാട്ടത്തിനുശേഷം അഭയകേസിൽ നീതിയുടെ പക്ഷത്ത് നിയമവിധി. ആണധികാര മതമേലാളർ പണവും സ്വാധീനവുമുപയോഗിച്ച് തേച്ചുമാച്ചു കളയാൻ ഇത്രയും ദീർഘനാൾ പ്രയത്നിച്ച സമാന സംഭവങ്ങൾ അധികമുണ്ടാകില്ല. വൈകിയെത്തിയ നീതി നീതിനിഷേധമാണെന്ന് പൊതുവെ പറയുമെങ്കിലും -അഭയയുടെ ഉറ്റവരെ സംബന്ധിച്ച് ഇത് ശരിയാണെങ്കിലും- സാമൂഹ്യാർത്ഥത്തിൽ ഇതൊരു നിർണ്ണായകവിജയം തന്നെ. സത്യവും നീതിയും പുലരുമെന്ന് പ്രത്യാശിക്കാനും അതിനായി പ്രയത്നിക്കാനും പ്രേരിപ്പിക്കുന്ന വിധിന്യായം. തളരാതെ ഇതിനു വേണ്ടി പ്രയത്നിച്ചവർക്ക് അഭിനന്ദനങ്ങൾ!

കവിത്വത്തിന്റെ സൗന്ദര്യബോധത്തെ സാമൂഹിക ഉത്തരവാദിത്വത്തിന്റേയും കൂടി പ്രേരണയാക്കിയ പ്രിയ കവി സുഗതകുമാരി നമ്മെ വിട്ടു പിരിഞ്ഞു. സൈലന്റ് വാലി സമരവിജയത്തിന്റെ പരിശ്രമീരൂപമായി അവർ ഇന്നും എന്നും നിലനിൽക്കും . ഹിന്ദുത്വത്തോടുള്ള ചായ്‌വിന്റെ പേരിലും വിതുര പെൺവാണിഭക്കേസിലുൾപ്പെട്ടു പോയ പെൺകുട്ടിയോടെടുത്ത നിലപാടുകളുടെ പേരിലുമൊക്കെ ഏറെ വിവാദങ്ങളും വിയോജിപ്പുകളും സൃഷ്ടിച്ചിരുന്നുവെങ്കിലും അവരുടെ സമരജീവിതവും അവർ അവശേഷിപ്പിച്ചുപോയ കവിതകളും ആദരണീയവും സ്മരണീയവുമാണ്. സംഘടിതയുടെ ആദ്യനാളുകൾ തൊട്ട് കൂടെയുണ്ടാവുകയും ഉപദേശകസമിതി അംഗമായി തുടരുകയും ചെയ്ത സുഗതകുമാരിക്ക് നമ്രശിരസ്സോടെ ആദരാഞ്ജലികൾ.

തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നപ്പോൾ ഏറെ ആഹ്ളാദം തോന്നാൻ വകയുള്ളതായി കണ്ടു. ഹിന്ദുത്വത്തെ വീണ്ടും ദൂരെ നിർത്തുന്നതിൽ നമ്മൾ വിജയിച്ചതിലും ഒരുപാട് സ്ത്രീകൾ ഭരണസാരഥ്യത്തിലെത്തിയതിലും ഏറെ സന്തോഷമുണ്ട്. ജയിച്ചവരിൽ ഏറ്റവും പ്രായം കുറഞ്ഞ മേയർ , മെമ്പർ എന്ന പേരിൽ വാഴ്ത്തിയും ഇകഴ്ത്തിയുമെല്ലാം അഭിപ്രായങ്ങൾ കാണാനായി. സ്ത്രീകൾ പൊതുരംഗത്ത് എത്തുമ്പോൾ മാത്രം ഉയരുന്ന പ്രായവിഷയം ഒരു ആൺനോട്ട ഉൽപ്പന്നം തന്നെയെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. കല്യാണം കഴിപ്പിച്ച് വീടിന്റെയും കുടുംബത്തിന്റെയും ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുമ്പോൾ പരിഗണനയ്ക്ക് വരാത്ത പ്രായം നാടിന്റെ ഉത്തരവാദിത്വത്തിന്റെ കാര്യത്തിൽ മാത്രം ഉയർത്തുന്നതിൽ ഇരട്ടത്താപ്പുണ്ട്. ഭരണത്തിലേക്ക് സ്വമേധയാ എത്തിച്ചേരാൻ സാധിക്കാതായ സ്ത്രീകൾക്ക് സംവരണം വഴി എത്താനും മികവ് തെളിയിക്കാനും കഴിയുന്നതിൽ സന്തോഷമുണ്ട്. കർമ്മനിരതമായി ഭരണത്തെ സ്ത്രീപക്ഷമാക്കുന്നതിന് ഇവർക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ട് മനുഷ്യർ തമ്മിലുള്ള സംഘർഷങ്ങൾക്കും. വലുതും ചെറുതുമായ യുദ്ധങ്ങളും സംഘട്ടനങ്ങളും രക്തച്ചൊരിച്ചിലുകളും ദൈനംദിനമായി ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന കുടിയൊഴുപ്പിക്കലുകളും കെടുതികളും വേദനകളും ക്രൂരവും ഭയാനകവുമാണ്. മനുഷ്യത്വത്തിനും മനുഷ്യാന്തസ്സിനും നിരക്കാത്ത മട്ടിൽ സംഘർഷങ്ങളുണ്ടാക്കപ്പെടുമ്പോൾ ഈ വേദനാന്ധകാരത്തിൽ അകപ്പെട്ടു പോകുന്നവരുടെ അവസ്ഥകളെന്താണ്? തങ്ങളുടെ ശരീരത്തിനുമേലുള്ള ഹിംസാപ്രയോഗങ്ങളിലൂടെ ശത്രു വിജയക്കൊടി നാട്ടുമ്പോഴും ജീവിതത്തിന്റെ പുനർനിർമ്മാണത്തിനായി പൊരുതേണ്ടി വരുമ്പോഴും സ്ത്രീകൾ സംഘർഷഭൂമികളിലെ ഏറ്റവും പീഡിതരാവുന്നു. എന്നാൽ വീറുള്ള ചെറുത്തുനിൽപ്പുകളും ഈ ഇടങ്ങളിൽ നിന്നും ഉടലടുക്കുന്നുണ്ടുതാനും. വ്യത്യസ്ത സംഘർഷസ്വഭാവമുള്ള പ്രദേശങ്ങളിൽ നിന്നുമുള്ള അനുഭവങ്ങൾ സമാഹരിക്കുകയാണ് ഹമീദ സി.കെ. അതിഥിപത്രാധിപയായ ജനുവരി ലക്കം സംഘടിത. ഗൗരവവായനയ്ക്കായി സമർപ്പിക്കുന്നു.

പ്രസിദ്ധീകരണത്തിന്റെ പത്ത് വർഷം പൂർത്തിയാക്കിയ സംഘടിതയുടെ അഭിമാന നിമിഷം കൂടിയാണിത് എന്ന് സസന്തോഷം അറിയിക്കട്ടെ. ■

## അതിഥിപത്രാധിപക്കുറിപ്പ്



**ഹമീദ സീ. കെ.**
കോഴിക്കോട് സർവകലാശാലയിലെ
സ്ത്രീ പഠന വിഭാഗം അധ്യാപിക

# സംഘർഷ മേഖലകളിലെ സ്ത്രീകൾ: ജീവിതം, അതിജീവനം, പ്രതിരോധം

എഴുതപ്പെട്ട ചരിത്രങ്ങളിൽ ഉടനീളം സംഘർഷങ്ങളുടെ വിവരണങ്ങൾ കാണാം. എന്നാൽ ഇത്തരം അടയാളപ്പെടുത്തലുകൾ പലപ്പോഴും പുരുഷകേന്ദ്രീകൃതമാണ്. സംഘർഷങ്ങളെ പൊതുവേ പുരുഷ വ്യവഹാരം ആയാണ് കാണാറ്. പുരുഷനെ യോദ്ധാവായും സ്ത്രീയെ ഇരകളും ആക്കിയുള്ള ഇത്തരം ചിത്രീകരണം സ്ത്രീകൾ പരമ്പരാഗത സമൂഹത്തിൽ നടത്തിവന്ന പ്രതിരോധ പ്രവർത്തനങ്ങളെയും സൈനിക സഹായങ്ങളെയും സമധാന ശ്രമങ്ങളെയും താമസ്കരിക്കുന്നതിനും അത്തരം പഠനങ്ങളിലേക്കുള്ള ശ്രമങ്ങളെ ഇല്ലതാക്കുന്നതിനും ഹേതുവായിട്ടുണ്ട്. പരമ്പരകത സമൂഹങ്ങൾ സ്ത്രീകളെ ആയോധന കലകളിൽ നിന്നും മാറ്റി നിർത്തിയിരുന്നുവെങ്കിലും ആക്രമണങ്ങളുടെ/പോർപ്രതിരോധങ്ങളുടെ കർതൃത്വവുമായി ബന്ധപ്പെട്ട് ചുരുക്കം ചില സ്ത്രീ ബിംബങ്ങൾ ഇപ്പോഴും ചരിത്രത്തിൻറെ/വാമൊഴിചരിത്രത്തിന്റെ, ഇതിഹാസപുരാണങ്ങളുടെ ഭാഗമായ് നിലനിൽക്കുന്നുണ്ട്.

എങ്കിലും സംഘർഷങ്ങളിലെ സ്ത്രീയെ രേഖപെടുത്തുന്നതിൽ പുരുഷാധിപത്യ മുഖ്യധാര സാമൂഹിക ശാസ്ത്ര വിഷയങ്ങളും മാധ്യമങ്ങളും പരാജയമായി തന്നെ നിലകൊണ്ടു. അവരുടെ വിവരണങ്ങളിൽ സ്ത്രീകൾ ആക്രമണങ്ങളുടെ ഇരകൾ മാത്രമായിരുന്നു. ആഴത്തിലുള്ള വിശകലനങ്ങൾ ഇല്ലാതെ വളരെ പൊതുവായ രീതിയിലായിരുന്നു 'ഇര' എന്ന സങ്കൽപ്പത്തെപോലും രേഖപ്പെടുത്തിയിരുന്നത്. അത്തരം പ്രവണതകൾ മാറ്റിമറിച്ചു കൊണ്ടാണ് സ്ത്രീവാദ എഴുത്തുകാരികളും മറ്റും ഈ മേഖലയിലേക്ക് കടന്നുവരുന്നത്. അവർ യുദ്ധം, ആക്രമണം എന്നിവയെ ലിംഗപദവിയുമായി ബന്ധപെട്ട കാര്യമായും പിതൃമേധാവിത്വ ശ്രേണി വ്യവസ്ഥയും അധിനിവേശവും നിലനിർത്താനുള്ള പ്രക്രിയയായി കാണുകയും, ഇത്തരം വ്യവസ്ഥകളിൽ സാമ്പത്തികവും, സാമൂഹികവും, രാഷ്ട്രീയവും, സംസ്കാരികവുമായി അടിച്ചമർത്തപെടുകയും അരികുവൽക്കരിക്കപെടുകയും ചൂഷണത്തിനിരയാകുകയും ചെയ്യുന്ന ലിംഗ/പൗര വിഭാഗമായി സ്ത്രീകളെ രേഖപെടുത്തി. സ്ത്രീശരീരത്തെ ഒരു യുദ്ധ ഭൂമിയായി/ ശത്രുവിന്റെ അഭിമാന ചിഹ്നമായി കണ്ടു കൊണ്ടുള്ള ആക്രമണങ്ങൾക്കും ക്രൂരമായ സ്ത്രീ പീഡനങ്ങൾക്കും കൂട്ട ബലാത്സംഗങ്ങൾക്കും പുരുഷാധിപത്യ വ്യവസ്ഥ കാരണമാകുന്നുണ്ടെന്നു അവർ കണ്ടെത്തി. അങ്ങിനെ അവർ ഇര എന്ന പദത്തെ കൂടുതൽ വ്യക്തമായി വിശദീകരിക്കയുണ്ടായി. വ്യത്യസ്ത സാമൂഹിക സാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ പശ്ചാത്തലങ്ങളിൽ എങ്ങനെയാണ് ഇരകൾ ഉൽപ്പാദിപ്പിക്കപ്പെടുന്നത് എന്നവർ രേഖപ്പെടുത്തി. സ്ത്രീ വാദത്തിന്റെ വരവോടെ ഇത്തരം എഴുത്തുകളിൽ സമൂലമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. സംഘർഷ മേഖലകളിലെ സ്ത്രീയെ രേഖപെടുത്തുന്നതിന്ന് സ്ത്രീവാദികളും സ്ത്രീസംഘടനാപ്രവർത്തകരും സംഘർഷ മേഖലകൾ സന്ദർശിക്കുകയും സ്ത്രീകളുടെ അനുഭവങ്ങൾ രേഖപ്പെടുത്തുകയും ഉണ്ടായിട്ടുണ്ട്. സംഘർഷ മേഖലകളിലെ സ്ത്രീകളുടെ സമാധാന പ്രധിരോധ പ്രവർത്തനങ്ങളെ അടയാളപ്പെടുത്തിയും, ഇത്തരം സ്ത്രീകളുടെ കവിത/കഥ ആഖ്യാനങ്ങളെ പറ്റി വിശകലനം ചെയ്തും; സ്ത്രീകളുടെ വാമൊഴികളും, ഓർമകളും, അനുഭ

വങ്ങളും, ജീവിതങ്ങളും രേഖപെടുത്തിയുമാണ് അവർ വേറിട്ടൊരു രീതിശാസ്ത്രം വികസിപ്പിച്ചെടുത്തത്.

സംഘടിതയുടെ ഈ ലക്കത്തിൽ ഉൾകൊള്ളിച്ച ലേഖനങ്ങളിലെ സംഘർഷങ്ങൾ വ്യത്യസ്ത ഭൂമിശാസ്ത്ര, രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക, മതം, ജാതി, ഭാഷ പരിസരങ്ങളിൽ ഉള്ളവയാണ്. ഇവയിൽ യുദ്ധങ്ങൾ, ആഭ്യന്തര ലഹളകൾ, വർഗീയലഹളകൾ, ജനകീയ പ്രക്ഷോഭങ്ങൾ, രാഷ്ട്രീയ സംഘർഷങ്ങൾ എന്നിവ ഉൾകൊള്ളുന്നു. ജാതി മത വർഗ്ഗ വംശ ഭാഷ വൈവിധ്യങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ഒരു ജീവിതം ആധുനികയുഗത്തിൽ ഫലപ്രദമായി നടക്കുന്നില്ല എന്ന സൂചനകളാണു ഇവ നൽകുന്നത്.

ലോകത്തുടനീളമുള്ള സംഘർഷങ്ങളിൽ അധികവും ഇരയാക്കപ്പെടുന്നത് സാധാരണ ജനങ്ങളാണ് പ്രത്യേകിച്ച് ന്യൂനപക്ഷങ്ങളും അരികുവൽക്കരിക്കപ്പെട്ടവരും ആണ്. ഇന്ത്യയിൽ ഇത് മത ന്യൂനപക്ഷങ്ങളും ദളിതരും ആദിവാസികളും ആണെന്നുള്ളത് ആണ് വാസ്ഥവം. ഇതിൽ വലിയൊരു പങ്ക് സ്ത്രീകളും കുട്ടികളുമാണ്. യുദ്ധത്തിന്റെയും ആക്രമണങ്ങളുടെയും ഫലമായി ഇവർ ക്രൂരമായ മാനസ്സിക ശാരീരിക ആക്രമണങ്ങൾ ഏറ്റു വാങ്ങി കൊണ്ട് സ്വന്തം രാജ്യങ്ങളിലോ അന്യ രാജ്യങ്ങളിലോ അഭയാർത്ഥികളായി മാറുന്നു. ഇന്ത്യപാക് വിഭജനത്തിന്റെ, ബംഗ്ലാദേശ്, റോഹിന്ഗ്യൻ, തിബറ്റൻ, ശ്രീലങ്കൻ തമിഴ് അഭയാർത്ഥികളുടെ ഒഴുക്കിന് ഇന്ത്യ സാക്ഷ്യം വഹിച്ചിട്ടുണ്ട്.

മനുഷ്യന്റെ അല്ലെങ്കിൽ പൗരന്റെ അവകാശങ്ങളെ സംരക്ഷിക്കുക എന്നത് ഏതൊരു ഭരണകൂടത്തിൻറെയും ചുമതലയാണ്, പ്രത്യേകിച്ച് ആധുനിക ജനാധിപത്യ ദേശരാഷ്ട്രങ്ങളുടെ. എന്നാൽ നവലിബറൽ വ്യവസ്ഥകളെ പിൻ താങ്ങുന്ന ഫാസിസ്റ്റ് 'ഭരണകൂട പരമാധികാരം' മനുഷ്യാവകാശ ലംഘനങ്ങൾക്ക് ഉപയോഗിക്കപെടുന്ന വിരോധാഭാസങ്ങൾക്കാണ് ലോകം സാക്ഷ്യം വഹിക്കുന്നത്. മ്യാന്മാർ, ശ്രീലങ്ക, ചൈന, പാകിസ്ഥാൻ, തുടങ്ങി ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, കാശ്മീർ ഛത്തീസ്ഗർ ഗുജറാത്ത് തുടങ്ങിയവ ഇതിനുള്ള ഉത്തമ ഉദാഹരണങ്ങളാണ്. അന്ധമായ ഭരണ/വികസന നയസമീപനങ്ങൾ ആദിവാസികളെയും മത്സ്യതൊഴിലാളികളേയും ന്യൂനപക്ഷങ്ങളെയും അവരുടെ മണ്ണിൽ അന്യരാക്കുന്ന കാഴ്ചകളാണ് വിഴിഞ്ഞം, മുത്തങ്ങ, മാറാട് സംഘർഷ മേഖലകൾ നമുക്ക് കാണിച്ചു തരുന്നത്. പഠനങ്ങളുടെ അപര്യാപ്തത കാരണം മുത്തങ്ങവിഴിഞ്ഞം സംഘർഷങ്ങൾ ഈ ലക്കത്തിലെ ലേഖന സമാഹാരത്തിൽ ഉൾപെടുത്താൻ പറ്റിയിട്ടില്ല.


പ്രധാന വിഷയത്തിൽ നിന്നും വേറിട്ടൊരു ലേഖനമാണ് ആരെഫ ജോഹരിയുടേത് ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ നിലനിൽക്കുന്ന യോനിചേതനം എന്ന ആചാരം ഇന്ത്യയിലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും കാലങ്ങളായി നിലനിൽക്കുന്നുണ്ട്. പിഞ്ചു പെണ്കുഞ്ഞുങ്ങളിൽ നടത്തപെടുന്ന ഇത്തരം ദുരാചാരം അടുത്ത കാലത്താണ് കേരളത്തിലെ മാധ്യമങ്ങൾ ആരെഫയുടെ ഇടപെടലുകളുടെ ഭാഗമായി റിപ്പോർട്ട് ചെയ്തത്. സമൂഹത്തിന്റെ ഉള്ളിലേക്കിറങ്ങി ചെന്ന് ഇത്തരം ദുരാചാരങ്ങൾ ഉന്മൂലനം ചെയ്യുവാനുള്ള ആഹ്വാനവുമായാണ് ആരെഫയുടെ ലേഖനം നമ്മോടു സംവദിക്കുന്നത്.

വ്യത്യസ്ത രീതിശാസ്ത്രങ്ങളും വീക്ഷങ്ങളും അവലംബിച്ച് കൊണ്ട് സംഘർഷ മേഖലകളിലെ സ്ത്രീകളുടെ ജീവിതത്തിന്റെയും അതിജീവനത്തിൻറെയും പ്രതിരോധത്തിന്റെയും സന്ദർഭങ്ങളാണ് ഈ ലക്കത്തിലെ ലേഖനങ്ങളിലൂടെ പ്രധാനമായും ചർച്ച ചെയ്യപെടുന്നത്. ഈ വിഷയവുമായി ബന്ധപെട്ട് ഒരു സമാഹാരം ചെയ്യണം എന്നുള്ളത് 2010 ൽ ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ 'മാറാട് കലാപവും സ്ത്രീകളും' എന്ന വിഷയത്തിൽ ഗവേഷണം ആരംഭിച്ചത് മുതലുള്ള ആഗ്രഹമാണ്. സംഘർഷ മേഖലകളിലെ സ്ത്രീകളെ പറ്റി മലയാളത്തിൽ കൂടുതലായി എഴുത്തുകൾ ഇല്ലെന്നും അതിനാൽ തന്നെ ഇത്തരം ശ്രമങ്ങൾ സ്ത്രീപഠന മേഖലയിലെ മലയാള അക്കാദമിക സാഹിത്യ മേഖലക്ക് ഒരു മുതൽ കൂട്ടാകുമെന്നും ഉറച്ചു വിശ്വസിക്കുന്നു. പ്രഗത്ഭരായ എഴുത്തുകാരുടെയും ഈ മേഖലയിലേക്ക് കടന്നു വന്ന പുതിയ ഗവേഷകരുടെയും പഠനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവർത്തകർ അടക്കം ഒരു പാട് പേരുടെ അക്ഷീണ പരിശ്രമത്തിന്റെ ഫലമാണ് ഈ സമാഹാരം.

അന്വേഷിയിലെ ഒരു അംഗമായിട്ട് വർഷങ്ങളായി. 2007-2008 കാലഘട്ടങ്ങളിൽ താരചേച്ചിയുടെ (അംബിക) കൂടെ സംഘടിത മാസിക യാഥാർത്ഥ്യമാക്കാൻ സർക്കാർ ഓഫീസുകൾ കയറിയിറങ്ങിയ ഓർമ്മകൾ എടുത്ത് പറയുന്നതിനോടൊപ്പം ഈ ലക്കത്തിന്റെ അതിഥി പത്രാധിപയാവാൻ പ്രോത്സാഹിപ്പിച്ച അജിതേച്ചിക്കും, അന്വേഷി പ്രവർത്തകർക്കും, സംഘടിത മാസിക കൂട്ടായ്മയ്ക്കും എന്റെ ഹൃദയം നിറഞ്ഞ സ്നേഹം രേഖപെടുത്തുന്നു.



**വി. ഗീത**
ചെന്നൈയിൽ നിന്നുള്ള പ്രശസ്ത ചരിത്രകാരിയും ഫെമിനിസ്റ്റ് പ്രവർത്തകയും പ്രസാധകയും ആണ്



വിവർത്തനം :
**ശ്രീബിത പി. വി.**
കണ്ണൂർ സർവകലാശാല അദ്ധ്യാപിക

# സമാധാനത്തിന്റെ ഉണർവുകൾ : സ്ത്രീകളുടെ പ്രതിരോധത്തിന്റെ ആചാരങ്ങളും സ്മരണകളും



**ലോ**കത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നുവന്ന സമാധാന നിർമ്മാണ പ്രസ്ഥാനങ്ങളിൽ സ്ത്രീകളുടെ സജീവ സാന്നിദ്ധ്യമുള്ളതായി വീക്ഷിക്കപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച് പാലസ്തീൻ, അയർലൻഡ്, ശ്രീലങ്ക എന്നീ രാജ്യങ്ങളിലെ സംഘർഷ ബാധിത പ്രദേശങ്ങളിലെ സൈനിക വിന്യാസത്തിനും ആയുധ സംഭരണമത്സരങ്ങൾക്കും എതിരേയുള്ള പ്രക്ഷോഭങ്ങളിൽ. അതു കൊണ്ട് തന്നെ സ്ത്രീകളുടെ സമാധാന നിർമ്മാണ പ്രവർത്തനങ്ങളുടെ രണ്ട് മുഖ്യ സന്ദർഭങ്ങളാണ് ഞാൻ ഇവിടെ ചർച്ച ചെയ്യാൻ പോകുന്നത്. അതിൽ ഒന്ന് ഒരു ദശാബ്ദം മുൻപ് ബ്രിട്ടീഷ് ഐക്യനാടുകളിൽ നടന്നതാണെങ്കിൽ രണ്ടാമത്തേത് യുദ്ധക്കെടുതികളിൽ വലഞ്ഞ ലെബനനിലാണ് അരങ്ങേറിയത്. ആദ്യം ഗ്രിൻഹാം കോമണിലെ സ്ത്രീകളിൽ നിന്ന് നമുക്ക് ചർച്ച തുടങ്ങാം.

**ഗ്രിൻഹാം കോമണിലെ സ്ത്രീകൾ**

ഇന്ന് ഗ്രിൻഹാം കോമണിലെ സ്ത്രീകളെ നമ്മൾ മിക്കവാറും മറന്നിരിക്കുന്നുവെങ്കിലും 1980കളിൽ സംഭ്രമത്തോടെയും, വിമ്മിഷ്ടത്തോടെയും, ആശ്ചര്യത്തോടെയും ആണ് ലോകം അവരെ കണ്ടിരുന്നത്. സംഘടിതരാവാൻ ഉദ്ദേശിച്ചു പുറപ്പെട്ടവരായിരുന്നില്ലെങ്കിലും അവർ ഒരു സംഘടനയായി മാറി. അവരുടെ ലക്ഷ്യം ലളിതമായിരുന്നു: ബ്രിട്ടീഷ് മണ്ണിൽ ക്രൂയിസ് മിസൈലുകൾ വിന്യസിക്കുന്നതിനെതിരെ അനിശ്ചിതകാല

-ഊർജിത പ്രതിരോധം നടത്തുക. ഗ്രീൻഹാം കോമൺ രണ്ടാം ലോകമഹായുദ്ധകാലത്ത് ആംഗ്ലോ–അമേരിക്കൻ പട്ടാള ബേസ് ആയിരുന്നു. 1951ൽ അത് യു.എസ്. സൈന്യത്തിന് കൈമാറ്റം ചെയ്യപ്പെട്ടു. 1983ൽ 96 മിസൈലുകളും ഹിരോഷിമയെ നശിപ്പിച്ചതിന്റെ പതിനാറു മടങ്ങ് അധികശക്തിയുള്ള ബോംബുകളും അടങ്ങിയ ഒരു ആണവ മേഖല അവിടെ സ്ഥാപിക്കപ്പെട്ടു. 1981 തുടക്കത്തിൽ തന്നെ ഇതിനെ കുറിച്ചുള്ള വാർത്തകൾ പരന്നു. അധികം താമസിയാതെ 'ഭൂമിയിലെ ജീവനുവേണ്ടി നിൽക്കുന്ന സ്ത്രീകൾ' (വിമെൻ ഫോർ ലൈഫ് ഓഫ് എർത്ത്) എന്ന പേരിൽ മുപ്പത്താറ് സ്ത്രീകളും നാല് പുരുഷൻമാരും അടങ്ങുന്ന ഒരു സംഘം മേൽപ്പറഞ്ഞ ആണവ മേഖലക്കു തൊട്ടരികെ വന്നു തമ്പടിച്ചു. ആണവ ക്യാമ്പിന്റെ പുറം വേലിയിൽ തങ്ങളെത്തന്നെ ചങ്ങലക്കിട്ട്, പണ്ട് വോട്ടവകാശത്തിന് വേണ്ടി പൊരുതിയ സ്ത്രീകളുടെ ശൈലിയിൽ, അവർ സംഘട്ടന സജ്ജരായി. വരും വർഷങ്ങളിൽ പലരും അവരോടൊപ്പം ഐക്യദാർഢ്യപ്പെട്ട് പോരാട്ടത്തിൽ ചേർന്നു. 1982ൽ പുരുഷൻമാരോട് ക്യാമ്പ് വിട്ട് പോവാൻ സമരസംഘടന ആവശ്യപ്പെട്ടു. പുരുഷൻമാർ പ്രത്യേകിച്ച് എന്തെങ്കിലും പറഞ്ഞതുകൊണ്ടോ ചെയ്തതു കൊണ്ടോ ആയിരുന്നില്ല ഈ പുറത്താക്കൽ. തത്വത്തിൽ അവരുടെ 'ലൈംഗികത' യുദ്ധത്തെയും ആക്രമണങ്ങളെയും സാധൂകരിക്കുന്നു എന്ന പ്രക്ഷോഭകാരികളുടെ വിശ്വാസത്തെ തുടർന്നായിരുന്നു ഇത്. എതിർവാദങ്ങൾ ഉയർന്നുവെങ്കിലും ആ തീരുമാനം നടപ്പിലായി. ക്യാമ്പ് പിന്നീട് പലതരം പ്രക്ഷോഭങ്ങളുടെയും ബഹുവിധരാഷ്ട്രീയ ശൈലികളുടേയും ഇടമായി മാറി. പ്രതിരോധാത്മകമായ ലെസ്ബിയൻ ജീവിതസംസ്കാരത്തിന്റെ വേദിയായി മാറിയ ഈ ഇടം പോകെപ്പോകെ ഇതര–ആത്മീയതകളുടെയും ഉപാസനാക്രമങ്ങളുടെയും വിളനിലമായി പേരെടുത്തു. 1990 ൽ ഈ ആംഗ്ലോ അമേരിക്കൻ വിമാനത്തടം ഇനിമേൽ മിലിട്ടറി ആവശ്യങ്ങൾക്ക് അനുയോജ്യമല്ലെന്ന് പ്രഖ്യാപിക്കപ്പെടുകയും മിസൈലുകളൊക്കെയും പിൻവലിക്കപ്പെടുകയും ചെയ്തതിന് ശേഷവും ക്യാമ്പിലെ അന്തേവാസികൾ അവിടെ തന്നെ തുടർന്നു.

എന്തിനു വേണ്ടി നിലവിൽ വന്നോ ആ ലക്ഷ്യം കൈവരിച്ചതിനു ശേഷവും തുടർന്നു പോയ ക്യാമ്പ് ജീവിതം അതിന് ഒരു ആവിഷ്കാരാധിഷ്ഠിത മൂല്യം (പെർഫോർമേറ്റീവ് വാല്യു) ഉണ്ടെന്നും ഇതരജീവിത സാധ്യതകളുടെ പ്രകാശനത്തിലൂടെ ആ മൂല്യത്തെ ക്യാമ്പ് ഉദ്ഘോഷിക്കുന്നുണ്ടെന്നും, അതിലുമൊക്കെ ഉപരിയായി ആ ജീവിതം നയിച്ചു പോന്നവർക്ക് അത് ഉള്ളാലെ അർത്ഥപൂർണ്ണമായിരുന്നു എന്നും വാശിയോടെ അടയാളപ്പെടുത്തി. ഒരു വേള ഗ്രീൻഹാം ക്യാമ്പിന്റെ ഈ ചരിത്രം ഗാന്ധിയുടെ ടോൾസ്റ്റോയ് ഫാമിനെ ഓർമ്മിപ്പിക്കുന്നു. ഹെർമൻ കല്ലൻബാക്ക് എന്ന ഒരു സുഹൃത്തിന്റെ സഹായത്തോടെ ഒരു സ്കൂൾ ആയും സത്യാഗ്രഹികൾക്കും അവരുടെ കുടുംബങ്ങൾക്കും ഉള്ള അഭയസ്ഥാനമായി വിഭാവനം ചെയ്യപ്പെട്ടതായിരുന്നു ടോൾസ്റ്റോയ് ഫാം. പക്ഷേ അതിലുപരിയായി ഫാം വളരുകയും ഗാന്ധി വിഭാവനം ചെയ്ത ബദൽ ജീവിത രീതി പരീക്ഷിക്കപ്പെടുന്ന ഒരിടമായി കാലാന്തരത്തിൽ രൂപപ്പെടുകയും ചെയ്തു.



1981ൽ പ്രക്ഷോഭകാരികളെ സമര മുഖത്തേക്ക് നയിച്ചതെന്ത്? ആദ്യകാല പ്രക്ഷോഭകാരികളിൽ ഒരാളായ ഹെലൻ ജോൺ എന്ന പ്രസവശുശ്രൂഷകക്ക് തൻറെ ആജീവനാന്ത അനുഭവങ്ങൾ മിസൈലുകളിൽ നിക്ഷിപ്തമായ മരണ സംസ്കാരത്തിന് എതിരാണെന്ന് ഒരു വെളിപാടുണ്ടായി. ആ കാലഘട്ടത്തെ കുറിച്ചുളള അവരുടെ ഓർമ്മയിൽ പ്രഭാപൂർണ്ണമായ ഭംഗിയുള്ള ഒരു ദിവസം തന്റെ കുട്ടിയെ സ്കൂളിൽ നിന്നു കൊണ്ടുവരാൻ പോയപ്പോൾ വെളിപ്പെട്ട ജീവിതത്തിന്റെ സ്നേഹനിർഭരതയുടെ അനുഭവം അവർ എഴുതുന്നുണ്ട്. നദിയും ആകാശവും മരങ്ങളുമെല്ലാം ചേതനയോടെ തന്നെ മാടി വിളിക്കുന്നതായി അവർക്ക് തോന്നി. അവയെ, ആ ചൈതന്യവത്തായ പൊരുളുകൾ സർവ്വതിനെയും, മിസൈലുകൾ തകർക്കുമെന്ന് അവർ ചിന്തിച്ചു. ഹിരോഷിമയെ കുറിച്ചുള്ള ഒരു ന്യൂസ് റീൽ കണ്ട ഓർമ്മയും അവരെ ആഴത്തിൽ അലോസരപ്പെടുത്തി. അങ്ങനെ ജീവിതത്തിലാദ്യമായി അവർ തന്റെ ഭർത്താവിനോട് ചോദിക്കാതെ ഒരു കാര്യം ചെയ്യാൻ തീരുമാനിച്ചു -- സമാനചിന്താഗതിക്കാരായ ഒരു കൂട്ടം സ്ത്രീകളോടൊപ്പം അവർ ഗ്രീൻഹാമിലേക്ക് പുറപ്പെട്ടു. (ഡേവിഡ് ഫെയർ ഹോൾ, കോമൺ ഗ്രൗണ്ട്, ഐ ബി ടോറിസ് പബ്ലിഷേഴ്സ് , 2006 പേജ് 10) അതേ ദിവസം തന്നെ പുറപ്പെട്ട ആൻ പെറ്റിറ്റ് മുൻപേ തന്നെ ആണവ വിരുദ്ധ പ്രക്ഷോഭകാരി ആയിരുന്നു. ആദ്യം പുറപ്പെട്ടവരിൽ ചെറുപ്പക്കാരികളായ അമ്മമാരും ഒരു അമ്മൂമ്മയും ഒക്കെ ഉണ്ടായിരുന്നു. കാരണം അവർ തങ്ങളുടെ തലമുറയ്ക്ക് വേണ്ടി ഒരു നല്ല ലോകം ആഗ്രഹിച്ചിരുന്നു. ചില മുതിർന്ന സ്ത്രീകൾ യുദ്ധങ്ങളെ അതിജീവിച്ചവരായിരുന്നു. അവർ കണ്ടതിൻറെയും അനുഭവിച്ചതിന്റെയുമൊക്കെ ഓർമ്മകളാൽ വേട്ടയാടപ്പെട്ടവരായിരുന്നു.




ആദ്യകാല പ്രക്ഷോഭകാരികളിൽ സൗത്ത് വെയിൽസിലെ മിലിട്ടന്റ് ലേബർ കാമ്പയിനുകൾ കൊണ്ട് കുപ്രസിദ്ധമായ ന്യൂപോർട്ട് എന്ന ടൗണിൽ നിന്നുള്ളവർ ഉണ്ടായിരുന്നു. ന്യൂപോർട്ടിന് പത്തൊമ്പതാം നൂറ്റാണ്ടിലെ വെറുക്കപ്പെട്ട എൻക്ലോഷർ നിയമങ്ങളെ അതിജീവിച്ച 'കോമൺസ്'ന്റെ ചരിത്രം പറയാനുണ്ട്. എന്ന് മാത്രമല്ല, ഒരു ഗ്രിൻഹാം കോമൺ ലഘുലേഖയിൽ പറഞ്ഞിരിക്കുന്നത് പോലെ ആ ഇടം സാർവ്വജനീനമായ നന്മയെ പ്രതിനിധാനം ചെയ്യുന്നുമുണ്ടായിരുന്നു.

ആണവമേഖലയിൽ വിന്യസിക്കപ്പെട്ടിട്ടുള്ള അമേരിക്കക്കാർ തങ്ങളെ കാര്യമായി എടുക്കില്ലെന്നുള്ള ബോധ്യം വന്ന നാലു പ്രക്ഷോഭകാരികൾ ദീർഘകാല പ്രതിഷേധപ്രകടനം എന്ന തങ്ങളുടെ ഉദ്ദേശം വെളിപ്പെടുത്താൻ തന്നെ തീരുമാനിച്ചു: അവർ ഒരു ദീർഘകാല കുത്തിയിരിപ്പ് സമരം തുടങ്ങി വെച്ചു. ഒരു ദശാബ്ദത്തിനിപ്പുറം നീണ്ടുനിന്ന സമാധാനപരമായ പ്രതിഷേധപരമ്പരയ്ക്ക് ഇത് തുടക്കം കുറിച്ചു. പലവിധ ആജ്ഞാ നിഷേധങ്ങൾ നടന്നു. സൈറ്റിലേക്ക് ഒളിച്ചു കടന്ന് കയ്യിൽ കിട്ടിയ പദ്ധതികളുടെയും നയങ്ങളുടേയും ഫയലുകളിൽ പ്രക്ഷോഭകാരികൾ സമാധാനത്തിന്റെ സന്ദേശങ്ങൾ എഴുതിവെച്ചു. ഏറ്റവും ശക്തമായ പ്രതിഷേധ പ്രകടനം പക്ഷേ മുപ്പതിനായിരത്തോളം സ്ത്രീകൾ ചേർന്ന് സൈനിക ക്യാമ്പിനെ വലയം ചെയ്തുപരോധിച്ചപ്പോഴാണ് സാക്ഷാത്കരിക്കപ്പെട്ടത്. പടിഞ്ഞാറൻ യൂറോപ്പിൻറെ വിവിധ ഭാഗങ്ങളിൽ നിന്നും ആസ്ട്രേലിയ, യു.എസ്. എ, ജപ്പാൻ എന്നിവിടങ്ങളിൽ നിന്നും വന്ന ആയിരക്കണക്കിനു സ്ത്രീകൾ ചേർന്നു നടത്തിയ ഈ ഉപരോധം മനുഷ്യരാശിയെ തുറിച്ചു നോക്കുന്ന ഒരു വലിയ ദുരന്തത്തിന് അഭിമുഖം നിന്ന് സംഘടിപ്പിക്കപ്പെട്ട ചരിത്രത്തിലെ ഏറ്റവും പ്രഭാവഹമായ പ്രതിരോധങ്ങളിൽ ഒന്നാണ്.

പ്രതിരോധങ്ങളെ പോലെ തന്നെ പ്രധാനമായിരുന്നു പ്രതിരോധരീതികളും: സമാധാനം എത്രത്തോളം പ്രധാനപ്പെട്ടതാണെന്ന് ഊട്ടിയുറപ്പിക്കുന്നവയായി

രുന്നു അവയൊക്കെയും. സമാധാനപരമായ ജീവിതം എന്താണെന്നും എത്ര പ്രധാനപ്പെട്ടതാണെന്നും ഇവ ഉയർത്തിക്കാട്ടുകയും ചെയ്തു. ജീവോന്മുഖമായ ഒരു കൂട്ടം പ്രതീകങ്ങൾ നിരന്തരമായി ഈ സ്ത്രീകൾ തങ്ങളുടെ പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നിരുന്നു. മഴവില്ലും ചിലന്തിവലകളും ഇതിൽ പെടും. ആധുനികപൂർവ്വ പുരാവൃത്തങ്ങളിൽ നെയ്ത്തുകാരിയായ പൗരാണിക വനിതയെ ചിലന്തിയായി വിഭാവനം ചെയ്തു പോന്നതായി കാണാം. അതുപോലെതന്നെ പ്രധാനപ്പെട്ടവയായിരുന്നു ക്യാമ്പിൽ നിരന്തരം അലയടിച്ചിരുന്ന സംഗീതവും ഇതോടൊപ്പം നടന്നിരുന്ന പ്രാർത്ഥനയുടെയും ആഘോഷത്തിൻറെയും ഇണചേരലിൻറെയും ആവിഷ്കാരങ്ങളും. വളരെ മിഴിവുള്ള ഒരു പ്രതിരോധരീതി എന്ന നിലയിൽ സ്ത്രീകൾ അവരുടെ നിത്യോപയോഗ സാധനങ്ങൾ സൈനിക വേലിയിൽ ഞാത്തി ഇടാറുണ്ടായിരുന്നു: ചിലപ്പോൾ കുഞ്ഞുടുപ്പുകൾ, ചിലപ്പോൾ കിടക്കവിരികൾ, ചിലപ്പോൾ തീണ്ടാരിത്തുണികൾ പോലും അവർ ഈ വിധം ഞാത്തിയിട്ടു പട്ടാള യുക്തിയെ സ്ത്രീസ്വഭാവ ബന്ധിയായ പരിചരണ മൂല്യങ്ങളാൽ അപനിർമിച്ചു. പരിചരണത്തിനും സ്ത്രീകൾക്കിടയിലെ സ്നേഹബന്ധത്തിനും പുറമെ ചില അന്തേവാസികൾ ദേവീ പ്രാർത്ഥന പോലെയുള്ള ഇതര-ആത്മീയതകൾക്കും ക്യാമ്പിൽ ഇടം തേടി. പ്രതിരോധത്തെ മറന്നു കൊണ്ടായിരുന്നില്ല ഇതൊന്നും എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. പട്ടാളക്കാരോട് മാത്രം ഒതുങ്ങിയില്ല അവരുടെ സംഭാഷണങ്ങൾ. പട്ടാളക്കാരുടെ ഭാര്യമാരോടും അവർ തങ്ങളുടെ സമരകാരണത്തെപ്പറ്റിയും മിസൈലുകൾ ഉപേക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും സംസാരിച്ചു.

പല തരത്തിലുള്ള സമാധാനവാദ അഭിപ്രായങ്ങൾ വൈവിധ്യമാർന്ന ഈ പ്രതിഷേധങ്ങൾക്ക് ആശയബലം പകർന്നു. യുദ്ധത്തിനെതിരെ സ്ത്രീകൾ പുലർത്തിപ്പോന്ന പ്രതിരോധത്തിന്റെ ദീർഘവും ധീരവുമായ സമരവും, സമാധാനം എന്ന മൂല്യത്തോടുള്ള അവരുടെ ചേർന്നുനിൽപ്പും മായാത്ത ഓർമകളായി അവിടെ തളം കെട്ടി നിന്നിരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലെ ബ്രിട്ടനിൽ ഒരു പുരുഷൻ ഉത്തമപൗരനായി പരിഗണിക്കപ്പെട്ടിരുന്നത് തൻറെ രാജ്യത്തിനെ സംരക്ഷിക്കാൻ ആയുധസന്നദ്ധത അവനു സാധ്യമാണ് എന്ന നിലയിൽ ആയിരുന്നു. സ്ത്രീകൾക്ക് അത്കൊണ്ട് തന്നെ ഉത്തമ പൗരത്വം അവകാശപ്പെടാൻ പറ്റുമായിരുന്നില്ല. എന്നാൽ ശുശ്രൂഷ, സേവനം എന്നീ നന്മകളെ പരിപോഷിപ്പിക്കുന്നത് വഴി അവർക്ക് പൗരധർമ്മം നിർവഹിക്കാനാകും എന്ന് സൈദ്ധാന്തീകരിച്ചു പോന്നിരുന്നു. എന്നാൽ, പുരുഷചിന്തകരിൽ ഭൂരിഭാഗവും ഈ ചിന്താധാര സ്ത്രീകൾക്ക് വോട്ട് ചെയ്യാനുള്ള അവകാശം നിഷേധിക്കാൻ ഒരു കാരണം എന്നോണം ഉപയോഗിക്കുന്നു എന്ന കാരണത്താൽ മേൽപ്പറഞ്ഞ ചിന്താധാരയെ സ്ത്രീകൾ മുഴുവനായും അംഗീകരിച്ചിരുന്നില്ല. അതിനു പകരമായി ചില സ്ത്രീകൾ വാദിച്ചത് തങ്ങൾ യുദ്ധത്തിന് തയ്യാറാകില്ലെങ്കിലും രാജ്യത്തിനുവേണ്ടി നാഗരികത വളർത്തുക എന്ന ദൗത്യം ഏറ്റെടുക്കാം എന്നായിരുന്നു. വേറൊരു തലത്തിൽ സ്ത്രീകളുടെ ശുശ്രൂഷാബന്ധിയായ പ്രവൃത്തികൾ വളരെ സമാധാനപരമായ കച്ചവട വാണിജ്യ കൈമാറ്റത്തിന് ഉതകുന്നതായി ചിലർ കരുതിപ്പോന്നു. മറ്റു ചില സ്ത്രീകൾ ആകട്ടെ യുദ്ധം സദാചാര വിരുദ്ധമാണെന്നും സ്ത്രീകൾ അഹിംസയുടെ സന്ദേശവാഹകരാകാൻ പ്രത്യേക ജന്മവാസനയുള്ളവരും സമാധാനത്തിൻറെ പാത തെരഞ്ഞെടുക്കുന്ന വരും ആണെന്ന് വാദിച്ചു പോന്നു. സംവദിക്കാനും മധ്യസ്ഥത വഹിക്കാനും സന്ധിസംഭാഷണം നടത്താനുമുള്ള തങ്ങളുടെ കഴിവുകളെ ഉയർത്തി കാണിച്ചുകൊണ്ടും പൊതു കാര്യങ്ങളിൽ തങ്ങളെ തന്നെ സംരക്ഷിക്കാൻ സ്ത്രീകൾ കെൽപ്പുള്ളവരാണെന്നും ഓർമ്മിപ്പിച്ചുകൊണ്ട് സമാധാനവാദികളായ സ്ത്രീകൾ തങ്ങൾക്ക് വോട്ടുചെയ്യാനുള്ള അവകാശത്തിനുവേണ്ടി വാദിച്ചു. സമാധാനത്തിനുവേണ്ടി കാമ്പയിൻ ചെയ്ത സ്ത്രീകളിൽ മിക്കവാറും പേർ സിവിക് ജീവിതത്തിൽ സജീവമായിരുന്നു. അവരിൽ പലരും സ്കൂൾ ബോർഡുകളിൽ അംഗത്വം ഉള്ളവരായിരുന്നു . ചിലർ സാമൂഹിക ക്ഷേമത്തിൽ കൂടുതൽ സ്ത്രീപങ്കാളിത്തം ഉണ്ടാവാൻ ആഗ്രഹിച്ചപ്പോൾ മറ്റുചിലർ സ്ത്രീകളെ സംബന്ധിച്ച ഭേദപ്പെട്ട നിയമങ്ങൾക്കും പോളിസികൾക്കും വേണ്ടി പൊരുതി. അവരിൽ ചില ദൈവവിശ്വാസികളുമുണ്ടായിരുന്നു. ക്രിസ്തുവിന്റെ പീഡാനുഭവങ്ങൾ കേന്ദ്രീകരിച്ചാണ് അവർ ചെയ്യുന്ന നല്ല വ്യത്തികൾ എന്നു കരുതുന്നവരും, ബലിയാടപ്പെട്ട ക്രിസ്തുവിനേക്കാൾ സമാധാനവും നന്മയും ലോകത്തേക്ക് കൊണ്ടുവന്ന കുഞ്ഞു യേശുവിനെ പ്രതി നന്മ ചെയ്യാൻ ഇറങ്ങിയവരും ഈ കൂട്ടത്തിൽ ഉണ്ടായിരുന്നു.

എന്നിരുന്നാലും പത്തൊമ്പതാം നൂറ്റാണ്ടിലെ സമാധാന ആക്ടിവിസ്റ്റുകളും ഗ്രിൻഹാം കോമണിലെ സ്ത്രീകളും തമ്മിൽ പരസ്പര ബന്ധിതമായ ഒരു തുടർച്ചയുടെ വര വരക്കാൻ സാധ്യമല്ല. കാരണം രണ്ടാമത്തെ കൂട്ടർ സേവനം എന്ന ആശയത്തോട് അത്രക്ക് ആകൃഷ്ടരായിരുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം പരിപാലനം എന്നത് സ്ത്രീകളുടെ ധർമ്മമായിരുന്നില്ല. പകരം അത് മറ്റു ചില അനുഭവങ്ങളുമായോ സ്ഥാപനങ്ങളുമായോ ബന്ധപ്പെട്ടതോ പലപ്പോഴും മനപ്പൂർവ്വം സ്ത്രീത്വത്തിന് എതിരായുള്ളതോ ആയിരുന്നു. ഹെറ്ററോസെക്ഷുവൽ അല്ലാത്ത സ്നേഹം (സ്വവർഗ്ഗാനുരാഗം), കൂട്ടായ ജീവിതം, അചഞ്ചലമായ പൊതു നന്മയോടുള്ള ആഭിമുഖ്യം എന്നിവയാണ് അവരെ നയിച്ചു കൊണ്ടിരുന്നത്. അവരുടെ കരുതലിനോടുള്ള ആഭിമുഖ്യം ഏറ്റവും നന്നായി ബിംബവൽക്കരിക്കപ്പെട്ടത് ചിലന്തിവലയിൽ ആയിരുന്നു.

പരിപാലനം എന്നത് ഏകഭാര്യത്വം അനുഷ്ഠിക്കുന്ന കുടുംബത്തിനെയും അതിലുള്ള കുട്ടികളെയും അനുബന്ധിക്കുന്ന ഒന്നായി മാത്രം അവർ പരിഗണിച്ചു പോന്നു.

1970കളിലെ ഫെമിനിസങ്ങളിൽ അന്തർലീനമായ ചിന്തകൾ പ്രത്യേകിച്ചും പുരുഷാധിപത്യം ഹിംസയിൽ അന്തർലീനമാണെന്ന വിമർശനവും അതുല്പാദിപ്പിക്കുന്ന ശാസ്ത്രം അടിസ്ഥാനപരമായി യുദ്ധവും മരണവുമായി ബന്ധപ്പെട്ടു കിടക്കുന്നു എന്ന വിശ്വാസവും ക്യാമ്പിലെ പൊതുധാരണ ആയി മാറുകയും തന്റേടം ഉള്ള സ്ത്രീകളുടെ മാത്രം ഇടം ആയി തദ്വാരാ ക്യാമ്പ് വന്നു ഭവിക്കയും ചെയ്തു. ഫെമിനിസത്തിൻറെ 'ഏറ്റവും ന്യായമായ പ്രയോഗം' എന്ന അർത്ഥത്തിൽ ലെസ്ബിയനിസം ഇവിടെ വളരെ ദൃഢമായി വേരുറപ്പിച്ചു. വളരെ കൗതുകകരമായ ഫെമിനിസ്റ്റ് വിശ്വാസപ്രമാണങ്ങളും ഉണ്ടായിരുന്നു. പിതാവായ ദൈവത്തെയും (മേരി ഡാലിയുടെ ശക്തവും പ്രശസ്തവുമായ ഒരു വിമർശനമുണ്ട് ഇതിനെക്കുറിച്ച്) അപാരമായി വളച്ചൊടിക്കപ്പെട്ട 'അവന്റെ' സുവിശേഷത്തെയും ഒഴിവാക്കി ആദിവാസി ഗോത്രങ്ങളുടെയും റെഡ് ഇന്ത്യൻ വംശജരുടെ ഭൂതകഥകളുടെയും മാതൃകയിൽ ദേവിരൂപങ്ങളുടെ ആരാധനയിൽ കേന്ദ്രീകരിച്ചുള്ള കൗതുകകരമായ സ്ത്രീപക്ഷ ദൈവശാസ്ത്രങ്ങൾ ഉണ്ടായിട്ടുണ്ട്.

സമാധാനവാദത്തിനോടുള്ള സ്ത്രീകളുടെ ആഭിമുഖ്യത്തേക്കുറിച്ച് നമുക്ക് ഇപ്പോൾ പ്രത്യാശ കുറവാണെന്നു മാത്രമല്ല, വേണ്ടിവന്നാൽ ആയുധമെടുത്ത് ഹൈംസികവും ക്രൂരവുമായ യുദ്ധം നയിക്കാൻ സ്ത്രീകൾ പ്രാപ്തരാണെന്ന് നാം സമ്മതിക്കുകയും ചെയ്യും. അതേ സമയം തന്നെ, സമകാലിക സ്ത്രീകൾ സമാധാന പ്രസ്ഥാനങ്ങളിൽ വളരെ ഉത്സാഹത്തോടെ പങ്കെടുത്തവരാണെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന സത്യവുമാണ്. അതിൽ ശ്രീലങ്കയിലെ അമ്മമാരും അയർലൻഡിലെ കത്തോലിക്കാ വിഭാഗത്തിലും പ്രൊട്ടസ്റ്റൻറ് വിഭാഗത്തിലും പെടുന്ന സ്ത്രീകളും, നിരപരാധികളായ കാശ്മീരികൾക്കും മണിപ്പൂരികൾക്കും എതിരെ നടക്കുന്ന അതിക്രമങ്ങളെ ചോദ്യം ചെയ്ത ആ ഇടങ്ങളിലെ സ്ത്രീകളും ഉൾപ്പെടും.

**കർബാല പുനർജീവിക്കുമ്പോൾ: ലബനനിലെ ഷിയസ്ത്രീകളും പരിചരണ പ്രവർത്തനങ്ങളും**

എന്റെ രണ്ടാമത്തെ ഉദാഹരണം ഒരു വ്യത്യസ്ത സാഹചര്യത്തിൽ നിന്നുമുള്ളതാണ്. യുദ്ധത്തകർച്ച നേരിട്ട ലബനനിലെ ഷിയ സ്ത്രീകളുടെ ജീവിതവും പൊതുപ്രവർത്തനവും അധികരിച്ച് ലാറാ ഡീബ് എഴുതിയ ഹൃദയസ്പൃക്കായ ഒരു പുസ്തകത്തെ അവലംബിച്ചാണ് ഇതെഴുതുന്നത്. ലെബനീസ് ഷിയ സ്ത്രീകൾ പരിചരണ പ്രവർത്തനങ്ങൾ നടത്തുന്നതും അതിനെ പ്രതിനിധാനം ചെയ്യുന്നതും ഭക്തിയുടെയും പൊതു നന്മയുടെയും തനത് ഭാവങ്ങൾ ഉൾക്കൊള്ളുന്ന ഒരു അതുല്യ പ്രവൃത്തിയായാണ് എനിക്ക് തോന്നുന്നത്. സ്വേച്ഛാധിപത്യത്തിനെതിരെ നൂറ്റാണ്ടുകളോളം പഴക്കം ചെന്ന ഓർമ്മകളുടെ സംസ്കാരം ഉപജീവിച്ച്, വർത്തമാനകാലത്തിൽ ഭൂതകാലത്തെ പ്രതിധ്വനിപ്പിച്ചുകൊണ്ട്, അക്ഷീണപരിശ്രമത്തിൻറെയും സാമൂഹ്യപ്രതിബദ്ധതയുടെയും പഴയ കുറിപ്പിൻറെ പുതു നിർമ്മിതിയായി അവർ സ്വയം ആവിഷ്കരിക്കുന്നു. ഡീബിന്റെ കഥ ചുരുളഴിയുന്നത് ഷിയ ഹിസ്ബല്ലയേയും അതിന്റെ രാഷ്ട്രീയത്തേയും സ്വാംശീകരിച്ച ബേറൂട്ടിന്റെ പ്രാന്തപ്രദേശമായ അൽ ദാഹിയയിലാണ്. അതിനെ അവർ വിശേഷിപ്പിക്കുന്നത് ഒരു പ്രത്യേകതരം രാഷ്ട്രീയത്തിന്റെയും ഭക്തിയുടെയും കൂടിച്ചേരൽ വായുവിൽ പോലും തങ്ങി നിൽക്കുന്ന ഒരു പട്ടണത്തിന്റെ ഭാഗം എന്നാണ്. ഈ നഗരദൃശ്യം, അവരുടെ കാഴ്ചയിൽ അനാഥരുടെയും മതനേതാക്കന്മാരുടെയും രക്തസാക്ഷികളുടെയും ഭയലേശമെ



ന്യേ പൂവാലശല്യമില്ലാത്ത തെരുവിൽ നടക്കുന്ന ഹിജാബിനുള്ളിലെ (അഥവാ ഇറാനിയൻ അബായക്കുള്ളിലെ) സ്ത്രീകളുടെയും രൂപങ്ങളാൽ നിർമിക്കപ്പെട്ടതാണ്.

ഹിസ്ബല്ല ഇസ്രയേലിന്റെ സമാധാന ലംഘന തന്ത്രങ്ങളെയും ലെബനനിലെ പല ഭാഗങ്ങളിലേക്കുള്ള കടന്നുകയറ്റത്തേയും രൂക്ഷമായി വിമർശിച്ചവരാണെന്നത് അറിയപ്പെടുന്ന ചരിത്രമാണല്ലോ. ചരിത്രപരമായി അവകാശങ്ങൾ നിഷേധിക്കപ്പെട്ട ഷിയാ മുസ്ലിം കമ്മ്യൂണിറ്റിയുടെ രാഷ്ട്രീയഅവകാശങ്ങൾ സംരക്ഷിക്കാൻ ഇവർ ശ്രമിച്ചിട്ടുണ്ട്. ലെബനനിലെ ചില പ്രദേശങ്ങളിൽ അവരുടെ സാന്നിധ്യവും അധികാരവും കൊണ്ട് ഉടലെടുത്തതായ പൗരസംബന്ധിയായ ഒരു സംസ്കാരത്തെക്കുറിച്ചാവും ഒരുപക്ഷേ ആരും അറിയാതെ പോയത്. ഭക്തിയുടെയും ആകർഷകമായ ആധുനികതയുടെയും ഇടയിൽ നടന്ന് പോന്ന ഒരു വ്യവഹാരത്തിന്റെ സാഹചര്യത്തിൽ വിഭാവനം ചെയ്യപ്പെട്ട സംസ്കാരമായണ് ഡീബ് ഇതിനെ കാണുന്നത്. (ഇത് ഗാന്ധിക്ക് വളരെ പരിചിതമായ വ്യവഹാരമാണ്. കാരണം അദ്ദേഹം ഈ രണ്ടു മണ്ഡലങ്ങളുടെ ഇടയിലൂടെ സമ്പൂർണ്ണ യാത്രകൾ നടത്തിയവനാണ്). ഡീബിന്റെ അഭിപ്രായത്തിൽ 1970കളിൽ ഷിയെറ്റ് പടയൊരുക്കങ്ങളുടെ സാഹചര്യങ്ങളിൽത്തന്നെ ഈ സമുദായം ആധുനികതയുടെ പല അർത്ഥതലങ്ങളുമായി സങ്കീർണ്ണമായുള്ള ഇടപെടൽ നടത്തി എന്നുള്ളതാണ്. ഈ മാറ്റങ്ങളുടെ ഭാഗമായി മൂന്ന് ഘടകങ്ങൾ ഉണ്ടായതായി അവർ ഊന്നിപ്പറയുന്നു. പിന്നാക്കം നിൽക്കുക എന്ന ആശയത്തിന് വിപരീതമായി സംസ്കാരമുള്ളവരാവുക എന്ന ആശയവും ദാരിദ്ര്യത്തിനും അറിവില്ലായ്മക്കും പകരമായി ഭൗതിക പുരോഗതി എന്ന ആശയവും അവസാനമായി ആത്മീയതയുടെ വളർച്ചയെയും പുരോഗതിയെയും പ്രധാനമായി സ്ഥാപിക്കുക എന്നതുമായിരുന്നു ഇവ. ഈ മൂന്ന് ആശയങ്ങളും ഒരു പ്രത്യേകതരം ഭക്തിയുടെ പ്രയോഗത്തിലേക്ക് വ്യാഖ്യാനിക്കപ്പെട്ടു. സ്ത്രീകളെ സംബന്ധിച്ചിടത്തോളം, ഡീബിൻറെ അഭിപ്രായത്തിൽ, ചില ആധുനിക സാഹചര്യങ്ങളിൽ മതവിശ്വാസങ്ങളുടെ തുണയില്ലാതെ ജീവിക്കാൻ പഠിച്ചിരുന്നെങ്കിൽ പോലും അവർ ഒരു ആധികാരികമായ വിശ്വാസത്തിലേക്ക് ചേർന്നു നിൽക്കാൻ നിർബന്ധിതരായിത്തീർന്നു. മറ്റു രീതിയിൽ പറയുകയാണെങ്കിൽ പിന്നാക്കം എന്നല്ലാതെ ആധുനികരായി പരിഗണിക്കപ്പെടണമെങ്കിൽ ആ സ്ത്രീകൾ വളരെ വ്യത്യസ്തമായ രീതിയിൽ പ്രത്യക്ഷത്തിൽ ഭക്തി ഉള്ളവരായി നിലകൊള്ളേണ്ടി വന്നു. ഭക്തിയുടെയും പുരോഗതിയുടെയും ഈ പ്രവർത്തനങ്ങൾ ഡീബിന്റെ പഠനത്തിൽ പറയുന്നതുപോലെയാണെങ്കിൽ ഏറ്റവും പ്രത്യക്ഷമായി കാണപ്പെടുന്നത് അഷ്ഠര അല്ലെങ്കിൽ മുഹറത്തിൻറെ മാസത്തിലെ 10 ദിവസങ്ങളിൽ ആണ്. ഈ ദിവസങ്ങൾ കർബാലയിൽ നടന്ന ചൂഷണത്തിൻറെയും ഇമാം ഹൊസൈനിന്റെ രക്തസാക്ഷിത്വത്തെയും ഓർത്തെടുക്കുന്നവയാണ്. ഇന്ന് കർബാല ഷിയയുടെ പല അർത്ഥ തലങ്ങളെയും ധ്വനിപ്പിക്കുന്നുണ്ട്. മൊഹറത്തിന്റെ ആദ്യ പത്ത് ദിവസങ്ങൾ ഷിയ ലീഡറായ ഇമാം ഹൊസൈനിന്റെയും അനുയായികളുടെയും ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും അനുസ്മരിപ്പിക്കുന്നതും പത്താം മുഹറം അവരുടെ രക്തസാക്ഷിത്വത്തെയും അനുസ്മരിപ്പിക്കുന്നതുമാകുന്നു. പ്രവാചകന്റെ മകൾ സയ്യിദ് ഫത്തേമയുടെയും മരുമകനായിരുന്ന ഇമാം അലിയുടെയും സന്തതിയായിരുന്നു കൊച്ചുമകനായ ഇമാം ഹുസൈൻ. വിശ്വാസികൾക്കിടയിൽ നിലനിന്നിരുന്ന വിശ്വാസം ഇമാം അലി പ്രവാചകൻ തെരഞ്ഞെടുത്ത പിന്തുടർച്ചാവകാശക്കാരൻ ആയിരുന്നു എന്നാണ്. കാലിഫുകളുടെ അവകാശങ്ങൾ ഉയർത്തിപ്പിടിച്ചവർ ഈ വിശ്വാസത്തെ എതിർക്കുകയും പ്രവാചകനു ശേഷം ഭരണാധികാരികളാവുകയും ചെയ്തു. ഇസ്ലാമിക് ചരിത്ര ഗവേഷകരുടെ അഭിപ്രായത്തിൽ പിൻതുടർച്ചാവകാശത്തെ ചുറ്റിപ്പറ്റി നടന്ന ഈ തർക്കങ്ങളും ഭിന്നിപ്പുകളും പലതരം മതപരവും വംശപരവും ഗോത്രപരവുമായ വിശ്വസ്തതയിലേക്ക് നയിക്കുന്ന സ്ഥിതിഗതികളിലേക്കും നയിച്ചു എന്നാണ്. എന്നിരുന്നാലും ഒരു പക്ഷേ കാലങ്ങൾക്കുശേഷം ഭരണാധികാരികളോടുള്ള അവരുടെ കർക്കശമായ എതിർപ്പുകൾക്കൊടുവിൽ ഷിയകൾ ധർമ്മബോധമുള്ള വിപ്ലവകാരികളായി കണക്കാക്കപ്പെട്ടു. ഇതിനർത്ഥം ഷിയ ഭരണാധികാരികൾ ഇല്ലായിരുന്നു എന്നല്ല. ഒരുപാട് ഷിയ സ്റ്റേറ്റുകൾ ഉണ്ടായിരുന്നു. പ്രത്യേകിച്ചും പത്താം നൂറ്റാണ്ടിൽ. എന്നാൽ അവരുടെ ദീർഘകാല രാഷ്ട്രീയസ്വാധീനം മഹത്തരമായത് അവരെ ഭരിച്ചിരുന്ന കാലിഫുകളുടെ നിയമസാധുതയെ അവർ ചോദ്യം ചെയ്തപ്പോഴായിരുന്നു.

സ്വേച്ഛാധിപത്യ പരമായ ഭരണത്തിനെതിരെയുള്ള കലാപത്തിന് അവർക്ക് പ്രചോദനമായി കരുതുന്നത് കർബാലയിലെ യുദ്ധഭൂമിയാണ്. അവിടെ 680 ബി.സി.യിൽ സേച്ഛാധിപതിയായ യാസിദ് അയച്ച സൈന്യത്തിൽ ഹൊസെയ്ൻ കൊല്ലപ്പെട്ടു. ഹൊസെയ്നിൻറെ നന്മക്കു വേണ്ടിയുള്ള രക്തസാക്ഷിത്വവും ത്യാഗവും ഐതിഹാസികമാവുകയും തീക്ഷ്ണതയുള്ള ഭക്തിയുടെ, അടിച്ചമർത്തപ്പെട്ട വിഭാഗത്തിൻറെ, മൂലതത്വമായ രാഷ്ട്രീയമായിത്തീരുകയും ചെയ്തു. അദ്ദേഹത്തിൻറെ മരണശേഷം സഹോദരിയായ സൈനബയുടെ വിലാപവും യാസിദിനെതിരെയുള്ള അവരുടെ ധൈര്യപൂർവ്വമായ വിമർശനവും പിന്നീട് തിന്മക്കെതിരെയുള്ള നന്മയുടെ വിജയമായും അടിച്ചമർത്തുന്ന തെറ്റുകൾക്കെതിരെ നിഷ്കളങ്കമായ ശരിയായും ഒക്കെ ഉപമിക്കപ്പെട്ടു. ഒട്ടും അതിശയോക്തിയില്ലാതെ തന്നെ രക്തസാക്ഷിത്വം ഗാന്ധിയെ ആകർഷിക്കുകയും സൗത്ത് ആഫ്രിക്കയിലെ ആദ്യകാല സത്യാഗ്രഹങ്ങളിൽ ഹിന്ദുക്കളെയും മുസ്ലീങ്ങളെ

യും ഒന്നിപ്പിക്കാൻ വേണ്ടി അദ്ദേഹം ഇത് ഉപയോഗിക്കുകയും ഉണ്ടായി.

ഷിയാ കമ്മ്യൂണിറ്റിക്കിടയിൽ കർബാലയിലെ യുദ്ധം ഒരിക്കലും അവസാനിക്കുന്നില്ല. കാരണം വിശ്വാസികൾ അതിൻറെ ദുഃഖവും ദുരന്തവും പ്രാധാന്യവും ഒക്കെ എല്ലാവർഷവും ആവർത്തിച്ച് ഓർക്കുന്നു. യുദ്ധത്തിൻറെയും മരണങ്ങളുടെയും രക്തസാക്ഷിത്വങ്ങളുടെയും സ്മരണയ്ക്ക് ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും ഘടകങ്ങൾ ഉണ്ട്. ഇറാനിൽ സ്ത്രീകൾ മരിച്ചവരെ ഓർമ്മക്കുറിപ്പിലൂടെയും പലപ്പോഴും നേർച്ചനേരലിലൂടെയും ഒക്കെ ഓർമ്മിക്കാൻ ഇഷ്ടപ്പെടുന്നു. ഷിറാസ് എന്ന ഇറാനിയൻ പട്ടണത്തിൽ താൻ കണ്ട അഷ്റൂര വിവരിക്കുമ്പോൾ ഹൊസയ്നിൻറെ കുഞ്ഞായ അലി അസ്ഗരിന്റെ നിഷ്ഠൂരമായ അകാലമരണത്തെ പറ്റിയും എഴുതിയിരിക്കുന്നു. ലാസിദിൻറെ ക്യാമ്പിലേക്ക് തന്റെ അച്ഛൻ കൊണ്ടുവന്നപ്പോൾ വെള്ളം ചോദിച്ചതിനാലാണ് അവൻ കൊല്ലപ്പെട്ടത്. പൊട്ടിക്കാൻ കഴിയാത്ത ഒരു തൊട്ടിൽ ബിംബമാക്കി സ്മൃതിയുടെ അവസരങ്ങളിൽ ഷിയ സ്ത്രീകൾ ഈ ഓർമ്മ പുതുക്കുന്നു. അതുപോലെ തന്നെ ഹൊസെയ്നിന്റെ മരണപ്പെട്ട പെൺകുഞ്ഞ് റൊക്കായെഹിനെ അവർ ചെറിയ സമ്മാനങ്ങളായ പാവ, ചെറിയ പേപ്പർ കപ്പുകൾ, പ്ലേറ്റുകൾ എന്നിങ്ങനെ പെൺകുഞ്ഞുങ്ങൾ ഇഷ്ടപ്പെടുന്ന വസ്തുക്കൾ കൊണ്ട് ഓർക്കുന്നു. ചില വിലാപക്കാർ സ്വേച്ഛാധിപതിയുടെ സൈന്യത്താൽ നഗ്നപാദങ്ങളാൽ നടക്കാൻ നിർബന്ധിതയായ കൊച്ചു കുഞ്ഞിനുവേണ്ടി പൂ കൊണ്ടുവരും. അവൾ പിന്നീട് ഒരു ഇരുണ്ട കോണിലാണ് കൊല്ലപ്പെട്ടത്. ദശാബ്ദങ്ങൾക്കു ശേഷവും അതിനാൽ പ്രകോപിതരായ സ്ത്രീകൾ അവൾക്ക് വേണ്ടി മെഴുകുതിരികൾ സമർപ്പിക്കുന്നു.

ഈ നേർച്ചകളെല്ലാം നേരുന്നത് മറ്റൊരു വിശ്വാസം ഉള്ളത് കൊണ്ട് കൂടിയാണ്: വലുതും മഹത്തരവുമായ ഒരു കർമ്മത്തിന് വേണ്ടി ബലിയർപ്പിക്കപ്പെട്ട ഈ പുരുഷന്മാരും ആൺകുട്ടികളും പെൺകുട്ടികളും വിലാപക്കാർക്കുവേണ്ടി കൃപയോടെ ഇടപെടുകയും ദൈവീകമായ ശോഭ അനുഭവിക്കുന്ന ഉറപ്പു നൽകുന്ന ലൗകീകമായ ഉപഹാരം നൽകുകയും ചെയ്യും എന്ന  വിശ്വാസം.

ലോകത്തെമ്പാടുമുള്ള ഷിയ സമൂഹങ്ങളിൽ കർബാലയിലെ സ്ത്രീകളുടെ മുഖ്യ ഫത്തേമായും (പ്രവാചകന്റെ മകളും ഇമാം അലിയുടെ ഭാര്യയും) ഹൊസെയ്ന്റെ അർപ്പണബോധമുള്ള സഹോദരിയായ സൈനബയെയും ആണ് പ്രധാനമായും ആരാധിക്കപ്പെടുന്നത്. അവരുടെ കഥകൾ ഒരു മാതൃകയായി ഓർമ്മിക്കപ്പെടുന്നത് ഇന്നത്തെ സ്ത്രീകൾക്ക് അത് അനുകരിക്കാനും ജീവിതം ഭക്തിയുടെയും സഹനത്തിൻറെയും ധൈര്യത്തിന്റെയും ഒക്കെ മാതൃകയാക്കി പ്രതിഫലിപ്പിക്കുന്ന രീതിയിൽ ജീവിതം ക്രമീകരിക്കാൻ കൂടി വേണ്ടിയുമാണ്. ഇറാനിൽ ഈ രണ്ടു സ്ത്രീകളും ഉത്തമമായ സ്ത്രീത്വത്തിന്റെ ബിംബങ്ങളായി കരുതപ്പെടുന്നു. അവരുടെ ജീവിതങ്ങളുടെ പുനർവായന വർഷങ്ങൾക്കിപ്പുറം ഇസ്ലാമിക് റിപ്പബ്ലിക് സ്ഥാപനത്തിലേക്ക് നയിക്കുന്ന പ്രചോദനമായി കരുതപ്പെടുന്നു. ഫാത്തേമായുടെ ബുദ്ധിയും ദയാലുത്വവും തന്റെ ഭർത്താവ് അലിയോടുള്ള വിശ്വസ്തതയോടെ ഉള്ള പെരുമാറ്റവും പ്രവാചകന്റെ മകൾ എന്ന രീതിയിൽ അവർ അനുഭവിച്ച ദുസ്തരമായ  പദവിയും തന്റെ സഹോദരങ്ങളോടുള്ള സൈനബയുടെ സത്യസന്ധതയും ഭക്തിയുടെ ദൂതിക എന്ന കർത്തവ്യവും യാസീദിനെ നേരിട്ടുകൊണ്ട് ശിക്ഷിക്കപ്പെട്ട കുടുംബത്തിന്റെ ആത്മീയലക്ഷ്യം മുന്നോട്ട് കൊണ്ടുപോയവൾ എന്ന സവിശേഷതയും എല്ലാ സ്ത്രീകളും അനുശീലിക്കേണ്ട കഴിവുകളായി അവതരിപ്പിക്കപ്പെട്ടു പോന്നു.

ഇറാനിയൻ വിമത ചിന്തകരായ അലി ഷരിയാണി മൊർട്ടേസ മൊതാഹ്ഹരി എന്നിവരുടെ രചനകളിൽ കർബാലയിലെ സ്ത്രീകൾ വിലപിക്കുന്നവരും ഓർമ്മകളെ നിലനിർത്തുന്നവരും മാത്രമല്ല, രാഷ്ട്രീയ അനീതികൾക്കെതിരെ ശബ്ദമുയർത്തുന്ന വരും അടിച്ചമർത്തപ്പെട്ടവരുടെ കൂടെ അണിനിരക്കുന്നവരുമാണ്. സയ്നബ് തന്റെ സഹോദരനായ ഹൊറസെയ്നിൻറെ സഹായിയും കൂട്ടുകാരിയും പാവപ്പെട്ടവരുടെയും നിർധനരുടെയും സഹായിയും അവന്റെ വിപ്ലവകരമായ സ്വപ്നങ്ങളുടെ കൂട്ടാളിയും ഇതൊക്കെ ബോധ്യപ്പെട്ട് തന്റെ ഭർത്താവിനെ ഉപേക്ഷിച്ചു സഹോദരനോടൊപ്പം നിന്നവരുമാണവർ. ഹൊസെയ്നിനെ അറിയാത്തവരുടെ ഇടയിൽ അദ്ദേഹത്തിന്റെ ആശയങ്ങളെ മുന്നോട്ടുകൊണ്ടുപോകുന്ന അധ്യാപികയായും അവർ കരുതപ്പെട്ടിരുന്നു.


ഇറാനിലെ ഇസ്ലാമിക റിപ്പബ്ലിക് ഫത്തേഹമയെക്കുറിച്ചും സെയ്നബയെ കുറിച്ചും വളരെ യാഥാസ്ഥിതികമായ കാഴ്ചപ്പാടാണ് മുന്നോട്ട് വെച്ചത്. വളരെ ബഹുമാനപൂർവ്വം അവരുടെ പ്രാധാന്യം അടയാളപ്പെടുത്തുമ്പോഴും ഭരണത്തിലിരുന്ന ഇമാമുകൾ വളരെ വ്യക്തമായി തന്നെ സൂചിപ്പിച്ചത് സ്ത്രീകൾ എല്ലായിപ്പോഴും വിശ്വാസികളെ സ്ഥിരം പിന്തുണയ്ക്കുന്നവർ ആണെന്നും ത്രികാസ്ഥി സംബന്ധമായ അധികാരം നിലനിർത്താൻ സഹായിക്കുന്നവരാണെന്നും എന്നാണ്. ഇത്തരത്തിൽ സ്ത്രീത്വത്തിന്റെ ആശയങ്ങൾ വ്യതിരിക്തമായ പ്രസക്തി തേടുന്നുണ്ട് ഇവിടെ. ഡീബ് അടയാളപ്പെടുത്തിയത് പോലെ ഷിയകൾ വളരെ നിർണായകമായ ഒരു സംഘമായി, ന്യൂനപക്ഷമായി ഭരണത്തെ എതിർക്കുന്നവർ ആയി, നിലകൊണ്ടു .

ഈ സന്ദർഭത്തിൽ കർബാല പുനർ ജീവിക്കുന്നതിന് രണ്ട് അർത്ഥങ്ങളുണ്ട്. ഒന്ന് അനുസ്മരണമാണ്. എന്നാൽ ലെബനെനിൽ മാത്രം അവരുടെ കർബാലയിലെ രക്തസാക്ഷിത്വം വർത്തമാനത്തോട് ഇഴുകിച്ചേർന്നു കാണപ്പെടുന്നു. സമകാലിക ഷിയ 22

വർഷമായി ഇസ്രായേലിന്റെ കടന്നുകയറ്റത്തെ വെല്ലുന്ന ഒന്നായി നിലകൊള്ളുന്നു. കമ്മ്യൂണിറ്റിയിൽ സൈനബ് എന്നതിന്റെ അർത്ഥം രണ്ടാമത്തെ പുനർജീവിതം സാധ്യമാകുന്നുവെന്ന് ഡീബ് പറയുന്നു. പതിയെ സൈനബ് ഫത്തേമയെ പുനഃസ്ഥാപിച്ചു കൊണ്ട് സ്ത്രീകളുടെ ഉത്തമ മാതൃകയാക്കി അവരെ മാറ്റി എന്ന് അവൾ ചൂണ്ടികാണിക്കുന്നു. അവരുടെ വിലാപങ്ങളിൽ നിന്നും തന്റെ സഹോദരന്റെ അന്യായമായ മരണത്തിന്റെ സൂചനകൾ എടുത്തുകൊണ്ട് വിലാപത്തിന്റെ പൊതു ആചാരങ്ങളുടെ ഭാഗമായി ഷിയ സ്ത്രീകൾ അവരുടെ ജീവിതത്തെ പൊതുസേവനത്തിനു വേണ്ടി മാറ്റിവെച്ച് ജീവിതവുമായി ബന്ധപ്പെടുത്താൻ തുടങ്ങി. ഡീബിന്റെ പുസ്തകത്തിൽ പ്രത്യേകം പരാമർശിക്കപ്പെടുന്ന സ്ത്രീകളിൽ ഒരാൾ ഇങ്ങനെ പറഞ്ഞു. 'ഇമാമിന്റെ രക്തസാക്ഷിത്വത്തിന് ശേഷം സയ്യിദ സൈനബ് എല്ലാ അനാഥരെയും പോറ്റി വളർത്തി അവരോടൊപ്പം നിന്നും അവരുടെ വേദനകൾക്ക് ശമനം വരുത്തി. അവർ നമ്മെ പഠിപ്പിച്ചത് നമ്മൾ എന്തൊക്കെ അനുഭവിച്ചാലും അവർ അനുഭവിച്ച അത്ര വരില്ല എന്നതായിരുന്നു ഞങ്ങളുടെ പ്രവർത്തികൾക്ക് അവരാണ് മാതൃക. മറ്റുള്ളവരെ സഹായിക്കാൻ ഞങ്ങൾ പഠിച്ചത് അവരിൽ നിന്നാണ്.' മറ്റൊരാൾ പറയുന്നു 'എപ്പോഴും എന്തെങ്കിലും പ്രശ്നം അഭിമുഖീകരിക്കുമ്പോൾ ഞാൻ എന്നോട് തന്നെ ചോദിക്കും, എനിക്ക് സൈനബ് ചെയ്തു പോലെ പ്രവർത്തിക്കാൻ കഴിയുമോ? ആരെങ്കിലും എൻറെ വാതിൽക്കൽ മുട്ടിയാൽ ഞാൻ അവരെ സഹായിക്കുമോ ഇല്ലയോ? മറ്റുള്ളവരുടെ വിഷമം എനിക്ക് മനസ്സിലാക്കാൻ കഴിയുമോ? ഞാൻ എന്നിലെ എന്നെ കൂടുതൽ നൽകുമോ? അടിച്ചമർത്തൽ നേരിടാൻ എനിക്ക് ധൈര്യം ഉണ്ടോ'.

ഡീബ് വാദിക്കുന്നത് ഉദാഹരണങ്ങളിലൂടെ ഉള്ള ഈ അറിവ് വിശാലമായ സമയപരിധിയെ മറികടക്കുന്നതാണെങ്കിലും അതിനെ നാം വ്യതിരിക്തമായി നോക്കി കാണേണ്ടതുണ്ട് എന്നാണ്; ഇത് ലബനനിലെ സിവിൽ യുദ്ധങ്ങൾക്കുള്ള പ്രതികരണമായും ആംഗ്ലോ അമേരിക്കയുടെയും യൂറോപ്പിന്റെയും മനസ്സിൽ ദാരിദ്ര്യത്തിന്റെയും മരണത്തിന്റെയും കൊടും പകയുള്ള ഭയമായും വെറുപ്പായും തുടരുന്നുവെന്നാണ്. മുൻപ് സൂചിപ്പിച്ച ആശയം ആവർത്തിക്കുകയാണെങ്കിൽ ഷിയ സ്ത്രീകൾ ഓർത്തെടുക്കുന്ന ഇസ്ലാമും കർബാലയിലെ ഓർമ്മകളും ആധുനിക സന്ദർഭങ്ങളിൽ തന്നെ, ആധുനിക ലോകത്തിന്റെ ആവശ്യങ്ങളോട് അനുയോജ്യത ഉന്നയിച്ചു തന്നെ, നിലനിൽക്കുന്നു. അങ്ങനെ നാഗരികമായ ഒരു സംഘം സൗജന്യമായും സബ്സിഡിയോടും കൂടെ മെഡിക്കൽ കെയർ സെന്റർ നടത്തുകയും അതിന്റെ സാങ്കേതികമായ വൈദഗ്ധ്യം പരസ്യപ്പെടുത്താതെ പാടുപെടുകയും എന്നാൽ പാവങ്ങൾക്ക് താങ്ങാവുന്ന ക്ഷേമത്തിനും ശ്രദ്ധയ്ക്കും നിലകൊള്ളുന്ന സ്ത്രീകളുടെ സംഘം വളരെ സൂക്ഷ്മതയോടെ തങ്ങളുടെ പ്രവർത്തികൾ ഏകോപിപ്പിച്ച് വിഷൽ പബ്ലിസിറ്റിയും നെറ്റ്വർക്കിന്റെ ആധുനിക രീതികൾ ഉപയോഗിച്ചും എത്തിച്ചേരുന്ന ചാരിറ്റി സിസ്റ്റം വ്യക്തമായ വിശിഷ്ടമായ ഭരണ നിർവഹണ കഴിവുള്ളവരാണ്.

സ്റ്റേറ്റ് ക്ഷേമ പദ്ധതികൾ ഇല്ലാത്തിടത്ത് ആണ് ഇത്തരം പ്രവർത്തനങ്ങൾ അത്യാവശ്യമായി തീർന്നത് എന്നും ഡീബ് പറയുന്നുണ്ട്. അത് കൂടാതെ ഇതിനെ ദൃഢമാക്കിയത് ഭക്തിയുടെ ചേതനയോടെയാണ് എന്ന സ്ത്രീകളുടെ വിശ്വാസം കൂടിയാണ്. പൊതുസേവനം മതപരമായ കർത്തവ്യമാണെന്ന നിർദ്ദേശം സ്ത്രീകൾ വളരെ ഉത്സാഹത്തോടെ തന്നെ കണക്കിലെടുത്തിരുന്നു. സ്ത്രീകളുടെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കേവലം ജീവകാരുണ്യപ്രവർത്തനങ്ങൾ അല്ലെന്നുള്ളതിനും ഈ ഭക്തി ഊന്നൽ കൊടുത്തിരുന്നു . സ്ത്രീകൾ തന്നെ തങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങളിലൂടെ അവരുടെ ഉള്ളിൽ നാ-ഇയ്യ -– അതായത് ഒരാളുടെ ശ്രദ്ധ വിളിച്ചുവരുത്തുന്നതും ശാസിക്കുന്നതും ബോധവാന്മാരാക്കുന്നതും ആയ പ്രവർത്തിയാണ് കാണുന്നത്. അങ്ങിനെ ദരിദ്രർ എല്ലാ കാലത്തും സഹായം തേടുന്നവരായല്ലാതെ ന-ഇയ്യ എന്നത് പരിശീലിച്ചു കൊണ്ട് തങ്ങളുടെ ജീവിതം തങ്ങൾ തന്നെ കരുപ്പിടിപ്പിക്കാൻ ഉതകുന്നവരാക്കി തീർക്കുന്നു.



വിക്ടോറിയൻ ഇംഗ്ലണ്ടിലെ സമാധാനവാദികളെ അനുസ്മരിപ്പിക്കുന്ന രീതിയിൽ ഷിയ സ്ത്രീകൾ തങ്ങളുടെ പൊതുഇടങ്ങളിലെ ഭക്തി പ്രവർത്തനങ്ങൾ യുദ്ധഭൂമിയിൽ ഉള്ള രക്തസാക്ഷികളെ പ്രതിഫലിപ്പിക്കുന്നതാണെന്ന ബോധ്യം ഉള്ളവരായിരുന്നു. മറ്റുള്ള

വരിലേക്ക് പലരീതിയിലും അവർ അത് സമർത്ഥിക്കുന്നുണ്ട്. വളരെ ബോധപൂർവ്വമായും ഗൗരവപരമായും ഹിജാബ് അണിഞ്ഞുകൊണ്ട് ഇസ്ലാമിക സ്വത്വം പ്രദർശിപ്പിച്ചുകൊണ്ടും റമദാൻ പ്രാർത്ഥനകളിലൂടെയും നോയമ്പുകളിലൂടെയും കർബാല സ്പിരിറ്റിൽ നിന്നുകൊണ്ട് ചിന്തിക്കുമ്പോൾ ഇതൊന്നും ഒരു മുസ്ലീം എന്ന രീതിയിൽ ചെയ്യുന്നതും ചെയ്യേണ്ടതുമായ പല കാര്യങ്ങളിലും വളരെ കുറച്ചായി മാത്രമേ കരുതുന്നുള്ളൂ. അങ്ങനെ അവർ അതിനോട് സമരസപ്പെടുമ്പോഴും ഡീബിൻറെ എഴുത്തിൽ സൂചിപ്പിക്കുന്നതു പോലെ വിവാദപരമായി തന്നെ ഇസ്ലാം ശാസിക്കുന്നത് പോലെ സ്ത്രീകളുടെ പരമപ്രധാനമായ കർത്തവ്യം കുടുംബത്തോടാണ് എന്ന് യോജിക്കുമ്പോഴും ഇത് സ്ത്രീ സംബന്ധിയായ പ്രവർത്തികളെ പുതിയ ചട്ടക്കൂടുകളിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. സ്ത്രീകളോട് ഇത്തരം പ്രവർത്തികൾ ചെയ്യേണ്ടത് നിർബന്ധമാണെന്ന് ഊന്നിപ്പറഞ്ഞു കൊണ്ട് ഷരിയയുടെ നിബന്ധനകളിൽ പോലും ഗാർഹികമായ ധർമ്മം നിർവഹിക്കാൻ സ്ത്രീകളെ നിർബന്ധിക്കരുതെന്നും വിവാഹത്തിനുശേഷവും ഭക്തിയും സ്നേഹവും അവർ തുടരുമെന്നും വിവാഹിതയായിരുന്നാണ് ഇതിനു വേണ്ടി സമയം സ്ഥലവും കണ്ടെത്താൻ അവർ ധാരണ യുണ്ടാക്കുന്നത് എന്നും പറയുന്നു. ഈ സ്ത്രീകൾ പലപ്പോഴും ബന്ധുക്കളുടെ ഇടയിൽ തന്നെ സെക്സിസത്തെ നേരിട്ടിട്ടുണ്ടെന്നും അതിന് അവർ മടി കാണിക്കാറില്ലെന്നും കാരണം പൊതു പ്രവർത്തനങ്ങളെ എത്രത്തോളം അഭിനിവേശത്തോടെ കാണുന്നോ അത്ര തന്നെയും സാധാരണ സ്ത്രീകൾ ചെയ്യേണ്ടുന്ന കാര്യങ്ങൾ ചെയ്യാനുള്ള സന്നദ്ധതയും അവർ പ്രകടിപ്പിക്കുന്നതായി ഡീബ് ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഡീബിന്റെ രചന അന്വേഷിക്കുന്നതും നിർവ്വചിക്കാൻ ശ്രമിക്കുന്നതുമായ പൊതു വിടത്തിലെ ഭക്തി ഐഹിക ലോകത്തിൽ നിന്നും വളരെ ശ്രദ്ധയോടെ വേർതിരിച്ചു നിത്യേനയുള്ള കരുതലും പരിപോഷണവും വിദ്യാഭ്യാസവും വാദപ്രതിവാദങ്ങളും സൂചിപ്പിക്കുന്നത് അത് അവർക്കും അവരുടെ പഠന വിഷയങ്ങൾക്കും കർബാല സ്പിരിറ്റും മതവിശ്വാസത്തിലൂന്നിയ ജീവിതവും പ്രദാനം ചെയ്യുന്നു എന്നാണ്.

വിരോധാഭാസമെന്നു പറയട്ടെ തികച്ചും ഉചിതമായി വിശ്വാസത്തിൽ ജീവിക്കുക എന്നത് ലെബനനിലെ ഈ സാഹചര്യത്തിൽ സ്ത്രീകളുടെ പൗരത്വത്തിൻറെ ആധാരമാണ്. ഇങ്ങനെ പൗരനായിരിക്കുന്നത് ഷിയ ഇസ്ലാമിലെ സദാചാര ലോകത്തും ഹിസ്ബല്ലയുടെ രാഷ്ട്രീയ ലോകത്തും ആണെങ്കിലും ഭക്തിയുടെ വ്യവഹാരം ഇവിടെ അടിച്ചമർത്തുന്ന അധികാരത്തിനെതിരെയുള്ള ശാസനമായി നിലകൊള്ളുന്നു. സൂക്ഷ്മ ബുദ്ധിയോടെ ഡീബ് പറയുന്നതു പോലെ ഈ മാതൃക നടപ്പിലാവുകയാണെങ്കിൽ ഹിസ്ബല്ല എതിരില്ലാതെ നിലനിൽക്കുമോ എന്നത് വ്യക്തമായി തിരിച്ചറിയാൻ കഴിയുന്നതല്ല.

ഗ്രീൻഹാം കോമണിലെ സ്ത്രീകളുടെ സുദീർഘമായ പ്രതിരോധങ്ങളെയോ സമാധാന ജീവിതത്തിനു വേണ്ടിയുള്ള ശ്രമങ്ങളെയോ പോലെ ലബനനിലെ മതവിശ്വാസികൾ ഫെമിനിസ്റ്റ് ആശയങ്ങൾക്ക് വേണ്ടി നിലനിൽക്കുന്നവരെന്ന് എളുപ്പത്തിൽ വാദിക്കാൻ പറ്റില്ല. പുരുഷാധിപത്യ വ്യവസ്ഥക്കെതിരെ അവർ സ്വയം വ്യാഖ്യാനിക്കുന്നില്ല. ഹിംസ, ദാരിദ്ര്യം, മരണം എന്നിവയോടുള്ള പ്രതികരണങ്ങൾ എന്നാണോ എവിടെയാണോ ചെയ്യേണ്ടത് എന്ന അനുമാനങ്ങൾക്കനുസൃതമായുള്ളവയാണ് അത്.

എന്നാൽ അതോടൊപ്പം തന്നെ പല ഫെമിനിസ്റ്റ് ആശയങ്ങളും അവർ ഇവിടെ നിന്ന് പഠിച്ചിട്ടുണ്ടാവാം. കർബാല ആഖ്യാനവും അഷ്ഹൂര ആചാരങ്ങളും അനീതികളെ ഓർക്കാനുള്ള ഒരാളുടെ ഉറച്ച തീരുമാനവും ആ ഓർമ്മകൾ നല്ല പ്രവർത്തി ചെയ്യുന്നതിലേക്ക് മാറ്റം ചെയ്യപ്പെടാനുള്ള ആഗ്രഹവും ഒത്തുചേർന്നു വളരെ സങ്കീർണമാവുന്ന ഒന്നാണ്.  ഒരു നീതിയുള്ള യുദ്ധം നടത്താൻ കർബാല പ്രചോദനമാവുന്നുണ്ടെങ്കിലും പുരുഷന്മാരുടെ പ്രവർത്തിയായാണ് ഇത് മനസ്സിലാക്കപ്പെടുന്നത്.

ഇറാനിൽ സ്ത്രീകൾ യുദ്ധത്തിൽ പങ്കു ചേരാൻ ആവശ്യപ്പെട്ടതു പോലെയോ ഇറാൻ-ഇറാഖ് സൈന്യത്തിൽ ചേർന്നത് പോലെയോ ലെബനനിൽ ഒന്നും സംഭവിച്ചില്ല. എന്നുതന്നെയല്ല സ്ത്രീകൾ അനീതിയുടെ ഓർമ്മകൾ ഏറ്റെടുത്തു പിടിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തി എന്ന് മാത്രമല്ല മുൻപ് ഉദ്ധരിച്ച ഉദാഹരണം പോലെ അത് അവരുടെ ജീവിത തെരഞ്ഞെടുപ്പുകളുടെയും പ്രവർത്തികളുടെയും ആധാരമാക്കി. സൈനബയെ പോലെ അവർ പ്രവർത്തിച്ചതുപോലെ അവരുടെ സാഹചര്യങ്ങളിൽ എങ്ങനെയായിരിക്കും എന്നൊക്കെ ആലോചിക്കാൻ തുടങ്ങി. ഇതിനർത്ഥം പ്രതികാരത്തെ പരിപോഷിപ്പിക്കുന്നതിനേക്കാൾ അവർ കർബാലയിലെ സ്ത്രീകളെപ്പോലെ അനുകമ്പയുടെയും കരുതലിന്റെയും പ്രവർത്തിയിൽ അർപ്പിക്കാൻ അവരെ തന്നെ എങ്ങനെ ശക്തരാക്കാം എന്നുള്ളതാണ് മാതൃകയാക്കിയത്. ഈ അനുഭവം വീടും ലോകവുമായുള്ളവ പുനർനിർവ്വചിക്കുകയല്ല. മറിച്ച് സ്വത്വവും ലോകവും തമ്മിലുള്ള ബന്ധത്തിന്റെ പുനർനിർവചനം സാധ്യമാക്കുകയാണ് ചെയ്യുന്നത്.

പൊതു ഇടത്തിലെ ഭക്തിയെക്കുറിച്ചുള്ള വേറിട്ട അനുമാനത്തിലൂടെ ലോകത്തിന്റെ മുന്നിൽ വേറിട്ട് നിലകൊള്ളുന്നു ഇത്. ഈ സ്വത്വം പരിപാലനവും കരുതലും വളരെ പ്രധാനപ്പെട്ട നന്മകളായി അവകാശവാദം ഉന്നയിക്കുന്നു. അത് വീട് എന്ന ഇടത്തെ കുറിച്ചല്ല മറിച്ച് അതിന്റെ ആദർശം ന്യായത്തിൻറേതാണ്. സ്ത്രൈണവൽക്കരിക്കപ്പെട്ട ഭക്തിയുടെ വൈരുദ്ധ്യാത്മകത പ്രശ്നകരമായി തോന്നാമെങ്കിലും ഉടമ്പടികൾ അതിലംഘിത തോന്നലുളവാക്കുന്നതും ഓർമ്മകളുടെ ആചാരങ്ങൾ ഒരു ഭാഗത്തും സാമൂഹ്യ ന

ന്മയ്ക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ മറ്റൊരു ഭാഗത്തും അറിയാതെ വെളിവാക്കുന്നത് സാങ്കൽപ്പികമായ ഊർജ്ജമാണ്. അത് നമ്മളെ ന്യായവും സമാധാനവും തമ്മിലുള്ള ബന്ധത്തെ പുനഃപരിശോധനയ്ക്ക് വിധേയമാക്കാൻ കഴിവുള്ളതാക്കും.

ഈ കഥകളിൽനിന്നും അനുമാനിക്കപ്പെടുന്നത് ഹിംസയുമായി ഇടപെടുന്ന സമാധാന ജീവിതത്തിൻറെ ഈ രണ്ട് ഉദാഹരണങ്ങളും നമുക്ക് വാഗ്ദാനം ചെയ്യുന്നത് സ്ത്രീകളുടെ പൊതുഇടങ്ങളിലെ പ്രവർത്തനങ്ങളെയാണ്. അത് ആദർശങ്ങളെ ഊട്ടിയുറപ്പിക്കുന്നതിനതീതമായി പലതരം പ്രവർത്തനങ്ങളും പെർഫോർമൻസുകളും പ്രതിനിധാനം ചെയ്യുന്നവയാണ്. ഗ്രിൻഹാം കോമണിലെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം വിനാശകരമായ യുദ്ധത്തിന്റെ ഹിംസ തർക്കമറ്റ രീതിയാൽ പിതൃ മേധാവിത്വ പരമാണ്. മരണത്തെ അഭിമുഖീകരിക്കാൻ തയ്യാറാവുമ്പോൾ സൂചിപ്പിക്കപ്പെടുന്നത് രണ്ടു നൂറ്റാണ്ടുകളോളം അവർ ഊന്നൽ നൽകിയ ജീവിതം സ്നേഹത്തിനും കരുതലിനും സംവാദത്തിനും പുതിയ സാമൂഹ്യ സാഹോദര്യത്തിനും ഊന്നൽ നൽകുന്നതായിരുന്നു എന്നുള്ളതാണ്. ഷിയ ലെബനനിൽ യുദ്ധ ബാധിത സമൂഹത്തിൽ പ്രധാനമായും ചോദ്യം ചെയ്യപ്പെട്ടു കൊണ്ടിരുന്നത് 'നീതിയുടെ' യുദ്ധം എന്ന പ്രതിഭാസമാണ്. ഷിയ സ്ത്രീകളുടെ പ്രതികരണം പ്രത്യേകമായും സമാധാനത്തിനു വേണ്ടി നിലകൊള്ളുന്നതാണെങ്കിലും ദൃഢമായി നിയമവിരുദ്ധമായ അധികാരത്തെ ചോദ്യം ചെയ്യുന്നുണ്ടെങ്കിലും ഇതഴിച്ചുവിടുന്ന യുദ്ധവും ഹിംസയും ഉയർത്തുന്ന ചോദ്യം എങ്ങനെയാണ് മരണമുഖത്തുനിന്നും ഒരാൾ വ്യവഹാരം നടത്തുക എന്നുള്ളതാണ്.

ജൈന ചിന്തയെ ഓർമ്മപ്പെടുത്തുന്ന രീതിയിൽ ഗാന്ധി പലതവണ പറഞ്ഞിട്ടുള്ളത് ജീവിക്കുക എന്നാൽ ശോഭയോടെ ശാന്തതയോടെ മരിക്കാൻ പഠിക്കുക എന്നതാണ്. മരണത്തിന്റെ വരവിനെ മുന്നിൽ കണ്ടുകൊണ്ട് ലെബനനിലെ സ്ത്രീകൾ പ്രവർത്തിച്ചത് ഗാന്ധി തൻറെ അവസാന ദിനങ്ങളിൽ മരണത്തിന് മുന്നിൽ ശോഭയോടെ ജീവിക്കാൻ പുതിയ വഴികൾ കണ്ടെത്താൻ ശ്രമിച്ചത് പോലെയായിരുന്നു. അവസാന വിശകലനത്തിൽ സമാധാന ജീവിതത്തിൻറെ രീതികളെല്ലാം പൊതുഇടങ്ങളിലെ പ്രകടനങ്ങളുടെ ഗംഭീരമായ ഉദാഹരണങ്ങളാണ്. നമ്മൾ നേരിടുന്ന ഹിംസ പലപ്പോഴും ആചാര സ്വഭാവമുള്ളതായതിനാൽ നിരന്തരവും അക്രമോത്സുകവും ആയതിനാൽ അതിനെ ഫലപ്രദമായി നേരിടാൻ കഴിയുക പെർഫോർമേറ്റീവ് ആക്ടിലൂടെയാണ്. അത് ശാരീരിക ചേഷ്ടകളിലൂടെയാണ് സാധ്യമാവുന്നത്. ദുർബലമെങ്കിലും നിഷ്കർഷതയോടെ ചേതനയുള്ള നിത്യോപയോഗ വസ്തുക്കളായ തൊട്ടിലുകൾ, നാപ്കിനുകൾ, ചിലന്തിവലകൾ എന്നിവയുടെ ഉപയോഗവും ശ്രദ്ധിക്കുക. ഇത്തരം പ്രവൃത്തികളിലൂടെ മനസ്സിലാക്കേണ്ടത് വ്യക്തവും പ്രവചനാതീതവുമായ സർഗ്ഗാത്മക വഴികളിലൂടെ നമ്മോട് ഇവർ പറയുന്നത് നാം ആകുലതയ്ക്കും ഭയത്തിനും അതീതമായി ഹിംസയെ നേരിടണമെന്നുള്ളതാണ്. അത് അക്രമണമായി വ്യാഖ്യാനം ചെയ്യപ്പെടുന്നുണ്ടെങ്കിലും ഈ അർത്ഥത്തിൽ ഗ്രിൻഹാം കോമണിലെ വലയം ചെയ്യപ്പെടലും ഷിയ സ്ത്രീകളുടെ ഓർമ്മകളുടെ ആചാരങ്ങളും ചാതുര്യത്തോടെ ഭയത്തിനെയും ദേഷ്യത്തിനെയും ശ്രേഷ്ഠവും ജീവിതോന്മുഖവുമായി മാറ്റുന്നു. കൂടാതെ പൊതു ഇടത്തിലെ ഭക്തി എന്ന പ്രവർത്തിയും പ്രതിഷേധത്തിന്റെ കാരണം ഇല്ലാതായിട്ടും ഗ്രിൻഹാം കോമണിൽ തുടർന്നിരുന്ന മറച്ച എതിർപ്പുകൾ നമ്മോട് സൂചിപ്പിക്കുന്നത് മോശപ്പെട്ട അധികാരികളെ നേരിടാൻ മറ്റു പല വഴികൾ ഉണ്ടെന്നും അതിനെ സ്വാംശീകരിക്കാൻ ശ്രമിക്കുന്നതിനേക്കാൾ നല്ലത് അത്തരം വഴികൾ ആണെന്നുമാണ്. ഈ അർത്ഥത്തിൽ പ്രതലബഹുലവും സമ്പന്നവുമായ നിത്യജീവിതത്തിൻറെ 'ശക്തിയില്ലായ്മ' അധികാര ശക്തിയുടെ വർത്തുളയുക്തിയെ കൗതുകകരമായ രീതികളിൽ അഭിമുഖീകരിക്കുന്നു-- അധികാരത്തെ വക വെക്കാൻ മടിച്ചു കൊണ്ട്, നിരന്തരമായി ജീവിതത്തോട് പ്രതിബദ്ധത കാണിച്ചുകൊണ്ട്, നിത്യേന അപകടകരമായ അധികാരത്തിൻറെ പരിധികളെ ചൂഴ്ന്ന് പറന്നുകൊണ്ട് വെല്ലുവിളിക്കാൻ അത് ഉറച്ച തീരുമാനങ്ങളെടുക്കുന്നുണ്ട്.

### സഹായക ഗ്രന്ഥങ്ങൾ


Aghaie, Kamran Scott 'Fatemah, Zeynab and Emerging Discourses on Gender' in *The Martyrs of Karbala: Shi'i symbols and rituals in Modern Iran*, University of Washington Press, 2004: pp. 113-130

Aghaie, Kamran Scott (ed), *The Women of Karbala: Ritual Performance and Symbolic Discourses in Modern Shi'i Islam*, University of Texas Press, 2005

Blackwood, Caroline. 1984. *On the Perimeter: Caroline Blackwood at Greenham Common*. Flamingo: London.

Brown, Heloise '*The Truest Form of Patriotism': Pacifist Feminism in Britain, 1870-1902*, Manchester University Press, 2003

Deeb, Lara *An Enchanted Modern: Gender and Public Piety in Shi'i Lebanon*, Princeton University Press, 2006

Fairhall, David. 2006. Common Ground: *The Story of Greenham* Common. London: I.B.Tauris.

Finch, Sue. 1986. 'Socialist-Feminists & Greenham Common'. *Feminist Review* Vol. 23: 93-100.

Roseneil, Sasha. 1995. *Disarming Patriarchy*: *Feminism & Political Action at Greenham Common Buckingham:* Open University Press.

Schofield, John., & Anderton, Mike. 2000. 'The Queer Archaeology of Green Gate: Interpreting Contested Space at Greenham Common Airbase'. *World Archaeology* Vol. 32(2): 236-251.

Welch, Christina 'Spirituality and Social Change at Greenham Common Peace Camp', *Journal for Faith, Spirituality and Social Change. Vol.1:1*

ചര്‍ച്ചാവിഷയം




ഡോ.അപര്‍ണ ഈശ്വരന്‍
ജെ.എന്‍.യു.വില്‍
സ്ത്രീപഠനത്തില്‍ ICSSR ഗവേഷക

സനാതനന്‍ താമോതരപ്പിള്ളയുടെ ചെക്ക്പോയന്റ് എന്ന ചിത്രം

# ചെക്ക് പോയിന്റുകളിലൂടെ കടന്നുപോകുമ്പോള്‍ - ഇലങ്കൈ തമിഴ് സ്ത്രീകളുടെ കവിത

ശ്രീലങ്കയില്‍ രണ്ട് പതിറ്റാണ്ടിലേറെയായി നടന്ന ആഭ്യന്തര യുദ്ധത്തില്‍ നിയമാനുസൃത പൗരന്മാരായി യോഗ്യതനേടുന്നതിന് തമിഴര്‍ക്ക് വിവിധ ഔദ്യോഗിക രേഖകള്‍ ഹാജരാക്കേണ്ടി വന്നിട്ടുണ്ട്. എന്നാല്‍ ദൃശ്യപരതയെക്കുറിച്ചുള്ള ചര്‍ച്ചകള്‍ എല്ലായ്പ്പോഴും നിരീക്ഷണത്തിലേക്ക് വഴുതിപ്പോവുന്ന അവസ്ഥയിലും ആയിരുന്നു. ഐഡന്റിറ്റി കാര്‍ഡുകളുടെ വിന്യസനം ചില അടയാളങ്ങളെ ശ്രീലങ്കന്‍ എന്ന് സ്ഥാപിക്കുകയും, അതു വഴി ഒരു ഇതരവര്‍ഗ്ഗത്തെ (Other) നിര്‍മ്മിക്കുകയും ചെയ്തിരുന്നു. ഈ രേഖകള്‍ സൂക്ഷ്മതയോടെ വായിക്കുമ്പോള്‍, അക്കാലത്തെ ശ്രീലങ്കയില്‍ ഉണ്ടായിരുന്ന പവര്‍ ഡയനാമിക്സും അതിന്റെ അനേകമായ അക്രമരീതികളും നിഴല്‍മറകള്‍ മാറ്റി പതുക്കേ ദൃശ്യതയിലേയ്ക്ക് വരുന്നത് കാണാം. ഈ അധികാരരീതിയുടെ വ്യത്യസ്ത സിരകള്‍ വ്യക്തമായി ദൃശ്യമാവാന്‍, അക്രമങ്ങളില്‍ ജീവിച്ച തമിഴരുടെ അനുഭവാഗ്നിയുടെ വെളിച്ചം അനിവാര്യമാണ്. ഈ ലേഖനത്തില്‍, നിരീക്ഷണത്തില്‍ ജീവിച്ചതിന്റെ അനുഭവങ്ങള്‍ അവതരിപ്പിക്കുകയും ഐഡന്റിറ്റി ഡോക്യുമെന്റുകളിലൂടെ ഒരാളുടെ ദൈനംദിന ജീവിതത്തെക്കുറിച്ച് ചര്‍ച്ച ചെയ്യുകയും ചെയ്ത ഇലങ്കായ് തമിഴ് സ്ത്രീകള്‍ എഴുതിയ കവിതകള്‍, നിങ്ങളോടൊപ്പം വായിക്കാന്‍ ഞാന്‍ ആഗ്രഹിക്കുന്നു. തിരിച്ചറിയല്‍ രേഖകളിലൂടെ ഐഡന്റിറ്റികളുടെ നിര്‍മ്മാണത്തിന്റെ ഔദ്യോഗിക ഉല്‍പാദനത്തെക്കുറിച്ച് 1980 നും 2009 നും ഇടയില്‍ എഴുതിയ കവിതകള്‍ ഞാന്‍ പ്രത്യേകം നോക്കും. ഐഡികാര്‍ഡുകളിലൂടെ നിര്‍മ്മിക്കുന്ന പൗരത്വത്തിന്റ ഔദ്യോഗിക വ്യവഹാരങ്ങളില്‍ തെറ്റായ അംഗീകാരത്തിന്റെ സൂചനകളുണ്ട്. 'തന്നെത്തന്നെ സ്ഥാനഭ്രഷ്ടനാക്കുകയും സ്ഥാനഭ്രഷ്ടനായി സൂചിപ്പിക്കുകയും ചെയ്യുന്ന' ട്രെയ്സുകളെക്കുറിച്ചുള്ള ഡെറിഡയുടെ ആശയം വരച്ചുകൊ

ണ്ട്, തെറ്റായ അംഗീകാരത്തിന്റെ ഈ സൂചനകൾ പുറപ്പെടുവിക്കുന്നതിനുള്ള ചുരുക്കം ചില മാധ്യമങ്ങളിൽ ഒന്നായി ഇവിടെ കവിത പ്രവർത്തിക്കുന്നുവെന്ന് ഞാൻ വാദിക്കുന്നു. അക്കാലത്തെ ശ്രീലങ്കയുടെ ചരിത്രം ആധികാര രാഷ്ട്രത്തെക്കുറിച്ചുള്ള വ്യത്യസ്ത പ്രതിനിധികളുടെ അവകാശവാദങ്ങളുടെ മത്സരമാണ്. ദുഃഖകരമെന്നു പറയട്ടെ, എൽ.ടി.ടി.ഇ. പ്രതിനിധാനം ചെയ്യുന്ന തമിഴ്‌രാഷ്ട്രത്തിന്റെ (ഈഴം) ഒരു പൗരന്റെ അവകാശങ്ങൾ സിംഹള രാഷ്ട്രം അക്രമാസക്തവുമി അടിച്ചേൽപ്പിക്കുന്ന പൗരത്വത്തിന്റെ ഒഴിവാക്കൽ രാഷ്ട്രീയത്തിൽ നിന്ന് മാറ വേറിട്ട് നിൽക്കുന്നതോ ഭാവനാപരമായ പുനർനിർമ്മാണമോ ആയിരുന്നില്ല. വിരോധാഭാസമെന്നു പറയട്ടെ, എൽ.ടി.ടി.ഇ., ശ്രീലങ്കൻ സർക്കാരിന്റെ അതേ മർദ്ദനപരമായ ഭരണവ്യവസ്ഥ അനുകരിക്കയാണ് ചെയ്തത്. ഒരു ജനത്തിന്റെ വൈവിധ്യമാർന്ന കൂട്ടായ്മയെ നിയന്ത്രിക്കുവാനും, തിരിച്ചറിയാൻ കഴിയുന്ന ജനസംഖ്യയായി എൻക്രിപ്റ്റ് ചെയ്യാനുമുള്ള രാഷ്ട്രത്ട്രിന്റെ ഒരു

ഡോക്യുമെന്ററി പ്രാതിനിധ്യമാണ് ഐഡി കാർഡുകൾ. ജോൺ ടോപ്പി തന്റെ ലേഖനത്തിൽ എഴുതിയതുപോലെ, അവ വിഷയങ്ങളെക്കുറിച്ചുള്ള അറിവ് സംഭരിക്കുന്നതിന് ഉപയോഗിക്കുന്ന മൊബൈൽ ഫയലുകളുടെ പതിപ്പുകളാണ്... ഒരു ജനതയെ നിയന്ത്രിക്കാനുള്ള  ഒരു ഉപാധിയാണ്. ഓരോ ഐഡന്റിറ്റി ഡോക്യൂമെ്റും ഒരു നിർദ്ദിഷ്ട ഔദ്യോഗിക ആവശ്യകത നിറവേറ്റുകയും അതിലൂടെ, ചിലപ്പോൾ നിർബന്ധിതമായി, ഒരു ഐഡന്റിറ്റി അല്ലെങ്കിൽ വ്യക്തിനിഷ്ഠത (subjectivtiy) സൃഷ്ടിക്കുകയും ചെയ്യുന്നു.

അവ 'മൊബൈൽ ഫയലുകൾ' ആണെങ്കിലും, വിരോധാഭാസമെന്നു പറയട്ടെ, രാജ്യത്തിന്റെ കണ്ണിൽ സംശയിക്കപ്പെടുന്നവരുടെ ചലനാത്മകത തടയുന്നതിനുള്ള സംവിധാനങ്ങളും ഇവയാണ്. തിരിച്ചറിയാവുന്ന വിഷയങ്ങൾ നിർമ്മിക്കാനുള്ള ദേശീയഭരണകൂടത്തിന്റെ ഏതാണ്ട് മതഭ്രാന്തമായ ആഗ്രഹത്തെ ഐഡി കാർഡുകൾ ഉദാഹരണമാക്കുന്നു: ഹൈബ്രിഡ്, വൈവിധ്യമാർന്നവർ, വിഭാഗങ്ങളുടെ കർശനമായ അടയ്ക്കലിനപ്പുറം അവരുടെ ആഗ്രഹങ്ങളും വ്യക്തിത്വങ്ങളും വ്യാപിക്കുന്നു, തിരിച്ചറിയാൻ പ്രയാസമുള്ളവർ, തെറ്റായി തിരിച്ചറിഞ്ഞ എല്ലാവരും. ജനതയോടുള്ള വിശ്വസ്തത പാലിക്കുന്നുവെന്ന് തെളിയിക്കുന്നതിനുള്ള ഉത്തരവാദിത്തം അവരുടെ അടുത്തേക്ക് മാറ്റുന്നു. അതിനാൽ, ഒരു തിരിച്ചറിയൽ കാർഡ് ഹാജരാക്കാനുള്ള കമാൻഡ് രാജ്യത്തിന്റെ വാചാടോപത്തിന് ഒരു അപേക്ഷകനാകാനുള്ള ക്ഷണം ആണ്, ഇത് ദേശീയർട്രം വായിക്കാൻ / തെറ്റായി വായിക്കാൻ തയ്യാറാകാനുള്ള ഒരു ഉത്തരവാണ്. 'സമാന്തര ഗവൺമെന്റുകൾ', ശ്രീലങ്കൻ സ്റ്റേറ്റ്, എൽടിടിഇ, ഇന്ത്യൻ സ്റ്റേറ്റിന്റെ ഭീകരമായ ഇടപെടലുകൾ എന്നിവയ്ക്കെതിരായ 'സമാന്തര ഗവൺമെന്റുകൾ', ഭീകരത, ഭീകെതിരായ നിരന്തരം ചർച്ചകൾ നടത്തുമ്പോൾ യുദ്ധത്തിലുടനീളം തമിഴർക്ക് വിവിധ തിരിച്ചറിയൽ രേഖകൾ കൈവശം വയ്ക്കേണ്ടിവന്നു. എന്നിരുന്നാലും, ഐഡന്റിറ്റികളുടെ മാർക്കറുകൾ ചിലപ്പോൾ അതിജീവിക്കാനുള്ള ശ്രമത്തിൽ ആളുകൾ തട്ടിപ്പറിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നു. പൗരന്മാരല്ലാത്തവർ പൗരത്വത്തിന്റെ നിയമസാധുത തേടുന്ന ഇടമാണ് ഐഡി കാർഡ്; ആളുകൾ ഭരണകൂടത്തെ 'കണ്ടുമുട്ടുകയും അഭിമുഖീകരിക്കുകയും സഹിക്കുകയും ചിലപ്പോൾ വെല്ലുവിളിക്കുകയും' ചെയ്യുന്ന ഒരു ഇടം കൂടിയാണിത്. ഈ ആൾമാറാട്ട രേഖകളിലൂടെ ഒരു വ്യക്തിയെ അടയാളപ്പെടുത്തുകയും നിർമ്മിക്കുകയും ചെയ്യുന്നു. എന്നാൽ അതോടൊപ്പം തന്നെ ഐഡന്റിറ്റികൾ സൃഷ്ടിക്കുന്ന സാധ്യതകളും ഉണ്ട്. യുദ്ധത്തിലൂടെ വ്യത്യസ്ത കാരണങ്ങളാൽ ഒരൊറ്റ വ്യക്തിക്ക് പല ഐഡന്റിറ്റികൾ മാറ്റേണ്ടിവരുന്നതിനെ വിവരിക്കുന്ന ഒരു കവിതയാണ് ധർമിണിയുടെ 'ഐഡന്റിറ്റി കാർഡ്'. പതിനാറു വയസ്സുള്ളപ്പോൾ ശ്രീലങ്കൻ സർക്കാർ ഒരു ഐഡി കാർഡ് നൽകിയതിനെക്കുറിച്ച് അവർ എഴുതുന്നു. ഒരാൾക്ക് ഇത് എന്തിനാണ് ആവശ്യമെന്ന് ചോദിക്കുമ്പോൾ, ഇത് പരീക്ഷാകേന്ദ്രങ്ങളിൽ ഉപയോഗിക്കാനും തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാനും വേണ്ടിയാന്നെന്ന് അമ്മ പറയുന്നു. കുറച്ച് വർഷങ്ങൾക്ക് ശേഷം, 'പുലികൾ' (എൽ.ടി.ടി.ഇ) അവർക്ക് ഒരു ഐഡി കാർഡ്നൽകുന്നു,

എൽ.ടി.ടി.ഇ പരിശീലനം ഏറ്റെടുത്തതിന്റെ തെളിവാണെന്ന് അവർ പറയുന്നു. കുറച്ച് മാസങ്ങൾക്ക് ശേഷം, ശ്രീലങ്കൻ ആർമി അവർക്ക് ഒരു ഐഡി കാർഡ് നൽകുന്നു, കൂടാതെ സൈനിക അച്ചടക്കത്തിൽ ജീവിക്കാൻ ഐഡി കാർഡ് ആവശ്യമാണെന്ന് പറയുന്നു. അവർ എഴുതുന്നു

ഫോട്ടോഗ്രാഫുകൾ,<br>
സീരിയൽ നമ്പറുകൾ,<br>
ദേശീയത,<br>
സംസ്ഥാനം,<br>
ആയുധങ്ങൾ<br>
ജയിലുകൾ<br>
ഇതൊന്നുമില്ലാതെ<br>
ഒരു ചെറിയ ദ്വീപ് മോഷ്ടിക്കാനുള്ള പദ്ധതി,<br>
ഒരു വലിയ ആകാശത്തേക്ക് നോക്കുന്ന<br>
പക്ഷിയുടെ ചിറകുകൾ.

അധികാരത്തിനായുള്ള മത്സരം പൗരന്മാരെ പേരിടാനും അടയാളപ്പെടുത്താനുമുള്ള ഒരു മത്സരം കൂടിയാണ്. ഒരു ഐഡി കാർഡ് ചിലതരം ചലനാത്മകതയ്ക്ക് വഴി ഒരുകുന്നെങ്കിലും അത് നിരന്തരമായി വഹിയ്ക്കുന്ന മിനുഷ്യരിൽ ഉത്കണ്ഠ സൃഷ്ടിക്കുകയും ചെയ്യുന്നു. ശാസ്ത്രജ്ഞൻ പ്രദീപ് ജെഗനാഥൻ ഈ പ്രതിഭാസത്തെ 'അക്രമത്തിന്റെ മുന്നറിവ്' എന്നു വിശേഷിപ്പിക്കുന്നു. 'അക്രമത്തിന്റെ മുന്നറിവ്' എന്ന ആശയം അദ്ദേഹം കണ്ടെത്തുന്ന സൈറ്റുകളിലൊന്ന് ചെക്ക്പോസ്റ്റുകളുടെ അതിരുകളിലാണ്. ഒരു കാർഡ്

കൊണ്ടുപോകുന്ന പൗരൻ, അത് പരിശോധിക്കുമെന്ന് പ്രതീക്ഷിച്ച്, ആ പ്രവൃത്തിയിലൂടെ തന്നെ വിധേയനാകുന്നു. ഐഡി കാണണമെന്ന് ആവശ്യപ്പെടുമ്പോൾ സൈനികൻ ഐഡി കാർഡ് കൈവശമുള്ളയാളെ അഭിമുഖീകരിക്കുന്ന ചോദ്യം യഥാർത്ഥത്തിൽ 'നിങ്ങളുടെ രാഷ്ട്രീയ ഐഡന്റിറ്റി എന്താണ്?ഃ സിംഹള രാഷ്ട്രത്തിന്റെ അതിരുകൾക്ക് പുറത്തുള്ള ഒരു രാഷ്ട്രീയത്തെ നിങ്ങൾ പ്രതിനിധീകരിക്കുന്നുണ്ടോ?' എന്നാണ്. ഈ ചോദ്യത്തിനുള്ള ഉത്തരം കാർഡിലെ സാമൂഹിക അല്ലെങ്കിൽ സാംസ്കാരിക ചിന്ഹങ്ങളിലൂടേ വ്യാഖ്യാനിച്ചെടുക്കുന്നു.

ഐഡി കാർഡുകളെ ചുറ്റിപ്പറ്റിയുള്ള ഉത്കണ്ഠയെ ഏറ്റവും ശക്തമായി സാക്ഷ്യപ്പെടുത്തുന്ന ഒരു കവിത നിരോഷ എഴുതിയ 'യേശുവിനൊരു ദൂത്'. ഈ കവിത യേശുവിനെ അഭിസംബോധന ചെയ്തുകൊണ്ട് വീണ്ടും നമ്മുടെ ലോകത്തേക്ക് മടങ്ങാനും ലോകത്തേ വീണ്ടെടുക്കാനും ആവശ്യപ്പെടുന്നു. ലോകത്തിന്റെ മാറിയ വഴികളിലേക്ക് ദൈവത്തെ പരിചയപ്പെടുത്താനുള്ള ശ്രമമാണ് കവിത. നിരോഷ ഓർമപ്പെടുത്തുന്നു 'പക്ഷേ, മറന്നുപോയ ഒരു നിമിഷത്തിൽ പോലും പരസ്യമായി പറയരുതേ/ താങ്കൾ സമാധാനത്തിന്റെ പക്ഷത്താണെന്ന്', അപ്പോൾ തറയ്ക്കുന്ന ആണി മാത്രമേ ഉണ്ടായിരുന്നുള്ളൂ, ഇപ്പോൾ അവർക്ക് തോക്കുകളുമുണ്ട്. എന്നാൽ അവൾ നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട ഉപദേശവും യുദ്ധസമയത്ത് നിലനിൽപ്പിന്റെ മുഖമുദ്രയായി മാറിയ ഉപദേശവും ഐഡി കാർഡിനെക്കുറിച്ചാണ്. അവൾ അദ്ദേഹത്തെ ഓർമ്മപ്പെടുത്തുന്നു, ഓ, പിന്നെ ഒരു പ്രധാനപ്പെട്ട കാര്യം! താങ്കൾ മടങ്ങിവരുമ്പോൾ തിരിച്ചറിയൽകാർഡ് കൈവശമുണ്ടെന്ന് ഉറപ്പാക്കുക.

യേശുവിന്റെ രൂപത്തിലൂടെ, പ്രതീക്ഷയുടെ രണ്ട് രീതികൾ നിരോഷ സമർത്ഥമായി ഇഴചേർത്തു നമ്മുടെ മുന്നിൽ കാഴ്ചവെക്കുന്നു

ദൈവപുത്രന്റെ രണ്ടാം വരവും ഒരാളുടെ ഐഡന്റിറ്റിയുടെ തെളിവ് നൽകാൻ നിരന്തരം ആവശ്യപ്പെടുന്നതിന്റെ മുൻവിചാരവും, സൈനികവൽക്കരണത്തിൽ അന്തർലീനമായ അക്രമവും ഡോക്യുമെന്ററി ഐഡന്റിറ്റി രൂപീകരണത്തിന്റെ ഭരണകൂട ഭീകരതയും അതിന്റെ ഐതിഹ്യഅനുപാതത്തിൽ എടുത്തുകാണിക്കുന്നു. നിരോഷയുടെ പ്രതിഭ കത്തിന്റെ രൂപത്തിലുള്ള കവിതയുടെ സ്വകാര്യമായ സ്വരത്തിൽ ഉൾക്കൊള്ളുന്നു; അതിലൂടെ മർത്യയായ സ്ത്രീ യുദ്ധത്തെ അതിജീവിച്ചതിനാൽ ദൈവപുത്രന് അതിജീവനത്തിന്റെയും പ്രായോഗികതയുടെയും അറിവ് പകർന്നു നല്കുന്നവൾ ആയിമാറുന്നു. നിരീക്ഷണ പ്രക്രിയകളും ആഴത്തിൽ ലിംഗഭേദം കാണിക്കുന്നു. ജെന്നിഫർ ഹിന്ഡ്മാനും മാലതി ഡി അൽവിസും അഭിപ്രായപ്പെടുന്നതുപോലെ, 'ആളുകളുടെ ശരീരങ്ങൾ ഒരുപക്ഷേ രാഷ്ട്രീയ ഇടത്തിന്റെ ഏറ്റവും മികച്ച അളവാണ്. ശ്രീലങ്കയിൽ ലിംഗഭേദവും ദേശീയ സ്വത്വവും അടയാളപ്പെടുത്തുകയും പ്രത്യേക രീതിയിൽ അവതരിപ്പിക്കുകയും ചെയ്യുന്ന സൈറ്റുകളാണ് ബോഡികൾ 'ലിംഗഭേദത്തിന്റെ ഉദാഹരണങ്ങളിൽ ഇത് കാണപ്പെടുന്നു, സാംസ്കാരിക മൂല്യങ്ങൾ കൈവശമുള്ള സ്ത്രീകളുടെ ശരീരങ്ങളും രാജ്യത്തിന്റെ ആൾരൂപങ്ങളും അക്രമത്തിന് വിധേയമാണ്. അത്തരം

അക്രമങ്ങളുടെ ആവിഷ്കാരം കവിതയിലേക്കും വഴി കണ്ടെത്തുന്നു. ഉദാഹരണത്തിന്, ഇന്ത്യൻ സമാധാന പരിപാലന സേന (ഐപികെഎഫ്) നടത്തിയ ലൈംഗിക അതിക്രമങ്ങളെ ഭാനുഭാരതിയുടെ കവിതകളിൽ അഭിസംബോധന ചെയ്യുന്നു, അദ്ദേഹത്തിന്റെ കൃതികൾ കവിതയിലൂടെ ചെറുത്തുനിൽപ്പിന്റെ ശബ്ദമാണ്. 'അത്തരം പുത്രന്മാരെ' പ്രസവിച്ച മദർ ഇന്ത്യയുടെ നിർമ്മാണത്തിന്റെ സ്ത്രീത്വത്തെ കുറ്റപ്പെടുത്തുമ്പോൾ അവൾ വാക്കുകൾ ചുരുക്കില്ല. 'വേദികുണ്ടു പിസായും പാണ്ഡവർ' എന്ന അവളുടെ കവിതയിൽ, 'ഇന്ത്യൻ ഗ്രീൻ' തന്റെ ശരീരത്തിലെ ലംഘനങ്ങളെക്കുറിച്ച് വിവരിക്കുന്നു, അവർ കൈ ഗ്രനേഡുകൾ തിരയുന്നതായി നടിച്ച് സ്ത്രീകളുടെ സ്തനങ്ങൾ ചൂഷണം ചെയ്യുന്നു. ശാരീരിക അതിക്രമങ്ങളിലൂടെയും ഉപദ്രവങ്ങളിലൂടെയും കടന്നുപോകുന്ന സ്ത്രീകളുടെ മൃതദേഹങ്ങൾ ചെക്ക് പോയിന്റിലൂടെ

കടന്നുപോകുമ്പോൾ, മൃതദേഹങ്ങളും നിരീക്ഷണത്തിന്റെ നോട്ടത്തിലൂടെ കടന്നുപോകേണ്ടതുണ്ട്. നിർബന്ധിത ദൃശ്യപരതയുടെ അക്രമത്തെക്കുറിച്ചും ഐഡി കാർഡുകൾ അടിച്ചേൽപ്പിച്ച സൂക്ഷ്മപരിശോധനയെക്കുറിച്ചും സംസാരിക്കുന്ന അരുൾജോത്തിരാമയ്യയുടെ ഐഡന്റിറ്റി എന്ന കവിത നിരീക്ഷണത്തിന്റെ നോപ്റ്റിക്കോൺ എന്ന ആശയത്തെ തടസ്സപ്പെടുത്തുകയും അച്ചടക്കമുള്ള സംസ്ഥാനത്തിന്റെ ഈ നോട്ടം അതിന്റെ ഭയാനകമായ വിശദാംശങ്ങളിലേക്ക് വിഘടിപ്പിക്കുകയും ചെയ്യുന്നു. ഓരോ നോട്ടവും വ്യത്യസ്ത ഗുണനിലവാരമുള്ളതാണ്, അതിന്റെ വെറുപ്പുളവാക്കുന്ന കാഴ്ചപ്പാടിൽ വ്യത്യസ്തമാണ്, അതിന്റെ ഉദ്ദേശ്യങ്ങളിൽ വ്യത്യസ്തമാണ്, സ്ത്രീക്ക് തോന്നുന്ന രീതികളിൽ വ്യത്യസ്തമാണ്.

പറഞ്ഞറിയിക്കാനാവാത്ത വേദനകൾ
ചെക്ക്പോസ്റ്റുകളുടെ അരികിൽ
കഥകൾ പറയുകയാണ്
പരിശോധിക്കുന്ന നോട്ടങ്ങൾ
എന്റെ മുഖവും
ഐഡി കാർഡിലെ മുഖവും
ചേർത്തു വെച്ച നോട്ടം
എന്റെ അയഥാർത്ഥമായ ഫോട്ടോയും
എന്റെ യഥാർത്ഥ മുഖവും
മാറി മാറി നോക്കുന്ന കണ്ണുകൾ
നോട്ടങ്ങൾ പലതരംനോട്ടങ്ങൾ!
എന്റെ ശരീരത്തെ
ഞാൻ വഹിയ്ക്കുന്ന
ശരീരത്തിൽ നിന്ന്

വേർതിരിക്കുന്ന രഹസ്യനോട്ടം

ഞങ്ങളുടെ പാഴ്സലുകളും
ഭക്ഷണവും വലിച്ചുകീറുന്ന
സംശയാസ്പദമായ നോട്ടം

എന്റെ സ്ത്രീത്വത്തെ
സ്പർശിക്കാനും അനുഭവിക്കാനും
സ്വത്വംസൂക്ഷ്മപരിശോധനാ നോട്ടങ്ങൾ

തിരിച്ചറിയൽ കാർഡുകൾ നോക്കി
സ്വത്വം സ്ഥിരീകരിക്കാൻ
ശ്രമിക്കുന്ന നോട്ടങ്ങൾ.

**ഉപസംഹാരം**

കവിതയിൽ നിന്ന് വ്യക്തമാകുന്നത് പോലെ, സ്വത്വത്തിന്റെ ഔദ്യോഗിക വസ്തുക്കളുടെ വ്യാപനം ശ്രീലങ്കയിലെ യുദ്ധാനുഭവത്തിലെ ഒരു പ്രധാന സവിശേഷതയാണ്. ശ്രീലങ്കയിലെ ഹിൽ കൺട്രി തമിഴരുടെ പശ്ചാത്തലത്തിൽ മൈതിരി ജെഗനാഥൻ എഴുതുന്നതുപോലെ, 'തിരിച്ചറിയൽ കാർഡുകൾ, ചെക്ക്പോസ്റ്റുകൾ, ഒരാൾക്ക് എവിടെ യാത്രചെയ്യാമെന്ന് നിർണ്ണയിക്കുക; ജീവിത ആചാരങ്ങളുടെ സർട്ടിഫിക്കറ്റുകൾ ഒരാളുടെ ഉടമസ്ഥാവകാശവും ഒരാൾക്ക് താമസിക്കാനും ജോലിചെയ്യാനും കഴിയുന്ന സ്ഥലത്തെ നിർണ്ണയിക്കുന്നു; ആശുപത്രി രേഖകൾ ഒരാളുടെ ശാരീരിക ചികിത്സയെയും ക്ഷേമത്തെയും നിയന്ത്രിക്കുന്നു. ഈ വസ്തുക്കളുടെ അഭാവം ശ്രീലങ്കൻ ഭരണകൂടവും അതിന്റെ സ്ഥാപന എതിരാളികളും ഔദ്യോഗികമായി അംഗീകരിച്ച അനുഭവങ്ങൾക്ക് പുറത്തുള്ള വ്യത്യസ്ത അസ്തിത്വ രീതികളെ അനുമാനിക്കുന്നു'. അനുഭവങ്ങൾ, ഭൂതകാലത്തിന്റെ ഓർമ്മകൾ, ഒരാളുടെ ഐഡന്റിറ്റിയുടെ അടയാളങ്ങൾ, യുദ്ധത്തിന്റെ ഔദ്യോഗിക വ്യവഹാരങ്ങളിൽ അംഗീകാരം കണ്ടെത്താൻ കഴിയാത്തവ. കവിതയിൽ ഇടം കണ്ടെത്തുന്ന ഒരാൾ ഉപേക്ഷിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിലാണ് ഈ ജീവിതാനുഭവങ്ങൾ വ്യക്തമാക്കുന്നത്. ഇപ്പോഴും ഉയർന്നുവരുന്ന അക്രമം കാരണം അല്ലെങ്കിൽ അത് തിരിച്ചുവിളിക്കുന്നതിൽ അന്തർലീനമായ അപകടങ്ങൾ കാരണം പരാമർശിക്കാനാവാത്ത ഈ അടയാളങ്ങൾ കവിതയിൽ ഉൾക്കൊള്ളുന്നു. അതിനാൽ, കവിതയിലൂടെ സ്ത്രീകൾ സാക്ഷികളായി പ്രവർത്തിക്കുന്നു. ബുദ്ധിപരവും സൂക്ഷ്മവുമായ തെളിവുകളിലൂടെ, ഐഡികളുടെ ഘടനയാൽ തിരിച്ചറിയപ്പെടാത്ത ഒരു യാഥാർത്ഥ്യത്തെ പരാമർശിക്കുന്നു. സിംഹള ശ്രീലങ്കൻ സംസ്ഥാനത്തെ പ്രതിപാദിക്കുകയും ഇന്ത്യൻ സംസ്ഥാനത്തെ വിമർശിക്കുകയും ചെയ്യുന്നിടത്തോളം തമിഴ് രാഷ്ട്രവും സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാണ്. ഐഡി കാർഡുകളിലൂടെ ഐഡന്റിറ്റി രൂപീകരണത്തിന്റെ ഭൗതിക പരിമിതികളെ അഭിമുഖീകരിക്കുകയും ചിലപ്പോൾ ചെറുക്കുകയും ചെയ്യുമ്പോൾ യുദ്ധസമയത്ത് ഒരു തമിഴ്സ്ത്രീ എന്നതിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള സൂക്ഷ്മമായ ധാരണ ഈ കാലയളവിൽ എഴുതിയ സ്ത്രീകളുടെ കവിതകളിൽ വ്യക്തമാണ്; തിരിച്ചറിയാൻ കഴിയാത്തവയെ കണ്ടെത്താനുള്ള ഈ പ്രയാസകരമായ യാത്രയിൽ വായനക്കാരും ഉൾപ്പെട്ടിരിക്കുന്നു.

**സഹായക ഗ്രന്ഥങ്ങൾ**

1.Tawil-Souri, Helga."Coloured Identity: The Politics and Materiality of ID Cards inPalestine/ Israel."Social Text, vol. 29, no.2, 2011, pp. 67-97.

2.Darmini. "Adaiyala Attai." Savugalal Pirabalamana or, Translated by Ramya B and Aparna Eswaran, Karuppu Piradhigal, 2010, pp. 48.

3. Jeganathan, P."Check Points: Anthropology, Identity and State."Anthropology in the Margin of State, edited by V. Das, & P. Deborah,School of American Press, 2004.

4. Nirosha, J. "Yeshuvukku Oru Madal (A Letter to Jesus)." Peyal Manakkum Pozhuthu, edited by A. Mangai, Maatru Publications, 2007, pp. 160-61.

5. ഭാനുഭാരതി കവിയും മുൻപോരാട്ടക്കാരിയുമാണ്. 1990കളോടെ ഒളിവിൽ പോകാൻ നിർബന്ധിതയായി. ധാരാളമായി സ്വന്തം അനുഭവങ്ങളെഴുതിയ അവരുടെ കവിതകളും സുഹൃത്തിനയച്ച ഒരു കത്തും പിറത്തിയാൾ പ്രസിദ്ധീകരിച്ച 'കറുപ്പ് പിറത്തികൾ' എന്ന പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6.Bhanubharathy. "Vedikundu Pisayum Pandavar." Pirathiyal (Alien Woman), Karuppu Pirathigal, 2009, pp. 528-29.

7. Ramaiyah, Aruljothy. "Identity, Let the Poems Speak, Suriya Women's Development Centre ed., Translation (Batticaloa: Suriya Women's Development Centre, 2010), 29.

8. Jeganathan, Mythiri. Tamil Studies Conference. May 13-14, 2011. http:/ tamilstudies conference.ca/tsc2011/program. php#T1 (accessed April 14, 2014).

ചർച്ചാവിഷയം



**ബേലാ ഭാട്ടിയ**
ബസ്തർ ആസ്ഥാനമാക്കി
പ്രവർത്തിക്കുന്ന സ്വതന്ത്ര
ഗവേഷക, മനുഷ്യാവകാശ
പ്രവർത്തക



വിവർത്തനം:
**നിള പി.**
ഗവേഷക
ഇംഗ്ലീഷ് പഠന വിഭാഗം
കോഴിക്കോട് സർവ്വകലാശാല

# ആദിവാസി സ്ത്രീകളും ബസ്തറിലെ സായുധപോരും

കഴിഞ്ഞ ഒന്നര ദശാബ്ദക്കാലമായി സായുധ കലാപങ്ങളാൽ പ്രക്ഷുബ്ധമായ തെക്കൻ ഛത്തീസ്ഗഡിലെ ബസ്തർ ഡിവിഷൻ ഒരിക്കൽ സമാധാനാന്തരീക്ഷം നിലനിന്നിരുന്ന ഒരു സ്ഥലമായിരുന്നു എന്ന സങ്കൽപ്പം പോലും ഇന്ന് നമുക്ക് അന്യമായി തീർന്നിരിക്കുന്നു. പോലീസും ഇന്ത്യൻ അർദ്ധസൈനിക വിഭാഗവും സുരക്ഷാസേനയും ഒരുവശത്തും സായുധരായ മാവോയിസ്റ്റ് പോരാളികൾ മറുവശത്തുമായി ഇക്കാലയളവിൽ ബസ്തറിൽ തീവ്രമായ ഏറ്റുമുട്ടലുകൾ പലതും നടന്നിട്ടുണ്ട്. ഒരു ലക്ഷത്തിലധികം സൈനികരെ വിന്യാസിച്ചിരിക്കുന്ന ബസ്തർ ഇന്ന് ഇന്ത്യ മഹാരാജ്യത്തിലെ തന്നെ ഏറ്റവും വലിയ മിലിറ്ററൈസ്ഡ് പ്രദേശങ്ങളിൽ ഒന്നായി മാറിയിരിക്കുന്നു. ഏഴു ജില്ലകളിലൽ പ്രധാനമായും നാലായി വിഭജിച്ച പ്രദേശങ്ങളിലൽ( ബിജാപൂർ, ടാങ്കർവാല, സുകുമ, നാരായൺപൂർ) മാവോയിസ്റ്റ് സ്വാധീനതയും നിയന്ത്രണങ്ങളുമുള്ള ഗ്രാമാതിർത്തികളിൽ ഈ സേനാവിഭാഗങ്ങളെ കേന്ദ്ര-സംസ്ഥാന ഏജൻസികൾ വിന്യസിച്ചിരിക്കുന്നു.

രണ്ടായിരമാണ്ടിന്റെ മധ്യത്തോടുകൂടി മാവോയിസ്റ്റുകളെ രാജ്യത്തിനകത്തെ ഏറ്റവും വലിയ ആഭ്യന്തര തീവ്രവാദികളും ഭീഷണിയുമായി പ്രഖ്യാപിക്കുന്ന സാഹചര്യം വരികയും സർക്കാർ തന്നെ ഇത്തരത്തിലുള്ള കലാപങ്ങളെ ന്യായീകരിക്കുന്ന അവസ്ഥ സംജാതമാവുകയും ചെയ്തു. ഏതാണ്ട് ഇതേ കാലയളവിൽ തന്നെ സംസ്ഥാന സർക്കാരും പല പ്രമുഖ ഖനന വ്യവസായ സംരംഭകരും തമ്മിൽ ഒപ്പുവച്ച കരാർ സംബന്ധിച്ച വിവരങ്ങളും പുറത്തുവന്നു. പൊതുജനസമക്ഷം വന്ന ഇത്തരം വെളിപ്പെടുത്തലുകൾ ഒന്നും തന്നെ എന്നാൽ ഈ അവിശുദ്ധ കൂട്ടുകെട്ട് പ്രത്യക്ഷത്തിൽ ബാധിക്കുന്നവരെ സംബന്ധിച്ചെടത്തോളം അജ്ഞാതവും അപ്രാപ്യവുമായിരുന്നു. സംസ്ഥാന സർക്കാറിനെതിരെ ഉയർന്നുവന്ന അഹിംസാത്മകവും ഹിംസാത്മകവുമായിട്ടുള്ള എല്ലാ പ്രതിഷേധ സ്വരങ്ങളും അടിച്ചമർത്തുന്നതിൽ സംസ്ഥാന സർക്കാർ തീവ്രശ്രദ്ധപുലർത്തി.



ആകസ്മികമായോ മന്ദഗതിയിലോ ജനജീവിതത്തെ കഷ്ണം കഷ്ണമായി കവർന്നെടുക്കുന്ന രീതിയിലുള്ള പലപല പദ്ധതികളാൽ സമ്പന്നമാണ് ബൃഹത്തായ പല യുദ്ധങ്ങളും (കലാപങ്ങളും). 2005ൽ ആരംഭിച്ച സൽവ ജുഡും (ഗോണ്ടിയിലെശുദ്ധീകരണ യജ്ഞം) ആയിരുന്നു ഈ സുദീർഘമായ കലാപത്തിന്റെ പ്രാരംഭഘട്ടം. ആയുധധാരികളായിട്ടുള്ള പ്രാദേശിക ആദിവാസികളുടെ സഹായത്താൽ സൈന്യം നടത്തി വന്ന ഒരു യുദ്ധ കൗശലമായിരുന്നു സൽവ ജുഡും. 1950 കളിലും 60കളിലും മിസോറാമിലും നാഗാലാൻഡിലും പരീക്ഷിച്ചു വിജയിച്ച ഈ യുദ്ധതന്ത്രത്തിന്റെ പ്രധാന ഉദ്ദേശം കലാപകാരികളെ പ്രദേശവാസികളിൽ നിന്നും ഒറ്റപ്പെടുത്തുക എന്നതായിരുന്നു.

ബസ്തറിലെ നൂറുകണക്കിനു ഗ്രാമങ്ങൾ ഇത്തരത്തിൽ തോക്കിൻമുനയിൽ ദ്രുതഗതിയിൽ ശൂന്യമാക്കപ്പെട്ടു. രണ്ട് തെരഞ്ഞെടുപ്പുകളായിരുന്നു ബസ്തറിലെ ഗ്രാമവാസികൾക്കിടയിൽ ഉണ്ടായിരുന്നത്. ഒന്നുകിൽ റോഡ് സൈഡുകളിലെ സർക്കാർ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് സൈന്യത്തോടൊപ്പം നീങ്ങുക, അല്ലെങ്കിൽ മാവോയിസ്റ്റ് അംഗങ്ങളോ അനുകൂലികളോ ആയി സ്വയം അവരോധിക്കപ്പെടുക. സൈന്യത്തെ അനുകൂലിച്ച് ക്യാമ്പുകളിലേക്ക് മാറൻ വിസമ്മതിച്ചവർ  തൊട്ടടുത്ത കാടുകളിലേക്കും തെലുങ്കാന അതിർത്തിയിലേക്കും ഓടി രക്ഷപ്പെട്ടു. ജീവിതത്തെ തീക്ഷണമായി സ്നേഹിച്ചിരുന്ന ആഗ്രഹങ്ങളും അഭിലാഷങ്ങളും സ്വരുക്കൂട്ടി വച്ചിരുന്ന ബസ്തറിലെ ജനങ്ങൾ ഒറ്റ രാത്രിയിൽ ശൂന്യതയുടെ വിജനതയിലേക്ക് അരക്ഷിതരും അഭയാർത്ഥികളുമായി തള്ളപ്പെട്ടു. സൈന്യത്തിന്റെയും സൽവ ജുഡുമിന്റെയും. നിക്ഷിപ്ത താല്പര്യത്തോടെയുള്ള അവിശുദ്ധ കൂട്ടുകെട്ട് ആയിരക്കണക്കിനു വീടുകൾ നശിപ്പിക്കപ്പെടുന്നതിനും കൊള്ളയടിക്കപ്പെടുന്നതിനും നൂറുകണക്കിന് ആളുകൾ കൊല്ലപ്പെടുന്നതിനും സ്ത്രീകൾ ബലാത്സംഗങ്ങൾക്കിരയാവുന്നതിനും കാരണമായി ത്തീർന്നു. സ്റ്റേറ്റ് സപ്പോർട്ടഡ് ആയിട്ടുള്ള ജുഡീഷ്യൽ കൊലപാതകങ്ങൾ, ബലാത്സംഗം, പീഡനം, യു.എ.പി.എ, സി.എസ്. പി. എസ്. എ എന്നീ കരിനിയമങ്ങളുടെ പിൻബലത്തോടെ കെട്ടിച്ചമച്ച കുറ്റങ്ങൾ ആരോപിച്ചുകൊണ്ടുള്ള അറസ്റ്റുകൾ എന്നിങ്ങനെയുള്ള മനുഷ്യാവകാശ ധ്വംസനങ്ങൾ എല്ലാം തന്നെ പിൽക്കാലത്ത് ഓപ്പറേഷൻ ഗ്രീൻഹൻഡ് പദ്ധതിയിലൂടെ സർവ്വസാധാരണമായി തീർന്നു. അത് ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു.

വർഷങ്ങളായി മാവോയിസ്റ്റുകൾ നടത്തിവരുന്ന ഐ. ഇ. ഡി. സ്ഫോടനങ്ങളിലും ദുരിതാശ്വാസക്യാമ്പാക്രമണങ്ങളിലും സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്ന നിരപരാധികളായ ഒട്ടനവധി സാധാരണക്കാർക്ക് ജീവൻനഷ്ടപ്പെട്ടു. പോലീസ് ചാരൻമാരാണെന്ന് മുദ്ര ചാർത്തപ്പെട്ടു കൊണ്ടുള്ള തട്ടിക്കൊണ്ടു പോകലുകളും, കൊലപാതകങ്ങളും ഇന്ന് ബസ്തറിൽ സർവ്വസാധാരണം. ജീവൻ രക്ഷിക്കാനായി നിരവധി ആളുകൾ തങ്ങളുടെ ഗ്രാമങ്ങൾ വിട്ടൊഴിഞ്ഞ് മറ്റിടങ്ങളിലേക്ക് ചേക്കേറാൻ നിർബന്ധിതരായി തീരുന്നു.

**യുദ്ധമുഖത്തെ ദൈനംദിന ദുരിതജീവിതം**

സംഘർഷഭൂമിയിലെ ജനജീവിതം ദുരിതങ്ങളുടെയും കഷ്ടപ്പാടുകളുടെയും ഒരു മിശ്രണമാണ്. ജീവിതത്തിൽ വന്ന താളപ്പിഴവ് പൊതുജനാരോഗ്യത്തിലും പ്രകടമായ മാറ്റങ്ങൾ വരുത്തി. ഈയടുത്തായി ഭിജാപുരിൽ ഒരു സമ്മേളനത്തിൽ പങ്കെടുത്ത സ്ത്രീകളിൽ മുഴുവൻ പോഷകാഹാരക്കുറവ് വളരെ പ്രകടമായിരുന്നു. കാർഷിക മേഖലയെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന ഗ്രാമവാസികൾക്ക് പ്രദേശത്തെ കലാപങ്ങൾ ജീവിതം കൂടുതൽ ദുസ്സഹമാക്കി. സ്വന്തം പ്രദേശത്ത് കാർഷിക വൃത്തി നടത്താനോ കാർഷികാവശ്യത്തിനായി മറ്റു സംസ്ഥാനങ്ങളിലേക്ക് കുടിയേറാനോ, വിളവ് വിൽക്കാനോ വാങ്ങാനോ ഉള്ള സാഹചര്യവും എന്നിവ ജനങ്ങൾക്ക് അന്യമായി തീർന്നു. തുടർച്ചയായി പ്രദേശത്ത് നിലനിലൽക്കുന്ന സംഘർഷാവസ്ഥ ജനങ്ങളുടെ സാംസ്കാരിക രാഷ്ട്രീയ ജീവിതത്തിൽ സാരമായ മങ്ങലേൽപ്പിച്ചു.

പരമ്പരാഗതമായി കുടുംബത്തിനകത്തെ തൊഴിൽ വിഭജനത്തിന്റെ കാര്യമെടുത്തു നോക്കുമ്പോൾ കായികാധ്വാനം ആവശ്യമുള്ള ജോലികൾ പൊതുവേ പുരുഷന്മാർക്ക് നൽകപ്പെടലാണ് പതിവ്. എന്നാൽ ഇവിടെ പോലീസും സൈന്യവും പ്രദേശത്തെ പുരുഷന്മാരെ ഉന്നം വെക്കുന്നതിനാൽ ഇത്തരം ജോലികൾ സ്ത്രീകൾ ഏറ്റെടുത്തു ചെയ്യേണ്ടിവരുന്നു. സംഘർഷ ഭൂമിയിലൂടെ മിലിറ്ററി കോർട്ടേഴ്സിലേക്ക് അരിയും മറ്റ് ഭക്ഷണ വസ്തുക്കളും വാങ്ങുന്നതിനായി കിലോമീറ്ററുകൾ അവർ കാൽനടയാത്ര നടത്തേൺടിവരുന്നു. പ്രാദേശിക ചന്തകളിൽ വച്ചു നടക്കുന്ന വനവിഭവങ്ങളും അവശ്യവസ്തുക്കളും തമ്മിലുള്ള കൊടുക്കൽ വാങ്ങലുകൾ കലാപം രൂക്ഷമാകുന്ന സന്ദർഭങ്ങളിൽ നടക്കാതെയുംവരുന്നു.

നിയമപാലനത്തിന്റെയും സൈനിക നടപടിയുടെയും പേരിൽ പ്രദേശത്ത് നടത്തിവരുന്ന പൈശാചിക നടപടികൾ അധികം റിപ്പോർട്ട് ചെയ്യപ്പെടാത്തതിനാൽ തന്നെ അത് പുറംലോകം അറിയുന്നില്ല. പണവും ആഭരണങ്ങളും കൊള്ളയടിക്കൽ സ്ത്രീകളെയും കുട്ടികളെയും ഉപദ്രവിക്കൽ, അരിയും പലവ്യഞ്ജനങ്ങളും കടകളിൽ  നിന്നും ബലപ്രയോഗത്തിലൂടെ കൈക്കലാക്കൽ എന്നിവ ഇവയിൽ ചിലതു മാത്രം. സ്ത്രീകൾ ഇതിനെ ചോദ്യം ചെയ്യുകയോ പൈസ ആവശ്യപ്പെടുകയോ ചെയ്താൽ അതിക്രൂരമായി അവരെ ദേഹോപദ്രവം ചെയ്യുകയോ ലൈംഗിക പീഡനത്തിനിരയാക്കുകയോ ചെയ്യുന്നു. 2016 ജൂൺ മാസത്തിൽ ബൈജാപൂർ ജില്ലയിലെ ബിലാമിൻദ്ര ഗ്രാമത്തിൽ നടന്ന പത്തിലധികം കൂട്ട ബലാത്സംഗങ്ങൾ ഇതിനുഹരണമാണ്.

നിയമവിരുദ്ധവും ഏകപക്ഷീയവും ആയി സാധാരണ ജനങ്ങളെയും പ്രക്ഷോഭകരെയും തടവിൽ വെക്കുക, കെട്ടിച്ചമച്ച കുറ്റങ്ങൾ ആരോപിച്ചു കൊണ്ടുള്ള അറസ്റ്റ് പോലുള്ള മനുഷ്യത്വദ്രോഹ നടപടികൾ ചെയ്യുക എന്നിവ ഇന്നും ബസ്തറിൽ തുടർന്നുകൊണ്ടേയിരിക്കുന്നു. പൊതു ഇടങ്ങളിൽനിന്നും മാർക്കറ്റിൽ നിന്നും, വന പ്രദേശത്തുനിന്നും സ്ത്രീകളെയും പുരുഷന്മാരെയും മറ്റു യുവജനങ്ങളെയും വ്യക്തമായ കാരണം കൂടാതെ പോലീസ് അറസ്റ്റ് ചെയ്തു കൊണ്ട് പോകുന്നു. ഉറ്റവരെയും ഉടയവരെയും തിരഞ്ഞ് ദിവസങ്ങളോളം പോലീസ് സ്റ്റേഷനുകൾ കയറിയിറങ്ങുന്ന കുടുംബാംഗങ്ങളെ ബസ്തറിൽ നമുക്കിന്നെവിടെയും കാണാം.

**ചില നേർക്കാഴ്ചകൾ**

കലാപങ്ങളെ പോലെ തന്നെ ഭയാനകവും വേട്ടയാടപ്പെടുന്നതുമാണ് കലാപത്തെതുടർന്നുള്ള പ്രത്യാഘാതങ്ങളും. സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവർ അത് പലതരത്തിൽ അനുഭവിക്കുന്നു. ഇത്തരത്തിലുള്ള ദുരന്തങ്ങൾക്ക് സാക്ഷികളാവുകയോ അവരുടെ ദുരിതയാതനകൾകേൾക്കുകയോ ചെയ്തിട്ടുള്ള ഞങ്ങൾക്ക് ആ കിരാത യാഥാർത്ഥ്യത്തിന്റെ ഒരംശം മാത്രമേ പലപ്പോഴും പ്രതിഫലിപ്പിക്കാൻ സാധിക്കാറുള്ളൂ. പൂർണ്ണ ചിത്രം ഒരിക്കലും തന്നെ ആലേഖനം ചെയ്യപ്പെടാറില്ല. താഴെ കൊടുത്തിരിക്കുന്നത് ബസ്തറിൽ സ്ത്രീകൾ ഇത്തരത്തിൽ തരണം ചെയ്യേണ്ടി വന്നിട്ടുള്ള ചില കഠിന യാഥാർത്ഥ്യങ്ങളാണ്.

**ബിജാപൂർ ജില്ലയിലെ രണ്ടു ഗ്രാമങ്ങളിലെ ജനന-മരണങ്ങൾ (2005)**

**റോമില:**

വനപ്രദേശത്തുകൂടി കാളവണ്ടി പതിയെ മുന്നോട്ടു ചലിച്ചുകൊണ്ടിരുന്നു. പൊടുന്നനെയുള്ള ചെറിയൊരു കുലുക്കം പോലും മാസം തികഞ്ഞിരിക്കുന്ന റോമിലക്ക് അസഹനീയമായെന്നു വരാം. അതിനാൽ തന്നെ പല രീതികളിൽ അവൾ അവളുടെ കിടത്തത്തിൽ മാറ്റം വരുത്തിക്കൊണ്ടിരുന്നു. അവൾക്കു ചുറ്റും ചാക്കുകളുടെയും ബാഗുകളുടെയും ഒരു കൂമ്പാരം തന്നെയുണ്ട്. പ്രാണ വെപ്രാളത്തിൽ കയ്യിൽ കിട്ടിയ തുണിയും പാത്രങ്ങളും ധാന്യങ്ങളും എല്ലാം അവർ വാരി കൂട്ടിയതാണ്. പുറത്ത് ആകാശത്ത് പടർന്ന പുകച്ചുരുളുകൾ ഏതു നിമിഷവും തങ്ങളുടെ വീടും അഗ്നിക്കിരയാക്കപ്പെടാമെന്ന യാഥാർത്ഥ്യം അവർക്ക് അപായ സൂചന നൽകിയിരുന്നു. അക്രമികൾ തന്റെ ഭർതൃപിതാവിനെ നിഷ്കരുണം കൊലപ്പെടുത്തുന്നത് റോമിലയും തന്റെ സഹോദരിയെ അക്രമികൾ തൊട്ടടുത്ത പാടത്തേക്ക് വലിച്ചിഴച്ചു കൊണ്ടു പോകുന്നത് റോമിലയുടെ ഭർത്താവും കണ്മുന്നിലെന്നോണം കണ്ടതാണ് ഹൃദയം നുറുങ്ങുന്ന ഇത്തരം കാഴ്ചകൾ റോമിലയെ അസ്തപ്രജ്ഞയാക്കിത്തീർത്തിരുന്നു. രാത്രിയിൽ വനപ്രദേശത്ത് കൂടിയുള്ള യാത്ര എന്നാൽ അവരെ ഒട്ടുംതന്നെ ഭയപ്പെടുത്തിയില്ല. മറിച്ച് ചത്തീസ്ഗഡ് അതിർത്തിയിലൂടെ തെലുങ്കാനയിലെത്തിയാൽ തങ്ങൾ സുരക്ഷിതരാണ് എന്ന വിശ്വാസം അവർക്ക് ആശ്വാസം പകർന്നു കൊണ്ടിരുന്നു. അന്നു രാത്രി ആ വനപ്രദേശത്ത് വെച്ച് റോമില ഒരു ആണ്കുഞ്ഞിന് ജന്മം നൽകി. വനത്തിൽ ജനിച്ച രാമൻ എന്ന അർത്ഥം വരുന്ന അഡ്വി രാമഡു എന്ന നാമം അവൾ അവനിട്ടു.

**സവിത:**

ദാദാ മത്മാരോ (കൊല്ലാതിരിക്കൂ) എന്ന് ഞങ്ങൾ അപേക്ഷിച്ചു കൊണ്ടേയിരുന്നു. എന്നാൽ അവർ അത് വിലക്കെടുത്തില്ല. ഓർമ്മയിലെ ചിത്രം സവിത ഞങ്ങൾക്ക് മുന്നിൽ അനാവരണം ചെയ്തു. രാത്രിയിൽ മാവോയിസ്റ്റുകൾ അവളുടെ വീട് ആക്രമിച്ച ദിവസം സവിത വീടിനകത്തും അവളുടെ അച്ഛനും സഹോദരനും പുറത്ത് വരാന്തയിലുമായി കിടന്നുറങ്ങുകയായിരുന്നു. ജനാലയുടെ ഇരുമ്പഴിക്കിടയിലൂടെ ഞങ്ങൾ








കരഞ്ഞു കേണപേക്ഷിച്ചു. അവർ അച്ഛനെ ക്രൂരമായി മർദ്ദിച്ചു. ഞാനൊരു നിരപരാധിയാണെന്നും എന്നെ ഒന്നും ചെയ്യരുതേയെന്നും അച്ഛൻ അവരോട് പറഞ്ഞു കൊണ്ടേയിരുന്നു. എന്നിട്ടും അവർ അച്ഛനെ വെട്ടിക്കൊലപ്പെടുത്തി. നിസ്സഹായനും നിരപരാധിയായ എന്റെ 19 വയസ്സുകാരൻ സഹോദരനെയും അവർ ഞങ്ങൾക്ക് മുന്നിൽ വച്ച് അരുംകൊല ചെയ്തു. ഈ ദാരുണ കൊലപാതകങ്ങൾക്കും അതിക്രമത്തിനു ശേഷം തങ്ങളുടെ ഗ്രാമം വിട്ട് പോവാൻ അവർ നിർബന്ധിതരായിത്തീർന്നതായി സവിത ഞങ്ങളോട് പറഞ്ഞു. ഞാൻ സബിതയെ ആദ്യമായി കാണുമ്പോൾ അവൾ സൽവ ജുഡുമിലെ ഒരു ക്യാമ്പിൽ അഭയാർത്ഥിയായി കഴിയുകയായിരുന്നു. കുടുംബത്തിന്റെ ഭാരം തന്റെ ചുമലിൽ വന്നതോടെ ഒരു അങ്കണവാടി ടീച്ചറായി സവിത തന്റെ ജീവിതം പുനരാരംഭിച്ചു കഴിഞ്ഞിരുന്നു.

**സുക്മ ജില്ലയിലെ ഇഞ്ചാരം ക്യാമ്പിലെ അതിജീവനം (2006)**

**ഒരമ്മയും മകളും :**

കോട്ട തെഹ്സിലിലെ വിവിധ ഗ്രാമങ്ങളിലെ അഭയാർഥികളായിത്തീർന്ന നൂറുകണക്കിനാളുകളുടെ ചെറു കുടിലുകളാൽ സമ്പന്നമായ ഇഞ്ചാരം ക്യാമ്പിലായിരുന്നു ഞാനന്ന് താമസിച്ചിരുന്നത്. പകലന്തിയോളം ക്യാമ്പിലെ അഭയാർത്ഥികളോട് സൈന്യം അവരുടെ ഗ്രാമങ്ങളിൽ വന്നതിനുശേഷം അവരുടെ ജീവിതത്തിലും ഗ്രാമങ്ങളിലും എന്തുസംഭവിച്ചെന്നും ഗ്രാമവാസികൾ എന്തുകൊണ്ട് ക്യാമ്പിൽ എത്തിച്ചേർന്നെന്നും ഞാനവരോട് ചോദിച്ചറിഞ്ഞു. ക്യാമ്പിലെ ചെറുകുടിലുകളിൽ ഇന്ത്യൻ റിസർവ് ബറ്റാലിയനിലെ സൈനികരെ വൈകുന്നേരങ്ങളിലും രാത്രി സമയത്തും കണ്ടു ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. അവർ അവിടെ എന്തായിരിക്കും ചെയ്തിട്ടുണ്ടാകുക. ആശങ്ക കൊണ്ടും ഭയപ്പാടുകൊണ്ടും പകൽ ഞാൻ സന്ദർശനം നടത്തിയിരുന്ന ചില വീടുകളിൽ അന്ന് രാത്രി വീണ്ടും ഞാൻ കയറി ചെന്നു. സൈനികർ കുടിലിനകത്തെ കട്ടിലിലും കസേരകളിലും ഇരുന്നുകൊണ്ട് സ്ത്രീകളടങ്ങുന്ന അന്തേവാസികളോട് കുശലാന്വേഷണങ്ങൾ നടത്തുന്നത് ഞാൻ കണ്ടു. വളരെ സൗഹാർദ്ദപരമായ ഒരു അന്തരീക്ഷമാണ് അവിടെ അപ്പോൾ ഉണ്ടായിരുന്നത്. പിറ്റേദിവസം രാവിലെ ഞാൻ ക്യാമ്പിലെ ഒരു സ്ത്രീയെയും സ്കൂൾ വിദ്യാർത്ഥിനിയായ അവരുടെ മകളെയും കണ്ടു. തങ്ങൾ ലൈംഗികത്തൊഴിലാളികൾ ആണെന്ന് അവർ പറഞ്ഞു തന്നെ ഞാനറിഞ്ഞു. അവരുടെ വീട്ടിൽ അവരുടെ ഒരു സ്ഥിരം കസ്റ്റമർ ആയ ഒരു നാഗ ഐ.ആർ.ബി ഉദ്യോഗസ്ഥനെയും കാണാനിടയായി.

എന്റെ കാഴ്ചകളിലെ വൈരുദ്ധ്യത്തെക്കുറിച്ച് ഞാനപ്പോഴാണ് ബോധവതിയായിത്തീർന്നത്. സാഹചര്യങ്ങളെ വസ്തുനിഷ്ഠമായി കാണാനാണ് നാമെപ്പോഴും ശ്രമിക്കാറ്. ശത്രുവുമായൊരു സഖ്യം ചിന്തകൾക്കും സങ്കൽപങ്ങൾക്കും അതീതം തന്നെയാണ്. എന്നാൽ കറുപ്പിനും വെളുപ്പിനും അപ്പുറം നിറങ്ങളും നിറഭേദങ്ങളും ഉണ്ടെന്നുള്ളതും ഒരു യാഥാർഥ്യം തന്നെയാണ്. ക്യാമ്പുകളിലെ അഭയാർഥികളുടെ അതിജീവനം ബാരക്കുകളിലെ സൈനികരുടെ പല ആവശ്യങ്ങളും നിറവേറ്റി കൊണ്ടുള്ള കൊടുക്കൽ വാങ്ങലുകളിലൂടെയായിരുന്നു മുന്നോട്ടു പോയിക്കൊണ്ടിരുന്നത്. അവിശുദ്ധ സഖ്യങ്ങളും സ്വാർത്ഥ സൗഹൃദങ്ങളും ഇരട്ടു പടർന്ന കാലഘട്ടങ്ങളിലെ നിലനിൽപ്പിനെയും അതിജീവനത്തെയും നിർണ്ണയിക്കുന്നതിൽ വി

ഖ്യാത പങ്കുതന്നെയാണ് വഹിക്കുന്നത്.

**ബിജാപൂർ ജില്ലയിൽ സുരക്ഷാ സൈനികർ നടത്തിയ കൂട്ടബലാത്സംഗം (2016)**

ബസ്തറിലെ എന്റെ പ്രവർത്തന സമയത്ത് സുരക്ഷാ സൈനികർ നടത്തിയ പല ലൈംഗികാതിക്രമങ്ങളെയും കൂട്ട ബലാത്സംഗങ്ങളെയും കുറിച്ച് ഞാൻ അറിയാനിടയായിട്ടുണ്ട്. അത്തരത്തിലൊരു കൂട്ടബലാത്സംഗത്തിനെക്കുറിച്ചാണ് താഴെ കൊടുത്തിട്ടുള്ള വിവരണം.

**ബാലി:**

2016 ജനുവരി 11 തിങ്കളാഴ്ചയാണ് സൈനികർ തന്റെ ഗ്രാമത്തിൽ എത്തിയതെന്ന് മൂന്ന് മക്കളുടെ അമ്മയായ ബാലി പറഞ്ഞു. വന്ന ദിവസം തന്നെ അവർ കോസി എന്ന് പേരായ ഒരു പെൺകുട്ടിയെ പീഡിപ്പിച്ചു. കോസിയുടെ നിലവിളി കേട്ടു കൊണ്ടാണ് ഞാൻ അങ്ങോട്ട് പോയത്. അവിടെ ഒരു പോലീസുകാരൻ അവളുടെ കാലുകൾ പിടിച്ചു വയ്ക്കുന്നതും മറ്റൊരാൾ അവളെ പീഡിപ്പിക്കുന്നതും ഞാൻ എന്റെ കൺമുന്നിൽ കണ്ടു. വീടിനു പുറകിൽ നിന്നും പച്ചക്കറി പറിക്കാൻ പോയപ്പോഴാണ് കറുത്ത തുണികൊണ്ട് മുഖം മറച്ച സുരക്ഷാ ഉദ്യോഗസ്ഥർ അവളെ പിടിച്ചു കൊണ്ടുപോയത്. അവളുടെ മുഖവും കറുത്ത തുണി കൊണ്ട് തന്നെ മൂടി. അവളുടെ നിലവിളി കേട്ടിട്ട് മുതിർന്ന സ്ത്രീയായ ഹിഡ്മയും അങ്ങോട്ടുപോയി. കയ്യിലുള്ള ഡാൻഡ ഉപയോഗിച്ച് ഹിഡ്മ അവരെ ഭയപ്പെടുത്തുകയും സൈനികർ ഓടി രക്ഷപ്പെടുകയും ചെയ്തു. അതിനുശേഷം ഹിഡ്മ പ്രദേശവാസികളായ കുറച്ചു സ്ത്രീകളെയും പീഡനത്തിനിരയായ കോസിയേയും കൂട്ടി സൈനികർ അവരുടെ ഭക്ഷണം പാകം ചെയ്യുന്ന സ്ഥലത്തേക്ക് പോയി. ഞാനും അവർക്കൊപ്പം അണിചേർന്നു.

ഞങ്ങൾ : നിങ്ങൾ എന്തിനാണ് ഇത്തരത്തിലുള്ള നീചപ്രവർത്തികൾ ചെയ്യുന്നത്? ഞങ്ങൾക്ക് നിങ്ങളുടെ മേലുദ്യോഗസ്ഥനോട് സംസാരിക്കണം.

അവർ: അദ്ദേഹം ഇവിടെയില്ല.

ഞങ്ങൾ: ഈ നീചപ്രവർത്തി ചെയ്തതാരാണ്? അവനെ ഞങ്ങൾക്ക് മുന്നിൽ കൊണ്ടുവരൂ

അവർ: അവൻ ഇവിടെ ഇല്ല. ഇവിടെ അനാവശ്യ പ്രശ്നങ്ങൾ ഉണ്ടാക്കരുത് വീട്ടിലേക്ക് തിരിച്ചു പോകൂ.

ഈ സംഭവം നടന്നത് തിങ്കളാഴ്ചയായിരുന്നു. തൊട്ടടുത്ത ദിവസം ചൊവ്വാഴ്ച ഞാൻ പീഡിപ്പിക്കപ്പെട്ടു. ഒരു വൈകുന്നേര സമയത്ത് ഗോതും മലയുടെ താഴവാരത്ത് നിന്നാണ് സൈനികർ വന്നത്. അവർ വരുന്ന ശബ്ദം കേട്ട ഉടനെ തന്നെ എന്റെ ഭർത്താവ് ദേവ ഓടിയൊളിച്ചു. രണ്ടുപേരാണ് വീടിനകത്ത് പ്രവേശിച്ചത്. വന്നയുടനെത്തന്നെ അവർ ഞാനും എന്റെ മകൻ ഹെഡ്മയും കിടന്നുറങ്ങുകയായിരുന്ന കട്ടിൽ തട്ടിമറിച്ചിട്ടു. എന്നെ വളഞ്ഞിട്ട് ഞാൻ ധരിച്ചിരുന്ന പെറ്റിക്കോട്ടും ഉടുത്തിരുന്ന ലുങ്കിയും വലിച്ചുകീറി. ഒരാൾ എന്റെ കാൽ ബലമായി പിടിച്ചു വെക്കുകയും മറ്റൊരാൾ എന്നെ അതിക്രൂരമായി പീഡിപ്പിക്കുകയും ചെയ്തു. ശബ്ദം പുറത്തു കേൾക്കാതിരിക്കാനായി അവർ എൻറെ വായപൊത്തി പിടിച്ചിരുന്നു. എന്നിട്ടും എങ്ങനെയോ ശബ്ദം കേട്ട് ഒരു ബന്ധു വടിയും ടോർച്ചുമായി ഓടിവന്നു. ടോർച്ചിന്റെ വെളിച്ചം കണ്ടയുടനെ തന്നെ സൈനികർ ഓടിരക്ഷപ്പെട്ടു.

ബെലാമിൻദ്രയിലെ സൈന്യത്തിന്റെയും സുരക്ഷാ ഉദ്യോഗസ്ഥരുടെയും പൈശാചിക കൃത്യങ്ങൾ വലിയ മാധ്യമ ശ്രദ്ധ പിടിച്ചു പറ്റുകയും പിന്നീടത് ദേശീയ മനുഷ്യാവകാശ കമ്മീഷൻ, ദേശീയ പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷൻ, ദേശീയ വനിതാ കമ്മീഷൻ തുടങ്ങി നിരവധി സംസ്ഥാന ദേശീയ കമ്മീഷനുകളുടെ അന്വേഷണങ്ങൾക്കും രൂക്ഷ വിമർശനങ്ങൾക്കും വിധേയമാവുകയും ചെയ്തിട്ടുണ്ട്. ഛത്തീസ്ഗഡ് ഹൈക്കോടതിയിലും നിരവധി പെറ്റീഷനുകൾ ഫയൽ ചെയ്യപ്പെട്ടു. എന്നിരുന്നാലും ഇത്തരം ലൈംഗികാതിക്രമകേസുകളിൽ ആരും തന്നെ ഇതുവരെ ശിക്ഷിക്കപ്പെട്ടിട്ടില്ല എന്നതും മറ്റൊരു വസ്തുതയാണ്.

**ജഗദൽപൂർ ജയിലിലെ ഇരുമ്പഴിക്കുള്ളിൽ (2018)**

ഗൗരവമേറിയതും അതിനീചവുമായ മറ്റൊരു അനീതി ബസ്തറിൽ ചെയ്യപ്പെട്ടിട്ടുള്ളത് അവിടത്തെ ആയിരക്കണക്കിന് വരുന്ന ആദിവാസികളെ അന്യായമായി തടവിലിട്ടു എന്നതാണ്. നെക്സൽ കേസിൽ അറസ്റ്റ് ചെയ്യപ്പെടുന്ന ഇവരിൽ ഭൂരിഭാഗം തടവുകാരുടേയും വിചാരണ അനിയന്ത്രിതമായി നീണ്ടുപോകുന്നതും ജാമ്യാപേക്ഷ തള്ളപ്പെടുന്നതും വർഷങ്ങളോളം ഇവർ ഇരുമ്പഴിക്കുള്ളിൽ നരകയാതന അനുഭവിക്കാൻ വഴിവെക്കുന്നു. ജഗൽപൂർ സെൻട്രൽ ജയിലി





ലെ അന്തേവാസിയായ ബുദ്രി അത്തരം ഗണത്തിൽപ്പെട്ട ഒരാളാണ്.

**ബുദ്രി**

2018 ആഗസ്റ്റ് ആറാം തീയതി വ്യാജ ഏറ്റുമുട്ടൽ നടന്ന സുക്മ ജില്ലയിലെ ചെറു ഗ്രാമമായ നുൽകതോംഗിൽ നിന്നുള്ള യുവതിയാണ് ബുദ്രി. ഒരു ദയാദാക്ഷിണ്യവുമില്ലാതെ പതിനഞ്ചോളം ഗ്രാമവാസികളെ സുരക്ഷാ ഉദ്യോഗസ്ഥർ അന്ന് ആറാം തിയതി നടന്ന ഏറ്റുമുട്ടലിൽ കൊന്നൊടുക്കി. നുൽകതോംഗിലേക്ക് സുരക്ഷാ സൈനികർ നീങ്ങുന്നതറിഞ്ഞ ഗ്രാമവാസികൾ പാടത്തെ ഒരു കുടിലിൽ അഭയം കണ്ടെത്തുകയായിരുന്നു. ഗ്രാമവാസികളിൽ ഒരു ന്യൂനപക്ഷം പ്രാദേശിക മാവോയിസ്റ്റ് ആക്രമണകാരികൾ ഉണ്ടായിരുന്നു. എന്നാൽ ഭൂരിപക്ഷവും നിസ്സഹായരും നിരാലംബരുമായ പ്രദേശവാസികൾ ആയിരുന്നു. യാതൊരു പ്രകോപനവും കൂടാതെ തന്നെ സുരക്ഷാ സൈനികർ കുടിലിന് നേരെ നിറയൊഴിച്ചു. സൈനികരുടെ അവകാശവാദം ബുദ്രിയെ ഏറ്റുമുട്ടൽ നടന്ന സ്ഥലത്തുനിന്നും അറസ്റ്റ് ചെയ്തു എന്നതാണ്. എന്നാൽ വാസ്തവത്തിൽ അവളെ, അവളുടെ വീടിനടുത്തുള്ള പാടത്തുനിന്നാണ് അറസ്റ്റ് ചെയ്തത്.



ബുദ്രിയുടെ അഭിഭാഷകയായി അവളെ ജയിലിൽ സന്ദർശിക്കാൻ അവസരം ലഭിച്ചപ്പോൾ ബുദ്രി എന്നോട് പറഞ്ഞതിങ്ങനെയാണ്. പതിനഞ്ചോളം ആളുകൾ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടെന്നും ഞാനൊരു നക്സലാണെന്നും പറയാൻ അവർ എന്നെ നിർബന്ധിച്ചു. എന്റെ വിരലടയാളം അവർ ഒരു വെള്ളപേപ്പറിൽ പതിപ്പിക്കുകയും ചെയ്തു. പോലീസ് ഭാഷ്യത്തിലെ ബുദ്രിയുടെ കുറ്റസമ്മതമൊഴി ചിലപ്പൾ ഇതാവാം.

ഐ.പി.സി (വർഗ്ഗീയലഹള സംഘടിപ്പിക്കൽ, കൊലപാതകശ്രമം, ക്രിമിനൽ ഗൂഢാലോചന), ആർമ്സ് ആക്ട് (നിരോധിത ആയുധങ്ങളുടെ ഉപയോഗം), യുഎപിഎ( തീവ്രവാദ സംഘടനകളെ അനുകൂലിക്കലും അതിൽ അംഗത്വം എടുക്കലും) എന്നിങ്ങനെ വർഷങ്ങളോളം ജയിൽ ശിക്ഷ അനുഭവിക്കേണ്ടിവരുന്ന നിരവധി ചാർജ്ജുകൾ ആണ് ബുദ്രിക്കെതിരെ ചുമത്തിയിരിക്കുന്നത്. ജഗ്ദൽപൂരിലെ എൻ.ഐ.എ കോടതിയിൽ വളരെ മന്ദഗതിയിലാണ് ബുദ്രിയുടെ വിചാരണ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. 2020 മാർച്ച് മാസത്തിൽ ലോക്ഡൗൺ രാജ്യത്ത് നടപ്പിലാക്കിയതോടെ ജയിൽ അന്തേവാസികളുടെ കുടുംബങ്ങൾക്ക് സന്ദർശന വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ഛത്തീസ്ഗഡിലെ ജഗൽപൂർ ജയിലിലെ ഇരുമ്പഴിക്കുള്ളിൽ ബുദ്രി ഇന്നും മോചനം കാത്ത് കഴിയുകയാണ്.

യുദ്ധം അവസാനിപ്പിച്ചേ മതിയാവൂ...

ഇന്ത്യൻ ഗവൺമെന്റും മാവോയിസ്റ്റുകളും തമ്മിൽ 15 വർഷമായി ഇന്ത്യയുടെ ഹൃദയഭൂമിയിൽ നടക്കുന്ന യുദ്ധം ആദിവാസികളുടെയും പ്രത്യേകിച്ച് നാനാവിധ ദുരിതങ്ങൾ അനുഭവിക്കുന്ന സ്ത്രീകളടക്കമുള്ള ഒട്ടനവധിയാളുകളുടെ ജീവൻ ഇതുവരെ അപഹരിച്ചിട്ടുണ്ട്. ബസ്തറിലെ ഒട്ടനവധി ഗ്രാമങ്ങളിൽ കുന്നുകളുടെയും പാറക്കൂട്ടങ്ങളുടെയും ഇടയിലൊളിച്ച് കലാപങ്ങളിൽ അകാലത്തിൽ പൊലിഞ്ഞുപോയ മനുഷ്യരുടെ ശവക്കുഴികൾ ധാരാളമാണ്. ഒരു കുഴി വെട്ടി ഒരു ശവം അതിലേക്ക് ഇറക്കി കിടത്തുമ്പോൾ അതിലെ മണ്ണടരുകൾ ഒറ്റപ്പെട്ടവരുടെ ചുടുകണ്ണീർവീണ്കുതിരുന്നുണ്ട്. പക്ഷേ അതാരും തന്നെ ശ്രദ്ധിക്കുന്നേയില്ല, അറിയുന്നേയില്ല. ജനങ്ങൾക്കുവേണ്ടിയാണ് ജനങ്ങളെ സംരക്ഷിക്കാൻ വേണ്ടിയാണ് തങ്ങൾ പൊരുതുന്നതെന്നാണ് ഇരുപക്ഷവും അവകാശപ്പെടുന്നത്. എന്നാൽ ഓരോ വർഷവും ഇടതടവില്ലാതെ നടക്കുന്ന ഇത്തരം കലഹങ്ങളും സംഘട്ടനങ്ങളും വിപരീതഫലമാണ് പ്രദേശത്ത് ഉണ്ടാക്കുന്നത്.

ബസ്തറിലെ കലാപങ്ങൾ അവസാനിക്കുക തന്നെ വേണം. അങ്ങോട്ടുമിങ്ങോട്ടുമായി ആവശ്യത്തിലധികം കൊലകൾ ഇതിനകം നടന്നുകഴിഞ്ഞിരിക്കുന്നു. ഇരുപക്ഷത്തിന്റെയും പ്രവർത്തനങ്ങൾ സമൂഹത്തെ മുന്നോട്ടു നയിക്കുന്നത് പകരം പിന്നോട്ടടിപ്പിക്കുകയാണുണ്ടായിട്ടുള്ളത്. വെടിനിർത്തലിന് ഒരു പൊതു ആഹ്വാനം ഉണ്ടാവേണ്ടതുണ്ട്. ജനങ്ങളുടെ താൽപര്യങ്ങൾക്കായി ഇരുപക്ഷവും ഈ ആഹ്വാനം ചെവിക്കൊണ്ട് ഒരു രാഷ്ട്രീയ പരിഹാരത്തിനുള്ള ശ്രമങ്ങൾ ആരായണം. ഒരു വിജയി പോലും ബാക്കി ആവാത്ത അന്തസ്സാരശൂന്യമായ ഈ യുദ്ധത്തിൽ സാധാരണക്കാരായ മനുഷ്യർ ഇനിയും കേവല മൂകസാക്ഷികളാവരുത്.



**കല്പന കണബിരൻ**
അഭിഭാഷക, ഇന്ത്യൻ കൗൺസിൽ ഫോർ സോഷ്യൽ സയൻസ് ഡയറക്ടർ

വിവർത്തനം:
**അനു ഉഷ**
ബിരുദാനന്തര ബിരുദ വിദ്യാർത്ഥി,
സർക്കാർ വനിതാ കോളേജ്,
തിരുവനന്തപുരം



# സഫൂറ സർഗാറും ഇന്ത്യയുടെ ആത്മാവിനായുള്ള അന്വേഷണവും

ഇന്ത്യൻ ഭരണഘടനയുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്ന അടിസ്ഥാനപരമായ ചില ചോദ്യങ്ങളിലേക്കാണ് വിദ്യാർത്ഥി ആക്ടിവിസ്റ്റ് സഫൂറ സർഗാറിന്റെ തടവും ജാമ്യം നിഷേധിക്കുന്നതിൽ കോടതികൾ പ്രകടിപ്പിച്ച കാർക്കശ്യവും നയിക്കുന്നത്.ഈ ലേഖനം പ്രധാനമായും ലക്ഷ്യംവെക്കുന്നത് സഫൂറ സർഗാറിന്റെ കേസിനേക്കുറിച്ചാണെങ്കിലും സർഗാർ നമുക്ക് ഇന്ത്യയുടെ ആത്മാവിന്റെ ആഴങ്ങൾ തിരഞ്ഞിറങ്ങാനുള്ള പ്രേരണ കൂടി നൽകുന്നു.

ഡൽഹിയിലെ ജാമിയ മില്ലിയ ഇസ്ലാമിയയിൽ സോഷ്യോളജി ഗവേഷണ വിദ്യാർത്ഥിയായ സഫൂറ സർഗാർ എന്ന ഇരുപത്തേഴുകാരി റോഡ് ഉപരോധം,ഗതാഗതതടസം സൃഷ്ടിക്കൽ എന്നീ കുറ്റങ്ങൾ ചുമത്തപ്പെട്ട് ഏപ്രിൽ 2-ന് അറസ്റ്റ് ചെയ്യപ്പെട്ടു. ഈ കേസിൽ ജാമ്യം നേടിയ സർഗാർ 1967 ഏപ്രിൽ 13-ലെ യു.എ.പി.എ നിയമത്തിലെ കടുത്ത വ്യവസ്ഥകൾ പ്രകാരം ഏപ്രിൽ 10-ന് വീണ്ടും അറസ്റ്റ് ചെയ്യപ്പെടുകയും ഡൽഹിയിൽ നടന്ന അക്രമങ്ങൾക്ക് കാരണമായ ഗൂഢാലോചനയിൽ പങ്കുണ്ടെന്നാരോപിക്കപ്പെട്ട് ജുഡീഷ്യൽ കസ്റ്റഡിക്ക് വിധേയയാവുകയും ചെയ്തു . വാസ്തവത്തിൽ,വിവേചനപരമായ പൗരത്വഭേദഗതി നിയമത്തിനെതിരായി സമാധാനപരമായി നടത്തിയ ചെറുത്തുനിൽപ്പിന്റെ-സ്ത്രീകളും വിദ്യാർത്ഥികളും നയിച്ച പ്രതിഷേധം-ഭാഗമായിരുന്നു സർഗാർ.ഡൽഹിയിലെ ഷഹീൻബാഗിന് സമീപമുള്ള സ്ത്രീകളായിരുന്നു അധികവും.അറസ്റ്റിലായ സമയത്ത്



സഫൂറ സർഗാർ

സഫൂറ സർഗാർ ഗർഭിണിയുമായിരുന്നു.

**ഭരണകൂട ക്രൂരത**

ഒരു ജനതയെമുഴുവൻ ബാധിച്ച കോവിഡ് മഹാമാരി അടച്ചിടൽകാലത്ത് സഫൂറയെപ്പോലെ ഒരു ഗർഭിണിയായ മുസ്ലിം സ്ത്രീയുടെ ചെറുത്തുനിൽപ്പിനോട് ഭരണകൂടം കാണിച്ച ക്രൂരത,ചെളിയിലാണ്ടുപോയ നമ്മുടെ ഭരണഘടനയെക്കുറിച്ച് എന്താണ് പറഞ്ഞു തരുന്നത്?

ഗർഭിണി എന്ന നിലയിൽ അപകടസാധ്യതകൾ ഏറെയുള്ള ഒരു മോശമായ അവസ്ഥയിൽ സർഗാർ നേരിടേണ്ടിവന്ന ജയിൽവാസവും പീഡനമുറകളും അവളുടെ വ്യക്തിപരമായ സ്വാതന്ത്ര്യത്തിനുള്ള അവകാശം മനപ്പൂർവം നിഷേധിക്കും വിധത്തിൽ സർഗാറിനെ–സർഗാർ പ്രതിനിധീകരിക്കുന്ന ഒരു സമൂഹത്തെ തന്നെ–ലക്ഷ്യമിട്ടുകൊണ്ടുള്ള ഭരണകൂട അടിച്ചമർത്തലിന്റെ ഭാഗമായിരുന്നു.

ജീവിതത്തേയും സ്വാതന്ത്ര്യത്തേയും സംരക്ഷിക്കുന്ന ആർട്ടിക്കിൾ 21–ന്റെ ലംഘനത്തേക്കാൾ വളരെ ഗുരുതരമാണ് സർഗാറിനോട് ഭരണകൂടം ചെയ്ത ക്രൂരത. അവർ ഗർഭിണിയാണെന്നറിഞ്ഞിട്ടും ഹിന്ദുത്വ ഭരണകൂടത്തിന്റെ സായുധരായ സിവിലിയൻ സൈനികരെയും പിന്തുണയുള്ള മാധ്യമക്കാരെയും പോലീസിനെയും ഉപയോഗിച്ച് ഇന്ത്യൻ നീതിന്യായ വ്യവസ്ഥയെപ്പോലും സമ്മർദ്ദത്തിലാക്കി സർഗാറിനെ അറസ്റ്റ് ചെയ്ത ഭരണകൂടനടപടി എന്താണ് പറഞ്ഞു തരുന്നത്? ഫാഷിസ്റ്റ് ഭരണകൂടത്തിന്റെ വിവേചനപരമായ പ്രവർത്തനങ്ങൾക്കെതിരെ സ്ത്രീകൾ നടത്തിയ പ്രതിഷേധത്തോടുള്ള പ്രതികാര നടപടികളുടെ ഭാഗമായിവേണം സർഗാറിനെതിരായ കേസിനെ കാണാൻ.

സർഗാറിന്റെ ചെറുത്തുനിൽപ്പിന്റെ ശക്തിയേക്കുറിച്ചും ഭരണഘടനയുടെ പേരിൽ ഭരണഘടനാകോടതികൾ അവർക്കു വേണ്ടി ഇടപെടേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ചും ഈ കേസ് എന്താണ് പറയുന്നത്? ഭരണഘടനാകോടതികളുടെ നിയമസാധുത,ഭരണകൂടത്തിന്റെ അവ്യക്തമായ നടപടികളോടുള്ള നിശബ്ദമായ പരിഗണനമൂലം തടസ്സപ്പെടുന്നു.




**സർഗാറിനെതിരായ കേസ്**

സർഗാർ അറസ്റ്റിലായ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിരോധനനിയമവും (യു.എ.പി.എ.–1967) ഇന്ത്യയിലെ മറ്റേതൊരു ഭീകരവിരുദ്ധ നിയമങ്ങൾ പോലെയും ഭരണകൂടത്തെ പ്രതികൂല സാഹചര്യങ്ങളിൽ നിന്ന് രക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിർമ്മിച്ചിരിക്കുന്നത്. യു.എ.പി.എ.ചുമത്തി നടപടി സ്വീകരിക്കുന്ന കേസുകളിൽ മറ്റേതൊരു തരത്തിലുമുള്ള എതിർപ്പുകൾ പരിഗണിക്കാറില്ല.ഇതേ നിയമത്തിലൂടെയാണ് സർഗാർ അറസ്റ്റ് ചെയ്യപ്പെട്ടത്.യു.എ.പി.എ. ചുമത്തുന്ന കുറ്റകൃത്യങ്ങളിൽ രണ്ടു വ്യത്യസ്ത വിഭാഗങ്ങളുണ്ട്. “നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക്”, “തീവ്രവാദ പ്രവർത്തനങ്ങൾക്ക്” എന്നിങ്ങനെ.

2008 – നും 2013–നും ഇടയിൽ ഭീകരവാദത്തെ ചെറുക്കുന്നതിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ജാഗ്രത പ്രകടമാക്കേണ്ടതിന് നിയമത്തിൽ ഭേദഗതികൾ അവതരിപ്പിക്കുകയുണ്ടായി. നിയമത്തിന്റെ സെക്ഷൻ 2(O) ‘നിയമവിരുദ്ധമായ പ്രവർത്തനം’ നിർവചിക്കുന്നത് “ഏതെങ്കിലും വ്യക്തി അല്ലെങ്കിൽ സംഘടന എടുക്കുന്ന ഏതൊരു പ്രവർത്തനവും (ഒരു പ്രവൃത്തി ചെയ്തുകൊണ്ടോ, വാക്കുകളിലൂടെയോ,സംസാരിച്ചോ,എഴുതിയോ, അടയാളമോ മറ്റേതെങ്കിലും ദൃശ്യപരമായ പ്രാതിനിധ്യമോ അല്ലെങ്കിൽ മറ്റെന്തെങ്കിലുമോ, (ii) ഇന്ത്യയുടെ പരമാധികാരവും പ്രാദേശിക സമഗ്രതയും തകർക്കാൻ ഉദ്ദേശിക്കുന്ന,നിരാകരിക്കുന്ന,ചോദ്യം ചെയ്യുന്ന,തടസ്സപ്പെടുത്തുന്ന ഏതൊരു പ്രവർത്തനവും, (iii) ഇന്ത്യയ്ക്കെതിരെ അസംതൃപ്തി ഉണ്ടാക്കുന്നതോ ഉദ്ദേശിക്കുന്നതോ ആയവ”. നിയമത്തിന്റെ IV-VI അദ്ധ്യായങ്ങൾ (വകുപ്പുകൾ 15–40) തീവ്രവാദ കുറ്റകൃത്യങ്ങൾ,സംഘടനകൾ ഇവയെ കേന്ദ്രീകരിക്കുന്നു.

ജൂൺ 4–ന് ഡൽഹിയിലെ പാട്യാലഹൗസ് കോടതിയിൽ സർഗാറിന്റെ ജാമ്യാപേക്ഷയിൽ വാദം കേട്ട കോടതി, നിയമത്തിലോ,ക്രമസമാധാനത്തിലോ ക്രമക്കേടും അസ്വസ്ഥതയും സൃഷ്ടിക്കുന്ന ഏതൊരു പ്രവണതയും സർക്കാരിന്റെ പ്രവർത്തനങ്ങളെ നിർത്തിവയ്ക്കുകയോ നഗരങ്ങളെ കീഴടക്കുകയോ ചെയ്താൽ അത്തരം പ്രവർത്തനം യു.എ.പി.എ.2(O)യുടെ അടിസ്ഥാനത്തിൽ നിയമവിരുദ്ധമായ പ്രവർത്തനമായി കാണാമെന്ന പ്രോസിക്യൂഷൻ വാദത്തെ ശരിവച്ചു. വടക്കുകിഴക്കൻ ഡൽഹിയിലെ കലാപത്തിലേക്ക് നയിച്ചകാരണം, ഫെബ്രുവരി 23–ന് സർഗാർ നടത്തിയ പ്രകോപനപരമായ പ്രസംഗമാണെന്ന് പ്രോസിക്യൂഷൻ ആരോപിച്ചു. സർഗാറിന്റെ അഭിഭാഷകർ ഈ ആരോപണം നിഷേധിച്ചിരുന്നു.

കേസിന്റെ മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ലെങ്കിലും വാട്സാപ്പ് ചാറ്റുകളും പ്രസ്താവനകളും പരിശോധിക്കുക വഴി “റോഡ് ഉ



പരോധിക്കാനുള്ള ഗൂഢാലോചന ഉണ്ടായിട്ടുണ്ടെ"ന്ന് ജഡ്ജി രേഖപ്പെടുത്തിയിട്ടുണ്ട്.ഡൽഹിയിലേത് ഒരു "നിയമ വിരുദ്ധമായ സമ്മേളനം" ആയിരുന്നു. കാരണം, ഏതെങ്കിലും പൊതുവായ കാരണത്താൽ കുറ്റകൃത്യങ്ങൾക്കായി അഞ്ചോ അതിലധികമോ ആളുകൾ ഒത്തുകൂടുന്നത് നിയമവിരുദ്ധമാണ്.അതുകൊണ്ടുതന്നെ പ്രോസിക്യൂഷനുമായി വിയോജിക്കാൻ കഴിയില്ലെന്ന് കോടതി കണ്ടെത്തി. ഭരണകൂടത്തിന്റെ നിയമങ്ങളേയും ക്രമസമാധാനത്തേയും തകർക്കാനുള്ള വലിയൊരു സാധ്യത സർഗാർ ഉൾപ്പെട്ട ഗൂഢാലോചനയ്ക്കുണ്ടെന്നും കോടതി വിലയിരുത്തി. പക്ഷെ,കോടതിയുടെ വിധിപ്പകർപ്പിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ഒന്നും നൽകിയിട്ടില്ല.

ഡൽഹി കലാപം നടന്ന സ്ഥലത്ത് സർഗാർ നേരിട്ട് പങ്കാളിയായിരുന്നില്ല എന്ന് പ്രതിഭാഗം വാദിച്ചെങ്കിലും ഗൂഢാലോചനയ്ക്ക് പ്രഥമദൃഷ്ട്യാ തെളിവുകൾ ഉണ്ടെന്ന് കോടതി ചൂണ്ടിക്കാണിച്ചു.അതുകൊണ്ടുതന്നെ സംഭവസ്ഥലത്ത് ഉണ്ടായിരുന്നാലും ഇല്ലെങ്കിലും കുറ്റകൃത്യത്തിൽ പങ്കില്ലെന്ന് പറയാൻ പറ്റില്ല എന്ന നിരീക്ഷണമാണ് കോടതി മുന്നോട്ടുവച്ചത്.

തുടർന്ന്, സർഗാറിന്റെ അപകടകരമായ ആരോഗ്യസ്ഥിതിയാണ് പ്രതിഭാഗം കോടതിയിൽ അവതരിപ്പിച്ചത്.അതിനും ലളിതമായിത്തന്നെ "ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടിന്"നിർദേശം നൽകി ആവശ്യമായ വൈദ്യസഹായം നേടാൻ കോടതി നിർദേശിച്ചു.

സർഗാറിന്റെ മൂന്നാമത്തെ ജാമ്യാപേക്ഷയും തള്ളിക്കൊണ്ട് കോടതി പറഞ്ഞതിങ്ങനെയാണ്;"നിങ്ങൾ തീക്കനൽ കൊണ്ട് കളിക്കാനിറങ്ങിത്തിരിച്ചിട്ട് തീപ്പൊരി കുറച്ചുദൂരം പടർന്നതിന് കാറ്റിനെ കുറ്റപ്പെടുത്താനാവില്ല".

കേസ് റെക്കോർഡിൽ പറയുന്ന വസ്തുക്കളുടെ/ തെളിവുകളുടെ വിശ്വാസ്യതയെ സംബന്ധിച്ചല്ലെങ്കിലും അവ കണക്കിലെടുത്താൽ ജാമ്യാപേക്ഷകനും പ്രതികൾക്കുമെതിരെ യു.എ.പി.എ. ചുമത്തേണ്ട തരത്തിലുള്ള കേസ് ഉണ്ടെന്ന് പറയാനാവില്ല എന്ന് കോടതി പറഞ്ഞിരുന്നു.എന്നിരുന്നാലും,യു.എ.പി.എ. നിയമഭേദഗതിയിലെ "നിയമവിരുദ്ധപ്രവർത്തനം"(2P),'നിയമവിരുദ്ധമായ സംഘംചേരൽ" എന്നിവയും സെക്ഷൻ 43(D)യിലെ 4,6 അധ്യായങ്ങളിൽ വ്യക്തമാക്കുന്ന തീവ്രവാദപ്രവർത്തനങ്ങൾ ,തീവ്രവാദ സംഘടനകൾ എന്നിവയും സർഗാറിന്റെ കേസിൽ പ്രോസിക്യൂഷൻ ചേർത്തിട്ടുണ്ട്. 43D(5)അനുസരിച്ച് സർഗാറിനെതിരായ ആരോപണം സത്യമാണെന്ന് വിശ്വസിക്കാൻ പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്ന കാരണം ചൂണ്ടിക്കാണിച്ചുകൊണ്ട് കോടതി ജാമ്യം നിഷേധിച്ചു.

**ജുഡീഷ്യൽ പുസിലാനിമിറ്റി**

വ്യക്തിപരമായ സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ നിർണായകമായ ജുഡീഷ്യൽ വിവേചനാധികാരത്തെ കോടതി, "ജുഡീഷ്യൽ പുസിലാനിമിറ്റി"-പരേതയായ ജസ്റ്റീസ് ലീലാസേത്ത് ഉപയോഗിച്ചതും 2018-ലെ നവ്തേജ് ജോഹർ വിധിന്യായത്തിൽ സുപ്രീം കോടതി പ്രശംസയോടെ ഉദ്ധരിച്ചതുമായ പദം- എന്ന ക്ലാസിക് ചിത്രീകരണത്തിലൂടെ "നിയമപരമായ ഉപരോധം" എന്ന് തെറ്റായി വായിക്കുന്നു.

കേസിന്റെ വസ്തുതകളെക്കുറിച്ചുള്ള ചർച്ച "തീവ്രവാദ പ്രവർത്തനങ്ങളെ" സൂചിപ്പിക്കുന്നില്ല. രേഖയിലുള്ള കാര്യങ്ങളിൽ ഗുരുതരമായ കുറവുകൾ ഉണ്ടെന്ന് കോടതി സമ്മതിച്ചു, എന്നിട്ടും സർഗാറിനെ കസ്റ്റഡിയിൽ സൂക്ഷിക്കാൻ പര്യാപ്തമായ ഒരു കേസ് ഉണ്ടെന്ന് കോടതി അംഗീകരിച്ചു. ഈ ഉത്തരവ് നടത്തിയ ഏറ്റവും ഗുരുതരമായ തെറ്റ്, പ്രോസിക്യൂഷന്റെ വാദവുമായി പൊരുത്തപ്പെടുന്നതിലും സെക്ഷൻ 43 (ഡി) (5) പ്രകാരം ജാമ്യം നിഷേധിക്കുന്നതിലും കോടതി "നിയമവിരുദ്ധമായ പ്രവർത്തനം" "തീവ്രവാദ പ്രവർത്തനവുമായി" ബന്ധപ്പെടുത്തി എന്നതാണ്. പ്രോസിക്യൂഷൻ പോലും പരാമർശിക്കുന്നത് "നിയമവിരുദ്ധ പ്രവർത്തനങ്ങൾ" എന്നതായിരുന്നു.

"നിയമവിരുദ്ധമായ" പ്രവർത്തനത്തിന് ("തീവ്രവാദ പ്രവർത്തനം" അല്ല) ആരോപിക്കപ്പെടുന്ന സെക്ഷൻ 43 (ഡി) (5) ന്റെ ഏകപക്ഷീയമായ പ്രയോഗം വിചാരണയ്ക്ക് മുമ്പുതന്നെ അനുപാതമില്ലാത്ത ശിക്ഷയ്ക്ക് കാരണമാകുന്നു. അവസാനമായി, സർക്കാരിനെതിരായ അസംതൃപ്തി, നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിരോധന നിയമപ്രകാരം ഇന്ത്യയ്ക്കെതിരായ അസംതൃപ്തിയാണെന്ന് കോടതി വ്യാഖ്യാനിക്കുന്നു. ജാമ്യാപേക്ഷയിൽ പ്രോസിക്യൂഷൻ, ഖാർജൂരി ഖാസ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ഒരു കേസിൽ നിന്നും കുപ്പികൾ, കല്ലുകൾ, ഇഷ്ടികകൾ എന്നിവ പിടിച്ചെടുക്കാൻ മെമ്മോ സമർപ്പിച്ച കേസിനെ സൂചിപ്പിച്ചു . ഖാർജൂരി ഖാസ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത എഫ്ഐആറിൽ നിന്ന് സർഗറിന്റെ കേസിൽ നിന്ന് വ്യത്യസ്തമായ ഒന്നാണ്. തികച്ചും സാന്ദർഭികമായി, "ഡൽഹി കലാപങ്ങൾ നഗരത്തിന്റെ സാധാരണ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നതിനും സർക്കാർ യന്ത്രങ്ങളെ ബലപ്രയോഗത്തിനും അക്രമത്തിനും ഇരയാക്കാനുമുള്ള ഒരു വലിയ ഗൂഢാലോചനയുടെ ഫലമായിരുന്നു" എന്ന് കോടതി നിരീക്ഷിക്കുന്നു.

വസ്തുതകൾ, വിശദാംശങ്ങൾ, പൊരുത്തക്കേടുകൾ എന്നിവയെക്കുറിച്ച് ജുഡീഷ്യൽ ആലോചനയോ ശ്രദ്ധയോ ഇല്ലാതെ, കൂട്ട അക്രമത്തിനും ജീവിതത്തിനും സ്വത്തിനും അപാരമായ ദ്രോഹവും അക്രമത്തിന് പ്രേരണയും കാരണമായി എന്ന പേരിൽ വടക്കുകിഴക്കൻ ദില്ലിയിലെ മുസ്ലിംകളെ ലക്ഷ്യമാക്കി, ഒരു മുസ്ലീം സ്ത്രീക്കെതിരെ ക്രിമിനൽ ബാധ്യത പരിഹരിക്കാൻ കോടതി തിടുക്കപ്പെട്ടു. ഫെബ്രുവരി 26 ന് ഡൽഹി ഹൈക്കോടതി ജസ്റ്റിസ് എസ്. മുരളീധർ ഭാരതീയ ജനതാ പാർട്ടി നേതാക്കൾക്കെതിരെ അവരുടെ വിദ്വേഷ പ്രസംഗങ്ങളുടെ രേഖകൾ മുൻനിർത്തി എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ ഉത്തരവിട്ടിരുന്നിട്ടുപോലും സർഗാറിനെതിരായ കേസ് കോടതി വ്യക്തമായി പരിശോധിച്ചില്ല .

**ന്യൂനപക്ഷ അവകാശങ്ങളും വെറുപ്പും ഭരണകൂട ഭീകരതയും**

ചില കാര്യങ്ങൾ പൊതുവായി മനസിലാക്കുകയും ആലോചിക്കുകയും ചെയ്യേണ്ടതുണ്ട്. അതായത് ഏത് തീക്കനൽ, ഏത് കാറ്റ്, ഏത് തീപ്പൊരി, എത്ര ദൂരം, ഏത് തീ? എന്നീ കാര്യങ്ങൾ. കാരണം ഇത് വ്യക്തി സ്വാതന്ത്ര്യത്തെ കുറിച്ചുള്ള ഒരു കേസാണ്. മൗലികാവകാശങ്ങൾ പിൻവലിക്കാതിരിക്കുക എന്ന തത്വത്തിലാണ് നാം ജീവിക്കുന്നത് – യഥാർത്ഥത്തിൽ ഭരണഘടനാ ധാർമ്മികത – എന്ന് സുപ്രീം കോടതി സ്ഥിരീകരിച്ചിട്ടുള്ളതാണ്. മാത്രവുമല്ല, ന്യായമായ വിചാരണയ്ക്കുള്ള അവകാശവും ജീവിക്കാനുള്ള അവകാശവും വ്യക്തിസ്വാതന്ത്ര്യവും പൂർണ്ണമായി അനുവദിച്ചുതരുന്ന ഭരണഘടനയുടെ ധാർമ്മികത സുപ്രീം കോടതി നമുക്ക് അനുവദിച്ചു തരുന്നുണ്ട്. മനുഷ്യാന്തസ്സിന്റെ കാതൽ തന്നെ ഈ ആശയമാണ്.


സഫൂറ ആശുപത്രിയിൽ

ബി. ആർ. അംബേദ്കർ, അബ്ദുൾ കലാം ആസാദ്, ജയ്പാൽ സിംഗ്, ദക്ഷായാണി വേലായുധൻ, എം കെ ഗാന്ധി – ഇന്ത്യയുടെ ആത്മാവിന്റെ അടിസ്ഥാന രൂപരേഖ നിർമ്മിച്ച ഈ അഞ്ച് മഹത് വ്യക്തികൾ ഫീനിക്സ് പക്ഷിയെ പോലെയാണ് എന്റെ മുന്നിൽ ഉയർന്നു നിൽക്കുന്നത്. ഭരണഘടനാ കോടതികൾ അവരുടെ നിയമസാധുതയെ ആഴത്തിലുള്ള ആപത്തോടെ അവഗണിച്ചേക്കാം.1968 ലെ ഇന്ത്യൻ ഭരണഘടനയുടെ രൂപരേഖ (Framing of the Indian Constitution) ഒരു പഠനത്തിൽ ബി ശിവറാവു ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്: "അംബേദ്കറിന് രസകരമായ ഒരു നിർദ്ദേശം ഉണ്ടായിരുന്നു: ഭൂരിപക്ഷ സമുദായത്തിലെ സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പ്, അവരുടെ നിയോജകമണ്ഡലങ്ങ

ളിലെ ന്യൂനപക്ഷ സമുദായങ്ങളിലെ ജനങ്ങളുടെ കുറഞ്ഞ വോട്ടുകൾ എങ്കിലും നേടിയിട്ടുണ്ട് എന്ന് പരിശോധിക്കണം. ഇത് ഒരു ന്യൂനപക്ഷം, ഭൂരിപക്ഷ സമുദായങ്ങൾക്ക് നേരെ വീറ്റോ ഉപയോഗിക്കുന്നതു പോലെയാണ് ... '

ഭരണഘടനാ അസംബ്ലിയിലെ ന്യൂനപക്ഷങ്ങൾ തീർച്ചയായും മതന്യൂനപക്ഷങ്ങളെയും പട്ടികജാതിക്കാരെയും പട്ടികവർഗക്കാരെയും പരാമർശിക്കുന്നു – അതിനാൽ അംബേദ്കർ നിർദ്ദേശിച്ചത് എല്ലാ നിയോജകമണ്ഡലങ്ങളിലെയും ഭൂരിപക്ഷ സ്ഥാനാർത്ഥിയെക്കുറിച്ചുള്ള ഒരു ന്യൂനപക്ഷ റഫറണ്ടമാണ് (വിഭജനത്തിന് തൊട്ടുപിന്നാലെ).ഇക്കാര്യത്തിൽ അദ്ദേഹത്തിന്റേത് ഏക ശബ്ദമായിരുന്നു (പലപ്പോഴും സംഭവിച്ചത് പോലെ) – സർഗാറിനെ സംബന്ധിച്ച കേസിൽ , പ്രത്യേകിച്ചും നമ്മുടെ മുമ്പിലുള്ള ചോദ്യങ്ങളുടെയും അവളുടെ തടവറയെക്കുറിച്ച് മുൻകൂട്ടി പറഞ്ഞ സംഭവങ്ങളുടെയും വെളിച്ചത്തിൽ അംബേദ്കറുടെ വാക്കുകൾക്ക് പ്രാധാന്യമുണ്ട്.

ആസാദിനെക്കുറിച്ചുള്ള തന്റെ കൃതിയിൽ സെയ്ദ ഹമീദ് ചൂണ്ടിക്കാണിക്കുന്നത്, സ്വരാജിന് മുന്നിൽ ഹിന്ദു-മുസ്ലീം ഐക്യം സ്ഥാപിച്ച്, വീറ്റോ ചെയ്യാനുള്ള അവകാശത്തെക്കുറിച്ച് അംബേദ്കറുടെ ആശയം പ്രതീക്ഷിച്ചിരുന്നതായും, 1940 ൽ അദ്ദേഹം പ്രഖ്യാപിച്ചപ്പോൾ: "ഭാവിയിൽ ഇന്ത്യയ്ക്ക് വേണ്ടി രൂപപ്പെടുത്തുന്ന ഏതൊരു ഭരണഘടനയിലും ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളും താൽപ്പര്യങ്ങളും സംരക്ഷിക്കുന്നതിനുള്ള പൂർണ്ണമായ ഉറപ്പ് അടങ്ങിയിരിക്കണം . ഇതിനാവശ്യമായ സുരക്ഷകൾ എന്തൊക്കെയാണ്...? ഈ വിധി ന്യൂനപക്ഷത്തിൽ ഭൂരിപക്ഷത്തിനൊപ്പമല്ല... അതിനാൽ, അവരുടെ സമ്മതത്താൽ രൂപീകരിക്കപ്പെടണം,അല്ലാതെ ഭൂരിപക്ഷ വോട്ടുകളിലൂടെയല്ല. '

'അബുൽ കലാം ആസാദും ഇന്ത്യൻ ഭരണഘടനയുടെ ഇസ്ലാമിക നീതീകരണത്തിനുള്ള അവകാശവും' എന്ന ലേഖനത്തിൽ ഷൗന റോഡ്രിഗസ്,ആസാദ് ബ്രിട്ടീഷ് സാമ്രാജ്യത്വ രാഷ്ട്രീയത്തെ വെല്ലുവിളിക്കുന്ന അതിരുകൾ വീണ്ടും കണ്ടെത്തുന്നു." ഇന്ത്യൻ പാരമ്പര്യത്തിന്റെ മറ്റ് സ്രോതസ്സുകളിൽ നിന്ന് ഉയർന്നുവരുന്ന ധാർമ്മികവും സാൻമാർഗികവും ജീവശാസ്ത്രപരവുമായ വാദങ്ങൾ, ഇസ്ലാം. ഇങ്ങനെ വൈവിധ്യമാർന്ന ജനതയ്ക്കുള്ള ഏകീകൃത നിയമവാഴ്ചയുടെ ന്യായീകരണവും വിമർശനവും ഉണ്ടാവണം. ഇത് ചെയ്യുന്നതിലൂടെ, ഭരണഘടന രൂപപ്പെടുത്തുന്നതിൽ ഭരണഘടനാപരമായ പങ്ക് വഹിച്ച സ്വതന്ത്ര ഇന്ത്യയിലെ സ്വയംഭരണത്തിന്റെയും നിയമവാഴ്ചയുടെയും ബഹുസ്വരമായ അടിത്തറയിലേക്ക് അദ്ദേഹം വിരൽ ചൂണ്ടുന്നു.

കൊളോണിയൽ, ഭൂരിപക്ഷ കീഴ്പ്പെടുത്തലിന്റെ ആദിവാസി അനുഭവത്തെ രാഷ്ട്രീയത്തിന്റെ മറ്റു മാനങ്ങളിലേക്ക് ചിത്രീകരിച്ച വ്യക്തിയാണ് ജയ്പാൽ സിംഗ് .അദ്ദേഹം സ്വയംഭരണത്തിന് നൽകുന്ന നിർവചനം ഇങ്ങനെയാണ്: "പുതിയ ഭരണഘടന വിഭജിക്കപ്പെടുന്നത് ന്യൂനപക്ഷങ്ങൾക്കുള്ള വ്യവസ്ഥകളായല്ല, മറിച്ച് അവ പ്രവർത്തിക്കുന്ന രീതിയിലാണ്. അവരുടെ ഏറ്റവും മികച്ച നേട്ടത്തിലേക്ക് (ആദിവാസിഡം); ഭരണഘടനാ അസംബ്ലിയിലെ ഏക ദലിത് വനിത ദാക്ഷായാണി വേലായുധൻ, തൊട്ടുകൂടായ്മയെ ചെറുക്കുന്നതിന്റെ അനുഭവങ്ങൾ ദലിതരുടെ കഷ്ടപ്പാടുകൾ, പ്രതിരോധം, എന്നിവ ഭരണഘടന എന്താണെന്നതിന്റെ വഴികൾ അടയാളപ്പെടുത്തി. 1922 ൽ കോടതിയിൽ മഹാത്മാഗാന്ധിയുടെ പ്രസ്താവന നമുക്ക് മറക്കാൻ കഴിയുമോ: "പ്രതിപത്തി നിയമപ്രകാരം നിർമ്മിക്കാനോ നിയന്ത്രിക്കാനോ കഴിയില്ല... മുമ്പത്തെ ഏതൊരു വ്യവസ്ഥയേക്കാളും ഇന്ത്യയെ കൂടുതൽ ദോഷകരമായി ബാധിച്ച ഒരു സർക്കാരിനോട് അസംതൃപ്തരാകുന്നത് ഒരു പുണ്യമായി ഞാൻ കരുതുന്നു... അത്തരമൊരു വിശ്വാസം പുലർത്തുന്നതിലൂടെ, ആ വ്യവസ്ഥിതിയോട് പ്രതിപത്തി കാണിക്കുന്നത് പാപമാണെന്ന് ഞാൻ കരുതുന്നു.

**ധാർമ്മികഭിന്നതയും ഇന്ത്യയുടെ ആത്മാവും**

തികച്ചും ഇസ്ലാമോഫോബിക്കായ ഹിന്ദുത്വ ഭരണകൂടം പാസാക്കിയ പൗരത്വ ഭേദഗതി നിയമം അപകടകരമായ കെണിയാണെന്ന് ഉൾക്കൊണ്ട് കൊണ്ട് അതിനെതിരെ സഫൂറ സർഗാർ പ്രധിഷേധിക്കുമ്പോൾ ഇന്ത്യയുടെ ആത്മാവിനെ കണ്ടെത്താൻ അവൾ നടത്തുന്ന പോരാട്ടമാണത്. അവൾ ഈ പോരാട്ടം നടത്തിയത് തോക്കുകൾകൊണ്ടോ ജ്വലിക്കുന്ന വസ്തുക്കൾകൊണ്ടോ നാശത്തിന്റെയും പീഡനത്തിന്റെയും ആയുധങ്ങളാലോ അല്ല, തികച്ചും സമാധാനപരമായ പ്രകടനത്തിലൂടെയാണ്. ആൾക്കൂട്ട അക്രമത്തെ പ്രേരിപ്പിക്കുന്ന തീപ്പൊരി പ്രസംഗങ്ങളിലൂടെയും അല്ല, മറിച്ച് അധാർമികവും ഭരണഘടനാ വിരുദ്ധവുമായ നിയമം റദ്ദാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചാ യിരുന്നു.

അവൾ പ്രതിഷേധിക്കുന്നത് ലക്ഷക്കണക്കിന് ജനങ്ങക്ക് ഒപ്പം ചേർന്നാണ്. കാരണം ഇതും നമ്മുടെ അവകാശമാണ്; ധാർമ്മിക വിയോജിപ്പുകളും നിസ്സഹകരണവും പ്രകടിപ്പിക്കാനുള്ള അവകാശം. എന്നാൽ ഇന്ന് ഭരണഘടനയിലെ എല്ലാ മൗലികാവകാശങ്ങളെയും ലംഘിക്കുകയും മുസ്ലിംകളെ വ്യക്തമായി ലക്ഷ്യമിടുകയും അസമത്വത്തിൽ അധിഷ്ഠിതമായ പൗരത്വ ഉച്ചനീചത്വം സൃഷ്ടിക്കുകയും ചെയ്യുന്ന ഒരു നിയമത്തിനെതിരെ മുസ്ലിംകൾ സമാധാനപരമായി പ്രതിഷേധിക്കുന്നത് ഭരണകൂട – ഭൂരിപക്ഷ അക്രമങ്ങൾക്കു പ്രേരണയാണെന്നാണോ കോടതി പറയുന്നത്?

**ചർച്ചാവിഷയം**



**സ്മിത എം.പാട്ടീൽ**
ഇന്ദിരാഗാന്ധി ഓപ്പൺ സർവകലാശാല
സ്കൂൾ ഓഫ് ജെന്റർ &
ഡെവലപ്മെന്റ് സ്റ്റഡീസ് അധ്യാപിക



വിവർത്തനം: **ഹമീദ സീ. കെ.**
കോഴിക്കോട് സർവകലാശാല,
സ്ത്രീ പഠന വിഭാഗം
അധ്യാപികയാണ്

# ദലിത്സ്ത്രീകളുടെ ജീവിതം ജാതിയും അക്രമോത്സുകതയും



ഹത്റാസിൽ ലൈംഗികാതിക്രമത്തിൽ കൊല്ലപ്പെട്ട പെൺകുട്ടിയുടെ മൃതദേഹം പോലീസ് സംസ്ക്കരിക്കുന്നു

സമീപകാലത്ത് ഹത്റാസിൽ നടന്ന ദലിത് പെൺകുട്ടിയെ ബലാത്സംഗം ചെയ്ത അധീശ, സവർണ്ണ യുവാക്കളും ആ കുടുംബത്തിന്റെ മരണാനന്തര ചടങ്ങുകൾ നടത്തുവാൻ വിസമ്മതിച്ച ബ്രാഹ്മണിക് ജാതി കേന്ദ്രീകൃത രാഷ്ട്രീയ സ്ഥാപനങ്ങളും ജാതിയുടെ സംസ്കാരത്തെ ചോദ്യം ചെയ്യുന്നതിൽ വിമുഖത കാണിക്കുന്ന മുഖ്യധാരാ സ്ത്രീപക്ഷ പ്രസ്ഥാനങ്ങളും സൂചിപ്പിക്കുന്നത് സമകാലിക ഇന്ത്യയിൽ ജാതിയും ലിംഗാവസ്ഥയും അക്രമോത്സുകതയും ചോദ്യം ചെയ്യപ്പെടാതെ തുടർന്നു പോകുന്നതിന്റെ തെളിവുകളാണ്. നവഉദാര നയങ്ങൾക്കടിമപ്പെട്ട ഇന്ത്യൻ രാഷ്ട്രീയ മണ്ഡലത്തിൽ ജാതി-പിതൃദായക വ്യവസ്ഥയുടെ പൈശാചിക കൃത്യങ്ങൾക്ക് ഇരയാകുന്ന ദലിത്സ്ത്രീകളുടെ സാമൂഹിക മണ്ഡലത്തെ വിശകലനം ചെയ്യുകയാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

സവർണ്ണ യുവാക്കൾ സെപ്റ്റംബർ പതിനാലാം തീയതി 2020ൽ ഉത്തർ പ്രദേശത്തിലെ ഹത്രാസെന്ന

ഗ്രാമപ്രദേശത്ത് 19 വയസ്സായ ദലിത്പെൺകുട്ടിയെ ബലാൽസംഗത്തിന് ഇരയാക്കുന്നു. അവളുടെ ശരീരം ക്രൂരമായി പീഡിപ്പിക്കപ്പെടുകയും നട്ടെല്ല് പിളരുകയും നാവു മുറിക്കപ്പെടുകയും ചെയ്തിരുന്നു. അവളുടെ കുടുംബാംഗങ്ങൾ അവളുടെ രക്ഷയ്ക്കായി ഹോസ്പിറ്റലുകൾ കയറി ഇറങ്ങേണ്ടി വന്നു. സെപ്റ്റംബർ 27, 2020 ഡൽഹി സഫ്ദർജംഗ് ആശുപത്രിയിൽ വച്ച് മരണമടയുകയും ചെയ്തു. അവളുടെ കുടുംബാംഗങ്ങളെ അകറ്റിനിർത്തി ദഹിപ്പിക്കപ്പെട്ട ശവശരീരം പുരുഷാധിപത്യ സവർണ്ണ കേന്ദ്രീകൃതമായ ഭരണകൂട മർദ്ധനോപകരണത്തിന് ദളിത് സ്ത്രീ ശരീരം ഇരയാക്കപ്പെടുന്നതെങ്ങനെ എന്ന് കാണിച്ചു തരുന്നു. മഹാത്മാ ജോതിബാഫൂലെയുടെ വിദ്യാലയത്തിൽ പഠിച്ച ദളിത്വിദ്യാർഥിനിയായ മുക്താസാൾവേയുടെ 'മാംഗുകളുടെയും മഹറുകളുടെയും ദുഃഖം' എന്ന ലേഖനത്തിൽ വിവരിച്ച ക്രൂരമായ പേഷ ഭരണക്രമത്തെ അനുസ്മരിപ്പിക്കുന്നതാണ് നേരത്തെ പറഞ്ഞ ഭരണകൂട മർദ്ദനോപകരണത്തിന്റെ പ്രാന്തവൽക്കരിക്കപ്പെട്ടവരോടുള്ള സമീപനം എന്ന തിരിച്ചറിവ്. കാലങ്ങളായി ദളിത്സ്ത്രീകൾ നേരിടുന്ന പീഡനങ്ങളുടെ തുടർച്ചയെ കാണിക്കുന്നു.

മനുഷ്യത്വം തൊട്ടുതീണ്ടിയിട്ടില്ലാത്ത പേഷഭരണക്രമത്തിൽ ദലിതുകളും ദലിത്സ്ത്രീകളും പീഡിപ്പിക്കപ്പെട്ടത് എങ്ങനെയെന്ന് മുക്താസാൽവെ വിശദീകരിക്കുന്നുണ്ട്. ബ്രാഹ്മണർ എങ്ങനെയാണ് ദലിതുകളുടെ ഭൂമി തങ്ങളുടേതാക്കിയതെന്നും വലിയ വീടുകൾ പണിതതെന്നും അതേസമയം മേൽക്കൂരയില്ലാത്ത വീടുകളിൽ ദലിത്സ്ത്രീകൾ എങ്ങനെയാണ് കുഞ്ഞുങ്ങളെ പ്രസവിച്ചിരുന്നതെന്നും മുക്താ സാൽവേ വിശദീകരിക്കുന്നുണ്ട്. ദലിതുകൾക്ക് പേഷ ഭരണക്രമത്തിൽ ക്രൂരമായ ശിക്ഷാവിധികളാണ് നൽകിയിരുന്നതെന്നും അതുകൊണ്ട് തന്നെ ഹിന്ദുമതമെങ്ങനെയാണ് തങ്ങളെ പ്രതിനിധീകരിക്കുന്നതെന്നുള്ള ദാർശനികമായ ചോദ്യം മുക്താ സാൽവേ ഉന്നയിക്കുന്നുണ്ട്. ബ്രാഹ്മണരെങ്ങനെയാണ് ജ്ഞാനവും അധികാരവും കൈയാളിയിരുന്നതെന്നും അതെങ്ങനെയാണ് ദലിത് ജീവിതത്തെ ബാധിച്ചിരുന്നതെന്നും മുക്താസാൽവെ വിശദമാക്കുന്നു. മഹാത്മാ ജ്യോതിബാ ഫൂലെയുടെയും ഛത്രപതി ഷാഹു മഹാരാജിന്റെയും ബി.ആർ.അംബേദ്കറിന്റെയും വിപ്ലവകരമായ ഇടപെടലുകളാണ് ദലിത്സ്ത്രീകളുടെ സാമൂഹ്യ ചലനാത്മകതയെ പിന്നീട് നിർണയിച്ചത്. സമകാലിക ദലിത്സ്ത്രീ അവസ്ഥകളെ ജാതീയപരമായ അടിച്ചമർത്തലിന്റെയും അതിനെതിരെ ഉയർന്ന ദളിതുകളുടെയും ദലിത്സ്ത്രീകളുടെയും രാഷ്ട്രീയ ഉണർവുകളുടെ പശ്ചാത്തലത്തിലാണ് വായിച്ചെടുക്കേണ്ടത്. ഉദാര ജനാധിപത്യതലത്തിൽ ദലിതുകളെ ചൂഷണം ചെയ്യുകയും അതേ സമയം അവരുടെ കാതലായ രാഷ്ട്രീയപരമായും സാമ്പത്തികപരമായും സാമൂഹ്യപരമായും ഉള്ള പ്രശ്നങ്ങൾ മുഖ്യധാരാ രാഷ്ട്രീയധാരകൾ അവഗണിക്കുകയാണ് ചെയ്തത്. വിദ്യാഭ്യാസത്തിന്റെയും തൊഴിലവസരങ്ങളുടെയും കുടിവെള്ളത്തിന്റെയും പോലുള്ള നിരവധി മേഖലകൾ താഴയപ്പെട്ട ദലിതുകളുടെ ദൈനംദിന ജീവിതത്തെ തൊടാൻ മുഖ്യധാരാ പോപ്പുലിസത്തിന് കഴിഞ്ഞില്ല.

1970-കളിൽ മഹാരാഷ്ട്രയിൽ ഉടലെടുത്ത ദലിത് പാന്തേഴ്സ് ദലിതുകൾക്ക് മേൽ ജാതീയസമൂഹം നടത്തുന്ന അന്യാചാരങ്ങളെ ചോദ്യംചെയ്തു. അതേ സമയം ഉയർന്നുവന്ന മുഖ്യധാരാ സ്ത്രീപ്രസ്ഥാനം, ബലാത്സംഗം, പോലീസ് കസ്റ്റഡിയിൽ വെച്ച് ബലാത്സംഗം തുടങ്ങിയ പ്രധാന പ്രശ്നങ്ങളിൽ ഇടപെട്ടിട്ടില്ലെങ്കിലും പക്ഷെ ജാതി ലിംഗാവസ്ഥകളാൽ നിർണ്ണയിക്കപ്പെട്ട ദലിത്സ്ത്രീകളുടെ ലൈംഗികചൂഷണത്തെക്കുറിച്ച് അന്വേഷിക്കുന്നതിൽ പരാജയപ്പെട്ടു. ബ്രാഹ്മണിക് പിതൃദായക ലൈംഗിക സംസ്കാരത്തിന്റെ തുടർച്ച ചോദ്യം ചെയ്യപ്പെടാതിരിക്കുകയും ആണുണ്ടായത്. മഹാരാഷ്ട്രയിലെ സിരസ് ഗ്രാമത്തിൽ (സിരസ്ഗാവ്) ഡിസംബർ 22 തീയതി 1963ൽ നാല് ദലിത്സ്ത്രീകളെ സവർണർ നഗ്നരാക്കി നടത്തുകയുണ്ടായി എന്നത് ജാതീയ പുരുഷാധിപത്യത്തിന്റെ


ഇരയാക്കപ്പെട്ട പെൺകുട്ടിയുടെ കുടുംബാംഗങ്ങൾ

പ്രാമാണികതയെ തെളിയിക്കുന്നതാണ്. ലക്ഷ്മിഭായി വിത്തൽ അമൃതസിരസത്ത് എന്ന ദലിത്സ്ത്രീക്കും അവരുടെ മരുമകളായ സോണാബായി, കൗദാബായി, സാക്റാബായി തുടങ്ങിയവർക്കാണ് ജാതീയതയുടെ ആക്രമാത്സുകതക്ക് ഇരയാകേണ്ടി വന്നത്. ഇന്ത്യയുടെ സാമൂഹിക രാഷ്ട്രീയ ചരിത്രത്തിൽ അതിന്റെ ബ്രാഹ്മണിക് സ്വഭാവം കൊണ്ട് ഇന്ത്യയുടെ സവിശേഷ ജാതീയ അവസ്ഥകൾ ഗൗരവമായ രീതിയിൽ പഠിപ്പിക്കപ്പെട്ടിട്ടില്ലെന്ന് ദലിത്സ്ത്രീ രാഷ്ട്രീയ പ്രവർത്തകർ അഭിപ്രായപ്പെടുന്നു. ജാതിയെ വെറും അധിനിവേശത്തിന്റെ സൃഷ്ടിയെന്നുള്ള അധീശ സാമൂഹ്യശാസ്ത്ര അക്കാദമിക് വ്യായാമങ്ങളുടെ പൊള്ളത്തരങ്ങളുമാണ് സ്വതന്ത്രഭാരതത്തിലെ ഇത്തരം ആധുനിക വിരുദ്ധവും ഭരണഘടനാ വിരുദ്ധവുമായ ജാതിയെ പ്രയോഗങ്ങൾ തള്ളിക്കളയുന്നത്.

ദലിത്സ്ത്രീകൾ ആത്മാഭിമാനത്തോടെ തങ്ങളുടെ അവകാശങ്ങളും മറ്റും ശക്തമായി ഉന്നയിക്കാൻ തുടങ്ങിയതോടുകൂടി ഉയർന്ന ജാതി പുരുഷന്മാരും സ്ത്രീകളും അവർക്ക് എതിരെ നടത്തുന്ന അതിക്രമങ്ങളും ഏറി തുടങ്ങിയെന്നതാണ് മഹാരാഷ്ട്രയിലെ ഖൈർലാഞ്ചി എന്ന ഗ്രാമത്തിൽ 29 സെപ്റ്റംബറിൽ നടന്ന ബയ്യാലാൽബോട്ട്മോംഗെ കുടുംബത്തിന് നേരിടേണ്ടിവന്ന ജാതീയ ആക്രമണം തെളിയിക്കുന്നത്. ബയ്യാലാൽ ബോട്ട്മോംഗേയും അദ്ദേഹത്തിന്റെ ഭാര്യയായ സുരേഖയ്ക്കും പ്രിയങ്ക, റോഷൻ, സുധീർ എന്ന മക്കൾക്കുമെതിരെയാണ് മൃഗീയമായ ആക്രമണമുണ്ടായത്. കൂട്ടബലാത്സംഗവും പൊതുയോഗത്തിൽ വച്ച് അപമാനപ്പെടുത്തുകയും തുടർന്നുള്ള പീഡനങ്ങളും ഒ.ബി.സി പുരുഷ/ സ്ത്രീകളും ഒരേ പോലെ നടത്തുകയാണുണ്ടായത്. ലൈംഗിക അപവാദവും സദാചാര പോലീസിങ്ങും നടത്തി ആ ദലിത് കുടുംബത്തിനെ ആക്രമിച്ചതിനു പിന്നിൽ മാറുന്ന ഗ്രാമീണ-മുതലാളിത്വ-ഭൂമി -ജാതി അധികാരവും ജാതീയതയുമാണ് പ്രവർത്തിച്ചിരുന്നത് .

വലതുപക്ഷ പ്രവർത്തകരും മാധ്യമങ്ങളും സത്യത്തെ വളച്ചൊടിക്കുകയാണ് ഉണ്ടായത്. ഫ്യൂഡൽ അർത്ഥ ഫ്യൂഡൽ കാർഷിക അവസ്ഥകളും ജാതീയതയും പുരുഷാധിപത്യവും ജാതി-വർഗ്ഗധ്രുവീകരണങ്ങളുമാണ് ഖൈർലാൻഞ്ചിയിലെ ജാതീയ ക്രൂരതയെ നിർണയിച്ചത്. ഇന്ത്യയിലുടനീളം ദലിത്സ്ത്രീകൾക്കെതിരെ നടക്കുന്ന ആക്രമണങ്ങളിൽ ജാതീയ, ലിംഗ വ്യവസ്ഥകളും അതിന്റെ പുരുഷാധിപത്യ തലങ്ങളും പ്രവർത്തിക്കുന്നുണ്ട്. ദലിത്സ്ത്രീകളുടെ പ്രശ്നങ്ങൾ അധീശക്തി അക്കാദമിക് സമൂഹത്തിന്റെ ഉപരിപ്ലവമായ ചർച്ചകൾക്ക് പാത്രമാവുകയും അവരുടെ സാമൂഹ്യ സാംസ്കാരിക മൂലധനത്തിലൂടെ ദളിത് സ്ത്രീകളെ മറികടക്കാൻ ഉപയോഗിക്കുകയും ചെയ്യുന്നു. പൊതുഇടങ്ങളിൽ പുരോഗമനം പ്രകടിപ്പിക്കുന്ന സവർണ്ണ അക്കാദമിക്കുകൾ സ്വകാര്യയിടങ്ങളിൽ തങ്ങളുടെ ജാതീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുവെന്ന് ദളിത് വിദ്യാർഥി- വിദ്യാർത്ഥികളുടെ എഴുത്തുകളിലൂടെയും രാഷ്ട്രീയ പ്രവർത്തനങ്ങളിലൂടെയും മനസ്സിലാക്കാവുന്നതാണ്. കൊളോണിയൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായുള്ള ജാതിക്കെതിരെ ഉണ്ടായ കീഴാള മുന്നേറ്റങ്ങളുടെ സത്യസന്ധത സമകാലിക പ്രബുദ്ധരായി നടിക്കുന്ന അക്കാദമിക്കുകൾക്ക് അന്യമാണ്.

നിയമ സ്ഥാപനങ്ങളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാധ്യമങ്ങളിലും ഉള്ള ഉന്നത ഹിന്ദുക്കളുടെ അധീശത്വം അത്തരം മേഖലകളിലേക്കുള്ള ദളിത്സ്ത്രീകളുടെ വരവിനെ തടയുന്നു. അത്യധികം പ്രാന്തവൽക്കരിക്കപ്പെട്ട ദളിതരുടെയും ദളിത്സ്ത്രീകളുടെയും സാന്നിധ്യം ആധുനിക പുരോഗമന ഇന്ത്യൻ സാംസ്കാരിക രാഷ്ട്രീയ സാമ്പത്തിക സ്ഥാപനങ്ങളുടെ പൊള്ളത്തരം തുറന്നു കാണിക്കുന്നു. ഹത്റാസിലെ പെൺകുട്ടിക്ക് പൊതുസമൂഹം നിർഭയകേസിന് അവർ നൽകിയ പ്രാധാന്യം നൽകിയില്ലെന്നു ദളിത് സ്ത്രീപക്ഷവാദികളുടെ വിമർശനം തിരിച്ചറിയേണ്ടത് മേൽപ്പറഞ്ഞ രാഷ്ട്രീയത്തോട് ചേർത്ത് വെച്ച് കൊണ്ടാണ്. ജസ്റ്റിസ് വർമ്മ കമ്മിറ്റി റിപ്പോർട്ട് ബലാത്സംഗത്തിന്റെയും ലൈംഗിക അതിക്രമങ്ങളെയും ദുരഭിമാനക്കൊലകളെയും കുറിച്ച് ശ്രദ്ധേയമായ നിരീക്ഷണങ്ങൾ മുന്നോട്ടുവെക്കുന്നുണ്ട്. ദലിത്സ്ത്രീകളുടെ ജാതിപദവി കാരണം അവർ നേരിടേണ്ടി വന്ന ഘടനാപരമായ ആക്രമോത്സുകതയെയും കുറിച്ച് നിരീക്ഷിക്കുന്നുണ്ട്. നിർഭയകേസിന്റെ പശ്ചാത്തലത്തിൽ നൽകിയ ശിക്ഷ കുറ്റവാളികളിൽ ഭീതി സൃഷ്ടിക്കുമെന്നും അതുകൊണ്ടുതന്നെ ഇത്തരം ക്രൂരകൃത്യങ്ങളിൽ നിന്ന് അവർ പിൻവാങ്ങുമെന്ന നിയമപരമായും പൊതുസമൂഹത്തിന്റേതുമായ വായനകൾ ദലിത്സ്ത്രീകൾക്കെതിരെ നടന്ന ആക്രമണങ്ങൾക്ക് പരിഹാരമാവില്ലെന്നത് നിരന്തരം ആവർത്തിക്കുന്ന ജാതീയ പുരുഷാധിപത്യ ഭീകരത വ്യക്തമാക്കുന്നു. സ്ഥാപനങ്ങളും ആധുനിക നിയമങ്ങളും തുടർന്നുണ്ടായ സാമൂഹ്യ മാറ്റങ്ങളും ഒരേകാലത്ത് നിലനിൽക്കുന്നു. അത്തരമൊരു അപരിചിതമായ നൈരന്തര്യത്തിന്റെ വൈരുദ്ധ്യമാണ് ദലിത്സ്ത്രീകളുടെ സാമൂഹ്യ നീതിക്ക് വിലങ്ങുതടിയാകുന്നത് എന്ന സമകാലിക ദലിത്സ്ത്രീ അവസ്ഥകൾ വെളിവാക്കുന്നു.

**സഹായകഗ്രന്ഥങ്ങൾ :**


Ara, Ismat (28th October, 2020) *"Hathras Gang-rape and Murder Case* : A Timeline", The Wire

Philipose, Pamela (10th October, 2020), "Backstory : *The Hathras Gangrape and four media challenge*", The Wire.

Rao, Anupama (2003) "Understanding Sirasgaon: Note Towards conceptualising the role of law, caste and gender in a case of "*atrocity*", In, Anupama Rao (edited) "Gender & Caste" pp. 276-310.

Teltumbde, Anand (2008) "Khairlaji : *A Strange and Bitter Crop*", Haryana Publishers.

Salve, Mukta (1855) *The Plight of Mahar and and Mang* (Original in Marathi, ) The Satyashodhk

https://thesatyashodhak.com/2020/04/18/dnyanoday-essay-mukta-salve/ accessed on 20th December, 2020.



**ഉർവ്വശി ബൂട്ടാലിയ**
ഫെമിനിസ്റ്റ് പ്രവർത്തക, പ്രസാധക, കാളി ഫോർ വിമൻ എന്ന ഫെമിനിസ്റ്റ് പ്രസാധക സ്ഥാപനത്തിന്റെ സ്ഥാപക



**ഉമാ ചക്രവർത്തി**
ചരിത്രകാരി, ചലച്ചിത്ര പ്രവർത്തക, വനിതാ/ മനുഷ്യാവകാശ പ്രവർത്തക

# നിയമത്തിന്റെ പരിമിതികൾ: സോണി സൂരി കേസിലൂടെ




**വൃന്ദാ ഗ്രോവർ**



വിവർത്തനം:
**കതെയ്ൻ ഹിമ**
വംശനാശഭീഷണി നേരിടുന്ന ഹിമാലയൻ ഭാഷകളിൽ ഗവേഷണം ചെയ്തു. ഇപ്പോൾ സ്വതന്ത്രമായി ഗവേഷണം നടത്തുന്നു.

ഫെമിനിസ്റ്റ് പ്രവർത്തകയും എഴുത്തുകാരിയുമായ ഉർവ്വശി ബൂട്ടാലിയ, ചരിത്രകാരിയും സിനിമാ പ്രവർത്തകയുമായ ഉമാ ചക്രവർത്തി എന്നിവർ വൃന്ദാ ഗ്രോവറുമായി നടത്തിയ അഭിമുഖത്തിന്റെ ഒരു പ്രധാനഭാഗമാണിത്. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രശസ്ത മനുഷ്യാവകാശ നിയമവിദഗ്ദ്ധയും അഭിഭാഷകയുമായ വൃന്ദാ ഗ്രോവർ, സ്ത്രീ വിമോചന പ്രസ്ഥാനവുമായുള്ള തന്റെ വളരെക്കാലത്തെ ഇടപെടലുകളെപ്പറ്റിയും, വാദിച്ചിട്ടുള്ള പ്രധാനപ്പെട്ട ചില കേസുകളെപ്പറ്റിയും, അന്യായത്തെയും അക്രമത്തെയും വിവേചനത്തെയും അതിജീവിച്ച സ്ത്രീകൾക്ക് നിയമോപദേശം കൊടുത്തിട്ടുള്ള സാഹചര്യങ്ങളെപ്പറ്റിയും മറ്റും സംസാരിക്കുന്ന ഈ അഭിമുഖം, നിയമത്തിന്റെ സാധ്യതകളെയും പരിമിതികളെയും കുറിച്ച് ഉൾക്കാഴ്ച്ച തരുന്നു. ഛത്തീസ്ഗഢിലെ ആദിവാസി നേതാവ് സോണി സൂരിയുടെ കേസിൽ ഇടപെടാൻ ഇടയായ സാഹചര്യവും അതുമായി ബന്ധപ്പെട്ട അനുഭവങ്ങളുമാണ് ഇതിലെ പ്ര

തിപാദ്യം.

*ചോദ്യം: അപ്പോൾ ശിക്ഷാതീതത('ഇമ്പ്യൂണിറ്റി')ക്ക് ഇത്രയും ഊഹാതീതമായ തലങ്ങൾ ഉണ്ടല്ലേ! സി ഡി ആർ (ഫോൺ സംഭാഷണ രേഖ) പോലെ സങ്കീർണ്ണമല്ലാത്ത രേഖയെ പോലും ശിക്ഷാതീതതക്കുള്ള ഒരു ഉപകരണമാക്കിയെടുക്കാൻ കഴിയുമെന്ന് ആരും ചിന്തിക്കുക പോലുമില്ല. ഇതുപോലെ കുറ്റവാളികൾക്ക് പ്രോത്സാഹനമാകുന്ന മറ്റു കാര്യങ്ങളെക്കുറിച്ചു കൂടി പറയാമോ?*

ഉത്തരം: ജെൻഡർ എന്നത് വളരെ ആഴത്തിൽ നമ്മുടെയുള്ളിൽ പ്രവർത്തിക്കുന്ന അസമത്വങ്ങളുടേയും വിവേചനങ്ങളുടേയും മുൻവിധികളുടേയും ഒക്കെക്കൂടെ ലയിച്ചുചേർന്ന്, വളരെ തീവ്രമായ ആക്രമണസാധ്യത (വൾനറബിലിറ്റി) ഉണ്ടാക്കുന്നതും, ശിക്ഷാതീതതക്ക് ബലം വർദ്ധിപ്പിക്കുന്നതുമായ ഒന്നാണ്. ജാതിയോ, മതമോ, വംശീയതയോ ആയിട്ടുള്ള ലിംഗഭേദത്തിന്റെ പുനർഛേദം (ഇന്റർസെക്ഷൻ) സംഭവിക്കുന്നിടത്തായാലും സംഘർഷഭരിത പ്രദേശങ്ങളിലായാലും, ലൈംഗികാതിക്രമങ്ങൾക്കിരയാകുന്നവർക്ക് ന്യായത്തിന്റെ ഒരു കണിക പോലും ലഭിക്കുകയില്ല. ക്രമസമാധാനം ഉറപ്പാക്കാൻ നിയോഗിക്കപ്പെട്ടവർ തന്നെ സ്ത്രീകൾക്കെതിരെ അതിക്രമം നടത്തുമ്പോൾ ഒരു നിയമസംവിധാനവും അവർക്കു തടസ്സമാകുന്നില്ല.

ഉദാഹരണമായി, ഛത്തീസ്ഗഢിലെ നല്ലൊരു ഭാഗം സ്ത്രീകൾ സി ആർ പി എഫ് സെൻട്രൽ റിസേർവ് പോലീസ് ഫോഴ്സ്പ, പ്രാദേശിക പോലീസ്, ഡിസ്ട്രിക്ട് റിസേർവ് ഗാർഡ്സ്, സ്പെഷ്യൽ പോലീസ് ഓഫീസർമാർ (ഇവർ മിക്കവാറും പോലീസിന്റെ മാപ്പുസാക്ഷികളായ ചാരന്മാരായിരിക്കും) എന്നിവർ ചെയ്തിട്ടുള്ള കൂട്ടബലാൽസംഗങ്ങളെക്കുറിച്ചു പരാതിപ്പെട്ടിട്ടുണ്ട്. ഒരു എഫ് ഐ ആർ രജിസ്റ്റർ ചെയ്യാനോ പരാതി നൽകാനോ വേണ്ടി ഈ സ്ത്രീകൾ അവരുടെ ഗ്രാമങ്ങളിൽ നിന്ന് അനവധി കിലോമീറ്ററുകൾ നടന്നാണ് പോലീസ് സ്റ്റേഷനിൽ എത്തിപ്പറ്റേണ്ടത്. അതുകൊണ്ടു തന്നെ പരാതി കൊടുക്കുന്നതിലുള്ള കാലതാമസത്തെക്കുറിച്ച് "എന്തുകൊണ്ട് അന്നുതന്നെ പരാതിപ്പെട്ടില്ല, ഇപ്പോൾ എങ്ങനെ പരാതിയുണ്ടായി" എന്നുള്ള ചോദ്യങ്ങൾ ഉയരുമ്പോൾ നമ്മൾ അന്വേഷിക്കേണ്ടത് ഈ സ്ത്രീകൾക്ക് നിയമസംവിധാനം എത്രത്തോളം വിദൂരത്താണെന്നാണ്. ഇത്തരം കേസുകൾ ഉൾക്കൊള്ളുന്ന ഒഴിവാക്കാനാവാത്ത കാലതാമസം, വൈദ്യ പരിശോധനയിലൂടെയുള്ള തെളിവുകൾക്കുള്ള സാധ്യത പോലും ഇല്ലാതാക്കുന്നു. ഇത്തരം മേഖലകളുടെ വാസ്തവസ്ഥിതി മാനിക്കാതെ കുറ്റം, വിചാരണ, അതിനുള്ള തെളിവുകൾ എന്നിവയെപ്പറ്റിയുള്ള നമ്മുടെ നാഗരികാധിഷ്ഠിതമായ സങ്കല്പത്തിന്റെ ലെൻസിലൂടെ ഈ പ്രശ്നങ്ങളെ അളക്കാൻ പാടുള്ളതല്ല. യൂണിഫോം അണിഞ്ഞവരും, പ്രദേശത്തിന്റെ നിയന്ത്രണം കയ്യാളുന്നവരുമായ പുരുഷശക്തികൾക്കെതിരെയാണ് ഈ ആദിവാസിസ്ത്രീകൾ പരാതിപ്പെടാൻ മുന്നോട്ടു വരുന്നത് എന്ന വസ്തുത നാം വിസ്മരിച്ചുകൂട. ദേശീയ മനുഷ്യാവകാശ കമ്മീഷനിൽ കിട്ടിയിട്ടുള്ള ലൈംഗികാതിക്രമ പരാതികൾ പരിശോധിച്ചാൽ മനസ്സിലാക്കാം, ആദിവാസി സ്ത്രീകൾ പരാതിപ്പെടാൻ മുന്നോട്ടു വന്നിട്ടുണ്ടെങ്കിൽ ഉറപ്പാണ്, അവർക്ക് ഒരാദിവാസി നേതാവിന്റെയോ ആദിവാസി സംഘടനയുടെയോ സ്ത്രീവിമോചന പ്രസ്ഥാനങ്ങളുടെയോ പിന്തുണ കിട്ടിയുണ്ടാകും. എനിക്ക് തോന്നുന്നു, നിയമവ്യവസ്ഥ ഇത് തിരിച്ചറിയേണ്ട സമയം കഴിഞ്ഞിരിക്കുന്നു.



സോണി സൂരി

ചില വിഭാഗങ്ങളുടെ പാർശ്വവൽക്കരണത്തിന്റെ പാരമ്യത കാരണം അവർക്ക് ഒരിക്കലും ഒരു പോലീസ് സ്റ്റേഷനിലേക്ക് പരാതിപ്പെടാനായി നടന്നു ചെല്ലാനുള്ള സാഹചര്യമില്ല. അവകാശ വിനിയോഗത്തിലുള്ള ഇത്തരം അസമത്വങ്ങൾ എപ്പോഴും ആദിവാസി സംഘടനയുടെയോ സ്ത്രീ വിമോചന പ്രസ്ഥാനങ്ങളുടെയോ ഇടപെടൽ ആവശ്യമാക്കുന്നു. ഞാനിത് അടിവരയിട്ടു പറയാൻ കാര്യമുണ്ട്, സോണി സൂരിയെ പോലുള്ള ഒരു ആദിവാസി നേതാവിനെയോ സ്ത്രീപ്രസ്ഥാന പ്രവർത്തകരെയോ സംശയദൃഷ്ടിയോടെ നോക്കാനാണ് നിയമവ്യവസ്ഥയുടെ പ്രവണത. കൂടാതെ നിഷ്കളങ്കരായ ആദിവാസിസ്ത്രീകളെ വഴി തെറ്റിക്കുന്നതിന്റെയും മാവോയിസ്റ്റുകളുടെ കൂടെ

ച്ചേർന്ന് സുരക്ഷാ സേനയുടെ സൽപ്പേര് കളയുന്നതിന്റെയും കുറ്റം അവരുടെമേൽ ചാർത്തുകയും ചെയ്യുന്നു. ലൈംഗികപീഢനം സ്ത്രീയുടെ തുല്യത, അന്തസ്സ് എന്നീ പൗരാവകാശത്തിനോടുള്ള അവഹേളനവും അതിക്രമവും ആണെന്നും അത് ലാഘവത്തോടെ കാണേണ്ട ഒരു സംഗതിയല്ല, മറിച്ചു കുറ്റകൃത്യമാണെന്നും പഠിച്ചത് പോലെ തന്നെ, വിവിധവിഭാഗം സ്ത്രീകളുടെ വിവിധതരം പാർശ്വവൽക്കരണങ്ങളും നീതിലബ്ധിക്ക് അവ സൃഷ്ടിക്കുന്ന പ്രതിബന്ധങ്ങളും കൂടി നിയമവ്യവസ്ഥ ഗ്രഹിക്കേണ്ടിയിരിക്കുന്നു.

ഞാൻ വ്യത്യസ്തമായ മറ്റൊരു ഉദാഹരണം തരട്ടെ, നാൽസ (ദേശീയ നിയമ സഹായ സമിതി) ഇന്ത്യയിൽ പാവപ്പെട്ടവർക്ക് നിയമസഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സമാന്തര നിയമവിദഗ്ധരുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും ആദിവാസി സ്ത്രീകൾക്ക് പോലീസ് സ്റ്റേഷനിൽ എത്താനും ബലാത്സംഗങ്ങൾക്കെതിരെ പരാതിപ്പെടാനുമുള്ള സഹായം ചെയ്തുകൊടുക്കുന്ന ആദിവാസിസംഘടനകളെയും സ്ത്രീ പ്രസ്ഥാനങ്ങളെയും എന്തുകൊണ്ട് നിയമം സംശയദൃഷ്ടിയോടെ നോക്കിക്കാണുന്നു? ഈ സ്ത്രീകൾ എങ്ങനെയാണ് കുറ്റവാളികളായ ഈ പുരുഷന്മാരെ തിരിച്ചറിയാൻ പോകുന്നത്? കുറ്റവാളികൾ യൂണിഫോമിൽ ആയിരിക്കും; ഇത്ര ഭീതിദമായ സാഹചര്യത്തിൽ ഈ സ്ത്രീകൾ അവരുടെ പേരോ മുഖച്ഛായയോ തിരിച്ചറിയാൻ യാതൊരു സാധ്യതയുമില്ല. ഉത്തരപൂർവ്വ സംസ്ഥാനങ്ങളിലാവട്ടെ കാശ്മീരിലാവട്ടെ, ബലാത്സംഗ കേസുകളിൽ മാത്രമല്ല, ആൾക്കാരെ ബലമുപയോഗിച്ചു അപ്രത്യക്ഷരാക്കുന്ന എൻകൗണ്ടർ കേസുകളിലും നിയമേതര ഉന്മൂലനങ്ങളുടെ (എക്സ്ട്രാജുഡിഷ്യൽ കില്ലിംഗ്) കേസുകളിലും പോലും മനുഷ്യാവകാശധ്വംസനം ആരോപിക്കപ്പെട്ട പ്രത്യേക യൂണിറ്റിനെ ആ പ്രദേശത്തുനിന്ന് പെട്ടെന്ന് മാറ്റി അവിടെ പുതിയൊരു യൂണിറ്റിനെ കൊണ്ടുവരാറാണ് പതിവ്. ഇതുവഴി കുറ്റവാളികളെ തിരിച്ചറിയാനുള്ള എല്ലാ സാധ്യതകളെയും അടച്ചുകളയുന്നു. ഇത്തരം ശോചനീയമായ സാഹചര്യങ്ങളിൽ നീതിന്യായവ്യവസ്ഥ എങ്ങനെ പ്രതികരിക്കും? ഈ ബലാത്കാരങ്ങളും ലൈംഗികാതിക്രമങ്ങളും അനിവാര്യമായ നഷ്ടമായി എഴുതിത്തള്ളുമോ? കുറ്റവാളികളെ തിരിച്ചറിയാനുള്ള ഉത്തരവാദിത്വം ഇരയാക്കപ്പെട്ടവരുടെ തലയിൽ തന്നെ കെട്ടിവെക്കുമോ? ഞാൻ രണ്ടു വസ്തുതകൾ ചൂണ്ടിക്കാണിക്കട്ടെ, ഒന്ന് നിയമം തിരിച്ചറിയുന്നതും രണ്ടാമത്തേത് നിയമത്തിന് നടപ്പാക്കാൻ വിമുഖതയുള്ളതും. 2013 ലെ ക്രിമിനൽ നിയമ പരിഷ്കരണത്തിൽ ഒരു പ്രധാന പരിഷ്കരണം, സെക്ഷൻ 376(2)നു കീഴിൽ വരുന്ന "കോവേഴ്സിവ് സർകംസ്റ്റൻസ്ക"ളുടെ പട്ടികയിൽ "അഗ്ഗ്രവേറ്റഡ് റേപ്പ്" കൂടി കൂട്ടിച്ചേർത്തു എന്നതാണ്. അധികാരത്തെയും "കസ്റ്റോഡിയൽ റേപ്പി"നെയും സംബന്ധിക്കുന്ന ഈ പുതിയ വ്യവസ്ഥ, മഥുര കേസിനു ശേഷം ചേർത്തതാണ്. ഇത് സ്ഥാനം, പദവി, ഭരണകൂടശക്തി എന്നിവ സ്ത്രീയുടെ ആക്രമണസാധ്യത (വൾനറബിലിറ്റി) വർധിപ്പിക്കുന്നു എന്ന് അംഗീകരിക്കുന്നു. ഇതോടെ പോലീസ് കസ്റ്റഡി ഒരു "അഗ്ഗ്രവേറ്റഡ് സർകംസ്റ്റൻസ്" ആയും "അഗ്ഗ്രവേറ്റഡ് റേപ്പി"ൽ ഉൾപ്പെട്ട ഒരു വിഭാഗമായും അംഗീകരിക്കപ്പെട്ടു. 2013ൽ സായുധ സേനാംഗങ്ങൾ നടത്തുന്ന ബലാത്സംഗങ്ങൾ കൂടി ഇതേ സെക്ഷന്റെ പരിധിയിലേക്കു കൂട്ടിച്ചേർത്തു. ഈ പുതിയ സെക്ഷനു കീഴിൽ ആദ്യമായി പരാതി നൽകിയത് സി ആർ പി എഫ് പട്രോളിങ് ഗ്രൂപ്പിലെ ജവാന്മാർക്കെതിരെ ഛത്തീസ്ഗഢിലെ ആദിവാസി സ്ത്രീകളാണ്.

ഇതുവരെ അന്വേഷണം ഒരിടത്തും എത്തിയിട്ടില്ല എന്നത് വസ്തുതയാണ്, പക്ഷെ നിയമം ഇതിനെ ഒരു "അഗ്ഗ്രവേറ്റഡ് റേപ്പ്" കേസായി അംഗീകരിച്ചു. വേറൊന്നും ഉണ്ടായില്ലെങ്കിലും അതുവരെ അപ്രതിരോധ്യമായിരുന്ന ശിക്ഷാതീതതയെ അതൊന്നുലച്ചു. സ്ത്രീകൾ ന്യായം ആവശ്യപ്പെടുന്നതും ന്യായം ലഭിക്കുന്നതും തമ്മിൽ വലിയൊരു വിടവ് നിലനിൽക്കുന്നുണ്ട്. പഴുതുകൾ നിയമത്തിൽ തന്നെയാണുള്ളത്. ഈ "അഗ്ഗ്രവേറ്റഡ് റേപ്പു"കളെ ഒറ്റപ്പെട്ട കുറ്റകൃത്യങ്ങളായി കണ്ടുകൂട. ഈ കുറ്റകൃത്യത്തിൽ ഏറ്റവും അഗ്രസ്ഥാനത്തിരിക്കുന്ന കുറ്റവാളി ആര് എന്ന് നിയമം അന്വേഷിക്കണം. അവിടെയാണ് അധികാരശ്രേണിയുടെ അടിസ്ഥാനത്തിൽ കുറ്റകൃത്യത്തിന്റെ ഉത്തരവാദിത്വം നിശ്ചയിക്കുന്ന അന്തർദേശീയ നിയമ വ്യവസ്ഥയുടെ പ്രാധാന്യം. ഇത് അന്തർദേശീയ ക്രിമിനൽ കോടതി അവലംബിക്കുന്ന 'റോം സ്റ്റാറ്റ്യൂട്ട്' മാത്രമല്ല, മറ്റു പല അന്തർദേശീയ നിയമങ്ങളും അംഗീകരിക്കുന്ന ഒന്നാണ്.

നമ്മുടെ നിയമനിഘണ്ടുവിൽ ഈ പ്രമാണത്തിന്റെ അഭാവം കാരണം ഉത്തരവാദിത്തം ചുമത്തുക സാധ്യമാകാതെ പോകുന്നു. ഈ യൂണിഫോമിട്ട പുരുഷന്മാർ ഒരു 'ചെയിൻ ഓഫ് കമ്മാണ്ടി'ലൂടെയാണ്, അല്ലെങ്കിൽ ഒരു ആജ്ഞാശ്രേണിയിലൂടെയാണ് കാര്യങ്ങൾ നടത്തുന്നത്, അവർ മുകളിൽ നിന്നുള്ള ഉത്തരവുകളാണ് അനുസരിക്കുന്നത്. അതുകൊണ്ടുതന്നെ താണ പദവിയിലുള്ള ഏതെങ്കിലും സുരക്ഷാ പ്രവർത്തകനോ യൂണിറ്റോ ഔദ്യോഗിക ചുമതലയിൽ വീഴ്ചവരുത്തുകയും അത് മുകളിലുള്ള അധികാരിയുടെ അറിവിൽ പെടുകയും ചെയ്താൽ ആ അധികാരിക്കു നടപടിയെടുക്കാനുള്ള ഉത്തരവാദിത്തമുണ്ട്. ഇത് ചെയ്യാത്തപക്ഷം നിയമത്തിനു മുന്നിൽ അയാൾ ഉത്തരം പറയാൻ ബാധ്യസ്ഥനാകും. നമ്മുടെ നിയമത്തിൽ ഇത്തരം നിബന്ധനകൾ ഇല്ലെന്നു മാത്രമല്ല ആരോടും ഉത്തരം പറയാതെ ആരെയും തടവിലാക്കാൻ പഴുതുകളുള്ള അഫ്സ്പ (ആംഡ് ഫോഴ്സസ് സ്പെഷ്യൽ പവേഴ്സ് ആക്ട്) പോലുള്ള നിയമങ്ങൾ ശിക്ഷക്കുള്ള സാധ്യത പോലും ഇല്ലാതാക്കു

ന്നു. അങ്ങനെ ശിക്ഷാതീതരുടെ ഒരു സംസ്കാരം തന്നെ പടർന്നു പന്തലിച്ചിരിക്കുന്നു. മണിപ്പൂരിലെ മനോരമയുടെ കേസിലും ബസ്തറിലെ ആദിവാസി സ്ത്രീകളുടെ കാര്യത്തിലും കശ്മീരിലെ കുനാൻ പോഷ്പോറയിലും ഇതാണ് നമ്മൾ കണ്ടത്. അതുകൊണ്ട് അന്താരാഷ്ട്ര നിയമത്തിലെപ്പോലെ കുറ്റകൃത്യങ്ങളുടെ ഉത്തരവാദിത്തം ഉന്നതങ്ങളിലേക്ക് നീളുന്ന ഒരു നിയമമില്ലാത്ത സാഹചര്യത്തിൽ ശിക്ഷാതീതതക്ക് ആഴത്തിൽ വേരോടുന്നു.

ബസ്തർ കേസിലേക്ക് തിരികെപ്പോവാം, ആ പരാതികളെല്ലാം അന്വേഷിച്ചത് ദേശീയ മനുഷ്യാവകാശ കമ്മീഷൻ (എൻ എച്ച് ആർ സി) ആണ്. എൻ എച്ച് ആർ സിക്ക് അവയുടെ സത്യാവസ്ഥ ബോധ്യപ്പെട്ടു എന്ന് മാത്രമല്ല, അന്വേഷണത്തിനിടെ കൂടുതൽ ബലാത്സംഗക്കേസുകളെപ്പറ്റി അറിവുകിട്ടുകയും ചെയ്തു. ഈ സ്ത്രീകൾക്ക് നഷ്ടപരിഹാരം കൊടുക്കണമെന്ന് എൻ എച്ച് ആർ സി ആവശ്യപ്പെട്ടു. അതിനു മറുപടി കൊടുക്കാൻ പോലും ഛത്തീസ്ഗഢ് സംസ്ഥാന ഗവണ്മെന്റ് സമയമെടുക്കുകയാണ് ചെയ്യുന്നത്. ഈ നഷ്ടപരിഹാരം കൊണ്ട് കാര്യമുണ്ടോ, അതവർ സ്വീകരിക്കുമോ എന്നൊന്നും എനിക്കറിയില്ല. പക്ഷെ നഷ്ടപരിഹാരം കൊടുക്കുന്നതിലൂടെ ഗവണ്മെന്റ് സമ്മതിക്കുന്ന ഒരു വസ്തുതയുണ്ട്, ഈ സ്ത്രീകൾ യൂണിഫോമിട്ട സുരക്ഷാ ഉദ്യോഗസ്ഥരുടെ ലൈംഗികാതിക്രമങ്ങൾക്കു പാത്രമായിട്ടുണ്ട്. ഇനി എന്റെ ചോദ്യം സി ആർ പി എഫിനോടും ഛത്തീസ്ഗഢ് ഗവണ്മെന്റിനോടുമാണ് : നിങ്ങളുടെ യൂണിഫോമിട്ട സുരക്ഷാ ഉദ്യോഗസ്ഥർ കുറ്റം ചെയ്തു എന്ന് സ്ഥിരീകരിച്ച ഈ ബലാത്സംഗ കേസുകളിൽ നിങ്ങൾ എന്തു നടപടിയെടുത്തു? ഇരകളായ സ്ത്രീകൾക്ക് അവരെ ബലാത്സംഗം ചെയ്ത ഉദ്യോഗസ്ഥന്മാരെ തിരിച്ചറിയാൻ കഴിയുന്നില്ലെന്ന വാദത്തിനു പിന്നിൽ ഇനിയും ഗവണ്മെന്റിന് ഒളിച്ചു നിൽക്കാനാവില്ല. ചർച്ചയുടെ ഈ ഗതി മാറ്റേണ്ടത് സ്ത്രീവിമോചന പ്രസ്ഥാനങ്ങൾ ആണെന്നാണ് എന്റെ അഭിപ്രായം. എന്തെന്നാൽ വളരെ വൈദഗ്ധ്യത്തോടെ സൗകര്യപൂർവ്വം ഉത്തരവാദിത്തം മുഴുവൻ ഇരകളായ സ്ത്രീകളുടെ തലയിലാണ് ഇവർ കെട്ടിവയ്ക്കുന്നത്. ഇതിലെല്ലാം ഞാൻ കാണുന്നത് ഒരേസമയം മുന്നിൽ നിന്നുള്ള തള്ളിമാറ്റലും പിന്നോട്ടടിയുമാണ്.

*ചോ: നമുക്ക് സോണി സൂരി കേസിനെക്കുറിച്ച് സംസാരിച്ചാലോ? പലയിടത്തു നിന്നും കിട്ടിയ വിവരങ്ങൾ അനുസരിച്ച്, സോണി സൂരി ഡൽഹിയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ നിങ്ങളെ വിളിച്ചിരുന്നു എന്ന് എനിക്കറിയാം. വാസ്തവത്തിൽ അവർ എങ്ങനെയാണ് നിങ്ങളെത്തന്നെ തെരഞ്ഞുപിടിച്ചത്? എന്താണന്നു നടന്നത്? എങ്ങനെയാണ് സോണി സൂരി കേസിൽ നിങ്ങൾ ഇടപെടാൻ ഇടയായത്? ലൈംഗികാതിക്രമ വിഷയത്തിൽ സജീവതാല്പര്യമുള്ള വ്യക്തിയെന്ന നിലയിൽ നിങ്ങളുടെ കൈയ്യിൽത്തന്നെ ഈ കേസ് എങ്ങനെ വന്നുപെട്ടു എന്നറിയാൻ കൗതുകമുണ്ട്.*

ഉ: സോണി സൂരി ഡൽഹിയിൽ അറസ്റ്റ് ചെയ്യപ്പെട്ടപ്പോൾ അതിൽ ഇടപെടാൻ എന്നോടാവശ്യപ്പെട്ടതു അവരുടെ ചില സുഹൃത്തുക്കളാണ്, കാരണം അവർക്കൊരു വക്കീലിനെ ആവശ്യമായിരുന്നു. ഛത്തീസ്ഗഡിലേക്കു തിരികെ കൊണ്ടുപോകാനുള്ള ട്രാൻസിറ്റ് റിമാണ്ടിനു വേണ്ടി ഇവരെ സാകേത് കോടതിയിൽ ഹാജരാക്കുമെന്ന വിവരം എനിക്ക് കിട്ടിയിരുന്നു. ആ സന്ദർഭത്തിലാണ് സോണിയെ ഞാനാദ്യമായി കാണുന്നത്. അങ്ങനെ ഞാൻ സാകേത് കോടതിയിലെത്തി. സഹേലിയിൽ നിന്നുള്ള ഉമാ ചക്രവർത്തിയെയും വാണി സുബ്രമണ്യത്തെയും വിവരം അറിയിച്ചു. സോണിയെ ഡൽഹി പോലീസ് ഹാജരാക്കിയപ്പോൾ അവരെന്നോടു വ്യക്തമായി പറഞ്ഞു, ഛത്തീസ്ഗഡിലേക്കു പോകാൻ തനിക്കു യാതൊരു താല്പര്യവും ഇല്ലെന്ന്; കാരണം അവിടെ ചെന്നാൽ പോലീസ്കാർ തന്നിൽ സമ്മർദ്ദം ചെലുത്തി ഛത്തീസ്ഗഢിലെ മനുഷ്യാവകാശ ധ്വംസനങ്ങൾക്കെതിരെ പോരാടുന്ന അവിടുത്തെയും ഡൽഹിയിലെയും പ്രവർത്തകർക്കെതിരെ മൊഴി കൊടുപ്പിക്കും. സോണിയെന്നോട് പറഞ്ഞു, "നോക്കൂ, അവർ എന്നോട് മോശമായി പെരുമാറും, എന്നെ അവഹേളിക്കും, എന്നെ പീഡിപ്പിക്കും. അതുകൊണ്ട് എന്റെ കസ്റ്റഡി ഛത്തിസ്ഗഢ് പോലീസിനു കൈമാറുന്നതിനെ നിങ്ങൾ എങ്ങനെയും തടയണം." പീഢനം ഒരു തുറന്ന രഹസ്യമാണെങ്കിലും, എൻ എച്ച് ആർ സി എല്ലാ കൊല്ലവും ആവർത്തിച്ചാവർത്തിച്ചു പോലീസ് കസ്റ്റഡിയിലുള്ള മർദ്ദനമുറകളെ രേഖപ്പെടുത്തുന്നുണ്ടെങ്കിലും നിർഭാഗ്യവശാൽ ദേശീയ സുരക്ഷയുടെയും നക്സൽ ബന്ധങ്ങളുടെയും പേര് പറഞ്ഞു പോലീസ് കോടതിയെ തെറ്റിദ്ധരിപ്പിച്ചു കൊണ്ടേയിരിക്കുന്നു. കോടതിയാവട്ടെ നിയമപാലകരെ വിശ്വസിക്കുന്നു. ട്രാൻസിറ്റ് റിമാൻഡ് തടഞ്ഞുകൊണ്ടുള്ള കോടതിയുത്തരവിന് വിദൂരസാധ്യത പോലുമില്ല എന്നെനിക്ക് അറിയാമായിരുന്നു. അതുകൊണ്ടുതന്നെ ഞാൻ സോണിയോട് പറഞ്ഞു, നിങ്ങൾക്കു വേണ്ടി ഞാൻ സർവ്വശക്തിയോടെ വാദിക്കും, പക്ഷെ ഒപ്പം തന്നെ നിങ്ങൾ കോടതിയെ അഭിമുഖീകരിച്ചു നിങ്ങൾക്കുള്ള ആശങ്കകൾ ജഡ്ജിയെ നേരിട്ട് ധരിപ്പിക്കുകയും വേണം. അല്ലെങ്കിൽ വിചാരിക്കും ട്രാൻസിറ്റ് റിമാണ്ടിനെതിരെ വക്കീലന്മാർ സ്ഥിരം പറയാറുള്ള വാദങ്ങൾ മാത്രമാണിവയെന്ന്. എന്നാൽ സോണിതന്നെ സംസാരിക്കുകയാണെങ്കിൽ അതിനു ജഡ്ജിയുടെമേൽ ഒരു പ്രത്യേക സ്വാധീനമുണ്ടാകും. മജിസ്ട്രേട്ട് സോണിയുടെ വാക്കുകൾ ഉത്തരവിൽ ഉദ്ധരിക്കുകയും ചെയ്യും. അങ്ങനെ തന്നെ സംഭവിക്കുകയും ചെയ്തു. സോണി ഹിന്ദിയിൽ ഛത്തിസ്ഗഢ് പോലീസ് തന്നെ കൈയിൽ കിട്ടിയാൽ വെറുതെ വിടുകയില്ലെന്നും കഠിനമായി ഉപദ്രവിക്കുമെന്നും പറഞ്ഞു. ജഡ്ജിയത് ഉത്തരവിൽ രേഖപ്പെടുത്തുകയും ചെയ്തു. എന്തൊ

ക്കെയായിട്ടും പക്ഷെ കോടതി ട്രാൻസിറ്റ് റിമാണ്ടിനു അനുവാദം കൊടുത്തു, സോണിയെ ഛത്ത്തീസ്ഗഢ് പോലീസ് കൊണ്ടുപോയി, പോലീസ് സ്റ്റേഷനിലിട്ടു ലൈംഗികമായി പീഡിപ്പിക്കുകയും ചെയ്തു.

*ചോ: നിങ്ങൾ പറയുന്നത് സോണിയുടെ ആശങ്കകൾ ജഡ്ജിയെക്കൊണ്ട് രേഖപ്പെടുത്തിക്കുവാൻ നിങ്ങൾക്കു കഴിഞ്ഞു എന്നാണോ?*

ഉ: അതെ. അത് ഉത്തരവിൽ എഴുതിച്ചേർത്തിരുന്നു എന്നു ഞാൻ ഓർമ്മിക്കുന്നു. അതുകൊണ്ട് ഈ സംഭവങ്ങൾക്കെല്ലാം കൃത്യമായും ക്രമമായുമുള്ള രേഖകളുണ്ട്. നിയമത്തെ സംബന്ധിച്ചിടത്തോളം ഇത് സുപ്രധാനമാണ്. അതുകൊണ്ടാണ് കോടതിയെ നേരിട്ട് ബോധ്യപ്പെടുത്താൻ ഞാൻ സോണിയോട് ആവശ്യപ്പെട്ടത്. പക്ഷെ അതിനുപോലും സോണിയെ തുടർന്നും ലൈംഗിക പീഡനത്തിനിരയാക്കുന്നതിൽ നിന്നും പോലീസിനെ പിന്തിരിപ്പിക്കാൻ കഴിഞ്ഞില്ല. എത്ര വേരുറച്ചതാണ് ഇവിടത്തെ ശിക്ഷാതീതത എന്ന് ഇതു നമുക്ക് കാണിച്ചുതരുന്നു.

സോണിയുടെ ലൈംഗിക പീഡനത്തിനെതിരെ സുപ്രീംകോടതിയിൽ ഒരു പെറ്റീഷൻ ഫയൽ ചെയ്തു. കൊൽക്കത്തയിൽ വച്ചുള്ള ഒരു സ്വതന്ത്രമായ വൈദ്യപരിശോധയിൽ അവരുടെ ഗുഹ്യഭാഗങ്ങളിൽ ചെറിയ കല്ലുകൾ കയറ്റിയിരുന്നതായി കണ്ടെത്താൻ കഴിഞ്ഞു. തന്നെ പീഡിപ്പിക്കാൻ ഉത്തരവു കൊടുത്ത പോലീസ് ഓഫീസറുടെ പേരു പോലും സോണി പരാമർശിച്ചിരുന്നു. എന്നിട്ടും കുറ്റക്കാരാരും വിചാരണ ചെയ്യപ്പെട്ടില്ല. ലൈംഗിക പീഡനത്തിനെതിരെ ഇത്രയധികം ധർമ്മരോഷം പ്രകടിപ്പിക്കുന്ന ഒരു രാജ്യത്തു സോണിയുടെ കേസ് നമ്മുക്ക് പഠിപ്പിച്ചു തരുന്ന ഒരു വസ്തുതയുണ്ട്: ചില സാഹചര്യങ്ങളിൽ ലൈംഗിക അതിക്രമവും പീഢനവുമൊന്നും സ്റ്റേറ്റ് ശിക്ഷാർഹമായി കാണുന്നില്ല.

*ചോ: എന്നല്ല, അതിനെ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്, അല്ലേ?*

ഉ: ചില പ്രത്യേക രാഷ്ട്രീയ സാഹചര്യങ്ങളിൽ ഈവക കൃത്യങ്ങളിൽ ഏർപ്പെട്ടോ അതിനു നേരെ കണ്ണടച്ചോ ഭരണകൂടം സ്വയം അതിൽ പങ്കാളിയാകാറുണ്ട്. അതിനെ ചോദ്യം ചെയ്യാൻ ബാധ്യസ്ഥരായ വ്യവസ്ഥകളാകട്ടെ അത് കണ്ടില്ലെന്നു നടിക്കുകയും ചെയ്യുന്നു. പ്രത്യേകിച്ചും വിവേചനത്തെയും അന്യായത്തെയും നീതിനിഷേധത്തെയും സ്ത്രീകൾ ചോദ്യം ചെയ്യുമ്പോൾ സ്വന്തം അധികാരത്തോടുള്ള വെല്ലുവിളിയായിട്ടാണ് ഭരണകൂടം അതിനെ കാണുന്നത്. ഇവർക്കെതിരെ ലൈംഗിക അതിക്രമം അഴിച്ചുവിട്ടും ലൈംഗിക പീഡനം ആയുധമാക്കിയുമാണ് ഭരണകൂടം പ്രതികരിക്കുന്നത്. ഈ കുറ്റവാളികൾക്കെതിരെ കൃത്യമായും കർശനമായും നടപടിയെടുക്കാൻ ന്യായപീഠം സങ്കോചം കാണിക്കുന്നുവെങ്കിൽ ഉറപ്പാണ്, ഇവരുടെ ലൈംഗീകാതിക്രമത്തിനു നീതിന്യായവ്യവസ്ഥയുടെ മൗനാനുവാദമുണ്ട്. അതിന്റെ സ്വാഭാവിക പരിണാമം, ഇതിനെ ചോദ്യം ചെയ്യുന്ന സ്ത്രീപ്രവർത്തകരുടെ സ്ഥിതി ഗുരുതരമായി അപകടപ്പെടുത്തുന്നു എന്നതാണ്.

എസ്സാർ കമ്പനിയിൽ നിന്നും മാവോയിസ്റ്റുകൾക്ക് ഫണ്ട് കൈമാറ്റം ചെയ്യുന്നതിന് ഇടനിലക്കാരായി പ്രവർത്തിച്ചു എന്ന പേരിൽ സോണി സൂരിയെയും അവരുടെ പത്രപ്രവർത്തകനായ അനന്തിരവൻ ലിംഗാറാം കൊടോപിയേയും കേസിൽ കുടുക്കി. കോടതിയിൽ വിചാരണ ചെയ്ത് ഈ കുറ്റം അവരുടെ മേൽ ചുമത്താനായിരുന്നു ശ്രമം. അവർക്കുവേണ്ടി വാദിക്കാനും കുറ്റവിമുക്തരാക്കാനും എന്നോടാവശ്യപ്പെട്ടു. അതേത്തുടർന്ന് അവരെ തടവിലിട്ടിരുന്ന ജഗ്ദൽപൂരിലും വിചാരണ നിശ്ചയിച്ചിരുന്ന ദന്തെവാഡ കോടതിയിലും ഞാൻ എത്തിച്ചേർന്നു. ജഗ്ദൽപൂർ സെൻട്രൽ ജയിലിലായിരുന്നു സോണിയും ലിംഗയും. അനുമതി വാങ്ങി ഞാൻ അവരെ ചെന്നുകണ്ടു. സ്ത്രീതടവുകാരുടെ വിഭാഗത്തിലായിരുന്നു സോണി. ലിംഗ പുരുഷന്മാരുടെ തടവറയിലും. സാകേത് കോടതിയിൽവച്ചു ഞാനവരെ കണ്ടതിന് ശേഷം വർഷങ്ങൾ കടന്നുപോയിരുന്നു.

അന്നുമുതൽക്കേ തടവിലായിരുന്നു അവർ, ലൈംഗികപീഡനത്തിനിരയായിരുന്നിട്ടുപോലും അവർക്കു ജാമ്യം കിട്ടിയിരുന്നില്ല. അവിടെവച്ച് എന്നെ ആദ്യം കണ്ടപ്പോൾ വ്യക്തമായി തിരിച്ചറിയാത്തതുപോലെയാണ് സോണി എന്നെ നോക്കിയത്, ഞാൻ അതേ അഭിഭാഷക തന്നെയാണോ എന്നവർക്ക് ഉറപ്പുണ്ടായിരുന്നില്ല. അധികം കഴിയും മുമ്പേ എന്നെ അവർ തിരിച്ചറിഞ്ഞു. അവരുടെ ആദ്യത്തെ ചോദ്യം "മേനേ ആപ്കോ കഹാ ഥാ, മുഝെ യഹാം മത് ഭേജോ" (ഞാൻ നിങ്ങളോടു അന്നേ പറഞ്ഞതല്ലേ എന്നെ ഇങ്ങോട്ടയക്കരുതെന്ന്?) എന്നായിരുന്നു. അതാണ് സോണി സൂരിയുടെ പ്രത്യേകത -- ഒട്ടും വിട്ടുവീഴ്ചയില്ലാത്ത സ്വഭാവം, തന്നോടായാലും മറ്റുള്ളവരോടായാലും. ഞാൻ മറുപടി പറഞ്ഞു, "ഹാം, പർമേനേ തുംഹേ കഹാ ഥാ മേ ആവൂംഗി, ആൻഡ് ഐ ഹാവ് കം." (അതെ, പക്ഷെ ഞാൻ വരുമെന്ന് ഞാൻ നിങ്ങളോടു പറഞ്ഞു, ഇതാ വന്നിരിക്കുന്നു.) അവർ പറഞ്ഞു, "ആപ്നേ ബഹുത് ദേർ കരീ." (പക്ഷെ നിങ്ങൾ വളരെ വൈകി.) ഞാൻ പറഞ്ഞു, ശരിയാണ്, ഞാനത് സമ്മതിക്കുന്നു. പക്ഷെ ഇപ്പോൾ നിങ്ങൾക്കുവേണ്ടി കോടതിയിൽ ഹാജരാവാൻ ഞാനിവിടെയുണ്ട്.

*ചോ: അവർ "ആപ്നേ ബഹുത് ദേർ കരീ" (നിങ്ങൾ വരാൻ വളരെ വൈകി) എന്നാണോ "ബഹുത് ദേർ ഹോ ഗയി" (എല്ലാം വളരെ വൈകിപ്പോയി) എന്നാണോ പറഞ്ഞത്?*

ഉ: "ബഹുത് ദേർ ഹോ ഗയി" എന്നായിരിക്കണം പറഞ്ഞത്. പറഞ്ഞ വാക്കുകൾ കൃത്യമായി എനിക്കോർമ്മയില്ല, പക്ഷെ അർത്ഥമാക്കിയത് 'വളരെയേ

റെ കാര്യങ്ങൾ സംഭവിച്ചു കഴിഞ്ഞു, വൈകിപ്പോയി' എന്നാണ്. ഞാൻ പറഞ്ഞു, ശരിയാണ്, സംഭവിച്ചതെല്ലാം ഞാൻ അറിഞ്ഞു, പക്ഷെ ഞാൻ പറഞ്ഞിരുന്ന തനുസരിച്ചു വന്നിട്ടുണ്ട്, ചെയ്യേണ്ടത് ഞാൻ ചെയ്തോളാം എന്ന്. അവർക്കും ലിംഗക്കും വേണ്ടി ദന്തെവാഡ കോടതിയിൽ ഹാജരാകും എന്ന് ഞാൻ അവരോടു പറഞ്ഞു. നാളെ ദന്തെവാഡ കോടതിയിൽ വച്ച് ഞാൻ നിങ്ങളെ കാണും. അടുത്ത ദിവസം ദന്തെവാഡ കോടതിയിൽ ചെന്നപ്പോൾ സോണിയെയോ ലിംഗയെയോ കൊണ്ടുവന്നിട്ടുണ്ടായിരുന്നില്ല. ഇതേ കാരണം കൊണ്ടാണ് ഇത്തരം കേസുകൾ അനന്തമായി നീണ്ടുപോകുന്നത്. ഹിയറിങ് നിശ്ചയിക്കുന്ന ദിവസങ്ങളിലൊന്നും കുറ്റം ചുമത്തപ്പെട്ടവരെ കോടതിയിൽ ഹാജരാക്കാറില്ല. അവസാനം അവരെ കോടതിയിൽ എത്തിച്ചപ്പോൾ സമയം വളരെ വൈകിയിരുന്നു. കോടതിയിലെ ലോക്കപ്പ് മുറിയിൽ ഞാൻ അവരെ കാണാൻ ചെന്നു. ദന്തെവാഡ കോടതിയിലേക്ക് അവരെ കൊണ്ടുവരുന്നതിന് വേണ്ടി ജയിൽ സൂപ്രണ്ടുമായി വളരെ രൂക്ഷമായൊരു വാദപ്രതിവാദം നടത്തേണ്ടിവന്നു എന്ന് സോണി എന്നോട് പറഞ്ഞു. "എന്റെ അഭിഭാഷക ഈ ദൂരമത്രയും താണ്ടി ഡൽഹിയിൽ നിന്ന് വന്നിരിക്കുകയാണ്. അയക്കാനുള്ള ഏർപ്പാടുകൾ ചെയ്യാനാവില്ലെന്ന് പറഞ്ഞു നിങ്ങൾക്ക് എന്റെ യാത്ര മുടക്കാൻ പറ്റില്ല. ഈ ഹിയറിങ് വിട്ടുകളയാൻ പറ്റില്ല". 'അപകടകാരികളായ നക്സലുകൾ' എന്ന് മുദ്ര കുത്തിയിരുന്നതിനാൽ സോണിയെയും ലിംഗയേയും കൊണ്ടുവരാൻ സർക്കാരിനു പ്രത്യേക സുരക്ഷാ ഏർപ്പാടുകൾ ചെയ്യേണ്ട ബാധ്യതയുണ്ടായിരുന്നു.

കുറ്റം ചുമത്തപ്പെട്ടവരുടെ സാന്നിധ്യത്തിൽ വേണം വിചാരണ നടത്താൻ എന്നുള്ളത് ക്രിമിനൽ നിയമത്തിലെ അടിസ്ഥാന വ്യവസ്ഥയാണ്. അതുകൊണ്ട് അവരെ ഹാജരാക്കിക്കഴിഞ്ഞപ്പോൾ ഞാൻ വാദം തുടങ്ങി. ഈ കേസിന്റെ സവിശേഷത, ദന്തെവാഡ കോടതിയിലെ ജഡ്ജിയും പ്രോസിക്യൂട്ടറും വാദിഭാഗം വക്കീലും കുറ്റം ആരോപിക്കപ്പെട്ട സോണിയും വനിതകളായിരുന്നു എന്നതാണ്. താൻ വളരെ തിരക്കിലായതുകൊണ്ട് കേസ് മറ്റൊരവധിക്കു മാറ്റി വെക്കണം എന്ന് പബ്ലിക് പ്രോസിക്യൂട്ടർ കോടതിയെ അറിയിച്ചു. ഞാൻ അതിനെ ശക്തിയായി എതിർത്തു. വേണ്ടിവന്നാൽ ആ ദിവസം മുഴുവൻ അവിടെ കാത്തുനില്ക്കാൻ തയാറാണെന്ന് ഞാൻ കോടതിയെ അറിയിച്ചു. കോടതി നിശ്ചയിച്ച ദിവസം ഇന്നായതിനാൽ ഡൽഹിയിൽ നിന്നാണ് ഞാൻ ഇവിടെ വന്നത്, മാത്രമല്ല, എന്റെ കക്ഷികൾ കസ്റ്റഡിയിൽ ദുരിതമനുഭവിക്കുകയുമാണ്. അതുകൊണ്ട് അവസാനം കോടതി കേസ് കേട്ടു. ഞാൻ ഓർമ്മിക്കുന്നു, അന്ന് പബ്ലിക് പ്രോസിക്യൂട്ടർ മൂന്നേ മൂന്ന് വാദമുഖങ്ങളാണ് മുന്നോട്ടു വച്ചത്: ഒന്ന്, ഇതൊരു നക്സൽ ബാധിത പ്രദേശമാണ്, രണ്ട്, പ്രതികൾ നക്സലുകളുമായി ബന്ധമുള്ളവരാണ്, മൂന്ന്, ഇത്തരം അപകടകാരികൾക്ക് വിടുതൽ കൊടുക്കാൻ പാടില്ല. ഈ വാദമുഖങ്ങൾക്കൊന്നും തന്നെ വാസ്തവവുമായി യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. ചാർജ് ഷീറ്റിലാവട്ടെ ലിംഗയോ സോണിയോ കുറ്റം ചെയ്തു എന്ന് തെളിയിക്കാൻ യാതൊന്നുമുണ്ടായിരുന്നില്ല. ഈ സബ്മിഷൻ സമർപ്പിച്ച ശേഷം പബ്ലിക് പ്രോസിക്യൂട്ടർ കോടതി വിട്ടു. സോണിയെയും ലിംഗയെയും കോടതിയിൽ കൊണ്ടുവന്നിരുന്നു, എങ്കിലും കുറെ അകലത്തേക്കു മാറ്റിയാണ് നിർത്തിയിരുന്നത്. വാദം ഹിന്ദിയിലും ഇംഗ്ലീഷിലും നടന്നു. അവർക്ക് എത്രത്തോളം കേൾക്കാനോ കേട്ടാൽ തന്നെ മനസ്സിലാക്കാനോ കഴിയുമായിരുന്നു എന്നെനിക്കറിയില്ല. പലപ്പോഴും ജീവനും സ്വാതന്ത്ര്യവും ചോദ്യചിഹ്നമായിരിക്കുന്ന പ്രതികൾക്ക് കോടതിയിൽ എന്താണ് നടക്കുന്നത് എന്നതിനെക്കുറിച്ചു യാതൊരു ഊഹവും ലഭിക്കുകയില്ല. സോണിയെ കാണാൻ വളരെ ദൂരം യാത്ര ചെയ്ത് അവരുടെ അച്ഛൻ എത്തിയിരുന്നു. കാലുകൾ പ്ലാസ്റ്ററിലായിരുന്നതുകൊണ്ട് ക്രച്ചസിന്റെ സഹായത്തോടെയാണ് അദ്ദേഹം നടന്നിരുന്നത്. അപകടകാരികളായ പ്രതികളെ സന്ദർശിക്കാൻ കുടുംബാംഗങ്ങൾക്കു അനുവാദമില്ലാത്തതിനാൽ കോടതി ലോക്കപ്പിൽ അവരെ കാണാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. സായുധപോലീസിന്റെ അകമ്പടിയോടെ സോണി കോടതിയിൽ പ്രവേശിക്കുമ്പോഴും ഇറങ്ങിപ്പോകുമ്പോഴും അദ്ദേഹത്തെ കടന്നുപോയ നിമിഷനേരം മാത്രമേ അദ്ദേഹത്തിന് അവളെ കാണാൻ കഴിഞ്ഞുള്ളൂ. കഷ്ടിച്ച് ഒന്നോ രണ്ടോ വാക്കുകൾ കൈമാറുകയും പുഞ്ചിരിക്കുകയുമല്ലാതെ അദ്ദേഹത്തിന് അവളോട് സംസാരിക്കാൻ അവസരം കിട്ടിയില്ല. ഒറ്റയ്ക്ക് സഞ്ചരിക്കാനാവാത്തതിനാൽ പ്രായമേറിയ ഒരു സുഹൃത്തിന്റെ സഹായത്തോടെയാണ് ഇത്ര ദീർഘദൂരം മകളെ ഒരുനോക്കു കാണാൻ വേണ്ടി മാത്രം അദ്ദേഹം യാത്ര ചെയ്ത് എത്തിയത്. പിന്നീട് ലിംഗ എന്നോട് പറയുകയുണ്ടായി, അദ്ദേഹത്തിന്റെ സഹോദരി അദ്ദേഹത്തെ കാണാൻ വരുമ്പോഴൊക്കെ ഒരു സഹായി ഒപ്പം ഉണ്ടാകുമായിരുന്നെന്നും, ആ സഹായിയെ പോലും നക്സൽ ബന്ധം ആരോപിച്ചു പോലീസ് ഉപദ്രവിക്കാറുണ്ടായിരുന്നു എന്നും. പിന്നീട് സോണിക്കും ലിംഗക്കും ജാമ്യം അനുവദിക്കപ്പെട്ടു.

*ചോ: അപ്പോൾ നമ്മുക്ക് ലൈംഗികപീഡനത്തെക്കുറിച്ചുതന്നെ തുടരാം ...*

ഉ: നിങ്ങൾ ഓർമ്മിക്കുന്നുണ്ടാവാം, സ്ത്രീസംഘടനകളുടെ സമ്മർദ്ദം കൊണ്ട് സോണിയുടെ പരാതി പരിശോധിക്കാൻ ദേശീയ വനിതാ കമ്മീഷൻ ഒരു സംഘത്തെ അയച്ചു. എൻ എഫ് ഐ ഡബ്ള്യൂവിന്റെ (നാഷണൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ വിമെൻ) ആനി രാജ അനൗദ്യോഗിക അംഗമായുള്ള ഈ സംഘം ജയിലിലെ സ്ത്രീ തടവുകാരെ സന്ദർശിച്ചു. ജയിലിലെ സ്ത്രീകളുടെ അവസ്ഥ അവലോകനം ചെ

യ്യേണ്ടത് വനിതാ കമ്മീഷന്റെ നിയമപരമായ ഉത്തര വാദിത്തമാണെന്ന് ഓർക്കുക.

*ചോ: എന്നിട്ടവരെ ഒടുവിൽ ഘെരാവോ ചെയ്തു...*

ഉ: അത് പിന്നീടാണ് ചെയ്തത്, റിപ്പോർട്ട് പുറത്തുവിടാൻ ആവശ്യപ്പെട്ടുകൊണ്ട്.

*ചോ: അല്ലല്ല, അതവർ പോകുന്നതിനു മുമ്പാണ്.*

ഉ: ഓ, ശരിയാണ്. ഇത് സംഭവിച്ചത് സോണിയുടെ കത്തുകൾ ചെന്നപ്പോഴാണ്. അന്വേഷണത്തിനിടയിൽ പോലീസ് സ്റ്റേഷനിൽ വച്ച് ലൈംഗികപീഡനം നടത്തിയതിനുപുറമെ അവരെ ആവർത്തിച്ചു നഗ്നപരിശോധന നടത്തി അവഹേളിച്ചു എന്ന പരാതി ചെന്നപ്പോൾ. പ്രകടമായും നീചമായും അവരെ കൈയേറ്റം ചെയ്താണ് നഗ്നപരിശോധന ചെയ്തത്. പല മുറകളിലുള്ള ലൈംഗികപീഡനമാണ് ഇവയെല്ലാം. എങ്ങനെയൊക്കെയോ തന്റെ അഭിഭാഷകരെ ഈ വിവരങ്ങളെല്ലാം കത്തുകളിലൂടെ അറിയിക്കാൻ അവർക്കു കഴിഞ്ഞു. ആ കത്തുകളൊക്കെ സുപ്രീംകോടതി മുമ്പാകെ ഹാജരാക്കപ്പെടുകയും ചെയ്തു. ഇത്രയൊക്കെ കഴിഞ്ഞിട്ടും ദേശിയ വനിതാ കമ്മീഷനെക്കൊണ്ട് ഛത്തിസ്ഗഢ് ജയിൽ സന്ദർശിപ്പിക്കാൻ സ്ത്രീസംഘടനകൾക്ക് ഭഗീരഥപ്രയത്നം ചെയ്യേണ്ടിവന്നു.

പോലീസ് കസ്റ്റഡിയിൽ തന്നെ പീഡിപ്പിച്ച പോലീസ് ഓഫീസറെ സോണി തിരിച്ചറിയുകയും പേര് പറയുകയും ചെയ്തിട്ടുണ്ട്. അവർ അയാളെ തിരിച്ചറിഞ്ഞു, അയാളുടെ പേര് പറഞ്ഞു, അയാൾക്കെതിരെയുള്ള ആരോപണങ്ങൾ വിശദമായി നിരത്തി. എന്നിട്ടും നിയമം പ്രതികരിച്ചില്ല. യാതൊരന്വേഷണവുമില്ല. ഇത്ര ഗുരുതരമായ കുറ്റങ്ങൾ ആരോപിച്ചിട്ടു പോലും. അപ്പോൾ പിന്നെ ഇത്തരം കുറ്റങ്ങളിൽ സർക്കാർ കൂടി പങ്കാളിയാണെന്നു അനുമാനിക്കുന്നത് തെറ്റാണോ? സർക്കാർ അതിന്റെ നിഷ്ക്രിയത്വത്തിലൂടെ, ഉപേക്ഷയിലൂടെ, മൗനത്തിലൂടെ, സ്ത്രീ പ്രവർത്തകർക്കെതിരെയുള്ള, ഇതേപോലെയുള്ള ആദിവാസി നേതാക്കൾക്കെതിരെയുള്ള ഇത്തരം ലൈംഗികാധിഷ്ഠിത പീഡനങ്ങളെ പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയുമാണ് ചെയ്യുന്നത്. ആദിവാസി സമുദായങ്ങൾക്കുമേൽ സർക്കാർ എടുക്കുന്ന മേൽക്കോയ്മയുടെ ഒരു രൂപമാണിത്. സ്ത്രീപ്രസ്ഥാനങ്ങൾ ചില പ്രത്യേക വിഭാഗങ്ങൾക്കു വേണ്ടി മാത്രം നിലകൊള്ളുന്നവയല്ല, മറിച്ചു അധികാര സംവിധാനങ്ങൾ അനുവദിച്ചു നൽകുന്ന ശിക്ഷാതീതതയെ ചോദ്യം ചെയ്യാനും കൂടി നിലകൊള്ളുന്നവയാണെന്ന സുപ്രധാന വസ്തുത ഇതിലൂടെ ശ്രദ്ധേയമാകുന്നു.

*ചോ: ആദിവാസി സമൂഹത്തിനെതിരെ കണക്കുകൂട്ടി നടത്തുന്ന ഇത്തരം മർദ്ദനങ്ങളെ വച്ചു നോക്കുമ്പോൾ...*

ഉ: ഞാൻ ഓർമ്മിക്കുന്നു, ഒരു രാത്രി വളരെ വൈകി എനിക്കു കിട്ടിയ ഒരു ഫോൺ സന്ദേശം. ഛത്തീസ്ഗഢിലെ ബിജാപ്പൂരിൽ നിന്നുള്ള സ്ത്രീപ്രവർത്തകരാണ് വിളിച്ചത്. അവിടുത്തെ ആദിവാസി സ്ത്രീകളുടെമേൽ സുരക്ഷാ പ്രവർത്തകർ നടത്തിയ ബലാത്സംഗത്തെ കുറിച്ചുള്ള പരാതിയിൽ എഫ് ഐ ആർ ഫയൽ ചെയ്യുന്നതിന് വേണ്ടി. "അഗ്ഗ്രവേറ്റഡ് റേപ്പ്" നിയമത്തിൽ 2013 ൽ നടത്തിയ ഭേദഗതിയിൽ ചേർത്ത പുതിയ സെക്ഷൻ 376 (2) (സി)യെക്കുറിച്ചാണ് അവർക്ക് അറിയേണ്ടിയിരുന്നത്. നിങ്ങൾക്ക് അറിയാമല്ലോ, 2012 ഡിസംബറിലെ കൂട്ട ബലാത്സംഗത്തിനു ശേഷമാണ് ക്രിമിനൽ നിയമം ഭേദഗതി ചെയ്യപ്പെട്ടത്. എനിക്കു തോന്നുന്നത് അതിൽ ഏറ്റവും ശ്രദ്ധേയമായ ഭേദഗതികളിലൊന്ന് , "അഗ്ഗ്രവേറ്റഡ് റേപ്പി"നു കീഴിൽ കൂട്ടിച്ചേർത്ത "സുരക്ഷാ സേനകളുടെയോ സായുധ സേനയുടെയോ ഭാഗത്തു നിന്നുള്ള ബലാത്സംഗം" എന്ന വകുപ്പാണ്. ഈ സെക്ഷൻ ഏതാണെന്നു ചോദിക്കാനാണ് ബിജാപ്പൂരിലെ സ്ത്രീ പ്രവർത്തകർ അന്നു രാത്രി വിളിച്ചത്. അവിടുത്തെ ജില്ലാ മജിസ്ട്രേറ്റിനോ എസ്.പി.ക്കോ അങ്ങനെയൊരു നിയമത്തെക്കുറിച്ചോ അതിന്റെ സെക്ഷൻ ഏതെന്നോ പിടിപാടില്ലായിരുന്നു. സുരക്ഷാപ്രവർത്തകർ പട്രോളിങ്ങിനിടെ ആദിവാസി ഗ്രാമങ്ങളിൽ സേർച്ച് ആൻഡ് കോർഡോൺ ഓപ്പറേഷൻ നടത്തുമ്പോൾ ആദിവാസി സ്ത്രീകളെ ബലാത്സംഗം ചെയ്തതിനെതിരെയായിരുന്നു ആ പരാതി. ഐപിസി സെക്ഷൻ 376(2)(ര) വകുപ്പ് പ്രകാരം സുരക്ഷാസേനക്കെതിരെ ആദ്യമായി രജിസ്റ്റർ ചെയ്ത പരാതി ഒരുപക്ഷേ ബിജാപ്പൂരിലെ ആദിവാസി സ്ത്രീകളുടേതാണ്.

**അന്വേഷണത്തിനിടയിൽ പോലീസ് സ്റ്റേഷനിൽ വച്ച് ലൈംഗികപീഡനം നടത്തിയതിനുപുറമെ അവരെ ആവർത്തിച്ചു നഗ്നപരിശോധന നടത്തി അവഹേളിച്ചു എന്ന പരാതി ചെന്നപ്പോൾ. പ്രകടമായും നീചമായും അവരെ കൈയേറ്റം ചെയ്താണ് നഗ്നപരിശോധന ചെയ്തത്. പല മുറകളിലുള്ള ലൈംഗികപീഡനമാണ് ഇവയെല്ലാം. എങ്ങനെയൊക്കെയോ തന്റെ അഭിഭാഷകരെ ഈ വിവരങ്ങളെല്ലാം കത്തുകളിലൂടെ അറിയിക്കാൻ അവർക്കു കഴിഞ്ഞു.**

*ചോ: ജനുവരിയിൽ ഒരു കൂട്ടം പരാതികൾ ഉണ്ടായിരുന്നല്ലോ. അഞ്ചു സ്ത്രീകളാണെന്ന് തോന്നുന്നു, പലവട്ടം കോടതി കയറിയിറങ്ങിയത്. പരാതികളിൽ വളരെ വിചിത്രമായ ഒന്ന് സുരക്ഷാസൈനികർ ആദിവാസി സ്ത്രീകളുടെ മുലകളിൽ നുള്ളിയതിനെപ്പറ്റിയായിരുന്നു... ആർക്കും അതിന്റെ സാംഗത്യം പിടികിട്ടിയില്ല.*

ഉ: പാൽ ചുരത്തുന്നതിനു വേണ്ടി.

*ചോ: അതെ.*

ഉ: അപ്പോൾ എല്ലാ തരത്തിലുമുള്ള ലൈംഗിക പീഡനവും അവഹേളനവും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. നമ്മൾ കാണേണ്ട വസ്തുത, ഈ ആദിവാസി സ്ത്രീകൾ പല ഫോറങ്ങളിലായി മുന്നോട്ടു വരികയും പരാതി കൊടുക്കുകയും ചെയ്യാൻ തുടങ്ങിയിരിക്കുന്നു എന്നതാണ്. എന്നിട്ടും കേസുകളിലൊന്നും കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. ന്യൂനപക്ഷ സമുദായങ്ങളെ ലക്ഷ്യം വച്ചുള്ള വർഗ്ഗീയ ലഹളയുടെ സന്ദർഭത്തിലായാലും ആദിവാസികൾക്കെതിരെയുള്ള അക്രമത്തിലായാലും ചെയ്യുന്നവർ ഗവണ്മെന്റ് ആവട്ടെ ഗവൺമെന്റേതര വ്യക്തികൾ ആവട്ടെ ഇതിലെല്ലാം സ്ത്രീകൾക്കെതിരെയുള്ള അക്രമവും ലൈംഗിക പീഡനവും ഒഴിച്ചു കൂടാനാവാത്ത ഘടകമായി മാറിയിരിക്കുന്നു, സ്ത്രീകളുടെ ശരീരം എപ്പോഴും ഉന്നമാക്കപ്പെടുന്നു.

*ചോ: ഇനിയിപ്പോൾ സ്വാഭാവികമായും അടുത്ത വിഷയം താങ്കളുടെ മുസഫ്ഫർനഗറിലെ പ്രവർത്തനത്തെപ്പറ്റിയായാലോ. ടാർഗറ്റ് ചെയ്യപ്പെട്ട സമുദായങ്ങൾക്ക് തങ്ങളുടെ കേസ് തടസ്സമില്ലാതെ മുന്നോട്ടു കൊണ്ടുപോകാനുതകുന്ന വിവിധവശങ്ങൾ ഉയർത്തിക്കാട്ടുന്നതാണല്ലോ ആ പ്രവർത്തനങ്ങൾ. അതുകൊണ്ട് അത് ചർച്ച ചെയ്യേണ്ട ഒരു പ്രധാനവിഷയമായി എനിക്ക് തോന്നുന്നു. ശിക്ഷാതീതതയുടെ കാഴ്ചപ്പാടിൽ നിന്ന് നോക്കിയാൽ, ബാഹ്യപിന്തുണയില്ലെങ്കിൽ എങ്ങനെ ഇതിനെ മറികടന്ന് ഈ നിയമയുദ്ധം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും?*

ഉ: മുസഫ്ഫർനഗറിലേക്കു കടക്കാൻ വരട്ടെ, ഛത്തീസ്ഗഢിലും നമ്മൾ കണ്ടത് അതാണ്. പൊതുവെ സാമ്പ്രദായിക സർക്കാർ സംവിധാനങ്ങളുമായോ നിയമ വ്യവസ്ഥയുമായോ ഇടപെടാത്ത, ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന സമുദായങ്ങളിൽപ്പെടുന്ന സ്ത്രീകളാണ് ഇപ്പോൾ ഇങ്ങനെ പുറത്തു വരികയും പരാതി കൊടുക്കുകയുമൊക്കെ ചെയ്യുന്നത്. വാസ്തവത്തിൽ ഇതുപോലത്തെ ആദ്യത്തെ ബലാത്സംഗ കേസുകളിലൊന്ന് "സൽവാ ജുദും" കാലത്തായിരുന്നു. അഞ്ചു സ്ത്രീകളാണ് അന്ന് പരാതികൊടുക്കാൻ ധൈര്യം കാണിച്ചത്. കോടതിയിൽ പ്രൈവറ്റ് ക്രിമിനൽ കേസുകൾ ഫയൽ ചെയ്തു. അവരെ പ്രതിനിധീകരിച്ചത് മനുഷ്യാവകാശ അഭിഭാഷക സുധാ ഭരദ്വാജ് ആയിരുന്നു.

*ചോ: ബലാത്സംഗം ചെയ്തത് സൽവാ ജുദും സേനാംഗങ്ങളാണോ?*

ഉ: അതെ, സൽവാ ജുദും അംഗങ്ങൾ തന്നെ. ബലാൽസംഗം ചെയ്യപ്പെട്ട അഞ്ചു സ്ത്രീകളാണ് കോടതിയിൽ കേസ് ഫയൽ ചെയ്തത്. അവർ കൊടുത്ത തെളിവുകൾ ശേഖരിച്ചു, അവർ പേരുസഹിതം തിരിച്ചറിഞ്ഞ വ്യക്തികൾക്കെതിരെ കോടതി അറസ്റ്റ് വാറണ്ടും പുറപ്പെടുവിച്ചു. പക്ഷെ പോലീസിന്റെ വിശദീകരണം ആ കുറ്റവാളികളെ കണ്ടുപിടിക്കാനായില്ല എന്നാണ്. അതിലൊരാൾ സർക്കാർ നേരിട്ടു ശമ്പളം നൽകുന്ന സൽവാ ജുദുമിലെ സ്പെഷ്യൽ പോലീസ് ഓഫീസർ (എസ് പി ഒ) ആയിരുന്നു. അതുകൊണ്ടും തീർന്നില്ല, പ്രാദേശിക ദിനപത്രത്തിൽ ആ സമയം തന്നെ സ്പെഷ്യൽ പോലീസ് ഓഫീസർമാർക്കൊപ്പം അയാളുടെ ഫോട്ടോയും അച്ചടിച്ചു വന്നിരുന്നു. അവസാനം സ്വന്തം മക്കളെയും കുടുംബങ്ങളെയും ഉന്മൂലനം ചെയ്യും എന്നു സൽവാ ജുദും ഭീഷണിപ്പെടുത്തിയപ്പോൾ ഈ സ്ത്രീകൾക്ക് കേസ് പിൻവലിക്കുകയേ മാർഗ്ഗമുണ്ടായിരുന്നുള്ളൂ. പറഞ്ഞു വരുന്നത്, ഛത്തീസ്ഗഢിലെ ആദിവാസി സ്ത്രീകൾ, അവർ സോണി സൂരി ആയാലും വേറെ ആരായാലും, ന്യായത്തിനുവേണ്ടി കോടതിയുടെ വാതിലുകളിൽ മുട്ടിവിളിച്ചിട്ടുണ്ട്, പ്രത്യക്ഷമായ തെളിവുകളോടെ, കുറ്റവാളികളുടെ പേരുവിവരങ്ങളോടെ. എന്നിട്ടും എന്നും നിയമവ്യവസ്ഥ ഇവരെ കൈയ്യൊഴിഞ്ഞിട്ടേയുള്ളൂ.

ഇനി നമുക്ക് 2013 സെപ്റ്റംബറിൽ പടിഞ്ഞാറൻ ഉത്തർപ്രദേശിൽ വർഗ്ഗീയലഹളയെ തുടർന്നുണ്ടായ കൂട്ടബലാത്സംഗങ്ങളുടെ പശ്ചാത്തലം നോക്കാം. നമ്മൾ ആലോചിക്കേണ്ടതിതാണ്, ജാതീയമോ മതപരമോ ആയ ലഹളകളിൽ ലൈംഗികമായി പീഡിപ്പിക്കപ്പെട്ട സ്ത്രീകൾ നീതി ആവശ്യപ്പെട്ടു മുന്നോട്ടു വരണമെന്ന് പറയുന്നതിൽ എന്തർത്ഥമാണുള്ളത്? നീതി ലഭിക്കുന്നതിനുവേണ്ടി എന്തൊക്കെയാണ് സ്ത്രീകൾ ത്യജിക്കേണ്ടത്? അന്തസ്സ് വീണ്ടെടുക്കുന്നതിനു വേണ്ടി അവർ സ്വന്തം ജീവൻ പണയം വയ്ക്കണോ? അതല്ലേ ഇന്നത്തെ നീതിവ്യവസ്ഥ ആവശ്യപ്പെടുന്നത്? കുറ്റവാളിക്കു അർഹമായ ശിക്ഷ ലഭിക്കാൻ, ശിക്ഷ ലഭിക്കുന്നത് പോകട്ടെ, ബലാത്സംഗക്കേസുമായി മുന്നോട്ടുപോകാൻ പോലും ബലാത്സംഗത്തെ അതിജീവിച്ച സ്ത്രീ ശ്രമിച്ചാൽ അവളുടെ മാത്രമല്ല, അവളുടെ കുടുംബാംഗങ്ങളുടെ പോലും ജീവൻ അപകടത്തിലാകും. ഇതെങ്ങനെ ഈ സ്ത്രീകളോട് നമ്മൾ ആവശ്യപ്പെടും? അവർ എന്തിനു സ്വന്തം ജീവൻ അപകടപ്പെടുത്തണം? ഈ നാട്ടിലെ നിയമവ്യവസ്ഥ അവർക്കു സംരക്ഷണമോ സമാശ്വാസമോ അവളുടെ കേസിന്റെ തീരുമാനത്തിന് കാലപരിധിയോ പിന്തുണയോ എന്തിന്, ന്യായം ലഭിക്കുമെന്ന് ഒരുറപ്പെങ്കിലും കൊടുക്കുന്നുണ്ടോ?

ഓർമ്മകളും, മറവികളും, മുന്നോട്ടുള്ള കാൽവയ്പ്പുകളും :

# നേപ്പാളിലെ മാവോയിസ്റ്റ് പീപ്പിൾസ് പോരാട്ടത്തിലെ പെൺ ഗറില്ലകൾ



**അമൃത പ്രീതം ഗോഗോയ്**
അസി.പ്രൊഫസർ, പൊളിറ്റിക്കൽ സയൻസ്, ദിബ്രുഗർ യൂണിവേഴ്സിറ്റി, അസ്സം



വിവർത്തനം :
**ശ്രീദേവി ഡി**
സ്വതന്ത്ര ഗവേഷക. ഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ നിന്നും പി എച്ച് ഡി നേടി. ഇന്ദ്രിയാനുഭവപഠനം, ദൃശ്യ സംസ്കാര പഠനം എന്നീ മേഖലകളിൽപ്രവർത്തിക്കുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് നേപ്പാളിന്റെ നേതൃത്വത്തിൽ നേപ്പാളിൽ നടത്തിയ മാവോയിസ്റ്റ് പീപ്പിൾസ് പോരാട്ടം (Maoist People's War/ M P W) പ്രധാനമായും സമൂഹത്തിലെ ജന്മിത്ത-പിതൃമേധാവിത്വ-ജാതീയ-വർഗ്ഗ- ലിംഗപരമായ വിവേചനങ്ങൾക്കെതിരെയുള്ള പ്രക്ഷോഭമായിരുന്നു. കണക്കുകൾ നോക്കുമ്പോൾ 30 മുതൽ 40 ശതമാനം വരെ സ്ത്രീകളുടെ പങ്കാളിത്തമാണ് MPWൽ ഉണ്ടായിരുന്ന ത്.

വ്യക്തി ജീവിതത്തിൽ അനുഭവിച്ച വിവേചനങ്ങൾക്കെതിരെ പൊരുതുവാനുറച്ചാണ് സ്ത്രീകൾ MPWൽ ചേർന്നത്. ചിലർ ആശയപരമായ ഐക്യം കാരണം പോരാട്ടത്തിൽ പങ്കെടുത്തു. മറ്റുചിലർ പാരമ്പര്യമായി മാവോയിസ്റ്റ് പ്രസ്ഥാനത്തോടുള്ള അവരുടെ അടുപ്പം കാരണം പോരാട്ടത്തിൽ പങ്കെടുത്തു. അതോടൊപ്പം ആയുധമെടുക്കുവാനും, യൂണിഫോമിൽ നടക്കുവാനുമുള്ള അവസരമായിക്കണ്ടു MPWൽ ചേർന്ന സ്ത്രീകളുമുണ്ട്. ഈ പോരാട്ടത്തിൽ സ്ത്രികൾ പങ്കെടുത്തതിനെക്കുറിച്ചു ഥാപ്പ പറയുന്നത് ‘ചിലർ ഇതൊരു അർത്ഥപൂർണ്ണമായ ഒരു സാമൂഹികപ്രവർത്തനമായി (Thapa 2003: 94) കണ്ടുകൊ



ണ്ടു ഈ പോരാട്ടത്തിൽ പങ്കെടുത്തു. കാരണം പിതൃമേധാവിത്വപൂർണ്ണമായ ഒരു സമൂഹവും ഭരണകൂടവും സ്ത്രീകളുടെ സാമൂഹിക പങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയോ അവസരം നല്കുകയോ ചെയ്യുന്നില്ല. ബ്രാഹ്മണ കുടുബത്തിൽ ജനിച്ച ആസ്ഥാ എന്ന പെൺകുട്ടി ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ഈ പോരാട്ടത്തിൽ പങ്കുചേർന്നത്. തന്റെ സാമൂഹിക സാമ്പത്തിക ആനുകുല്യങ്ങൾക്കപ്പുറം സമൂഹത്തിൽ സ്വതന്ത്രമായി ഇടപെടുവാനുള്ള അവസരമായിട്ടാണ് അവർ ഈ പോരാട്ടത്തെ കണ്ടത്. ആസ്ഥയുടെ വാക്കുകളിൽ പറഞ്ഞാൽ ' ആളുകളുടെ കണ്ണുകളിൽ നോക്കി സംസാരിക്കുവാൻ' വേണ്ടിയുള്ള ഒരിടമായിരുന്നു ഈ പോരാട്ടം. ഒരിക്കൽ ഒരു ദളിത് സ്ത്രീ പൊതുവേദിയിൽ ആത്മാവിശ്വാസത്തോടെ സംസാരിക്കുന്നത് ആസ്ഥ കണ്ടു. ഇത് ജാതിപരവും, വർഗ്ഗപരവുമായ ആനുകൂല്യങ്ങൾക്കപ്പുറം ആത്മാവിശ്വാസത്തോടെ സ്വതന്ത്രമായി സാമൂഹിക ഇടപെടൽ നടത്തുവാനുള്ള ഒരിടം ആവശ്യമാണെന്ന് തോന്നൽ ആസ്ഥയിലുണ്ടാക്കി. പാർട്ടിയുടെ സമരമുഖത്ത് സ്ത്രീകളുടെ പ്രാതിനിത്യം വിവിധ രീതിയിലായിരുന്നു നടന്നത്. അവർ സംഘാടകരായി, സായുധ സംഘമായി , മാത്രമല്ല മുഖ്യ ധാര സംഘ മുന്നേറ്റങ്ങളിലും സ്ത്രീകളിടപ്പെട്ടു. വിവിധ തുറകളിൽ നിന്നുള്ള സ്ത്രികൾ ഈ പോരാട്ടത്തിൽ അണിചേർന്നു. ഡോക്ടർമാർ, സംഘാടകർ, വിദ്യാഭാസ പ്രവർത്തകർ, സാംസ്കാരിക പ്രവർത്തകർ, ചാരപ്രവർത്തകർ, നയരൂപകർത്താക്കൾ തുടങ്ങിയ മേഖലകളിൽ പ്രവർത്തിച്ചിരുന്ന നിരവധി സ്ത്രീകൾ ഈ പോരാട്ടത്തിന്റെ ഭാഗമായി.

2016 ൽ ഞാൻ ഗവേഷണത്തിനുവേണ്ടി ഘോരാഹി (Ghorahi) നഗരത്തിൽ നിന്നും പരിചയപ്പെട്ട രാധിക ഒരു സാംസ്കാരിക പ്രവർത്തകയായാണ് ഈ പോരാട്ടത്തിൽ പങ്കുചേർന്നത്. രാധികയും സംഘവും നേപ്പാളിലുടനീളം വിപ്ലവ നാടകങ്ങളെഴുതി അവതരിപ്പിച്ചു. കവിതകളിലൂടെയും പാട്ടുകളിലൂടെയും പോരാട്ടത്തിനുവേണ്ടിയുള്ള ആശയം പ്രചരിപ്പിച്ചു. രാധിക പറയുന്നു 'ഞങ്ങൾ സാംസ്കാരിക പ്രവർത്തകരും പിപ്പിൾസ് ലിബറേഷൻ ആർമിയും (PLA) ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളായാണ് പ്രവർത്തിച്ചത്. ഒരു കൂട്ടർ പോരാട്ട മുഖത്ത് പ്രവർത്തിച്ചപ്പോൾ മറ്റൊരു കൂട്ടമായ ഞങ്ങൾ അവരുടെ പ്രവർത്തനങ്ങളെ ജനങ്ങളിലെത്തിച്ചു'. മറ്റൊരു സാംസകാരിക പ്രവർത്തകയായ പ്രഗതി ഇത്തരം പ്രവർത്തനങ്ങൾ എങ്ങനെയാണു പോരാട്ടത്തെ കൂടുതൽ ജനങ്ങൾക്കിടയിലെത്തിച്ചതെന്നു വിശദമാക്കി. പോരാട്ടത്തിലൂടെയുണ്ടായ നേട്ടങ്ങൾക്കും, സന്തോഷങ്ങൾക്കുമൊപ്പം നഷ്ടങ്ങളേയും, അക്രമങ്ങളേയും, മരണങ്ങളേയും എങ്ങനെയാണ് ന്യായികരിച്ചതെന്നും പ്രഗതി പറഞ്ഞു. ഞാൻ ഗവേഷണത്തിനായി പരിചയപ്പെട്ട ഓരോ സ്ത്രീകൾക്കും ഈ ഒളിപ്പോർ യുദ്ധത്തിൽ പങ്കെടു

ക്കുന്നതിന് വ്യത്യസ്തമായ കാരണങ്ങളുണ്ടായിരുന്നു. അതുമാത്രമല്ല, പോരാട്ടത്തിനോടനുബന്ധിച്ചുള്ള അരക്ഷിതാവസ്ഥയും, ഭീഷണികളും, കുടുബത്തിൽനിന്നുള്ള ഒഴിവാക്കലുകളും, അപകടകരമായ അവസ്ഥയെ കൈകാര്യം ചെയ്യുവാനാവുമോ എന്നിങ്ങനെയുള്ള ആത്മസംഘർങ്ങളും ഈ സമയത്ത് അവർക്കുണ്ടായിരുന്നു.

അവരിൽ ചിലർ തങ്ങളുടെ പഴയ കാലത്തെക്കുറിച്ചും വന്ന വഴികളെക്കുറിച്ചും സംസാരിക്കുവാൻ കൂടുതൽ താല്പര്യം കാണിച്ചപ്പോൾ രാധിക മാത്രം ഇവയോടെല്ലാം വിമുഖത പ്രകടിപ്പിച്ചു. രാധികയെ ഞാൻ ആദ്യമായി പരിചയപ്പെടുന്നത് അവരുടെ സുഹൃത്തും, സഖാവുമായ ബിദ്യയോടുമൊപ്പമാണ്. ബിദ്യയുടെ ഭർത്താവായ ബസന്തും സഹോദരി മായയും ഒപ്പമുണ്ടായിരുന്നു. 'എപ്പോഴാണ്, എങ്ങനെയാണ് ഈ പോരാട്ടത്തിൽ ചേർന്നത്?' എന്ന എന്റെ ചോദ്യത്തെ രാധിക ബോധപൂർവ്വം അവഗണിച്ചു. എന്റെ ചോദ്യങ്ങൾ ബിദ്യ പരിഭാഷപ്പെടുത്തി പലതവണ ചോദിച്ചെങ്കിലും രാധിക അതിനോട് പ്രതികരിക്കുവാൻ തയ്യാറായില്ല. നേപ്പാളിന്റെ പടിഞ്ഞാറൻ മേഖലയായ മഹാകലിയിൽ (Mahakali) നിന്നുമാണ് രാധിക ഘോരാഹിയിൽ (Ghorahi) വന്ന് താമസിക്കുന്നത്. ഒറ്റയ്ക്ക് ഘോരാഹിയിൽ താമസിച്ചു അവിടുത്തെ രാഷ്ട്രീയ സാമൂഹിക കാര്യങ്ങളിലെല്ലാം അവർ ഇടപെടുന്നുമുണ്ട്. വളരെ ചെറുപ്പത്തിൽ തന്നെ മാതാപിതാക്കൾ നഷ്ടപ്പെട്ട രാധിക സഹോദരന്മാർക്കൊപ്പമാണ് ജീവിച്ചത്. പതിനൊന്നാം വയസ്സിൽ അവളെ വിവാഹം ചെയ്ത്തു പറഞ്ഞയച്ചു. പതിമൂന്നമത്തെ വയസ്സിൽ അവൾ കുടുംബം ഉപേക്ഷിച്ച് സായുധ പോരാട്ടത്തിൽ അണിചേർന്നു. രാധികയുടെ ഈ ജീവിതം RIM ജേർണ്ണലിസ്റ്റായ ലീ ഓണസ്റ്റോയുടെ (Lee Onesto) ഗറില്ലാ പോരാട്ടങ്ങളെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങളോട് ചേർത്തുവായിക്കേണ്ടതാണ്. '1996ൽ സായുധപോരാട്ടമാരംഭിച്ചപ്പോൾ സ്ത്രീകളുടെ വൻ മുന്നേറ്റവും പങ്കാളിത്തവുമുണ്ടായി. അവർ കുടുംബത്തെ ധിക്കരിച്ചും, യാഥാസ്ഥിതികരായ ഭർത്താക്കന്മാരെ ഉപേക്ഷിച്ചും, മാതാപിതാക്കന്മാർ നിശ്ചയിച്ചുറപ്പിച്ച വിവാഹത്തിൽ നിന്നും ഒളിച്ചോടിയും പോരാട്ടത്തിൽ ചേർന്നു. സ്ത്രീകളെ താഴ്ത്തികെട്ടുന്ന എല്ലാത്തരം വിവേചനങ്ങളോടുള്ള വിപ്ലവം കൂടിയായിരുന്നു അവർക്ക് ഈ പോരാട്ടം" ( Onesto 2005:116)

ഭൂതകാലത്തെ ഓർമ്മിച്ചെടുക്കുവാനും, അതു പറയുവാനുമുള്ള രാധികയുടെ ഈ വിമുഖത എന്തുകൊണ്ടായിരിക്കും? വ്യക്തിജീവിതത്തെക്കുറിച്ചുള്ള ഓർമ്മകളെ മറന്ന് മുന്നോട്ടുള്ള ജീവിതത്തിനായി ചില ഓർമ്മകളെ മാത്രം ക്രമീകരിക്കുന്ന രീതിയാകാം അവർ പിന്തുടരുന്നത്. ഈ ക്രമീകരണങ്ങൾ മനപൂർവ്വം മറക്കുന്ന പല കാര്യങ്ങളുമുണ്ട്. സ്ത്രീകൾ അനുഭവിച്ച മാനസീക സംഘർഷങ്ങൾ, അപമാനങ്ങൾ, പുറത്താക്കലുകൾ, തുടങ്ങിയവയുടെ ആഘാതങ്ങൾ പോരാട്ടം അവസാനിച്ചും പത്തു വർഷങ്ങൾക്കിപ്പുറവും അവരെ എങ്ങനെയാണ് പിന്തുടരുന്നതെന്നുള്ള കാര്യം ആ മറവികളിലുടനീളമുണ്ട്. രാധിക എപ്പോഴും മറുപടി പറയുവാൻ മടിക്കുന്നത് അവളുടെ വ്യക്തിജീവിതത്തെക്കുറിച്ചുള്ള ചോദ്യങ്ങളോടാണ്. ലോകം തന്നെക്കുറിച്ച് എന്തറിയണം, എങ്ങനെ മനസിലാക്കണം എന്നെല്ലാം അവർക്ക് കൃത്യമായ ധാരണകളുണ്ട്. ആ ധാരണകൾക്കുള്ളിൽ നിന്നുമുള്ള ഉത്തരങ്ങളാണ് അവൾ പലപ്പോഴും പറഞ്ഞിരുന്നതും. ഞങ്ങൾ കണ്ടുമുട്ടിയ നാലു ദിവസങ്ങളിലും രാധികയും സുഹൃത്തുക്കളും ചേർന്ന് ചിട്ടപ്പെടുത്തിയ വിപ്ലവ ഗാനങ്ങൾ പാടിയിരുന്നു. ഇടയ്ക്കു നേപ്പാളി സ്ത്രീകളുടെ വ്രതമായ തീജൂമായി ബന്ധപ്പെട്ട ചില പാട്ടുകളും പാടി. പക്ഷെ, കുറച്ചു വരികൾ പാടിയിട്ടു 'ഇത്തരം പാട്ടുകളെനിക്കറിയില്ല, എനിക്ക് വിപ്ലവ ഗാനങ്ങളാണറിയുക' എന്നുപറഞ്ഞു അവ നിർത്തി ഒന്നിനുപുറകെ ഒന്നായി വിപ്ലവഗാനങ്ങൾ പാടി. ആ പാട്ടിനൊപ്പം ബിദ്യയും, ബസന്തും നൃത്തവുമാടി. അപ്പോൾ അവർ മൂന്നുപേരും ആ പാട്ടുകളിലൂടെ പോരാട്ട നിമിഷങ്ങളെ ഓർത്തെടുത്ത് ജീവിക്കുകയാണെന്ന് തോന്നി. ഈ പാട്ടുകളിൽ 'നവ നേപ്പാളി'നെക്കുറിച്ചുള്ള സ്വപ്നങ്ങളും പോരാട്ടങ്ങളും അതിൽ നഷ്ടപ്പെട്ട ജീവിതങ്ങളും തോറ്റ സമരങ്ങളെക്കുറിച്ചുമെല്ലാമുണ്ടായിരുന്നു. എന്നാൽ വിപ്ലവ ഗാനങ്ങളല്ലാതെ മറ്റൊന്നും പാടുന്നില്ല എന്ന മായയുടെ പരിഭവം അവർ ചെവിക്കൊണ്ടില്ല . ഗവേഷകയായ എനിക്കുമുന്നിൽ രാധിക ബോധപൂർവ്വം തന്നെക്കുറിച്ചുള്ള ഒരു സ്വത്വ നിർമ്മിതി നടത്തുന്നതായി എനിക്കുതോന്നി. വ്യക്തിപരമായ ഓർമ്മകളെ മാറ്റിനിർത്തുന്ന ഈ രീതികൾ സായുധ പോരാട്ടത്തിനിടയിൽ നടക്കുന്ന ബോധനപ്രവർത്തനങ്ങളിൽ സംഭവിക്കുന്ന ഒന്നാണോ? അതോ സായുധ വിപ്ലവത്തോട് ഇന്നുമുള്ള പ്രതിബദ്ധതയിൽ നിന്നാണോ ? അതോ ഒരു വിപ്ലവകാരിയുടെ സ്വത്വത്തെക്കുറിച്ചുള്ള ബോധപൂർവ്വമായ അറിവിൽ നിന്നാണോ? എന്നെല്ലാമുള്ള ചോദ്യങ്ങൾ എന്നിലുണ്ടാക്കി.

ദമായി എന്ന ദളിത് വിഭാഗത്തിൽപ്പെട്ട രാധിക എങ്ങനെയാണ് സ്വന്തം ജീവിതത്തെ കാണുന്നതെന്നുള്ള എന്റെ ചോദ്യത്തിന് അവർ പ്രതികരിച്ചത് 'ഖുഷി' അഥവാ സന്തോഷം എന്ന വാക്കിലൂടെയാണ്. ജനയുദ്ധത്തിൽ ചേർന്ന് എങ്ങനെയാണു ലിംഗപരവും, വർഗ്ഗപരവും, ജാതിപരവുമായ വിവേചനങ്ങൾ മറികടക്കുവാനായതെന്ന് അവർ വിവരിച്ചു. 'ദമായി വിഭാഗത്തിൽപ്പെട്ട ദളിത് സ്ത്രീയാണ് ഞാൻ. തൊട്ടുകൂടാത്തവൾ, എന്നാൽ ഇപ്പോൾ ഞാൻ സവർണ്ണ കുടുബത്തിൽപ്പെട്ട ബിദ്യയോടൊപ്പം ഭക്ഷണം കഴിക്കുന്നു. അതൊരു മാറ്റമല്ലേ? അതിൽ സന്തോഷിക്കേണ്ടേ?' രാധിക ചോദിക്കുന്നു. മറ്റു ദക്ഷിണേഷ്യൻ രാജ്യങ്ങളിലെപ്പോലെ നേപ്പാളിലും ജാതിപരമായ വേർതിരിവുകളും അധീശത്വവുമുണ്ട്. ഭക്ഷണ ശീലങ്ങളിലും സാമൂഹികവുമായ അകല ശീലങ്ങളിലൂടെയുമാ



ണ് ഇവയെല്ലാം പ്രയോഗിക്കപ്പെടുന്നത്. ജാതി വേർതിരുവുകൾക്കപ്പുറം ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാനാവുന്നത് വിപ്ലവാനന്തര സമൂഹത്തിൽ വന്ന ഒരു മാറ്റമായി ചൂണ്ടികാണിക്കുന്നത് ജാതിവിവേചനങ്ങൾക്കെതിരെയുള്ള പ്രതിരോധനങ്ങളിൽ വളരെ പ്രധാനമാണ്. അവരുടെ ഒരുമിച്ചുള്ള പാട്ടും നൃത്തവും, സായുധപോരാട്ട ഓർമ്മകൾ പങ്കുവെക്കലും, ഭക്ഷണം കഴിക്കലുമെല്ലാം ഒരർത്ഥത്തിൽ വിവേചനങ്ങൾക്കെതിരെ ‘നമ്മൾ’ എന്ന സ്വത്വം രൂപീകരിക്കാൻ സാധിച്ചതിന്റെ പ്രതിഫലനമാണ്.

സായുധവിപ്ലവത്തിൽ പങ്കെടുത്തതിലൂടെ സ്ത്രീകളെക്കുറിച്ചും അവരുടെ ജോലിചെയ്യാനുള്ള കഴിവിനെക്കുറിച്ചുമുള്ള നിലനിൽക്കുന്ന ധാരണകൾ പൊളിക്കുവാൻ സാധിച്ചതിലുള്ള സന്തോഷം രാധിക പങ്കുവച്ചു. സായുധപോരാട്ടവേളയിലുള്ള സ്ത്രികളുടെ സേവനങ്ങളും അദ്ധ്വാനങ്ങളുമൊക്കെ പെൺ ഗറില്ലകളും അഭിമാനത്തോടുകൂടിയാണ് ഓർക്കാറുള്ളത്. സ്ത്രീകളുടെ ഇത്തരത്തിലുള്ള പങ്കാളിത്തത്തിനു ശേഷമാണ് നേപ്പാളിലെ സുരക്ഷാ സേവനത്തിൽ വനിതകളെ നിയമിച്ചുതുടങ്ങിയത്. അവരുടെ ഇടപെടലുകളിലൂടെ സ്ത്രീകൾക്ക് രാഷ്ട്രീയത്തിലും പൊതുമണ്ഡലത്തിലും നേതൃത്വനിരയിലും പ്രവൃത്തിക്കുവാൻ സാധിച്ചു എന്ന് രാധികയും കൂട്ടരും വിശ്വസിക്കുന്നു. ഞാൻ സംസാരിച്ച മറ്റു ചിലർ പറഞ്ഞത് ‘ഞങ്ങളുടെ പ്രവർത്തന ഫലമായിട്ടാണ് ഇന്ന് ഈ രാജ്യത്ത് വൈസ് പ്രസിഡന്റ്, സ്പീക്കർ, ചീഫ് ജസ്റ്റിസ് എന്നീ പദവികളിൽ സ്ത്രീകൾ എത്തിയത്‘. 2008 ഏപ്രിലിൽ നടന്ന തിരഞ്ഞെടുപ്പിൽ 197 സ്ത്രീകളാണ് കോൺസ്റ്റിറ്റുവന്റ് അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. ഇതു നേപ്പാളിന്റെ ചരിത്രത്തിൽ തന്നെ വളരെ പ്രധാനപ്പെട്ടതാണ്. കാരണം ഇതിനുമുൻപ് ഒരിക്കലും 5 ശതമാനത്തിൽ കൂടുതൽ സ്ത്രീകൾ അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല. ഇത്തരത്തിൽ യുദ്ധാനന്തര സമൂഹത്തിൽ അവരുടെ ഇടപെടലുകളുണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ചുള്ള ബോധ്യം സ്വതന്ത്രമായി ഇടപെടലുകൾ നടത്തുവാൻ അവർക്ക് ധൈര്യം നൽകി. പോരാട്ട അനുഭവങ്ങളിൽ നിന്നുള്ള ഊർജ്ജമാണ് രാധികയെ ഘോരാഹിപോലുള്ള ഒരു നഗരത്തിൽ ഒറ്റയ്ക്ക് ജീവിക്കാൻ ബലം നൽകുന്നത്.

പെൺ ഗറില്ലാ പോരാളികൾ നേരിടുന്ന വിമർശനങ്ങളും, വിവേചനങ്ങളും സൂക്ഷ്മമായി പരിശോധിക്കുമ്പോൾ രാധികയുടെ സന്തോഷം എന്ന വാക്കിന് കൂടുതൽ പ്രാധാന്യമുള്ളതായി തോന്നും. പരമ്പരാഗതമായി സ്ത്രീശരീരങ്ങളുടെ ഇടമായി കണക്കാക്കുന്ന വീട് , കുടുംബം എന്നീ ഘടനകൾ ഉപേക്ഷിച്ച് സായുധസമരത്തിൽ പങ്കെടുക്കുകയും ലിംഗപരവും, ജാതിയപരമായുമുള്ള വേർതിരിവുകൾ മാനിക്കുകയും ചെയ്യാത്ത പെൺ ഗറില്ലാപോരാളികൾ സമൂഹത്തിൽ ധാരാളം അധിക്ഷേപങ്ങളും വിമർശനങ്ങളും ഏറ്റുവാങ്ങുന്നുണ്ട്. സായുധവിപ്ലവകാലത്തെ കഠിനമായ ശാരീരിക മാനസിക അദ്ധ്വാനങ്ങൾക്കും സേവനങ്ങൾക്കും ശേഷമുള്ള യുദ്ധാനന്തര ജീവിതം അവർക്കു വല്ലാതെ മടുപ്പുണ്ടാക്കുന്ന രീതിയിലാണ്. ഔപചാരിക വിദ്യാഭ്യാസമില്ലാതാത്തതുകൊണ്ടും പ്രകോപനപരമായ രീതികൾ കാണിക്കുന്നു എന്ന കാരണം പറഞ്ഞും സാധാരണ ഓഫീസ് ജീവിതം ഇവർക്ക് സാദ്ധ്യമല്ല എന്നാണ് പൊതുസമൂഹം വിചാരിക്കുന്നത്. എന്നോട് സംസാരിച്ച പെൺ ഗറില്ലാ പോരാളികളെല്ലാം യുദ്ധാനന്തര സമൂഹത്തിൽ അവർ നേരിടുന്ന പ്രശ്നങ്ങളിൽ പാർട്ടി നേതൃത്വം ഇടപെടാത്തതിൽ പൊതുവായി അസന്തുഷ്ടി പ്രകടിപ്പിച്ചു. അവർക്കുചുറ്റുമു

ള്ള യുദ്ധാനന്തര സമൂഹം അവരുടെ പോരാട്ടത്തെ നിരാകരിക്കുകയും അവഹേളിക്കുകയും ചെയ്യുന്നു ; എന്നാൽ അവരാകട്ടെ പോരാട്ടകാലത്തെ ആശയങ്ങളോടും തത്ത്വങ്ങളോടുമുള്ള പ്രതിബദ്ധത നിലനിർത്തി ജീവിക്കുന്നു. പോരാട്ടകാലത്തെ സൗഹൃദങ്ങളും ബന്ധങ്ങളുമൊക്കെ നഷ്ടപ്പെട്ട അവർക്ക് രാഷ്ട്രീയവും സാമ്പത്തികവുമായ കാരണങ്ങളാൽ സ്വദേശം തന്നെ വിട്ടു പോകേണ്ട അവസ്ഥയും യുദ്ധാനന്തര സമൂഹത്തിൽ ഉണ്ടായി. ഞാൻ 2019 ൽ ഗവേഷണ പ്രവർത്തനങ്ങൾക്കായി വീണ്ടും ഘോരാഹിയിൽ ചെന്നപ്പോൾ 2016 ൽ കണ്ട പ്രവർത്തകരെയൊന്നും കാണുവാൻ സാധിച്ചില്ല . അവരെല്ലാം അവിടം വിട്ട് ജോലിസംബന്ധമായി കാ?മണ്ഡുവിലേക്കും മറ്റു പരിസര പ്രദേശങ്ങളിലേക്കും മാറിക്കഴിഞ്ഞിരിക്കുന്നു. ഈ മാറ്റം അവരെ 'ഏകാന്തരും ദിശാബോധം നഷ്ടപ്പെട്ടവരും തളർന്നവരുമാക്കിത്തീർത്തിരിക്കുന്നു'. (സപന, സീത, മായ എന്നിവരുമായുള്ള സംസാരത്തിൽ നിന്നും ലഭിച്ചത് ).

ഈ സാഹചര്യങ്ങൾക്കിടയിലാണ് രാധികയുടെ 'സന്തോഷം' എന്നത് ഭാവനാപൂർണമായ പ്രതിരോധമായിത്തീരുന്നത്. സമൂഹത്തിന്റെ ഘടനകളോടും അവ സൃഷ്ടിക്കുന്ന സമ്മർദ്ദങ്ങളോടും അതുവഴി സായുധവിപ്ലവകാലത്തെ ഇടപെടലുകളെ തമസ്കരിക്കുവാനുമുള്ള ശ്രമങ്ങളെയാണ് രാധിക 'സന്തോഷം'കൊണ്ട് പ്രതിരോധിക്കാൻ ശ്രമിക്കുന്നത്. ഗവേഷണത്തിനുവേണ്ടിയുള്ള അന്വേഷണത്തിലൂടെ ഞാൻ മനസ്സിലാക്കിയത് പെൺ ഗറില്ലാ പോരാളികൾ കൂടുതൽ ഊന്നുന്നത് പോരാട്ടകാലത്തെ അനുഭവങ്ങളിലൂടെയും അദ്ധ്വാനത്തിലൂടെയും മുന്നോട്ടു ജീവിക്കുവാനുള്ള കഴിവുനേടിയതിലാണ്. സ്വതന്ത്രമായി ജീവിക്കുവാനും, യാത്ര ചെയ്യുവാനുമുള്ള ആർജ്ജവം നേടിയതിനെക്കുറിച്ചും, സംവാദങ്ങളിൽ ഏർപ്പെടാനുള്ള കഴിവിനെക്കുറിച്ചും, കുട്ടികൾക്ക് പ്രത്യേയശാസ്ത്രപരമായ അറിവുകൾ നൽകി അതുവഴി സമത്വപൂർണ്ണമായ ലോകം വാർത്തെടുക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകളെക്കുറിച്ചുമാണ് അവർ സംസാരിക്കുന്നത്. ഞാൻ ഗവേഷണത്തിനിടയിൽ പരിചയപ്പെട്ട സ്ത്രീകൾ സന്തോഷം നിറഞ്ഞവരാണ്. ജീവിതത്തിൽ എന്തിനെക്കുറിച്ച് അഭിമാനിക്കണം, എന്തിനെക്കുറിച്ച് ദുഖിക്കണമെന്ന് നന്നായി അറിയുന്ന, ചിന്തയിലും പ്രവൃത്തിയിലും, സന്തോഷത്തിലും ദുഖത്തിലും, സ്വതന്ത്രരായ സ്ത്രീകൾ !

**സഹായക ഗ്രന്ഥങ്ങൾ**

Eyal, Gil. 2004. "Identity and Trauma: Two Forms of the Will to Memory". History and Memory. 16 (1), Spring Summer, pp. 5-36.

Gogoi, A. P. 2017. "Troubled Identities: women ex-combatants in post-conflict Nepal", in Åshld Kolås (eds.): Women, Peace and Security in Nepal: From Civil War to Post-Conflict Reconstruction New York: Routledge. pp. 50-65.

Lohani-Chase, Rama S. 2014. "Protesting Women in the People's War Movement in Nepal", Signs, Vol. 40, No. 1 (Autumn 2014), 29-36.

Luna K.C. & Gemma Van Der Haar. 2019. "Living Maoist gender ideology: experiences of women ex-combatants in Nepal", International Feminist Journal of Politics, 21:3, 434-453, DOI:10.1080/14616742.2018.1521296

Mats, U. 2005. "West-African Warscapes: Victimcy, Girlfriending, Soldiering: Tactic Agency in a Young Woman's Social Navigation of the Liberian War Zone", Anthropological Quarterly, 78 (2), Spring, 403-430.

Manchanda, Rita. 2010. "Women's Question in Nepal's Democratic Post Conflict Transition: Towards A Policy Research Agenda," in Peace Prints: South Asian Journal of Peace building, 3(1), 33-51.

Onesto, Li. 2005. Dispatches from the People's War of Nepal, Pluto Press. London. Ann Arbor, Mi, Insight Press, Inc. Chicago. IL.

Parvati. 1999. The Question of Women's Leadership in People's War in Nepal, Monthly Review.

Parvati and Bruce Lee. 2006a. People's War...Women's War: Two Texts by Comrade Parvati of the Communist Party of Nepal (Maoist) with Commentary by Bruce Lee. Kersplebedeb

Parvati. 2006b. People's War and Women's Liberation in Nepal. Purvaiya Prakashan, Raipur, India.

Rai, Kailash. 2017. "Heroic Tales: Memoirs by Maoist Women" in Michael Hutt and Pratyoush Onto (eds.): Political Change and Public Culture in Post-1990 Nepal. New Delhi, Cambridge University Press, pp 197- 222.

Satya Shrestha-Schipper. 2008-2009. "Women's Participation in the People's War" in Jumla, European Bulletin of Himalayan Research 33-34: 105-122.

Tamang, Seira. 2017. "Motherhood Containeırs: Cantonments and the Media Framing of Female Ex-combatants in Nepal's Transition," Michael Hutt and Pratyoush Onto (eds.): Political Change and Public Culture in Post-1990 Nepal. New Delhi: Cambridge University Press, pp 223-250.

Thapa, Manjushree. 2003. 'Girls at War'. In Dispatches from Grey Zone, Kathmandu: Centre for Investigative Journalism. pp. 69-74.

Timalsina, Rajib. 2014. "Addressing Issues of ex-combatants in Nepal: Deciding Hastily and Implementing at a Snail's Pace". Paper Presented at the 25th International Conference organised by International Peace Research Association (IPRA) from 11-15 August 2014. Istanbul, Turkey.

Zarkavich, Ina. 2019. Maoist People's War and the Revolution of Everyday Life in Nepal, Cambridge University Press, New Delhi.

ചർച്ചാവിഷയം



ഡോ. മീര വേലായുധൻ
പോളിസി അനലിസ്റ്റ്, കൊച്ചി

# മറക്കാൻ എനിക്കാവില്ല; നാം ഓർക്കണം – ഗുജറാത്ത് 2002



വിവർത്തനം:
**അഥീന രാജീവ്**
എംഫിൽ സ്കോളർ,
ഇകണോമിക്സ്, കേരള യൂണിവേഴ്സിറ്റി

**ലോ**കത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ജൂറിസ്റ്റുകൾ, ആക്ടിവിസ്റ്റുകൾ, അഭിഭാഷകർ, എഴുത്തുകാർ, അക്കാദമിക് വിദഗ്ധർ എന്നിവരടങ്ങിയ, ഇന്റർനാഷണൽ ഇനിഷ്യറ്റിവ് ഫോർ ജസ്റ്റിസ് ഇൻ ഗുജറാത്ത് എന്ന സംഘടനയുടെ 9 അംഗ വനിതാ പാനലിന്റെ ഭാഗമായിരുന്നു ഞാൻ. സുനില അബീസേകര (ഡയറക്ടർ ഓഫ് ഇൻഫോം, കൊളംബോ, ശ്രീലങ്ക), റോണ്ട കോപ്ലോൺ (പ്രൊഫസർ ഓഫ് ലോ, സിറ്റി യുനിവെഴ്സിറ്റി ഓഫ് ന്യൂയോർക്ക്), അനിസ ഹെലി (അൾജീരിയ / ഫ്രാൻസ് മുസ്ലീം നിയമങ്ങൾക്ക് കീഴിലുള്ള സ്ത്രീകൾ), ഗബ്രിയേല മിഷ്കോവ്സ്കി (ചരിത്രകാരി, ജർമ്മനിയിലെ മെഡിക്ക മൊണ്ടിയാലെയുടെ സഹസ്ഥാപക), നീര യുവാൽ-ഡേവിസ് (യുകെയിലെ ഗ്രീൻവിച്ച് സർവകലാശാലയിലെ ലിംഗ - വംശീയ പഠന പ്രൊഫസർ), പ്രൊഫ. ഉമാ ചക്രവർത്തി, ഡോ. മീര വേലായുധൻ, ഫറാ നഖ്‌വി എന്നിവരടങ്ങുന്നതായിരുന്നു ആ പാനൽ. ഞങ്ങൾ അഹമ്മദാബാദ്, ബറോഡ, പഞ്ചമഹൽസ് എന്നിവിടങ്ങൾ സന്ദർശിക്കുകയും ദുരിതബാധിതർ, തൊഴിലാളികളെ പിൻതുണയ്ക്കുന്നവർ, അഭിഭാഷകർ എന്നിവരുമായി സംസാരിക്കുകയും ദുരിതബാധിതരായ സ്ത്രീകളുമായി രഹസ്യ കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തു. അന്ന് ഗുജറാത്തിൽ താമസിച്ചിരുന്ന ഒരേയൊരു പാനൽ അംഗം ഞാനായിരുന്നു.

സ്വതന്ത്ര ഏജൻസികളുടെയും സ്റ്റാറ്റ്യൂട്ടറി ബോഡികളുടെയും നിരവധി റിപ്പോർട്ടുകൾ മനസ്സിൽ വച്ചുകൊണ്ട്, ഗുജറാത്ത് സന്ദർശിച്ച പാനൽ, നിലവിലുള്ള അന്താരാഷ്ട്ര നിയമങ്ങൾ, കൺവെൻഷനുകൾ, മാനദണ്ഡങ്ങൾ എന്നിവയുടെ വെളിച്ചത്തിൽ അക്രമത്തെക്കുറിച്ച് അന്വേഷിച്ചു. പ്രത്യേകിച്ച് 2002 ഫെബ്രുവരി 27 മുതൽ സ്ത്രീകൾക്ക് നേരെ ഉണ്ടായ ശാരീരികവും ലൈംഗികവുമായ അതിക്രമങ്ങൾ, അക്രമ

ത്തിൽ ഭരണകൂടത്തിന്റെ പങ്കാളിത്തം,ഇരകൾക്ക് ലഭിക്കേണ്ടിയിരുന്ന ഫലപ്രദമായ പരിഹാരത്തിന്റെ അഭാവം, സംസ്ഥാനത്ത് അടുത്തിടെ നടന്ന ബിജെപിയുടെ വിജയം നൽകിയ സൂചനകൾ എന്നിവയും പാനൽ പരിഗണിച്ചിരുന്നു. ഈ പാനൽ കേവലം ഒരു വസ്തുതാന്വേഷണ ദൗത്യസംഘമായിരുന്നില്ല. 2002 ഫെബ്രുവരി 27 മുതൽ ഇങ്ങോട്ട്, ഈ ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെട്ടവർക്ക് നീതി കൈവരിക്കാനുള്ള ശ്രമങ്ങളെയും സ്ത്രീന്യൂനപക്ഷങ്ങൾക്ക് - വിശിഷ്യാ ഗുജറാത്തിലെ മുസ്ലീം സ്ത്രീകൾ - എതിരായി ഉണ്ടായേക്കാവുന്ന ആക്രമണങ്ങൾ തടയുന്നതിനെയും പിന്തുണയ്ക്കുക എന്നിവയും ഇതിന്റെ ദൗത്യങ്ങളിൽ പെട്ടിരുന്നു. സിറ്റിസൺസ് ഇനിഷ്യേറ്റീവ് (അഹമ്മദാബാദ്), പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് (പി.യു.സി.എൽ) - ശാന്തി അഭിയാൻ (വഡോദര), കമ്മ്യൂണലിസം കോംബാറ്റ്, ആവാസ്-ഇ-നിസ്വാൻ, ഫോറം എഗൈൻസ്റ്റ് ഒപ്രഷൻ ഒഫ് വിമെൻ (FAOW), സ്ത്രീ സംഘം (മുംബൈ), സഹേലി, ജാഗോരി, സമാ, നിരന്തർ (ദില്ലി), സംഘടിത ലെസ്ബിയൻ അലയൻസ് (പൂനെ) എന്നീ സംഘടനകളും മറ്റ് വനിതാ സംഘടനകളും ചേർന്നാണ് ഗുജറാത്തിലെ ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ ജസ്റ്റിസ് സംഘടിപ്പിച്ചത്.

1971 ലെ ബംഗ്ലാദേശിലെയും റുവാണ്ട, ബോസ്നിയ, അൾജീരിയ തുടങ്ങിയ രാജ്യങ്ങളിലെയും സ്ത്രീകളുടെ അനുഭവങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒന്നാണ് സംഘർഷസാഹചര്യങ്ങളിൽ സ്ത്രീകളെ ഭയപ്പെടുത്തുന്നതിനും ക്രൂരമായി പീഡിപ്പിക്കുന്നതിനുമുള്ള ഒരു തന്ത്രമായി ആസൂത്രിതമായ ബലാത്സംഗവും ലൈംഗിക അതിക്രമവും ഉപയോഗിച്ചത്. മറ്റെല്ലാ രാജ്യങ്ങളിലെയും പോലെ ഗുജറാത്തിലും മറ്റ് സമുദായത്തിലെ അംഗങ്ങളായും, സമുദായത്തിലെ ബഹുമാനത്തിന്റെ പ്രതീകമായും, സമൂഹത്തെ നിലനിർത്തുകയും അടുത്ത തലമുറയെ പുനർനിർമ്മിക്കുകയും ചെയ്യുന്നവരുമായി സ്ത്രീകൾ ലക്ഷ്യം വയ്ക്കപ്പെട്ടു. വംശഹത്യ, മനുഷ്യരാശിക്കെതിരായ കുറ്റകൃത്യങ്ങൾ, കീഴ്പ്പെടുത്തൽ എന്നിങ്ങനെയുള്ള വലിയ രാഷ്ട്രീയ പദ്ധതികളുടെ ഒരു സാധാരണ വശം മാത്രമായി ഇത് മാറിയിരിക്കുന്നു. ഗുജറാത്തിൽ, ഹിന്ദുത്വത്തിന്റെ സംഘടിത രാഷ്ട്രീയ പദ്ധതിയുടെ കേന്ദ്രബിന്ദു എന്ന നിലയ്ക്ക് മുസ്ലീം സ്ത്രീകൾക്കെതിരെയും മിശ്ര മതവിവാഹം ചെയ്ത സ്ത്രീകൾക്കെതിരെയും ലൈംഗിക അതിക്രമങ്ങൾ നടന്നിരുന്നു. അംഗങ്ങളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള ഉപകരണമായും മുസ്ലീം സമുദായത്തിന്മേൽ ഹിന്ദു ആധിപത്യം അടിച്ചേൽപ്പിക്കുന്നതിനുള്ള ഉപാധിയായും പുരുഷ ലൈംഗികതയെ ഉപയോഗിച്ചത് സന്ദർശന വേളയിൽ ഞങ്ങൾ തിരിച്ചറിഞ്ഞു. 2002 ഫെബ്രുവരി / മാർച്ച് മാസങ്ങളിലെ അക്രമത്തിന് മുമ്പും ശേഷവും നടന്ന ഹിന്ദുത്വശക്തികളുടെ രാഷ്ട്രീയ പ്രചാരണത്തിൽ പ്രതിഫലിച്ചതുപോലെ, ഹിന്ദു പുരുഷന്റെ പുരുഷത്വം തെളിയിക്കാനുള്ള ഉപാധിയായി ലൈംഗിക അതിക്രമത്തിന് പ്രേരിപ്പിക്കുന്ന, ആക്രമണാത്മകവും ഭീഷണിപ്പെടുത്തുന്നതുമായ രീതിയിൽ പുരുഷന്മാർ സ്ത്രീകൾക്ക് മുന്നിൽ സ്വയം വിവസ്ത്രരാകുന്ന, കൂട്ട ബലാത്സംഗം നടത്തുന്ന, ഇരകളെ ചുട്ടുകൊല്ലുന്ന മാതൃകകളിലൂടെ ഇത് നടപ്പിലാക്കുന്ന ഒരു ഭയാനകമായ പ്രവണത ഞങ്ങൾ കണ്ടെത്തി.

ഞങ്ങളുടെ സന്ദർശന വേളയിൽ കണ്ടതുപോലെ ഗുജറാത്തിലെ മുസ്ലീം സ്ത്രീകൾ അനുഭവിക്കുന്ന ലൈംഗിക അതിക്രമങ്ങളുടെ ആഘാതം തുടരുകയായിരുന്നു. ലൈംഗിക അതിക്രമങ്ങൾ ഉൾപ്പെടെയുള്ള അക്രമങ്ങൾക്ക് ഇരയായ സ്ത്രീകളുടെ ആവശ്യങ്ങളോട് മെഡിക്കൽ സംവിധാനം പ്രതികരിക്കുന്നില്ലെ



ന്ന് തെളിഞ്ഞു. ലൈംഗിക അതിക്രമങ്ങളിൽ നിന്ന് രക്ഷപ്പെടുന്നവർക്ക് കൗൺസിലിംഗിന് പ്രവേശനമില്ല, മാത്രമല്ല അവരുടെ ലൈംഗിക/പ്രത്യുൽപാദന ആരോഗ്യം, അവകാശങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അവഗണിക്കപ്പെട്ടു. ലൈംഗിക അതിക്രമത്തിന്റെ അനന്തരഫലമായുണ്ടായുണ്ടാകുന്ന ഗർഭാവസ്ഥ, ഗർഭച്ഛിദ്രം, ലൈംഗികമായി പകരുന്ന അണുബാധകൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഉണ്ടായിരുന്ന അശ്രദ്ധയിലും, സ്ത്രീകൾക്ക് സ്വയം വീണ്ടെടുക്കാനും പ്രതിരോധിക്കാനുമുള്ള സുരക്ഷിതമായ ഇടങ്ങളുടെ അഭാവത്തിലും ഞങ്ങൾ പരിഭ്രാന്തരായി.

ലൈംഗിക അതിക്രമ ആരോപണങ്ങൾ ഉന്നയിക്കാൻ ശ്രമിച്ച ചുരുക്കം ചില സ്ത്രീകളുടെ ആവശ്യങ്ങളോട് പോലും നിയമപരവും അന്വേഷണാത്മകവുമായ സംവിധാനങ്ങൾ ഒട്ടും പ്രതികരിക്കുന്നില്ലെന്ന് ഞങ്ങൾ കണ്ടെത്തി. പല കേസുകളിലും മുസ്ലീം സ്ത്രീകൾക്കെതിരായ ലൈംഗിക അതിക്രമത്തിന് പ്രേരിപ്പിച്ചവരും കുറ്റവാളികളുമായത് പോലീസാണ്. മാനവികതയ്ക്കെതിരായ കുറ്റകൃത്യമായി ലൈംഗിക അതിക്രമത്തെ കണക്കാക്കുന്നതിൽ നിന്നു വ്യതിചലിപ്പിക്കാൻ മുഴുവൻ സംവിധാനവും ഗൂഢാലോചന നടത്തുന്നു. കൂടാതെ, സാമൂഹിക ഘടനയിലുടനീളം നിലനിൽക്കുന്ന പുരുഷാധിപത്യ മനോഭാവം പോലീസിന്റെയും അഭിഭാഷകരുടെയും നിഷ്പക്ഷപരമായ സമീപനത്തെ തടയുന്നു. പൊലീസിലെ നിരവധി അംഗങ്ങൾ, പബ്ലിക് പ്രോസിക്യൂട്ടർമാർ ജുഡീഷ്യറി എന്നിവരുൾപ്പെടെയുള്ള നിയമവ്യവസ്ഥയ്ക്കുള്ളിലെ ഉദ്യോഗസ്ഥരുടെ സംഘപരിവാർ സംഘടനകളുമായുള്ള ബന്ധം നീതിഗതികളെ ദുർബലപ്പെടുത്തുന്നത് വ്യക്തമായി. കൊലപാതകവുമായി ബന്ധപ്പെട്ട ലൈംഗിക അതിക്രമങ്ങളിൽ, ബലാത്സംഗത്തെക്കാൾ കൊലപാതകത്തിന് മുൻഗണന നൽകുന്ന ദാരുണമായ പ്രവണതയുണ്ട്. ഇന്ത്യയിൽ നിലവിലുള്ള ക്രിമിനൽ നീതിന്യായ വ്യവസ്ഥയ്ക്ക് ലൈംഗിക അതിക്രമങ്ങളും മറ്റ് അക്രമങ്ങളും, സാമുദായിക സ്വഭാവമുള്ള സംഭവങ്ങൾ പ്രത്യേകിച്ചും കൈകാര്യം ചെയ്യാൻ കഴിയില്ലെന്ന് ഈ സാഹചര്യം വ്യക്തമാക്കുന്നു. മെഡിക്കൽ റിപ്പോർട്ടുകൾ, മറ്റ് സ്ഥിരീകരിക്കുന്ന തെളിവുകൾ തുടങ്ങി പ്രോസിക്യൂഷനെ തടയുന്ന അന്യായമായ ഉപാധികൾ ഇല്ലാതാക്കേണ്ടതിന്റെ ആവശ്യകതയാണ് ഗുജറാത്തിന്റെ അനുഭവങ്ങൾ എന്നത്തേക്കാളും വ്യക്തമായി തുറന്നു കാട്ടുന്നത്.

പോലീസിന്റെയും മെഡിക്കൽ, നിയമ സംവിധാനങ്ങളുടെയും തലത്തിൽ അവർക്കെതിരായി നടക്കുന്ന നഗ്നമായ പക്ഷപാതങ്ങളിലൂടെ മാത്രമല്ല, അപമാനം മറയ്ക്കാൻ ശ്രമിക്കുന്ന അവരുടെ കുടുംബങ്ങളുടെയും സമുദായത്തിൻറെയും ഇടപെടലുകളുലൂടെയും ലൈംഗിക അതിക്രമത്തിന് ഇരയായ നിരവധി സ്ത്രീകൾ നിശബ്ദരാക്കപ്പെട്ടു. ഒന്നുകിൽ ബലാൽസംഗത്തിന് ഇരയായി എന്ന വസ്തുത മറച്ചുവെക്കാനുള്ള ശ്രമത്തിൽ അല്ലെങ്കിൽ ഒരു പ്രതിരോധ നടപടി എന്ന നിലയ്ക്ക് പെൺകുട്ടികളെ നിർബന്ധിതമായി വിവാഹം ചെയ്യിക്കുന്നത് ഈ സാഹചര്യത്തിന്റെ ഭയാനകമായ ഒരു പരിണിതഫലമാണ്. പെൺമക്കളെ ദൂര ദേശങ്ങളിലേയ്ക്ക് പറഞ്ഞയക്കാനോ അവരെ അനുയോജ്യരല്ലെന്ന് അറിയാവുന്ന പുരുഷന്മാരുമായി വിവാഹം കഴിപ്പിക്കാനോ തങ്ങൾ നിർബന്ധിതരായിട്ടുണ്ടെന്ന് സമ്മതിച്ച നിരവധി അമ്മമാരെ ഞങ്ങൾ കണ്ടുമുട്ടി. സ്ത്രീകളെ ഭീഷണിപ്പെടുത്തുന്നതിനും നിന്ദിക്കുന്നതിനും റേപ്പിസ്റ്റുകൾക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു എന്നാണ് അക്രമകാരികളെ പ്രോസിക്യൂട്ട് ചെയ്യുന്നതിൽ സ്റ്റേറ്റ് ഏജൻസികൾ പരാജയപ്പെടുന്നത് വ്യക്തമാക്കുന്നത്.

അന്താരാഷ്ട്ര തലത്തിൽ കൈവരിച്ച പുരോഗതിയുടെ പശ്ചാത്തലത്തിൽ വിചിന്തനം ചെയ്യുമ്പോൾ, ബലാത്സംഗവും ലൈംഗിക അതിക്രമവും ഒരു പീഡനമായി, ഒരു യുദ്ധക്കുറ്റമായി, മനുഷ്യരാശിക്കെതിരായുള്ള കുറ്റകൃത്യമായി, വംശഹത്യയായി കണക്കാക്കിക്കൊണ്ട് യുഗോസ്ലാവിയയിലെയും റുവാണ്ടയിലേയും താൽക്കാലിക മുൻ ട്രൈബ്യൂണലുകളിൽ വിചാരണ ചെയ്ത പശ്ചാത്തലത്തിൽ, ഈ സാഹചര്യം ഒട്ടും സ്വീകാര്യമല്ല. . ഈ മുന്നേറ്റങ്ങൾ ഇപ്പോൾ ഇന്റർനാഷണൽ ക്രിമിനൽ കോടതിയുടെ (ഐസിസി) റോം സ്റ്റാറ്റ്യൂട്ടിൽ വിപുലീകരിച്ച് ക്രോഡീകരിച്ചിട്ടുമുണ്ട്.

കൂടാതെ, ഗുജറാത്തിലെ അക്രമത്തെ പ്രേരിപ്പിക്കുന്നവരായും അക്രമത്തിലെ കുറ്റവാളികളായും ബിജെപി, വിഎച്ച്പി, ബജ്രംഗ്ദൾ നേതാക്കളെ ഉൾപ്പെടുത്തണമെന്ന് നിരവധി സാക്ഷ്യപത്രങ്ങൾ നിർദ്ദേശിച്ചു. ജനാധിപത്യ മാനദണ്ഡങ്ങളും മനുഷ്യാവകാശങ്ങളും സംരക്ഷിക്കുന്നതിന് ഒരു പ്രത്യേക ഉത്തരവാദിത്തം വഹിക്കുന്ന പൊതു വ്യക്തികൾ ഉണ്ടാകേണ്ടത് അത്യാവശ്യമായ ഒരു നടപടിയാണ് എന്ന് നീതിക്കായുള്ള അന്വേഷണത്തിൽ മനസ്സിലായി. യുഗോസ്ലാവിയയിലെയും റുവാണ്ടയിലേയും മുൻ ട്രൈബ്യൂണലുകളിൽ ഈ ഉത്തരവാദിത്തം പ്രകടമാക്കിയിട്ടുണ്ട്. മനുഷ്യരാശിക്കെതിരായ കുറ്റകൃത്യങ്ങൾക്കും ലൈംഗിക അതിക്രമങ്ങൾ ഉൾപ്പെടെയുള്ള വംശഹത്യകൾക്കും പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഉദ്യോഗസ്ഥരെയും പൊതുജനങ്ങളെയും അവർ വിചാരണ ചെയ്യുകയും ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. സാധാരണ നില പുനസ്ഥാപിച്ചുവെന്ന് വാജ്പേയി സർക്കാരിന്റെ അവകാശവാദങ്ങൾ ഉണ്ടായിരുന്നിട്ടും മുസ്ലിം സമുദായത്തെ പൂർണ്ണമായും പാർശ്വവത്കരിക്കുന്ന അക്രമത്തിന്റെ രീതികൾ സന്ദർശനങ്ങളിൽ ഞങ്ങൾ കണ്ടു, മാത്രമല്ല അവർക്ക് ഇനി ഇന്ത്യ എന്ന രാജ്യത്തിൽ സ്ഥാനമില്ലെന്ന ആശയത്തെ അവരിലേക്ക് അത് കൈമാറുക കൂടി ചെയ്യുന്നു.

ഗ്രാമങ്ങൾക്കെതിരായ ആക്രമണത്തെത്തുടർന്ന് പലായനം ചെയ്ത പല മുസ്ലിംകളെയും അവരുടെ

വീടുകളിലേക്ക് മടങ്ങാൻ അനുവദിക്കുന്നില്ല. അവർക്ക് ജോലിചെയ്യാനോ കുട്ടികളെ സ്കൂളിലേക്ക് അയയ്ക്കാനോ കഴിയുന്നില്ല. ശാരീരികവും മാനസികവുമായ അരക്ഷിതാവസ്ഥയുടെ ആഴമുള്ള ബോധ്യത്തോടെയാണ് അവർ ജീവിക്കുന്നത്. സ്വന്തം ഗ്രാമങ്ങളിലും വീടുകളിലും താമസിച്ചവരോ മടങ്ങിയെത്തിയവരോ പോലും നിരന്തരമായ ഭീഷണികളും അപമാനങ്ങളും നേരിടുന്നു. കുട്ടികളെ കളിക്കാനായി വീട്ടിൽ നിന്ന് പുറത്തു വിടാൻ പോലും ഭയപ്പെടുന്ന അവർ, രണ്ടാം നിര പൗരന്മാരും നിയന്ത്രിത അസ്തിത്വവുമായാണ് ജീവിക്കുന്നത്. താമസസ്ഥലത്തും തൊഴിലിടങ്ങളിലും അവർക്ക് സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നു.

പല കേസുകളിലും, മുസ്ലീങ്ങൾ സാമ്പത്തിക ബഹിഷ്കരണത്തെ നേരിട്ടു. അവർക്ക് അവരുടെ കൃഷിസ്ഥലങ്ങളിൽ കൃഷിചെയ്യാനോ വാണിജ്യ വാഹനങ്ങൾ ഓടിക്കാനോ ബിസിനസ്സിലേക്ക് മടങ്ങാനോ കഴിഞ്ഞില്ല. പൊതു മാർക്കറ്റുകളിലോ മേളകളിലോ സ്റ്റാളുകൾ വാടകയ്ക്ക് എടുക്കാൻ അവരെ അനുവദിച്ചില്ല, പൊതുമേഖലയുൾപ്പെടെയുള്ള തൊഴിലിടങ്ങളിൽ നിന്ന് അവരെ പുറത്താക്കി. സമുദായത്തിന്റെ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെടുന്നതിൽ നിന്നും മുസ്ലിംകളെ വിലക്കിയിരുന്നു. അവയിൽ പലതും മറ്റുള്ളവർ ഏറ്റെടുത്തു. നാസി ജർമ്മനിയിലെ ജൂത സമൂഹം നേരിടുന്ന ഗെറ്റോയിസേഷനും സാമ്പത്തിക പീഡനത്തിനും സമാന്തരമാണ് ഈ സാഹചര്യം

അക്രമത്തിന് ഇരയായവർക്ക് നീതി ലഭ്യമാക്കുന്നതിൽ ക്രിമിനൽ നീതിന്യായ വ്യവസ്ഥ പരാജയപ്പെട്ടുവെന്ന് സാക്ഷ്യപത്രങ്ങൾ തെളിയിച്ചു. വളച്ചൊടിച്ചതും തെറ്റായതും അപൂർണ്ണവുമായ പരാതികൾ പോലീസ് നിരന്തരം ഹാജരാക്കുകയോ യഥാർത്ഥപരാതികൾ രജിസ്റ്റർ ചെയ്യാൻ വിസമ്മതിക്കുകയോ ചെയ്തു. അന്വേഷണം എല്ലായ്പ്പോഴും പക്ഷപാതപരമായിരുന്നു, ചില കേസുകളിൽ ഇരകൾക്കെതിരെ വ്യാജ കുറ്റപത്രങ്ങൾ ഫയൽ ചെയ്യപ്പെട്ടു. കുറ്റവാളികൾ ശിക്ഷാ ഇളവുകൾ നേടിക്കൊണ്ടിരിക്കെ, നൂറുകണക്കിന് മുസ്ലിംകൾ വ്യാജ ആരോപണങ്ങളിൽ ജയിലിലായിരുന്നു. സമുദായങ്ങൾ താമസിച്ചിരുന്ന പ്രദേശങ്ങൾക്കിടയിൽ ഒരു 'അതിർത്തി' ഉള്ള ഗോദ്ര എന്ന പട്ടണത്തെ രണ്ടായി വിഭജിച്ചു. ന്യൂനപക്ഷ സമൂഹം താമസിച്ചിരുന്ന പ്രദേശത്ത്, പുരുഷ അംഗങ്ങളെയൊന്നും കാണാനില്ല, സ്ത്രീകളും കുട്ടികളും ദുർബലവും സുരക്ഷിതമല്ലാത്തതുമായ അന്തരീക്ഷത്തിൽ ജീവിക്കുന്നു.

ഞങ്ങൾ പോയ എല്ലായിടത്തും, പട്ടണങ്ങളിലും ഗ്രാമങ്ങളിലും, "വിട്ടുവീഴ്ച" ചെയ്യാൻ നിർബന്ധിതരായ, മുസ്ലീങ്ങളെ കണ്ടുമുട്ടി.ഈ അവസ്ഥയുടെ പോലീസ് പദം "കോംപ്രോ" എന്നാണ്. വീടുകളിലേക്ക് മടങ്ങാൻ അനുവദിച്ചതിന് പകരമായി പരാതികൾ പിൻവലിക്കാനുള്ള നിരന്തരമായ സമ്മർദ്ദത്തിന് അവർ വിധേയരായിരുന്നു. സാമൂഹികവും സാംസ്കാരികവുമായ ജീവിതരീതിക്കിടയിൽ പോലും കീഴടങ്ങുന്നതിനെക്കുറിച്ചും പ്രാർത്ഥനയെ നിരോധിക്കുന്നതിനെക്കുറിച്ചും അവർ സംസാരിച്ചു. ആരാധനാലയങ്ങൾ, ശവക്കുഴികൾ, കമ്മ്യൂണിറ്റി കെട്ടിടങ്ങൾ എന്നിവയുടെ നാശവും സമുദായത്തിന് നേരെയുള്ള ആക്രമണം എന്ന രീതിയിൽ അവർ അനുഭവിച്ചു.

അക്രമത്തിനുശേഷമുള്ള അതിജീവന ആവശ്യങ്ങൾ, പുനരധിവാസം, പുനർനിർമ്മാണം എന്നിവയ്ക്കുള്ള പിന്തുണയുടെ കാര്യത്തിൽ സംസ്ഥാനം ഗുജറാത്തിലെ മുസ്ലിം പൗരന്മാരോടുള്ള ഉത്തരവാദിത്തങ്ങൾ ഉപേക്ഷിക്കുന്നത് ഞങ്ങൾ കണ്ടു. ഈ പ്രക്രിയ ഏതാണ്ട് പൂർണ്ണമായും എൻജിഒകളുടെയും ചാരിറ്റബിൾ ഓർഗനൈസേഷനുകളുടെയും കൈകളിലാണ്. ഗുജറാത്തിൽ ദുരിതാശ്വാസത്തിനും പുനർനിർമ്മാണത്തിനുമായി വിഭവങ്ങൾ നൽകുന്നത് മുസ്ലിം സംഘടനകളാണ് എന്ന വസ്തുത, മതേതര ഇടങ്ങൾ ചുരുങ്ങുന്നതിലേക്ക് വിരൽ ചൂണ്ടുന്നു. അതേ സമയം പ്രസ്തുത അവസ്ഥ, തങ്ങളെ ഭരണകൂടവും അയൽവാസികളുമടക്കം നിരവധി സഹപൗരന്മാരും ഉപേക്ഷിച്ചതിനാൽ സ്വന്തം സമുദായത്തിൽ നിന്ന് പിന്തുണയും സുരക്ഷയും തേടേണ്ടതുണ്ടെന്നുള്ള വികാരം ന്യൂനപക്ഷ സമുദായത്തിനുള്ളിൽ ഉയർത്തുക കൂടി ചെയ്യുന്നുണ്ട്.

അഡ്മിനിസ്ട്രേറ്റീവ് നടപടിക്രമങ്ങൾ വിധവയുടെ പെൻഷനുകൾ, സ്കൂൾ പ്രവേശനം, കാണാതായവർക്കുള്ള ഡോക്യുമെന്റേഷൻ എന്നിവ പോലുള്ള ഇരകൾക്കുള്ള പ്രശ്നപരിഹാരത്തിനുള്ള അവകാശങ്ങൾ തടസ്സപ്പെടുത്തപ്പെടുന്നു. പരമ്പരാഗത പിന്തുണാ സംവിധാനങ്ങൾ തകർന്ന സാഹചര്യത്തിൽ അവിവാഹിതരായ സ്ത്രീകൾ, വിധവകൾ, വനിതാ ജീവനക്കാർ എന്നിവർ അഭിമുഖീകരിക്കുന്ന പ്രത്യേക പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കപ്പെടുന്നില്ല. തുടർച്ചയായ അക്രമങ്ങളെ വിശകലനം ചെയ്യുന്നതും നേരിടുന്നതും ഗുജറാത്ത് സംസ്ഥാന തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ കൂടുതൽ നിർണ്ണായകമാ യിരുന്നു. മറ്റെല്ലാ ജനാധിപത്യസ്ഥാപനങ്ങളെയും സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടതിനാൽ ഗുജറാത്തിലെ മുസ്ലിംകൾ തിരഞ്ഞെടുപ്പിനെ തങ്ങളുടെ അവസാന പ്രതീക്ഷയായി കണ്ടു. വിദ്വേഷഭാഷണം, പോളിംഗ് സമയത്ത് നേരിട്ടുള്ള ഭീഷണികൾ എന്നിവ ഉൾപ്പെടെ വ്യാപകമായ ഭീഷണികൾക്കിടയിലും പൗരന്മാരായി തങ്ങളുടെ വോട്ടവകാശം ഉപയോഗിക്കാൻ അവർ ധാരാളം പേർ രംഗത്തെത്തി. ഭാവിയെക്കുറിച്ചുള്ള അവരുടെ ധാരണയിൽ തിരഞ്ഞെടുപ്പ് ഒരു നിർണായക വഴിത്തിരിവായി മാറുമെന്ന വിശ്വാസത്തിനാൽ തങ്ങളുടെ വീടുകളിലേക്ക് മടങ്ങാനും തങ്ങളുടെ ജീവിതം പുനർനിർമ്മിക്കാനും ഉള്ള പദ്ധതികൾ തിരഞ്ഞെടുപ്പ് ഫലങ്ങൾ അറിയുന്നതുവരെ അവർ നിർത്തിവച്ചിരിക്കുകയാണെന്നും എല്ലാ അഭിമുഖങ്ങളിലും ഞങ്ങൾ കണ്ടെത്തി.



ബിജെപി വിജയിച്ച തിരഞ്ഞെടുപ്പിന് ശേഷമുള്ള സാഹചര്യത്തിൽ, അക്രമങ്ങൾ വ്യാപകമായിരുന്ന എല്ലാ മേഖലകളിലും നീതിക്ക് പ്രാതിനിധ്യത്തിനുമുള്ള എല്ലാ ജനാധിപത്യപരമായ മാർഗ്ഗങ്ങളും അടക്കപ്പെട്ടതായി മുസ്‌ലിംകൾ കരുതുന്നു. ഒരു വശത്ത്, ഗുജറാത്തിലെ അക്രമകാരികൾക്ക് ഈ തോതിലുള്ള അക്രമം എപ്പോഴെങ്കിലും സംഭവിച്ചിട്ടില്ലെന്ന് നിഷേധിക്കുന്നതിനുള്ള ഒരു നിയമാനുസൃത വേദി നൽകുന്നുണ്ട് ഗുജറാത്തിലെ തിരഞ്ഞെടുപ്പ് ഫലങ്ങൾ; മറുവശത്താകട്ടെ, പ്രാദേശിക തലത്തിൽ പോലും തിരഞ്ഞെടുപ്പിന് മുമ്പുള്ളതും തിരഞ്ഞെടുപ്പിന് ശേഷമുള്ളതുമായ വിജയ മുദ്രാവാക്യങ്ങൾ അക്രമത്തെ വ്യക്തമായി അംഗീകരിക്കുക മാത്രമല്ല അതിന്റെ തുടർച്ചയുടെ ഭീഷണി ഉയർത്തിപ്പിടിക്കുകയും ചെയ്തു. അക്രമം അഴിച്ചുവിട്ടവരുടെ നിയമവിരുദ്ധത തിരഞ്ഞെടുപ്പ് ഫലം വീണ്ടും ഊട്ടിയുറപ്പിച്ചു. അവരുടെ പൂർവാർജ്ജിത ശക്തി മുസ്‌ലിം സമൂഹത്തിൽ ഭയം വർദ്ധിപ്പിച്ചു. സ്ത്രീകൾക്കെതിരായ ലൈംഗിക അതിക്രമങ്ങൾ ഭാവിയിലെ രാഷ്ട്രീയ അജണ്ടയുടെ ഭാഗമാകുമെന്ന് വിജയ് യാത്രയിലെ മുദ്രാവാക്യങ്ങൾ നേരിട്ട് പറഞ്ഞിട്ടുണ്ടെന്ന് മുസ്ലീം സ്ത്രീകൾ ഞങ്ങളോട് പറഞ്ഞു: ഇനിയും അനേകം അക്രമങ്ങൾ വരാനിരിക്കുന്നു.(ആഗെ ഓർ ധമാൽ ഹൈ). ഒരു ജനാധിപത്യ രാഷ്ട്രത്തിന്റെ ഉപകരണങ്ങൾ സ്വന്തം പൗരന്മാരുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന രീതികളും ഇന്ത്യയെ ഒരു ഹിന്ദു രാഷ്ട്രമായി നിർവചിക്കാനുള്ള പോരാട്ടത്തിൽ സ്ത്രീകളുടെ മൃതദേഹങ്ങൾ യുദ്ധക്കളമായി ഉപയോഗിക്കുന്ന രീതികളും ഞങ്ങളെ ഞെട്ടിച്ചു.

ഗുജറാത്തിലെ മുസ്ലീം സമുദായത്തിന്റെ അവസ്ഥയിലേക്ക് ശ്രദ്ധ ആകർഷിക്കാൻ ശ്രമിച്ച എല്ലാവരെയും ഗുജറാത്തിന്റെ പ്രതിച്ഛായ നശിപ്പിക്കാൻ ശ്രമിക്കുന്ന 'കപട-മതേതരവാദികൾ' എന്ന് മുദ്രകുത്തി ഗുജറാത്ത് സംസ്ഥാന തിരഞ്ഞെടുപ്പിന് ശേഷമുള്ള വിജയ പ്രസംഗങ്ങളും പ്രസ്താവനകളും ഭീഷണിപ്പെടുത്തി. (ദി ഹിന്ദു, 18 ഡിസംബർ, 2002). ഇത്തരം പ്രസ്താവനകൾ എൻജിഒകൾ, കമ്മ്യൂണിറ്റി നേതാക്കൾ, പുരോഗമന മാധ്യമ പ്രവർത്തകർ എന്നിവരിൽ ഭയവും അരക്ഷിതാവസ്ഥയും വർദ്ധിപ്പിക്കുന്നു. പല ഗ്രാമങ്ങളിലും, വനിതാ പ്രവർത്തകടക്ക് നേരെ 'നിങ്ങൾ എവിടെയാണ് താമസിക്കുന്നതെന്ന് ഞങ്ങൾക്ക് അറിയാം, നിങ്ങൾ ഒറ്റയ്ക്ക് വയലിലേക്ക് പോകുന്നുവെന്ന് ഞങ്ങൾക്കറിയാം, മുസ്ലീം സ്ത്രീകൾക്ക് സംഭവിച്ചത് നിങ്ങൾക്ക് സംഭവിക്കാം' എന്ന ഭീഷണി ഉയരുന്നു. ഒരു സമുദായത്തിനെതിരെ വിദ്വേഷം വളർത്തുന്നത് നിരോധിക്കുന്ന ദേശീയ അന്തർദേശീയ മാനദണ്ഡങ്ങൾ, വംശഹത്യയ്ക്കെതിരായ കൺവെൻഷനിലും സിവിൽ, പൊളിറ്റിക്കൽ റൈറ്റ്സ് സംബന്ധിച്ച അന്താരാഷ്ട്ര ഉടമ്പടിയിലും വ്യക്തമാക്കപ്പെട്ട ഒന്നാണ്. ഇതിന്റെ സുവ്യക്തമായ ലംഘനമായിരുന്നു ഇത്തരം വിദ്വേഷ പ്രചാരണം.

ഗുജറാത്തിലെ അക്രമത്തിന് ഇരയായവർക്ക്, വ്യക്തിഗതവും കൂട്ടായതുമായ തലങ്ങളിലുള്ള സുരക്ഷയ്ക്കൊപ്പം നിയമപരവും സാമൂഹികവുമായ നീതി ഉറപ്പുനൽകുന്നതിനുള്ള ഏറ്റവും അടിയന്തിര ആവശ്യം അവശേഷിക്കുന്നുവെന്ന് ഞങ്ങളുടെ സന്ദർശനത്തിന്റെ അവസാനത്തിൽ ഞങ്ങൾക്ക് തോന്നി. അക്രമത്തിന്റെ പ്രത്യേക സ്വഭാവത്തിന്റെയും രൂപത്തിന്റെയും പശ്ചാത്തലത്തിൽ നീതിയുടെയും നിയമത്തിൻറെയും വ്യവസ്ഥയെ പുനർനിർവചിക്കേണ്ടതുണ്ട്. അതുവഴി ദുരിതമനുഭവിക്കുന്ന വ്യക്തികൾക്ക് നീതി ലഭിക്കേണ്ടതുണ്ട്. മാത്രമല്ല, രാഷ്ട്രീയപരമായും മറ്റ് പ്രവർത്തനങ്ങളിലൂടെയും അക്രമം പ്രചരിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഉത്തരവാദിത്തം വഹിക്കുന്ന എല്ലാവരും ഇന്ത്യൻ പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടതിനും അന്താരാഷ്ട്ര, ദേശീയ മനുഷ്യാവകാശ മാനദണ്ഡങ്ങളുടെ നഗ്നമായ ലംഘനത്തിനും ഉത്തരവാദികളായിരിക്കണം.



**അശ്വതി സേനൻ**
ഡൽഹിയിൽ ദ റിസേർച്ച്
കലക്റ്റിവിലെ ഗവേഷക

# പോരാട്ടത്തിന്റെ പെണ്ണുടലുകൾ: കശ്മീർ മണിപ്പൂർ വായനകൾ



ഫെബ്രുവരി 1991 : കൊനാൻ പോഷ് പോര, കശ്മീർ

കശ്മീരിലെ ആ രണ്ടു ഗ്രാമങ്ങളിലെ മനുഷ്യർ തങ്ങളുടെ വീടുകളിൽ തീകാഞ്ഞോ, ചുടു ഭക്ഷണം കഴിച്ചോ പ്രിയപ്പെട്ടവരുമായി സംസാരിച്ചിരിക്കെ, ഇന്ത്യൻ സേനയിലെ സൈനികരും, ഓഫിസർമാരും അവിടങ്ങളിൽ ഇരച്ചു കയറി. അവിടെ ഒളിവിൽ കഴിയുന്ന മിലിറ്റൻസ്റ്റിനെ പിടിക്കാൻ എന്ന പേരിൽ അവിടുത്തെ പുരുഷന്മാരെ ക്രൂരമായി ആക്രമിക്കുകയും, സ്ത്രീകളെ ബലാത്സംഗം ചെയ്യുകയും ചെയ്തു.

21 വർഷത്തിന് ശേഷം, 2013 -ഇൽ ഒരു പറ്റം സ്ത്രീകൾ സർക്കാരും, സൈന്യവും മറച്ചു വെയ്ക്കാൻ ശ്രമിച്ച ഈ ക്രൂരതകൾ പുറത്തു കൊണ്ട് വരാൻ ശ്രമം തുടങ്ങി.

ജൂലായ് 2004: ഇംഫാൽ, മണിപ്പൂർ

ഇന്ത്യൻ സൈന്യത്തിന്റെ ഒരു യൂണിറ്റായ അസ്സം റൈഫിളിന്റെ ആസ്ഥാന കേന്ദ്രമായ കൺഗ്ലാ ഫോർട്ടിൽ അന്ന് 12 സ്ത്രീകൾ അണിനിരന്നു. സൈനികർ നോക്കി നിൽക്കെ, അവർ തങ്ങളുടെ വസ്ത്രങ്ങൾ ഒന്നൊന്നായി അഴിക്കാൻ തുടങ്ങി. പൂർണ്ണ നഗ്നരായി, 'ഇന്ത്യൻ ആർമി റേപ്പ് അസ്' (ഇന്ത്യൻ സൈന്യമേ, ഞങ്ങളെ ബലാത്സംഗം ചെയ്യൂ), 'ടേക്ക് അവർ ഫ്ളെഷ്' (ഞങ്ങളുടെ മാംസമെടുക്കു) എന്ന മുദ്രാവാക്യവും, കൊടികളും ഏന്തി അവർ സമരം ചെയ്തു. 32 കാരി ഥാങ്ജം മനോരമയെ ക്രൂരമായി റേപ്പ് ചെയ്തു കൊലപ്പെടുത്തിയതിനെതിരെയുള്ള രോഷമായിരുന്നു മണിപ്പൂരിന്റെ ഇമാസ് (Imas) അഥവാ മണിപ്പൂരിന്റെ അമ്മമാർക്ക്.

ഇന്ത്യൻ സ്റ്റേറ്റിന്റെ ഭീകരതയും, സൈന്യത്തിന്റെ ഇപ്യുണിറ്റി അഥവാ ശിക്ഷാഭീതിയില്ലായ്മയുമാണ് ഈ രണ്ടു അവസരത്തിലും നമുക്ക് കാണാൻ സാധിക്കുന്നത്. അതിനെ തുറന്നു കാണിക്കുന്ന ശ്രമങ്ങളെ കുറിച്ച് വിശദമായി പറയുന്ന രണ്ടു പുസ്തകങ്ങളെ പരിചയപ്പെടുത്താനാണ് ഈ കുറിപ്പു ശ്രമിക്കുന്നത്.



ഇന്ത്യയിലെ ഫെമിനിസ്റ്റ് പ്രസാധകരായ സുബാൻ ആണ് ഈ രണ്ടു പുസ്തങ്ങളും പ്രസിദ്ധികരിച്ചതു: 2016 പുറത്തിറങ്ങിയ Do you Rememeber Kunan Poshpora (കൊനാൻ പോഷ്പരയെ നിങ്ങൾ ഓർക്കുന്നുണ്ടോ)യും 2017ഇൽ പുറത്തിറങ്ങിയ The Mothers of Manipur: Twelve Women who made History (ചരിത്രം നിർമിച്ച മണിപ്പൂരിന്റെ 12 അമ്മമാർ). കശ്മീർ, മണിപ്പൂർ എന്നീ രണ്ടിടത്തും അതി ഭീകര സൈന്യവത്കരണത്തിലൂടെയും സർക്കാർ നിലനിർത്തുന്ന നിരന്തര ഭീതിയും ഉത്ക്കണ്ഠയും എങ്ങിനെയൊക്കെ അവിടുത്തുകാർ ചെറുക്കുന്നു എന്നും, അതിനെ തകർക്കാൻ സർക്കാർ എന്തൊക്കെ ചെയ്യുന്നു എന്നും മനസിക്കാൻ ഉതകുന്ന രണ്ടു പുസ്തകങ്ങൾ ആണിവ. സംഘർഷം നിലനിൽക്കുന്ന, അഥവാ നിയമങ്ങളിലൂടെയും മറ്റു ഭരണ സംവിധാനങ്ങളിലൂടെയും അവയെ നിലനിർത്തുന്ന ഈ രണ്ടിടത്തും നടന്ന സ്ത്രീ കൂട്ടായ്മകളുടെ ചെറുത്തുനിൽപ്പിന്റെ കഥ പറയുന്ന പുസ്തകങ്ങളാണിവ.

**മറയ്ക്കാൻ പാടുള്ളതല്ലാത്ത ട്രോമ**

എസ്സാർ ബതുൽ, ഇർഫാഹ് ബട്ട്, മുനാസാ റഷീദ്, നടാഷ റാത്തേർ, സമറീന മുഷ്താക് എന്നിവരാണ് കൊനാൻ പോഷ്പരയെ നിങ്ങൾ ഓർക്കുന്നുണ്ടോ എന്ന പുസ്തകം എഴുതിയത്. മേൽ പറഞ്ഞ കേസിന്റെ പുനരന്വേഷണത്തിനായുള്ള പൊതു താല്പര്യ ഹർജി നൽകിയവരിൽ പ്രധാനപ്പെട്ടവർ ആണിവർ. കേസിന്റെ വിവരങ്ങളും, ഡോക്യുമെന്റേഷൻ പ്രക്രിയയും, പരാതിക്കാരികളെന്ന നിലയിൽ അവരുടെ ജീവിതാനുഭവങ്ങളും അതോടോപ്പം നിയമ പ്രക്രിയയുടെ വെല്ലുവിളികളും, ഹർജിക്കാർ നേരിടേണ്ടി വരുന്ന അപ്രിയ അനുഭവങ്ങളും വിവരിക്കുന്ന പുസ്തകമാണിത്. രണ്ടു ദശാബ്ദങ്ങൾക്കു മുൻപ് നടന്ന അതി ക്രൂരമായ സൈന്യ വേട്ടയെ സരളമായ ഭാഷയിൽ വളരെ പേഴ്സണലായ ഒരു ആഖ്യാന ശൈലിയിൽ അവതരിപ്പിക്കുന്ന ഒരു ആഖ്യാന രീതിയാണ് ഈ പുസ്തകത്തിന്റേത്.


ഇന്ത്യൻ മീഡിയ ആകട്ടെ, നിയമ വ്യവസ്ഥ ആകട്ടെ, എങ്ങിനെ ആണ് കശ്മീരികളെ കാണുന്നതെന്നും, ഇത്തരം ഒരു ഭീകരാവസ്ഥ നേരിട്ട, അത് അതീജീവിച്ച ഒരു പറ്റം ആൾക്കാരെ എങ്ങിനെ ആണ് വീണ്ടും വീണ്ടും വേട്ടയാടുന്നതെന്നും, അവർക്കു നീതി ലഭിക്കാനായി പോരാടുന്നവരെ എങ്ങിനെയാണ് 'തീവ്രവാദികളെ'ന്നും, 'രാജ്യദ്രോഹിക'ളെന്നും മുദ്രകുത്തി വേട്ടയാടുന്നതെന്നും സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ എഴുത്തുകാർ വിശദീകരിക്കുന്നു. ഡൽഹിയിൽ 2012 ഡിസംബറിൽ ഒരു മെഡിക്കൽ വിദ്യാർത്ഥിയെ റേപ്പ് ചെയ്തു കൊലപ്പെടുത്തിയ കേസിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയിൽ ഒട്ടാകെ തന്നെ പൊട്ടിപ്പുറപ്പെട്ട പ്രക്ഷോഭത്തിന്റെ സമയത്താണ് ഈ കേസിന്റെ പണികളും അവർ തുടങ്ങിയത്. എന്നാൽ മീഡിയയും, നിയമവ്യവസ്ഥയും, രാഷ്ട്രീയ നേതാക്കളും ആ കേസിനു നൽകിയ യാതൊരു പരിഗണനയും കശ്മീർ, ഛത്തിസ്ഗർ, മണിപ്പൂർ, തുടങ്ങിയ സ്ഥലങ്ങളിൽ നടക്കുന്ന അതിക്രങ്ങൾക്കു എപ്പോഴും ഒരു 'പക്ഷെ' ന്യായീകരണം ഉണ്ടാകുമെന്നു ഈ കൃതി പറയുന്നു. സംഘർഷ മേഖല എന്ന് വീണ്ടും വീണ്ടും ആ ഇടങ്ങളെ മുദ്രകുത്തുന്നത് ഇപ്പോഴും ഭരണയന്ത്രം തിരിക്കുന്നവരുടെ ലാഭത്തിനാണെന്നു ഈ കൃതി കൃത്യമായി സംവദിക്കുന്നു.

ഇത്രയും പഴയ ഒരു കേസ്സു തെളിയിക്കാൻ ശ്രമിക്കുമ്പോൾ അത് എത്ര മാനസിക ആഘാതം ഉണ്ടാക്കുന്നു എന്നും ഇതിൽ വ്യക്തമായി പറയുന്നു. ഇത്തരം കേസുകളിലെ ദുഃഖകരമായ കാര്യം, കേസു

കൾ തെളിയിക്കേണ്ട, അതിന്റെ വിശദാംശങ്ങൾ ഓർത്തു വയ്ക്കേണ്ട ഉത്തരവാദിത്തം അതിന്റെ ഇരകൾ/സർവൈവർക്കാണ് എപ്പോഴും. എന്നാൽ ആ ഓർമകളുടെ വിശാദാംശങ്ങൾ ഓർത്തെടുക്കൽ, അത് ഓരോ തവണ പറയുമ്പോഴും ആ ഓർമയിലൂടെ അവരെ വീണ്ടും ജീവിപ്പിക്കുമ്പോൾ ഡോക്യുമെന്റേറ്റർ എന്ന നിലയിൽ അത് എത്ര ശ്രമകരമാണെന്നു ഇതിൽ വിശദീകരിക്കുന്നു. അത് പോലെ തന്നെ എത്ര പ്രധാനമാണെന്നും.

**നഗ്നത എന്ന ആയുധം**


മണിപ്പൂറിന്റെ മാർഗദർശികൾ എന്നർത്ഥമാക്കുന്ന Meira Paibis-ആയ 12 സ്ത്രീകളുമായി തെരേസ റഹ്മാൻ എന്ന പത്രപ്രവർത്തക നടത്തിയ അഭിമുഖങ്ങളാണ് ചരിത്രം നിർമിച്ച മണിപ്പൂരിന്റെ 12 അമ്മമാർ എന്ന പുസ്തകത്തിൽ ഉള്ളത്. കലാപം,യുദ്ധം എന്നിവ സ്ഥിരമായി റിപ്പോർട്ടു ചെയ്യുകെയും സ്ത്രീകൾ, കുട്ടികൾ, പരിസ്ഥിതി, ആരോഗ്യം എന്നിവരെ എങ്ങിനെയാണ് ഇത്തരം സംഘട്ടനങ്ങൾ ബാ




ധിക്കുന്നതു എന്നതും സ്ഥിരമായി റിപ്പോർട്ട് ചെയ്യുന്ന പത്രപ്രവർത്തകയാണ് തെരേസ റഹ്മാൻ. മണിപ്പൂരിന്റെ സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലത്തിലാണ് ഈ 12 സ്ത്രീകളുമായുള്ള അവരുടെ സംഭാഷണം പുരോഗമിക്കുന്നത്. ശരീരം ഒരു സമരായുധമായി ഉപയോഗിക്കുന്നത് മണിപ്പുരിലെ ഉരുക്കു വനിതാ എന്നറിയപ്പെടുന്ന ഇറോം ശർമിളയുടെ വിഷയത്തിൽ നമ്മൾ കണ്ടതാണല്ലോ. ആർമ്ഡ് ഫോർസസ് സ്പെഷ്യൽ പവർസ് ആക്ട് (AFSPA) റദ്ദ് ചെയ്യുന്നത് വരെ താൻ ജലപാനം ചെയ്യുകയോ, മുടി ചീകുകയോ, കണ്ണാടിയിൽ നോക്കുകെയോ ചെയ്യില്ലെന്ന അവരുടെ പ്രതിജ്ഞ 16 വർഷം നീണ്ടു നിന്നു. അവിടെ നിന്നാണ് തെരേസ റഹ്മാൻ ആ അമ്മമാരുമായുള്ള സംഭാഷണം തുടങ്ങുന്നത്.

അറുപതു-എഴുപതു വയസായ സ്ത്രീകളണ് ആ ജൂലൈ 15 -ന് തങ്ങളുടെ വസ്ത്രങ്ങൾ അഴിച്ചു. 'ഞങ്ങൾ മനോരമയുടെ അമ്മമാർ' എന്ന മുദ്രാവാക്യവുമായി അവിടെ നിന്നതു. ഇവരിൽ പലരും തന്നെ രണ്ടാം ലോക മഹായുദ്ധത്തിൽ ജപ്പാൻ സൈനികർ സ്ത്രീകളുടെമേൽ നടത്തിയ അതിക്രമങ്ങൾ കണ്ടവരാണ്. ലൈശ്രം ഗാണേശ്വരി, രമണി ദേവി, ഇമ തരുണി തുടങ്ങിയ സ്ത്രീകളിൽ പലരും തന്നെ സാധാരണ ജീവിതം നയിക്കുന്നവരാണ്. എന്നാൽ അതോടൊപ്പം തന്നെ ഇന്ത്യൻ സ്റ്റേറ്റിന്റെ പല പ്രവർത്തികൾക്കെതിരെ ശബ്ദമുയർത്തുന്നവരായിരുന്നു. അവരുടെ ദൈനംദിന ജീവിതത്തോടൊപ്പം തന്നെ ഭയം, ഭീഷണി, അത് നേരിടാൻ കൂട്ടായ്മകളിലൂടെ ലഭിക്കുന്ന ധൈര്യം, ഒരു സ്ത്രീയെന്ന നിലയിൽ ഒരു പൊതുവിടത്തിൽ വിവസ്ത്രരാകുന്നതിന്റെ ആധി ഒക്കെ ഇതിൽ വൈകാരികമായ രീതിയിൽ പറയുന്നു. വ്യക്തികളുടെ അനുഭവം, അവരുടെ ദൈനം ദിന ജീവിതം, ഓർമകൾ, പഴയകാല സംഭവങ്ങളെ കുറിച്ചുള്ള ഓർമ്മകൾ എന്നിവയെ അടയാളപ്പെടുത്തുന്ന അഭിമുഖങ്ങൾ എന്നിവയിലൂടെയാണ് ഈ രണ്ടു പുസ്തകകങ്ങളും പുരോഗമിക്കുന്നത്. രണ്ടിലും തന്നെ സ്റ്റേയ്റ്റ് ഒരു സമൂഹത്തിനെതിരെ സ്ത്രീ ശരീരം എങ്ങിനെ ഒരു പീഡന ഉപകാരണമാക്കുന്നു എന്നതും, അതിനെ പ്രതിരോധിക്കാൻ സ്ത്രീകൾ എന്ത് ചെയ്യുന്നു എന്നതുമാണ്. ഒരിടത്തു ഓർമ്മകൾ ഭയാനകമായ ഒരു അനുഭവമാകുമ്പോൾ, മറുവശത്തു ഓർമകൾ ഒരു പ്രതിരോധത്തിന്റെ ആയുധമാകുന്നു. കൊനാൻ പോഷ്പരയിലെ സ്ത്രീകൾ സ്വന്തം മുഖമോ, സ്വതമോ വെളിപ്പെടുത്താതെ പ്രതിരോധിക്കുമ്പോൾ, മണിപ്പൂരിലെ അമ്മമാർ സ്വന്തം നഗ്ന ശരീരം പ്രദർശിപ്പിച്ചുകൊണ്ടാണ് പ്രതിരോധിച്ചത്. ഇതു രണ്ടും തന്നെ പ്രതിരോധത്തിന്റെ രണ്ടു രീതികളാണ്, രണ്ടും രണ്ടിടത്തിലെ സ്ത്രീകളുടെ യാഥാർത്ഥ്യമാണ്. രണ്ടും സംഘട്ടന മേഖലകളിലെ രണ്ടു തരം സ്ത്രീകളുടെ പ്രധിരോധായുധങ്ങളാണ്.

ഈ രണ്ടിടത്തും ഇന്നും സംഘർഷം നിലനിൽക്കുന്നു. ഒരിടത്തു ഇന്റർനെറ്റ് പോലും ഇല്ലാതെ.




ഉപ്പും മുളകും

ഗീത

# നഗരമാതാക്കളും ആൺയുക്തികളും


തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുകളിൽ ആദ്യം മുപ്പത്തിമൂന്നു ശതമാനവും പിന്നീട് അമ്പതു ശതമാനവും സ്ത്രീ സംവരണം മാനത്തു നിന്നു പൊട്ടിവീണതോ ആരുടെയെങ്കിലും ഔദാര്യം കൊണ്ടു സംഭവിച്ചതോ അല്ല. സ്ത്രീകളുടെ ഒരു പക്ഷേ ഈ സംവരണത്തിന്റെ ലാഭങ്ങൾക്കു പുറത്തു നില്ക്കുന്ന ഒരു കൂട്ടം പെണ്ണുങ്ങളുടെ പല തരം ഇടപെടലുകളുടെ അനന്തരഫലം കൂടിയായിരുന്നു അത്. മാത്രമല്ല നവോത്ഥാന, ദേശീയ സ്വാതന്ത്ര്യ സമര , കർഷക സമരങ്ങളിലെ സ്ത്രീമുന്നേറ്റ ചരിത്രത്തിന്റെ അനിവാര്യമായ തുടർച്ചയുടെ ഫലവും കൂടിയാണ്. പൊട്ടിമുളയ്ക്കുന്നവയും പിറന്നു വീഴുന്നവയും ഒരുനാൾ പെട്ടെന്നുണ്ടാകുന്നവയല്ല, കാലക്രമേണ ഉണ്ടായി വരുന്നവയാണ്. അതായത് സ്ത്രീകളുടെ ഭൂതകാല ചരിത്രത്തെ ഓരം തള്ളിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സ്ത്രീദൃശ്യതയെ അളക്കാനും ചൊരിയാനും ആവതില്ല.

സ്ത്രീ സംവരണം വന്നതു മുതൽ പുരുഷന്റെ പ്രശ്നം ഭരണകാര്യങ്ങളിൽ പെണ്ണിനുള്ള പരിചയക്കുറവും പ്രാപ്തിക്കുറവുമായിരുന്നു. സ്വന്തം സീറ്റു പോയ വിഷമം വേറെയും. ചിലർ സ്വന്തം ഭാര്യമാരെയും പെൺമക്കളെയും നിർത്തി ബാക്ക് സീറ്റ് ഡ്രൈവിങ്ങിൽ തൃപ്തരായി. എങ്കിലും പല സ്ത്രീകളും സ്വന്തം പ്രാപ്തി തെളിയിച്ചു. രണ്ടു കാര്യങ്ങൾ വ്യക്തമാണ്

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇത്രയധികമായ സ്ത്രീ സാന്നിധ്യം ഒരു രാഷ്ട്രീയ പാർട്ടിയുടെയും സ്ത്രീപക്ഷ ബോധ്യങ്ങളുടെ അടിസ്ഥാനത്തിൽ സംഭവിച്ചതല്ല. നിയമപരമായ സംവരണം കൊണ്ടു മാത്രം സംഭവിച്ചതാണ്. ഈ രാഷ്ട്രീയ പാർട്ടികൾ ഇത്രയേറെ സ്ത്രീപക്ഷ ബോധ്യമുള്ളവരായിരുന്നെങ്കിൽ നിയമസഭകളിൽ ഇത്ര കുറച്ചാകുമായിരുന്നില്ല സ്ത്രീകൾ. പത്തു ശതമാനം സ്ത്രീകൾ പോലും ഒരിക്കലും നിയമസഭയിൽ ഉണ്ടായിരുന്നിട്ടില്ല. പാർലമെണ്ടിലും കഥ വ്യതസ്തമല്ല. സ്ത്രീ സംവരണ ബിൽ തുടരെത്തുടരെ പാർലമെണ്ടിൽ തോറ്റു പോകുന്നതിന്റെ രഹസ്യവും മറ്റൊന്നല്ല.

2. അതതു പാർട്ടി നേതൃത്വങ്ങൾക്കു വിനീതവിധേയരായവർക്കു മാത്രമാണ് പാർട്ടികൾ തെരഞ്ഞെടുപ്പുകളിൽ മത്സരിക്കാൻ അവസരം കൊടുക്കാറ്. ഏതു തെരഞ്ഞെടുപ്പുകൾക്കും അതങ്ങനെയാണ്. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുകളുടെ കാര്യവും അതു തന്നെ. അതായത് ഐസ്ക്രീം പാർലർ കേസിൽ നീതി ആവശ്യപ്പെടുന്നവരെ ലീഗു നേതൃത്വമോ സൂര്യനെല്ലി കേസിനോടു പ്രതികരിക്കുന്നവരെ കോൺഗ്രസ്സോ എം എൽ എ പീഡന കേസ് / വാളയാർ കേസ് ഉന്നയിക്കുന്നവരെ സി പി ഐ (എം) നേതൃത്വമോ ഹത്രാസ് ഉന്നയിക്കുന്നവരെ ബി ജെ പി നേതൃത്വമോ പരിഗണിക്കുകയില്ല. പാർട്ടിക്കുള്ളിലെ സ്ത്രീ പീഡനങ്ങളോട് എങ്ങനെ പ്രതികരിക്കുമെന്ന അർത്ഥത്തിലുള്ള 24 ന്യൂസ് ചാനൽ അവതാരകന്റെ ചോദ്യത്തിന് എന്റെ പാർട്ടി അങ്ങനെ ചെയ്യില്ല എന്നായിരുന്നു നിയുക്ത തിരുവനന്തപുരം മേയറുടെ പ്രതികരണം.

ഇത്തവണത്തെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരത്തെ നിയുക്ത മേയർ ആണ് വാർത്തയായത്. അവർക്ക് 21 വയസു മാത്രമേയുള്ളൂ അവർ ബിരുദ വിദ്യാർഥിനിയാണ് എന്നിങ്ങനെയുള്ള കാരണങ്ങളാൽ അവർ ശ്രദ്ധാകേന്ദ്രമായി. സ്വാഭാവികമായും അവർക്കനുകൂലമായും പ്രതികൂലമായും വാദഗതികൾ ഉയർന്നു. ഈ ചെറുപ്രായത്തിൽ അവർക്കു തിരുവനന്തപുരം പോലൊരു തലസ്ഥാനത്തെ മേയറാകാനുള്ള യോഗ്യതയാണു ചോദ്യം ചെയ്യപ്പെട്ടത്. ഒരു കിലോ മീൻ നന്നാക്കനറിയാത്തവർ എങ്ങനെ നഗരമാതാവാകും എന്ന മട്ടിലുള്ള വിപ്രതിപത്തികളും ഉയർന്നു വന്നതായി കാണുന്നു. ഈ സംശയം 21 വയസുള്ള ഒരാൺകുട്ടി മേയറായി നിയോഗിക്കപ്പെട്ടിരുന്നെങ്കിൽ ഉണ്ടാവില്ലായിരുന്നു എന്നതു സത്യമാണ്. അപ്പോൾ പെണ്ണിന്റെ ജന്മദൗത്യത്തെപ്പറ്റിയുള്ള സമൂഹത്തിന്റെ മുൻവിധികൾ മാറിക്കഴിഞ്ഞിട്ടില്ല എന്നു തന്നെയാണിത് അർഥമാക്കുന്നത്....ഇത്തരം സംശയങ്ങൾ ഉന്നയിക്കുന്നവർ മരണം വരെ അതു ചോദിച്ചു കൊണ്ടിരിക്കയല്ലാതെ മറ്റൊരു വഴിയുമില്ല.


Suman koli ex.mayor municipal corporation bharatpur
27 December at 07:21 ·

Itihas ne khud ko dohraya

See translation

Arya Rajendran (Photo courtesy: IANS) TNN

Arya Rajendran, 21, a BSc mathematics student who faced her first local body elections as a voter and as a candidate in the Thiruvananthapuram corporation elections, is set to become the youngest corporation mayor in Kerala, and one of the youngest mayors in the country.

Before Rajendran, Suman Koli had become mayor of Bharatpur corporation in Rajasthan at the age of 21 in 2009. Nuthan

നേരെ എതിർവശത്ത് ഇത് സ്ത്രീ മുന്നേറ്റമാണ് എന്ന മട്ടിലുള്ള അവകാശവാദങ്ങൾ വരുന്നു. എങ്ങനെയാണിതു സ്ത്രീ മുന്നേറ്റമാവുക? നിലവിലുള്ള നിയമങ്ങളുടെ ഭാഗമായി വന്ന പാർട്ടി തീരുമാനത്തിന്റെ ഫലം മാത്രമാണിത്. ഏതെങ്കിലും സ്ത്രീ സമരമുഖത്തു കണ്ടവരല്ല ഈ നഗര മാതാക്കളാരും. സുരക്ഷിതമായ ചില ഇടങ്ങളിൽ നിന്ന് അതതു പ്രസ്ഥാനങ്ങളുടെ പിന്തുണയോടെ വരുന്നവരാണവർ. പക്ഷേ അതവർ അധിക്ഷേപിക്കപ്പെടാനുള്ള കാരണമല്ല....21 വയസുകാരനായ ഒരു കോർപ്പറേഷൻ മേയർ മീൻ നന്നാക്കാനറിയുമോ എന്ന തരം ചോദ്യങ്ങളോ കാര്യക്ഷമതാ സംശയങ്ങളോ അധിക്ഷേപങ്ങളോ നേരിടേണ്ടി വരില്ല. അധികാരവുമായി ബന്ധപ്പെട്ട് ആണും പെണ്ണും തുല്യരല്ല എന്ന അബോധം വളരെ കൃത്യമായി പ്രവർത്തിക്കുന്നതിന്റെ ഭാഗമാണ് പെൺകുട്ടികൾ മാത്രമായി നേരിട്ടു കൊണ്ടിരിക്കുന്ന ഈ വിശ്വാസ്യതാ പ്രശ്നങ്ങൾ. അതിനെ മറികടക്കാനും സംയമനത്തോടെ നിരീക്ഷിക്കാനും ഇന്നും നാം പാകപ്പെട്ടിട്ടില്ല. പെൺകുട്ടികളെസ്സംബന്ധിച്ച് അസാധാരണ കാര്യം എന്ന നിലയിൽ വാഴ്ത്തപ്പെടുമ്പോഴും ഈ അസമതാ ബോധം തന്നെയാണു പ്രവർത്തിക്കുന്നത്. പുരുഷ രൂപത്തിൽ മാത്രമല്ല സ്ത്രീ രൂപത്തിലും ഇത്തരം ആൺ യുക്തികൾ പ്രവർത്തിക്കും. സ്ത്രീ പ്രാതിനിധ്യവും സ്ത്രീവാദ നിലപാടും രണ്ടാണ് എന്ന രാഷ്ട്രീയ ബോധ്യം ഇക്കാര്യത്തിൽ വളരെ പ്രസക്തമാണ്.


സ.പി.ബേബി

സ്വന്തം സംഘടനയിലെ യുവജന വിഭാഗത്തിൽപ്പെട്ട പെൺകുട്ടി നല്കിയ പരാതിക്കു ശേഷവും എം എൽ എ യെ ജില്ലാ സെക്രട്ടറിയേറ്റിലേക്ക് തിരികെ പ്രവേശിപ്പിക്കാൻ സന്നദ്ധമാകുന്ന നിലപാടിനോട് നിയുക്ത നഗര മാതാക്കൾ / ഭരണാധികാരിണികൾ സ്വീകരിക്കുന്ന നിലപാടാണ് വർഗസ്നേഹത്തിന്റെ ഉരകല്ല്. അല്ലാതെ മീൻ നന്നാക്കാനറിയാത്തതല്ല...21 വയസായ പെൺകുട്ടിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണം ഏല്പിക്കുകയെന്നത് ഇപ്പോൾ ആദ്യമായി സംഭവിച്ചതല്ല. 1995 ൽ മടിക്കൈ പഞ്ചായത്ത് ഭരണം ഏല്പിക്കപ്പെട്ടത് 21 വയസ്സായ ഒരു ബിരുദ വിദ്യാർഥിനിയെ ആയിരുന്നു. അവരുടെ പേര് പി.ബേബി എന്നായിരുന്നു. 2000 ൽ കൊല്ലം കോർപറേഷൻ മേയറാകുമ്പോൾ സബിതാ ബീഗത്തിന് 23 വയസായിരുന്നു പ്രായം. ഇത്തവണയാകട്ടെ 21, 22, 23 വയസുള്ള ഒട്ടേറെ പെൺകുട്ടികൾ വ്യത്യസ്ത പ്രസ്ഥാനങ്ങളുടെ പ്രതിനിധികളായി ഭരണാധികാര രംഗത്തുണ്ട്. അവരുടെ മുൻ തലമുറ സ്ത്രീകൾ ഉൾപ്പടെ ചെയ്ത സമരങ്ങളുടെ ഫലവുമാണത്. കലഹം കൊണ്ടും സമരം കൊണ്ടുമാണ് മനുഷ്യരും പ്രസ്ഥാനങ്ങളും ചരിത്രത്തിൽ ഇടം നേടുക. ഇപ്പോൾ ഭരണാധികാരമേറ്റ പെൺകുട്ടികളുടെ മുമ്പിലുള്ള വെല്ലുവിളി അതാണ്. വ്യവസ്ഥ യോടും പ്രസ്ഥാനങ്ങളോടും ഏറ്റുമുട്ടി സ്ത്രീ സമൂഹത്തെ എത്രമാത്രം പുരോഗമനാത്മകവും സ്വസ്ഥവുമാക്കാമെന്നതു തന്നെയാണത്. സ്ത്രീ പ്രശ്നങ്ങളിലേക്ക് അതതു പ്രസ്ഥാനങ്ങളെ നയിക്കാൻ ശേഷിയുള്ളവരായി തെളിയിക്കപ്പെടുമ്പോഴാണ് അവർ ചരിത്രം സൃഷ്ടിക്കുക. അതിനുള്ള സഹജീവി സ്നേഹവും ഉത്തരവാദിത്വവും നിയുക്ത ഭാരവാഹികൾക്കുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു .

കൂടെ ഒരു കാര്യം വിനീതമായി ഓർമ്മിപ്പിക്കട്ടെ പേരിനോടൊപ്പമുള്ള വാലുകൾ - അച്ഛന്റെയും ഭർത്താവിന്റെയും പേരുകൾ, കുറുപ്പ് നായർ ഇത്യാദി ജാതി സൂചകങ്ങൾ എന്നിവ - നിഷ്കരുണം വെട്ടിമാറ്റുക. അങ്ങനെയാണ് എസ് എസ് എൽ സി ബുക്കിലെ ഔദ്യോഗിക പേര് എന്നോ? ഗസറ്റിൽ പരസ്യവിജ്ഞാപനം ചെയ്ത് ആ വാലുകൾ മുറിച്ചിടുക. പെണ്ണായി അതിജീവിക്കുക

ചർച്ചാവിഷയം



മല്ലാരിക സിൻഹാ റോയ്
സ്ത്രീപഠന കേന്ദ്രം
ജെ.എൻ.യു



വിവർത്തനം :
**രോഷ്നി പത്മനാഭൻ**
റിസർച്ച് ഓഫീസർ, കേരള
സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

# 1971 ൽ ബംഗാൾ അതിർത്തിയിലെ സ്ത്രീകൾ

ദക്ഷിണേഷ്യയുടെ സമകാലിക ചരിത്രത്തിൽ 1971 എന്ന വർഷം വളരെ പ്രാധാന്യത്തോടെ അടയാളപ്പെടുത്തിയിരിക്കുന്നു. 1967ൽ ഇന്ത്യയിൽ ആരംഭിച്ച നക്സൽബാരി പ്രസ്ഥാനം 1970കളുടെ അവസാനത്തോടെ അതിന്റെ ഏറ്റവും ഹിംസാത്മകമായ ഘട്ടത്തിലേക്കു കടന്നിരുന്നു. അക്കാദമിക ചരിത്രപഠനങ്ങളും പൊതുസ്മരണകളും 1971നെ രക്തച്ചൊരിച്ചിലിന്റെ വർഷമായാണ് വരച്ചിട്ടിട്ടുള്ളത്. സർക്കാരിന്റെ നിയമനിർവ്വഹണ ഏജൻസികളായ പോലീസും സമാന്തര സൈനികട്രൂപ്പുകളും നക്സലേറ്റ് ഗൊറില്ല ഗ്രൂപ്പുകളുമായി പശ്ചിമബംഗാളിൽ നിരന്തരം ഏറ്റുമുട്ടലുകൾ നടന്നു. വിമോചനയുദ്ധത്തിലായിരുന്നു കിഴക്കൻ പാകിസ്ഥാൻ. എന്നാൽ അതിനെ ആഭ്യന്തരയുദ്ധമായി കണ്ട് കീഴടക്കാൻ പാകിസ്ഥാൻ തങ്ങളുടെ സൈനികശക്തിയുടെ ക്രൂരതയെ ആശ്രയിച്ചു. ശ്രീലങ്കയിൽ ജനതാ വിമുക്തി പെരുമന (ജെ.വി.പി)യുടെ പ്രക്ഷോഭം സർക്കാരിനെതിരെ തീവ്ര ഇടതുപക്ഷത്തിന്റെ നേതൃത്വത്തിലുള്ള വിപ്ലവമായി അടയാളപ്പെടുത്തുന്നു. തെക്കുകിഴക്കൻ നേപ്പാളിൽ ഇന്ത്യൻ അതിർത്തി ജില്ലയായ, ജാപ്പാ ജില്ലയിൽ, നക്സൽബാരി പ്രസ്ഥാനത്തിന്റെയും മാവോയിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെയും പ്രചോദനം ഉൾക്കൊണ്ട് നേപ്പാളീസ് കമ്മ്യൂണിസ്റ്റ് പാർട്ടി കാഠ്മണ്ഡുവിലെ പഞ്ചായത്ത് ഭരണത്തിനെതിരെ ആദ്യസൈനിക നീക്കം നടത്തി. ചുരുക്കത്തിൽ 1971ൽ ദക്ഷിണേഷ്യ യുദ്ധത്തിലായിരുന്നു.

പൊതുസ്മരണകളിലും ഒട്ടുമിക്ക അക്കാദമിക ച



രിത്രരചനയിലും ഈ സമരങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും നായകൻ/മുന്നണിപ്പോരാളി സാധാരണയായി അനിവാര്യമായും പുരുഷനായിരിക്കും. സായുധ രാഷ്ട്രീയപ്രവർത്തകയുടെ പ്രതിച്ഛായ അപൂർവ്വമായെങ്കിലും സ്ത്രീയുടേതാവുന്നത് ശരിയായ സൂചനയല്ല.

എന്നാൽ, രാഷ്ട്രീയ അതിക്രമങ്ങളിലെ ഇരയുടെ പ്രതിച്ഛായയിൽ നിന്നും സ്ത്രീകൾ ഒഴിവാക്കപ്പെടുന്നില്ല. രാഷ്ട്രീയ അതിക്രമങ്ങളെ എളുപ്പമുള്ള ദ്വന്ദ്വങ്ങളായ സ്ത്രീ/പുരുഷൻ, ഇര/ഏജന്റ് എന്നിങ്ങനെ വിഭജിക്കാനാണ് പൊതുസ്മരണ ശീലിച്ചിട്ടുള്ളത്. ഒരു സ്ത്രീയോദ്ധാവ്, പൊതുസ്മരണയിൽ കൗതുകകരമായ സൃഷ്ടിയാണ്. എന്തുകൊണ്ടെന്നാൽ അവൾ അക്രമം ചെയ്യാൻ സാധ്യതയുള്ള കുറ്റവാളിയാണ്; എന്തുകൊണ്ടെന്നാൽ അവൾ 'സാധാരണ' അല്ല. 1971ലെ ചരിത്രത്തിൽ ബംഗാൾ അതിർത്തിയിലുടനീളമുള്ള സാധാരണക്കാരല്ലാത്ത സ്ത്രീപ്രവർത്തകരെ പ്രതിഷ്ഠി



ക്കുമ്പോൾ ചുവടെ ചേർക്കുന്ന ചോദ്യങ്ങൾ ചോദിക്കാൻ നാം നിർബന്ധിതരാകും. വീട്ടിലെ സഖാവ് ആയുധങ്ങളുമായി പോരാടാനുള്ള തുല്യ അവകാശത്തിന് ആവശ്യപ്പെട്ടാൽ എന്തുസംഭവിക്കും? വിപ്ലവം വീടിന്റെ പടിവാതിൽ കടക്കുമ്പോൾ എന്തു സംഭവിക്കും? അതിർത്തിയില്ലാത്ത പോരാട്ടത്തിന്റെ ഓർമ്മകളും അക്രമത്തിന്റെ ഭയാനകമായ അനുഭവങ്ങളും സമന്വയിപ്പിക്കുന്ന സൂക്ഷ്മമായ ഒരു ചരിത്രപശ്ചാത്തലമാണ് 1971ലെ സ്ത്രീകൾ പരിചയപ്പെടുത്തുന്നത്; ഇതു പുതിയ അന്താരാഷ്ട്ര അതിർത്തികൾ സൃഷ്ടിക്കുന്നതിനു കാരണമാകുന്നു.

1971 മാർച്ച് മുതൽ ഡിസംബർ വരെയുള്ള കാലഘട്ടത്തിലെ കടുത്ത രാഷ്ട്രീയ അതിക്രമങ്ങളിൽ സ്ത്രീകൾ അനുഭവിച്ച അക്രമങ്ങളുടെ സങ്കീർണ്ണതയെ സംബന്ധിച്ച് ബംഗ്ലാദേശ് യുക്തി ജുദ്ദോയിൽ വന്ന (1971ലെ സ്ത്രീകളെക്കുറിച്ചുള്ള) പഠനത്തിൽ വെളിപ്പെടുത്തുന്നു. 1971 ഡിസംബറിൽ പശ്ചിമ പാകിസ്ഥാൻ സൈന്യം കീഴടങ്ങിയപ്പോൾ ഇന്ത്യൻ സൈന്യവും മുക്തിബാഹിനിയും നിരവധി ബംഗാളിസ്ത്രീകളെ (സൈനികരെ ആനന്ദിപ്പിക്കാൻ പാർപ്പിച്ചിരുന്ന) സൈനിക ബാരക്കുകളിൽ നിന്നും രക്ഷപ്പെടുത്തി.

ബലാൽക്കാരങ്ങളുടെ കൂടുതൽ ഞെട്ടിക്കുന്നതും ഭയപ്പെടുത്തുന്നതുമായ അനുഭവങ്ങളും അതിന്റെ ഫലമായുണ്ടായ ഗർഭധാരണങ്ങളും വെളിച്ചത്തുവരാൻ തുടങ്ങിയതോടെ ആ സ്ത്രീകളുടെ അവസ്ഥ അവഗണിക്കാൻ കഴിയാതെയായി. വിജയദിവസത്തിനു ശേഷമുള്ള (1971, ഡിസംബർ 16) കലാപം നിറഞ്ഞ മാസങ്ങളിൽ ഷെയിഖ് മുജാബിർ റഹ്മാന്റെ കീഴിൽ സ്ഥാപിതമായ പുതിയ ബംഗ്ലാദേശ് സർക്കാറിനു പീഡനത്തിനിരയായ സ്ത്രീകളെ സംബന്ധിച്ചുള്ള ചോദ്യങ്ങൾ അവഗണിക്കാനോ കർശനവും നിയമബദ്ധവുമായ രീതിയിൽ അവയെ പരിഗണിക്കാനോ കഴിഞ്ഞില്ല. 1972 ഫെബ്രുവരിയിൽ ശത്രുക്കളാൽ വലയം ചെയ്യപ്പെട്ട സർക്കാർ പീഡനത്തിനിരയായ എല്ലാ സ്ത്രീകൾക്കും വീരാംഗന എന്ന പദവി നൽകി (എന്നാൽ ബംഗ്ലാദേശിലെ സാമൂഹ്യവ്യവഹാരത്തിൽ 'ധീരയായ വനിത' യുടെ അർത്ഥം യുദ്ധനായികയെന്നാണ്). നീലമാ എബ്രഹാം, ബേബി മൗദൂദ്, ഷഹീറാ അഹമ്മദ്, നൂർജഹാൻ മൂർഷദ് തുടങ്ങിയ പ്രമുഖ വനിതാ സാമൂഹ്യപ്രവർത്തകരും മറ്റനവധി പേരും ബലാത്സംഗത്തിനിരയായ സ്ത്രീകളെ മോചിപ്പിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമുള്ള സർക്കാർ ഉദ്യമത്തിൽ പങ്കുചേർന്നു. ഇതിനായി ഒരു കേന്ദ്രബോർഡ് രൂപീകരിക്കപ്പെട്ടു. പിന്നീടത് നാരീ പുനർബാഷോൺ കേന്ദ്രമെന്ന പേരിൽ  പുനഃസംഘടിപ്പിക്കപ്പെട്ടു. ബോർഡ് വൈദ്യസഹായം വാഗ്ദാനം ചെയ്യുകയും (പലപ്പോഴും ഗർഭിണികളായ സ്ത്രീകളെ അവരുടെ സമ്മതത്തോടെ ഗർഭമലസിപ്പിക്കുന്നതിനു ക്ലിനിക്കുകളിൽ എത്തിക്കാൻ ബോർഡ് ഇടപ്പെട്ടു), സാമ്പത്തിക സ്വാതന്ത്ര്യത്തിനായി അവരെ തൊഴിൽ പരിശീലനസ്ഥാപനങ്ങളിലേക്കു മാറ്റുകയും ചെയ്തു. മനസ്സാക്ഷിയുള്ള ചെറുപ്പക്കാർ വീരാംഗനകളെ വിവാഹം ചെയ്യാൻ

മുന്നോട്ടു വന്നാൽ വിവാഹത്തിനാവശ്യമായ പണവും അവർ ഒരുക്കിക്കൊടുത്തു. ഇത്തരം സർക്കാർ ഉദ്യമങ്ങളെക്കുറിച്ചും യാഥാസ്ഥിതികവും യുദ്ധത്തിൽ തകർന്നതുമായ ഒരു സമൂഹത്തിൽ അവർ അനുഭവിക്കുന്ന പരിമിതികളെ സംബന്ധിച്ച് നയാനിക മുഖർജിയും ബിനാ.ഡികോസ്റ്റയും സൂക്ഷ്മമായ വിശകലനങ്ങൾ നടത്തിയിട്ടുണ്ട്. വീരാംഗനകളുടെ പുനരധിവാസ പദ്ധതി, ബംഗ്ലാദേശിനെ ഒരു വ്യത്യസ്ത മുസ്ലീം രാജ്യമായി; ഒരു ആധുനിക സഹിഷ്ണുതയുള്ള പോസ്റ്റ് കൊളോണിയൽ ദേശ രാഷ്ട്രമായി സ്വയം അടയാളപ്പെടുത്തുന്നതിനുള്ള പ്രധാന സൂചകമായി. എന്നിരുന്നാലും 'അമി ബീരാംഗനാ ബോൽചി' (ഞാൻ, വീരംഗന സംസാരിക്കുന്നു, 1996)– എട്ടു വീരാംഗനമാരുടെ ജീവിതാഖ്യാനങ്ങൾ– എന്ന തന്റെ പുസ്തകത്തിലെ വീരാംഗനകളുമായി ഒരു തരത്തിലും ബന്ധപ്പെടാൻ ശ്രമിക്കരുതെന്നു എഴുത്തുകാരി നീലിമ എബ്രഹാം നടത്തിയ അഭ്യർത്ഥന ഓർത്താൽ മതി ഈ വ്യത്യസ്തതയുടെ അവകാശവാദം ദീർഘകാലം നിലനിൽക്കില്ലെന്നു ബോധ്യമാവാൻ. പീഡനത്തിനിരയായ ആ സ്ത്രീകൾ തങ്ങൾക്ക് നേരിട്ട ഭയാനകമായ അനുഭവങ്ങൾ തന്നോടു വിവരിച്ചതിനു ശേഷം അൽപ്പം സമാധാനം കിട്ടിയിട്ടുണ്ടാകുമെന്നും എന്നാൽ ഒരു തവണകൂടി അവരെ തിരിച്ചറിയുന്ന വേദനയിൽ നിന്നും അവരെ ഒഴിവാക്കിയാൽ തന്റെ വായനക്കാരോടു താൻ കടപ്പെട്ടിരിക്കുമെന്നും നീലിമ പുസ്തകത്തിന്റെ ഹ്രസ്വമായ ആമുഖത്തിൽ എഴുതുന്നു.

കഴിഞ്ഞ ഇരുപത്തഞ്ചുവർഷത്തിനിടെ മുക്തിജദ്ദോയിലെ സ്ത്രീപങ്കാളിത്തത്തെക്കുറിച്ചുള്ള വാമൊഴി ചരിത്രങ്ങളുടെ ശേഖരത്തിൽ വീരാംഗനകളുടെ ഓർമ്മക്കുറിപ്പുകളാണധികവും. അതാവേണ്ടതുമാണ്. കാരണം, ലൈംഗികാതിക്രമങ്ങൾ മൂലമുണ്ടാവുന്ന മാനസികവും സാമൂഹ്യവും ഭൗതികവുമായ ചെലവുകൾ (ഹ്യൂമൻ കോസ്റ്റ്) പീഡനത്തിനിരയായ സ്ത്രീകളെ സംബന്ധിച്ച് ഗണനാതീതമാണ്. മുക്തിജദ്ദോയുടെ കാലത്തും അതിനു ശേഷവും സ്വാതന്ത്ര്യസമര സേനാനികളിൽ നിന്നും അവരുടെ അനുഭാവികളിൽ നിന്നും ബീഹാറികൾ (1947നു ശേഷം ഇന്ത്യയിൽ നിന്നും കുടിയേറിയ ബംഗാളി ഇതര ഉറുദു സംസാരിക്കുന്ന മുസ്ലീങ്ങൾ) അനുഭവിച്ച അതിക്രമങ്ങൾ ചൂണ്ടിക്കാട്ടി പണ്ഡിതരായ യാസ്മിൻ സൈക്കിയ, നയിം മൊഹൈമൻ തുടങ്ങിയവർ ബലാത്സംഗം, കൊലപാതകം കൂട്ടക്കൊല എന്നിവയുടെ ആഖ്യാനങ്ങളെ സങ്കീർണ്ണമാക്കി. ബീഹാറി സ്ത്രീകൾ നേരിട്ട ലൈംഗികാതിക്രമങ്ങളെക്കുറിച്ചുള്ള ദീർഘകാല നിശ്ശബ്ദതയ്ക്ക് സർക്കാരിൽ നിന്നും സ്വീകാര്യത ലഭിച്ചില്ല. 1971 ലെ സ്ത്രീകളുടെ പദവിയിലേക്ക്, മുക്തി ജദ്ദോ സ്ത്രീകളുടെ ദൃശ്യത മുക്തി ജദ്ദോയുടെ ചരിത്രം വിപുലീകരിക്കാനും സ്ത്രീ ഇരകൾ എന്ന ബിംബത്തിനു വ്യത്യസ്തമായ ആഴം കൊണ്ടുവരാനും കാരണമായി. താരിഖ് മസൂദിന്റെ (1999) മൺമറഞ്ഞു പോയ


**പശ്ചിമബംഗാളിലെ അതിർത്തിയിലുടനീളം നക്സൽബാരി പ്രസ്ഥാനത്തിൽ വനിതാപ്രവർത്തകരെ അക്രമകാരികളായല്ല ഇരകളായാണ് അടയാളപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് തന്നെ സ്ത്രീശരീരം ഭാഗികമായി മാത്രമാണ് വിപ്ലവകാരിയെന്ന നിലയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പോലീസുമായുള്ള സായുധാക്രമണത്തിൽ സ്ത്രീകളുടെ പങ്കാളിത്തം അപൂർവ്വമാണെന്നതാണതിനുള്ള ലളിതമായ വിശദീകരണം. സ്ത്രീകളെ കൊല്ലുന്നതിൽ നിന്നും പോലീസുകാർ വിട്ടുനിന്നു. എന്നാൽ സ്ത്രീകളെ പീഡിപ്പിക്കുന്നതിൽ ഈ നിയന്ത്രണം അവർക്ക് തടസ്സമായില്ല.**

ഗ്രാമീണ മുക്തിജദ്ദോകളെ കുറിച്ചുള്ള ഡോക്യുമെന്ററി സിനിമയായ 'മുക്തിർ കഥ'യിൽ പാകിസ്ഥാൻ സൈന്യത്തിനെതിരെ 1971 മെയ് മാസത്തിൽ നടന്ന പ്രത്യാക്രമണത്തിൽ സ്ത്രീകൾ തുല്യ പങ്കാളികളാണെന്നാണ് ഫരീദാപൂർ ജില്ലയിലെ ഛോട്ടോ പൈതക്കാൻഡി ഗ്രാമത്തിലെ നിരവധി സ്ത്രീകൾ പ്രസ്താവിച്ചത്. ഒരു ഗ്രാമീണസ്ത്രീ തന്റെ അനുഭവങ്ങൾ വിവരിച്ചുക്കൊണ്ടിങ്ങനെ പറഞ്ഞു : തന്റെ അമ്മായി അമ്മ ഏറ്റുമുട്ടലിൽ കൊല്ലപ്പെടുകയായിരുന്നുവെന്നും സ്ത്രീകൾ ധീരമായി പോരാടിയെങ്കിലും മുക്തിജദ്ദോയുടെ ചരിത്രാഖ്യാനത്തിൽ അവർ അറിയപ്പെടാതെപ്പോയെന്നും ഔദ്ധത്യപൂർവ്വം പറഞ്ഞു. താരാമൊൺ ബീഗം, കാകോൻ ബീബി (മുക്തി ജോദ്ദോയുടെ മകൾ എന്നറിയപ്പെടുന്ന) കോർഫുലി ബയോ, പിയർമന്ദ്, സയിദ് സീനത്ത് അറബീഗം, ബീതികാ ബിശ്വാസ്, ഷിഷിൽ കോനാ, ഹാലിമാ പർവീൺ, ഫാത്തിമാ ഖത്തൻ, കരുണാബീഗം, നജ്മാബീഗം എന്നീ ഓരോ പേരും മുക്തിജദ്ദോയുടെ ചരിത്രകാരന്മാർ സ്ത്രീകളുടെ ധൈര്യം, വിഭവശേഷി, സ്കൗട്ട് ടീമുകളെയും ഗറില്ലാ ആക്രമണങ്ങളെയും നയിക്കാനും ഗ്രനേഡ് എറിയാനും മെഷീൻഗണ്ണുകൾ ഉപയോഗിക്കാനുമുള്ള അവരുടെ ശാരീരിക ക്ഷമത എന്നിവയെക്കുറിച്ചുള്ള കഥകൾ പറയാൻ ഉപയോഗിക്കുന്നു.

പശ്ചിമബംഗാളിലെ അതിർത്തിയിലുടനീളം നക്സൽബാരി പ്രസ്ഥാനത്തിൽ വനിതാപ്രവർത്തകരെ അക്രമകാരികളായല്ല ഇരകളായാണ് അടയാളപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് തന്നെ സ്ത്രീശരീരം ഭാഗികമായി മാത്രമാണ് വിപ്ലവകാരിയെന്ന നിലയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പോലീസുമായുള്ള സായുധാക്രമണത്തിൽ സ്ത്രീകളുടെ പങ്കാളിത്തം അപൂർവ്വമാ

ണെന്നതാണതിനുള്ള ലളിതമായ വിശദീകരണം. സ്ത്രീകളെ കൊല്ലുന്നതിൽ നിന്നും പോലീസുകാർ വിട്ടുനിന്നു. എന്നാൽ സ്ത്രീകളെ പീഡിപ്പിക്കുന്നതിൽ ഈ നിയന്ത്രണം അവർക്ക് തടസ്സമായില്ല. പോലീസ് കസ്റ്റഡിയിൽ സ്ത്രീകൾ അനുഭവിച്ച അതിക്രമങ്ങളുടെ ഓർമ്മക്കുറിപ്പുകൾ വെളിപ്പെടുത്തുന്നത്. വസ്ത്രാക്ഷേപവും , മർദ്ദനവും മറ്റു പല തരത്തിലുള്ള പീഡനവും നക്സലേറ്റു തടവുകാർക്കു ആചാരവിധി പോലെ കിട്ടുന്നതായിരുന്നു. അതു കൂടാതെയായിരുന്നു അവിശ്വസനീയമായ രീതിയിൽ വാക്കുകൾ കൊണ്ടുള്ള പീഡനവും കുത്തുവാക്കുകളും. 1974ൽ പോലീസ് കസ്റ്റഡിയിൽ ആഴ്ചകളോളം പീഡനമനുഭവിച്ച അർച്ചനാ ഗുഹയുടെ കേസ് ആംനസ്റ്റി ഇന്റർനാഷണൽ റിപ്പോർട്ട് ഉയർത്തിക്കാട്ടുകയുണ്ടായി. പിന്നീട് പീഡനത്തിനിരയായവരുടെ നീതിക്കു വേണ്ടിയുള്ള പോരാട്ടത്തിൽ അർച്ചനാഗുഹാ കേസ് ഉത്തമസാക്ഷ്യമായി.

പ്രസ്ഥാനത്തിനുള്ളിൽ സ്ത്രീകളുടെ അനുഭവങ്ങൾ സങ്കീർണ്ണമായിരുന്നു. മരണവും പീഡനവും തമ്മിലുള്ള അന്തരം വലുതാണെന്നു പറയേണ്ടതില്ല, പീഡനത്തിനിരയായ വ്യക്തിയെന്ന നിലയിൽ കടുത്ത കഷ്ടപ്പാടുകൾക്കിയിലും ജീവിച്ചു പോവുകയാണ്. എന്നിരുന്നാലും മരണത്തിന്റെ ലിംഗപരമായ അർത്ഥങ്ങൾ കണക്കിലെടുത്താൽ രക്തസാക്ഷിത്വത്തിന്റെ അല്ലെങ്കിൽ മരണത്തിന്റെ അർത്ഥം വിപുലീകരിക്കുന്നത് വ്യാഖ്യാനത്തിനുള്ള വിശാലമായ സാധ്യതകൾ തുറന്നു




തരുന്നു. പോലീസുകാരാൽ കൊല്ലപ്പെട്ട വനിതാപ്രവർത്തകരെ രക്തസാക്ഷിയുടെ വിധവയായി ആദരിക്കുകയും അവരെ ത്യാഗത്തിന്റെ പ്രതീകങ്ങളായി പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. സ്ത്രൈണസദ്ഗുണങ്ങളെ വിപ്ലവസദ്ഗുണങ്ങളിലേക്ക് വിചിത്രമായ രീതിയിൽ കൂട്ടിച്ചേർത്ത് രക്തസാക്ഷിത്വം അവരുടെ ശരീരത്തിലേക്ക് വിന്യസിപ്പിക്കുന്നു. ജീവിതത്തിൽ പുതിയ പുതിയ പ്രണയ ബന്ധങ്ങളുമായി മുന്നോട്ടു പോകാനുള്ള അവരുടെ ആഗ്രഹങ്ങളെ പുരുഷസഖാക്കൾ നിശിതമായി വിമർശിച്ചു. പ്രചോദനം നൽകുന്ന വ്യക്തികളെന്ന നിലയിൽ അവരുടെ പങ്ക് ത്യാഗോജ്വലരായ പങ്കാളികളെന്നതായി നിജപ്പെടുത്തിയിട്ടുണ്ട്. മരണം ജീവിതത്തിലടയാളപ്പെടുത്തിയിട്ടുണ്ട്. ആ അടയാളത്തെ മറികടക്കാൻ ജീവിച്ചിരിക്കുന്നവർക്കു അവസരം നിഷേധിച്ചു. അതുകൊണ്ടുതന്നെ പീഡനം, രക്തസാക്ഷിത്വം, കഷ്ടത, കടമ എന്നിവയെല്ലാം സംയോജിച്ചതാണ് നക്സൽബാരി പ്രസ്ഥാനത്തിൽ സ്ത്രീഅതിക്രമങ്ങളുടെ അനുഭവങ്ങൾ.ഇരയും കുറ്റവാളിയുമെന്ന തീവ്രവിഭാഗങ്ങൾക്കിടയിലെ വർഗ്ഗീകരണത്തിന്റെ അളവുകോലുകളെ ആശയക്കുഴപ്പത്തിലാക്കുന്ന അനേകം അർത്ഥങ്ങളുണ്ടെന്നാണ് ഈ ഇഴയടുപ്പമുള്ള അതിക്രമങ്ങൾ സൂചിപ്പിക്കുന്നത്.

വിപ്ലവകാരികളുടെ അതിക്രമങ്ങളും സദ്ഗുണങ്ങളും വംശീയമായ അതിക്രമങ്ങൾ, ദേശീയവാദം, സൈനികക്രൂരത, ദേശീയസുരക്ഷാ ഏജൻസികളുടെ അതിക്രമം എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ 1971ലെ ബംഗാളിലെ സ്ത്രീകളെ കുറിച്ച് എഴുതപ്പെട്ടുകൊണ്ടിരുന്നു. ഈ സങ്കീർണ്ണ ഭൂതകാല ത്തിന്റെ നിലനില്പ്പിനെ അനുരഞ്ജനപരമായ രീതിയിൽ വേർപ്പെടുത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. 2001ൽ ലാഹോറിൽ നടന്ന വനിതാപഠന കോൺഫറൻസിൽ പാക്കിസ്ഥാനിലെ വനിതാപണ്ഡിതർ 1971ൽ നടന്ന ബലാത്സംഗങ്ങൾ, കൊലകൾ, ലൈംഗിക അതിക്രമങ്ങൾ എന്നിവയ്ക്ക് ബംഗ്ലാദേശിലെ വനിതാപണ്ഡിതരോടു മാപ്പു പറഞ്ഞതായും 1971ൽ പാക്കിസ്ഥാനിലെ സ്ത്രീകൾ ബംഗ്ലാദേശിലെ നടന്നുകൊണ്ടിരിക്കുന്ന അതിക്രമങ്ങൾക്കെതിരെ ശബ്ദമുയർത്തിയതെങ്ങിനെയാണെന്നും വിശദീകരിച്ചതായി പ്രമുഖ ഫെമിനിസ്റ്റ് പണ്ഡിതയായ ഉമാചക്രവർത്തി ഓർക്കുന്നു. അത്തരമൊരു അഭിപ്രായ പ്രകാശനത്തിന്റെ പ്രാധാന്യം വലുതായിരുന്നുവെങ്കിലും ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ 1971 ൽ സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങളുടെ നിർദയത്വത്തെ ചൊല്ലി പാക്കിസ്ഥാനിലെയും ബംഗ്ലാദേശിലെയും പണ്ഡിതർ തമ്മിൽ കടുത്ത വാദപ്രതിവാദങ്ങൾ നടന്നു. എല്ലാവരിൽ നിന്നും പരിചരണം ആവശ്യമുള്ള മുറിവിനെ സംബന്ധിച്ച് ചക്രവർത്തി നമുക്ക് മുന്നറിയിപ്പ് നൽകുന്നു. എന്നാൽ അന്താരാഷ്ട്രരാഷ്ട്രീയത്തിന്റെ ചതുരംഗപ്പലകയിൽ അതു വീണ്ടും വീണ്ടും മുറിവുണങ്ങാനനുവദിക്കാതെ.

ചർച്ചാവിഷയം

# മനുഷ്യനും പൗരനും ആദിവാസിക്കുമിടയിൽ



പാപോരി ബോറ
ഡൽഹിയിൽജവഹർലാൽനെഹ്റു സർവകലാശാല, സ്ത്രീ പഠന വിഭാഗം അധ്യാപിക



വിവർത്തനം :
**ഷൈമ പി.**
പയ്യനൂർകോളേജ്, ഇംഗ്ലീഷ് വിഭാഗം അധ്യാപിക

**15** ജൂലായ് 2004-ന് ഇന്ത്യയുടെ വടക്കുകിഴക്കന്സംസ്ഥാനമായ മണിപ്പൂരിൽ നടന്ന ഒരു പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിലാണ് ഈ ലേഖനമെഴുതുന്നത്. വടക്കുകിഴക്കന്ഇന്ത്യയിലെ സായുധ സ്വതന്ത്രവാദികളുടെ ഒരു കൂട്ടായ്മയായ പീപ്പിൾസ് ലിബറേഷൻ ആർമ്മിയിലെ ഒരു പോരാളിയാണെന്ന സംശയത്തിന്റെ പുറത്ത് മിതി ഗോത്ര വിഭാഗത്തിലെ ചെറുപ്പക്കാരിയായ ഥംഗ്ജം മനോരമ പ്രക്ഷോഭങ്ങളെ ചെറുക്കുന്ന അസ്സം റൈഫിൾസ് എന്ന പാരാമിലിറ്ററി പട്ടാളക്കാരാൽ ബലാത്സംഗം ചെയ്യപ്പെടുകയും കസ്റ്റഡി മരണത്തിനിരയാവുകയും ചെയ്തു. ഇതിനെതിരെയുള്ള പ്രതിഷേധത്തിനിടെ ശ്രദ്ധേയമായ ഒരു സംഭവമുണ്ടായി. ഒരു കൂട്ടം സ്ത്രീകൾ നഗ്നരായി ‘ഇന്ത്യൻ ആർമി റേപ്പ് അസ്’ എന്നെഴുതിയ ബാനർ ഉയർത്തിപ്പിടിച്ചാണ് അന്ന് പ്രതിഷേധിച്ചത് .

ഇന്ത്യയുടെ വടക്കു കിഴക്കന്മേഖല പതിറ്റാണ്ടുകളായി തദ്ദേശ-ദേശീയ സായുധ പ്രക്ഷോഭങ്ങൾ നടക്കുന്നിടമാണ്. ഇന്ത്യയിൽ നിന്നുള്ള സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള തദ്ദേശീയ പ്രക്ഷോഭങ്ങൾ, 1947-ൽ കൊളോണിയൽ ബ്രിട്ടീഷിൽ നിന്നും ഭരണം ഇന്ത്യയ്ക്ക് കൈമാറ്റം ചെയ്തതു തുടങ്ങിയതാണ്. തദ്ദേശിയരുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ഈ സമരങ്ങൾക്കെതിരെയുള്ള ഇന്ത്യന്ദേശരാഷ്ട്രത്തിന്റെ പട്ടാള തിരിച്ചടി, വടക്കുകിഴക്കന്മേഖലയെ സ്വതന്ത്രാനന്തര ഇന്ത്യയിലെ പട്ടാളാധിപത്യ ഇടമാക്കി മാറ്റി. 1990കളോടെ എല്ലാ 10 പേർക്കും ഒരു സായുധ പട്ടാളക്കാരന്എന്ന നിലയിലെത്തി കാര്യങ്ങൾ. വടക്കുകിഴക്കന്മേഖലയിലും സമാധാനശ്രമങ്ങൾക്ക് ഈയൊരു സാഹചര്യം വെല്ലുവിളിയായി തീർന്നു.

വടക്കുകിഴക്കന്മേഖലയിലെ നിലനില്ക്കുന്ന നിയ



മ വ്യവസ്ഥയുടെ ഒരു വിരോധാഭാസം എന്നത്, ജനാധിപത്യത്തിനു വേണ്ടിയുള്ള സമരങ്ങളും, ഈ സമരങ്ങളെ അടിച്ചമർത്തുന്ന പ്രവർത്തനങ്ങളും നടക്കുന്നത് ഒപ്പത്തിനൊപ്പമാണ് എന്നതാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഭരണഘടനേതരമായ അടിയന്തര സാഹചര്യങ്ങൾക്കാവശ്യമായി വരുന്ന, എന്ന അവകാശവാദത്തോടു കൂടിയുള്ള പല നിയമങ്ങളും ഈ മേഖലയിൽ ബാധകമാക്കിയിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ആർമട് ഫൊഴ്സസ് സ്പെഷ്യൽപവർസ് ആക്ട് അഥവാ എ.എഫ്.എസ്.പി.എ. ഇതിന്റെ മൂന്നാം ഭാഗത്ത് വിശദീകരിച്ചതുപ്രകാരം പൗരാവകാശ സംരക്ഷണത്തിന്റെ പേരിൽചില പ്രദേശങ്ങളെ പ്രശ്നബാധിത മേഖലകളാക്കി പ്രഖ്യാപിക്കാനുള്ള അധികാരം സായുധസേനയ്ക്കുണ്ട്. എന്തായാലും പ്രക്ഷോഭങ്ങളെയും സമരങ്ങളെയും അടിച്ചമർത്താൻ എന്ന പേരിൽ സായുധസേനയ്ക്ക് നല്കിയ വിപുലമായ അധികാരം പൗരാവകാശ ലംഘനങ്ങളിലാണ് അവസാനിക്കുന്നത്. ആയുധങ്ങളോ സ്ഫോടകവസ്തുക്കളോ വെടിമരുന്നുകളോ കൈവശമുണ്ടെന്ന് സംശയം തോന്നിയാലാറന്റ് പോലുമില്ലാതെ വീടുകൾ പരിശോധിക്കാനും വ്യക്തികളെ അറസ്റ്റ് ചെയ്യാനും തങ്ങളുടെ അധികാരം അത്തരം വ്യക്തികളുടെ മേൽപ്രയോഗിക്കാനും എ.എഫ്.എസ്.പി.എ. സായുധസേനയ്ക്കു അനുവാദം കൊടുക്കുന്നു. വെടിവെക്കാനും പൗരരെ കൊല്ലാനുമുള്ള അസാധാരണ അധികാരം അത് സേനയ്ക്ക് നല്കുന്നു.

മനോരമയുടെ കൊലപാതകത്തെ തുടർന്ന് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കുകയും എന്നാൽ ആസാം റൈഫിൾസ്, ആ കമ്മിറ്റിയുമായി സഹകരിക്കാൻ സമ്മതിക്കുകയും ചെയ്തു. എ.എഫ്.എസ്.പി.എ.-യ്ക്ക് പ്രത്യേക അധികാരങ്ങൾ നല്കുന്ന വ്യവസ്ഥ തന്നെയാണ് നീതിയുടെ ഈ അവഹേളനത്തിനു കാരണമായത്. മനോരമക്ക് കിട്ടേണ്ട നീതിയുടെ നിരാകരണവും ഈ അനീതി സാധ്യമാക്കിയ നിയമവും മണിപ്പൂരിൽ വ്യാപകമായ പ്രതിഷേധങ്ങൾക്ക് കാരണമായി. ഇതിന്റെ പശ്ചാത്തലത്തിലാണ് ഇംഫാലിൽ എ.എഫ്.എസ്.പി.എ, പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 'ഇന്ത്യൻ ആർമി റേപ് അസ്സ്' എന്ന ബാനർ ഉയർത്തിപ്പിടിച്ച് നഗ്നരായി ഒരുകൂട്ടം സ്ത്രീകൾ ആസാം റൈഫിൾസിന്റെ മുമ്പിലൂടെ മാർച്ച് ചെയ്തത്.

മണിപ്പൂരിലെ പ്രതിഷേധത്തിന്റെ വിശകലനത്തിൽ മുന്നിട്ടുനില്ക്കുന്നത് നിയമത്തിന്റെയും മനുഷ്യാവകാശത്തിന്റെയും ഭാഷയാണ്. നീതി ലംഘനത്തിനെതിരെയുള്ള ആശയറ്റ പ്രതിഷേധമാർഗ്ഗമായി ദി ഏഷ്യന്ന്സെന്റ്ര് ഫോർ ഹ്യൂമനൈറ്റ് ഇംഫാലിലെ സമരത്തെ അടയാളപ്പെടുത്തുന്നു. അടയാളപ്പെടുത്തൽ പ്രകാരം പ്രതിഷേധിച്ച സ്ത്രീകൾ മനുഷ്യാവകാശത്തിനു വേണ്ടി സമരം ചെയ്യുന്നവരായി വ്യാഖ്യാനിക്കപ്പെടുന്നു. എന്നാൽ നിയമത്തിന്റെ ചട്ടക്കൂട്ടിൽ വാർത്ത മനുഷ്യാവകാശത്തിന്റെ ഈ ഭാഷ ഈ സ്ത്രീകളുടെ സമരത്തെ വിശകലനം ചെയ്യാൻ അപര്യാപ്തമാണ്. ആർമട് ഫോഴ്സസ് സ്പെഷ്യൽ പവർസ് ആക്ട് (എ.എഫ്.എസ്.പി.എ) എന്ന നിയമത്തിലേക്ക് നയിച്ച് വടക്കുകിഴക്കരെ അപൂർണ്ണരായ പൗരരാക്കി തീർത്ത്, ഇന്ത്യൻദേശീയ വ്യവഹാരത്തെ അത് അഭിസംബോധന ചെയ്യുന്നില്ല. പൗരത്വത്തെ ഇളക്കമില്ലാത്ത ഒന്നായി മനസ്സിലാക്കുക വഴി ദേശീയ വ്യവഹാരം ചില പ്രശ്നങ്ങളേയും സമൂഹങ്ങളെയും അപരരാക്കി മാറ്റുന്നു. ഇംഫാലിലെ പ്രതിഷേധം കേന്ദ്രമാക്കിയ മനോരമയുടെ ലിംഗ നിർമ്മിത ശരീരം വടക്കുകിഴക്കിന്റെ അപൂർണ്ണ പൗരത്വ ചരിത്രത്തിന്റെ അടയാളങ്ങൾ പേറുന്ന ഒന്നാണ്. ഇത് അഭിസംബോധന ചെയ്യാത്ത പക്ഷപാതം മനസ്സിലാക്കി ദേശീയ ചരിത്രത്തെ വിമർശന വിധേയമാക്കുന്ന ഒരു പോസ്റ്റ് ഫെമിനിസ്റ്റ് വിശകലന രീതിയാണ് ഈ ലേഖനത്തിൽ ഉപയോഗിച്ചിട്ടുള്ളത്.

വ്യാപകമായ പ്രതിഷേധങ്ങളെ തുടർന്ന് 2004-ല് ആർമ്ട് ഫൊഴ്സസ് സ്പെഷ്യൽപവർസ് ആക്ട് അവലോകനം ചെയ്യാനായി നിയമിക്കപ്പെട്ട കമ്മിറ്റി അതിൽ ഭേദഗതികൾ കൊണ്ടുവരാനും മനുഷ്യാവകാശതത്വങ്ങളുമായി ഒത്തുപോകുന്ന രീതിയിൽ മാറ്റങ്ങൾ വരുത്താനും ശുപാർഷ ചെയ്യുകയുണ്ടായി. എന്നാൽ ഇത്തരം ശുപാർഷകൾ ഫലമൊന്നുമുണ്ടാക്കിയില്ല എന്ന് മനസ്സിലാക്കാം. ആംനെസ്ടി ഇന്റർനാഷണൽ, ഹ്യൂമനൈറ്റ്സ് വാച്ച്, തുടങ്ങിയ അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനകളും ആർമ്ട് ഫോഴ്സസ് സ്പെഷ്യൽപവർസ് ആക്ടിന്റെ മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ചുള്ള ആശങ്കകൾ പങ്കുവച്ചിരുന്നു. ബ്രിട്ടീഷ് കൊളോണിയൽ നിയമങ്ങളുടെ തുടർച്ചകളായാണ് ഇന്ന് പല നിയമങ്ങളും ഇന്ത്യൻദേശീയവ്യവഹാരത്തിന്റെ ഭാഗമായി ഉണ്ടാകുന്നത്. ഇന്നർലൈന്റെ ഗുലേഷൻ സ്ഥാപിച്ചതിലൂടെ കുന്നിലും സമനിരപ്പിലുമായി വസിക്കുന്ന തദ്ദേശീയ വിഭാഗക്കാരും മറ്റുള്ളവരുമായുള്ള സമ്പർക്കങ്ങളില്ലാതാവുകയും അവർ അരികുവല്ക്കരിക്കപ്പെടുകയും ചെയ്തു. അങ്ങിങ്ങായി ചിതറിക്കിടക്കുന്ന വിഭാഗക്കാരെ മുതലാളിത്ത തത്വങ്ങളും ഉദാര രാഷ്ട്രീയവും അവരെ കഴിവില്ലാത്തവരും ആധുനീകരിക്കാന്പറ്റാത്തവരുമായി നിർമ്മിച്ചു. ഇതിന്റെ തുടർച്ചയാണ് ദേശീയത വ്യവഹാരം നിർമ്മിച്ച നിയമങ്ങളിലും കാണാന്പറ്റുക.

ദേശരാഷ്ട്രത്തിന്റെ ചരിത്രം, ഈ ഓറിയന്റൽനിർമ്മിതിയെ പൊളിക്കാതെ വടക്കുകിഴക്കിനെ അവിടെ നിവസിക്കുന്നവരെ, മറ്റൊരു നാഗരികതയുടെ ഭാഗമാക്കിയാണ് മനസ്സിലാക്കിയത്. ഒറ്റൊരു ഇന്ത്യ എന്ന ദേശീയ വ്യവഹാരത്തിൽ ഉൾപ്പെടുത്താൻ പറ്റാത്ത തരത്തിലുള്ള വ്യത്യാസങ്ങൾ പേറുന്നവരായി വടക്കുകിഴക്കൾ. ഒറ്റൊരു ഇന്ത്യക്ക് വേണ്ടിയുള്ള ദേശീയ വ്യവഹാരത്തിന്റെ അമിതാഭിനിവേശം വടക്കുകി

ഴക്കരെ അപരരാക്കി. ഏകത്വത്തിൽ എത്തുന്ന നാനാത്വത്തിൽ ഉൾപ്പെടുത്താൻ പറ്റാത്തവരാക്കി.

പുനരവലോകന കമ്മിറ്റിയും അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനകളും എ.എഫ്.എസ്.പി.എ ഭരണഘടന അനുശാസിക്കുന്ന സിവിൽ ക്രിമിനൽ തത്വങ്ങളെ മറികടക്കുന്നു എന്നും, അതിനാൽ ആ നിയമം പിൻവലിക്കുക എന്നതാണ് പരിഹാരം എന്നുമാണ് അഭിപ്രായപ്പെടുന്നത്. എന്നാൽ രണ്ടു നിലപാടുകളും സ്ഥാപിക്കുന്നത് നിയമം പൗരനെയും മനുഷ്യനെയും സംരക്ഷിക്കണമെന്നാണ്. എന്നാൽ നിയമവും പൗരയും ഉണ്ടായിവരേണ്ട ഒന്നാണെന്നും സ്ഥിരമായ മാറ്റങ്ങൾക്ക് വിധേയമല്ലാത്തതല്ല എന്നും ഈ നിലപാടുകൾ മനസ്സിലാക്കുന്നില്ല. പൗര എന്നത് നിയമത്തിനു പുറത്തല്ല എന്നും അതിനാൽ നിർമ്മിതമാണെന്നും യഥാർത്ഥ പൗര ആരാണെന്ന് നിർണ്ണയിക്കുന്നതിൽ നിയമത്തിനു പങ്കുണ്ടെന്നുമുള്ളത് ഇവിടെ കാണാതെ പോകുന്നു. ആർമ്ട് ഫൊഴ്സസ് സ്പെഷ്യൽപവർസ് ആക്ട് പോലൊരു നിയമം സാധ്യമായതെങ്ങനെ എന്ന ചോദ്യം ഇവിടെ ഉന്നയിക്കപ്പെടുന്നില്ല എന്നതുകൊണ്ടുതന്നെ മണിപ്പൂർ പ്രതിഷേധം ഉയർത്തുന്ന രാഷ്ട്രീയ വെല്ലുവിളികൾ അർത്ഥങ്ങൾ മനസ്സിലാക്കാതെ പോകുന്നു.

ദേശരാഷ്ട്രങ്ങൾ സാങ്കല്പിക സമുദായങ്ങളാണെങ്കിൽ മാതൃക പൗരർ ആരായിരിക്കണം എന്നും ഈ സങ്കല്പം നിഷ്കർഷിക്കുന്നുണ്ട്. ആ മാതൃക സങ്കല്പത്തി ൽനിന്നും വ്യതിചലിക്കുന്നവർ അപൂർണ്ണ പൗരരാകുന്നു. വടക്കുകിഴക്കർ എന്നത് അപൂർണ്ണരാകുന്നത് ഇങ്ങനെയാണ്. ഈ മാതൃക സങ്കല്പ്പത്തിനനുസരിച്ച് വടക്കുകിഴക്കർ കുടിയേറ്റക്കാരായി മാറുന്നു. കൊളോണിയൽ ദേശീയ വ്യവഹാരം ഇന്ത്യയേയും വടക്കുകിഴക്കിനേയും വിപരീത ദുരന്തങ്ങളായി നിർമ്മിക്കുകയും വടക്കുകിഴക്കർ, ആര്യൻ ഇന്ത്യയുടെ മംഗോളിയനുമായി അപരരാക്കപ്പെടുന്നു. ഇന്ത്യ ജാതി/മത തരംതിരിവുകളോടെ മനസ്സിലക്കപെടുമ്പോൾ, വടക്കുകിഴക്കർ അടയാളപ്പെടുന്നത് ചൈനയിൽ നിന്നും തെക്കുകിഴക്കൻ ഏഷ്യയിൽ നിന്നും കുടിയേറിയ മംഗോളിയൻ വംശജരായിട്ടാണ്. സാംസ്കാരിക തലത്തിൽ, ഇന്ത്യൻ എന്ന് സ്വയം പ്രതിനിധാനം ചെയ്യാൻ അവർക്ക് പറ്റാതെ വരുന്നു.

ഈ പ്രദേശത്ത് നടക്കുന്ന സ്വതന്ത്ര പ്രക്ഷോഭങ്ങൾ ഈ വ്യത്യാസത്തെ അംഗീകരിക്കുകയും അതിനോട് പ്രതികരിക്കുകയും ചെയ്യുന്നത്, ഇന്ത്യയിൽ നിന്നും വ്യത്യസ്തമായ ഒരു ചരിത്രം തങ്ങൾക്കുണ്ടെന്ന് അവകാശപ്പെട്ടു കൊണ്ടാണ്. നാഗ സ്വതന്ത്ര പ്രക്ഷോഭങ്ങൾ പ്രഖ്യാപിക്കുന്നത് അവർ ഇന്ത്യക്കാരല്ല മറിച്ച് മറ്റൊരു ദേശീയതയുടെ ഭാഗമാണെന്നാണ്. ഇതിനോടുള്ള ഇന്ത്യയുടെ പട്ടാള പ്രതികരണം ആ പ്രദേശത്തെ ആന്റി സ്റ്റേറ്റ് ആക്കി മാറ്റുന്നു, വടക്ക് കിഴക്ക് ഇന്ത്യയുടെ ആഭ്യന്തര സുരക്ഷയ്ക്ക് അങ്ങനെ ഭീഷണിയാകുന്നു. ദേശവിരുദ്ധരുടെ, പേടിക്കേണ്ടവരുടെ ഇടമായി വടക്ക് കിഴക്ക് മാറുന്നു. വടക്കുകിഴക്ക് എന്നത് ഇന്ത്യയുടെ വടക്കു കിഴക്കായി. എന്നാൽ വടക്കുകിഴക്കൻ ഇന്ത്യനായില്ല. ദേശീയ സങ്കല്പം വടക്കുകിഴക്കിനെ രാഷ്ട്രീയപരമായോ സാംസ്കാരികമായോ ജ്ഞാനപരമായോ ഇന്ത്യൻ ആയി കാണുന്നില്ല.

ഇന്ത്യൻ പൗര എന്ന നിർമ്മിതിയുടെ അടിസ്ഥാനം, അതിനു പുറത്തുനിന്നുള്ളവരുമായുള്ള അതിനുള്ള വ്യത്യാസം മാത്രമല്ല മറിച്ച് അതിനുള്ളിൽ ഉള്ളവരുടെ ഇടയിൽ സങ്കല്പ്പിക്കപ്പെടുന്ന സമാനതകളുങ്ങളുമാണ്. വടക്കുകിഴക്കർ ഇന്ത്യയിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ അതിന്റെ ഭാഗമല്ലതാനും. ഈയൊരു സ്ഥാനമാണ്, സ്ഥാനമില്ലായ്മയാണ്, പുറത്തും അകത്തുമുള്ള അവസ്ഥയാണ് ഒരേ സമയത്ത് ഉൾപ്പെടുത്തുകയും ഒഴിവാക്കപ്പെടുകയും ചെയ്യുന്ന സാഹചര്യമാണ് വടക്കുകിഴക്കരെ അപൂർണ്ണ പൗരരാക്കി മാറ്റുന്നത്.

കൊളോണിയൽ കാലഘട്ടത്തിലെ ഇന്നർലൈൻ റെഗുലേഷൻ പോലുള്ള നിയമങ്ങളും, കൊളോണിയലാനന്തര കാലത്തെ ആർമ്ട് ഫൊഴ്സസ് സ്പെഷ്യൽപവർസ് ആക്ട് പോലുള്ള നിയമങ്ങളും വടക്കുകിഴക്കരെ അപൂർണ്ണർ എന്ന് അടയാളപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. അതിനാൽ തന്നെ ആർമ്ട് ഫൊഴ്സസ് സ്പെഷ്യൽ പവർസ് ആക്ട്-നെതിരെയുള്ള പ്രതിഷേധം കേവലമൊരു നിയമത്തിനെതിരെ ഉള്ളതല്ല, മറിച്ച് പ്രക്ഷുബ്ധമായ ഒരു ചരിത്രത്തോടുള്ളതാണ്. വർഗ്ഗവിവേചനത്തിനിരയാക്കപ്പെട്ട ശരീരം കൂടിയാണ് മനോരമയുടേത്. ലിംഗരാഷ്ട്രീയം പേറുന്ന ഒന്ന് മാത്രമല്ല അത്.

സ്ത്രീകളുടെ താല്പര്യങ്ങൾക്ക് ഒരു സ്ഥാനവും കല്പ്പിക്കാത്ത അധികാരവ്യവസ്ഥകൾക്കിടയില് (ഇന്ത്യൻദേശരാഷ്ട്രവും തദ്ദേശീയ സ്വതന്ത്രസംഘടനകളും) കുടുങ്ങിയവരാണ് വടക്കുകിഴക്കൻ സ്ത്രീകൾ. പട്ടാളവല്ക്കരണത്തിലൂടെയുള്ള നിരന്തര പൗരാവകാശ ലംഘനങ്ങൾ സ്ത്രീകളുടെ അവകാശലംഘനങ്ങളെ അദൃശ്യമാക്കുന്നുണ്ട്.

ബീജിംഗ് പ്ലാറ്റ്ഫോറം ഫോർ ആക്ഷൻ, യുണൈറ്റഡ് നേഷൻസ് വേൾഡ് കോൺഫറൻസ് ഓൺ വിമെനിൽ പറഞ്ഞത് വടക്കുകിഴക്കിന്റെ സായുധ പ്രക്ഷോഭങ്ങളുടെ വെളിച്ചത്തിൽ സ്ത്രീകളുടെ അവകാശം മനുഷ്യാവകാശമായി തിരിച്ചറിയേണ്ടതുണ്ടെന്നതാണ്. പശ്ചാത്യ ജനാധിപത്യ വ്യവഹാരങ്ങളും മുഖ്യധാരാ ഫെമിനിസ്റ്റ് ചരിത്രങ്ങളും പൊതു/സ്വകാര്യ ദ്വന്ദത്തെയും അതുണ്ടാക്കുന്ന പൊതുഇടം പുരുഷന്മാരുടെ സ്വകാര്യ ഇടം സ്ത്രീകളുടേത് എന്ന് വിഭജനത്തേയും വിമർഷിച്ചിട്ടുണ്ട്. പൗരർ എന്നത് പലപ്പോഴും പുരുഷന്മാരുടെ ഇടമായി മനസ്സിലാക്കപ്പെടുന്നു. പാശ്ചാത്യ ഫെമിനിസ്റ്റ് തിയറി പൊതു/സ്വ

കാര്യ ദ്വന്ദ്വത്തെ അപ നിർമ്മിക്കുന്നുണ്ടെങ്കിലും വ്യക്തികളെ സമൂഹങ്ങളെ വംശീയാടിസ്ഥാനത്തിൽ അപരിഷ്കൃതരാക്കി മാറ്റുന്ന പ്രകൃതി/ രാഷ്ട്രീയ ദ്വന്ദ്വത്തെ അത് വിമർഷന വിധേയമാക്കുന്നില്ല. വടക്കുകിഴക്കർ ആധുനികരല്ലാത്തവരായാണ് നിർമ്മിക്കപ്പെടുന്നത്. അതിനാൽ വടക്കുകിഴക്കൻ സ്ത്രീകളുടെ പ്രതിഷേധത്തെ മനസ്സിലാക്കാൻ ന്യൂറോ കേന്ദ്രിതമായ മനുഷ്യാവകാശത്തിലൂന്നിക്കൊണ്ടുള്ള കാഴ്ചപ്പാട് പര്യാപ്തമല്ല. മനോരമയുടേത് വംശീയവത്കരിച്ച ശരീരം കൂടിയാണ്. ഹിംസ നടന്നത് മനോരമയുടെ സ്ത്രീശരീരത്തിൽ മാത്രമല്ല അപൂർണ്ണമാക്കപ്പെട്ട ശരീരത്തിൽ കൂടിയാണ്. എ.എഫ്.എസ്.പി.എയും ഇതിനെ സംരക്ഷിക്കുന്ന ചരിത്രവുമാണ് ആ ഹിംസയ്ക്ക് കാരണം. സ്ത്രീകളുടെ അവകാശം മനുഷ്യാവകാശമാണ് എന്ന് മനസ്സിലാക്കലിലൂടെ മനോരമയുടെ ശരീരമോ അതുയർത്തിയ പ്രതിഷേധമോ മനസ്സിലാക്കാൻ കഴിയില്ല . വടക്കുകിഴക്കൻ സ്ത്രീ വായനകൾ ഇത്തരം ലംഘനവത്കരണങ്ങളെ ചെറുക്കുന്നുണ്ട്. എച്ച്. കൻഹയ് ലാലിന്റെ നാടകം പെബറ്റ് (1975) ഒരു പൂച്ചയിൽ നിന്നും തന്റെ മക്കളെ സംരക്ഷിക്കുന്ന അമ്മ പക്ഷിയായ പെബെറ്റിനെ കുറിച്ചുള്ള ഫോക് കഥ ആസ്പദമാക്കിയുള്ളതാണ്. ഈ നാടകം യു.എൻ.എൽ.എഫ്–ന്റെ സ്താപനത്തിലേക്ക് നയിച്ചു. പെബെറ്റ് എന്ന നാടകത്തിൽ പൂച്ച ഒരു വൈഷ്ണവ പൂജാരിയാണ്. അത് കുട്ടികളെ അമ്മമാരിൽ നിന്നും അകറ്റുന്നു. യാഥാർത്ഥ്യം മനസ്സിലാക്കി മക്കൾ അമ്മമാരുടെ അടുത്തേക്ക് തിരിച്ചു പോകുമ്പോൾ നാടകം അവസാനിക്കുന്നു. ഇന്ത്യന്ദേശീയതയെ ചെറുക്കുന്ന മിതി ദേശീയതയുടെ നന്മയെ കുറിക്കുന്ന ഒന്ന് കൂടിയാണ് ഈ നാടകം. എന്നാലൽ ഇന്ത്യന്ദേശീയത ആയാലും രണ്ടും സ്ത്രീയെ അമ്മയായി ചുരുക്കുന്നു. അവരുടെ ലൈംഗികത പ്രത്യുല്പാദനത്തിന് വേണ്ടിയുള്ളതാണെന്ന് വ്യാഖ്യാനിക്കപ്പെടുന്നു. ഇത്തരം ദേശീയതയുടെ പശ്ചാത്തലത്തിലാണ് ഒരു കൂട്ടം മധ്യവയസ്കരായ സ്ത്രീകളുടെ നഗ്നരായി കൊണ്ടുള്ള സമരം മനസ്സിലാക്കേണ്ടത്.

സമരത്തിൽ രൂപവും ഭാഷയും പ്രധാനമല്ല. എന്നാൽ ഉർവശി ബൂട്ടാലിയയുടെ വിശകലനം അതിനാല് തന്നെ വിമർഷിക്കപ്പെട്ടിട്ടുണ്ട്. ദേശീയ വായനകൾ സ്ത്രീകളെ അമ്മമാരും ഭാര്യമാരുമായി ചുരുക്കുമ്പോൾ വടക്കുകിഴക്കരായ ഫെമിനിസ്റ്റുകൾ അതിനെ വിമർഷിച്ചിട്ടുണ്ട്. ഡോളി കികോൺ (2005) പറയുന്നത് സ്ത്രീകളുടെ പ്രതിഷേധങ്ങൾ സാമൂഹിക ഇടപെടലുകളായി അടയാളപ്പെടുന്നുണ്ടെങ്കിലും രാഷ്ട്രീയ ഇടപെടലുകളായി രേഖപ്പെടുത്തുന്നില്ല എന്നാണ്. മാതൃത്വരാഷ്ട്രീയത്തെ വിശകലനം ചെയ്തുകൊണ്ട് സമീർകുമാർദാസ് പറയുന്നത് രാഷ്ട്രീയമാതൃത്വം വടക്കുകിഴക്കൻ രാഷ്ട്രീയത്തിൽ പങ്കെടുക്കാൻ സ്ത്രീകൾക്കൊരു വഴി തുറന്നുകൊടുക്കുന്നു എന്നാണ്. ഇത്തരമൊരു വാദം ഉദാര ഫെമിനിസ്റ്റ് ചിന്തയിൽ നിന്നും വ്യതിചലിക്കുന്നുണ്ടെങ്കിലും മാതൃത്വത്തിന്റെ പുനർനിർവചനം സ്ത്രീ എന്ന കർതൃത്വത്തിന്റെ അർത്ഥത്തെ പരിമിതപ്പെടുത്തുന്നുണ്ട്. രാഷ്ട്രീയത്തിൽ സ്ത്രീകൾക്ക് പങ്കെടുക്കണമെങ്കിൽ അവർ അമ്മമാരാകണം എന്ന ധ്വനി അതിലുണ്ട്. മറ്റൊരു വാദം നഗ്നത പ്രദർശിപ്പിച്ചുകൊണ്ടുള്ള പ്രതിഷേധം മണിപ്പൂരിലെ സ്ത്രീകളുടെ ശക്തി അല്ല മറിച്ച് വേദനയാണ് കാണിക്കുന്നത് എന്നാണ്. നഗ്നത എന്നത് മാനക്കേടായി കാണുന്ന ഇത്തരം വാദങ്ങൾക്ക് പ്രതിഷേധത്തിന്റെ അർത്ഥം മനസ്സിലാക്കാൻ പറ്റില്ല. പല ഫെമിനിസ്റ്റുകളും മഹാശ്വേതാദേവിയുടെ ചെറുകഥ ദ്രൗപദി, മണിപ്പൂരി നാടകകൃത്തായ എച്ച്. കൻഹയ് ലാലിന്റെ നാടകം ദ്രൗപദി എന്നീ കൃതികളും മണിപ്പൂരിൽ നടന്ന പ്രതിഷേധവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. ദ്രൗപദിയെ പോലെ പ്രതിഷേധിച്ച സ്ത്രീകളുടെ നഗ്നത അവരുടെ ശക്തിയെയാണ് സൂചിപ്പിക്കുന്നതെന്ന് വാദിക്കുന്നു ബാനർജി ചക്രവർത്തിയും സമാനമായ വാദം മുന്നോട്ടുവയ്ക്കുന്നുണ്ട്. ഫെമിനിസ്റ്റ് നിർവ്വഹണ ശക്തിയെ സൂചിപ്പിക്കുന്നുണ്ട്. സ്ത്രീകളുടെ നഗ്നത പ്രദർശിപ്പിച്ചു കൊണ്ടുള്ള പ്രതിഷേധം എന്ന് അവർ പറയുന്നു. സ്ത്രീകളുടെ പ്രതിഷേധത്തെ കുറിച്ചുള്ള ഈ ഫെമിനിസ്റ്റ് വായനകൾ സ്ത്രീകളുടെ നഗ്നതയെ പുനർനിർവ്വചിക്കുന്നുണ്ട്. മാത്രമല്ല ദേശീയ വ്യവഹാരങ്ങളിൽ നിന്നും ഉള്ള അതിന്റെ വ്യത്യാസത്തെയും കുറിക്കുന്നു. നഗ്നത ഇവിടെ ബലം ഇല്ലായ്മ അല്ല, ഇരവാദ സൂചകമല്ല. മറിച്ച് അത് സ്ത്രീകളുടെ ശക്തിയെ പ്രതിഫലിപ്പിക്കുന്നു. ഉമ ചക്രവർത്തിയുടെ അഭിപ്രായത്തിൽ സ്ത്രീകളുടെ ആ പ്രതിഷേധം ഒരു ചീത്ത വിളിയാണ്. ഒരു തിരിച്ചു പറയൽ. നഗ്നത പ്രദർശിപ്പിച്ചു കൊണ്ടുള്ള പ്രതിഷേധം ഇന്ത്യൻ സ്റ്റേറ്റിനോടുള്ള രോഷമാണ് സൂചിപ്പിക്കുന്നതെന്ന് പറയുന്നു. അനന്യ വാജ്പേയി. രോഷം കൃത്യമായ രാഷ്ട്രീയ മൂല്യമുള്ള ഒന്നാണെന്ന് അവർ അഭിപ്രായപ്പെടുന്നു. ഒരു പോസ്റ്റ് ഫെമിനിസ്റ്റ് കാഴ്ചപ്പാട് ഈയൊരു സമരത്തെ മനസ്സിലാക്കാൻ സഹായകമാണ്. മണിപ്പൂരി പ്രതിഷേധത്തിന്റെ പ്രാധാന്യത്തെക്കുറിക്കുന്ന നിയമത്തിന്റെ ഭാഷയ്ക്ക് പകരമായി ‘ഇന്ത്യൻ ആർമ്മി റെയ്പ് അസ്’ എന്നത് ഒരു ആജ്ഞയായി വായിക്കാവുന്നതാണ്. വ്യവഹാരങ്ങൾ നിർമ്മിച്ച സ്ത്രീ എന്നതിന്റെ അർത്ഥത്തെ വെല്ലുവിളിക്കുന്നതിലൂടെ അത് വടക്കുകിഴക്ക് എന്ന ദേശീയ/കൊളോണിയൽ നിർമ്മിതിയുടെ അർത്ഥത്തെ ചോദ്യം ചെയ്യുന്നു. കൊളോണിയൽ കേന്ദ്രീകൃത ജ്ഞാനങ്ങളിൽ നിന്നും വ്യത്യസ്തമായ ഒന്നല്ല ഇന്ത്യന്ദേശീയത മുന്നോട്ട് വെക്കുന്നത് എന്ന് അത് രേഖപ്പെടുത്തുന്നു.

വടക്കുകിഴക്കൻ പ്രദേശങ്ങളിൽ ബലാത്സംഗം രാഷ്ട്രീയവകത്ക്കരിക്കപ്പെടുന്ന ഒന്നാണ്. അത് മനുഷ്യാവകാശ പ്രശ്നമായി മാറുന്നു. അല്ലെങ്കിൽ സ്ത്രീകളുടെ ബലഹീനത അടിവരയിടാൻ സഹായിക്കുന്ന

ഒരു സംഭവമാക്കപ്പെടുന്നു എന്ന് ഉമ ചക്രവർത്തി പറയുന്നു. ഈ രണ്ട് ചർച്ചകളിലും സ്ത്രീകൾക്ക് കർതൃത്വമൊന്നുമില്ല. സംരക്ഷണം വേണ്ടുന്നവരെന്നാണ് സ്ത്രീകളെ മനുഷ്യാവകാശ വ്യവഹാരങ്ങളും ദേശീയ രാഷ്ട്രീയ വ്യവഹാരങ്ങളും അടയാളപ്പെടുത്തുന്നത്.

എന്നാൽ 'ഇന്ത്യൻ ആർമി റേപ്പ് അസ്' എന്നത് ആജ്ഞ ആയി വായിക്കുമ്പോൾ അതിലെ ഞങ്ങൾ എന്നത്, സ്ത്രീകൾ മാത്രമല്ല വടക്ക് കിഴക്ക് എന്ന പ്രദേശം കൂടിയാണ്. ലൈംഗിതയെക്കുറിച്ചുള്ള പുരുഷഭീതിയെ ഇതൊരു ആജ്ഞ വെളിവാക്കുന്നു. മനുഷ്യാവകാശ റിപ്പോർട്ടുകൾ സ്ത്രീകൾക്കും പുരുഷന്മാർക്കും നേരെയുള്ള ലൈംഗികഹിംസകൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും പുരുഷന്മാർക്കെതിരെയുള്ളത് ചർച്ച ചെയ്യപ്പെടാറില്ല. പാട്രിയാർക്കിയും ഹെറ്ററൊ നോർമ്മേറ്റീവ് ആയ സ്റ്റേറ്റിനു നേരെയുള്ള പ്രതിഷേധങ്ങൾക്കുള്ള ശിക്ഷ ലിംഗകർതൃത്വം നോക്കാതെയുള്ള ലൈംഗികപീഡനമാണ്. ആജ്ഞ എന്നത് അതു കൊണ്ട് തന്നെ ഉടമ-ഇര ദ്വന്ദ്വത്തെ തിരിച്ചിടുകയും സ്റ്റേറ്റിന്റെ സംരക്ഷണ തിയതി നിഷേധിക്കുകയും ചെയ്യുന്നു. ആജ്ഞയിലും തുല്യരായി അതിനോട് തിരിച്ച് സംസാരിക്കുകയും ദേശരാഷ്ട്രത്തില്ന്യൂനപക്ഷങ്ങൾക്ക് തുല്യ അവകാശമാണെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. വടക്കുകിഴക്കിനെ ന്യൂനപക്ഷമാക്കി മാറ്റുന്ന കൊളോണിയല്ദേശീയവ്യവഹാരത്തെ വിമർഷിക്കുകയും വടക്ക് കിഴക്ക് എന്നതിനെ പുനർനിർവ്വചിക്കാനുള്ള ശ്രമവും ആണ് ആ ആജ്ഞ. നിയമപരമായ പരിഹാരം എന്ന അവകാശവാദമുയറ്ത്തുന്നവരോട് ആ ആജ്ഞ രാഷ്ട്രീയത തുല്യത ആവശ്യപ്പെടുന്നു. വടക്കു കിഴക്കൻപ്രദേശങ്ങളിൽ സമാധാനവും ജനാധിപത്യവും പൗരത്വവും പുലരണമെങ്കിൽ അത് സംസാരിക്കുന്നവർക്ക് തുല്യത ഉറപ്പുവരുത്തുന്നതിലൂടെ മാത്രമേ കഴിയുകയുള്ളൂ എന്ന് പ്രഖ്യാപിക്കുന്നു.

**കവിത**

# ഒരുമ്പെട്ടോള്



**അനു ഉഷ**
ബിരുദാനന്തര ബിരുദ
വിദ്യാർത്ഥി, സർക്കാർ വനിതാ
കോളേജ്, തിരുവനന്തപുരം



**അ**ന്തിക്ക്കൂടണയുന്ന
ഒരുചൂണ്ടുവിരലിനെയും
തള്ളവിരലിനെയുംനീ
കണ്ടിട്ടുണ്ടോ ?

മഴയത്ത് കുതിർന്ന്,
വശങ്ങൾതേമ്പി,
തൊലിയടർന്നരണ്ടുവിരലുകൾ
നീകണ്ടിട്ടുണ്ടോ?

സൂര്യനൊപ്പംപടിഞ്ഞോ
ട്ടിഴയണരണ്ടുമുട്ടുകാലുകളുണ്ട്.
നിവരാൻബദ്ധപ്പെടുന്ന
ഒരുഎളിക്കൂടുണ്ട്.

സൂര്യനുകീഴെഅറി
യുന്നതെന്തുംപറയാൻ
വെമ്പുന്നൊരുനാവുണ്ട്;
എളിക്കൂട്പറിയുമ്പോൾ
നിശബ്ദമാകുന്നഒരുനാവ്.

വെള്ളകീറുമ്പോൾ
തെളിഞ്ഞ്,
ചാഞ്ഞുതുടങ്ങിയ
വെയിലിനൊപ്പം
വിളറുന്നഒരുമുഖമുണ്ട്..
ചൂണ്ടുവിരലിന്റെനീറ്റലി
നൊപ്പംശോകാർദ്ര
മാകുന്നഒരുമുഖം.

തെറിക്കുന്നവിരലുകൾക്കൊപ്പം
ബാല്യത്തിൽമയങ്ങുന്ന
ഒരുമനസ്സുണ്ട്.
ഒരിക്കലെങ്കിലുംസൂര്യൻ
പടിഞ്ഞാട്ടുദിക്കാത്ത
തെന്തെന്ന്ചിന്തിച്ചു
കൊണ്ടേയിരിക്കുന്ന
ഒരുമനസ്സ്.

ഇനിയുംപിന്നിൽനിന്ന്
പറയരുത്ഒരുമ്പെട്ടവളെന്ന്.
ആനടന്നുപോകുന്നവളുടെ
ശരീരത്തിന്എല്ലുറപ്പ്
കൂടുതലാണ്.

ചർച്ചാവിഷയം



**ഹരിപ്രിയ സോയ്ബം**
ബെൽജിയം ഖെന്റ് സർവ്വകലാശാലയിൽ കോൺഫ്ളിക്റ്റ് &ഡവലപ്മെന്റ് സ്റ്റഡീസിൽ പോസ്റ്റ് ഡോക്ടറൽ ഫെല്ലോ

വിവർത്തനം :
**ഹെയിദി സന്ദേ മറിയം**
ഡൽഹി ജവഹർലാൽ നെഹ്റു സർവ്വകലാശാലയിലെ ഗവേഷകവിദ്യാർത്ഥിനിയാണ്.



# നിയമവിരുദ്ധമായ നിയമങ്ങൾ: ഥംഗ്ജം മനോരമ കേസ്

ഥംഗ്ജം മനോരമ കേസിന്റെ അന്തിമവിധിയെക്കുറിച്ചുള്ള ഒരു പുനർവിചിന്തനമാണ് ഈ ലേഖനത്തിന്റെ ആധാരം. കേണൽ ജഗ്മോഹൻ സിംഗ് & അദേർസ്/ദെ സ്റ്റേറ്റ് ഓഫ് മണിപ്പൂർ & അദേർസ് എന്ന കേസ് പൊതുവേ അറിയപ്പെടുന്നത് ഥംഗ്ജം മനോരമ കേസ് എന്ന പേരിലാണ്. വളരെ പ്രചാരമുള്ളതുകൊണ്ടുതന്നെ കേസിന്റെ മറ്റു വിശദാംശങ്ങൾ ഇവിടെ പ്രതിപാദിക്കുന്നില്ല. ക്രൂരമായ ബലാൽസംഗത്തിനും തുടർന്ന് കൊലപാതകത്തിനുമിരയായ മനോരമയുടെ മൃതശരീരം ഇംഫാലിലെ കാങ്ല കോട്ടയ്ക്കു മുന്നിൽ 2004ൽ നടത്തപ്പെട്ട ചരിത്രപരമായ അമ്മമാരുടെ നഗ്നരായുള്ള പ്രതിഷേധപ്രകടനത്തിന് വഴിയൊരുക്കി. അതിനുശേഷം ഈ കേസും അതിനെത്തുടർന്നുണ്ടായ ജനരോഷവും പ്രതിഷേധപ്രകടനങ്ങളും രാജ്യമെമ്പാടും ഏറെ ശ്രദ്ധ പിടിച്ചു പറ്റുകയുണ്ടായി. വ്യാപകമായ പ്രതിഷേധത്തെത്തുടർന്ന് മണിപ്പൂർ ഗവണ്മെൻറ് നിയമിച്ച അന്വേഷണകമീഷനെ എതിർത്തുകൊണ്ട് ആസാം റൈഫിൾസ് പതിനേഴാം ബറ്റാലിയൻ 2004 ജൂലൈ 17ന് ഒരു പെറ്റീഷൻ സമർപ്പിക്കുകയുണ്ടായി. സൈനികകോടതിയുടെ പരിധിയിൽ വരുന്നതെന്നു കരുതപ്പെടുന്ന ഒരു വിഷയത്തിൻമേൽ സംസ്ഥാനഭരണകൂടത്തിന് ഒരു അന്വേഷണ കമീഷനെ നിയമിക്കാനുള്ള അധികാരം എത്രത്തോളമുണ്ടെന്ന ചോദ്യം ഈയവസരത്തിൽ ഉയരുന്നു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ (violence against women (VAW)) എന്ന ആശയത്തിൻ



റെ പശ്ചാത്തലത്തിൽ ഈ കേസിനെ വായിക്കുവാനാണ് ഈ ലേഖനം ശ്രമിക്കുന്നത്. ഭരണകൂടം തന്നെ സ്ത്രീകൾക്കെതിരെയുള്ള, പ്രത്യേകിച്ച് അരികുവൽക്കരിക്കപ്പെട്ട സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾക്ക് കാരണക്കാരാകുന്ന അവസ്ഥ സംജാതമാകുമ്പോൾ അതിനെ പ്രതിരോധിക്കാനും നീതി ഉറപ്പുവരുത്താനും എന്തൊക്കെ വഴികളാണ് കണ്ടെത്താനാവുക? ഇക്കാരണങ്ങൾ കൊണ്ടുതന്നെ പ്രതിപാദ്യവിഷയമായ കേസ് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ അധികരിച്ചു നടക്കുന്ന ചർച്ചകളിൽ പ്രത്യേകശ്രദ്ധയർഹിക്കുന്നു.

മുകളിൽ പ്രതിപാദിച്ച പെറ്റീഷൻ ഫയൽ ചെയ്തിരിക്കുന്നത് മണിപ്പൂർ ഭരണകൂടത്തിനെതിരെയാണ്. മനോരമ വധക്കേസിൽ മനസാക്ഷി മുറിപ്പെട്ടു നിൽക്കുന്ന മണിപ്പൂരി ജനതയുടെ പ്രതിനിധിയായി നിലകൊള്ളുന്ന അതേ ഭരണകൂടത്തിനെതിരായിത്തന്നെ. ആംഡ് ഫോഴ്സസ് സ്പെഷ്യൽ പവർസ് ആക്റ്റിന്റെ (അഫ്സ്പ) പരിധിയിൽ വരുന്ന, മണിപ്പൂരിൽ ഭരണനടത്തിപ്പിനുവേണ്ടി സഹായത്തിലേക്കായി വിന്യസിച്ച അർദ്ധസൈനികവിഭാഗത്തിൽ സേവനമനുഷ്ഠിക്കുന്ന വ്യക്തികൾക്കെതിരെയാണ് ഈ പെറ്റീഷൻ ഫയൽ ചെയ്തിരിക്കുന്നത്.

തങ്ങളുടെ പ്രവർത്തികൾ പരിശോധനയ്ക്ക് വിധേയമാക്കാനുള്ള വിമുഖത, പ്രത്യേകിച്ച് ഒരു സംഘർഷമേഖലയിൽ ഭരണകൂടത്തിന്റെ എല്ലാ നിയമോപാധികളിൽ നിന്നും ഇടപെടലുകളിൽ നിന്നും മാറി എല്ലാ വിധ ഇളവുകളോടും കൂടി പ്രവർത്തിക്കാനുള്ള സാഹചര്യത്തിൽ നിലകൊള്ളുന്ന സൈന്യത്തിന്റെ വിമുഖത കണക്കിലെടുക്കുമ്പോൾ ഈ പെറ്റീഷൻ ഒട്ടുംതന്നെ അത്ഭുതപ്പെടുത്തുന്നില്ല. മേൽ പ്രതിപാദിച്ച പെറ്റീഷൻ ചോദ്യം ചെയ്യുന്ന അന്വേഷണകമീഷൻ പൊതുവേ അറിയപ്പെടുന്നത് ഉപേന്ദ്ര കമീഷൻ അഥവാ മനോരമയുടെ മരണത്തെക്കുറിച്ചുള്ള അന്വേഷണകമീഷൻ എന്നാണ്. ഒട്ടനവധി പ്രതിഷേധപ്രകടനങ്ങൾ കൊണ്ടു തന്നെ ഈ കേസും അതുമായി ബന്ധപ്പെട്ട വസ്തുതകളും വലിയ അളവിൽ ജനശ്രദ്ധ പിടിച്ചുപറ്റിയതാണ്.

മനോരമ നേരിടേണ്ടി വന്ന ക്രൂരമായ ലൈംഗിക പീഡനം വലിയ രീതിയിലുള്ള പ്രതിഷേധപ്രകടനങ്ങൾക്ക് കാരണമായി. 2004 ജൂലൈ 15 ന് ഇംഫാലിലെ കാങ്ക്ലയിലുള്ള ആസാം റൈഫിൾസ് ആസ്ഥാനത്തിനു മുന്നിൽ പന്ത്രണ്ടു മണിപ്പൂരി ഇമമാർ (മണിപ്പൂരി ഭാഷയിൽ അമ്മ എന്നർത്ഥം) 'ഇന്ത്യൻ ആർമി റേപ്പ് അസ്' എന്നെഴുതിയ ബാനറും ഉയർത്തിപ്പിടിച്ചു നഗ്നരായി തങ്ങളുടെ രോഷം പ്രകടിപ്പിച്ചത് ഈ പ്രതിഷേധസ്വരങ്ങളുടെ ഉച്ചസ്ഥായിയിലായിരുന്നു. പ്രതിഷേധങ്ങൾ ഉയർന്നുകൊണ്ടിരിക്കെ ആസാം റൈഫിൾസ് തങ്ങളുടെ മണിപ്പൂരിലെ ആസ്ഥാനമായ കാങ്ക്ലാ ഫോർട്ട് ഉപേക്ഷിച്ചു ഒഴിഞ്ഞുപോയി. ഈ നീക്കം പ്രക്ഷോഭകരുടെ പ്രധാന ആവശ്യങ്ങളിലൊന്നായിരുന്നു. അഫ്സ്പ നിയമം പിൻവലിക്കൽ എന്ന ഇവരുടെ മറ്റൊരു സുപ്രധാന ആവശ്യം ഇന്നും സാക്ഷാത്കരിക്കപ്പെടാതെ തുടരുന്നു.

**'കലാപകാരികളായ' വംശീയമായി മാറ്റിനിർത്തപ്പെട്ട പൗരന്മാരും സ്ത്രീ എന്ന ബിംബവും**

സംഘർഷബാധിതമേഖലകളെന്നു പൊതുവേ കരുതപ്പെടുന്ന, ഇന്ത്യയുടെ അതിർത്തിസംസ്ഥാനങ്ങളിൽ ചുമത്തിയ നിയമമാണ് അഫ്സ്പ. ഈ നിയമത്തിന്റെ പ്രയോഗം അഫ്സ്പ നടപ്പിൽ ചുമത്തപ്പെട്ട സംസ്ഥാനങ്ങളും ഇന്ത്യൻഭരണകൂടവും തമ്മിലുള്ള വംശീയ തലത്തിലൂന്നിയ ബന്ധങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾ ഉയർത്തുന്നവയാണ്. 2017ൽ ഛത്തീസ്ഗഢ് അഫ്സ്പ നടപ്പിൽ വരുത്താനുള്ള തീരുമാനം കനത്ത പ്രക്ഷോഭങ്ങൾക്കു വഴി വെച്ചിരുന്നു. ഇതിനെത്തുടർന്നുണ്ടായ ചർച്ചകൾ മണിപ്പൂർ ജനത സാകൂതം വീക്ഷിചിരുന്നുവെങ്കിലും ദൗർഭാഗ്യവശാൽ മണിപ്പൂർ എന്നും ഇന്ത്യയെന്ന രാഷ്ട്രസങ്കൽപ്പത്തിന്റെ വെളിയിലാണെന്ന കാലാകാലങ്ങളായുള്ള ചിന്താഗതിയെ ശക്തിപ്പെടുത്താൻ മാത്രമേ ഈ സംഭവങ്ങൾ ഉപകരിച്ചുള്ളൂ. സ്വജനതക്കെതിരെ അഫ്സ്പ പ്രയോഗിച്ചുകൂടാ എന്ന മധ്യ ഇന്ത്യയിലെ ഉറച്ച ശബ്ദങ്ങൾ മണിപ്പൂരിലെ പൗരന്മാരുടെ കാര്യത്തിൽ വ്യത്യസ്ത ചോദ്യങ്ങളാണുയർത്തുന്നത്. ഥംഗ്ജം മനോരമ പീപ്പിൾസ് ലിബറേഷൻ ആർമിയുടെ അപകടകാരിയായ ഒരു പ്രവർത്തകയാണെന്നും മണിപ്പൂരിലെ പല ബോംബ് സ്ഫോടനങ്ങൾക്കും പിന്നിൽ അവർക്കു പങ്കുണ്ടെന്നും സുരക്ഷാ ഉദ്യോഗസ്ഥർ വാദിക്കുന്നു. പക്ഷേ നിയമാതീതമായ ഇടപെടലുകൾ തീർത്തും സാധാരണമായ ഒരിടത്ത് യാഥാർത്ഥ്യം പലപ്പോഴും കിംവദന്തികളായും അസത്യങ്ങൾ ഔദ്യോഗികതലത്തിൽ നിന്നുള്ള വിശദീകരണങ്ങളുമാകുന്നു. മനോരമയ്ക്കെതിരെ പോലീസിൽ ഒരു പരാതിയുമുണ്ടായിരുന്നില്ല, അതിനാൽ അവർ ജീവിച്ചിരുന്ന സമയത്ത് ഒരു കോടതിയിലും നിരപരാധിയെന്നോ കുറ്റവാളിയെന്നോ തെളിയിക്കാനുള്ള ഒരവസരവും അവർക്കുണ്ടായിരുന്നില്ല. ബുള്ളറ്റുകൾ തറഞ്ഞുകയറിയ നിലയിലാണ് അവരുടെ മൃതദേഹം യൈരിപൊക് മരിംഗ് ഗ്രാമത്തിൽ നിന്നും കണ്ടെടുത്തത്. മനോരമയെ അറസ്റ്റ് ചെയ്യുമ്പോൾ അവരുടെ കുടുംബാംഗങ്ങൾ ഒരു നോ ക്ലെയിംസ് സർട്ടിഫിക്കറ്റ് ഒപ്പിട്ടുനൽകിയതായി ആസാം റൈഫിൾസ് വാദിക്കുന്നു. അതിലെ ഒരു പ്രസക്തഭാഗം താഴെകൊടുക്കുന്നു.

ആസാം റൈഫിൾസ് സൈനികർ മനോരമയെ സ്വന്തം വീട്ടിൽ നിന്ന് ജൂലൈ 2004നു വെളുപ്പിന് 3.30ന് അറസ്റ്റ് ചെയ്യുകയും കുടുംബാംങ്ങളുടെ സാന്നിദ്ധ്യത്തിൽ വീടു പരിശോധിക്കുകയും ചെയ്തു. ഞങ്ങൾക്ക് സൈനികരോട് യാതൊരു പരാതികളുമില്ലെന്നും സുരക്ഷാ ഉദ്യോഗസ്ഥർ വീട്ടിലെ സ്ത്രീകളോട് യാതൊരുവിധത്തിലും മോശമായി പെരുമാറിയിട്ടില്ലെന്നും വീട്ടിലെ വസ്തുവകകൾക്ക് കേടുപാ

ടുകൾ വരുത്തിയിട്ടില്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

2004 ജൂലൈ 10, 11 തീയതികളിൽ ഇതിനെത്തുടർന്നുണ്ടായ സംഭവവികാസങ്ങളുടെ സത്യാവസ്ഥ മനസിലാക്കുന്നതിന് ഇത്തരമൊരു സർട്ടിഫിക്കറ്റിനെ തെളിവ് എന്നരീതിയിലും അതിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ അതിന്റെ പൂർണവിശ്വസ്തതയിലും സ്വീകരിക്കാൻ സാധിക്കുമോ എന്ന ചോദ്യം ഇവിടെ ഉയരുന്നു. ജൂലൈ 12ന് കുടുംബാംഗങ്ങളും പ്രദേശവാസികളും നൽകിയ നിവേദനത്തിൽ ഈ സർട്ടിഫിക്കറ്റ് തോക്കിൻമുനയിൽ നിർത്തി ഒപ്പിട്ടുവാങ്ങിച്ചതാണെന്നാരോപിക്കുന്നു. വരികൾക്കിടയിലൂടെ വായിക്കുമ്പോൾ മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റിൽ പ്രതിപാദിക്കുന്ന 'സ്ത്രീകളോട് മോശമായി പെരുമാറിയിട്ടില്ല' എന്ന ഭാഗം അത്തരമൊരു സാധ്യതയിലേക്ക്, ഈയവസരത്തിൽ മാത്രമല്ല പൊതുവിൽ ഈ രീതിയിലുണ്ടായേക്കാവുന്ന, അഫ്സ്പയുടെ പരിധിയിൽ വെച്ച് കുറ്റവിമുക്തമാക്കപ്പെടാൻ അധികാരമുള്ള ഒട്ടനവധി സാധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നു. കസ്റ്റഡിയിലിരിക്കുന്ന സ്ത്രീകൾക്കുനേരെയുണ്ടാവുന്ന ലൈംഗികാതിക്രമങ്ങളുടെ ചരിത്രം കണക്കിലെടുക്കുമ്പോൾ മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റിൽ പ്രതിപാദിച്ച രീതിയിലുള്ള അവകാശവാദങ്ങൾ തികച്ചും അവിശ്വസനീയമെന്നേ പറയാനാവൂ. കുറ്റവാളികൾക്ക് എല്ലാ തരത്തിലുമുള്ള നിയമപരിരക്ഷയും ഇളവുകളും ലഭിക്കുന്ന ഇത്തരമൊരു സാഹചര്യത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കുമെതിരെ എത്രത്തോളം അക്രമങ്ങൾ സാധ്യമാനെന്നുള്ള കണക്ക് ഊഹിക്കാവുന്നതല്ല. 2020 ജൂൺ 27ന് പ്രസിദ്ധീകരിച്ച ഒരു പത്രറിപ്പോർട്ട് അനുസരിച്ച് 2019ൽ മാത്രം ഇന്ത്യയിൽ നടന്ന കസ്റ്റഡി മരണങ്ങളുടെ എണ്ണം 1731 ആണ്. പ്രതിപാദ്യമായ കേസ് പോലീസ് കസ്റ്റഡിയിലല്ല, മറിച്ചു സൈന്യത്തിൻറെ കസ്റ്റഡിയിലാണെങ്കിൽ പോലും 2013 ഇൽ ഫയൽ ചെയ്യപ്പെട്ട ഒരു പൊതുതാത്പര്യഹർജിയുടെ അടിസ്ഥാനത്തിൽ മണിപ്പൂരിൽ 1,528 പേർ അഫ്സ്പയുടെ പേരിൽ കൊല്ലപ്പെട്ടിട്ടുണ്ടെന്നത് കണക്കുകൾ ഇനിയും ഉയർന്നേക്കാം എന്നതിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഈ മരണങ്ങളെ കസ്റ്റഡി മരണങ്ങൾ അല്ലെങ്കിൽ മനോരമയുടെ കാര്യത്തിൽ സംഭവിച്ചതുപോലുള്ള വ്യാജ ഏറ്റുമുട്ടലുകൾ എന്നിങ്ങനെ തരം തിരിക്കാം.

വംശീയമായി വിവേചിക്കപ്പെട്ട, അരികുവൽക്കരിക്കപ്പെട്ട, മുഖ്യധാരയിൽ അസാധാരണരെന്നു മുദ്രകുത്തപെട്ട സ്ത്രീകൾ ഇന്ത്യൻ പശ്ചാത്തലത്തിൽ സ്വാഭിമാനം കുറഞ്ഞവരെന്നും അതിനാൽ തന്നെ എളുപ്പം ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാക്കാൻ കഴിയുന്നവരാണെന്നുമുള്ള വളരെ വിവേചനപൂർവമായ ചിന്താഗതി നിലനിൽക്കുന്നുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട ജനതയ്ക്കുമേൽ നടത്തപ്പെടുന്ന ലൈംഗികാതിക്രമങ്ങൾ പൊതുവേ അതിക്രമമായി കണക്കാക്കപ്പെടാറില്ല. ലൈംഗികാതിക്രമങ്ങൾ പൊതുവേ തന്നെ ശരീരത്തിന്റെ മേലുള്ള അതിക്രമം എന്നതിലുപരി പ്രതിനിധാനം ചെയ്യപ്പെടുന്നത് അഭിമാനം, അന്തസ്സ് എന്നിങ്ങനെയുള്ള തലങ്ങളിലാണ്. അതിനാൽ തന്നെ എന്താണിവിടെയുള്ള മോശം പെരുമാറ്റം? മനോരമയുടെ സഹോദരൻ ഫയൽ ചെയ്ത റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ മനോരമയുടെ വായിൽ തുണി കുത്തിത്തിരുകിയിരുന്നു, മുഖത്ത് വെള്ളം ഒഴിക്കപ്പെട്ടിരുന്നു, വസ്ത്രം അഴിപ്പിക്കപ്പെട്ട നിലയിലായിരുന്നു (കൈകൾ കൊണ്ട് സ്വന്തം ഫനിക് അവർ മുറുക്കിപ്പിടിച്ചിരുന്നു), മുഖം വീങ്ങിയിരുന്നു, സൈനികരുടെ സാന്നിദ്ധ്യത്തിൽ തന്നെ വസ്ത്രം മാറാനും പ്രാഥമികകാര്യങ്ങൾ നിർവഹിക്കാനും അവർ നിർബന്ധിതയാക്കപ്പെട്ടിരുന്നു. ഇപ്പറഞ്ഞ കാര്യങ്ങളൊന്നും തന്നെ മോശം പെരുമാറ്റം, പ്രത്യേകിച്ച് ലൈംഗികാതിക്രമമായി കണക്കാക്കപ്പെടുന്നില്ല, വിശേഷിച്ച് അപകടകാരിയായ തീവ്രവാദിയെന്ന് കണക്കാക്കപ്പെട്ട ഒരു സ്ത്രീയുടെ കാര്യത്തിൽ. മനോരമയ്ക്കു നേരെയുള്ള ഈ ആരോപണം കേസിനു പ്രധാനമാവേണ്ടതില്ലെങ്കിലും, അവരുടെ മരണശേഷം പ്രചരിക്കപ്പെട്ട ഇത്തരത്തിലുള്ള കിംവദന്തികൾ ഈ വിഷയത്തിന്മേൽ എഴുതപ്പെട്ട ഒട്ടേറെ ലേഖനങ്ങളിലും വാർത്തകളിലും ഇടം പിടിച്ചുവെന്നത് ലൈംഗികാതിക്രമങ്ങൾക്ക് വിധേയയായി കൊല്ലപ്പെട്ട മനോരമ എന്ന പ്രതീകത്തെക്കുറിച്ചുള്ള പൊതുജനാഭിപ്രായം മാറ്റാനും മുഖ്യധാരാ മാധ്യമങ്ങളിൽ എന്തുവിലകൊടുത്തും ഉന്മൂലനം ചെയ്യേണ്ട ഒരു കലാപകാരിയായി മനോരമയെ ചിത്രീകരിക്കാനും ഇത്തരം ഊഹാപോഹങ്ങൾക്കുള്ള ശക്തിയെ സൂചിപ്പിക്കുന്നതാണ്. സുരക്ഷാഉദ്യോഗസ്ഥർ മറ്റൊരു വിധ തെളിവും നൽകാതെ ഈ ഭാഷ്യത്തിൽത്തന്നെ ഉറച്ചു നിൽക്കുന്നു. 'ആസാം റൈഫിൾസിന്റെ വാദങ്ങളുടെ അടിസ്ഥാനത്തിൽ, ഒരു സിംഗപ്പൂർ നിർമിത കെൻവുഡ് റേഡിയോസെറ്റും ഒരു ചൈനീസ് നിർമിത ഫ്രാഗ്മെന്റേഷൻ ടൈപ്പ് ഹാൻഡ് ഗ്രനേഡും മനോരമയുടെ വീട്ടിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്' എന്നാണ് സുരക്ഷാ ഉദ്യോഗസ്ഥരുടെ വാദം. പക്ഷെ മനോരമയുടെ സഹോദരൻ ദോളെന്ദ്ര സിംഗ് ഈ ആരോപണങ്ങളെ തള്ളിക്കളയുന്നു. വീട്ടിൽ നിന്നും ഒന്നും കണ്ടെടുത്തിട്ടില്ല എന്നാണ് മനോരമയുടെ സഹോദരൻ തറപ്പിച്ചു പറയുന്നത്. മരണശേഷമുള്ള കള്ളത്തെളിവുണ്ടാക്കൽ പതിവായി നടന്നുവരുന്ന ഒരു രീതിയാണ്.

### ഒളിവ് ആരോപണവും അറസ്റ്റും: നടപടിക്രമങ്ങളിലെ വീഴ്ച്ചകൾ

അഫ്സ്പ നിയമത്തിന്റെ പ്രശ്നവശങ്ങൾ നീതിന്യായവ്യവസ്ഥയുടെ ദൃഷ്ടിയിൽ നിന്നു കൊണ്ടുമാത്രം മനസിലാക്കാൻ സാധിക്കുന്നതല്ല, മറിച്ച് അഫ്സ്പയുടെ അനുരണനങ്ങൾ ദൂരവ്യാപകമായ ഫലങ്ങളാണുണ്ടാക്കുന്നത്. അഫ്സ്പയിൽ അനുവദനീയമായ ശിക്ഷാ ഇളവുകളും മറ്റും സൈന്യത്തിന്റേതു മാത്രമല്ല, മറിച്ചു സൈന്യം കൂടെക്കൂടെ യോജിച്ചു പ്രവർത്തിക്കുന്ന പോലീസിന്റെയും പ്രവൃത്തിക

ളെ സ്വാധീനിക്കത്തക്ക ശക്തിയുള്ളതാണ്. ഇത്തരത്തിലുള്ള ശിക്ഷാ ഇളവുകളും അനുബന്ധസംരക്ഷണങ്ങളും മറ്റും നടപടിക്രമങ്ങളിലുണ്ടാവുന്ന വീഴ്ചകൾ ഈ നിയമത്തിന്റെ അവിഭാജ്യഘടകമാക്കുന്നതിൽ കാരണഹേതുവാണ്. ഈ കേസിന്റെ വിധിയിൽ ഗുവാഹാട്ടി ഹൈക്കോടതിയിലെ ജസ്റ്റിസ് ഡി. ബിശ്വാസ് ഇപ്രകാരം നിരീക്ഷിക്കുന്നു.

വനിതാ കോൺസ്റ്റബിളിന്റെ അസാന്നിധ്യത്തിലാണ് റെയ്ഡ് നടന്നതെന്ന് വ്യക്തമാണ്. റെയ്ഡ് സമയത്ത് വീട് കെട്ടിയടച്ചിരുന്നുവെങ്കിലും പോലീസ് സുപ്രണ്ടുമായി ബന്ധപ്പെട്ട് വനിതാകോൺസ്റ്റബിളിന്റെ സേവനം ലഭ്യമാക്കിയില്ല; അറസ്റ്റ്ചെയ്ത വ്യക്തിയെ ഉടനടി തന്നെ ഏറ്റവുമടുത്ത പോലീസ് സ്റ്റേഷനിലേക്ക് മാറ്റിയില്ല; അറസ്റ്റിനുശേഷം ചോദ്യംചെയ്യലിനു വിധേയയാക്കുകയും മറ്റൊരു വനിതാ പ്രവർത്തകയെ കണ്ടെത്തുന്നതിനെന്ന പേരിൽ പല പ്രദേശങ്ങളിലൂടെയും സഞ്ചരിക്കുകയും ചെയ്തു. അറസ്റ്റ് സമയത്ത് കുമാരി ഥംഗ്ജം മനോരമദേവിക്കെതിരെ ഒരു എഫ്.ഐ.ആർ പോലും നിലവിലുണ്ടായിരുന്നില്ല.

കസ്റ്റഡിയിലിരിക്കെ മനോരമയുടെ കൈകൾ കൂട്ടിക്കെട്ടിയിരുന്നുവെന്നതിന്റെ സമ്മതവും അറസ്റ്റ് സമയത്ത് മനോരമ ഒരു ഫനിക് ആണ് ധരിച്ചിരുന്നത് എന്ന കുടുംബാംഗങ്ങളുടെ മൊഴിയും രക്ഷപ്പെടാൻ ശ്രമിച്ച മനോരമയ്ക്കുനേരെ വെടിയുതിർക്കുകയാണുണ്ടായത് എന്ന ആസാം റൈഫിൾസ് ഭാഷ്യത്തിനു വിപരീതമാണ്. ആന്തരികാവയവങ്ങളുടെ പരിശോധനയിൽ വ്യക്തമായ കാര്യങ്ങൾ – ജനനേന്ദ്രിയത്തിലടക്കം ആറു വെടിയുണ്ടകൾ ശരീരത്തിലുണ്ടായിരുന്നിട്ടും മൃതശരീരം കിടന്ന സ്ഥലത്ത് ചോരപ്പാടുകൾ ഇല്ലാതിരുന്നത്, ശരീരത്തിൽ പീഡനം നടന്ന പാടുകൾ, ഫനികിൽ ഉണ്ടായിരുന്ന ശുക്ലത്തിന്റെ അംശം ഇവയൊക്കെ സൂചിപ്പിക്കുന്നത് നടപടികളിൽ സംഭവിക്കുന്ന ബോധപൂർവമായ വീഴ്ചകൾ ഈ നിയമത്തിന്റെ അന്തസ്സത്തയാണെന്നതും അതോടൊപ്പം തന്നെ നിരപരാധിത്വം തെളിയിക്കുന്നിടം വരെ സംഘർഷബാധിതമേഖലകളിൽ അധിവസിക്കുന്ന പൗരന്മാർ ഓരോരുത്തരും കലാപകാരികളായി കണക്കാക്കപ്പെടുന്നു എന്നുമുള്ള യാഥാർത്ഥ്യമാണ്. നടപടികളിൽ വരുത്തുന്ന വീഴ്ചകൾ ഇതിനാൽത്തന്നെ ഈ നിയമത്തിന്റെ പൊതുപശ്ചാത്തലത്തിൽ ചേർത്തുവായിക്കേണ്ടതാണ്.

സൈനികവൃത്തങ്ങളുടെ തെഹൽക്കയോടുള്ള വെളിപ്പെടുത്തലനുസരിച്ച് മണിപ്പൂരിൽ വിന്യസിച്ചിരിക്കുന്ന ആസാം റൈഫിൾസ് ബറ്റാലിയനുകളുടെ കമാൻഡിംഗ് ഓഫീസർമാർ തങ്ങളുടെ മേലധികാരികൾക്ക് വേഗത്തിൽ ഫലം നൽകുവാനും, അതിനാൽ തന്നെ കൂടുതൽ മൃതദേഹങ്ങൾ (body count) നില്കാനും നിർബന്ധിതരാണ്. ബറ്റാലിയനുകൾ താന്താങ്ങളുടെ അധികാരപരിധി ലംഘിച്ച്, ഒരു പ്രദേശത്തുനിന്നുള്ള നിരപരാധികളായ വ്യക്തികളെ അറസ്റ്റ് ചെയ്ത് അവരെ മറ്റൊരു സ്ഥലത്തുള്ള സംശയാസ്പദമായ തീവ്രവാദികളാക്കി ചിത്രീകരിക്കുന്നത് അലിഖിതനിയമമായി മാറിക്കൊണ്ടിരിക്കുന്നു. .

മുകളിൽ കൊടുത്ത റിപ്പോർട്ടിന്റെ ഭാഗം കൂടുതൽ ചോദ്യങ്ങളുയർത്തുന്നു. എന്താണ് വേഗത്തിലുള്ള ഫലപ്രാപ്തി എന്നതുകൊണ്ടുദ്ദേശിക്കുന്നത്? കൂടുതൽ മൃതദേഹങ്ങൾ എന്നത് വേഗത്തിലുള്ള ഫലപ്രാപ്തിയുടെ തെളിവാണോ? ഇപ്രകാരം കൊല്ലപ്പെടുന്ന വ്യക്തികളുടെ മൃതദേഹങ്ങളിലുള്ള പാടുകൾ സായുധകലാപത്തിനെതിരെയുള്ള കടുത്ത പ്രതിരോധത്തിന്റെ തെളിവുകളാണോ? 'സംഘർഷബാധിത' മേഖലയിൽ ജീവിക്കുന്ന പൗരൻ എന്ന സങ്കൽപ്പത്തിന്റെ നിർമിതിയിൽ ഇവയൊക്കെ എന്തു പങ്കാണ് വഹിക്കുന്നത്? മറിച്ചു തെളിയിക്കുന്നിടത്തോളം കാലം എല്ലാ മണിപ്പൂരികളും കലാപകാരികളാണോ?

മുകളിൽ ഉയർത്തിയ ചോദ്യങ്ങൾ അഫ്സ്പ ഇതേ രീതിയിൽത്തന്നെ കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ ഒട്ടേറെ പ്രവൃത്തികളുടെ ഒരു ഭാഗം മാത്രമാണെന്നുള്ള വസ്തുത സംശയലേശമേന്യേ ഉറപ്പിക്കുന്നു. അഫ്സ്പ പ്രകാരം സുരക്ഷാ സൈന്യത്തിന് ഏതു പ്രദേശവും മുൻകൂർ വാറൻറ് ഇല്ലാതെ തിരച്ചിൽ നടത്താനും സംശയാസ്പദമായി ആരെ വേണമെങ്കിലും തടങ്കലിൽ വെയ്ക്കാനും വാറൻറ് ഇല്ലാതെ അറസ്റ്റ് ചെയ്യാനും പ്രത്യാഘാത ഭീതിയില്ലാതെ കൊല്ലാനുമുള്ള അധികാരമുണ്ട്). കുഴപ്പക്കാരായ, സംശയദൃഷ്ടിയോടെ കൈകാര്യം ചെയ്യേണ്ട, നേരിടാൻ അഫ്സ്പ പോലുള്ള നിയമങ്ങൾ ഏറ്റവും ആവശ്യമായി വരുന്ന ഒരു ജനതയുടെ വാർപ്പുമാതൃകയുടെ നിർമ്മിതിയും ഇതോടൊപ്പം തന്നെ ചേർത്തുവായിക്കേണ്ട ഒന്നാണ്. ഇതിലേക്കുള്ള അറസ്റ്റ് മെമ്മോ തന്നെ ഈ വിഷയവുമായി ബന്ധപ്പെട്ട പ്രചാരണങ്ങളുടെ ഒരു വികസിതരൂപമാണ്. മനോരമയുടെ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ മൃ



തദേഹത്തിന്റെ കാരണക്കാർ അവിടെ വിന്യസിക്കപ്പെട്ട അർദ്ധസൈനിക വിഭാഗമാണെന്നുള്ള യാഥാർത്ഥ്യം അംഗീകരിച്ചു എന്നതൊഴിച്ചാൽ മേൽപ്പറഞ്ഞ ഇടപെടലുകൾ കൊണ്ട് ഈ കേസിനു സഹായകമായിത്തീർന്നില്ല. സമ്പൂർണാധികാരവും തൽഫലമായി ലഭിക്കുന്ന ശിക്ഷാ ഇളവുകളും മേൽക്കോയ്മ നേടുമ്പോൾ ഇങ്ങനെയുള്ള ഇടപെടലുകൾ കേവലം ചടങ്ങുകൾ മാത്രമായൊതുങ്ങുന്നു

**മാറ്റിയെഴുതപ്പെടുന്ന വിധിന്യായങ്ങളും നീതിയുടെ വിഷമസ്ഥിതിയും**

ഈ കേസുമായി ബന്ധപ്പെട്ട പ്രത്യേകതകളിലൊന്ന് ഭരണകൂടം തന്നെ പ്രതിക്കൂട്ടിൽ നിൽക്കുന്ന ഒരു വിഷയത്തിൽ നീതിക്കുവേണ്ടി അതേ ഭരണകൂടത്തെത്തന്നെ സമീപിക്കേണ്ടിവരുന്നതിലെ വൈരുദ്ധ്യതയാണ്. മണിപ്പൂർ ഗവണ്മെൻറ് രൂപീകരിച്ച അന്വേഷണ കമീഷൻ പോലീസ് ഡിജിപിയോട് കമീഷനു മുന്നിൽ ഹാജരാവുന്നതിൽ വീഴ്ച വരുത്തിയ സൈനികോദ്യോഗസ്ഥർക്കെതിരെ വാറന്റ് പുറപ്പെടുവിക്കാൻ നിർദേശിച്ചിട്ടുണ്ട്. ഇതിനെതിരെ ആസാം റൈഫിൾസ് ഉന്നയിക്കുന്നത് തങ്ങൾ അഫ്സ്പയുടെ കീഴിൽ പ്രവർത്തിക്കുന്നതിനാൽ അഫ്സ്പ സെക്ഷൻ 6 പ്രകാരം കേന്ദ്രഗവൺമെന്റിന്റെ മുൻകൂർ അനുവാദമില്ലാതെ ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന ആർക്കെതിരെയും ഒരു തരത്തിലുമുള്ള കേസോ വിചാരണയോ മറ്റ് നിയമ നടപടികളോ പാടില്ല എന്നുള്ളതാണ്.

ഈ വകുപ്പ് പ്രകാരം കമീഷൻറെ ഉത്തരവ് നിയമസാധുതയില്ലാത്തതാണെന്നാണ് ആസാം റൈഫിൾസ് ഉന്നയിക്കുന്ന വാദം. ഒരു ഭാഗത്ത് സൈനികകോടതി അന്വേഷിക്കുന്ന ഒരു വിഷയത്തിനെ അധികരിച്ചു നിയമിക്കപ്പെട്ട അന്വേഷണകമീഷൻ അനാവശ്യമാണെന്നാണ് ആസാം റൈഫിൾസ് കൌൺസൽ പിന്തുടരുന്ന വാദം. മറുപക്ഷത്ത് പൊതു ക്രമസമാധാനം ഒരു സംസ്ഥാനവിഷയം ആയതിനാൽ കമീഷൻറെ നിയമനം സംസ്ഥാനഭരണകൂടത്തിന്റെ അധികാരപരിധിയിൽ വരുന്നതാണെന്നാണ് മണിപ്പൂർ ഗവണ്മെൻറ് വാദിക്കുന്നത്. സ്റ്റേറ്റ് ഗവൺമെൻറ് ക്രമസമാധാനപാലനം എന്ന വാദത്തിൽ ഊന്നുമ്പോഴും മനോരമ കേസ് ഉയർത്തിയ പ്രക്ഷോഭങ്ങളുടെ, അമ്മമാരുടെ നഗ്നരായുള്ള പ്രതിഷേധവും പെബാം ചിത്തരഞ്ജൻ എന്ന യുവവിദ്യാർഥിയുടെ പ്രതിഷേധസൂചകമായ ആത്മാഹുതിയുമടക്കമുള്ള ഒട്ടനവധി പ്രതിഷേധപ്രകടനങ്ങളുടെ ധർമം ഇവിടെ ചേർത്തുവായിക്കേണ്ടതാണ്. ഇതിനോടനുബന്ധിച്ചുതന്നെ മനസിലാക്കേണ്ട മറ്റൊരു പ്രധാനപ്പെട്ട കാര്യമെന്നത് മണിപ്പൂർ ജനത ഇത്രത്തോളം രോഷപ്രകടനം നടത്തിയിരുന്നില്ലെങ്കിൽ, മനോരമയുടെ മൃതശരീരത്തിലെ പാടുകൾ അവർ നേരിടേണ്ടിവന്ന കഠിനമായ പീഡനത്തിന്റെ തെളിവായി മാറി ഈ കേസിനിത്രത്തോളം ശ്രദ്ധ ലഭിച്ചില്ലായിരുന്നെങ്കിൽ, ഇത്രയധികം പ്രതിഷേധങ്ങളും ജനരോഷപ്രകടനങ്ങളും ഇല്ലാതിരുന്നെങ്കിൽ, മണിപ്പൂർ ഭരണകൂടം ഉന്നയിച്ച ക്രമസമാധാനപാലനമെന്ന വാദമുഖം തങ്ങളുടെ അധികാരപ്രയോഗത്തിനുള്ള അവകാശത്തിന്റെ ഒരുപാധി ആവുമായിരുന്നില്ല. അന്തിമമായി ഈ പെറ്റീഷന്റെ വിധിന്യായം, വിശേഷിച്ച് ആസാം റൈഫിൾസ് ചെയ്തുകൂട്ടിയ അതിക്രമങ്ങളെപ്പറ്റിയുള്ള ആരോപണങ്ങളുടെ വെളിച്ചത്തിൽ, കേന്ദ്രഗവൺമെന്റിന്റെ അധികാരം ഉയർത്തിപ്പിടിച്ചു സംസ്ഥാന ഭരണകൂടത്തിന്റെ അധികാരത്തെ നിരസിക്കുന്നു.

സ്ത്രീകൾക്ക് എല്ലായ്പ്പോഴും നീതിക്കുവേണ്ടി പോലീസിനെയും നീതിന്യായസംവിധാനത്തെയും സമീപിക്കുമ്പോൾ നേരിടേണ്ടിവരുന്ന സമയനഷ്ടം (bureaucratic time), ഇത്തരം പ്രക്രിയകളിൽ ചിട്ടയായി നടന്നുവരുന്ന കാലതാമസം, ലൈംഗികാതിക്രമക്കേസുകൾ അംഗീകരിക്കാനോ അതിനുവേണ്ടി യഥാക്രമം തുടർനടപടികൾ കൈക്കൊള്ളാനുമുള്ള വിമുഖത നീതിക്കുവേണ്ടിയുള്ള എല്ലാ പ്രതീക്ഷകളും അസ്തമിപ്പിക്കുന്നു. അഫ്സ്പയുടെ പരിധിയിൽ സ്ത്രീകൾക്കു പ്രത്യേകമായുള്ള അടിച്ചമർത്തൽ എടുത്തുപറയേണ്ട വിധം തീവ്രമാണ്. അഫ്സ്പ എത്രയുംവേഗം പിൻവലിക്കണമെന്ന രാഷ്ട്രീയപരമായ ആവശ്യകത രാജ്യമെമ്പാടുമുള്ള ഫെമിനിസ്റ്റ് വൃത്തങ്ങളിൽ ഉയരാത്തത് രാഷ്ട്രസങ്കൽപ്പം എന്നത് എത്രത്തോളം പരിമിതമാണെന്നും രാജ്യസുരക്ഷയ്ക്ക് ഏറ്റവും ആവശ്യമെന്ന രീതിയിൽ നിർമിക്കപ്പെടുന്ന നിയമങ്ങൾക്ക് എത്രത്തോളം പൊതുജന സമക്ഷത്ത് നിശബ്ദ സമ്മതമുണ്ടെന്നതിനെയാണ് സൂചിപ്പിക്കുന്നത്. ഈ വിധിയിൽ നിന്നും വായിച്ചെടുക്കാവുന്ന ഒരു പ്രധാന വസ്തുത ഈ നിയമത്തിന്റെ അന്തസ്സത്ത തന്നെ എത്രത്തോളം നീതിക്ക് തടസ്സം നിൽക്കുന്ന ഒന്നാണെന്നാണ്. അഫ്സ്പ നടപ്പിലാക്കപ്പെടുന്ന 'സംഘർഷബാധിതമേഖലകളിലെ' ജനങ്ങൾക്ക് ഈ നിയമം എന്നത് ഇതിൻ പ്രകാരം കുറ്റം ചെയ്യുന്നവർക്കുള്ള സർവ സ്വാതന്ത്ര്യവും അനുബന്ധ ശിക്ഷാ ഇളവുകളാണ്. സംഘർഷബാധിതപ്രദേശങ്ങളിൽ അധിവസിക്കുന്നു എന്നതുകൊണ്ടുമാത്രം ഒരു ജനതയെ നിരോധിത സംഘടനകളിലെ അംഗങ്ങളെന്നാരോപിക്കുന്ന രീതിയിലുള്ള മുൻവിധികൾ അസ്വീകാര്യമാണ്. കേന്ദ്ര-സംസ്ഥാനഭരണകൂടങ്ങളും നീതിന്യായവ്യവസ്ഥയും തമ്മിലുള്ള തർക്കത്തിനിടയിൽ മുറിവേൽക്കുന്നത് പൗരാവകാശങ്ങൾക്കാണ്. അഫ്സ്പയ്ക്ക് ലഭിച്ചിരിക്കുന്ന നിയമപരിരക്ഷ അർത്ഥമാക്കുന്നത് പൗരന്മാരുടെ, ഈ പ്രത്യേക പശ്ചാത്തലത്തിൽ സാധാരണയിലും കുറഞ്ഞവരെന്നും (lesser citizen) രണ്ടാംതരം പൗരൻമാരെന്നും കണക്കാക്കപ്പെടുന്ന പൗരന്മാർക്ക് ഭരണഘടന ഉറപ്പുവരുത്തിയ ജീവിക്കാനുള്ള അവകാശത്തിന്റെ നിഷേധമാണ്.



**സീമ കാസി**
അസോസിയേറ്റ് പ്രൊഫസർ, സെന്റർ ഫോർ വിമൻസ് ഡെവലപ്പ്മെന്റ് സ്റ്റഡീസ്, ന്യൂ ഡൽഹി



വിവർത്തനം :
**ഫതിമത്ത് സുഹറ**
കാലിക്കറ്റ് സർവകലാശാല വിദൂര വിദ്യാഭ്യാസ വകുപ്പിൽ രാഷ്ട്രതന്ത്ര വിഭാഗത്തിൽ അധ്യാപിക

# സംഘർഷ മേഖലകളിലെ ഭരണ നിർവഹണവും ലിംഗപദവിയും

സംഘർഷങ്ങൾ എല്ലായ്പ്പോഴും സാമൂഹിക ഘടനയുടെ പരിമിതികളെ തുറന്നു കാട്ടുന്നു. ഓരോ സമൂഹവും സംവിധാനങ്ങളും എത്രമാത്രം ദുർബലവും ശിഥിലമായിരുന്നു എന്ന് നാം തിരിച്ചറിയുന്നത് അവ പരാജയപ്പെടുമ്പോൾ മാത്രമാണ്. സാമൂഹിക സ്ഥാപനങ്ങളുടെയും രാഷ്ട്രീയ സംവിധാനങ്ങളുടെ പരാജയം നിലനിന്നു പോരുന്ന വ്യവസ്ഥയുടെ ന്യൂനതകളെ പുറത്തു കാട്ടുന്നു. ഇത്തരം രാഷ്ട്രീയ സംഘർഷങ്ങൾ, ഭരണകൂടത്തിന്റെ പ്രത്യേക പരിഗണനയർഹിക്കുന്ന വിഭാഗങ്ങളെ പ്രത്യേകിച്ചും ന്യൂനപക്ഷങ്ങളെയും, ദരിദ്രരെയും, സ്ത്രീകളെയും, കുട്ടികളെയും കൂടുതൽ ദുർബലരാക്കുന്നു. സംഘർഷ ഭൂമിയിലെ ആൾക്കൂട്ടങ്ങൾ എല്ലായ്പോഴും ഭൂരിപക്ഷത്തിന്റെ ഇച്ഛയ്ക്ക് അനുസരിച്ചു ചലിക്കുന്നതായിരിക്കും. അവ നടപ്പാക്കുന്നതത്രെയും ഭൂരിപക്ഷത്തിന്റെ താല്പര്യങ്ങളുമായിരിക്കും. വളരെ സ്വാഭാവികമായ ലിംഗ അസമത്വം നില നിൽക്കുന്ന സമൂഹങ്ങളിൽ തീരുമാനങ്ങളെടുക്കുന്ന കൂട്ടങ്ങളൊക്കെയും പുരുഷന്റേത് മാത്രമായിരിക്കും. തത്വത്തിൽ സംഘർഷങ്ങൾ പലപ്പോഴും പുരുഷനു സാമൂഹികമായ മേൽക്കൈ നേടിയെടുക്കാനുള്ള അവസരങ്ങൾ കൂടിയാണ്. പുരുഷ മേധാവിത്തത്തിനു കീഴിൽ, ഭരണകൂടത്തിന്റെ പല തരത്തിലുള്ള പരിരക്ഷകൽ ഉണ്ടായിട്ടു പോലും സുരക്ഷിതയല്ലാത്ത സ്ത്രീ, സംവിധാനങ്ങളൊക്കെ പരാജയപ്പെട്ടു പോകുന്ന സംഘർഷ ഭൂമിയിൽ എത്രമാത്രം അരക്ഷിതയാകുമെന്ന് ഊഹിക്കാവുന്നതേയുള്ളു. ഇത്തരത്തിൽ രാഷ്ട്രീയ സംഘർഷങ്ങൾ നില നിൽക്കുന്ന സമൂഹങ്ങളിൽ ലിംഗ നീതിയും തുല്യതയും ഉറപ്പുവരുത്തേണ്ടത് ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്. അതി തീവ്ര സംഘർഷ ബാധിത മേഖലകളിൽ സ്ത്രീയുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി ഭരണ നിർവ്വഹണം എത്തര



ത്തിലാണ് ഇടപ്പെട്ടിട്ടുള്ളത് എന്ന് അന്വേഷിക്കേണ്ട തുണ്ട്. അതിലുപരി ഗുരുതരമായ അധികാര സംഘർഷങ്ങൾ നില നിൽക്കുന്ന സമൂഹങ്ങൾ എങ്ങനെയാണ് സ്ത്രീയെ അടയാളപ്പെടുത്തിയിരിക്കുന്നത് എന്നും മനസ്സിലാക്കേണ്ടതുണ്ട്.

നാല് രാജ്യങ്ങളിലെ തീർത്തും വ്യത്യസ്തങ്ങളായ നാല് സംഘർഷ ബാധിത പ്രദേശങ്ങളിലെ ഭരണ നിർവഹണത്തെക്കുറിച്ചുള്ള താരതമ്യ പഠനമാണ് ഈ ലേഖനം. ഇന്ത്യയിൽ നിന്ന് വംശീയ ന്യൂനപക്ഷ സംഘർഷങ്ങൾ നില നിൽക്കുന്ന മണിപ്പൂരും കശ്മീരും, ബംഗ്ലാദേശിൽ നിന്ന് സമാന സ്വഭാവമുള്ള ചിറ്റഗോംഗ് മലയോരങ്ങൾ, പാകിസ്ഥാനിൽ നിന്ന് സ്വാത് മേഖല, കൂടാതെ പോരാട്ടാനന്തര ശ്രീലങ്കയിലെ വടക്കൻ പ്രദേശങ്ങൾ, എന്നിവ കേന്ദ്രീകരിച്ചാണ് പഠനം. തിരഞ്ഞെടുത്ത മേഖലകളുടെ ചരിത്രപരമായ പശ്ചാത്തലം, സ്ഥലം തിരഞ്ഞെടുക്കുന്നതിനുള്ള യുക്തി, നിലവിലുള്ള കാര്യ നിർവഹണഘടന, എന്നിവയടക്കം രാഷ്ട്രീയവും സാമ്പത്തികവുമായ സംഭവവികാസങ്ങൾ എങ്ങനെയാണ് ലിംഗപദവിയെ ബാധിക്കുന്നത് എന്നാണ് ഇവിടെ പരിശോധിക്കുന്നത്. ഓരോ ചരിത്രവും സംസ്കാരവും അങ്ങേയറ്റം സവിശേഷവും വ്യത്യസ്തവുമാണെങ്കിലും, അവയ്ക്ക് ഓരോന്നിനും ചില പൊതു സമാനതകളുണ്ടാവും. അത്തരത്തിൽ ഈ നാല് മേഖലകളിലും വ്യവസ്ഥാപിതമായ ഒരു ഭരണ സംവിധാനം നില നിൽക്കുമ്പോഴും യുദ്ധവും തുടർന്നുള്ള സംഘർഷങ്ങളും തുടർക്കഥയാവുന്നു. കൂടാതെ ഈ ഭരണ സംവിധാനങ്ങൾ ഒന്നും തന്നെ സ്ത്രീയെ സ്വമേധയാ അവകാശങ്ങളുള്ള വ്യക്തിയായി പരിഗണിക്കുന്നില്ല. അത് കൊണ്ട് തന്നെ സ്ത്രീയുടെ പ്രത്യേക അവകാശങ്ങളെ തിരിച്ചറിഞ്ഞു അംഗീകരിക്കുന്നതിലോ സംരക്ഷിക്കുന്നതിലോ അവർ തല്പരരുമല്ല . യുദ്ധം, സംഘർഷം, അന്താരാഷ്ട്ര ഇടപെടലുകൾ , തീവ്രവാദം, കുടിയേറ്റം, ബോധപൂർവമായി കൈക്കൊണ്ട പാർശ്വവൽക്കരണ നയങ്ങൾ തുടങ്ങിയ രാഷ്ട്രീയ-സാമ്പത്തിക സംഭവ വികാസങ്ങൾ ഈ പ്രദേശങ്ങളിലെ ഭരണ സംവിധാനത്തെ അങ്ങേയറ്റം ദുർബലവും അസ്ഥിരവുമാക്കി തീർത്തു. വ്യക്തമായ ഇടപെടലുകൾ നടത്താനാവാതെ, നിരന്തരമായി മാറിക്കൊണ്ടിരുന്ന ഭരണ സംവിധാനങ്ങൾ ജനങ്ങളിൽ നിന്ന് പ്രത്യേകിച്ച് സ്ത്രീകളിൽ നിന്ന് കൂടുതൽ അകന്നു. ഭരണകൂടം ജനങ്ങളിൽ നിന്ന് അകന്നതോടെ ഈ നാല് മേഖലകളുലും കമ്മ്യൂണിറ്റി കോടതികൾ, ജിർഗകൾ, ഖാസി കോടതികൾ തുടങ്ങി അനൗപചാരികമായ സമാന്തര സ്ഥാപനങ്ങൾ സജ്ജീവമായി. ഈ സ്ഥാപനങ്ങളുമായുള്ള സ്ത്രീകളുടെ ബന്ധം സങ്കീർണ്ണമാണ്. ഒരു വശത്തു അവ ആക്സസ് ചെയ്യാവുന്നതും സമീപത്തുള്ളതും പരിചിതവുമായതിനാൽ പ്രാദേശികമായി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മികച്ച അവസരമാണ്. എന്നാൽ മറുവശത്ത്, അവർ പ്രാദേശികരും പരിചിതരുമായതിനാൽ പലപ്പോഴും വ്യക്തിപരമായ പ്രശ്നങ്ങൾ ഉന്നയിക്കാൻ സ്ത്രീകൾ ഭയപ്പെടുന്നു. ഇത്തരം പ്രാദേശിക സ്ഥാപനങ്ങളുടെ തലവന്മാരായ പുരുഷന്മാരും സമൂഹത്തിലെ മറ്റുള്ളവരും തമ്മിൽ നിലനിൽക്കുന്ന പരസ്യമായ സഖ്യങ്ങളാണ് പലപ്പോഴും സ്ത്രീയെ പുന്നോട്ടടിക്കുന്നത്. അതുകൊണ്ടാണ് ഈ ഭരണ സംവിധാങ്ങൾ ജൻഡറൈസ് ചെയ്യേണ്ടത് അനിവാര്യമാകുന്നത്, സ്ത്രീയുടെ പ്രശ്നങ്ങൾ പരിഗണിക്കുന്നതിന് കൂടുതൽ സ്ത്രീ പ്രാധിനിത്യമുള്ള ഘടനകൾ സൃഷ്ടിക്കുക എന്ന വാദത്തിനു പ്രസക്തിയേറുന്നത്. ഇത്തരം ഘടനകൾക്ക് മെച്ചപ്പെട്ട ഇടപെടലുകൾ നടത്താൻ സാധിക്കുമെന്നതിനു നിരവധി ഉദാഹരണങ്ങളുണ്ട്.

അക്രമവും സുരക്ഷാ സംവിധാനങ്ങളുടെ അഭാവവുമാണ് സ്ത്രീകളെ സംബന്ധിക്കുന്ന മറ്റൊരു പ്രധാനപ്പെട്ട ആശങ്ക. ഇവ പരിഹരിക്കുന്നതിനുള്ള നയങ്ങൾ അടിയന്തിരമായി ആവിഷ്കരിക്കേണ്ടതുണ്ട്. കൂടാതെ നിലവിലുള്ള നിയമങ്ങൾ ശക്തിപ്പെടുത്തുകയും വേണം. സംഘർഷമേഖലകളിൽ, എത്രെയും പെട്ടന്ന് സിവിലിയൻ ജീവിതത്തിക്ക് ഒരു തിരിച്ചു പോക്ക് സാധ്യമാക്കണം (ഉദാഹരണത്തിന് ശ്രീലങ്കയിലെ പഠനങ്ങളും അനുരഞ്ജന കമ്മീഷൻ ശുപാർശ ചെയ്തവ).

ദേശീയ തിരഞ്ഞെടുപ്പുകളിലൂടെയോ നാമനിർദ്ദേശങ്ങളിലൂടെയോ അല്ലെങ്കിൽ പ്രാദേശിക ഭരണ സ്ഥാപനങ്ങളിലൂടെയോ ഉള്ള സ്ത്രീ പ്രാതിനിധ്യം ഭരണ സംവിധാനങ്ങളിൽ ലിംഗ നീതി ഉറപ്പു വരുത്തുന്നതിനും സ്ത്രീകളുടെ പ്രശ്നങ്ങൾ മുഖ്യധാരയിൽ അവതരിപ്പിക്കുന്നതിനു സഹായകമായിട്ടുണ്ട്. അധികാര സ്ഥാനങ്ങളിലുള്ള സ്ത്രീകൾ പലപ്പോഴും പൊതു സമൂഹത്തിൽ സ്ത്രീകളനുഭവിക്കുന്ന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാറില്ലെന്ന ആക്ഷേപം നില നിൽക്കുന്നുവെങ്കിൽ പോലും രാഷ്ട്രീയ പ്രക്രീയയിൽ സ്ത്രീയുടെ പ്രാതിനിധ്യം വർധിച്ചുവരുന്നത് പ്രതീക്ഷാവഹമാണ്. സ്ത്രീകളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അവരുടെ ആവശ്യങ്ങൾ ഭരണ സംവിധാങ്ങൾക്ക് മുന്നിൽ ഉന്നയിക്കുന്നതിനും സിവിൽ സൊസൈറ്റി സ്ഥാപനങ്ങൾ, എൻ. ജി ഒ.കൾ, വനിതാ സംഘടനകൾ എന്നിവയ്ക്ക് നിർണ്ണായകമായ ഇടപെടലുകൾ നടത്താൻ സാധിക്കും. ഈ പ്രദേശങ്ങളിലെയൊക്കെ നിയമവ്യവസ്ഥയെ വിലയിരുത്തേണ്ടത് ലിംഗ നീതിക്ക് അവ നൽകുന്ന പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിലാവണം. കൂടാതെ നീതിപീഠവും അഭിഭാഷകരും ലിംഗനീതിയുടെ പ്രാധാന്യം ഉൾക്കൊള്ളുകയും വ്യത്യസ്ത നീതി സങ്കല്പങ്ങളിലേക്ക് ചിന്ത വ്യാപിപ്പിക്കുകയും വേണം. അല്ലാത്ത പക്ഷം സാമൂഹിക നീതി അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളിൽ നിന്ന് അകന്നു തന്നെ നിൽക്കും

**ഇന്ത്യ**

ജമ്മു കശ്മീരിലെയും മണിപ്പൂരിലെയും വംശീയ

ന്യൂനപക്ഷ സംഘർഷങ്ങൾ ആധുനിക ഇന്ത്യയ്ക്കുള്ളിൽ പുകഞ്ഞു തുടങ്ങിയിട്ട് കാലങ്ങളേറെയായി. ചരിത്രപരമായി രണ്ട് സംസ്ഥാനങ്ങളും വംശീയ ന്യൂനപക്ഷങ്ങളാണ്. ബ്രിട്ടീഷുകാരുടെ ആവിർഭാവം വരെ ഇവ രണ്ടും സ്വതന്ത്ര രാജ്യങ്ങളായി നിലനിന്നിരുന്നു. 1947 ൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം, രണ്ട് രാജ്യങ്ങളുടെയും പരമാധികാരികൾ ഇന്ത്യൻ ഭരണകൂടവുമായി ലയിക്കുന്നതിനുള്ള കരാറുകളിൽ ഒപ്പു വെച്ചു. പരമ്പരാഗത മാതൃരാജ്യങ്ങളിലെ ജനങ്ങളുടെ സാംസ്കാരിക സ്വത്വവും ജീവിതരീതിയും സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ഇരു സംസ്ഥാനങ്ങൾക്കും സ്വയംഭരണാധികാരം നൽകണമെന്ന ആവശ്യം ഇന്ത്യ ഗവണ്മെന്റ് അംഗീകരിക്കാതെ വന്നതോടെയാണ് പ്രശ്നങ്ങൾ സങ്കീർണ്ണമാകുന്നത്. തൽഫലമായി മണിപ്പൂരിലെയും കശ്മീരിലെയും ന്യൂനപക്ഷങ്ങളും ഇന്ത്യൻ ഭരണകൂടവും തമ്മിലുള്ള രാഷ്ട്രീയ തർക്കങ്ങൾ സായുധ സംഘട്ടനങ്ങളായി പരിണമിച്ചു.

സംഘർഷം സൈനികവൽക്കരിക്കപ്പെട്ടതോടെ കോടതികളും, പോലീസും സംസ്ഥാന നിയമസഭയടക്കമുള്ള പ്രാദേശിക ഭരണഘടനാ സ്ഥാപനങ്ങളെയെല്ലാം അധികാരം സൈന്യം പിടിച്ചെടുത്തു. ഇത് ഭരണ ഘടനാ സ്ഥാപനങ്ങളുടെ സമഗ്രതയെയും സ്വയംഭരണ അവകാശങ്ങളെയും അട്ടിമറിക്കുന്നതാണെന്നു വിമർശനമുണ്ടായി. എന്നാൽ സർക്കാർ പിന്നോട്ട് പോയില്ല. തദ്ദേശീയമായ ചെറുത്തു നിൽപ്പുകളെ അടിച്ചമർത്തുന്നതിനായി ദേശീയ സുരക്ഷയെയും പൗരൻറെ അവകാശങ്ങളെയും അന്തസ്സിനെയും സംസ്ഥാനങ്ങളുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി പുനർനിർവ്വചിച്ചു. സംഘർഷം സ്ത്രീയുടെ അവകാശങ്ങൾക്ക് മേൽ കൂടുതൽ കരിനിഴലേൽപ്പിച്ചു. അധികാര തർക്കത്തിനിടയിൽ സ്ത്രീ ജീവിതങ്ങൾ കൂടുതൽ ദുരിതത്തിലാഴ്ന്നെന്നു മാതമല്ല , മിക്കപ്പോഴും പരിഗണിക്കപ്പെട്ടതു പോലുമില്ല. മണിപ്പൂരിലും കശ്മീരിലും തൊഴിലാളികൾ ചെറിയ ചെറുത്തു നിൽപ്പുകൾ നടത്തി. എന്നാൽ സൈന്യം ശക്തമായി തിരിച്ചടിച്ചു. അവർ സ്വകാര്യ ഇടങ്ങളിലേക്ക് പോലും നുഴഞ്ഞു കയറി, പലപ്പോഴും സ്ത്രീകളെ ലക്ഷ്യം വെച്ചു. ഇരു സംഘർഷ മേഖലകളിലും വിധവകളുടെയും വിധവകൾ എന്ന് വിളിക്കാവുന്നവരുടെയും (കാണാതായ ഭർത്താക്കന്മാർ ജീവിച്ചിരിപ്പുണ്ടോ എന്ന് അറിയാത്ത സ്ത്രീകൾ) എണ്ണം വർധിച്ചു വന്നു. വൈധവ്യത്തിന് പുറമേ, കുട്ടികളും മറ്റുള്ളവരുമടങ്ങുന്ന കുടുംബത്തിന്റെ ഭാരം കൂടി ചുമലിലേൽക്കാൻ സ്ത്രീകൾ നിർബന്ധിതരായി. കുറ്റവാളികളെ നിയമ സംവിധാനത്തിനു മുന്നിൽ കൊണ്ടുവരുന്നതിനും തങ്ങൾക്ക് നീതി ഉറപ്പു വരുത്തുന്നതിനുമുള്ള സ്ത്രീകളുടെ ശ്രമങ്ങളെ സായുധസേന പ്രത്യേക അധികാര നിയമത്തിന്റെ (എ.എഫ്.എസ്.പി.എ) പരിധിയിൽ ചെറുക്കുന്നു. .

**ബംഗ്ലാദേശ്**

ചിറ്റഗോംഗ് ഹിൽ ട്രാക്റ്റ്സ് (സി.എച്ച്.ടി), എന്നത് ബംഗ്ലാദേശിന്റെ തെക്കുകിഴക്കൻ ഭാഗത്തുള്ള മൂന്ന് ഭരണ ജില്ലകൾ ഉൾപ്പെടുന്ന ഒരു മലയോര പ്രദേശമാണ്. ബംഗ്ലാദേശിന്റെ പത്തിലൊന്ന് വിസ്തൃതിയുള്ള ഈ ജില്ലകളിൽ ഏകദേശം പതിമൂന്നോളം വംശീയ വിഭാഗങ്ങൾ അധിവസിക്കുന്നു. ഈ പ്ര





ചിറ്റഗോംഗ് ഹിൽ ട്രാക്റ്റ്സിലെ വില്ലേജ്

ദേശം കോളനിവൽക്കരണത്തിന്റെ മൂന്ന് ഘട്ടങ്ങളിലൂടെ കടന്നു പോയിട്ടുണ്ട്. ആദ്യത്തേത് ബ്രിട്ടീഷ് അധിനിവേശ കാലത്തു, പിന്നീട് പാക് ഭരണത്തിന് കീഴിൽ, ഏറ്റവും ഒടുവിലായി സ്വതന്ത്ര ബംഗ്ലാദേശ് ഭരണകാലത്തും ഇത് ആവർത്തിക്കപ്പെട്ടു. 1997 ൽ ഈ ജനതയ്ക്ക് സ്വയം ഭരണാവകാശം ഉറപ്പു നൽകുന്ന കരാർ നിലവിൽ വരുന്നത് വരെ ഈ വിവേചനം തുടർന്നു . അതിന് ശേഷം കരാറിലെ വ്യവസ്ഥകൾക്കനുസൃതമായി മലയോര ജനങ്ങൾക്ക് ഒരു പരിധിവരെ സ്വയംഭരണാധികാരം നൽകുന്നതിന് ബംഗ്ലാദേശ് ഭരണകൂടം ശ്രമിച്ചു. ഇതിനോടകം തന്നെ രാജ്യത്തിന്റെ സജീവ പൗരന്മാർ എന്ന നിലയിലുള്ള അവകാശങ്ങൾക്കായുള്ള അവകാശവാദവും മലയോര ജനത ഉന്നയിച്ചു. സ്ത്രീ സുരക്ഷയെ മുൻ നിർത്തി നിലവിലെ ഭരണഘടനയ്ക്കുള്ളിൽ സ്ത്രീയുടെ സ്ഥാനം മെച്ചപ്പെടുത്താനുള്ള സംസ്ഥാനത്തിൻറെ ശ്രമങ്ങൾ മികച്ച പ്രതികരണങ്ങളുണ്ടാക്കി. എന്നിരുന്നാലും ലിംഗ നീതി ഉറപ്പു വരുത്തുന്നതിന് ഈ മേഖലയിലെ ഭരണകൂടങ്ങൾ ഇനിയും ഒരുപാട് മുന്നിലേക്ക് പോകേണ്ടിയിരിക്കുന്നു. പുരുഷ മേധാവിത്തത്തിനുള്ളിൽ സിവിൽ സൊസൈറ്റിസ്ഥാപനങ്ങളിലൂടെയും രാഷ്ട്രീയ പങ്കാളിത്തത്തിലൂടെയുമാണ് സ്ത്രീ സ്വയം നിർണ്ണയാവകാശം ആർജ്ജിക്കേണ്ടത്.

സ്വാതിനെക്കുറിച്ചുള്ള പഠനം പോലെ ഇവിടെയും പ്രശ്നങ്ങൾ പല തലത്തിൽ പരിശോധിക്കുകയും ചില പൊതു നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്നു. ഭരണ സംവിധാങ്ങളിൽ നിന്ന് നേരിടുന്ന അവഗണയുടെ കാരണം വംശീയതയാണെന്ന തിരിച്ചറിവ് ഇവിടുത്തെ ജനങ്ങളെ കൂടുതൽ പാർശ്വവൽക്കരണത്തിലേക്ക് നയിക്കുന്നു. പോലീസ് സ്റ്റേഷനുകളടക്കമുള്ള സ്ഥാപനങ്ങൾ ഈ മേഖലയിൽ നിന്ന് ഒരുപാട് അകലെ ആയതിനാൽ ഭൂരിഭാഗം ആളുകളും പ്രത്യേകിച്ചു സ്ത്രീകൾ പ്രാദേശിക സംവിധാനങ്ങളെ ആശ്രയിക്കാൻ നിർബന്ധിതരാകുന്നു. ഏറ്റവും താഴെതട്ടിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പലപ്പോഴും പരിചിരായ പ്രതിനിധികളെ ഉൾക്കൊള്ളുന്നതാണ്. ആയതിനാൽ സ്ത്രീകളുടെ പ്രശ്നങ്ങളിൽ നിഷ്പക്ഷമായ ഇടപെടലുകൾ ഉണ്ടാവുന്നില്ലെന്നു മാത്രമല്ല അവരുടെ സ്വകാര്യത പോലും പലപ്പോഴും ഹനിക്കപ്പെടുന്നു.

സാമൂഹിക നീതിയുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുവെങ്കിലും കഴിഞ്ഞ കുറേ നാളുകളായി വിവിധ രാഷ്ട്രീയ- സാമൂഹിക സംഘടനകൾ നടത്തിപ്പോരുന്ന ഇടപെടലുകൾ സി.എച്ച്.ടിയിലെ സ്ത്രീ ജീവിതം മെച്ചപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചു. ഈ മേഖലയിൽ വർദ്ധിച്ചു വരുന്ന സ്ത്രീ രാഷ്ട്രീയ പങ്കാളിത്തവും, മികച്ച വിദ്യാഭ്യാസ അവസരങ്ങളും ഒപ്പം ശ്കതമായ വനിതാ സംഘടനകളുടെ ഇടപെടലുകളും സി.എച്ച്.ടിയിലെ പ്രശ്നങ്ങൾ പുറം ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനു സഹായകരമായി. എന്നിരുന്നാലും പാർലമെൻറ് പ്രാതിനിധ്യത്തിന്റെ അഭാവം സ്ത്രീകളുടെ രാഷ്ട്രീയ ശാക്തീകരണത്തിന് ഒരു പ്രധാന വെല്ലുവിളിയാണ് . മലയോരമേഖലയിൽ കുറഞ്ഞത് മൂന്ന് വനിതാ പ്രതിനിധികളെങ്കിലും വേണമെന്ന ദീർഘകാല ആവശ്യം ഇത് വരെ പരിഗണിക്കപ്പെട്ടിട്ടില്ല. ബംഗാളിൽ നിന്നുള്ള ജനങ്ങളെ മലയോര പ്രദേശങ്ങളിൽ പാർപ്പിക്കാനുള്ള സംസ്ഥാനത്തിന്റെ നയം ആക്രമണങ്ങളുടെ തോത് വർധിപ്പിച്ചു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് നിയമസംവിധാനം കൂടുതൽ സുശക്തമാകേണ്ടതുണ്ട്, നീതി നിർവ്വഹണം കൂടുതൽ സുതാര്യവും ജനകീയവുമായ്ക്കേണ്ടതുണ്ട്. കൂടാതെ കുടുംബ കോടതികളടക്കമുള്ള സ്ഥാപനങ്ങളുടെ അഭാവം സ്ത്രീകൾക്ക് നീതി ഉറപ്പാക്കുന്നതിന് വിലങ്ങുതടിയാണ്. ആയതിനാൽ ലിംഗ സമത്വത്തെയും ലിംഗ നീതിയെയും മുൻ നിർത്തി സാമൂഹിക സ്ഥാപനങ്ങൾ പരിഷ്കരിക്കേണ്ടത് അത്യന്താപേക്ഷികമാണ്.

**ശ്രീലങ്ക**

കാൽ നൂറ്റാണ്ടു കാലം ശ്രീലങ്കയെ വലയം ചെയ്തിരുന്ന യുദ്ധവും അനുബന്ധ സംഘർഷങ്ങളും രാജ്യത്തിന്റെ വടക്കും കിഴക്കൻ മേഖലകളെ വളരെയധികം സ്വാധീനിച്ചു. നീണ്ട കാലത്തെ ആഭ്യന്തര യുദ്ധവും വംശീയ സംഘർഷങ്ങളും കാലക്രമേണ സൈന്യത്തെ ദൈനംദിന ജീവിതത്തിന്റെയും പൊതു ഭരണത്തിന്റെയും ഭാഗമാക്കി മാറ്റി. വളരെ പെട്ടന്ന് തന്നെ സൈന്യം ഇന്നാട്ടിലെ സ്വാഭാവിക ജീവിതത്തിന്റെ ഒഴിച്ച് കൂടാനാകാത്ത ഘടകമായി തീർന്നു. ജനാധിപത്യ സ്വാതന്ത്ര്യങ്ങൾ വെട്ടിക്കുറച്ചും, നിയമവാഴ്ചയെ മറികടന്നും സംഘർഷങ്ങൾക്ക് ആക്രമണാത്മകവും പുരുഷകേന്ദ്രീകൃതവുമായ പരിഹാരങ്ങൾ ചമച്ചും സൈന്യം ജനങ്ങളെ നിരന്തരമായി വെല്ലുവിളിച്ചുകൊണ്ടിരുന്നു. ശ്രീലങ്കയുടെ വടക്കൻ പ്രവിശ്യയിൽ കുറ്റകൃത്യങ്ങളും ലൈംഗിക അതിക്രമങ്ങളും വർധിച്ചു വരുന്നതായി വിപുലമായ അഭിമു



ഖങ്ങളും ചർച്ചകളും ഗവേഷണങ്ങളും സാക്ഷ്യപ്പെടുത്തുന്നു. നിരന്തരായ സൈനിക വാഴ്ച ഈ പ്രദേശത്തെ സ്ത്രീ ജീവിതങ്ങളെ പതിറ്റാണ്ടുകളായി ഇരുട്ടിലാഴ്ത്തി. അസാധാരണ സാഹചര്യത്തിലെ ജീ

വിതം, യുദ്ധം, ആക്രമണങ്ങൾ, വിശ്വാസ വഞ്ചന ആവർത്തിക്കപ്പെടുന്ന ബലാത്സംഗങ്ങൾ തുടങ്ങി ഒന്നൊഴിയാതെ ദുരിതങ്ങൾ തുടർന്നു കൊണ്ടേയിരിക്കുന്നു. സുരക്ഷയുടെ അഭാവം, ബലാത്സംഗങ്ങളുടെ വർദ്ധനവ്, വ്യഭിചാരം, കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ, കൗമാര ഗർഭധാരണം, ആത്മഹത്യകൾ, ഗാർഹിക പീഡനങ്ങൾ തുടങ്ങിയവ ഈ പഠനത്തിന് വേണ്ടി അഭിമുഖം ചെയ്യപ്പെട്ട സ്ത്രീകൾ പങ്കുവെച്ച പൊതുവായ ആശങ്കകളാണ്. 2011 ലെ ലെസ്സൺസ് ലേൺട് ആൻഡ് റീ കൺസിലിയേഷൻ കമ്മീഷൻ (എൽ. എൽ. ആർ. സി) റിപ്പോർട്ട് പ്രകാരം യുദ്ധം ബാധിച്ച സ്ത്രീകളുടെയും അവർ നയിക്കുന്ന കുടുംബങ്ങളുടെയും ആവശ്യങ്ങൾ അടിയന്തിര പ്രാധാന്യമർഹിക്കുന്നതാണ്. എന്നാൽ ദേശീയ വികസന ആസൂത്രണ പ്രക്രിയ ഈ ആവശ്യങ്ങളെയൊന്നും പരിഗണിക്കാൻ തയ്യാറായിട്ടില്ല. ശ്രീലങ്കയിലെ യുദ്ധബാധിത പ്രദേശങ്ങളെ സിവിലിയൻ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിനായി രൂപീകരിച്ച ദേശീയ നയരേഖയിലും ഈ നിർദ്ദേശങ്ങൾ ആവർത്തിച്ചിട്ടുണ്ട്.

**പാക്കിസ്ഥാൻ**

മറ്റ് മൂന്ന് രാജ്യങ്ങളിലെ സംഘർഷങ്ങളിൽ നിന്ന് വിഭിന്നമായി പാകിസ്ഥാനിലെ സ്വാത് സംഘർഷം ചുറ്റുപാടുകളിലേക്ക് വ്യാപിച്ചില്ല, . ഈ മേഖലയിൽ സ്ത്രീകളിലേക്ക് എത്തിച്ചേരാനുള്ള താലിബാന്റെ ആദ്യശ്രമങ്ങൾ വിജയകരമായിരുന്നു, കാരണം ഭരണ സംവിധാനങ്ങൾ വലിയതോതിൽ സ്ത്രീകളോട് നിസ്സംഗത പുലർത്തുകയും അവരെ 'സംരക്ഷണം' ആവശ്യമുള്ള കേവലം ആശ്രിത വിഭാഗങ്ങളായി പരിഗണിക്കുകയും ചെയ്തിരുന്ന സമൂഹത്തിൽ താലിബാൻ നേരിട്ട് സ്ത്രീകൾക്ക് ഇടയിലേക്ക് ഇറങ്ങി ചെല്ലുകയും, അവരെ മൂല്യമുള്ളവരായി അംഗീകരിക്കുകയും ചെയ്തു. താലിബാന് മുമ്പുള്ള കാലഘട്ടത്തിൽ സ്ത്രീകൾ ഭരണ സംവിധാനത്തിൽ നിന്ന് ഒരുപാടു ദൂരെയായിരുന്നുവെന്നു പഠനങ്ങൾ തെളിയിക്കുന്നു. ഈ ബോധ്യത്തെയാണ് താലിബാൻ ഫലപ്രദമായി ഉപയോഗിച്ചത്. സ്ത്രീയെ വ്യക്തിയായി അംഗീകരിക്കുന്നതിന് വിമുഖത കാട്ടിയ ഭരണകൂടം സ്ത്രീയുമായി സംവധിച്ചിരുന്നത് കുടുംബത്തിലെ പുരുഷൻറെ മാധ്യമത്തിലൂടെയാണ്. ഭരണകൂടത്തിനുമുന്നിൽ മുന്നിൽ സ്വയം നിർണ്ണയ അവകാശം ഇല്ലാത്ത സ്ത്രീ പൊതു സമൂഹത്തിൽ കൂടുതൽ ദുർബലയായി. സ്ത്രീയുടെ അന്തസ്സും സ്വാഭിമാനവും നിർവചിക്കാനുള്ള അവകാശം കൂടി പുരുഷനിൽ നിഷിപ്തമായതോടെ അവർ സംവിധാനത്തിനുള്ളിൽ പൂർണ്ണമായും ഒറ്റപ്പെട്ടു. വ്യക്തിപരമായ കാര്യങ്ങളിൽ സ്ത്രീകൾ ജിർഗ്ഗ പോലുള്ള പ്രാദേശിക സംവിധാനങ്ങളെ കൂടുതലായി ആശ്രയിക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. പ്രതീക്ഷ നൽകുന്ന ഒരു സാധ്യതയായി കടന്നു വന്ന താലിബാൻ പിന്നീടു സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷേധിക്കുന്നതിനെക്കുറിച്ചും, അവരെ വീടിനുള്ളിൽ തന്നെ തളച്ചിടുന്നതിനെപ്പറ്റിയും സംസാരിച്ചു തുടങ്ങിയപ്പോൾ, സ്ത്രീകൾ അവർക്കെതിരെ തിരിഞ്ഞു, സൈന്യത്തെ അനുകൂലിച്ചു. ജിർഗ, കൂടുതൽ സജ്ജീവമായി. ഇത് ഒരു പ്രാദേശിക സംവിധാനമായതിനാൽ പ്രശ്ന പരിഹാരം ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് അധിക ദൂരം സഞ്ചരിക്കാതെ തന്നെ അത് നേടിയെടുക്കാൻ സാധിക്കുന്നു. പക്ഷെ മറ്റു പ്രാദേശിക ഘടനകൾ പോലെ സുപരിചിതരായ ആളുകളുടെ സാന്നിധ്യം സ്ത്രീയെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന വെല്ലുവിളിയാണ്. ജിർഗ പോലുള്ള സംവിധാനങ്ങളിൽ കൂടുതൽ സ്ത്രീ പ്രാധിനിത്യം ഉറപ്പു വരുത്തുകയാണെങ്കിൽ ലിംഗ നീതിയും സാമൂഹിക നീതിയും ഉറപ്പുവരുത്തുന്നതിൽ അവയ്ക്ക് ഒരുപാട് ദൂരം മുന്നോട്ടു പോകാൻ സാധിച്ചേക്കും. സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തത്തിലൂടെയല്ലാതെ അവർക്ക് സ്വയം നിർണയാവകാശം ആർജ്ജിക്കാൻ സാധിക്കുകയില്ല ചുരുങ്ങിയ കാലത്തേക്കാണെങ്കിൽ പോലും സ്ത്രീകൾ കൗൺസിലറുമാരായി പ്രാദേശിക ഭരണ കൂടങ്ങളിൽ സജ്ജീവമായ ഇടപെടലുകൾ നടത്തിയ സന്ദർഭങ്ങളിൽ മാത്രമാണ് ഭരണ സംവിധാനത്തിനും സ്ത്രീകൾക്കും ഇടയിലുള്ള അകലം അൽപ്പമെങ്കിലും കുറഞ്ഞതായി തോന്നിയിട്ടുള്ളത്. അന്യതാ ബോധത്തിൽ നിന്ന് ഉയർന്നു വന്നതാണെങ്കി



ലും, പ്രാരംഭ ദിശയിൽ സ്ത്രീകൾക്കിടയിൽ താലിബാന് ലഭിച്ചു വന്ന സ്വീകാര്യത വളരെ അപകടകരമായ മുന്നറിയിപ്പാണ്. സ്ത്രീകളെ മുഖവിലയ്ക്കെടുത്തു കൊണ്ട് , അവരുടെ പൗരബോധത്തെയും ജനാധിപത്യ വിശ്വാസത്തെയും ബഹുമാനിച്ചു കൊണ്ട്

അവരെ ഭരണ സംവിധാനത്തോട് ചേർത്ത് നിർത്തേണ്ടത് കെട്ടുറപ്പുള്ള ഭരണ സംവിധാനത്തിന്റെ നില നിൽപ്പിനു തന്നെ അനിവാര്യമാണ്.






ഡോ.ജാൻസി ജോസ്

# മിന്നിച്ചു വരൂ ചുണക്കുട്ടികളേ...

**കേ**രളത്തിലിപ്പോൾ പ്രാദേശിക തെരഞ്ഞെടുപ്പു കഴിഞ്ഞിരിക്കുകയാണ്. ചെറുപ്പക്കാരികളെ മത്സരത്തിനു നിർത്താൻ തീരുമാനിക്കുകയും ;ജയിച്ചവരെ ഭരിക്കാൻ വിടുകയും ചെയ്തിരിക്കുകയാണല്ലോ. പെണ്ണുങ്ങളുടെ ഭരണം തന്നെ ആളുകളെ അങ്കലാപ്പിലെത്തിക്കുന്നുണ്ട്. അപ്പോൾ ചെറുപ്പക്കാരികളായാലോ?പലരും പലതും പറഞ്ഞെന്നിരിക്കും .പതിനെട്ടു വയസിലോ അതിനു മുമ്പോ കല്യാണം കഴിച്ചുവിട്ട് മൂന്നോ നാലോ മക്കളെ പ്രസവിച്ച് ഒരു വലിയ കുടുംബം നോക്കാൻ വിടുന്ന പ്രായത്തിൽ ഒരു പഞ്ചായത്ത് ഭരിക്കാൻ വിടുന്നത് ശരിയല്ല എന്നു തോന്നുന്നുണ്ടെങ്കിൽ അതിശയിക്കാനൊന്നുമില്ല. മീൻ കറിവെക്കാത്ത പെണ്ണുങ്ങളെ ഒന്നിനും കൊള്ളില്ല എന്നു പറയുന്ന നാടല്ലേ നമ്മുടേത്? ആൾ താമസമില്ലാത്ത മൂത്തു നരച്ച തലകളെ ദൂരെ മാറ്റി നിർത്തേണ്ട കാലമായി എന്ന് വോട്ടർമാരും തീരുമാനിച്ചിരിക്കുന്നു.

ഭരണം കിട്ടിയതുകൊണ്ട് ചെറുപ്പക്കാരികളുടെ വെല്ലുവിളികൾ തീർന്നു എന്നു കരുതരുത്. പുറത്തും അകത്തും മസിൽ പ്പെരുമ കാണിക്കാൻ ആളുകളേറെയുണ്ടാവും. എവിടെ എന്തു പറയണം എന്ന് തീരുമാനിക്കുന്നത് അവരാവും. പ്രിയപ്പെട്ട പെൺകുട്ടികളേ സ്വത്വം നഷ്ടപ്പെടുത്താതെ, തിരിച്ചറിവോടെ നാടു നന്നാക്കുക എന്നതായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം.പറയുന്നിടത്ത് ഒപ്പിടാനും, പറയുന്നിടത്ത് ഉദ്ഘാടിക്കാനും നടക്കുന്നതു മാത്രമല്ല നിങ്ങളുടെ ഉത്തരവാദിത്തം. സ്വന്തം ഉത്തരവാദിത്തം തിരിച്ചറിയാൻ കഴിഞ്ഞാൽ മാത്രമേ നിങ്ങളെ ഭരണം ഏൽപിച്ചത് മണ്ടത്തരമായില്ല എന്ന് കരുതാൻ കഴിയൂ.എത്ര കാലമായി കാത്തിരിക്കുന്നതാണ് ഇന്ത്യയുടെ ഭാവി ചെറുപ്പക്കാരിലാണ് എന്ന ആപ്തവാക്യം സഫലമാകാൻ! ഇപ്പോൾ കേരളത്തിൽ അതിന്റെ ലാഞ്ചന കണ്ടു തുടങ്ങിയിരിക്കുന്നു എന്നു മാത്രം. ശരിയായ കാഴ്ചയും കാഴ്ചപ്പാടും ഉള്ള സമയം ഈ സമയം തന്നെയാണ്. ഉശിരുള്ള പെൺകുട്ടികൾ നാടുഭരിക്കട്ടേന്ന്. അപ്പോൾ കാണാം സമൃദ്ധിയുടെ മിന്നലാട്ടം. മിന്നിച്ചു വരൂ ചുണക്കുട്ടികളേ......



ചർച്ചാവിഷയം



**മനസി മിശ്ര**
ദില്ലി സർവകലാശാലയിലെ സാക്കിർ ഹുസൈൻ ദില്ലി കോളേജിൽ പൊളിറ്റിക്കൽ സയൻസ് അദ്ധ്യാപിക

# സംഘർഷഭരിത ഇടങ്ങളിലെ സ്ത്രീയും കലാപവും: സമകാലിക അസ്സമീസ് നോവലുകളിലെ സ്ത്രീ അനുഭവങ്ങളെക്കുറിച്ച് ഒരു പഠനം




വിവർത്തനം :
**റംഷീന സീ. ടീ.**
എം.എ.ഇംഗ്ലീഷ് ബിരുദാനന്തര വിദ്യാർത്ഥി
ഇംഗ്ലീഷ് & ഫോറിൻ ലാഗ്വേജസ് യൂണിവേഴ്സിറ്റി, ഹൈദ്രബാദ്

**1979** ൽ സ്ഥാപിതമായ, യുണൈറ്റഡ് ലിബറേഷൻ (ഫ്രണ്ട് ഓഫ് അസ്സം (ULFA), മൂന്ന് പതിറ്റാണ്ടുകളായി അസ്സമിന്റെ ഉപദേശീയ രാഷ്ട്രീയത്തിൽ, പ്രബലമായ ഒരു സ്വാധീനശക്തിയായി നില നിൽക്കുന്നു. അത്യന്തം ദുർഘടമായ സമയങ്ങൾ ഉണ്ടായിരുന്നു. സായുധ കലാപങ്ങളും സ്റ്റേറ്റ് സെക്യൂരിറ്റി ഫോർസിന്റെ നിരവധി സൈനിക നീക്കങ്ങളും അസ്സമിനെ അക്രമാസക്തവും, അസുരക്ഷിതവും, അസ്ഥിരമായ രാഷ്ട്രീയത്തിന്റെയും ഇടമാക്കി മാറ്റി. ഇത്തരം സുരക്ഷിതത്വമില്ലായ്മയുടെ ഭവിഷ്യത്തുകൾ ഏറ്റവും കൂടുതൽ അനുഭവിച്ചിട്ടുള്ളത് സ്ത്രീകളാണെന്നതും ആശ്ചര്യകരമായ ഒന്നല്ല. അസ്സമിലെ സ്ത്രീകൾ കടന്ന് പോയിട്ടുള്ള അനുഭവങ്ങൾ, സായുധസേനയുടെ ആധിക്യം കൊണ്ട് ഉണ്ടായതല്ല, 'അതിനകത്തെ ഭീകരത', അവരുടെ തന്നെ പുരുഷൻമാരിലെ ഭീകരത, ഇവയെല്ലാം തന്നെ അവരുടേതായ പങ്ക് വഹിച്ചിട്ടുണ്ടെന്ന് വേണം പറയാൻ. ഒരു ഗവൺമെന്റിന്റെ സമാനതകളില്ലാത്ത അക്രമങ്ങളെക്കുറിച്ച് ബോധവതിയായിരിക്കെ തന്നെ അധികം ചർച്ച ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു കാഴ്ച്ചപ്പാടിനെ വിശകലനം ചെയ്യാൻ ശ്രമിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ. രസകരമെന്ന് പറയട്ടെ, അസ്സാമീസ് നോലുകളിലാണ് ഇത്തരം 'അകത്ത് നിന്നുള്ള ഭീകരത'യെ കുറിച്ചുള്ള വിവരണങ്ങൾ പ്രധാനമായും കണ്ടെത്താൻ കഴിയുന്നത്. റിതചൗധരിയുടെ 'ജനബി' 'എയ് സമയ്' 'സെ സമയ്', അരുൺ ഗോസാമിയുടെ 'ശോബ്ഭോത് നിഷ്തബ്ദ ധരണി' റിത ചൗധരിയുടെ 'ജഹ്നബി' എന്നീ നോവലുകളുടെ വായനയുടെ പശ്ചാത്തലത്തിലാണ് ഈ ലേഖനം എഴുതുന്നത്. ഈ ചോദ്യം വളരെ സാന്ദർഭികമാക്കി വിശദമായ ഒരു വിശകലനത്തിന് ശ്രമിക്കുകയാണ്.

അസ്സമിലെ ശിവസാഗർ ജില്ലയിലെ 'രംഗ്ഗർ' ൽ 1979 ഏപ്രിൽ 7നാണ് ഉൽഫ രൂപീകരിക്കപ്പെട്ടത്. സായുധ വിപ്ലവത്തിലൂടെ പരമാധികാരമായ ഒരു സോഷ്യലിസ്റ്റ് അസ്സമിനെ സൃഷ്ടിക്കുക എന്നതായിരുന്നു ഇതിന്റെ പ്രാഥമികമായ ഉദ്ദേശ്യം. ഭൂരിഭാഗം മുൻനിര നേതാക്കളും കീഴടങ്ങിയെന്നതൊഴിച്ചാൽ അസ്സമിന്റെ ബഹുജന സങ്കൽപത്തിൽ ഉൽഫയുടെ പിടി പൂർണമായും വിട്ടിട്ടില്ല. സഞ്ജിബ് ബോറ പറയുന്നത് പോലെ, 'അസ്സമിന്റെ പ്രാദേശിക ദേശീയതയും പാൻ ഇന്ത്യനിസവും തമ്മിലുള്ള പരിഹരിക്കപ്പെടാത്ത പിരിമുറുക്കത്തിന്റെ ലക്ഷണമാണ് 'ഉൽഫ' എന്ന പ്രതിഭാസം (ബോറ 2009:953) ഉൽഫയുടെ വിധിയിൽ വർഷങ്ങളായി ഗണ്യമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. 2011 ൽ അതിന്റെ ചെയർപേഴ്സൺ അറബിന്ദ രാജ്ഖോവയുടെ നേതൃത്വത്തിലുള്ള ഒരു വിഭാഗം അസ്സമിന്റെ പരമാധികാരവും അതുവഴി

ദേശീയ വിമോചനവും മാറ്റിവെച്ച് കൊണ്ട് കേന്ദ്ര സർക്കാരുമായി ചർച്ചയ്ക്ക് തുടക്കം കുറിച്ചു. (നാഥ് 2013, ബോറ 2020). 2013 ൽ ഈ സംഘടന രണ്ടു വിമതവിഭാഗങ്ങളായി പിരിഞ്ഞു, 'ആന്റി ടോക്ക്' ഉം (സ്വതന്ത്ര) 'പ്രോടോക്കും'. (ബോറ 2020 താലൂക്ക്ദാർ, കലിത 2019) സായുധസേനയും പരമാധികാരത്തിനായുള്ള ആവശ്യമുന്നയിക്കലും അവരുടെ പ്രാധാന്യത്തെ ഭൂരിഭാഗം നഷ്ടപ്പെടുത്തിയെങ്കിലും, ഒരു സംഘടന എന്ന നിലയ്ക്ക് 'ഉൽഫ'യെ മാറ്റി നിർത്താനാവില്ല. ഇപ്പോൾ, പ്രസ്ഥാനം ഒരു വിഭജനത്തോടെ അവസാനിക്കുകയും പരേഷ് ബോറ വിഭാഗം മാത്രം 'പരമാധികാരം' എന്ന ആവശ്യത്തിൽ നിർബന്ധബുദ്ധിയോടെ തുടരുകയും ചെയ്യുമ്പോൾ അത്തരമൊരു ആവശ്യത്തെ അനുകൂലിക്കുന്ന ഉത്പ്രേരകങ്ങളെ ഇനിയും കണ്ടെത്താൻ കഴിയും.



കേന്ദ്രഗവൺമെന്റിന്റെ നിർദ്ദിഷ്ട പൗരത്വ ഭേദഗതി ബിൽ (ഇപ്പോൾ ആക്ട്) അസ്സമിലെ അഭയാർത്ഥികളെ ആധാരമാക്കി സംസ്ഥാനത്തെ തദ്ദേശവാസികൾക്ക് വലിയ ഭീഷണയിയായി കണക്കാക്കിയ നിമിഷമായിരുന്നു 2019ന്റെ ആദ്യമാസങ്ങൾ. പക്ഷേ ബോറ വിമത ട്രൂപ്പിന്റെ റിക്രൂട്ട്മെന്റിനായി വീടുപേക്ഷിച്ച് പോയ പോലെ കൗമാരക്കാരുടെ എണ്ണം കുതിച്ചുയർന്നതായി പത്രവാർത്തകൾ ചൂണ്ടിക്കാണിച്ചു.

ഇന്ത്യൻ ഭരണകൂടത്തിന്റെ 'അവഗണനയും' 'കൊളോണിയൽ ചൂഷണവും' ആണ് ഇത്തരം റിക്രൂട്ട്മെന്റുകളിൽ ഭൂരിഭാഗത്തിന്റെയും പ്രാഥമികമായ പ്രേരണ. ഉൽഫയെ കുറിച്ചുള്ള ഇത്തരം കാൽപനിക സങ്കൽപങ്ങൾ പ്രസക്തമായി നിലനിൽക്കുന്ന കാലത്തോളം സ്ത്രീകൾക്കെതിരെയുള്ള ലൈംഗികവും അല്ലാത്തതുമായ അക്രമങ്ങൾ 'പോലീസും സൈന്യവും സമാന്തര സൈന്യവും' ഏർപ്പെടുന്ന (ബോർ ബോറ 2016) ഒന്നായി തുടരുമെന്ന് അനുമാനിക്കുന്നത് തെറ്റായിരിക്കും. മുകളിൽ പരാമർശിച്ച നോവലുകൾ അത്തരം വക്രമായ ധാരണകളെ തകർക്കുന്നതിനുള്ള ശ്രമങ്ങളാണ്.

റീത ചൗധരിയുടെ തീവ്രമായ നോവലായ ജഹനബി (2013)യിൽ നിയമവിരുദ്ധമായ ഒരു വിമത സംഘടനയുടെ ഉയർന്ന കമാൻഡറുടെ ഭാര്യ ജഹനബി എന്ന സ്ത്രീയെ നമ്മൾ കണ്ടുമുട്ടുന്നു. (നോവലിസ്റ്റ് ഈ സംഘടനയുടെ പേര് പറയുന്നില്ലെങ്കിലും പറയപ്പെടുന്ന സംഘടന ഉൽഫയാണെന്ന് അനുമാനിക്കാൻ കഴിയും.)

സാഹചര്യസമ്മർദ്ദങ്ങൾ മൂലം ജഹനബിക്ക് മറ്റൊരു കുടുംബത്തിൽ അഭയം തേടേണ്ടി വരുന്നു. നിർഭാഗ്യവശാൽ ആ കുടുംബത്തിന്റെ ഒരേയൊരു മകൻ ആനന്ദിനെ കൊലപ്പെടുത്തിയത് അവരുടെ സംഘടന ആണ്. കൊല്ലപ്പെട്ട മകന്റെ അമ്മ ഇപ്പോൾ ഒരു പ്രതിസന്ധിയിൽ ആവുന്നു. തന്റെ മകന്റെ കൊലപാതകത്തിൽ പരോക്ഷമാണെങ്കിലും പങ്കാളിയായ ഒരുവളെ സഹായിക്കണോ? എന്നാൽ പ്രതികാരത്തിന് മുകളിൽ അവർ മാനവികത തിരഞ്ഞെടുക്കുകയും പ്രസവിക്കുന്നതിൽ ജഹനബിയെ സഹായിക്കുകയും ചെയ്യുന്നു. കുടുംബത്തിനെക്കുറിച്ചുള്ള യാഥാർത്ഥ്യം തിരിച്ചറിയുമ്പോൾ ജഹനബി ദുഃഖത്തിലും കുറ്റബോധത്തിലും ആണ്ട് പോകുന്നു. ഒരിക്കലും ചോദ്യം ചെയ്യപ്പെടാത്ത 'അനുസരണ' അച്ചടക്കത്തിന്റെ മുഖമുദ്രയാകുന്ന വിമത സംഘടനകളിൽ സാധാരണയായി അംഗങ്ങൾ നേരിടുന്ന ധാർമ്മിക പ്രതിസന്ധിയിലേക്ക് ഭർത്താവിനോടുള്ള അവളുടെ പൊട്ടിത്തെറി വിരൽ ചൂണ്ടുന്നു. കൊള്ളയടിക്കുന്നതുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ പാലിക്കാൻ വിസമ്മതിച്ചതിനാലാണ് ആനന്ദ് കൊല്ലപ്പെട്ടത്. 1971ലെ യുദ്ധത്തിൽ പോരാടിയ 'മനുഷ്യരാശിയെ തുടച്ചുനീക്കാൻ കഴിയാതെ ഹിംസയുടെ പരിമിതമായ ശക്തി' തിരിച്ചറിഞ്ഞ ചില പാക്കിസ്ഥാൻ സൈനികരെ പോലെ ജഹനബിയും ഇപ്പോൾ സ്വന്തം സംഘടനയുടെ അപമാനവികരണത്തിൽ ഭയപ്പെടുന്നു. ഒരു സാങ്കൽപിത കഥയായിരുന്നിട്ട് കൂടി പണത്തിന്റെ ആവശ്യം നിറവേറ്റാതെ വരുമ്പോൾ ഉൽഫ ഉത്തരവിട്ട ഇത്തരം നിരവധി വധശിക്ഷകളെ ജഹനബി പരാമർശിക്കുന്നു. ഇത്തരം കുറ്റവാളികൾക്കെതിരെ ശക്തമായ നടപടിയെടുക്കുമെന്ന് ഉൽഫ നേതൃത്വം പ്രതിജ്ഞയെടുത്തു എന്നത് ശരിയാണെങ്കിലും, അവരുടെ പിന്തുണയില്ലാതെ ഇത്തരം കൊലപാതകങ്ങൾ നടന്നതായി സങ്കൽപിക്കാൻ പ്രയാസമാണ്. ഈ കൊല

പാതകങ്ങളിൽ തങ്ങളുടെ പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട സ്ത്രീകൾ ഇപ്പോഴും സംഘടനയിൽ നിന്ന് ഒരു ക്ഷാമ പണം കാത്തിരിക്കുന്നു.

അരുൺ ഗോസ്വാമിയുടെ ഷോബ് ദോത് നിഷ തബ്ദ ധരണി (2007)യിൽ ഒളിച്ചോടിയപ്പോയ വിമതനായ വിനയ് എന്ന കഥാപാത്രത്തെയും അദ്ദേഹത്തിന്റെ കുടുംബത്തെയും ഗ്രാമത്തിൽ സൈന്യം നടത്തിയ തിരച്ചിലിന്റെ പേരിൽ കുറ്റപ്പെടുത്തുന്നു. നിരവധി സ്ത്രീകൾ ബലാത്സംഗത്തിന് ഇരയായി, നിരവധി പുരുഷൻമാർ ശാരീരികമായി ആക്രമിക്കപ്പെട്ടു. വിനയുടെ അമ്മയ്ക്കും സഹോദരിമാർക്കും നേരിടേണ്ടിവരുന്ന ലൈംഗികാതിക്രമങ്ങളേക്കാൾ. ഉപരിയായി അവരെ തളർത്തുന്നത്, അവരുടെ ഏക ഉപജീവന മാർഗമായ കൈത്തറി നശിപ്പിക്കുന്നതാണ്. വിമതപ്രക്ഷോഭങ്ങൾക്കിടെ സ്ത്രീകളുടെ ഉപജീവനമാർഗം നഷ്ടപ്പെടുന്നത് സാധാരണ സംഭവമായിരിക്കണം, എന്നാൽ അത്തരം നഷ്ടങ്ങളുമായി ബന്ധപ്പെട്ട ഔദ്യോഗിക രേഖകൾ കണ്ടെത്തുന്നത് ബുദ്ധിമുട്ടാണ് തന്മൂലം നഷ്ടപരിഹാരം ആവശ്യപ്പെടുന്നതിനുള്ള സാധ്യതയും കുറവാണ്. വിമതരുടെ കുടുബങ്ങളെ പൊതുസമൂഹം അനൗപചാരികമായി ബഹിഷ്കരിക്കുന്നതാണ് ഈ നോവൽ എടുത്തുകാണിക്കുന്ന മറ്റൊരു പ്രശ്നം. 'ഭയം' അല്ലെങ്കിൽ 'വെറുപ്പ്' കാരണം ആളുകൾ വിനയുടെ കുടുംബത്തെ സന്ദർശിക്കുന്നില്ല. അവരുമായുള്ള ഏത് തരത്തിലുള്ള ബന്ധവും സൈന്യത്തെ രോഷാകുലമാക്കും എന്ന ആശങ്ക അവർക്കിടയിൽ നിലനിൽക്കുന്നു. റീനയെ വിവാഹം കഴിക്കാൻ ഉദ്ദേശിച്ച ജാദവ് എന്ന യുവാവ്, സുരക്ഷാ ഉദ്യോഗസ്ഥർ ബലാത്സംഗം ചെയ്തതിന് ശേഷം അവളുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിച്ചു.

നീതി ലഭിക്കുമെന്ന് യാതൊരു പ്രതീക്ഷയുമില്ലാത്ത കലാപബാധിത പ്രദേശങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന നിശബ്ദ നഷ്ടങ്ങളാണിത്. രാഖി മോരൽ കലിത (2014) ചൂണ്ടിക്കാണിച്ചതുപോലെ, സംഘർഷങ്ങളിൽ സ്ത്രീകളുടെ പങ്കും സഹനവും പലപ്പോഴും ചരിത്രത്തിന്റെ ഒരു അടിക്കുറുപ്പിലേക്ക് തരംതാഴ്ത്തപ്പെടുന്നു. ഇതുവരെ നിശബ്ദമാക്കപ്പെട്ട അവരുടെ ശബ്ദങ്ങൾ കണ്ടെത്തുന്നതിലാണ് സാധാരണക്കാരുടെ ജീവിതത്തിലെ പ്രശ്നങ്ങളുടെ വ്യാപ്തിയെ നമ്മൾ നേരിടുന്നത്. വിനയുടെ തിരോധാനത്തിന് ശേഷം റീനയും റുനുവും അമ്മയും കഷ്ടതയനുഭവിച്ചെങ്കിലും, അവരുടെ പ്രശ്നങ്ങൾക്ക് അവനെ കുറ്റപ്പെടുത്തുന്നില്ല. സൈന്യത്തെ ഗ്രാമത്തിൽ കൊണ്ടുവന്നതും അതിനോടൊപ്പം ഉണ്ടായ എല്ലാ പ്രശ്നങ്ങൾക്കും ഉത്തരവാദി വിനയ് ആണെന്ന് അവരുടെ അമ്മാവൻ വാദിക്കുമ്പോൾ, ഗ്രാമത്തിന് വേണ്ടി വിനയ് ചെയ്ത എല്ലാ നല്ല കാര്യങ്ങളും റീന ഓർമിപ്പിക്കുന്നുണ്ട്. പ്രാദേശിക മാധ്യമങ്ങൾ അതിന്റെ ഏറ്റവും ജനപ്രിയ ഘട്ടത്തിൽ ഉൽഫയുടെ 'ആദർശപരവും ദേശസ്നേഹികളുമായ യുവാക്കൾക്ക്' (ഗോഹെൻ 2007 : 1012) നൽകിയ പിന്തുണയെ അനുസ്മരിപ്പിക്കുന്നതാണിത്.

ഈ നോവൽ, പ്രാരംഭഘട്ടത്തിൽ ഉൽഫയും പോലീസും തമ്മിലുണ്ടായിരുന്ന അനൗപചാരിക ചങ്ങാത്തത്തെക്കുറിച്ച് സൂചിപ്പിക്കുന്നു. വിനയെ കാണാൻ വിദൂരമല്ലാത്ത ഒരു നാൾ വരെ ജനക്കൂട്ടം വീട്ടിൽ വരുന്നതും, ആളുകൾ അവരുടെ പ്രശ്നങ്ങൾ അദ്ദേഹത്തിനോട് പങ്ക് വെക്കുന്നതും, ആവശ്യമായ നടപടികളിൽ അദ്ദേഹം പോലീസിനെ നയിക്കുന്നതെല്ലാം, അമ്മ ഓർമ്മപ്പിക്കുന്നിടത്ത് ഇത്തരം ഒരു ബന്ധത്തെ കുറിച്ചുള്ള സൂചനകളുണ്ട്. മോറൽ പോലീസിംഗിനും വ്യക്തിസ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നതിനുമുള്ള ശ്രമങ്ങൾ യഥാർത്ഥത്തിൽ നടന്നിരുന്നുവെങ്കിലും വലിയൊരു വിഭാഗം ജനങ്ങൾക്കിടയിൽ സംഘടന അനുഭവിച്ച സ്വാധീനം, ഉൽഫയെ 'റാബിൻ ഹുഡ്' (ദത്ത 2008) എന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്നതിൽ പര്യാപ്തമായിരുന്നു.

റീത്ത ചൗധരിയുടെ ഐെയ് സമയ്, സായ് സമയ് (2007) എന്ന നോവലിൽ മോണി ഒരു ഉപരിപ്ലവമായ ഒരു കഥാപാത്രമാണ്. അസ്സമിലെ ഒരു വിദൂര ഗ്രാമത്തിൽ, അവളുടെ കുടുംബം ഉൽഫയുടെ കടുത്ത പിന്തുണക്കാരായാണ് ആരംഭിക്കുന്നത്. അവളുടെ കുടുംബത്തിലെ ഇളയ മകനെ വിപ്ലവസംഘടനയ്ക്കായി വിട്ടുകൊടുക്കുന്നു. മോണിക്കും സംഘടനയിൽ ചേരാൻ ആഗ്രഹമുണ്ട്. ലൗകിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജീവിതം പാഴാക്കാൻ അവൾ ആഗ്രഹിക്കുന്നില്ല. അത് നല്ല ലക്ഷ്യത്തിനായി ഉപയോഗിക്കണം. അസ്സമിന്റെ 'സ്വാദിൻ' (സ്വാതന്ത്ര്യം) ൽ വിശ്വസിച്ചിരുന്ന വിപ്ലവത്തിന്റെ മറന്നുപോയ (ഉപേക്ഷിക്കപ്പെട്ട) സൈനികരിൽ ഒരാളാണ് മോണി. എന്നാൽ ഇതെല്ലാം ഇപ്പോൾ അസാധുവാണ്. അവളുടെ സഹോദരനെ സംസ്ഥാന സുരക്ഷാസേന കൺമുമ്പിൽ വെച്ച് കൊണ്ട് പോയി, ഭർത്താവ് രത്തൻ അപ്രത്യക്ഷനായി. ഇന്ത്യൻ സൈനികരുടെ ലൈംഗികാതിക്രമത്തിന് ഇരയായതിന് ശേഷം മോണിയുടെ മാനസികാരോഗ്യം തകർന്നു. മാനസികരോഗിയായ ഒരു അംഗത്തെകൊണ്ട് സംഘടനയ്ക്ക് ഒരു പ്രയോജനവുമില്ല. ഒരു പഴയ സുഹൃത്ത് ഗർഭിണിയായ മോണിയെ വിവാഹം കഴിച്ച് ഗുവാഹട്ടിയിലേക്ക് കൊണ്ടുവരുമ്പോൾ ഒരു തകർന്ന കുടുംബത്തിന് അതൊരു ആശ്വാസമായിരിക്കും. പക്ഷേ, അവൾ ഒരിക്കലും പഴയ നിലയിലേക്ക് തിരിച്ച് വരുന്നില്ല.

വനിതാ കേഡർമാർക്കെതിരെയുള്ള സുരക്ഷാസേന നടത്തുന്ന അതിക്രമങ്ങളും സംഘടനാ നേതൃത്വത്തിന് അതിനോടുള്ള പ്രതികരണവും (അല്ലെങ്കിൽ അതിന്റെ അഭാവം) മോനിയുടെ കഥ പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ട് വരുന്നു. 2004 ൽ തങ്കം മനോരമയുടെ ദാരുണമായ മരണം. മണിപ്പൂരിലെ സായുധ സേനയുടെ പ്രത്യേക അധികാര നിയമത്തെ (എ.എഫ്.എസ്.പി.എ) സംബന്ധിച്ച് വ്യാപകമായ ചർച്ചയ്ക്ക് കാരണമായി. പക്ഷേ അത് തീർച്ചയായും ഒരു വിമത ഗ്രൂപ്പിലെ ഒരു വനിതാ അംഗത്തിനെതി

രായ ആദ്യത്തെ കേസല്ല, അവസാനത്തേതു മായിരുന്നില്ല. മോണിയുടെ കഥയിൽ, അവൾ ചോദിക്കുന്നത്, നമുക്ക് കേൾക്കാം, അവർക്കെതിരായ ആക്രമണത്തിന് പ്രതികാരം ചെയ്യാൻ കമാൻഡർ ഇൻ ചീഫ് എന്താണ് ചെയ്തത്? സ്വാതന്ത്ര്യത്തിനായുള്ള യുദ്ധം നടക്കുമ്പോൾ യുദ്ധമുന്നണിയിൽ നിൽക്കാൻ അവൾ ആഗ്രഹിക്കുന്നു (ജ 289). മോണിയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അറിവിനെ പറ്റി നോവലിൽ നേരിട്ട് പരമാർശങ്ങളൊന്നുമില്ല, പക്ഷേ അവളുടെ പ്രചോദനമായി പ്രതികാരത്തെ വായിക്കാം. കീഴടങ്ങരുതെന്നതിൽ അവൾ ഉറച്ച് നിൽക്കുന്നു. അത് കൊണ്ട് ഇവൾ ഇപ്പോഴും അനസ്തിത്വത്തിന്റെ ഇടം കൈവശപ്പെടുത്തുന്ന ഭ്രഷ്ടയായ വിമതയാണ്. കീഴടങ്ങാൻ വിസമ്മതിക്കുന്ന വിമത കേഡർമാരുടെ ഗതിയെക്കുറിച്ചുള്ള അസ്വസ്ഥമായ ചോദ്യം ഈ നോവലിന്റെ ഒരു പ്രധാന വശമാണ്. സംഘടന അംഗീകരിച്ചിട്ടില്ലെങ്കിലും അവർ ഇപ്പോഴും സംഘടനയിൽ അംഗങ്ങളാണോ? കീഴടങ്ങാനുള്ള അവരുടെ വിസമ്മതം പൊതുമാപ്പ് പദ്ധതി പ്രകാരമുള്ള പല ആനുകൂല്യങ്ങൾക്കും അവരെ യോഗ്യരല്ലാതാക്കും. പരിതാപകരമായ ഈ സാഹചര്യത്തിൽ ആശ്രയിക്കാൻ ഒന്നും തന്നെ ഉണ്ടാവുകയില്ല. ഈ അവസരത്തിൽ ഉത്തര അസ്സമിലെ ടിൻസുകിയെ ജില്ലയിലെ പ്രോഗ്രസീവ് വിമൻസ് അസോസിയേഷനെക്കുറിച്ച് പരാമർശിക്കാം. ഈ കമ്മ്യൂണിൽ താമസിക്കുന്ന സ്ത്രീകൾ ഇതുവരെ കീഴടങ്ങാത്തവരാണ് എന്നാൽ സായുധ കലാപത്തിൽ വിശ്വസിക്കുന്നുമില്ല. സ്വതന്ത്ര അസ്സാം എന്ന സ്വപ്നത്തിൽ അവർ വിശ്വസിക്കുന്നു. കൂടാതെ ചൂഷിതരായ ഇന്ത്യൻ ഭരണകൂടത്തിന്റെ സഹായവും അവർ പാടേ നിരസിക്കുന്നു. (ബാർബോറ 2016). ഈ കമ്മ്യൂണിൽ മോണിയെപ്പോലുള്ള സ്ത്രീകൾക്ക് എപ്പോഴെങ്കിലും ഇടം ഉണ്ടാകുമോ? നമ്മൾക്കിത് വരെ അറിയില്ല.

അസ്സമിലെ സ്ത്രീകളും 'ഉൽഫ'യുമായുള്ള ബന്ധം വളരെ സംഘർഷഭരിതമായ ഒന്നായിരുന്നു. പഠനത്തിന് വിധേയമാക്കിയ മൂന്ന് നോവലുകളും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളിൽ സംഘടനയുടെ പരോക്ഷമായ പങ്കാളിത്തത്തെ ചൂണ്ടിക്കാണിക്കുന്നു. 'ഈവ്-ടീസിംഗ്' പോലുള്ള പ്രശ്നങ്ങളെക്കുറിച്ച് ആളുകൾക്കിടയിൽ അവബോധം സൃഷ്ടിക്കാൻ അവരുടെ ഭാഗത്ത് നിന്ന് ബോധപൂർവ്വമായ ശ്രമം നടന്നിട്ടില്ലെങ്കിലും, 'സ്ത്രീകളോടുള്ള മോശം പെരുമാറ്റ'ത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് എടുത്തിട്ടുള്ളതെന്ന് ഒറ്റനോട്ടത്തിൽ ഉൽഫയുടെ പ്രതാപകാലത്തിലെ പ്രവർത്തനങ്ങൾ കാണിക്കുന്നത് (ദത്ത 2008 : 70) സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ സംഘടനയ്ക്ക് ആത്മാർത്ഥയില്ലായിരുന്നുവെന്ന് വ്യക്തമാക്കുന്നത്, പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ കലഹമുണ്ടാക്കുന്ന എജിപി ഗവൺമെന്റിന്റെ ഒരു മന്ത്രിയോ, അല്ലെങ്കിൽ മറ്റൊരു മന്ത്രി വനിതാ ടൂറിസ്റ്റിനെ ഉപദ്രവിക്കുകയോ ചെയ്യുന്ന കാര്യങ്ങളിൽ സംഘടന തികഞ്ഞ നിശബ്ദത പാലിച്ചിരുന്നു എന്ന വസ്തുതയാണ്. (ദത്ത 2008) ആനന്ദയുടെ ഭാര്യയുടെ വിഷയത്തിൽ ജഹനബിയുടെ ഭർത്താവ് പ്രകടിപ്പിക്കുന്ന പൂർണമായ ഉദാസീനത ഈ ഉപരിപ്ലവതയുടെ മറ്റൊരു ഉദാഹരണമായി കണക്കാക്കാം.

'ഉൽഫ' അതിന്റെ ജനപ്രീതിയുടേയും സ്വാധീനത്തിന്റെയും മൂർദ്ധന്യത്തിൽ, സാമൂഹിക പരിഷ്ക്കരണമെന്ന പേരിൽ വ്യക്തിജീവിതത്തിലെ ഏറ്റവും സ്വകാര്യ മേഖലകളായ മദ്യപാനം, വസ്ത്രധാരണം, വ്യക്തിബന്ധങ്ങൾ എന്നിവയിൽ ഇടപെടുമായിരുന്നു മദ്യപാനത്തിനെതിരായ സംഘടനയുടെ കർശനമായ നിലപാട് മദ്യപിക്കുന്ന ഏതൊരാൾക്കും ബാധകമായ ഒന്നായി. കചാരിസ് പോലുള്ള മതപരമായ ചടങ്ങുകൾക്ക് വീട്ടിൽതന്നെ മദ്യം ആവശ്യമായി വരുന്ന ആളുകളെ പോലും അവർ വെറുതെ വിട്ടില്ല (ഖാനിക്കർ 2018) വലിയൊരു ഭാഗം ഗ്രാമീണ സ്ത്രീകളുടെയും ഉപജീവനം ഭവനങ്ങളിൽ നിർമ്മിച്ച മദ്യവ്യാപാരത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും സമ്പൂർണ്ണ നിരോധനം അവരെ സാമ്പത്തികമായി തകർക്കുമെന്നും സംഘടനയുടെ ആദർശവാദികൾക്ക് വലിയ ആശങ്കയില്ലായിരുന്നു. സൈന്യത്തിന്റെ തിരച്ചലിൽ അവരുടെ കൈത്തറി നശിപ്പിച്ചതിന് ശേഷം വിനയുടെ കുടുംബത്തിന് സംഭവിക്കുന്ന നഷ്ടവുമായി അത്തരം നഷ്ടങ്ങളെ താരതമ്യം ചെയ്യാവുന്നതാണ്. ചില വിഷയങ്ങളിൽ, സംസ്ഥാന സുരക്ഷാ സേനയുമായി താരതമ്യപ്പെടുത്തുമ്പോൾ ഉൽഫ സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന് കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. സാന്താന ഖാനിക്കർ (2018) തന്റെ State, Violence and Legitimacy in India എന്ന പുസ്തകത്തിൽ പറയുന്നത് പോലെ, ലഖിപഥർ പോലുള്ള സ്ഥലങ്ങളിൽ സ്ത്രീകൾ മുടി വെട്ടുന്നത് പോലും അനുവദിച്ചിരുന്നില്ല. സൽവാർ കമീസിനെ ഒരു 'ഇന്ത്യൻ' വസ്ത്രമായി കണക്കാക്കിയിരുന്നതിനാൽ അതും അനുവദിച്ചില്ല. ചെറുപ്പക്കാരായ പെൺകുട്ടികൾ ഫ്രോക്കുകളോ പാവാടകളോ ധരിക്കേണ്ടതായി വന്നു. അവർ വളർന്നുകഴിഞ്ഞാൽ അവർക്ക് മേഖല സാദർ മാത്രമേ ധരിക്കാൻ അനുവാദം ഉണ്ടായിരുന്നുള്ളൂ ഇപ്പോൾ മുഖ്യാധരയിലേക്ക് പ്രവേശിച്ച സംഘടനയിലെ മിക്ക മുതിർന്ന നേതാക്കളും തങ്ങളുടെ കേഡർമാർ ചെയ്യുന്ന അതിക്രമങ്ങളെക്കുറിച്ച് സ്വയം ആത്മപരിശോധന നടത്തുന്നതിന്റെ ഒരു ലക്ഷണവും കാണിക്കുന്നില്ല എന്നത് അതിശയകരമാണ്. അത്തരമൊരു ആത്മപരിശോധനയുടെ വിവരണമാണ്. ജഹനബിയുടെ പൊട്ടിത്തെറി വിനയുടെ അമ്മയും സഹോദരിമാരും മോണിയും ആനന്ദയും പോലുള്ളവരുടെ ത്യാഗത്തിന്, പ്രതീകാത്മകമായി പോലും സംഘടനാനേതൃത്വം ഒരു ക്ഷമാപണം നടത്തിയിട്ടില്ല. ഏതെങ്കിലുമൊരു നേതാവ് അവരെ അഭിമുഖീകരിക്കാനും അത്തരമൊരു ക്ഷമാപണം നടത്താനും ധൈര്യപ്പെടുമോ?



പെൺപക്ഷം

അജിത കെ.

# സിസ്റ്റർ അഭയ കേസ് നമ്മളോട് പറയുന്നതെന്ത്?


ഡിസംബറിലെ ചില നാഴികക്കല്ലുകൾ 2020 കഴിഞ്ഞ് 2021 ലേക്ക് സമയം കടന്നു പോകുന്നതിനു മുൻപ് കേരളത്തിൽ പ്രധാനപ്പെട്ട ഒരു ചരിത്ര സംഭവമുണ്ടായി. കഴിഞ്ഞ 28 വർഷങ്ങളായി നീതി തേടിക്കൊണ്ടിരുന്ന സിസ്റ്റർ അഭയ കൊലപാതക കേസിലെ സിബിഐ കോടതി വിധി ആയിരുന്നു അത്. കോട്ടയം പയസ് ടെൻത്ത് കോൺവെന്റ് അന്തേവാസി ആയിരുന്ന ആ 19കാരി സിസ്റ്റർ അഭയ (നേരത്തെ ബീനാമോൾ )1992 മാർച്ച് 27 ന് പുലർച്ചെ 4.30ന് ശേഷം അതിദുരൂഹമായ സാഹചര്യങ്ങളിൽ കൊല ചെയ്യപ്പെട്ടു. ഈ കേസിന്റെ നാൾവഴികൾ പരിശോധിച്ചാലറിയാം അറിയാം എത്രമാത്രം സ്വാധീന ശക്തിയാണ് കത്തോലിക്കാസഭ ഈ കേസ് തേച്ചു മായ്ച്ചു ഇല്ലാതാക്കാൻ ഉപയോഗിച്ചതെന്ന് . കോട്ടയത്തെ മനുഷ്യാവകാശ പ്രവർത്തകനായ ജോമോൻ പുത്തൻപുരയ്ക്കലും അടയ്ക്ക രാജു എന്ന സാക്ഷിയും ഈ കേസ് തെളിയിക്കുന്നതിൽ വഹിച്ച പങ്ക് നിർണായകമാണ്. തുടക്കത്തിൽ ലോക്കൽ പോലീസും ക്രൈംബ്രാഞ്ചും ആത്മഹത്യയെന്ന് എഴുതിത്തള്ളിയ ഈ സംഭവം പിന്നീട് സിബിഐ ആണ് തുറന്നത്. സാഹചര്യ തെളിവുകളും സാക്ഷിമൊഴികളും ഉണ്ടായിട്ടുപോലും നിസ്സാരമായി ആത്മഹത്യയെന്ന് എഴുതിത്തള്ളിയ ഈ കേസ് പിന്നീട് സിബിഐ ഏറ്റെടുത്തു. സത്യസന്ധനായ അന്നത്തെ ഒരു സിബിഐ ഉദ്യോഗസ്ഥൻ ഇത് കൃത്യമായ കൊലപാതകമാണെന്ന് പ്രഖ്യാപിച്ച ഉടനെതന്നെ രാജിവയ്ക്കാൻ നിർബന്ധിതനായി. പിന്നെയും പുതിയ ഉദ്യോഗസ്ഥന്മാർ വന്നു . പലതവണ സിബിഐ തന്നെ കേസന്വേഷണം നിർത്തിവെക്കാൻ കോടതിയിൽ അപേക്ഷ കൊടുത്തു. എങ്കിലും കോടതി കേസന്വേഷണം തുടരാൻ തന്നെയാണ് ഉത്തരവ് കൊടുത്തത്. അവസാനം 2008ൽ, 16 വർഷങ്ങൾക്കു ശേഷം ഫാദർ തോമസ് കോട്ടൂരും ഫാദർ ജോസ് പുതൃക്കയിലും സിസ്റ്റർ സെഫിയും അറസ്റ്റുചെയ്യപ്പെട്ടു. എന്നിട്ടും വർഷങ്ങൾ 12 കഴിഞ്ഞു പ്രതികളിൽ രണ്ടുപേർ കുറ്റക്കാരാണെന്ന വിധി വരാനും രണ്ടുപേരും ജീവപര്യന്തം ശിക്ഷിക്കപ്പെടാനും. ഈ കേസിന്റെ സാമൂഹ്യ പശ്ചാത്തലവും രാഷ്ട്രീയ മാനങ്ങളും എല്ലാം വളരെ ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. പക്ഷെ എനിക്ക് പറയാനുള്ളത് അതല്ല. കത്തോലിക്കാസഭയുടെ ഈ കേസിലെ പങ്കാളിത്തം ഇന്നും വ്യംഗമായേ ചർച്ചചെയ്യപ്പെടുന്നുള്ളൂ. അതിനുശേഷം കന്യാസ്ത്രീ പട്ടം കെട്ടിയ പാവപ്പെട്ട എത്രയെത്ര പെൺകുട്ടികളാണ് ഭീകരമായ പീഡനങ്ങൾക്കും ജീവ ത്യാഗത്തിനും വിധേയരായെന്നതിന് കണക്കില്ല. ബിഷപ്പ് ഫ്രാങ്കോയുടെ കേസും താരതമ്യപ്പെടുത്തി നോക്കിയാലറിയാം ഈ പീഡന പരമ്പരകളുടെ പിറകിലുള്ള അധികാരശക്തി എത്രമാത്രം പാപപങ്കിലമാണെന്ന്. അഭയയുടെ അപ്പനും അമ്മയും നീതി കിട്ടാതെ കണ്ണടച്ചു. സഹോദരനും കുടുംബവും മാത്രമാണ് ഇന്നുള്ളത്. ഇത്ര വൈകി വന്ന നീതിക്ക് ചരിത്രപരമായ അർത്ഥമല്ലാതെ മറ്റെന്താണുള്ളത് . ഈ 28 വർഷങ്ങളത്രയും ഈ പ്രതികൾ കത്തോലിക്കാസഭയിലെ താന്താങ്ങളുടെ അധികാര സ്ഥാനങ്ങളിലിരുന്ന് മതത്തിന്റെ പരിവേഷത്തോടെ സാധാരണ ജനങ്ങളെ പ്രതികൾ കബളിപ്പിക്കുകയായിരുന്നില്ലേ? ഒരു പ്രതി ശിക്ഷ കിട്ടാതെ പുറത്തു തന്നെ കഴിയുകയും ചെയ്യുന്നു.

ബിഷപ്പ് ഫ്രാങ്കോയുടെ കേസും ഇതുപോലെതന്നെ വർഷങ്ങളോളം പൊടി പിടിച്ച് കിടന്ന് അവസാനം ആവിയായി പോകുമെന്ന ആശങ്ക സ്വാഭാവികമായും കേരളത്തിലെ സ്ത്രീ സമൂഹത്തിനുണ്ട്. മതവും രാഷ്ട്രീയവും ചേർന്നുള്ള ഈ ജനവിരുദ്ധ അവിശുദ്ധ കൂട്ടുകെട്ട് തിരിച്ചറിയുകയും തകർക്കുകയും ചെയ്യേണ്ടത് കാലത്തിന്റെ ആവശ്യമാണ്.



**മുൻമി പഥക്**
അസി.പ്രൊഫസർ, ചരിത്ര വിഭാഗം,
ടെറ്റ്സൊ കോളേജ്, ദിമാപുർ, നാഗാലാന്റ്

# സ്ത്രീയും സായുധകലാപവും : ഉൾഫയിലെ സ്ത്രീ അനുഭവങ്ങൾ



വിവർത്തനം :
**അന്ന മിനി**
കേരള സർവകലാശാല,
പൊളിറ്റിക്കൽ സയൻസ്
ഗവേഷക

കഴിഞ്ഞ കുറെ ദശകങ്ങളായി വിവിധ സംഘങ്ങളുടെ നേതൃത്വത്തിലുള്ള സായുധകലാപത്തിന് വേദിയാണ് ഇന്ത്യയുടെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ. സ്വയംഭരണാവകാശം മുതൽ പരമാധികാരം വരെയുള്ള ആവശ്യങ്ങൾ ഉയർത്തികൊണ്ടുള്ള പോരാട്ടങ്ങൾക്ക് നേരെയുള്ള ഭരണകൂടത്തിന്റെ പ്രത്യാക്രമണങ്ങളും ചെറുതല്ല. സുദീർഘമായ ഈ സംഘർഷാവസ്ഥ സാധാരണക്കാരുടെ ദൈനംദിന ജീവിതത്തെ വളരെയധികം ബാധിച്ചിട്ടുണ്ട്.


1980കൾ മുതലാണ് സംഘർഷ മേഖലയിലെ സ്ത്രീകളുമായി ബന്ധപ്പെട്ടുള്ള പഠനങ്ങളിൽ സുപ്രധാനമായ വർദ്ധനവ് ഉണ്ടാകുന്നത്. എന്നാൽ ഈ കാലഘട്ടത്തിലെ രചനകളിൽ ഏറിയപങ്കും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം മുൻനിർത്തി യുദ്ധം നയിക്കുന്ന നായകപരിവേഷമുള്ള പുരുഷന്മാരെയും ശാരീരിക അതിക്രമത്തിൻറെയും ലൈംഗിക പീഡനത്തിന്റെയും ഇരകളാക്കപ്പെട്ട സ്ത്രീകളെയും കുറിച്ച് വിവരിക്കുന്നവയായിരുന്നു. സിന്ത്യ എൻലോയെ പോലെയുള്ള എഴുത്തുകാരുടെ കാഴ്ചപ്പാടിൽ പുരുഷനെ സമർത്ഥനായ യോദ്ധാവും സ്ത്രീയെ നിരായുധയും തന്റെ സംരക്ഷണത്തിനായി പുരുഷനെ ആശ്രയിക്കുന്നവളുമായി ആവിഷ്കരിക്കുന്നത് സൈനികവത്കരിക്കപ്പെട്ട സമൂഹത്തിന്റെ സൃഷ്ടിയാണ്.

വടക്ക്കിഴക്കൻ സംസ്ഥാനങ്ങളിലെ സംഘർഷ മേഖലയിൽ നിന്നുള്ള സ്ത്രീകളുടെ വിവിധ തലങ്ങളിലുള്ള ആഖ്യാനങ്ങൾ പുറത്തുവന്നിട്ടുണ്ട്. ഇരയാക്കപ്പെട്ട സ്ത്രീകൾ, സാമൂഹ്യ പ്രവർത്തകർ, സമാധാന നടപടികൾക്കുവേണ്ടി പ്രവർത്തിക്കുന്നവർ, ധാർമിക പിന്തുണ നൽകുന്ന സ്ത്രീകൾ, സായുധ

കലാപത്തിൽ ഏർപ്പെടുന്ന സ്ത്രീകൾ ഇവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. United Liberation Front of Assam (ULFA) യെ കുറിച്ച് നിരവധി പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും, പൊതുസമൂഹത്തിൽ അധികം ശ്രദ്ധിക്കപ്പെടാതെ പോകുന്ന, ഉൾഫയുടെ ഭാഗമായി പ്രവർത്തിക്കുന്ന സ്ത്രീകളുടെ ജീവിതത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനാണ് ഈ ലേഖനം ശ്രമിക്കുന്നത്. 1979 ഏപ്രിൽ 7 നാണ് ഉൾഫ രൂപീകരിക്കപ്പെടുന്നത്. അഹോം രാജവംശം പണികഴിപ്പിച്ച രംഗാർ എന്ന് അറിയപ്പെടുത്ത രംഗവേദിയിൽവെച്ച് (amphitheater) ഒരു കൂട്ടം യുവാക്കളുടെ നേതൃത്വത്തിലാണ് ഉൾഫ രൂപംകൊണ്ടത്. സായുധപോരാട്ടത്തിലൂടെ, ഇന്ത്യയുടെ നിയമവിരുദ്ധമായ കൈവശപ്പെടുത്തലിൽ നിന്ന് ആസ്സാമിനെ മോചിപ്പിച്ചു, പരമാധികാരമുള്ള സ്വതന്ത്ര്യ ഭരണം നടപ്പിലാക്കുക എ

ന്ന പ്രഖ്യാപിത ലക്ഷ്യത്തോടെയാണ് ഈ സംഘടന രൂപംകൊണ്ടത്.

ഉൾഫയുടെ പോരാട്ടങ്ങൾ ജനശ്രദ്ധ ആകർഷിച്ചു തുടങ്ങിയ 1990 കളിലാണ് സംഘടനയിൽ സ്ത്രീ സാന്നിദ്ധ്യമുണ്ടാകുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യസമരകാലത്തും 1979 ലെ അസം പ്രക്ഷോഭകാലത്തും രാഷ്ട്രീയ-സാമൂഹിക പൊതുമണ്ഡലത്തിലെ സ്ത്രീ സാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നു. അസം പ്രക്ഷോഭകാലത്ത് അസം മാതാവിനെ പ്രകീർത്തിച്ചുകൊണ്ട് ആയിരക്കണക്കിന് സ്ത്രീകളാണ് തെരുവിലേക്ക് ഇറങ്ങിയത്. എന്നാൽ ഉൾഫയിലേക്കുള്ള സ്ത്രീകളുടെ കടന്നുവരവ് ഇവയിൽ നിന്നെല്ലാം വ്യത്യസ്തമായ ഒന്നാണ്. സ്ത്രീകൾ ആദ്യമായി വീടുവിട്ടിറങ്ങി, ആയുധം കയ്യിലേന്തി, ഒളിവിൽ പോയി. അവർക്കത് പുതിയ ജീവിത രീതിക്കും മറ്റൊരു സ്വത്വരൂപീകരണത്തിനും അവസരമൊരുക്കി. കുടുംബാന്തരീക്ഷത്തിൽ നിന്നു മാറി നിൽക്കേണ്ടിവന്ന ഒളിവ് ദിനങ്ങൾ സ്ത്രീ പ്രവർത്തകരുടെ ജീവിതകാഴ്ചപ്പാടിലും ഗതിയിലും മാറ്റങ്ങൾ സൃഷ്ടിച്ചു. സ്വന്തം ജീവിതത്തെക്കുറിച്ച് ശക്തമായ നിലപാടുകൾ കൈക്കൊള്ളാൻ ഈ കാലഘട്ടം പലരേയും പ്രപ്തരാക്കി.




അസം പ്രക്ഷോഭത്തിലൂടെ ഉൾഫയിലേക്ക് എത്തി, അസം ദേശീയതക്കും പരമാധികാരത്തിനും വേണ്ടി നിലകൊണ്ടവരാണ് ഭൂരിഭാഗം സംഘടന പ്രവർത്തകരും. സംഘടനയുടെ പ്രാരംഭകാലഘട്ടത്തിൽ, നാടിൻറെ പരമാധികാരം വീണ്ടെടുക്കാൻ തങ്ങളുടെ മകനേയോ മകളേയോ ഉൾഫയിലേക്ക് അയയ്ക്കുന്നത് മുതിർന്നവരിൽ അഭിമാനം ജനിപ്പിച്ചിരുന്നു. കീഴടങ്ങിയ ഒരു ഉൾഫ പ്രവർത്തകയുടെ വാക്കുകളിൽ നിന്ന് ഇത് വ്യക്തമാണ്, 'നാട്ടിൽ എല്ലായിടവും ഞങ്ങൾക്ക് സ്വന്തം വീട് പോലെ അനുഭവപെട്ടു. ഏത് വീട്ടിലും ഭക്ഷണവും വിശ്രമവുമാകാം. രോഗാവസ്ഥയിലാണെങ്കിൽ പോലും സ്വന്തം കുടുംബാംഗത്തെ പോലെ കണ്ട് നാട്ടുകാർ ചികിത്സയും പരിചരണവും ഉറപ്പുവരുത്തും'.

'ഓപ്പറേഷൻ റൈനോ' യുടേയും 'ഓപ്പറേഷൻ ബജ്റംഗ്'ന്റെയും (1990 കളുടെ തുടക്കത്തിൽ ഉൾഫ കലാപകാരികൾക്കെതിരെ ഇൻഡ്യൻ ഭരണകൂടം നടപ്പിലാക്കിയ പ്രത്യാക്രമണ നീക്കങ്ങൾ ) സമയത്ത് ഉൾഫയെ സജീവമായി നിലനിർത്താൻ സ്ത്രീകൾ മുന്നോട്ടുവന്നു. ഭരണകൂട അടിച്ചമർത്തലിന്റെ ഭാഗമായി പുരുഷന്മാരായ ഉൾഫ പ്രവർത്തകർക്കെല്ലാം ഒളിവിൽ പോകേണ്ടി വന്ന കാലയളവിൽ സംഘടനയുടെ സേഫ്റ്റിവാൽവ് ആയി സ്ത്രീകൾ പ്രവർത്തിച്ചു. അവർ പുരുഷപ്രവർത്തകർക്ക് മറയായും സന്ദേശ വാഹകരായും പ്രവർത്തിക്കുകയും പലവിധ മനുഷ്യാവകാശ ലംഘനങ്ങൾ ചൂണ്ടികാണിച്ചുകൊണ്ട് വിവിധ ബാനറുകൾക്ക് കീഴിൽ പ്രതിഷേധങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

സ്ത്രീകളെ സംഘടനയുടെ സൈനിക വിഭാഗങ്ങളിലേക്ക് തെരഞ്ഞെടുത്തിരുന്നത് വളരെ സൂക്ഷിച്ചായിരുന്നു. 'നാരി ബാഹിനി' എന്ന പേരിൽ സംഘടനക്ക് ഒരു സ്ത്രീ വിഭാഗം ഉണ്ടായിരുന്നു. വാർത്താവിനിമയ നിർവഹണം, ചികിത്സ , ഗതാഗതം, അറസ്റ്റിലായ നേതാക്കൾ തമ്മിലുള്ള പരസ്പര ബന്ധം നിലനിർത്തൽ എന്നിങ്ങനെ സ്ത്രീ പ്രവർത്തകരുടെ ജോലികൾ വിഭജിക്കപ്പെട്ടിരുന്നു. മിക്കവാറും എല്ലാ സ്ത്രീ പ്രവർത്തകരും ഗറില്ലായുദ്ധമുറകളിൽ പരിശീലനം ലഭിച്ചവരാണെങ്കിലും വളരെ കുറച്ചുപേർ മാത്രമേ ഒളിപ്പോർ സംഘങ്ങളുടെ ഭാഗമായിട്ടുള്ളൂ . സ്ത്രീകൾ മിക്കവാറും പോരാളികൾ ആയിട്ടല്ല, വാർത്താവിനിമയവും കാര്യ നിർവഹണവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നവരായാണ് പ്രവർത്തിച്ചിരുന്നത്. ബി സി പറയുന്നത്, ' സ്ത്രീകൾ വാർത്താവിനിമയവും അംഗങ്ങൾ തമ്മിലുള്ള അന്യോന്യ ബന്ധവും നിലനിർത്താനുള്ള പ്രവർത്തികളാണ് പ്രധാനമായും ചെയ്തിരുന്നത്. സ്ത്രീകൾ സന്ദേശങ്ങളോ സ്ഫോടക വസ്തുക്കളോ കൊണ്ടുപോകുമ്പോൾ പൊതുവെ സൈനികർക്ക് സംശയം തോന്നാറില്ല '. വീട്ടിൽ തന്നെ താമസിച്ചുകൊണ്ട് വിവിധ ഗ്രൂപ്പുകൾ തമ്മിലും പ്രവർത്തകർ തമ്മിലുമുള്ള ആശയ വിനിമയം ഏകോപിപ്പിക്കുയാണ് ചെയ്തിരുന്നത്. ആയുധങ്ങളും ഭക്ഷണ റേഷനും വിതരണം ചെയ്യാനും സ്ത്രീകളെ ഉപയോഗിച്ചിരുന്നു. സ്ത്രീകളെ അവരുടെ സ്ത്രൈണമായ രീതികൾ കാരണം പൊതുവിൽ സൈനികർ സംശയിക്കില്ലെന്നും അതിനാൽ അവർക്ക് പുരുഷന്മാരേക്കാൾ എളുപ്പത്തിൽ ഇത്തരം കാര്യങ്ങൾ ചെയ്യാൻ കഴിയും എന്നുമുള്ള പൊതു ധാ

രണ തന്നെയാണ് ഈ കാര്യങ്ങൾക്ക് സ്ത്രീകളെ നിയോഗിക്കാൻ കാരണം .

സംഘടനയുടെ പ്രത്യയ ശാസ്ത്രവും, പ്രവർത്തനങ്ങളും മറ്റും നാട്ടുകാരെ അറിയിക്കാനായി സ്ത്രീകളെ രാഷ്ട്രീയ പ്രവർത്തകരായി ഗ്രാമങ്ങളിലേക്ക് അയച്ചിരുന്നു. സ്ത്രീകൾക്കിടയിൽ ആശയപ്രചാരണത്തിന് സ്ത്രീകളെ മാത്രമായി നിയോഗിക്കുന്നത് സംഘടനക്ക് എളുപ്പമായിരുന്നു. ഗ്രാമീണരുടെ വീടുകളിൽ താമസിച്ചു കൊണ്ട് കുടുംബാംഗങ്ങളിൽ ഒരാളെന്നവണ്ണം ഇടപഴകി അവരുടെ വിശ്വാസം നേടിയെടുക്കാൻ സ്ത്രീകൾക്ക് സാദ്ധ്യമായിരുന്നു. ക്യാമ്പുകളിൽ നേഴ്സുമാരായി സേവനം അനുഷ്ഠിച്ചു കൊണ്ട് ക്യാമ്പുകളുടെ നിലനിൽപ്പിന് ഏറ്റവും പ്രധാനമായ പ്രവർത്തിയാണ് സ്ത്രീകൾ ചെയ്തത്. വളരെ പാവപ്പെട്ട ഒരു കുടുംബത്തിൽ നിന്നും വരുന്ന എസ് ആർ, ഒരുകൂട്ടം പെൺകുട്ടികളോടൊപ്പം തൻറെ ഗ്രാമം വിട്ടു ഉൾഫയിൽ ചേർന്നതാണ്. അവരെ നേഴ്സിംഗ് ട്രെയിനിങ് നൽകി ക്യാംപുകളിൽ നിയോഗിച്ചു. അവൾ പറയുന്നു, 'എനിക്ക് ആയുധ പരിശീലനം ലഭിച്ചിട്ടില്ല. എന്നാൽ സംഘടനയുടെ സുപ്രധാന ലക്ഷ്യങ്ങളെക്കുറിച്ചുള്ള രാഷ്ട്രീയ പരിശീലനവും എൻറെ ജോലിയുടെ ഭാഗമായ മെഡിക്കൽ പരിശീലനവും ലഭിച്ചിട്ടുണ്ട്. ട്രെയിനിങ് ക്യാമ്പുകളിൽ മുറിവേറ്റവരെ ശുശ്രൂഷിക്കുന്ന മെഡിക്കൽ വിഭാഗത്തിൻറെ ഭാഗമായിരുന്നു ഞാൻ . ഭൂട്ടാൻ ഭാഗത്ത് മലേറിയ ഒരു മാരക രോഗമായിരുന്നു . അതിനാൽ നാട്ടുകാരുടെ ആരോഗ്യ സംരക്ഷണത്തിനായി എന്റെ നേതൃത്വത്തിൽ ഒരു സംഘം പ്രവർത്തിച്ചു.'

സ്ത്രീകൾക്കായി നീക്കിവെച്ചിരുന്ന ഈ ദൗത്യങ്ങൾ ചെയ്യുന്ന സൈനിക സ്വഭാവമില്ലാത്ത ഒരു പ്രത്യേക 'ഇടം' ഇതിലൂടെ സംഘടനയിൽ രൂപംകൊണ്ടു. ആയുധ പരിശീലനത്തിന് ശേഷം സ്ത്രീകൾ അവർക്ക് നിശ്ചയിക്കപ്പെട്ട പലതരം പ്രവർത്തനങ്ങൾക്കായി – മിക്കവാറും സൈനിക സ്വഭാവമില്ലാത്ത പ്രവർത്തനങ്ങൾക്കായി– വിവിധ ഗ്രാമങ്ങളിലേക്കും നഗരകേന്ദ്രങ്ങളിലേക്കും അയക്കപ്പെട്ടു. സുരക്ഷാ കാരണങ്ങളാൽ തിരക്കുള്ള ഗ്രാമങ്ങളും നഗരങ്ങളുമാണ് സ്ത്രീകൾക്കായി തെരഞ്ഞെടുക്കപ്പെട്ടത്. അതുകൊണ്ടുതന്നെ 'സ്ത്രീകളുടെ ഇടങ്ങൾ' എന്ന് കരുതപ്പെട്ട ഇടങ്ങളിലായി അവരുടെ സഞ്ചാരങ്ങൾ പരിമിതപ്പെട്ടു. ജീവശാസ്ത്രപരമായ ആൺ–പെൺ വ്യത്യാസങ്ങൾ സ്ത്രീകളുടെ രാഷ്ട്രീയ ഇടങ്ങളെ പരിമിതപ്പെടുത്തി. സ്ത്രീ ശരീരത്തെ 'ലൈംഗിക ശരീരമായി ' കാണുന്നതുകൊണ്ട് ഒരു സ്ഥലത്തുനിന്നും മറ്റൊരിടത്തേക്കുള്ള സ്ത്രീകളുടെ സഞ്ചാരം പ്രയാസമായിരുന്നു.

സംഘടനയുടെ അധികാര ഘടന പരിശോധിക്കുമ്പോൾ അതിൽ സ്ത്രീകൾ എവിടെയാണ് ? ഉയർന്ന തലങ്ങളിലൊന്നും സ്ത്രീകൾ ദൃശ്യരല്ല. അവർ തീരുമാനമെടുക്കുന്ന പ്രക്രിയയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുകയും അധികാര ഘടനയുടെ ഏറ്റവും താഴത്തെ തട്ടിൽ ഉൾപ്പെടുകയും ചെയ്തിരിക്കുന്നു. പ്രണതി ഡേകായാണ് ഉൾഫയുടെ കേന്ദ്രകമ്മിറ്റിൽ അംഗത്വമുള്ള ഏക സ്ത്രീ. അവർ സംഘടനയുടെ സൈനിക സ്വഭാവമില്ലാത്ത വിഭാഗമായ സാംസ്കാരിക വിഭാഗത്തെ നയിക്കുന്ന കൾച്ചറൽ സെക്രട്ടറിയാണ്. ഉൾഫയുടെ ധനകാര്യ സെക്രട്ടറിയായ ചിത്രബെൻ ഹസാരികയുടെ ഭാര്യയാണ് ഇവർ എന്നതും ശ്രദ്ധിക്കേണ്ടതാണ്. ഉൾഫയുടെ സ്ത്രീ വിഭാഗത്തിന്റെ നേതാവായ കാവേരി കച്ചരി , സംഘടനയുടെ ചെയർമാനായ അരബിന്ദ രാജ്കോവ്വയുടെ ഭാര്യയാണ്. ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം സ്ത്രീകൾ സംഘടനയുടെ തലപ്പത്ത് ദൃശ്യരാണെങ്കിലും അവരെല്ലാം സംഘടനാ നേതാക്കളുടെ ഭാര്യമാരാണ് എന്നതാണ്. സ്ത്രീകളുടെ സ്വത്വം അവരുടെ വൈവാഹിക പദവിയുമായി ബന്ധപ്പെട്ടിരിക്കുന്നു , മാത്രമല്ല സംഘടനിൽ അവർക്ക് ലഭിക്കുന്ന അംഗീകാരവും ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. സ്ത്രീകൾക്ക് ലഭിക്കുന്ന അംഗീകാരം അവർ എപ്രകാരം മുഖ്യ സ്ഥാനങ്ങളിലുള്ളവരുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് എന്ന വെൻഡി ബ്രൗണിന്റെ വാദത്തെ ഇത് സാധൂകരിക്കുന്നു. ഇവിടെ മുഖ്യസ്ഥാനങ്ങളിലുള്ളവർ നേതാക്കളും അവരോട് ബന്ധപ്പെട്ട സ്ത്രീകൾ അവരുടെ അപരങ്ങളും (others) ആണ്. നിരവധി ഉത്തരവാദിത്വങ്ങൾ സ്ത്രീകൾക്ക് നൽകുമെങ്കിലും സ്ത്രീകൾക്ക് ദൃശ്യമാകാത്തവിധം ഒരു 'സ്ഫടിക മച്ച്' (glass ceiling) സ്ത്രീകൾക്കുമേൽ സംഘടനയിൽ നിലനിൽക്കുന്നു.

എന്നാൽ, സ്ത്രീകൾ നിരന്തരമായി പിതൃമേധാവിത്ത ഘടനകളോടും സൈന്യത്തോടും വിവിധ തരത്തിലുള്ള നീക്കുപോക്കുകൾ നടത്തിയും അവയെ എതിർത്തുനിന്നുകൊണ്ടുമാണ് അവരുടെ സ്വന്തമായ ഇടങ്ങൾ ഉണ്ടാക്കുകയും നിലനിർത്തുകയും ചെയ്യുന്നത്. സ്വന്തം കഴിവുകൊണ്ട് വളരെ കുറച്ചുപേർക്ക് മാത്രമാണ് സംഘടനയുടെ ഉയർന്ന തലങ്ങളിൽ എത്താനായിട്ടുള്ളത്. ഉൾഫയുടെ ലിംഗാധികാര ഘടനകളെയൊന്നും മാറ്റിമറിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ലെങ്കിലും സായുധ സമരത്തിന്റെ അധികാരപ്രയോഗങ്ങളെ പ്രതിരോധിക്കാനുള്ള കർതൃത്വം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

**സഹായകഗ്രന്ഥങ്ങൾ**


Brown, Wendy, "*Where is the sex in Political Theory?*" Women and Politics, 1987, 7(1):3-23

Enloe, Cynthia, *Does Khaki Become You? Militarization of Women's Lives*, 1983, London: Pluto Press.

Mahanta, N.G, *Confronting the State: ULFA's Quest for Sovereignty*, 2013, New Delhi. Sage Publication.

Rajkonwar, Kaberi Kachari, *Issa anissa swotteo Kisu Kotha*, 2013, Guwahati: Alibat Publication.





വിവർത്തനം:
**ഷംല മസ്തഫ മുഹമ്മദ്**
ഡൽഹി ജവഹർലാൽ നെഹ്റു
സർവകലാശാല ഗവേഷക വിദ്യാർത്ഥി

**ഡോണ ബിസ്വാസ്**
ഡൽഹി അംബേദ്കർ സർവകലാശാല
ഗവേഷക വിദ്യാർത്ഥി

# ഗന്ധത്തിന്റെ അധികാരം : ബോഡോ പ്രദേശങ്ങളിലെ സംഘർഷപൂർവ ദൈനംദിനം

**'സംഘർഷപൂർവ' മേഖലയിലെ ദൈനംദിന അനുഭവം.**

നിലവിൽ ബോഡോലാൻഡ് ടെറിട്ടോറിയൽ റീജിയൻ (തുടർന്ന് ബി.ടി.ആർ) എന്നറിയപ്പെടുന്ന ഭരണമേഖല, ദുർബലവും എന്നാൽ താരതമ്യേന 'സമാധാനപരവുമായ' അപൂർവ വേളകളടങ്ങിയ രാഷ്ട്രീയ പ്രക്ഷുബ്ധതയുടെ നീണ്ട ഘട്ടങ്ങൾക്ക് സാക്ഷിയാണ്, പ്രത്യേകിച്ച് 1988 -2003 കാലയളവിൽ.

ഈ പ്രബന്ധം, ബോഡോ ഭൂരിപക്ഷ പ്രദേശങ്ങളിലെ സംഘർഷ മേഖലയിൽ കഴിയുന്നവരുടെ അനുഭവങ്ങളെ പഠിക്കുമ്പോൾ ഒരു പ്രത്യേക സംഘർഷ കാലഘട്ടത്തെയല്ല പരിശോധിക്കുന്നത്. എന്നാൽ, ഒരു വെടിമരുന്നുപെട്ടിയെപ്പോലെ ഏത് നിമിഷവും രാഷ്ട്രീയ കലഹത്തിലേക്ക് പൊട്ടിത്തെറിക്കാവുന്ന പ്രതിച്ഛായയുള്ള പ്രദേശത്തിന്റെ 'സമാധാന' കാലയളവിലെ ദൈനംദിന അനുഭവത്തെയാണ് ഇവിടെ നിരീക്ഷിക്കുന്നത്. അതിനാൽ ഇത്, ഒരു 'സംഘർഷ മേഖല'യുടെ പതിവായതെങ്കിൽ അക്രമാനുഭവങ്ങളുമടങ്ങിയ നിത്യജീവിതത്തിന്റെ താളത്തെകുറിച്ചുള്ള പഠനമാണ്. അങ്ങനെ ഒരർത്ഥത്തിൽ, സംഘർഷത്തി



ന്റെ പശ്ചാത്തലം തന്നെ മനസിലാക്കാൻ ഞങ്ങളെ അനുവദിക്കുന്ന 'സംഘർഷത്തിനുമുൻപുള്ള' 'പ്രീ കോൺഫ്ളിക്ട്' സാഹചര്യത്തിന്റെ ഒരു പരിശോധനയായി ഇത് മാറുന്നു.

ഈ പ്രബന്ധത്തിന്റെ ബംഗാളി ആയ രചയിതാവ്, പ്രദേശത്തെ ബോഡോ എന്നതിന്റെ പ്രതീകമായ ഡോഖൊന ധരിച്ച പങ്കാളികൾക്കൊപ്പം (കൂടുതലും സ്ത്രീകൾ) യാത്ര ചെയ്യുമ്പോഴെല്ലാം അവളുടെ സ്വത്വത്തെക്കുറിച്ചുള്ള ചോദ്യം ഉയർന്നു. അതിനാൽ, പൊതുഗതാഗതം, ലോക്കൽ മാർക്കറ്റ്, മെഡിക്കൽ ഷോപ്പുകൾ എന്നിവിടങ്ങളിൽ പോയ അവസരങ്ങളിൽ, ഗവേഷക അസ്സമീസ് അഥവാ ബംഗാളി ഭാഷയിൽ ആളുകളോട് സംസാരിച്ചപ്പോൾ, അവൾ ആരാണെന്ന് ആളുകൾ ചോദിക്കുമായിരുന്നു (അതായത്, അവൾ ബംഗാളി ആണോ എന്ന്). അവൾ സന്ദർശിക്കുന്ന വീടിനെക്കുറിച്ചും എന്തിനാണ് അവിടെ പോയതെന്നും അവർക്ക് ജിജ്ഞാസയുണ്ടാകുമായിരുന്നു. അവളുടെ ഗവേഷണ പങ്കാളികൾ കൂടെയുണ്ടെങ്കിൽ, ചോദിക്കുന്നവരോട് അവൾ അവരുടെ അതിഥിയാണെന്ന് പറയും. ആ ചോദ്യത്തിൽ മറ്റൊരു ചോദ്യം ഉറങ്ങിക്കിടക്കുന്നതായി ഗവേഷകക്ക് തോന്നി ആരുടെ വീട്ടിലേക്ക് ആർക്കൊക്കെ വരാമെന്ന് അന്വേഷിക്കാനും നിർവചിക്കാനുമുള്ള ഒരു ചോദ്യം. അതിനർത്ഥം ആ പ്രദേശങ്ങളിൽ ഒരു ബംഗാളി ഒരു ബോഡോവിനെ സന്ദർശിക്കാൻ പാടില്ല എന്നായിരുന്നു. (ബോഡോകളെ 'അക്രമാസക്തർ' എന്ന് കണക്കാക്കി ഒറ്റപ്പെടുത്തുകയും അവരുടെ ചെറുത്തുനിൽപ്പ് പ്രസ്ഥാനത്തെ തള്ളിക്കളയുകയും ചെയ്യുന്ന സമൂഹങ്ങളുടെ മേധാവിത്വധാരണ ഉയർത്തിക്കാട്ടുന്ന ഈ ചോദ്യം അസ്സമീസ്, ബംഗാളി കടയുടമകളാണ് കൂടുതലും ചോദിച്ചത്.)

എന്നിരുന്നാലും, സംഘർഷ കാലഘട്ടങ്ങളിൽ ഈ പ്രദേശത്തെ ബോഡോകളും നോൺബോഡോകളും തമ്മിലുള്ള ആതിഥ്യം വളരെ ബുദ്ധിമുട്ടുള്ളതായിരുന്നു എന്ന് എടുത്തുപറയേണ്ടതുണ്ട്. 1980കളിൽ ബോഡോ പ്രസ്ഥാനം അതിന്റെ ഉച്ചസ്ഥായിലെത്തി, മറ്റ് സമുദായങ്ങളും ബോഡോകളും തമ്മിൽ അവിശ്വാസം നിലനിൽക്കെ ഈ സാഹചര്യം അചിന്തനീയമായിരുന്നു. അതിനാൽ, ഗവേഷക ബോഡോ കൂട്ടരോടൊപ്പം ചിലവഴിച്ച ഫീൽഡ് സന്ദർശനവേള താരതമ്യേന സമാധാനപരവും പരസ്പരവിശ്വാസവുമുള്ള സമയമായി കണക്കാക്കാം. അക്കാരണത്താൽ, നമുക്ക് ഫീൽഡ് വർക്ക് കാലം വിവിധ സമുദായങ്ങളെ ഏകീകരിക്കുന്ന സമയമായി കൂട്ടാം.

എന്നാൽ, സമുദായങ്ങൾ തമ്മിലുള്ള ബന്ധം ഈ 'സമാധാനകാലത്ത്' പോലും തികച്ചും പരസ്പരവിശ്വാസത്തിൽ അധിഷ്ഠിതമല്ലായിരുന്നു എന്നു മനസ്സിലാക്കേണ്ടതുണ്ട്. ഇത് അവരുടെ പരസ്പര ധാരണകളിലും ഇടപെടലുകളിലും സംഭാഷണങ്ങളിൽ നിന്നും നിരീക്ഷിക്കാനും അനുമാനിക്കാനും കഴിയുമായിരുന്നു. ഈ ദുർബലമായ അവസ്ഥ, ദേശീയ പൗരത്വരജിസ്റ്റർ (തുടർന്ന് എൻ.ആർ.സി) അടിച്ചേൽപ്പിക്കുന്നതിലൂടെ വിള്ളലുകൾ ഉണ്ടാക്കിയ വ്രണപ്പെട്ട ഭൂമിയിലെ അതിനുമുൻപുള്ള സമാധാനത്തിന്റെ ചെറിയൊരംശമാണെന്ന് തിരിച്ചറിയാൻ കഴിയും.

**'ഗോത്ര' മേഖലയിൽ ഇണങ്ങിച്ചേരൽ : ഒരു വിചിന്തനം**

ഫീൽഡ് സന്ദർശന വേളയിൽ, പങ്കാളിയും സഹവാസിയുമായ സോപ്ന ബാഗ്ലാരി (തുടർന്ന് സോപ്ന) ഗവേഷകയോട് ചോദിച്ച ആദ്യത്തെ ചോദ്യം, ഗ്രാമത്തിലെ ജീവിതശൈലിയിൽ 'ഇണങ്ങിച്ചേരാൻ' കഴിയുമോ എന്നായിരുന്നു. ഈ 'ഇണങ്ങിച്ചേരലിലെ', പ്രധാന ഘടകം ഗ്രാമീണ ജീവിതത്തിലെ ഭക്ഷണം ആയിരുന്നു താനും.

കൂടാതെ, ബോഡോ പ്രദേശങ്ങളിൽ, 'ഇണങ്ങിച്ചേരലിന്റെ' വ്യാഖ്യാനത്തിന് പ്രത്യേക രാഷ്ട്രീയ, സൈദ്ധാന്തിക വെല്ലുവിളികളാണുള്ളത്. ഫീൽഡിൽ, ഭക്ഷണം 'സാംസ്കാരിക വ്യത്യസ്തതയുടെ' ആവർത്തിക്കപ്പെടുന്ന പ്രമേയമായി നിലകൊള്ളുന്നു. ഈ കേവലമായ ചോദ്യം മറ്റ് പ്രാദേശിക സമുദായങ്ങളിലെ അംഗങ്ങൾ 'ഗോത്ര ഭക്ഷണത്തെ' എങ്ങനെ കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നുവെന്ന് എടുത്തുകാണിക്കുന്നു. അതിലുപരി, മറ്റുള്ളവർ അവരെ 'ഇതരരായി' കാണുന്നു എന്ന ബോഡോ സമൂഹത്തിന്റെ അവബോധത്തെയും ഇത് സൂചിപ്പിക്കുന്നു.

ഈ പ്രബന്ധം, പാർശ്വവൽക്കരിക്കപ്പെട്ട ഒരു ഗോത്ര സമൂഹത്തിന്റെ സംസ്കാരവും സ്വത്വവും എങ്ങനെയാണ് പ്രബലമായ ആഖ്യാനത്തെ ഉൾക്കൊള്ളുകയും അതെ സമയം അതിനെ ചെറുത്തുനിൽക്കുകയും ചെയ്യുന്നതിന്റെ ഇടയിൽ കുടുങ്ങുന്നതെന്ന് ചർച്ച ചെയ്യാൻ ശ്രമിക്കും. നമ്മുടെ നിലവിലെ ഉദ്ദേശ്യമനുസരിച്ച് ഇത് ചൂണ്ടിക്കാട്ടുന്നത്, സംഘർഷപൂർവ സാഹചര്യത്തിലെ നിത്യജീവിതത്തിൽ സമുദായങ്ങളുടെ അന്തസ്സു സാംസ്കാരികമായാണു നിർമിക്കപ്പെടുന്നത് എന്നാണു.

**ഫീൽഡ് അഥവാ ഗവേഷണ മേഖല**

ഗവേഷക സന്ദർശിച്ച മേഖലയുടെ വിവിധ സമുദായങ്ങളെ വിവരിക്കേണ്ടതുണ്ടെങ്കിൽ, ആസാമിയുടെയും (രാഷ്ട്രീയമായി മേധാവിത്വം പുലർത്തുന്ന), ബംഗാളികളുടെയും (സാംസ്കാരികമായി മേധാവിത്വം പുലർത്തുന്ന) മേധാവിത ജനവിഭാങ്ങളെ നമുക്ക് കാണാം. മേധാവിത സമുദായങ്ങൾ ഒരു ഏകീകൃത ഭാഷാവിഭാഗമായി പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ അങ്ങനെയായിരുന്നില്ല. ജാതി ഇവയിൽ വിവേചനമുണ്ടാക്കിയിരുന്നു. അതിനാൽ, സവർണ വിഭാഗക്കാർക്കു പുറമെ ബംഗാളി, അസ്സമീസ് സമുദായങ്ങളിൽ 'താഴ്ന്ന ജാതിക്കാരും' ഉണ്ടായിരുന്നു. ഇപ്പോൾ ഭരണപരമായി പട്ടികജാതി (എ.സ്.സി) വിഭാഗത്തിൽ തരംതിരിക്കപ്പെട്ട നമശൂദ്ര ബംഗാളികൾ

ബംഗാളികൾക്കിടയിൽതന്നെ ഒരു വിധം വലിയ ജന സംഖ്യയുള്ളവരാണ്. യാദൃശ്ചികമായി, ഗവേഷക ഈ വിഭാഗത്തിൽപ്പെട്ടയാളായിരുന്നു. ശ്രദ്ധേയമായി, നിലവിൽ (കൂടുതലും) അസ്സമിലെ 'തരിശുഭൂമിയെന്ന റിയപ്പെടുന്ന്', പ്രത്യേകിച്ചും കാലികമായി വെള്ളപ്പൊക്കമുണ്ടാകുന്ന ബ്രഹ്മപുത്ര നദിയുടെ തീരത്ത് താമസിക്കുന്ന, മുസ്ലീം ബംഗാളികളും ബംഗാളി സമുദായത്തിൽ ഉൾപ്പെട്ടിരുന്നു. 1840കളിൽ അസ്സമിലെ 'ചായത്തൊഴിലാളികളായി' ചോട്ട നാഗ്പൂർ ഡിവിഷനിൽ നിന്നുള്ള അധിനിവേശക്കാർ കൊണ്ടുവന്ന സാന്താലിസ്, ഒറങ്ങ്, മുണ്ടാസ് ആദിവാസികളും (നോർത്ത് ഈസ്റ്റിലെ തദ്ദേശീയ വിഭാഗങ്ങളായ ഗോത്രവർഗ്ഗക്കാരിൽ നിന്ന് വ്യത്യസ്തമായ) അവിടെ സഹവസിക്കുന്നുണ്ട്.

**ഫീൽഡിലെ ഗന്ധം**

ഈ പേപ്പറിൽ ഇന്ദ്രിയങ്ങളെ, പ്രത്യേകിച്ച് ഗന്ധമറിയാനുള്ള ഇന്ദ്രിയങ്ങളുടെ ഘ്രാണശക്തിയെ, എത്നോഗ്രാഫിക് ഉപകരണങ്ങളായി പ്രയോഗിച്ച് പഠനം നടത്താനാണ് ശ്രമിക്കുന്നത്. ഫീൽഡിൽ ഗന്ധം ഒരു മഹത്തായ പങ്കു വഹിച്ചിരുന്നു. ഗവേഷക, അവളുടെ ബോഡോ വിഭാഗത്തിൽപ്പെട്ട പങ്കാളികളുടെയും തന്റെ ബന്ധുക്കളുടെയും കൂടെ മാറിമാറി താമസിച്ചാണ് ഫീൽഡിൽ പ്രവർത്തിച്ചത്. പ്രാദേശിക അധികാരഘടനയനുസരിച്ച്, ഗവേഷക ഉൾപ്പെട്ട ബംഗാളി ഭാഷ സംസാരിക്കുന്ന നമശൂദ്ര വിഭാഗം തങ്ങളെ പൊതുവായ ഹൈന്ദവ സമുദായത്തിന്റെ ഭാഗമായി കണക്കാക്കുമ്പോഴും ആധിപത്യം പുലർത്തുന്ന അസ്സമി/ബംഗാളി ഹിന്ദു വിഭാഗങ്ങളിൽ നിന്ന് അവർ വ്യത്യസ്തരാണെന്ന് നിലനിർത്തുന്നു. അസ്സമീസ്, ബംഗാളി ജാതി സമൂഹത്തിൽ നിന്നുള്ള 'തൊട്ടുകൂടായ്മ'യുടെ ഇരകളായ ബോഡോകൾ ബംഗാളികൾക്കിടയിലുള്ള ജാതി ശ്രേണിയെക്കുറിച്ച് ബോധവാന്മാരായിരുന്നു ആരാണ് ബ്രാഹ്മണ ബംഗാളികളല്ലെന്ന് അവർക്ക് അറിയാമായിരുന്നു. ഗോത്രേതര വിഭാഗങ്ങൾക്കിടയിൽ ആധിപത്യം പുലർത്താത്തവരെക്കുറിച്ചുള്ള അവരുടെ ധാരണ ഇത് പ്രതിഫലിപ്പിക്കുന്നു. അതിനാൽ, അവർ മേധാവിത വിഭാഗങ്ങളുമായുള്ള ആശയവിനിമയത്തിന്റെ സംഭവങ്ങൾ പങ്കുവെക്കുകയും ഗവേഷകയുടെ സ്ഥാനം അറിയുന്നതിനാൽ അവരുടെ ഭക്ഷണ ശീലങ്ങളിലേക്ക് ആധിപത്യ ജാതിക്കാർ 'മലിനമായതെന്ന്' മനസ്സിലാക്കുന്ന, പ്രത്യേകിച്ചും അവരുടെ പന്നിയിറച്ചി കഴിക്കാനുള്ള താൽപ്പര്യത്തെ സംഭാഷണം തുറന്നു കൊടുത്തു.

ഫീൽഡിലെ അനൗപചാരികമായ സംഭാഷകളിലെല്ലാം 'ഗന്ധം' പ്രത്യേകിച്ചും 'ദുർഗന്ധം' ആവർത്തിച്ചുവന്നൊരു വിഷയമായിരുന്നു. ബോഡോകളും നമശൂദ്രരും ഭക്ഷണത്തിന്റെ ഗന്ധത്തെക്കുറിച്ചും പ്രത്യേക ശരീരങ്ങളുടെ ഗന്ധത്തെക്കുറിച്ചും (ബോഡോ, ആദിവാസി ശരീരങ്ങൾ) സംസാരിക്കുന്നത് ഗവേഷക കേട്ടു. ആര് ആരുടെ 'ദുർഗന്ധത്തെക്കുറിച്ചാണ്' സംസാരിക്കുന്നതെന്നും അവരുടെ ദൈനംദിന ജീവിതത്തിൽ അവർ അത് എങ്ങനെ വ്യാഖ്യാനിക്കുന്നുവെന്നും മനസിലാക്കേണ്ടത് ഗവേഷകയുടെ പ്രധാന ദൗത്യമായിമാറി.

സമുദായങ്ങൾ തമ്മിൽ വേർതിരിച്ചറിയുന്നതിൽ വാസന വളരെ പ്രധാനപ്പെട്ട പങ്ക് വഹിച്ചിരുന്നു. ഒരു



മധ്യവർഗ്ഗ ദലിത് വ്യക്തിയായ ഗവേഷക, സാംസ്കാരിക വൈവിധ്യമുണ്ടാക്കുന്ന വിശിഷ്ടതയുടെയും അധികാരവാദത്തിന്റെയും ഇടയിൽ പ്രയാസപ്പെട്ടു. അശ്ലീലർ അല്ലെങ്കിൽ സംസ്ക്കാരശൂന്യർ എന്ന് അർഥം വരുന്നതും അപരിഷ്കൃതവേരുകളെ സൂചിപ്പിക്കുന്നതുമായ ധേക്കേരി എന്ന അസ്സമീസ് വാക്ക് ആളുകൾക്കും അവരുടെ രീതികൾക്കുമായി ഉപയോഗിച്ചു. ഭക്ഷണവും ഭക്ഷണത്തിന്റെ ഗന്ധവും അതിന്റെ ഭാഗമായിരുന്നു. അങ്ങനെ, തന്റെ ഫീൽഡ് വർക്ക് ആസൂത്രണം ചെയ്യുകയായിരുന്ന ഗവേഷക കേട്ടത്, 'നിങ്ങൾക്ക് ബോഡോകളോടൊപ്പം പോകാനോ താമസിക്കാനോ കഴിയില്ല. 'ബോഡോകൾ അക്രമാസക്തമാണെന്നും (ഗോത്രേതര ജനത മനസ്സിലാക്കുന്നതുപോലെ 'സംസ്കാരമില്ലാത്തവർ' എന്നതിന് സമം)

അവരുടെ ചെറുത്തുനിൽപ്പ് പ്രസ്ഥാനം 'അക്രമം സൃഷ്ടിക്കുന്നു' എന്നുമുള്ള മേധാവിത ധാരണയനുസരിച്ചായിരുന്നു ഇത്. സന്താലികളെയും മുണ്ടകളെയും 'സംസ്കാരത്തിന് പുറത്തുള്ളവ' എന്നും കണക്കാക്കപ്പെടുന്നു.

ഉദാഹരണത്തിന്, ഗവേഷകക്ക് അവളുടെ ബന്ധു വീട്ടിൽവെച്ച് ഒരനുഭവമുണ്ടായി. ഒരു ആദിവാസി വനിതാതൊഴിലാളി തന്റെ അരികിൽ ബസ്സിൽ ഇരിക്കുമ്പോൾ തനിക്ക് ദേഷ്യം വന്നതായി അവളുടെ കസിൻ പങ്കുവെച്ചു. സ്ത്രീ വൃത്തിയില്ലാത്ത വസ്ത്രത്തിലായിരുന്നെന്നും അവരിൽ നിന്ന് ദുർഗന്ധം ഉണ്ടായതായും വിവരിച്ചു. എന്തുകൊണ്ടാണ് ഈ ആളുകൾക്ക് വൃത്തിയുള്ള വസ്ത്രം ധരിച്ച് പൊതുസ്ഥലത്ത് വരാൻ കഴിയാത്തത് എന്ന് കസിൻ പരാമർശിച്ചു. ഉടൻ തന്നെ സന്ദർഭം ഗംഭീരമാവുന്നതൊഴിവാക്കാൻ അവളുടെ അമ്മായി, കോളേജിൽ പോയി വിദ്യാഭ്യാസം നേടിയ ആദിവാസികളുടെ യുവതലമുറ മാറുകയും സ്വയം വൃത്തിയായി സൂക്ഷിക്കയും ചെയ്യുന്നുവെന്ന് അഭിപ്രായപ്പെട്ടു.

എന്നിരുന്നാലും, ഒരു ദലിത്സ്ത്രീയെന്ന നിലയിലുള്ള തന്റെ സ്വത്വം മേധാവിത സമൂഹങ്ങളിൽ വിശുദ്ധിയുടെയും മലിനീകരണത്തിന്റെയും പ്രതീകങ്ങളാണെന്ന് ഗവേഷകക്ക് അറിയാമായിരുന്നു. കർഷകനായ അമ്മാവൻ ഗുവാഹത്തി നഗരത്തിൽ അവളെ സന്ദർശിച്ച ഒരു പഴയ സംഭവം അവൾ ഓർക്കുന്നു. ഒരു ഗ്രാമത്തിൽ നിന്ന് (താഴ്ന്ന അസ്സമിലെ മോറിഗാവ്) വരുന്നയാൾക്ക് റോഡ് മുറിച്ചുകടക്കാനോ പൊതുഗതാഗതം ഉപയോഗിക്കാനോ അറിയില്ലെന്ന് അമ്മാവൻ പറഞ്ഞു. ധോത്തിയും വിയർപ്പിൽകുതിർന്ന ഷർട്ടുമാണ് അദ്ദേഹം ധരിച്ചിരുന്നത്. അമ്മാവനോടൊപ്പം യാത്ര ചെയ്തിരുന്ന അമ്മായി നഗരവാസികൾ തങ്ങളെ അന്യഗ്രഹജീവികളായി പരിഗണിക്കുന്നുവെന്ന് പരാതിപ്പെട്ടു. ലേത്ര (അശുദ്ധമായ), ഗൗളിയ (ഗ്രാമീണൻ), ചാഷ (കാർഷിക തൊഴിലാളി എന്നർത്ഥം വരുന്ന ബംഗാളി പദമായ ഇത് കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ട നമശൂദ്രന്മാർക്ക് ഒരു ജാതി വിവേചനാരീതിയായി ഉപയോഗിക്കുന്നു. ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിൽ 'ചമാർ' എന്ന് വിളിച്ച് ജാതിയെ അധിക്ഷേപിക്കുന്നതിന് സമമാണിത്) തുടങ്ങിയ ബംഗാളി വാക്കുകൾ അവർ കേട്ടു. കാഴ്ചയിൽ ഇരുണ്ട തൊലിയും പഴകിയ ഇസ്തിരിയില്ലാത്ത വസ്ത്രങ്ങളും ധരിച്ചതുകൊണ്ടാണ് ഈ വാക്കുകൾ അവർക്കെതിരെ ഉപയോഗിക്കുന്നതെന്ന് അവർ കരുതി.

ഗവേഷകയുടെ, ഗന്ധത്തിന്റെയും വിവേചനത്തിന്റെയും വ്യക്തിപരമായ അനുഭവങ്ങൾ ഫീൽഡിൽ പ്രവർത്തിക്കുമ്പോൾ അവളുടെ അടുത്തേക്ക് തിരികെയെത്തി. അവളുടെ ബോഡോ പങ്കാളിയായ ഗോപിനാഥ് ബ്രഹ്മയുമായുള്ള സംഭാഷണത്തിൽ, (ഗവേഷക 'ഗോപിനാഥ് സർ' എന്ന് വിളിച്ചിരുന്ന ബോഡോ എഴുത്തുകാരൻ) ബോഡോകളുടെ ഭക്ഷണശീലത്തെക്കുറിച്ചും, ഒരു ബോഡോ എന്ന നിലയിൽ അദ്ദേഹത്തിന് നേരിടേണ്ടിവന്ന നാണക്കേടിനെക്കുറിച്ചും ചർച്ച ചെയ്തു. അവരുടെ അഭിപ്രായത്തിൽ:

കോസു പൂവുപയോഗിച്ച് ബോഡോകൾ ഒരു വിഭവം തയ്യാറാക്കാറുണ്ട്. അതിന് വളരെ വ്യത്യസ്തമായ രുചിയാണുള്ളത്. അത് നിങ്ങളുടെ ശരീരത്തിന് ചൂട് പകർന്നു തരും. കൂടാതെ, വേനൽക്കാലത്ത് അത് കഴിക്കുമ്പോൾ പതിവിനേക്കാൾ ദുർഗന്ധമുള്ള വിയർപ്പ് ഉണ്ടാക്കുന്നതുകൊണ്ട് ഇത് കഴിച്ച ഉടനെ അവർക്ക് പുറത്തുപോകാൻ കഴിയില്ല. ആളുകൾ അത് കഴിച്ച് ബസ്സുകളിൽ യാത്ര ചെയ്യുമ്പോഴെല്ലാം (മുൻകാലങ്ങളിൽ), മറ്റുള്ളവരിൽ നിന്ന് അലോസരപ്പെടുത്തുന്ന പെരുമാറ്റം അവർക്ക് നേരിടേണ്ടിവന്നു. അത് അവരെ പൊതുസ്ഥലങ്ങളിൽ സചേതരുമാക്കുമായിരുന്നു.

ഈ പൂവ് ഭക്ഷിക്കുന്നത് ലജ്ജാവഹമായിരുന്നെങ്കിലും അതിന്റെ രുചി കാരണം കഴിക്കാതിരിക്കാനും പറ്റില്ല എന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെ, ഒരു പ്രത്യേക ഭക്ഷണം കഴിച്ച ശരീരത്തിന്റെ ഗന്ധം 'പ്രശ്നകരമാവുകയാണ്'. എന്നാൽ ഈ വസ്തുക്കൾ ഇപ്പോൾ' സ്വകാര്യതയിൽ' കഴിക്കപ്പെടുന്നുമുണ്ട് (കികോൻ, ഈറ്റിംഗ് അഖൂനി ഇൻ ഇന്ത്യ). പാർശ്വവത്കരിക്കപ്പെട്ടവരെ ആധിപത്യത്തിലേക്ക് സാത്മീകരിക്കുന്നതായി ഇതിനെ കണക്കാക്കാൻ പറ്റുമോ? അല്ലെങ്കിൽ, ബോഡോകൾ 'പ്രശ്നകരമായ' ഭക്ഷണം സ്വകാര്യമായി കഴിക്കുന്നത് ചെറുത്തുനില്പിന്റെ ഒരു നയമായി പരിഗണിക്കാമോ? തന്നെയുമല്ല, ബോഡോകൾക്കിടയിൽ 'സാത്മീകരിക്കപ്പെടുമെന്ന്' ഭയമെങ്കിലുമുണ്ടോ?

ബോഡോകൾ സ്വന്തം മണ്ണിൽ പാർശ്വവൽക്കരിക്കപ്പെട്ട അവസ്ഥയെക്കുറിച്ച് സംസാരിക്കാൻ വേണ്ടി ഇവിടെ വിശകലനം ചെയ്യുന്നത് ഭക്ഷണവുമായി ബന്ധപ്പെട്ട ഗന്ധം പോലുള്ള അഭൗതികമായ അനുഭവങ്ങളുടെ ഭൗതികതയാണ്. ആധിപത്യമുള്ള സമുദായങ്ങളിൽ നിന്ന് ഇവർ നേരിടേണ്ടിവരുന്ന ഒറ്റപ്പെടുത്തലും നിരസനവുമാണ് ഇത്ചൂണ്ടിക്കാട്ടുന്നത്. വാസന അഥവാ ഗന്ധം, എല്ലാ വാദപ്രതിവാദങ്ങളിലും 'ശുചിത്വത്തിന്റെ' സൂചകമായും, മുഴുവൻ സമുദായങ്ങളുടെ പദവികൾ നിശ്ചയിക്കപ്പെടുന്ന ആസ്ഥാനമായും മാറുന്നു.

ഉപസംഹാരമായി, എങ്ങനെയാണ് ഒരു സംഘർഷമേഖലയെ ഗന്ധത്തിന്റെ അനുഭവം ബാധിക്കുന്നത്? സംഘർഷത്തിന്റെ സാക്ഷ്യം വഹിച്ച ഒരു പ്രദേശത്തിന്റെ അനുഭവങ്ങളാണിവിടെ വിസ്തരിച്ചത്. ഇത്തരം സമ്പർക്കങ്ങളുടെ അക്രമാസക്തമായ സ്വഭാവം പലപ്പോഴും നാം കാണാൻ ശ്രമിക്കുന്നില്ല. എന്നാൽ, സംഘർഷങ്ങളിലെ ദൈനംദിന രീതികളെ നമ്മൾ കണ്ടില്ലെന്നു നടിച്ചാൽ, സംഘർഷത്തിന്റെ ഉത്ഭവം തന്നെ പലപ്പോഴും തിരിച്ചറിയാതെ പോയെ

ന്നുവരാം.

**ഗ്രന്ഥസൂചി**


ബസുമതരി, ജൈഖ്ലോങ്. ക്വെസ്റ്റ് ഫോർ പീസ് ഇൻ അസ്സം: എ സ്റ്റഡി ഓഫ് ദ ബോഡോലാൻഡ് മൂവ്മെൻറ്. (അസ്സമിലെ സമാധാനത്തിനായുള്ള അന്വേഷണം:ബോഡോലാന്റ് പ്രസ്ഥാനത്തിന്റെ പഠനം). ന്യൂ ഡൽഹി: സെന്റർ ഫോർ ലാൻഡ് വാർഫെയർ സ്റ്റഡി, 2014.

'ബോഡോലാൻഡ് അറ്റ് എ ക്രോസ്റോഡ്സ്' (നാൽക്കവലയിൽ നിൽക്കുന്ന ബോഡോലാൻഡ്) പ്രിൻറ്റബിൾ വേർഷൻ. 13 മാർച്ച് 2012. ദ ഹിന്ദു. 22 ഡിസംബർ 2020. <https://www.thehindu.com/opinion/ editorial/bodoland-at-a crossroads article2988588.ece>.

<https://bodolandobserver.wordpress.com/2015 07/ 20/12-books-review-for-politics-of-identity-and-bodoland-movement-in-assam/comment-page-1/ https://bodolandobserver.wordpress.com/2015/07/ 20/12-books-review-for-politics-of-identity-and-bodoland-movement-in-as>.

ബോഡോലാൻഡ് ഒബ്സർവർ. ബോഡോലാൻഡ്ഒബ്സർവർ. 20 ജൂലൈ 2015. 21 ഡിസംബർ 2020. <https://bodolandobserver.wordpress.com/2015/07/ 20/12-books-review-for-politics-of-identity-and-bodoland-movement-in-assam/comment-page-1/ https://bodolandobserver.wordpress.com/2015/07/ 20/12-books-review-for-politics-of-identity-and-bodoland-movement-in-as>.

ബ്രഹ്മ, ഗോപിനാഥ്. അബ്വൻഗ്ലവോറിനി ഫാവോ (ദൈവത്തിന്റെ വൃകൃതികൾ). ന്യൂ ഡൽഹി: സാഹിത്യ അക്കാദമി, 2017.

ആംഗ്നി അങ്ക ആംഗ്നി തങ്ഖായ് നോംഗ (എന്റെ അസ്തിത്വം എനിക്കുള്ളതല്ല). ഉഡൽഗുരി: പ്രോക്രീയേറ്റ്ഓഫ്സെറ്റ് പ്രിൻറ്, 2011.

കോമോ, ക്രിസ് ജെ. 'വാർ ഈസ് നോട്ട് ജസ്റ്റ് ആൻ ഈവൻറ്റ്: റിഫ്ലക്ഷൻസ് ഓൺ ദ സിഗ്നിഫിക്കൻസ് ഓഫ് എവ്രിഡേ വയലെൻസ്' (യുദ്ധം ഒരു സംഭവം മാത്രമല്ല: ദൈനംദിന അക്രമത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള പ്രതിഫലനങ്ങൾ). ഹൈപേഷ്യ 11.4 (1996): 3045.

കികോൻ, ഡോളി. 'ഈറ്റിംഗ് അഖൂനി ഇൻ ഇന്ത്യ' (ഇന്ത്യയിൽ അഖുനി ഉപഭോഗം). ഭൂഷി, കിരൺമയി. ഫാം ടു ഫിംഗേഴ്സ്: ദ കൾചർ ആൻഡ് പൊളിറ്റിക്സ് ഓഫ് ഫുഡ് ഇൻ കൺടെമ്പററി ഇന്ത്യ (പാടങ്ങളിൽ നിന്ന് വിരലുകളിലേക്ക്: സമകാലിക ഇന്ത്യയിലെ ഭക്ഷണത്തിന്റെ സംസ്കാരവും രാഷ്ട്രീയവും). യുണൈറ്റഡ് കിങ്ഡം: കേംബ്രിഡ്ജ്യൂണിവേഴ്സിറ്റി പ്രസ്സ്, 2018. 80102.

'ഫെർമെന്റിങ് മോഡേർണിറ്റി: പുട്ടിങ് അഖുനി ഓൺ ദ നേഷൻസ് ടേബിൾ ഇൻ ഇന്ത്യ (ആധുനികതയെ പുളിപ്പിക്കൽ: ഇന്ത്യയിൽ അഖുനിയെ രാഷ്ട്രമേശയിൽ വെക്കുമ്പോൾ). സൗത്ത് ഏഷ്യ: ജേർണൽ ഓഫ് സൗത്ത് ഏഷ്യൻ സ്റ്റഡീസ് 38.2 (2015).

ലൗ, കെൽവിൻ ഇ. വൈ. 'പ്രസന്റിങ് ദ സെൽഫ്, ദ സോഷ്യൽ ബോഡി ആൻഡ് ദി ഓൾഫാക്ടറി: മാനേജിങ് സ്മെല്സ് ഇൻ എവ്രിഡേ ലൈഫ് എക്സ്പീരിയെൻസസ്' (വ്യക്തിത്വത്തിന്റെയും, സാമൂഹിക ശരീരത്തിന്റെയും ഘ്രാണേന്ദ്രിയത്തിന്റെയും അവതരണം: ദൈനംദിന ജീവിതത്തിൽ വാസനയുടെ പാലനം). സോഷ്യോളോജികൽ പേഴ്സ്പെക്ടീവ്സ് 49.4 (2006): 607631.

മൊസാഹാരി, പ്രേമാനന്ദ. പൊളിറ്റിക്കൽ ഐഡൻറിറ്റി ക്രൈസിസ് ഓഫ് ദ ബോഡോസ് ആൻഡ് ദെയർ ബോഡോലാൻഡ് മൂവ്മെൻറ് (ബോഡോകളുടെ രാഷ്ട്രീയ വ്യക്തിത്വത്തിന്റെയും ബോഡോലാൻഡ് പ്രസ്ഥാനത്തിന്റെയും പ്രതിസന്ധി). കൊക്രജാർ: എൻ. എൽ പബ്ലിക്കേഷൻസ്, 2011.

റോയ്, അനിർബാൻ. 'ബോഡോ പീസ് അക്കോഡ് 2020: ജേർണി ഫ്രം ഓട്ടോണോമസ് കൗൺസിൽ ടു എ ടെറിട്ടോറിയൽ റീജിയൻ.' (ബോഡോ സമാധാന ഉടമ്പടി 2020: സ്വയംഭരണ സമിതിയിൽ നിന്ന് ഒരു ഉപസംസ്ഥാന പ്രദേശമെന്നതിലേക്കുള്ള യാത്ര). 27 ജനുവരി 2020. നോർത്ത്ഈസ്റ്റ് നൗ. 22 ഡിസംബർ 2020. <https://nenow.in/north-east-news/ assam/bodo-peace-accord-2020-journey-from-autonomous-council-to-a-territorial-region.html>.

തോംപ്സൺ, മാർത്ത. 'വിമെൻ, ജെൻഡർ ആൻഡ് കോൺഫ്ലിക്റ്: മേക്കിങ് ദ കണക്ഷൻസ്' (സ്ത്രീകളും, ലിംഗഭേദവും സംഘർഷവും: കണ്ണികൾ കൂട്ടിച്ചേർക്കുമ്പോൾ). ഡെവലപ്മെൻറ് ഇൻ പ്രാക്ടീസ് 16.3 & 4 (2007): 342353.

വാൻ ബീക്, വാൾട്ടർ ഈ.എ. 'ദ ടിർട്ടി സ്മിത്ത്: സ്മെൽ ആസ് എ സോഷ്യൽ ഫ്രോണ്ടിയർ അമങ് ദ കാപ്സികി/ ഹിഗ്ഗി ഓഫ് നോർത്ത് കാമറൂൺ ആൻഡ് നോർത്ത്ഈസ്റ്റേൺ നൈജീരിയ' (അശുദ്ധനായ തട്ടാൻ: ഗന്ധം ഒരു അതിർത്തിയായി വടക്കൻ കാമറൂണിലെയും വടക്കുകിഴക്കൻ നൈജീരിയയിലെയും കാപ്സികി/ഹിഗ്ഗികളുടെ ഇടയിൽ). ആഫ്രിക്ക: ജേർണൽ ഓഫ് ദി ഇന്റർനാഷണൽ ആഫ്രിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് 62.1 (1992).

വാംസ്ലി, എമിലി. 'റേസ്, പ്ലേസ് ആൻഡ് ടേസ്റ്റ്: മേക്കിങ് ഐഡന്റിറ്റിസ് ത്രൂ സെൻസറി എക്സ്പീരിയൻസ് ഇൻ ഇക്വഡോർ' (ഗോത്രം, സ്ഥലം, രുചി: ഇക്വഡോറിൽ ഇന്ദ്രിയാനുഭവങ്ങളിലൂടെയുള്ള സ്വത്വ നിർമ്മാണം). ഏറ്റ്നോഫൂർ 18.1 (2005): 4360.

'വാട്ട് ഈസ് എൻ.ആർ.സി ഹിയർ ഈസ് വാട്ട് യു നീഡ് ടു നോ' (എന്താണ് എൻ.ആർ.സി? നിങ്ങൾ അറിയേണ്ടത് ഇവിടെയുണ്ട്). 20 ജൂൺ 2019. ഇന്ത്യ ടുഡേ. 22 ഡിസംബർ 2020



ചർച്ചാവിഷയം




**ഷംഷാദ് ഹുസൈൻ കെ.ടി**
ശ്രീ ശങ്കരാചാര്യ സംസ്കൃതസർവകലാശാല,
മലയാള വിഭാഗത്തിൽ അദ്ധ്യാപിക


# ആണുങ്ങളില്ലാത്ത വീടും പെണ്ണുങ്ങളില്ലാത്ത ചരിത്രവും : മലബാർ കലാപത്തിലെ സ്ത്രീ ആഖ്യാനങ്ങളെ മുൻ നിർത്തിയുള്ള പഠനം

മലബാറിലെ ഏറ്റവും പ്രബലമായ കൊളോണിയൽ വിരുദ്ധ സമരം എന്നു വിലയിരുത്തപ്പെടുന്ന മലബാർ കലാപത്തിന്റെ കെടുതികൾ അനുഭവിച്ച ഒരു ജനത അതിനെ എങ്ങനെ വിലയിരുത്തുന്നു എന്നതാണ് ഈ പേപ്പറിൽ അന്വേഷിക്കാൻ ശ്രമിക്കുന്നത്; അതിനു പതിവ് ഉപദാനങ്ങൾവിട്ട് സാമാന്യജനങ്ങളുടെ വാമൊഴിപ്പാരമ്പര്യങ്ങളെ ആശ്രയിക്കുന്നു. കലാപങ്ങളിലായാലും യുദ്ധങ്ങളിലായാലും എത്ര സ്ത്രീകൾ ഇരകളാക്കപ്പെട്ടു, എത്ര പേർ ദുരന്തമനുഭവിച്ചു എന്നിങ്ങനെ സ്ഥിതി വിവരക്കണക്കുസ്വഭാവമുള്ള അന്വേഷണങ്ങളേ നടന്നിട്ടുള്ളൂ. അവരുടെ പ്രവർത്തനങ്ങൾ ഗുണപരമായി വിലമതിക്കാൻ ശ്രമങ്ങൾ ഏറെ ഉണ്ടായിട്ടില്ല എന്നു കാണാം.

മലബാർ കലാപത്തെക്കുറിച്ചുള്ള തന്റെ വിഖ്യാത പുസ്തകത്തിൽ പ്രൊഫ.കെ.എൻ. പണിക്കർ കൗതുകകരമായ ഒരു കണക്കവതരിപ്പിക്കുന്നുണ്ട്.

കലാപത്തിന് സാക്ഷ്യം വഹിച്ച നാല് തെക്കൻ താലൂക്കളിൽ 6,88,731 മാപ്പിളമാരുണ്ടായിരുന്നു. നാലു പേരിൽ ഒരാളെന്ന കണക്കിലെടുത്താൽ തന്നെ അവരിൽ 1,72,183 പേർ പ്രായപൂർത്തിയെത്തിയ പുരുഷന്മാരായിരുന്നു. എന്നാൽ കീഴടങ്ങിയവരും അറസ്റ്റുചെയ്യപ്പെട്ടവരും എല്ലാം അടക്കം കലാപത്തിൽ സജീവമായി പങ്കെടുത്തവരുടെ സംഖ്യ 50,000–ത്തോളമേ വരൂ. പ്രായപൂർത്തി വന്ന പുരുഷന്മാരായ മാപ്പിളമാരുടെ മൊത്തം സംഖ്യയുടെ മൂന്നിലൊന്നിൽ താഴയേ അത് വരുന്നുള്ളൂ. (1991:10)

ഇത്രയധികം സ്ത്രീകൾ, കുട്ടികൾ ജീവിച്ചിരുന്നിടത്ത്, ഇതിൽ പ്രായപൂർത്തിയെത്തിയ പുരുഷന്മാരെ മാത്രമാണ് കലാപത്തിൽ പങ്കെടുത്തവരായി വേർതിരിക്കുന്നത്. സാമൂഹ്യ ഘടനയുടെ വിശകലനത്തിലും സ്ത്രീകൾ പൂർണ്ണമായും അദൃശ്യരാണ്. കെ.എൻ. പണിക്കരെപ്പോലെ ലിബറൽമാർക്സിസ്റ്റും പുരോഗമനവാദിയുമായ ഒരു ചരിത്രകാരന്റെ കണക്കുകളിൽ നിന്ന് എങ്ങനെ സ്ത്രീകളും കുട്ടികളുമടക്കമുള്ള ഒരു വിഭാഗം അപ്രത്യക്ഷരായി എന്നു ചിന്തിക്കുമ്പോൾ ഈ സമീപനത്തെ മാർക്സിയൻ വീക്ഷണത്തിന്റെയോ പുരുഷാധിപത്യത്തിന്റെയോ മാത്രം പ്രശ്നമായി കാണാനാവില്ല. ചരിത്രമെന്ന വിജ്ഞാന രൂപത്തിന്റെ പ്രശ്നമായിതിനെ വിലയിരുത്തേണ്ടിയിരിക്കുന്നു. ഒരു ഡിസിപ്ലിൻ എന്ന നിലക്ക് കൃത്യവും യുക്തി ഭദ്രവുമായി കാര്യങ്ങളവതരിപ്പിച്ച് ശാസ്ത്രീയമാക്കിത്തീർക്കാനാണ് ചരിത്രകാരൻ ശ്രമിക്കുന്നത്. കേന്ദ്രത്തിൽ നിന്നുള്ള വീക്ഷണം ഒരു സംഭവത്തെക്കുറിച്ച് മൊത്തത്തിൽ ഒരു ചിത്രം നൽകാൻ ശ്രമിക്കുന്നതിന്റെ ഫലമാണ്. ചരിത്രത്തിന്റെ നാട്യം എന്നത് അതിലുൾപ്പെട്ട എല്ലാ സംഭവങ്ങളെയും പ്രതിനിധാനം ചെയ്യലാണ്. അങ്ങനെ മുഴുവൻ കാര്യങ്ങളും അവതരിപ്പിക്കാനുള്ള ശ്രമത്തിൽ കലാപത്തിന്റെ ചരിത്രം അതിൽ മരണപ്പെട്ടവരുടെ കണക്കുകളാകുന്നു. എന്തുകൊണ്ട് കലാപം, എങ്ങനെ അത് പെട്ടെന്നവസാനിച്ചു ഈ ചോദ്യങ്ങൾക്കുത്തരം പറയാനാണ് ചരിത്രം ശ്രമിക്കുന്നത്. ഒരു വിഭാഗം ജനങ്ങളിൽ രൂപപ്പെട്ട ഇച്ഛാശക്തിയും സമര

വും നഷ്ടങ്ങളും ത്യാഗങ്ങളും സഹനങ്ങളും പ്രതിരോധങ്ങളും ചരിത്രത്തിൽ അസന്നിഹിതമാകുന്നു.

മലബാറിൽ ജനിച്ചു വളർന്ന ഏതൊരു വ്യക്തിയെ സംബന്ധിച്ചും കലാപം ക്രൂരതയുടെ, ചെറുത്തു നില്പിന്റെ, തമാശകളുടെ കഥകളായി തലമുറകളിലൂടെ ഇന്നും ഓർമ്മിക്കപ്പെടുന്നു. പക്ഷെ ഈ സ്മരണകളെ ഉൾക്കൊള്ളാൻ ചരിത്രത്തിന്റെ വഴികൾക്കാവില്ല. ഇതിലെ വേദനകൾ, സഹനങ്ങൾ ഒന്നും ചരിത്രത്തിന് പ്രതിനിധാനം ചെയ്യാനാവാത്തവയാണ്.

മലപ്പുറം മേൽമുറിയിലുണ്ടായ ഡോർസെറ്റ് ആക്രമത്തെക്കുറിച്ച് ഒരു ചരിത്ര പുസ്തകത്തിലെ പരാമർശം ഇങ്ങനെയാണ്. 2

പട്ടാളത്തിന്റെ പെരുമാറ്റത്തിലും കലാപത്തിന്റെ ഗതിവിഗതികൾക്കിടയിൽ തന്നെയും വഴിത്തിരിവ് കുറിച്ചത് മേൽമുറി അംശത്തിൽ ഡോർസെറ്റ് റെജിമെന്റിൽപ്പെട്ട വെള്ളപ്പട്ടാളം 1921 ഒക്ടോബർ 25-ന് നടത്തിയ കടന്നാക്രമണം തൊട്ടായിരുന്നു. ഇവിടുത്തെ മാപ്പിള പാർപ്പിടങ്ങൾ പട്ടാളം കൂട്ടത്തോടെ ചുട്ടെരിക്കുകയും ലഹളയിൽ സജീവ പങ്കാളിത്തമില്ലാത്തവരുൾപ്പെടെ തദ്ദേശവാസികളായ അസംഖ്യം മാപ്പിളമാരെ കൂട്ടക്കൊല നടത്തുകയും ചെയ്തു. തുടർന്നുണ്ടായ കടന്നാക്രമണ പരമ്പരയിൽ മേൽമുറി റെയ്ഡ് ആദ്യത്തേതുമാത്രമായിരുന്നു.
(കോൺറാഡ് വുഡ്: 2000, 242)



ഇതിൽ ആക്രമണത്തിന്റെ ഭീകരത തുടർന്നു നല്കുന്ന മരണപ്പെട്ടവരുടെ സംഖ്യയിൽ ഒതുങ്ങുമ്പോൾ ഉമ്മാച്ചുവിന്റെ ആഖ്യാനത്തിൽ അത് പ്രിയപ്പെട്ടവരുടെ മരണമാണ്. പുരുഷന്മാരെയെല്ലാം നിരത്തിനിർത്തി വെടിവെച്ച കൂട്ടത്തിൽ ബാപ്പയെ പിരിയാൻ കൂട്ടാക്കാതിരുന്ന മകളുടെ മരണം കൂടിയാണ്.

29.1: ബ്ട ബാപ്പേം, ബല്ല്യപ്പേന്റെ, ആല്യോതൊടൂന്ന് രണ്ടെണ്ണും കാര്യേത്തൊടുന്ന് രണ്ടെണ്ണും, ആല്യേത്തൊടൂലെ മിതീംകുട്ട്യാജിന്റെ ആ ഏട്ടന് ഒന്നും. വെട്യച്ച് ബെള്ളക്കാരൻ ബെട്യച്ചതല്ലെ. ഏത്തിന് ബെള്ളക്കാരൻ അന്ന് ഓലെ ബരണം നടത്ത്യേത്. അങ്ങനൊക്കെ ഓല് ചെയ്യീന്നെ കണ്ടോലൊക്കെ ഓർ ബെട്യക്കല്ലെ. ആണ്ങ്ങളെ, അപ്പം പിന്നെ അക്കരെന്ന് അക്കരപ്പൊറത്ത്ന്ന് ആള് വന്ന് കുഞ്ഞിതങ്ങൾപ്പാപ്പള്ളന്ന് തങ്ങപ്പാപ്പ പറ്ഞ്ഞ് ങ്ങള് മറചെയ്യുപോന്നോന്നും കാട്ടണ്ട. തെങ്ങുകുയ്യോണം ത്രപോണം ബെല്പ്പത്തിലൊരു കുഴ്ജ് കുത്തീങ്ങാണ്ട് (ആഗ്യം). അതിനെന്നെ കടക്കാൻപേടി ആണ്ങ്ങളെ കണ്ടാ ഓല് ബെക്കും ബെടി. അതില് പിന്നെങ്ങള് ബേറൊന്നും നോക്കാൻ ഇല്യ. ങ്ങള് കുളിപ്പിച്ചൊന്നും മാണ്ട. പിറ്റേന്ന് ഒഴ്ക്ക് വെള്ളം പാർന്ന്ങ്ങാണ്ടാണേലോ ബല്ലിപ്പിന്നെ ബാപ്പേ. കുഞ്ഞാലൻന്നൊറ്റേണ് പേർട്ട്ക്ണത്. ന്റെ അമ്മാസങ്ക. (ഉമ്മാച്ചു, മലപ്പുറം:282)267

മതാചാര പ്രകാരം മറചെയ്യാനാകാത്തതു കൊണ്ട് തങ്ങൾപ്പാപ്പ (പുരോഹിതൻ) പറഞ്ഞതു പ്രകാരം ഒഴുക്കുവെള്ളം പാർന്ന് ഒരുമിച്ച് ഒരു കുഴിയിൽ അടക്കുകയായിരുന്നു.

പെണ്ണ്ങ്ങള് ദീ പെട്ടിട്ടില്യ. ചെല്യങ്ങന്തൊടൂലെ അതില് പെട്ട്ക്കണുന്ന് പറഞ്ഞു. വെട്യേച്ചേയ്ല്. ബാപ്പുഹാജിന്റൊക്കെ. അത് എങ്ങനെ ആയാലും ഇങ്ങനെങ്ങട്ട് പറ്റി പുടിച്ച്ങ്ങാട്ട് ബിടൂല. എത്ര ..... പെണ്ണ്ങ്ങളെ ബെക്കല്ല്യല്ലോ. എത്ര തോക്കിന്റെ ചട്ടോണ്ട് കുത്ത്യാലും ഓള് പോകൂല. അയില് അങ്ങട്ട് പോയി. ഓലങ്ങട്ട് കൊണ്ടോയ്ങ്ങാണ്ട് തോക്കങ്ങട്ട് ചൂണ്ടിയാരെ പെണ്ണ് പാഞ്ഞങ്ങട്ട് ചെന്നു. ന്റെപ്പാനെ ബെടി വെച്ച്ട്ട് ഞാനിവിടെ നിക്കൂലാന്നറഞ്ഞ് കെട്ടിച്ചാൻ ബെല്പ്പായ പെങ്കുട്ട്യേർന്ന്. അയില്ങ്ങനെ പറ്റിപ്പുടിച്ച് നിന്ന് ഓല് ബെട്യെച്ച്, അങ്ങട്ട് മരിച്ച്. ഓല ബാപ്പിം മരിച്ച്. ഇതിനാലെങ്ങനെ കെട്ടിപ്പട്ത്തീനിംപ്പൊ ഒക്കെ കേടന്ന് കാണണം.

(ഉമ്മാച്ചു.............)

ഇതിലെ വൈകാരികത, വ്യക്തിബന്ധങ്ങൾ അതിന്റെ തീവ്രത ഒന്നും ഉൾക്കൊള്ളാൻ ചരിത്രത്തിന്റെ വഴികൾക്കാകില്ല. ആക്രമണത്തിന്റെ കൃത്യമായ തിയതി രേഖപ്പെടുത്താനും ബ്രിട്ടീഷ് പട്ടാളക്കാരുടെ നീക്കങ്ങളെ പിന്തുടരാനുമാണ് ചരിത്രം ശ്രമിക്കുന്നതെങ്കിൽ ഈ ആഖ്യാനം സംഭവത്തിന്റെ സൂക്ഷ്മാംശങ്ങളിലേക്ക് കടന്നുചെല്ലാൻ ശ്രമിക്കുന്നുണ്ട്. ചിരുത എന്ന സ്ത്രീയെക്കുറിച്ചുള്ളതല്ലാതെ സമരങ്ങളിൽ സ്

ത്രീകളുടെ നേരിട്ടുള്ള പങ്കാളിത്തത്തെക്കുറിച്ചിവയിൽ സൂചനകളില്ല. മലബാർ കലാപത്തെക്കുറിച്ചുണ്ടായ പഠനങ്ങളിൽ ബഹുഭൂരിപക്ഷവും കേന്ദ്രീകരിച്ചിട്ടുള്ളത് അതിന്റെ സാമ്പത്തിക-സാമൂഹിക കാരണങ്ങളിലും ദേശീയ രാഷ്ട്രീയ പ്രചോദനങ്ങളിലുമാണ്. ലിഖിത പാഠങ്ങളിൽ തന്നെ വൈവിധ്യ പൂർണ്ണമായ പരിപ്രേക്ഷ്യങ്ങളിൽ ഇത് പഠിക്കപ്പെട്ടിട്ടുണ്ടെങ്കിലും ബഹുഭൂരിപക്ഷം പഠനങ്ങളിലും ഇതിന്റെ ഗാർഹിക തലം പരാമർശം പോലും അർഹിക്കാത്ത തരത്തിൽ അവഗണിക്കപ്പെടുകയാണുണ്ടായത്. പക്ഷെ, അക്കാലത്തെ ഏത് കുടുംബത്തിലും അത് ഏത് വിഭാഗത്തിൽ പെട്ടവരായാലും കലാപത്തിന്റെ അനന്തര ഫലങ്ങളനുഭവിച്ചവരാണുള്ളത്; മുസ്ലീമോ, ഹിന്ദുവോ ഉയർന്ന സാമ്പത്തിക വിഭാഗത്തിലുൾപ്പെട്ടവരോ സാധാരണക്കാരോ ദലിതരോ ആരായിരുന്നാലും. ആക്രമികളുടെ ചിത്രങ്ങൾ മാറിവരുമ്പോഴും ഒരു കുടുംബം പോലും ഇതിന്റെ ആക്രമണങ്ങളിൽ നിന്നൊഴിവാക്കപ്പെടുന്നില്ല

മമ്മാതുവിന്റെ ആഖ്യാനത്തിൽ ബ്രിട്ടീഷുകാരിൽ നിന്ന് രക്ഷപ്പെടാൻ സ്വീകരിച്ച കൗശലങ്ങളെക്കുറിച്ചാണ് പറയുന്നത്.

അത് ആണ്ങ്ങളൊക്കെ പൊയ്ക്ക്ണല്ലോ, അന്ന് പെറ്റ് കെടക്കാണ്, എണ്ണ പാത്രങ്ങളൊക്കെ ഒരുപാട് എണ്ണ പാത്രങ്ങളൊക്കെ എണ്ണ, നെജ്ജ്, ബെളിച്ചെണ്ണ, ബാല്യ മാള്യേകാരത്ത്യല്ലേ അയിന് ഒരു പാർപ്പാരത്തീംണ്ട്. ഒരു പാർപ്പാരത്തീ അതും തന്നൊള്ളു. ആണ്ങ്ങള്തെല്ലാം കേട്ടൂട്ബം ആണ്ങ്ങളൊക്കെ നാല് ബയിക്കും മണ്ട്അല്ലെ. ഈ രണ്ട് പെണ്ണ്ങ്ങള് മാത്രണ്ട് ബല്യോര് പെരിംകുടീം ഒക്കെ അതുണ്ട്. അങ്ങനെ നിന്നപ്പം ഓരെ കതപര്യാണാ, നെഞ്ഞ്ങ്ങനെ പതക്കു ഏല ബെട്ട്യോറ്റെ ബെക്കോന്നുബെച്ചിട്ട്. അങ്ങനെ ഓല് എന്ത് പണികുട്ടീന്നാ ഈ കുട്ടിന്റെ, കുട്ട്യേൾക്കൊക്കെ മഞ്ഞോല്ത്തെ തീട്ടണ്ടാവോലോ കുട്ട്യോള തീട്ടം (ചിരിക്കുന്നു) അതെല്ലാം കൂടി അങ്ങട്ട് ബാരിതേച്ച് അറ്റിങ്ങത് കുപ്പായത്ത്ല് എല്ലാരും കൂടി ബാരിതേച്ചാരെ. കുട്ടിനീങ്ങനെ മലത്തിപുടിച്ച്ങ്ങാണ്ട് അപ്പം ബര് ബന്നു. ബന്നു കുടീക്ക് ബര് ബന്ന്ങ്ങാണ്ട് ഓരോരോ പാഷേല്ങ്ങനെ പറീം ഓല പാഷ ഞമ്മക്ക് തിര്യോ അയില് പൊറത്ത് പോകണംന്ന് പറഞ്ഞു. അയില് പൊറത്ത്ക്ക് എറങ്ങ്യോലോ പൊറത്ത്ക്ക് എറങ്ങീങ്ങാണ്ട് അതും ആ തള്ളീം കൂടി കുട്ടിനിങ്ങനെ പുടിച്ചുങ്ങാണ്ട് ങ്ങനെ കുത്തർന്ന് നിന്ന്നറഞ്ഞ്, അയില് ഓര് അവുത്ത്ക്കൊക്കെ കാരി എന്തൊക്കെ ചവുട്ടി ഒക്കെ മറിച്ച് നാസാക്കി അതൊക്കെ അങ്ങട്ടുങ്ങട്ടൊക്കെ കാരി കൊറെ കുസുകുസൊക്കെ പറഞ്ഞ്ങ്ങാണ്ട് ബരങ്ങനെ കൊറെ നേരങ്ങനെ നോക്ക്യേലോ. ഈ പെണ്ണ്ങ്ങളെ അയില് ഒര് പട്ടാളം ഓരോരെ പാഷങ്ങനെ പറഞ്ഞേലോ പാകാണ് ബെടി ബെക്കണ്ട പാകാന്ന് പറഞ്ഞേരെ മടങ്ങീപ്പോയീന്നറഞ്ഞ് അങ്ങനെ അറ്റിങ്ങള് ആ തള്ള ഇപ്പന്നാരെ പ്പം കൊറച്ച് കാലായിട്ടൊള്ളു മരിച്ചിട്ട് അത്പ്പം പറഞ്ഞ്ട്ട് അത് പ്പം ഞാങ്കണ്ടതൊന്നല്ലട്ട ഞാങ്കണ്ടതൊന്നല്ലട അത്ങ്ങനെ ഓരോര്ത്തര് പറിമ്പം കേക്ക്ണ്ടാണ്

(മമ്മാതു, വടക്കുംമണ്ണ്)

ഇത് ഭീതി നിറഞ്ഞൊരനുഭവമാണ്. വലിയൊരു വീട്ടിൽ ഒറ്റപ്പെട്ട്, നെഞ്ഞു പതച്ചു കൊണ്ട് പട്ടാളക്കാരെ നേരിട്ടതിന്റെ വിവരണം. അവരിൽ നിന്ന് രക്ഷപ്പെടാൻ കുഞ്ഞിന്റെ തീട്ടം ദേഹത്ത് തേക്കുന്നു. എങ്കിലും പട്ടാളക്കാരുടെ ആർദ്രതകൂടി ഇവിടെ പ്രമുഖമായി വരുന്നുണ്ട്. പട്ടാളക്കാർ പറഞ്ഞ ഭാഷ മനസ്സിലാ



ക്കിയില്ലെങ്കിലും അത് തങ്ങളോടലിവുള്ളതായിരുന്നു എന്നിവർ വിലയിരുത്തുന്നു. ഇത്തരം ചെറുത്തു നില്പുകൾ പലതരത്തിൽ നടത്തിയിരുന്നതായി ആഖ്യാനത്തിൽ സൂചനകളുണ്ട്. വീട്ടിലെ മുതിർന്ന സ്ത്രീകൾ മറ്റുള്ളവരെ സംരക്ഷിച്ചത്. സ്ത്രീകൾ കൂട്ടമായി ആക്രമണങ്ങളെ നേരിട്ടത്. നിലമ്പൂരിലെ പാത്തുമ്മുവിന്റെ ആഖ്യാനത്തിൽ സ്ത്രീകൾ ഒരുമിച്ചു ചേർന്ന് ബഹളം വെച്ചാണ് ഒരു സ്ത്രീയെ ഉപദ്രവിക്കാൻ വന്നവരെ ഓടിച്ചത്. ഇങ്ങനെ ഒരുമിച്ചു ചേർന്നും കൗശലങ്ങളിലൂടെയും തന്റേടത്തോടെ ആപത്തിനെ നേരിട്ടതിന്റെ വിവരണങ്ങളാണിതിലുള്ളത്.

കലാപശേഷം ഒരു ജനത അനുഭവിച്ച ദാരിദ്ര്യത്തിന്റെ ചിത്രമാണ് പൂക്കോട്ടൂരിലെ ആമിനയുടെ ആഖ്യാനത്തിൽ നിന്ന് ലഭിക്കുക.

ഇമ്മ പണിട്ത്ത്കാണ്ടും ഒക്കത്തന്നേണ് പോറ്റീത് ഇന്റമ്മേം മഞ്ചേരിക്ക് നെല്ലുത്താ മ്പോവും വത്തണ്ണികാരന്റേട്ക്ക്. വത്തണ്ണിക്കാരോട്ക്ക് നെല്ലുത്താൻ പൊയ്ക്കാണ്ട് അവുടന്ന് കൊണ്ടന്നക്കാണ്ടാണ് ഞങ്ങളെ വളർത്തീക്ണത് ഇമ്മ. എല്ലേ സാമാനും വത്തണ്ടീലേ. ഇമ്പട്ന്ന് കൊണ്ടോരും. കല്യാണം വിസായും ഒക്കെണ്ടായാലും ഒക്കെ അവുട്ന്ന് കൊണ്ടരും ഞങ്ങക്ക്, ഇമ്മ.

(ആമിന, പൂക്കോട്ടൂർ)

എല്ലാവരും തന്നെ അനാഥരാവുകയോ പ്രിയപ്പെട്ടവരിൽ നിന്നകലുകയോ ചെയ്യുന്നുണ്ട്. അല്ലെങ്കിൽ താല്ക്കാലികമായെങ്കിലും വീടുവിട്ടുപോകേണ്ടിവരുന്നുണ്ട്. പക്ഷേ, അനാഥരായ കുട്ടികൾക്ക് എന്ത് സംഭവിച്ചുവെന്ന് ഇതിന്റെ രാഷ്ട്രീയ ചരിത്രത്തിന്റെ വിഷയമാവുന്നില്ല. (തെലുങ്കാന സമരത്തിനിടയ്ക്ക് കുഞ്ഞുങ്ങളെ ഉപേക്ഷിക്കേണ്ടി വന്നതിനെപ്പറ്റിയും അതിന്റെ മാനസികവും ശാരീരികവുമായ തീവ്രവേദനകളെപ്പറ്റിയും കെ. ലളിതയും വസന്താകണ്ണഭിരാനും വിവരിക്കുന്നുണ്ട്; തെലുങ്കാന പ്രക്ഷോഭത്തെപ്പറ്റിയുള്ള വിപ്ലവചരിത്രങ്ങൾ ഒട്ടും തന്നെ ചെവികൊടുത്തിട്ടില്ലാത്ത കഥകൾ).

കലാപത്തിന്റെ ശേഷം ഒറ്റക്കുടീല് ആണ്ങ്ങളില്യ മോളേ എന്ന വിലാപവും ഇന്റെമ്മ പണിട്ത്ത്ന്നെ പ്പോറ്റി... എന്നും ഞങ്ങളങ്ങനെങ്ങട്ട് വളർന്നു എന്നും ഇവർ വിലപിക്കുമ്പോൾ അനാഥമായിപ്പോയ ബാല്യത്തിന്റെ മാത്രം ദൈന്യങ്ങളല്ല, ഇതിന്റെ കഷ്ടതകൾ ഇവരേക്കാൾ തീവ്രമായനുഭവിച്ച ഇവരുടെ രക്ഷിതാക്കളുടെ ചിത്രമാണ് കൂടുതൽ തെളിയുന്നത്. ഇവരെ വളർത്തിവലുതാക്കാൻ വേണ്ടി കഷ്ടപ്പെട്ട ആ തലമുറയുടെ സഹനങ്ങളും ദുരിതങ്ങളുമാണ് ഇത്തരം ആഖ്യാനങ്ങളിലെ മറ്റൊരു സന്ദിഗ്ദ്ധത.

ഇവിടെ ദുരിതങ്ങളെല്ലാം നിശബ്ദം സഹിച്ചവരെന്നോ കുടുംബചുമതലകൾ മുഴുവൻ ഒറ്റക്കുനിർവഹിച്ചവരെന്നോ സ്തീകളെ ആദർശവല്ക്കരിക്കുകയല്ല. അത്തരം ആദർശവത്കൃത നിലപാടുകളാണ് എഴുതപ്പെട്ട ചരിത്രാഖ്യാനങ്ങളിൽ സ്ത്രീകൾക്കു കിട്ടിയിരുന്ന സഹായങ്ങളുടെയും ദുരന്തങ്ങളുടെയും പട്ടികയിൽ കാണുന്നത്. സംരക്ഷിക്കപ്പെടേണ്ട ഒരു വിഭാഗത്തിനു സംഭവിച്ച ദുരിതങ്ങൾ എന്ന നിലക്കല്ല പകരം ഒരു സവിശേഷ രാഷ്ട്രീയ സാഹചര്യത്തെ ഏങ്ങനെയാണിവർ സ്വന്തം ഇച്ഛാശക്തികൊണ്ട് നേരിടുന്നത് എന്നതാണ് ഇവിടെ പ്രധാനമാകുന്നത്.

പട്ടാളക്കാർക്കു നേരെയുള്ള പരിഹാസവും നേരിട്ടുള്ള വിമർശനങ്ങളും ഇത്തരം ആഖ്യാനങ്ങളിലുണ്ട്. കമഴ്ത്തിയിട്ട തോണിക്കകത്ത് ആൾക്കാർ ഒളിച്ചിരിക്കുകയാണെന്നുധരിച്ച് തോക്കിലെ തിര മുഴുവൻ തീർത്ത പട്ടാളക്കാരെ പരിഹസിക്കുന്ന തരത്തിലാണ് മമ്മാതു ഈ കഥ അവതരിപ്പിക്കുന്നത്. ഉമ്മാച്ചുവിന്റെ ആഖ്യാനത്തിൽ പോലീസുകാരെ നേരിട്ടു വിമർശിക്കുന്നതിന്റെ വിവരണമുണ്ട്.

അവിടുന്ന് ന്റെ ചെര്യെ എളാപ്പറഞ്ഞു അയിപ്പളും ച്ച് പുട്യാട്ണ്ട്. ങ്ങളെ പൂള പുക് ഏയ്റ്റ്... അന്ന് ചോന്ത തൊപ്പി ആണേ ങ്ങളെ പൂള പുക് കണ്ട്ന്നെല്ലീ ഞാണ്ടൊന്നും ബടെ അയിനൊരു പേട്യൊന്നുല്യാങ്ങളെവുട്ക്കാ പോണ്ച്ചാ പോണപാട്ട് പൊയ്ക്കോളീന്നറഞ്ഞ് (ഉമ്മാച്ചു)

മുൻ വിവരണത്തിൽ ഉമ്മാച്ചു തന്റെ പ്രിയപ്പെട്ടവരെ കൊലപ്പെടുത്തിയതിൽ ബ്രിട്ടീഷ് ഭരണത്തോടുള്ള ശത്രുതയും രേഖപ്പെടുത്തുന്നുണ്ട്. ഇങ്ങനെ ശത്രുതയുള്ളവരായും പേടിപ്പെടുത്തുന്നവരായും ബ്രിട്ടീഷുകാർ അവതരിപ്പിക്കപ്പെടുമ്പോൾ തന്നെ അപരത്തിനോടു അഭിനിവേശവും ഇതിൽ കാണാം.

അറ്റിങ്ങള് രണ്ട്ലില്ല ജന്തുക്കളല്ലെ. വെള്വെള്ത്ത്ട്ട്ങ്ങനെ, ത്ര, ത്ര ബല്പ്പണ്ട് (ഉയരത്തിന്റെ ആംഗ്യം) ഓരോന്നിന്റെ ത്രങ്ങട്ട് (ആംഗ്യം പോരാഞ്ഞ് ഉയരത്തിലേക്ക് കാട്ടുന്നു) അത്ര ബല്യ ജന്തുക്കളെന്നെ ഞമ്മള ഞമ്മളെ മുസ്ലീമിങ്ങളിലില്യ അങ്ങനെത്ത ജന്തുക്കള്. തൊള്ളങ്ങനെ വായ തുറന്നു കാണിക്കുന്നു) പല്ല് ചീനിക്കാകുരൂന്റെ നെറണ്ട് (ചിരിക്കുന്നു)

കണ്ടാത്ര ബല്യ ജന്തുക്കള് ഇത്ര നല്ല ചോറ്ക്ക്ള്ളേയ്റ്റിങ്ങള് ഞാങ്കണ്ട്ട്ടില്ല്യ. ബെള്ബെള്ങ്ങനെ ബെള്ത്ത്ട്ട് ജന്തുക്കള്.... (ഉമ്മാച്ചു)

ശരീരത്തിന്റെ ഈ സൂക്ഷ്മമായ വർണ്ണനയിൽ അന്യമായ സൗന്ദര്യത്തോടുള്ള തൃഷ്ണയും ആസക്തിയും കൂടി പ്രകടമാണ്. ഖൂർക്ക പട്ടാളത്തിന്റെ വിവരണത്തിൽ അവർ കറുത്തു കുറിയവരും സ്ത്രീകളെ ഉപദ്രവിക്കുന്നവരുമാണ്. എന്നാൽ സ്ത്രീകളെ ഉപദ്രവിക്കാത്തവരാണ് വെള്ള പട്ടാളക്കാർ എന്നും വേർതിരിക്കുന്നുണ്ട്. നിലമ്പൂരിലെ പാത്തുമ്മുവും പട്ടാളക്കാരെ മൊഞ്ചന്മാരായിട്ടാണ് പരിചയപ്പെടുത്തുന്നത്. പട്ടാളക്കാരോടുള്ള ശത്രുതയും ഭീതിയും പരിഹാസവും രേഖപ്പെടുത്തുന്നതോടൊപ്പം അവരോടുള്ള തൃഷ്ണയും കൂടി പ്രകടമാകുമ്പോൾ ചരിത്രം രൂപപ്പെടുത്തിയ കൃത്യമായ ദ്വന്ദ്വ വല്ക്കരണത്തെ തന്നെയാണ് ഇതു ചെറുക്കുന്നത്. അതിൽ നല്ലത്/ചീത്ത, അധിനിവേശകർ (Coloniser)/അധിനിവേശിതർ (Colonising), ദേശീയം/പ്രാദേശികം എന്നീ ദ്വന്ദ്വങ്ങൾ എല്ലാം കീഴ്മേൽ മറിക്കപ്പെടുകയാണ്.





**ഡോ.ശ്രീവിദ്യ**
അസിസ്റ്റന്റ് പ്രൊഫസർ
ചരിത്ര വിഭാഗം, ഗവ. കോളേജ്, മലപ്പുറം

# മലബാർ കലാപത്തിലെ പെൺജീവിതം

കേരളചരിത്രത്തിൽ വളരെയധികം ചർച്ചകൾക്കും വിവാദങ്ങൾക്കും വഴിയൊരുക്കിയതും തെക്കൻ മലബാറിന്റെ ജനജീവിതത്തെ പാടെ മാറ്റിമറിച്ചതുമായ ആഭ്യന്തരവിപ്ലവമായിരുന്നു 1921 ലെ മാപ്പിള കലാപം എന്നു സാമ്രാജ്യത്വവാദികൾ നാമകരണം നടത്തിയ മലബാർ സമരം/കലാപം അഥവാ മലബാർ പോരാട്ടം. ഒരു സായുധവിപ്ലവം ഏതെല്ലാം തരത്തിൽ ഒരു ചെറിയ പ്രദേശത്തെ ബാധിക്കുമോ അതിലും രൂക്ഷമായിരുന്നു തെക്കൻ മലബാറിൽ ഇതിന്റെ പ്രതിധ്വനി അലയടിച്ചത്. ജന്മിത്വത്തിനും സാമ്രാജ്യത്വ അധിനിവേശം ശക്തികൾക്കും എതിരെ 19ാംനൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ തെക്കൻമലബാറിലെ ഒരു വിഭാഗം ജനത ആരംഭിച്ച പോരാട്ടങ്ങളുടെ അതിശക്തമായ രൂപമായിരുന്നു 1921ലെ സായുധവിപ്ലവം. വിപ്ലവകാരികളെ കലാപകാരികളെ അടിച്ചമർത്തുക എന്ന ലക്ഷ്യത്തോടെ ബ്രിട്ടീഷ് ഗവൺമെന്റ് നടപ്പിലാക്കിയ കിരാതമായ പട്ടാളഭരണം ഏകദേശം ആറ് മാസക്കാലത്തോളം നീണ്ടുനിൽക്കുകയും ഇത് ജനജീവിതം ദുരിതപൂർണ്ണമാക്കി. കലാപ-കലാപാനന്തര മലബാറിലെ ജനജീവിതം ജാതിമതഭേദമെന്യേ ദുഃഖങ്ങളും ദുരിതങ്ങളും നിറഞ്ഞതായിരുന്നു. കുറ്റവാളികളെ അറസ്റ്റു ചെയ്യുന്നതിനു പകരം അധികൃതർ ഈ പ്രദേശങ്ങളിൽ അരാജകത്വവും ഭരണകൂട ഭീകരതയും സൃഷ്ടിക്കുകയായിരുന്നു.

കലാപം മൂലമുണ്ടായ ഭൗതിക നഷ്ടങ്ങളും അതിനെ തുടർന്ന് ബ്രിട്ടീഷ്ഗവൺമെന്റ് നടപ്പിലാക്കിയ അടിച്ചമർത്തൽ നയവും മൂലമുണ്ടായ നാശനഷ്ടങ്ങൾ എണ്ണിത്തിട്ടപ്പെടുത്തുന്നതിനപ്പുറമായിരുന്നു. പട്ടിണിയും ദാരിദ്ര്യവും ഒപ്പം ബ്രിട്ടീഷ്പട്ടാളവും ഇവിടുത്തെ പാവപ്പെട്ട നിസ്സഹായരായ ജനതയെ നിരന്തരം വേട്ടയാടിക്കൊണ്ടിരുന്നു. കലിയും കാലനും തകർത്താടിയപ്പോൾ തകർന്നടിഞ്ഞത് ഒരുപാട് മനുഷ്യജന്മങ്ങളായിരുന്നു. അവരുടെ കൊച്ചുകൊച്ചു സ്വപ്നങ്ങളായിരുന്നു. കലാപകാലത്തും കാലാപാനന്തരകാലത്തും ഏറ്റവും കൂടുതൽ ദുരിതങ്ങളും ദുഃഖങ്ങളും അനുഭവിക്കേണ്ടിവന്നത് തെക്കൻ മലബാറിലെ സ്ത്രീകൾക്കും കുട്ടികൾക്കും ആയിരുന്നു. കലാപകാലത്ത് കലാപകാരികളാലും അനന്തരം ബ്രിട്ടീഷ് പട്ടാളത്താലും ഇവർ വേട്ടയാടപ്പെടുകയായിരുന്നു. ചരിത്രം രേഖപ്പെടുത്തുവാൻ മടിച്ചു നിന്ന ഈ പെൺജീവിതത്തെ ചികഞ്ഞെടുക്കുന്നതിനുള്ള ഒരു ശ്രമമാണ് ഇവിടെ നടത്തുന്നത്.

കലാപം ആരംഭഘട്ടത്തിൽ അധികാരവർഗ്ഗത്തിനെതിരായിരുന്നു തിരിഞ്ഞത്. ജന്മി-സാമ്രാജ്യത്വ അധി

കാരത്തിന്റെ കേന്ദ്രങ്ങളെല്ലാം പിടിച്ചെടുക്കുവാൻ അവർക്കായി. ആദ്യഘട്ടത്തിൽ ബ്രിട്ടീഷ് രാജ് അവസാനിപ്പിച്ച് ഖിലാഫത്ത് രാജ് ആരംഭിക്കുവാൻ വരെ അവർക്കായി. പക്ഷേ രണ്ടാംഘട്ടമായപ്പോഴേക്കും സ്ഥിതിഗതികൾ ആകെ മാറി. ബ്രിട്ടീഷ് പട്ടാളം അതിക്രൂരമായ രീതിയിൽ ലഹള അടിച്ചമർത്തി. കലാപകാരികളെ പിടിക്കുന്നതിനായി അധികാരികൾക്ക് ജന്മിമാരും അവരുടെ കാര്യസ്ഥന്മാരും ഒത്താശ ചെയ്തു. ഈ ഘട്ടത്തിലാണ് യഥാർത്ഥത്തിൽ ദുരിതങ്ങൾ അതിന്റെ പാരമ്യത്തിലെത്തിയത്. ഇതിന്റെ തിക്തഫലങ്ങൾ ഏറ്റവും രൂക്ഷമായ രീതിയിൽ അനുഭവിച്ചതാവട്ടെ ഹിന്ദു മുസ്ലും വകഭേദമില്ലാതെ സ്ത്രീകളും കുട്ടികളും ആയിരുന്നു.

കലാപം അതിന്റെ രണ്ടാംഘട്ടത്തിലേക്ക് കടന്നതോടെ തങ്ങളുടെ സ്വഗൃഹങ്ങൾ വിട്ട് ഹിന്ദുഭവനങ്ങളിൽ നിന്നും സ്ത്രീകളും കുട്ടികളും മറ്റു സ്ഥലങ്ങളിൽ അഭയം തേടി. മലപ്പുറം പടിഞ്ഞാറ്റുംമുറിയിലെ പല പ്രമുഖ നായർ തറവാടുകളിലെ സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള അംഗങ്ങൾ അവരുടെ ബന്ധുവീടുകളിൽ അഭയം തേടിയതിനെക്കുറിച്ചും അക്കാലത്തെ ജീവിതത്തെക്കുറിച്ചും എല്ലാം തൊണ്ണൂറ്റിരണ്ടുകാരിയായ മീനാക്ഷിയമ്മ ഇന്നും ഓർമ്മിച്ചു പറയുന്നു. ഏറനാട് താലൂക്കിലെ പല വീടുകളും അഗ്നിക്കിരയാക്കപ്പെട്ടു. പക്ഷേ, പാവപ്പെട്ട പല ഹിന്ദു കുടുംബങ്ങൾക്കും പട്ടാളവും പോലീസും എത്തുന്നതുവരെ ഈ പ്രദേശങ്ങളിൽ തന്നെ ഭീതിയോടെ കഴിയേണ്ടി വന്നു. സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവർ കലാപകാരികളേയും പോലീസിനേയും ഭയന്ന് ഇരുട്ടിന്റെ മറവിൽ കോഴിക്കോട് പോലുള്ള പ്രദേശങ്ങളിലേക്ക് പാലായനം ചെയ്തു. 1922 ഫെബ്രുവരി 19ന് ചേർന്ന മലബാർ കലാപത്തിൽ ദുരിതമനുഭവിച്ചവരുടെ ഒരു കോൺഫറൻസ് കോഴിക്കോട് സാമൂതിരിയുടെ അധ്യക്ഷതയിൽ കോഴിക്കോട് ചേർന്നതിന്റെ പ്രൊസീഡിങ്ങ്സിൽ അർദ്ധനഗ്നരായവരും ഗർഭിണികളായവരും ആയ സ്ത്രീകൾ ഉൾപ്പെടെ തങ്ങളുടെ സകലസമ്പാദ്യങ്ങളും ഉപേക്ഷിച്ച് സാമൂതിരി കോവിലകത്ത് അഭയം തേടിയതിന്റെ പരാമർശങ്ങൾ കാണാം. അക്രമണം ഭയന്ന് പല വീടുകളിലേയും സ്ത്രീകളും കുട്ടികളും കുറ്റിക്കാടുകളിലും മറ്റും അഭയം തേടിയിരുന്നു. പല സ്ത്രീകൾക്കും മരണഭീതി കാരണം മാസം തികയാതെ കാടുകളിൽ പ്രസവിക്കേണ്ടി വന്നു എന്ന് 1921 സെപ്തംബറിലെ ദി ലീഡർ എന്ന പത്രത്തിലെ റിപ്പോർട്ടുകളിൽ കാണുന്നു. ഇതിലും ഭീകരമായ അവസ്ഥയായിരുന്നു ലഹളയിൽ പങ്കെടുക്കാതിരുന്ന മുഹമ്മദീയരുടെ അവസ്ഥയും. അവർക്ക് കലാപകാരികളേയും പട്ടാളത്തേയും ഒപ്പം അവരുടെ ഹിന്ദുസഹോദരന്മാരും പേടിച്ചു കഴിയേണ്ടി വന്നു.

കലാപത്തിൽ നേരിട്ട് പങ്കാളികളായിട്ടില്ലെങ്കിലും മുസ്ലിംസ്ത്രീകൾ നേരിട്ട പങ്കാളികളായിട്ടില്ലെങ്കുലം മുസ്ലിംസ്ത്രീകൾ നേരിട്ട ദുരിതങ്ങൾ വർണ്ണനാതീതമായിരുന്നു. ഇതിനേറ്റവും വലിയ ഉദാഹരണാമായിരുന്നു കാക്കനാട്ടു ചാലിൽ താമസിക്കും ആയിഷ ഉമ്മ്മ (പാണ്ടിക്കാട്ട് അംശം) യുടേയും മക്കളുടേയും ജീവിതം. കലാപകാരികൾക്കു സഹായം നൽകി എന്നതിന്റെ പേരിലാണ് ആയിഷ ഉമ്മയേയും മൂന്ന് മക്കളേയും ജയിലിലടച്ചത്. കുട്ടികളെ ജയിലിൽ നിന്ന് വിട്ടയക്കുവാൻ തയ്യാറായിരുന്നിട്ടും കൊണ്ടുപോകുവാൻ ഇടമില്ലാത്തതിന്റെ പേരിൽ ആയിഷ ഉമ്മയുടെ പതിമൂന്നു വയസ്സായ മകനേയും പതിനഞ്ചും പത്തും വയസ്സായ പെൺമക്കളെയും ജയിൽ തന്നെ നിർത്തുകയായിരുന്നു. ഇതുപോലെ തന്നെ ധാരാളം ചെറിയ കുട്ടികളേയും ജുവനൈൽ കോർട്ടുകളിലേക്ക് അയച്ചിരുന്നു. കലാപകാരികളോടൊപ്പം ചേർന്നു എന്നതിന്റെ പേരിലായിരുന്നു. ഇവരെ അറസ്റ്റു ചെയ്തത്. ഇതിന് ഉദാഹരണമായിരുന്നു കടവത്ത് ഉമ്മറിന്റെയും പി. മമ്മദിന്റെയും ജീവിതം. പട്ടാളവും പോലീസും മാപ്പിളസ്ത്രീകളേയും കുട്ടികളേയും പുരുഷന്മാരേയും ഒരേപോലെ വേട്ടയാടുകയായിരുന്നു. പുരുഷന്മാരെല്ലാം കൊല്ലപ്പെടുകയോ ജയിലിലിടക്കുകയോ ചെയ്യപ്പെട്ടു. പട്ടാളം വീടുകളിൽ കയറി സ്ത്രീകളെ ബലാത്സംഗം ചെയ്യുകയും വീടുകൾ തീയിട്ടു നശിപ്പിക്കുകയും ചെയ്തു എന്ന് റിപ്പോർട്ടുകളിൽ കാണാം.

സി.എഫ് ആൻഡ്രൂസ് തന്റെ കലാപബാധിതപ്രദേശങ്ങളിലൂടെയുള്ള യാത്രക്കിടെ ഭീതിയാൽ മാനസികവിഭ്രാന്തി വന്നതും ബയണറ്റിനാൽ ഉപദ്രവിക്കപ്പെട്ടതും മുറിവേൽക്കപ്പെട്ടതുമായ കൊച്ചുകുട്ടികളെയും കണ്ടതിനെപ്പറ്റി രേഖപ്പെടുത്തിയിട്ടുണ്ട്. മുസ്ലിം സ്ത്രീകൾ കൂട്ടത്തോടെ മാനഭംഗത്തിനിരയാക്കപ്പെട്ടതിനെക്കുറിച്ചും പരാമർശരങ്ങൾ കാണാം. തിരൂരങ്ങാടിയിൽ നിന്നും പോലീസിന്റെ ക്രൂരതകളാൽ കൊല്ലപ്പെട്ട ഒരു കുഞ്ഞിനെ മടിയിൽ ഇരുത്തി ഒരു സ്ത്രീയുടെ മൃതദേഹം കിട്ടിയതിനെ കുറിച്ചുള്ള മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ കത്തിലെ പരാമർശം ബ്രിട്ടീഷ് രഹസ്യരേഖകളിൽ കാണാം. പട്ടാളഭരണത്തിന്റെ ഭാഗമായി തെക്കൻ മലബാറിലെ സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടു. ഇതിനാൽ താലൂക്ക് പരിധിക്കപ്പുറത്തേക്ക് യാത്ര ചെയ്യുന്നതിന് ഇവർക്ക് കഴിഞ്ഞിരുന്നില്ല. അഥവാ പോകണമെങ്കിൽ സബ്മജിസ്ട്രേറ്റിന്റെ കത്ത് വേണമായിരുന്നു. ഇവരുടെ സഞ്ചാരം തടയുന്നതിനായി റെയിൽവെ സ്റ്റേഷനുകളിലും റോഡുകളിലും പോലീസുകാർ കാവലുണ്ടായിരുന്നു. മാർഷ്യൽ ലൊ പ്രകാരം മനുഷ്യാവകാശങ്ങളെല്ലാം ഭരണാധികാരിയായി നിയമിതനാവുന്ന പട്ടാളമേധാവിയുടെ പൂർണ്ണമായ നിയന്ത്രണത്തിനു വിധേയമായിരിക്കും. ഈ സാഹചര്യത്തിൽ ഈ താലൂക്കുകളിൽ നടക്കുന്നത് എന്ത് എന്ന് പുറത്തുള്ള ആർക്കും അറിയില്ലായിരുന്നു. പത്രങ്ങൾ സത്യസന്ധമായി പ്രസിദ്ധപ്പെടുത്തുന്നതിന് സാധ്യമല്ലായിരുന്നു. ഇതിനാൽ തന്നെ പുരുഷന്മാരില്ലാത്ത വീടുകളിൽ പട്ടാളത്തിന് ഏതുനേരവും കയറി എന്തു ദ്രോഹവും


ചെയ്യാനാകുമായിരുന്നു.

പോലീസിനേയും പട്ടാളത്തേയും ഭയന്ന് മാപ്പിള സ്ത്രീകളും കുട്ടികളും തെക്കൻ മലബാറിലെ കലാപബാധിതപ്രദേശങ്ങളിൽ തന്നെ തങ്ങാൻ നിർബന്ധിതരായിരുന്നു. പലരും കാടുകയറി പാറപൊത്തുകളിലും മറ്റും അഭയം തേടി പനംപൊടിയും കാട്ടുകായ്കനികളും തിന്ന് ദിനങ്ങൾ തള്ളി നീക്കി. പുറംലോകത്തിന് അജ്ഞാതമായ ഒരു ജീവിതം നയിക്കുവാൻ അവർ നിർബന്ധിതരായി.

മാപ്പിളസ്ത്രീകളേയും കുട്ടികളേയും പട്ടാളഭരണ പ്രദേശത്തു നിന്ന് പുറത്തു കൊണ്ടുവരുന്നതിന് അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് അബ്ദുറഹ്മാൻ സാഹിബ് ഒക്ടോബർ ആദ്യവാരത്തിൽ മലബാർ കലക്ടർക്കെഴുതി. മറുപടി കിട്ടാതായപ്പോൾ ഒക്ടോബർ 13ന് വീണ്ടും എഴുതി. കോഴിക്കോട് പുരാവസ്തു വകുപ്പ് രേഖകളിൽ ഈ കത്ത് നടപടിയൊന്നും എടുക്കേണ്ട എന്ന കലക്ടറുടെ ഉത്തരവോടുക കൂടി ലഭ്യമാണ്. കലക്ടർ പ്രതികരിക്കുന്നില്ലെന്ന് കണ്ടപ്പോൾ മാപ്പിളസ്ത്രീകളുടേയും കുട്ടികളുടേയും ദയനീയ നില വിവരിച്ചുകൊണ്ട് ഹിന്ദുവിലേക്കും ബോംബെ ക്രോണിക്കിളിലേക്കും അബ്ദുറഹ്മാൻ കത്തുകളെഴുതി. ഈ രണ്ടു പത്രങ്ങളിലും കത്ത് പ്രസിദ്ധപ്പെടുത്തി. മലബാർ കലക്ടർക്ക് താൻ ഇതിനെക്കുറിച്ചെഴുതിയതിന് മറുപടി പോലും ലഭിച്ചില്ലെന്ന് അതിൽ അബ്ദുറഹ്മാൻ എഴുതിയിരുന്നു.

ഇത് കലക്ടറെ ചൊടിപ്പിച്ചു. പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ അബ്ദുറഹിമാന്റെ കത്ത് മാർഷ്യൽലൊ നിലവിലുള്ള  മാർഷ്യൽ ലോ നിലവിലുള്ള പ്രദേശങ്ങളിലെ സ്ഥിതി കളെക്കുറിച്ച് വ്യാജ പ്രചരണം നടത്തി എന്ന പേരിൽ കലക്ടർ അബ്ദുറഹിമാനെ തിരെ കേസെടുത്തു . ഇതിന്റെ വിചാരണക്കിടയിൽ അബ്ദുറഹ്മാൻ തനിക്ക് എഴുതിയതായി പറയുന്ന കത്ത് തനിക്ക് കിട്ടിയിട്ടില്ലെന്ന് കലക്ടർ വാദിച്ചു . ലോഡ്ജ് എന്ന ഉത്തരവിനു ചുവട്ടിൽ കലക്ടർ ഇ.എഫ്. തോമസിന്റെ ഒപ്പോടുകൂടി അബ്ദുറഹ്മാന്റെ കത്ത് ഇന്നും പുരാവസ്തു വകുപ്പിന്റെ ഫയലിലുള്ളത് ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ പച്ച കളവിന് സ്മാരകമായി എടുത്തു വയ്ക്കാവുന്നതാണ് എന്ന് എം. ഗംഗാധരൻ ഓർമ്മപ്പെടുത്തുന്നു. മാപ്പിള സ്ത്രീകൾക്കും കുട്ടികൾക്കും യാതൊരു കഷ്ടപ്പാടും ഇല്ലെന്ന് തിരൂരങ്ങാടിക്കാരിയായ ഒരു മാപ്പിളവൃദ്ധ കോടതിയിൽ തെളിവ് നൽകിയത്രെ. എന്നാൽ യാഥാർഥ്യം അതിഭീകരം ആയിരുന്നു . എവിടെയും ദുരിതരുടെ ദീന സ്വരങ്ങൾ അലയടിച്ചു. അനാഥരെയും അഗതികളെയും വിധവകളെയും കൊണ്ട് നിറഞ്ഞ വിജന ഗ്രാമങ്ങൾ തെക്കൻ മലബാറിലെവിടേയും കാണാമായിരുന്നു . പ്രായപൂർത്തി ആകുന്നതിനു മുൻപേ പതിനഞ്ചുകാരന്റെ മണവാട്ടിയായി തൃക്കലങ്ങോട് എത്തിയ പാത്തുക്കുടി താത്തയുടെ ഓർമ്മകൾ വാഗൺ ട്രാജഡി സ്മരണികയിൽ പ്രതിപാദിക്കുന്നുണ്ട്. പത്താം ദിവസം 15 കാരനായ അലവിക്കുട്ടി കൗതുകം മൂലം വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും കൂട്ടരും നിലമ്പൂർ കോവിലകത്തെ ലക്ഷ്യംവെച്ച് തൃക്കലങ്ങോട് വഴി കടന്നു പോയപ്പോൾ അവരോടൊപ്പം ചേർന്നു എന്നാൽ എടവണ്ണയിൽ വെച്ച് ഒരു ബന്ധു കണ്ടതിനാൽ തിരിച്ചു കൊണ്ടു പോന്നു . പക്ഷേ ജന്മിമാരുടെ ശിങ്കിടികൾ അധികാരികൾക്ക് നൽകിയ പേരുകളിൽ അലവിക്കുട്ടി ഇടം പിടിക്കുകയും പട്ടാള നായാട്ടിൽ പിടിക്കപ്പെടുകയും അന്തമാനിലേക്ക് നാടുകടത്തുകയും ചെയ്തു .സ്വന്തം പിതാവിന്റെ അഭ്യർത്ഥന മാനിക്കാതെ നീണ്ട 12 വർഷം ഭർത്താവിനായി കാത്തിരുന്നു. അലവിക്കുട്ടി തിരിച്ചെത്തിയപ്പോഴേക്കും എല്ലാം നഷ്ടപ്പെട്ടിരുന്നു . എന്നാലും ഒരു രണ്ടാം പുതുക്കം പാത്തുമ്മക്കുട്ടിക്കും അലവിക്കുട്ടിക്കും നീണ്ട 12 വർഷത്തിനുശേഷം സാധ്യമായി . ഈ നീണ്ട വർഷങ്ങൾ രണ്ടുപേരും അനുഭവിച്ച പീഡനങ്ങൾക്ക് കണക്കില്ല. എന്നിട്ടും തന്റെ കൂട്ടുകാരികളുടേ തുമായി തട്ടിച്ചു നോക്കുമ്പോൾ തന്റെ ദുഃഖം വളരെ നിസാരമാണ് എന്നാണ് പാത്തുക്കുട്ടിയുടെ ഗദ്ഗതം. പതിനഞ്ചാം വയസ്സിൽ വിധവയായ ഖദീജക്കുട്ടി, വെള്ളക്കാരൻ സാഹിബിന്റെ കുട്ടിയെ ഗർഭിക്കേണ്ടി വന്ന മാളു എന്ന ആമിനക്കുട്ടി , എട്ടുമക്കളിൽ നാലെണ്ണവും വെടി കൊണ്ട് വീഴുന്നതിന്  ദൃക്സാക്ഷിയായ പാത്തുമ്മയുടെ അവസ്ഥ ഇതെല്ലാം അതിദാരുണമായിരുന്നു. ഇത്തരത്തിൽ അറിയപ്പെടാത്ത നിരാലംബരായ ജീവന് ഭീഷണിയായി കഴിഞ്ഞ എത്രയോ സ്ത്രീജനങ്ങൾ തെക്കൻ മലബാറിലെ ഉൾനാടുകളിൽ ജീവിതം ഹോമിച്ച് തീർത്തിരുന്നു . ഈ അവസ്ഥയെക്കുറിച്ച് എസ് .കെ. പൊറ്റക്കാടും കൂട്ടുകാരും എഴുതിയ മുഹമ്മദ് അബ്ദുറഹ്മാൻ എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു .കൃഷി നശിച്ചു, തൊഴിൽ സ്തംഭിച്ചു, അഭയാർഥികൾ പെരുകി, നാട്ടിൻപുറങ്ങൾ കഷ്ടപ്പാടിന്റ തപ്ത ഭൂമിയായി .ആയിരക്കണക്കിനു മാപ്പിള സ്ത്രീകളും കുട്ടികളും അലഞ്ഞുനടന്നു .സ്ത്രീകൾ സമരരംഗത്ത് ഉണ്ടായിരുന്നില്ലെങ്കിലും ആണുങ്ങൾക്ക് അവർ കൂട്ടത്തോടെ പിന്തുണ നൽകി പോന്നു .ലഹളയുടെ തിക്തഫലങ്ങൾ ഏറ്റവും അഗാധമായ അനുഭവിക്കേണ്ടിവന്നത് അവർക്കായിരുന്നു .മാപ്പിളമാരിൽ നിന്നും ഹിന്ദുക്കൾക്കുണ്ടായ കഠിനമായ യാതനകൾ ആണ് മാപ്പിള സ്ത്രീകൾക്ക് പട്ടാളക്കാരിൽ നിന്ന് നേരിട്ടത് . ഇങ്ങനെ വിപ്ലവത്തിന്റെ ഇരകളായവർ അനേകം .എത്ര ആണുങ്ങൾ കൊല്ലപ്പെട്ടു അത്രയും വിധവകളും അനാഥകളും സൃഷ്ടിക്കപ്പെടുകയായിരുന്നു. എത്രയോ യത്തീംഖാനകൾ സൃഷ്ടിക്കപ്പെട്ടു. ജയിലിൽ കിടക്കുന്നവരെക്കാൾ ഇരട്ടി അബലകളും അഗതികളും ജന്മമെടുത്തിരുന്നു . ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ജെ.ഡി.ടി അനാഥ ശാല.










രക്തത്തിൽ കുതിർന്ന വസ്ത്രങ്ങൾ ചിതറിക്കിടക്കുന്നു...

# മാറാടിലെ സ്ത്രീകളും വർഗീയ കലാപങ്ങളും



ഹമീദ സി. കെ.

യുദ്ധങ്ങൾ, വർഗീയ കലാപങ്ങൾ എന്നിങ്ങനെ സംഘർഷമേഖലകളെക്കുറിച്ചുള്ള പഠനങ്ങളും പത്രവാർത്തകളും കുറെ കാലങ്ങളോളം ചില വാർപ്പുമാതൃകകളെ മാത്രമാണ് വായനക്കാരിലെത്തിച്ചിരുന്നത്. പ്രത്യേകിച്ചും ഇത്തരം മേഖലകളിലെ സ്ത്രീ പുരുഷ പങ്കാളിത്തം വിഷയമാകുമ്പോൾ പുരുഷന്മാർ ആക്രമണകാരികളും സ്ത്രീകൾ ഇരകളുമായാണ് കാണപ്പെടാറ്. ഇത്തരം മാതൃകകളിൽ നിന്നും വേറിട്ട ചിന്തയാണ് കലാപാനന്തരകാലത്ത് മാറാട് ഒരു പഠനം നടത്താൻ പ്രചോദനമായത്. മാറാട് കലാപത്തെക്കുറിച്ചുള്ള വിവിധങ്ങളായ മാധ്യമ വാർത്തകളും, അതിന്റെ പശ്ചാത്തലത്തിൽ 2012 മുതൽ 2016 വരെ പല ഘട്ടങ്ങളിലായി നടത്തിയ ഫീൽഡ് സന്ദർശനങ്ങളും അടിസ്ഥാനപെടുത്തിയാണ് ഈ ലേഖനം ചിട്ടപ്പെടുത്തിയിരിക്കുന്നത്.

2012 ൽ 'വർഗീയ കലാപങ്ങളും സ്ത്രീകളും' എന്ന വിഷയത്തിൽ പി.എച്ച്.ഡി. പഠനത്തിന്റെ ഭാഗമായാണ് ഞാൻ ആദ്യമായി മാറാട് സന്ദർശിക്കുന്നത്. അതുവരെ മാറാടിനെക്കുറിച്ചുള്ള എന്റെ അറിവുകൾ മാധ്യമങ്ങളിലൂടെ ലഭിച്ചവ മാത്രം ആയിരുന്നു. ആക്രമണങ്ങളുടെയും കലാപങ്ങളുടെയും അവശേഷിപ്പുകൾ മറാത്ത മാറാടിലേക്ക് ആദ്യമായി വരുന്ന ഒരാൾക്ക് ഉണ്ടാവാനിടയുള്ള അനുഭവങ്ങൾ മനസ്സിലാക്കുക എന്നതായിരുന്നു ഉദ്ദേശം. അതിനാൽത്തന്നെ മാറാടുമായി പരിചയം ഉണ്ടെന്നു പറഞ്ഞ ഒരു സ്ത്രീയുടെ കൂടെയാണ് പോയത് അവർക്കവിടെ സുഹൃത്തുക്കളും ബന്ധുക്കളും ഉണ്ടായിരുന്നു. അരക്കിണറിൽ നിന്നും ഓട്ടോയിലാണ് യാത്ര. വഴിയിൽ ചെക്ക്പോസ്റ്റിൽ ഉണ്ടായിരുന്ന പൊലീസുകാർ ഞങ്ങൾ പോകുന്ന സ്ഥലത്തിന്റെ വിവരങ്ങളും മറ്റും ചോദിച്ചറിഞ്ഞു. പിന്നീട് മാറാട് വായനശാലയ്ക്ക് അടുത്ത് ഓട്ടോ നിർത്തി, പടിഞ്ഞാറോട്ടുള്ള റോഡിലേക്ക് പ്രവേശിച്ചപ്പോൾ അവിടെയും ഉണ്ടായിരുന്നു മറ്റൊരു പോലീസ് ചെക്ക് പോസ്റ്റ്. സന്ദർശിക്കാൻ പോകുന്ന വീടിന്റെ വിശദാംശങ്ങൾ അവിടെയും എഴുതി നൽകുകയുണ്ടായി. ഉദ്ദേശിച്ച വീട്ടിൽ എത്തിയപ്പോൾത്തന്നെ മാറാടിലേക്ക് കടന്നുവന്നപ്പോഴുണ്ടായ ആശങ്കയാണ് എന്റെ കൂടെ ഉണ്ടായിരുന്ന സ്ത്രീ പങ്കുവെച്ചത്. മാറാട് ബന്ധുക്കളും സുഹൃത്തുക്കളും ഉണ്ടായിരുന്നെങ്കിലും കലാപശേഷം അവർ അവിടം

സന്ദർശിച്ചിട്ടില്ലെന്നും അതിനാൽത്തന്നെ മാറാടുള്ള സുഹൃത്തിന്റെ വീട് കണ്ടെത്താൻ പ്രയാസപ്പെട്ടുവെന്നും, ഒരു ഊഹം വച്ചാണ് ഇവിടെ എത്തിയെതെന്നും പറഞ്ഞു.

"ഞങ്ങളുടെ വീട്ടിലേക്ക് വരുന്ന എല്ലാവരും പറയുന്ന പ്രശ്നമാണിത്. പോലീസ് ചെക്ക് പോസ്റ്റ് കാരണം ആളുകൾക്കു ഇവിടെ വരാൻ പേടിയാണ് പക്ഷെ എന്ത് ചെയ്യാനാണ്." നിറഞ്ഞ നിസ്സഹായതയോടെയാണ് ആ സ്ത്രീ (55 വയസ്സ്) അത് പറഞ്ഞത്.

മാറാട് നടന്ന കലാപത്തെപ്പറ്റി പഠിക്കാനാണ് ഞാൻ വന്നതെന്ന് പറഞ്ഞായിരുന്നു എന്റെ കൂടെയുണ്ടായിരുന്ന സ്ത്രീ എന്നെ അവർക്ക് പരിചയപ്പെടുത്തി കൊടുത്തത്.

"മാറാട് പ്രശ്നം ഉണ്ടായത് കടപ്പുറത്താണ്. പക്ഷേ ഞങ്ങളെയും ഇത് കാര്യമായി ബാധിച്ചു അതിനെപ്പറ്റി ഓർക്കാൻ തന്നെ ഇപ്പോൾ പേടിയാ ഞങ്ങളുടെ വീടിന്റെ തൊട്ടടുത്ത വീട്ടിലാണ് ആദ്യം കലാപത്തിൽ മരണപ്പെട്ട അബൂബക്കറിന്റെ ഭാര്യയും മക്കളും താമസിച്ചിരുന്നത്. കലാപത്തിന്റെ അന്ന് അവർ ഭക്ഷണമൊക്കെ പാകം ചെയ്തു കഴിച്ചു. പാത്രങ്ങൾ വരെ കഴുകി വച്ചിട്ടാണ് പോയത്. അവർ കരുതിക്കൂട്ടി ചെയ്തതാണ്. ഞങ്ങൾ എല്ലാവരും ആണ് പെരുവഴിയിലായത്. എത്ര ദിവസമാണ് പലരുടെയും വീട്ടിലും മറ്റുമായി കയറിയിറങ്ങി ജീവിച്ചത്. പിന്നീട് കുറേക്കാലം കഴിഞ്ഞാണ് വീട്ടിലേക്ക് തിരിച്ചു വന്നത്.'

അന്ന് കലാപത്തെക്കുറിച്ച് കൂടുതൽ ഒന്നും തന്നെ അവരോട് ചോദിക്കാൻ മിനക്കെട്ടില്ല. അവരുടെ ഓർമ്മകളിൽ പല വീടുകളിലും അഭയാർത്ഥികളായി കയറിയിറങ്ങിയ വേദനകൾ ആയിരുന്നു നിറയെ. തന്റെ മകന്റെ ഭാര്യ കലാപത്തെക്കുറിച്ച് തന്നെക്കാളും നന്നായി പറഞ്ഞു തരും എന്നും അവർ ഉള്ളപ്പോൾ വരാനും ആ സ്ത്രീ എന്നെ ഓർമിപ്പിച്ചു.

അതിനുശേഷം എന്റെ കൂടെ വന്ന സ്ത്രീയുടെ കുടുംബം താമസിക്കുന്ന വീട്ടിലേക്കാണ് പോയത്. ആ വീട്ടിലെ മൂത്ത മകളാണു (32 വയസ്സ്) ഞങ്ങളോട് കലാപത്തെപ്പറ്റി സംസാരിച്ചത്:

"അന്ന് കടപ്പുറത്ത് കലാപം നടക്കുന്നതായി ഞങ്ങൾ അറിഞ്ഞത് ടീവിയിലുള്ള വാർത്ത കേട്ടാണ് അപ്പോഴേക്കും നേരം ഇരുട്ടിയിരുന്നു. കലാപം നടന്നത് കടപ്പുറത്തുള്ള മീൻകാർക്ക് ഇടയിലായിരുന്നു. ഞങ്ങളുടെ ഇവിടെയുള്ള ആരും കലാപത്തിന്റെ ഭാഗമല്ല. അതിനാൽ തന്നെ എല്ലാ പ്രശ്നങ്ങളും നടന്നത് അവിടെ ആയിരുന്നു. മാറടിന് ചുറ്റുമുള്ള റോഡുകൾ പോലീസ് വളഞ്ഞിരുന്നതിനാൽ പുരുഷന്മാർക്ക് അന്ന് മാറാട് പ്രവേശിക്കാൻ കഴിഞ്ഞിരുന്നില്ല. കുറേ ദിവസം കഴിഞ്ഞാണ് പോലീസ് മാറാട്ടേക്ക് ആണുങ്ങളെ കടത്തിവിട്ടത്. രാത്രിയൊക്കെ പേടിയാവുമായിരുന്നു. ആണുങ്ങൾ ഇല്ലാതെ വീടുകളിൽ കഴിഞ്ഞ ദിവസങ്ങൾ ഞങ്ങൾക്ക് പേടി ഉണ്ടാക്കുന്നതയിരുന്നു".

പിന്നീട് 2014-ലാണ് മാറാട് ഫീൽഡ് വർക്കിനായി പോകുന്നത്. അന്ന് പോലീസ് സ്റ്റേഷനിൽ നിന്നും അനുവാദം എടുത്താണ് വിവരശേഖരണത്തിന് പോയത്. 2002 - 2003 കാലഘട്ടങ്ങളിലാണ് കോഴിക്കോട് മാറാട് കടപ്പുറം വർഗ്ഗീയ കലാപങ്ങൾക്ക് വേദിയായത്. രണ്ടു കലാപങ്ങളിലുമായി ആളുകൾ കൊല്ലപ്പെടുകയും ആക്രമണത്തിനിരയാക്കപ്പെടുകയും, തത്ഫലമായി ഒരുപാട് കുടുംബങ്ങൾ എന്നെന്നേക്കുമായി മാറാട് വിട്ടു പോവുകയുമുണ്ടായി. ആദ്യ കലാപത്തിൽ കൊല്ലപെട്ടർക്ക് നീതി നിഷേധിച്ചതിന്റെ തിരിച്ചടിയാണ് 2003-ലെ കലാപം എന്നാണ് പൊതുഭാഷ്യം. ഇന്നും ആൾത്താമസമില്ലാതെ ഉപേക്ഷിക്കപ്പെട്ട നിലയിലുള്ള വീടുകൾ മാറാടിലുണ്ട്. ഒരു ദശാബ്ദം കഴിഞ്ഞിട്ടും എന്തുകൊണ്ട് മാറാട് വിട്ടുപോയ പല കുടുംബങ്ങളും ഇപ്പോഴും മാറാട്ടേക്കു തിരിച്ചു വരുന്നില്ല? മാറാട് കലാപത്തിൽ സ്ത്രീകളുടെ പങ്ക് എന്ത്? എന്നീ ചോദ്യങ്ങൾക്ക് മാറാട് പോലീസ് സ്റ്റേഷനിൽ നിന്നും ലഭിച്ച പ്രതികരണം ബഹുസ്വര ജനാധിപത്യ ഇന്ത്യാരാജ്യത്തെ ഒരു പൗരയെന്ന നിലയിൽ ആശങ്കകൾ ഉണ്ടാക്കുന്നതായിരുന്നു. മാറാട് വിട്ടുപോയ സ്ത്രീകളെക്കുറിച്ചുള്ള പോലീസ് ഭാഷ്യം ഇതാണ് :

"മാറാട്ടെ പല സ്ത്രീകൾക്കും 2003 -ൽ നടന്ന കലാപത്തെപ്പറ്റി നേരത്തെ തന്നെ പൂർണമായ അറിവുണ്ടായിരുന്നു. അതിനുള്ള തെളിവുകളാണ് മാറാട് നിന്നും ഒരു വിഭാഗം സ്ത്രീകളും കുട്ടികളും നേരത്തെ തന്നെ പലപരിപാടികളുടെയും പേരു പറഞ്ഞു ദൂരെയുള്ള അവരവരുടെ കുടുംബങ്ങളുടെ അടുത്തേക്ക് പോയിരുന്നത്."

പക്ഷെ മാറാട് പോലീസ് സ്റ്റേഷനിലെ എഫ്.ഐ.ആർ. രജിസ്റ്റർ പരിശോധിച്ചപ്പോൾ അത്തരം കേസുകൾ രേഖപ്പെടുത്തിയതായി കണ്ടില്ല. പ്രത്യേകിച്ച് സ്ത്രീകൾ കലാപത്തിൽ പങ്കെടുത്തിരുന്നതായി രേഖപ്പെടുത്തുന്ന ഒരു രേഖകളും അവർ രേഖപ്പെടുത്തിയിട്ടില്ല. കലാപത്തിന് ശേഷമുള്ള ചില അയൽപക്ക തർക്കങ്ങളും മറ്റും രേഖപ്പെടുത്തിയതും അത് പോലീസ് ഇടപെട്ടു പരിഹരിച്ചതുമായ രേഖകകൾ മാത്രമേ സ്ത്രീകളുടെ പേരിൽ അവിടുണ്ടായിരുന്നുള്ളു.

എന്നാൽ പത്രമാധ്യമ റിപ്പോർട്ടുകൾ പ്രകാരം മാറാട്ടെ മുസ്ലിം സ്ത്രീകൾ മാറാട് മദ്രസ്സ പോലിസ് റൈഡ് നടത്തുന്നതിനെ തടഞ്ഞിരുന്നതായും റിപ്പോർട്ട് ചെയ്യുന്നുണ്ട്:

പോലീസ് പള്ളിയിലേക്ക് പ്രവേശിക്കുന്നത് സ്ത്രീകൾ തടഞ്ഞു എന്നാണു സിറ്റി പോലീസ് കമ്മിഷണർ, ടി. കെ. വിനോദ് കുമാർ പറഞ്ഞത്. എന്നിരുന്നാലും പള്ളിയുടെ മൂന്ന് നിലകളും പരിശോധിച്ച പോലീസ് ചോരക്കറ പുരണ്ട ആയുധങ്ങൾ കണ്ടെടുക്കുകയും പള്ളിയിലുണ്ടായ പുരുഷന്മാരെ അറസ്റ്റ് ചെ

യുകയുമാണുണ്ടായത്. അതുപോലെ തന്നെ മാറാട്ടെ അരയ സ്ത്രീകൾ മുസ്ലീം സ്ത്രീകൾ മാറാട് പ്രവേശിക്കുന്നതിനെ തടഞ്ഞിരുന്നതായും മുസ്ലീം ഭവനങ്ങൾ കല്ലെറിഞ്ഞു തകർക്കുന്നതായും കല്ലും മണലും വാരിയിട്ടും പെട്രോളും മണ്ണെണ്ണയും ഒഴിച്ച് കിണറുകളും വീടുകളും താമസയോഗ്യമല്ലാതാക്കുന്നതുമായ വാർത്തകൾ ഉണ്ട്. കലാപകാലത്തെ അച്ചടി വാർത്തകൾ എല്ലാം തന്നെ ഇത് സാക്ഷ്യപെടുത്തുന്നത് ഇങ്ങിനെയാണ്:

“അരയസമാജം വനിതകൾ മറിയംബിയുടെ വീട്ടിലെ കക്കൂസിന്റെയും കുളിമുറിയുടെയും വാതിൽ പറിച്ചെറിഞ്ഞു. പോലീസിന്റെ വലയം ഭേദിച്ച് ബി. ജെ. പി. സിറ്റി ജില്ല സെക്രട്ടറി ഉമ ഉണ്ണിയുടെ നേതൃത്വത്തിൽ ഉച്ചയ്ക്ക് അൻപതോളം സ്ത്രീകൾ വീട്ടു പരിസരത്തേക്ക് ഇരച്ചു കയറുകയായിരുന്നു. വനിതാ പോലീസ് ഇവരെ തടഞ്ഞപ്പോൾ ഉന്തും തള്ളുമായി. സ്ത്രീകളെ പിന്തിരിപ്പിച്ചു.

പക്ഷെ സ്ത്രീകൾ നടത്തിയ ഇത്തരം ആക്രമണങ്ങൾക്കും സ്ത്രീ ഗൂഡാലോചനകൾക്കും കേസ് ഫയൽ ചെയ്തതായി കണ്ടില്ല. പോലീസ് പിന്നെ പറഞ്ഞ കാര്യം ഇതാണ്.

“മാറാട്ടെ ഹിന്ദു പുരുഷന്മാർ ഒന്നും തന്നെ കല്യാണം കഴിച്ചിട്ടില്ല. അത് കാണിക്കുന്നത് അവർ ആരൊക്കയോ കൊല്ലാൻ വേണ്ടി മനപൂർവ്വം കല്യാണം കഴിക്കാതിരിക്കുന്നതെന്നാണ്.”



മാറാട്ടെ സ്ത്രീകളെയും പുരുഷന്മാരെയും കുറിച്ചുള്ള പോലീസിന്റെ ആരോപണങ്ങളുടെ ഉത്തരം പിന്നീട് എനിക്ക് മാറാടുള്ള സ്ത്രീകളിൽ നിന്നും ലഭിക്കുകയുണ്ടായി. അവിവാഹിതകളായ ഒരു പാട് സ്ത്രീ പുരുഷന്മാർ മാറാട് ഉണ്ടായിരുന്നു. പോലീസ് ചെക്ക് പോസ്റ്റുകൾ കടന്നു ഇവിടേയ്ക്ക് പെൺകുട്ടികളെ പറഞ്ഞയക്കാൻ ആരും തയ്യാറല്ല. “എനിക്ക് മാറാടുള്ള പുരുഷന്മാരെ ഇഷ്ടമല്ല. അവർ കുടിക്കും അടിക്കും” ഞാൻ 2014-ൽ അഭിമുഖം നടത്തിയ സുഭാഷിണി (32 വയസ്, യഥാർത്ഥ നാമമല്ല) പറഞ്ഞ വാക്കുകൾ ആണ്. 2016-ൽ സുഭാഷിണി ഒരു തൊടുപുഴക്കാരനെ വിവാഹം ചെയ്തിരുന്നു. കൂടാതെ പല അമ്മമാരും തങ്ങളുടെ മക്കൾക്ക് പറ്റിയ ആലോചനകൾ വല്ലതും ഉണ്ടോ എന്ന് ഫീൽഡ് സന്ദർശന സമയം എന്നോട് ആരായുകയുണ്ടായി. പോലിസ് ചെക്ക് പോസ്റ്റുകളും പോലിസ് വിന്യാസങ്ങളും കലാപത്തിലെ ആക്രമകാരികൾ എന്ന പേരും മാറാട് യുവ തലമുറയെ പ്രതികൂലമായി ബാധിച്ചിരുന്നു.

പോലിസ് സ്റ്റേഷന് അടുത്തുള്ള വീടുകൾ ആണ് പിന്നീട് സന്ദർശിച്ചത്. ഒരു ക്രിസ്ത്യൻ സ്ത്രീയും അവരുടെ രണ്ടു കുട്ടികളും താമസിക്കുന്ന വീടായിരുന്നു പോലീസ് സ്റ്റേഷന്റെ അടുത്ത് ഉണ്ടായിരുന്നത്. അവർ സാമൂഹിക പ്രവർത്തകയും അധ്യാപികയും ആണ്. മാറാട് കലാപശേഷമാണ് അവർ അവിടേക്ക് താമസം മാറിയത്. അത് അവരുടെ ഭർത്താവ് മരിച്ച ശേഷം ആയിരുന്നു. കലാപശേഷം വളരെ കുറഞ്ഞ വിലയിൽ മാറാട് വീട് ലഭ്യമായതിനാലാണ് അവർ കോൺക്രീറ്റ് ഇട്ട ആ വലിയ വീട്ടിലേക്ക് താമസം മാറിയത്. തുടക്കത്തിൽ മാറാട്ട് വലിയ പ്രശ്നമൊന്നുമില്ല എന്ന് പറഞ്ഞ അവർ മകൻ വളർന്നു വരികയാണെന്നും അവന്റെ ഭാവിയോർത്ത് മാറാട് വിട്ട് എവിടെയ്ക്കെങ്കിലും മാറണം എന്നും പറയുകയുണ്ടായി. മാറാട് വളർന്നു വരുന്ന പുതു തലമുറകൾക്കിടയിൽ സ്പർധ വളരുന്നുണ്ടെന്ന് അവർ സൂചിപ്പിക്കുകയുണ്ടായി.

പിന്നീട് പോയത് 39 വയസ്സായ ഒരു നഴ്സറി ടീച്ചറുടെ വീട്ടിലേക്കായിരുന്നു. കലാപം നടന്നത് കടപ്പുറത്ത് ആണെന്നും കലാപത്തിനുശേഷം ഒരുപാട് പേര് ഈ പ്രദേശം വിട്ട് അകലങ്ങളിലേക്ക് താമസം മാറിയതായും അവർ പറഞ്ഞു. “കലാപം കാരണം ഒരുപാട് പേർക്ക് നാശനഷ്ടങ്ങളുണ്ടായി. കലാപത്തിനു മുൻപേ ഇവരുടെ (അടുത്ത സ്ത്രീ സുഹൃത്തിനെ

ചൂണ്ടികാണിച്ചു പറഞ്ഞു) ലോണെടുത്ത് നടത്തിയ കട പൂട്ടേണ്ടി വന്നു അത് പിന്നീട് തുറന്നിട്ടില്ല. ഇപ്പോഴും ഇവർ വലിയ കടത്തിൽ ആണ് ജീവിക്കുന്നത്."

"കലാപം നടത്തിയ ആളുകൾ തന്നെയാണ് അതിന്റെ ഫലം നന്നായി അനുഭവിക്കുന്നത്. അവരാണ് ഇപ്പോൾ ഏറെ കഷ്ടപ്പെടുന്നത് അവിടെയുള്ള ആണുങ്ങൾക്ക് ഒന്നും പെണ്ണു കിട്ടാനില്ല. ആരും പെണ്ണു കൊടുക്കാത്തത് കാരണം താഴ്ന്ന ജാതിക്കാരായ സ്ത്രീകളെയാണ് അവർ കെട്ടിക്കൊണ്ടുവരുന്നത്. അത്രയ്ക്ക് മുക്കുവർ അധപതിച്ചു. അവരുടെ നില താഴ്ന്നു പോയില്ലേ."

ബേപ്പൂരിൽ പണ്ട് നടന്ന സി.പി.ഐ.(എം). ബി.ജെ.പി വഴക്കുമായി ബന്ധപ്പെട്ടാണ് മാറാട് കലാപം ഉണ്ടായത് എന്നായിരുന്നു ടീച്ചറുടെയും അമ്മയുടെയും അഭിപ്രായം.

"പണ്ട് ഞാൻ ഇടിയങ്ങര തിയ്യരെ വളപ്പിൽ കാലങ്ങളോളം മുസ്ലീങ്ങളോട് ഒരു പ്രശ്നവുമില്ലാതെ ജീവിച്ചിട്ടുണ്ട്. ഇവിടെയും ആരോടും ഞങ്ങൾ ഒരു പ്രശ്നത്തിനും പോയിട്ടില്ല എല്ലാവരോടും സൗഹൃദത്തോടെ ആയിരുന്നു ജീവിച്ചിരുന്നത്. കലാപ ശേഷം ഒരുപാട് പേര് മാറാട് വിട്ടുപോകുകയും ഉണ്ടായിട്ടുണ്ട്. അത്തരം ആളുകളുടെ വീടുകൾ പിന്നീട് മുക്കോരു തുച്ഛമായ വിലയ്ക്ക് വാങ്ങി."

അതിനുശേഷം ഒരു തമിഴ് കുടുംബം താമസിക്കുന്ന വീട്ടിലാണ് പോയത്. അവിടെ ഒരു അച്ഛനും മകളും മകനും ഉണ്ടായിരുന്നു. കലാപത്തെക്കുറിച്ച് ഏറെയും ആ പെൺകുട്ടിയാണ് (25 വയസ്സ്) സംസാരിച്ചത്. കലാപം നടക്കുമ്പോൾ അവൾ സ്കൂളിൽ പഠിക്കുകയായിരുന്നു അതിനെപ്പറ്റി ഓർക്കുമ്പോൾ തന്നെ ഭയങ്കര പേടിയാണ് എന്നു പറഞ്ഞു .

"അച്ഛൻ ടൗണിൽ നിന്നും വരാതിരുന്നപ്പോൾ അടുത്തുള്ള വീട്ടിലാണ് താമസിച്ചിരുന്നത്. ഇപ്പോൾ പുറത്തു പോയാൽ ആരെങ്കിലും വീട് എവിടെ എന്നു ചോദിച്ചാൽ മാറാട് ആണെന്ന് പറയാൻ ഞങ്ങൾക്ക് നാണക്കേടാണ്. അത് കൊണ്ട് മാറാട് നിന്നാണു വരുന്നതെന്ന് ആരോടും പറയാറില്ല. '

മാറാട് ഗവേഷണത്തിന്റെ ഭാഗമായി 2012/2014 വർഷങ്ങളിൽ നടത്തിയ ഫീൽഡ് സന്ദർശനങ്ങളുടെ ആദ്യ ദിവസങ്ങളിൽ മാറാട് മെയിൻ റോഡിന് സമീപങ്ങളായ വാട്ടർ ടാങ്ക്- ചങ്ങപൊതി പറമ്പ്, വേലഞ്ചേരി പറമ്പ് തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന അഭിമുഖങ്ങളുടെ ശകലങ്ങളാണ് മുകളിൽ വിവരിച്ചത്. ഇവരെല്ലാം മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവർ ആയിരുന്നില്ല. അങ്ങാടിക്കാർ (മത്സ്യതൊഴിലാളി വിഭാഗത്തിൽ പെടാത്ത മുസ്‌ലിംങ്ങൾ), തിയ്യർ, ക്രിസ്ത്യൻ, മറ്റുള്ളവിഭാഗത്തിൽ തുടങ്ങിയവർ ആയിരുന്നു. കലാപം മാറാട് ഭയത്തിന്റെ നിഴൽ വീശിയിരിക്കുന്നത് പലരിൽ നിന്നുമുള്ള അഭിമുഖത്തിൽ നിന്നും മനസ്സിലാക്കി. കലാപം മാറാടിനു അപമാനമുണ്ടാക്കിയ ഒന്നായാണ് നാട്ടുകാർ വീക്ഷിക്കുന്നത്. അതിന് കാരണക്കാർ മത്സ്യതൊഴിലാളികൾ ആണെന്നവർ വിശ്വസിക്കുന്നു. പോലീസ് ചെക്ക്പോസ്റ്റുകൾ ഉണ്ടായിട്ടും മാറാട് വീട് ഉപേക്ഷിച്ച് പോയവർക്ക് ഒരു ദശാബ്ദം കഴിഞ്ഞിട്ടും മാറാടിലേക്ക് മടങ്ങി വരാൻ പറ്റാത്തത് കലാപത്തിന്റെ മുറിവുകൾ ഇനിയും ഉണങ്ങിയിട്ടില്ല എന്നും ഭയവും വൈരാഗ്യവും ജനങ്ങളിൽ കുടികൊള്ളുന്നു എന്നതിനും തെളിവാണ്. മാറാട് ഉള്ള ജീവിതത്തിൽ ജാതി മത ഭേദമന്യേ പലരും സംതൃപ്തരല്ല. കലാപത്തെ പലരും പുച്ഛത്തോടെ മത്സ്യതൊഴിൽ സമൂഹത്തിന്റെ മാത്രം പ്രശ്നമായി കാണാൻ ശ്രമിക്കുകയാണ്. അതിനാൽ തന്നെ മത്സ്യത്തൊഴിൽ ചെയ്യുന്ന യുവാക്കളെ അക്രമത്തിലേക്കും മദ്യപാനത്തിലേക്കും മറ്റും നയിക്കുന്ന സാമൂഹിക വേർതിരുവകൾ അറിയേണ്ടത് അത്യാവശ്യമായിരുന്നു. അതിനായി മാറാട്ടെ ദൈനംദിന ജീവിത്തെപറ്റി അറിയുക എന്നതും അനിവാര്യമായിരുന്നു. ദൈനംദിന ജീവിതം ജീവതയാഥാർത്ഥ്യങ്ങളും സാമൂഹികനിർമ്മിതികളെയും മനസ്സിലാക്കാൻ സഹായിക്കുന്നു. അതിനാൽ 2014 ഫെബ്രുവരി മുതൽ ജൂലൈ മാസം വരെ ഞാൻ മാറാട് ചിലവഴിച്ചു. മത്സ്യത്തൊഴിലാളികൾ/അല്ലാത്തവർ എന്ന ജാതി-വർഗ വേർതിരിവ് കൃത്യമായി അവിടെ നിലനിന്നിരുന്നു. പലതരത്തിലും അപരർ (other) എന്ന ഒരു വേർതിരിവ് അവിടെ വ്യക്തമായിരുന്നു. കലാപം മത്സ്യത്തൊഴിൽ ചെയ്യുന്ന ഹിന്ദു-മുസ്ലിം വിഭാഗങ്ങളുടെ തർക്കമായാണ് മത്സ്യത്തൊഴിലാളികൾ അല്ലാത്തവർ കണ്ടത്. മാറാട്ടെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ആകട്ടെ മാറാടിനെ വേറിട്ടൊരു ലോകമായാണ് കണക്കാക്കിയിരുന്നത്. പുറായിക്കാരും (കടപുറത്തിന് പുറത്ത് താമസിക്കുന്നവർ) കരായിക്കാരും (കരയിൽ താമസിക്കുന്നവർ കര എന്ന് അർത്ഥമാക്കുന്നത് വാക്ക് അല്ലെങ്കിൽ കടലിനോടു ചേർന്ന ഭൂമി/കടപ്പുറം ആണ്) ആയാണ് അവർ മനുഷ്യരെ മനസ്സിലാക്കുന്നത്. അത് കുറച്ചു കൂടി ഭൂമിശാസ്ത്രപരമായാണ്. കടപ്പുറത്ത് ഉള്ളവർക്ക് അവരെ ഭരിക്കുന്ന സംവിധാനം പള്ളി ജമഅത്തും അരയസമാജവുമാണ്. പോലീസ് അനുവാദത്തേക്കാളും അരയസമാജത്തിന്റെ സമ്മതമുണ്ടെങ്കിലേ ഫീൽഡ് വർക്ക് മാറാട് നടത്താൻ പാടുള്ളു എന്ന് ഒരു അരയ യുവാവ് കർശനമായും, ബാലഗോകുലം ചുമതലക്കാരിയായ ഒരു യുവതിയും, പറയുകയുണ്ടായി.

അങ്ങിനെ മാറാടിനു സവിശേഷമായ ചിട്ടവട്ടങ്ങളുണ്ട്. അവ പലതും അവരുടേതായ സാമുദായിക ചട്ടക്കൂട്ടിനുള്ളിലായിരുന്നു. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ പോലും അതിൽ നിന്നും വേറിട്ടിരുന്നു. അരയ സമാജത്തിനു കീഴിലുള്ള സ്ത്രീകൾ സർക്കാർ കുടുംബശ്രീകളിൽ അംഗമായിരുന്നില്ല. അവർക്കു വേറിട്ട് 'മോദിയുടെ കുടുംബശ്രീ' ഉണ്ട് എന്നാണ് പറഞ്ഞത്. വിരലിലെണ്ണാവുന്ന അരയസ്ത്രീകൾ മാത്രമേ സർക്കാർ നടത്തിയ 'സ്പർശം പ്രൊജക്റ്റ്' ഉപ

**'അരയ സ്ത്രീകൾ ബാഗും തൂക്കി ജോലിക്കു പോകാറില്ല. പോകുന്നത് ഇവുടുത്തെ മുസ്‌ലിം സ്ത്രീകളാണ്.', 'ഓൾക്ക് കുട്ടികളുണ്ട് നോക്കാൻ. അതാണ് അവളുടെ പണി. അവൾ പഠിപ്പിക്കാനൊന്നും പോകണ്ട'. 'ഇവിടുത്തെ അരയ സ്ത്രീകൾ രാഷ്ട്രീയ പ്രവർത്തനങ്ങളൊന്നും നടത്താറില്ല. അവർ ഉത്തമ സ്ത്രീകളാണ്". സ്ത്രീകളുടെ തൊഴിൽ സംസാര വിഷയമാകുമ്പോൾ അരയ പുരുഷന്മാർ പറഞ്ഞ വാക്കുകളാണിവ.**

ജീവനത്തിന് വേണ്ടി ആശ്രയിക്കുന്നുള്ളു. അധികം പേരും രാഷ്ട്രീയമായി അതിനോട് വിയോജിപ്പ് "പ്രകടിപ്പിച്ചു 'ഞങ്ങളെ ഒന്നിപ്പിക്കാൻ കൊണ്ട് വന്നതാണ് സർക്കാർ സ്പർശം. അത് കൊണ്ട് ഞങ്ങൾക്കവിടെ ജോലിവേണ്ട. മാറാടിനു പുറത്തുള്ള തിയ്യർ പെണ്ണുങ്ങളാണ് അവിടെ പണിചെയ്യുന്നത്. അല്ലാതെ ഞങ്ങളെ ആളുകളല്ല" എന്ന് പല അരയസ്ത്രീകളും പറയുകയുണ്ടായി. ഒന്നിച്ചു പ്രവർത്തിക്കാനുള്ള പല പഴുതുകളും മാറാട്ട് അടഞ്ഞിട്ടുണ്ടായിരുന്നു. പേടി കാരണം മാറാട് ശാഖാ പറമ്പിന് സമീപമുള്ള ആരോഗ്യ കേന്ദ്രത്തിലേക്ക് മുസ്ലിം സ്ത്രീകൾ ഒന്നും പോകാറില്ലെന്നു പറഞ്ഞു. മാറാട് എൽ. പി. സ്കൂളും അരയ വിഭാഗം താമസിക്കുന്ന സ്ഥലത്തായിരുന്നു. കലാപ ശേഷം മുസ്ലിം കുട്ടികൾ അവിടെ ചേർന്ന് പഠിച്ചിട്ടില്ല എന്ന് സ്കൂളിലെ അധ്യാപകർ പറഞ്ഞു. സാഗര സരണിയുടെ പടിഞ്ഞാറ് ഭാഗത്ത് ഫീൽഡ് വർക്ക് നടത്തിക്കൊണ്ടിരിക്കുമ്പോൾ വേഷവിധാനത്തിൽ മുസ്ലിമെന്നു തോന്നിക്കുന്ന ഒരു സ്ത്രീ എന്തോ സാധനങ്ങൾ വിൽക്കാൻ കടന്നു വന്നപ്പോൾ അരയ പെണ്ണുങ്ങൾ ഗൗരവപൂർവ്വമാണ് അവരെ തിരിച്ചയച്ചത്. "എവിടേക്കാണ് വന്നതെന്ന് മൂപ്പത്തിക്ക് മനസ്സിലായിട്ടില്ല" പരിഹാസസ്വരത്തിലായിരുന്നു അവരത് പറഞ്ഞത്. അവർ താമസിക്കുന്ന ഇടം ഒരു പ്രത്യേക ലോകം എന്ന പോലെയായിരുന്നു.

'അരയസ്ത്രീകൾ ബാഗും തൂക്കി ജോലിക്കു പോകാറില്ല. പോകുന്നത് ഇവുടുത്തെ മുസ്‌ലിം സ്ത്രീകളാണ്.', 'ഓൾക്ക് കുട്ടികളുണ്ട് നോക്കാൻ. അതാണ് അവളുടെ പണി. അവൾ പഠിപ്പിക്കാനൊന്നും പോകണ്ട'. 'ഇവിടുത്തെ അരയ സ്ത്രീകൾ രാഷ്ട്രീയ പ്രവർത്തനങ്ങളൊന്നും നടത്താറില്ല. അവർ ഉത്തമ സ്ത്രീകളാണ്'. സ്ത്രീകളുടെ തൊഴിൽ സംസാര വിഷയമാകുമ്പോൾ ഫീൽഡിൽ അരയ പുരുഷന്മാർ പറഞ്ഞ വാക്കുകളാണിവ.

സ്ത്രീയെ ഉത്തമയും കുടുംബസ്നേഹമുള്ള / കുഞ്ഞുങ്ങളെ നോക്കുന്നവരുമായി കാണാനാണ് മാറാട്ടെ പുരുഷന്മാർ ആഗ്രഹിക്കുന്നത്. യാഥാർത്ഥത്തിൽ അവഗണനകളുടെയും ദാരിദ്ര്യത്തിന്റെയും പടുകുഴിയിലായിരുന്നു പല അരയ കുടുംബങ്ങളും. കലാപത്തിൽ ജയിലിലായവരുടെ കുടുംബങ്ങളെ അരയ സമാജമാണ് നോക്കുന്നത്. അതുപോലെ മുസ്‌ലിംകൾക്കും യാഥാസ്ഥിതിക സംഘടനകളിൽ നിന്ന് സഹായങ്ങൾ ലഭിച്ചിരുന്നു. ഇവ മാറട്ടെ സ്ത്രീകളെ കൂടുതൽ ആശ്രിതരാക്കുന്നതായി കാണപ്പെട്ടു. കലാപത്തിൽ കൊല്ലപ്പെട്ട അംഗങ്ങളുള്ള ചില കുടുംബങ്ങൾ പറയുന്നത് 'അരയ സമാജം ഞങ്ങളെ ഒറ്റപ്പെടുത്തുന്നു എന്നാണ് സർക്കാർ ജോലി ലഭിച്ചതും ധനസഹായം ലഭിച്ചതും അവർക്ക് പിടിച്ചിട്ടില്ല'. അതിനാൽ തന്നെ മാറട്ടെ സാധാരണ സ്ത്രീകൾക്ക് തൊഴിൽ അവശ്യഘടകവുമാണ് പലരും പല ഇടങ്ങളിലായി കൂലി പണിക്കു പോകുന്നുണ്ട്.

അരയ സ്ത്രീകൾ പലരും രാഷ്ട്രീയ സ്വയം സേവിക അംഗങ്ങളായിരുന്നുവെന്നും കലാപത്തിന് ശേഷം അത് ഇല്ലാതായി എന്നും പല അരയ സ്ത്രീകളും പറഞ്ഞു. "മുസ്ലിം സ്ത്രീകളെ പുനരധിവസിപ്പിക്കാൻ കൊണ്ടുവന്നപ്പോൾ താമരക്കാർ വന്ന് ഞങ്ങളെ ഒക്കെ സമരം ചെയ്യാനും തടയാനും കൂട്ടികൊണ്ടു പോയി". വ്യക്തമായ രീതിയിൽ മാറട്ടെ സ്ത്രീകളെ വർഗീയ ശക്തികൾ സംഘടിപ്പിച്ചിരുന്നെന്ന് പല അഭിമുഖ സംഭാഷണങ്ങളിൽ നിന്നും മനസ്സിലായി. പല സ്ത്രീകളും രാഷ്ട്രീയത്തിൽ പങ്കെടുത്തതിന്റെ ഓർമ്മകൾ സന്തോഷത്തോടെ ആണ് പങ്കു വച്ചതു. 'നഗരത്തിൽ കേന്ദ്രത്തിൽ നിന്നും ബിജെപി നേതാക്കൾ വരുമ്പോഴുള്ള പരിപാടികൾക്ക് ചോറ് വെക്കാൻ ഞങ്ങളെ കൊണ്ട് പോകുമായിരുന്നു. നഗരത്തിലെ വനിതാ നേതാക്കൾ വന്നു ഞങ്ങൾക്ക് ബാൻഡ് കൊട്ടാനും കമ്പു തട്ടികളിക്കാനും പഠിപ്പിച്ചു തന്നിരുന്നു. അതെല്ലാം നല്ലൊരു കാലമായിരുന്നു. ഇപ്പോൾ അതെല്ലാം നിന്നു'.

കലാപത്തിന് ശേഷം മാറാട്ടെ സ്ത്രീജീവിതം പാടെ മാറിമറിഞ്ഞതായി കാണപ്പെട്ടു. സ്പർശം പ്രൊജക്റ്റ് വളരെ മന്ദഗതിയിൽ ആയിരുന്നു. കൂടുതൽ തൊഴിലവസരങ്ങളും ദാരിദ്രം മാറ്റാനുള്ള അവസരങ്ങളും അവിടെ അനിവാര്യമാണെന്ന് തോന്നി. മാറാട്ട് നിലനിൽക്കുന്ന ജാതി വിവേചനങ്ങൾ അവരെ മറ്റ് രാഷ്ട്രീയപാർട്ടികളിൽ നിന്നും അകറ്റി നിർത്തിയതായി കാണപെട്ടു. അതിൽ നിന്നും രക്ഷനേടാനായി എത്തിച്ചേർന്നത് ഹിന്ദുത്വ രാഷ്ട്രീയത്തിലേക്കാണ് എന്ന അറിവിലേക്ക് വെളിച്ചം വീശുന്നതായിരുന്നു മാറാട് ഫീൽഡ് സന്ദർശന അനുഭവങ്ങൾ.

**ഡോ. ദീപ വി. കെ**
മുൻ പോസ്റ്റ് ഡോക്ടറൽ അസ്സോസിയേറ്റ് നാഷണൽ
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്



# കൊലപാതകരാഷ്ട്രീയവും കണ്ണൂരിലെ സ്ത്രീകളും: ഓർമ്മ, അനുഭവം

കണ്ണൂർ ജില്ല കേരളഭൂപടത്തിന്റെ ഭാഗമല്ലാതിരുന്ന അല്ലെങ്കിൽ അങ്ങിനെയാണോ എന്ന് മറ്റു സംസ്ഥാനത്തിലെ ആളുകൾ സംശയിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അത് അധികം പഴയ സംഭവമല്ല. ഒരു കൊലപാതകത്തിന്റെ ശ്യംഖലക്കുതന്നെ കണ്ണൂർ ജില്ല സാക്ഷ്യം വഹിച്ചിട്ടു ണ്ട്.

കണ്ണൂർ ജില്ലയിൽ ജീവിച്ചിരുന്ന ഏതൊരു മനുഷ്യനും പറയുവാനുണ്ടാവും പേടിപ്പെടുത്തുന്ന ആ കഥകൾ. കൂട്ടക്കൊലപാതകം സംഭവിക്കുന്ന നാളുകളിൽ പ്രകൃതിപോലും അതിന്റെ ഭീകരത ആവാഹിച്ചെടുത്തു പുറത്തേക്ക് കാണിക്കുന്നതുപോലെ തോന്നും. അത്രയ്ക്ക് നിശ്ചലമാവും അന്തരീക്ഷം. കടകളൊക്കെ മാസങ്ങളോളം അടഞ്ഞുകിടപ്പുണ്ടാവും. വാഹനങ്ങൾ നിരത്തിലിറങ്ങില്ല. പൊതുവെ മിക്ക വീടുകളും കുടുംബങ്ങളും പട്ടിണിയിലാവും. ചില ആളുകളൊക്കെ ഭക്ഷണസാധങ്ങൾ അയൽപക്കക്കാരുമായി വീതിച്ചെടുക്കും. എങ്ങും കനത്ത നിശബ്ദതയാവും. ബോംബിന്റെ ശബ്ദം മാത്രം ചുറ്റുപാടുനിന്നും മുഴങ്ങികേൾക്കാം. പ്രകൃതി അതുമായി അത്രയ്ക്കങ്ങു താദാത്മ്യം പ്രാപിച്ചതുപോലെ തോന്നാം.

സ്ത്രീകൾ തങ്ങളുടെ വീടുകളിലെ ആണുങ്ങളെ ആലോചിച്ചു ആധി കൊള്ളുന്ന സമയമാണ്... ഏതുസമയത്തും അവർ അക്രമിക്കപ്പെടാം. സുരക്ഷിതമെന്ന് കരുതിയ സ്വന്തം വീടുപോലും അവർക്ക് അന്യമാവുന്ന അവസ്ഥ സംജാതമാകും. ഏതൊരു ആണും ഒരുപോലെ ഈ ഭീഷണിയുടെ വക്കിലാവും എന്നതാണ് സത്യം. പലപ്പോഴും സുഹൃത്തുക്കളുടെ വീട് പോലും അവർക്ക് അഭയമാവുന്നില്ല. എന്തെന്നാൽ അവിടെയും അവർ വേട്ടയാടപ്പെടും. തങ്ങളുടെ വീടുകളിലും അവരുടെ വീടുകളിലും ആണുങ്ങൾ സുരക്ഷിതർ അല്ലെന്ന ബോധം സ്ത്രീകളുടെ ഉറക്കം കെടുത്തും. ഇനി അഥവാ അവർ സ്വന്തം വീടുകളിൽ നിന്ന് മാറിനിന്നാൽത്തന്നെ സ്ത്രീകൾ തങ്ങൾ ഉള്ളിടത്തു സുരക്ഷിതർ ആവാറില്ല. ആണുങ്ങളെത്തേടി കൊലപാതകികൾ എത്തിയാൽ തങ്ങളുടെ ജീവനും സ്വത്തിനും അത് ഭീഷണിയാവാറുണ്ട്. പലപ്പോഴും അവർ വീട്ടുസാധനങ്ങളൊക്കെ അടിച്ചുടക്കും. സ്ത്രീകൾ ജീവനും കൊണ്ട് പുറത്തേക്കോടും.




ആ ഒരു സമയക്കാലം കണ്ണൂർ ജില്ലയിലെ സ്ത്രീകളെ കല്യാണം കഴിക്കാൻ പുറത്തുനിന്നു ആളുകൾ ഭയപ്പെട്ടിരുന്ന സമയമാണ്. കണ്ണൂർ എന്നും രാഷ്ട്രീയ കൊലപാതകങ്ങളുടെ വിളനിലമായിരുന്നു എന്ന കാര്യം എല്ലാവർക്കും അറിവുള്ളതാണ്. എന്നാൽ അത് പ്രത്യേകിച്ച് അവിടുത്തെ സ്ത്രീകളെ എങ്ങനെയൊക്കെ ബാധിച്ചിട്ടുണ്ട് എന്നത് എടുത്തുപരിശോധിക്കേണ്ട കാര്യമാണ്. ഏതൊരു പ്രകൃതിവിരുദ്ധമായ സംഭവവികാസങ്ങളും സ്ത്രീകളിൽ ഉണ്ടാക്കുന്ന ഫലം കുറച്ചൊന്നുമല്ലല്ലോ. അങ്ങിനെയൊരു സാഹചര്യത്തിൽ മതിയായ തെളിവുകളുടെയും അനുഭവത്തിന്റെയും അടിസ്ഥാനത്തിൽ ഇതിനെ പ്രതിപാദിക്കേണ്ടതുണ്ടെന്ന് തോന്നുന്നു. ഇത്തരത്തിൽ ഒരു രാഷ്ട്രീയ കൊലപാതക ചരിത്രം കണ്ണൂരിൽ ആരംഭിച്ചിട്ട് ഏതാണ്ട് നാൽപ്പതു വർഷത്തോളം ആയിക്കാണും. അതിന്റെ പ്രത്യാഘാതങ്ങൾ നിരവധിയാണ്. അത് വ്യ

ത്യസ്ത മേഖലയിലെ ആളുകളെ വ്യത്യസ്തമായി ബാധിച്ചു എന്നതാണ് സത്യം. സ്ത്രീകളെയും കുട്ടികളെയും മുൻപറഞ്ഞതുപോലെ അത് ബാധിച്ച വിധം വ്യത്യസ്തമാണ്.

കണ്ണൂർ ജനിച്ചു ജീവിച്ച ആൾ എന്ന നിലയിൽ ഞാൻ അതിനെ കുറച്ചുകൂടെ ആധികാരികമായി നോക്കിക്കാണാൻ കൂടെ ഉദ്ദേശിക്കുന്നു. അക്രമരാഷ്ട്രീയത്തിൽ തങ്ങളുടെ ഉറ്റവരെ നഷ്ടപ്പെട്ട ചില സ്ത്രീകളുമായി നടത്തിയ സംഭാഷണത്തിൽനിന്നും കാര്യങ്ങൾ കുറച്ചുകൂടെ മനസ്സിലാക്കാൻ സാധിച്ചു. പലപ്പോഴായി പറക്കമുറ്റാത്ത മക്കളെയും കൊണ്ട് ഇനിയെന്ത് എന്ന് ചോദ്യചിഹ്നമായവർ, അല്ലെങ്കിൽ ആരും തുണയില്ലാതെ ഇനി എങ്ങോട്ട് പോവും എന്ന് ആശങ്കപ്പെടുന്നവർ. സ്വന്തം വീട്ടിൽ തങ്ങളൊരു ഭാരമായി ജീവിക്കേണ്ടിവരുന്നതിനെ ഭയപ്പെടേണ്ടി വന്നവർ ഇങ്ങനെയൊക്കെ പോവുന്നു ആ നിര.

ഇതിലെ ഏറ്റവും പരിതാപകരമായ കാര്യം തീരെ പ്രതീക്ഷിക്കാതെ ഇത് ഒരു കുടുംബത്തിൽ വന്നുചേരുമ്പോഴുണ്ടാവുന്ന അവസ്ഥയാണ്. രാഷ്ട്രീയപരമായി അധികമൊന്നും പുറത്തു സംവദിക്കാത്ത വ്യക്തികളാണ് കൂടുതലായി കൊലക്കത്തിക്ക് ഇരയായത് എന്നതാണ് പരമാർത്ഥം. അതുകൊണ്ടുതന്നെ അവനവനോ അവരുടെ വേണ്ടപ്പെട്ടവരോ ഇങ്ങനെയൊരു ചതിയോ അപകടമോ ഒട്ടും തന്നെ പ്രതീക്ഷിക്കുന്നില്ല. അവിടെയാണ് ഇത്തരം കൊലപാതകങ്ങളുടെ ഒരു ഭീകരാവസ്ഥ നിലനിൽക്കുന്നത്. അവരുടെ സ്ത്രീകൾ ഒരൊറ്റ നിമിഷം കൊണ്ട് വേരറ്റവരായി, തുണയറ്റവരായി മാറുന്നു എന്നുള്ളതാണ്.

ഒട്ടുമിക്കവാറും അനാഥരായിപ്പോവുന്ന സ്ത്രീകളുടെ മുന്നിലുള്ള ഏകപോംവഴി സ്വന്തം വീട്ടിൽ അഭയം തേടുക എന്നതാണ്, അത് കുട്ടികൾ ഉള്ളവരാണെങ്കിലും അല്ലെങ്കിലും. അങ്ങിനെ സ്വന്തം വീടുകളിലേക്ക് മടങ്ങിയവർ ആദ്യമായി ശ്രമിക്കുന്നത് എങ്ങിനെ തങ്ങൾക്ക് തങ്ങളുടേതായ ഒരു ജീവിതമാർഗം കണ്ടെത്താം എന്നതുകൂടെയാണ്. അവിടെയാണ് ഒരു സ്ത്രീ എന്ന നിലയിലും ഒരു വ്യക്തി എന്ന നിലയിലും അവരുടെ അതിജീവനം ഒരു കടമ്പയാവുന്നത്. എന്നാൽ ഒട്ടു മിക്ക സ്ത്രീകളും സ്വന്തമായി ഒരു വരുമാന മാർഗം കണ്ടെത്തുന്നതിൽ വിജയിച്ചിട്ടുമുണ്ട്. അത് ഒരു അത്താണി എന്നതിലുപരി അവരുടെ മാനസിക നില മെച്ചപ്പെടുത്തുന്നതിൽ നല്ല പങ്കു വഹിച്ചിട്ടുമുണ്ട്. ഈ ഒരു അവസ്ഥയിൽ നിന്ന് എന്തെങ്കിലും ഒരു മാർഗം കണ്ടെത്തുന്നത് വരെ അവരുടെ ജീവിതം നരകതുല്യമാണ്. മിക്കവാറും സ്ത്രീകൾ കണ്ടെത്തുന്ന മാർഗം ബാലവാടിയിലെ ജോലിയാണ്. അതവർക്ക് ഒരു വലിയ സാന്ത്വനം നൽകുന്നു എന്നതാണ് വാസ്തവം.




കൊലപാതകവും അത് ഉണ്ടാക്കുന്ന മാനസിക അവസ്ഥയും പല സ്ത്രീകളെയും പല രീതിയിലാണ് ബാധിച്ചിരിക്കുന്നത്. ചിലയാളുകളൊക്കെ രാഷ്ട്രീയത്തിൽ നിന്ന് തങ്ങൾക്ക് അതുമായി ഇനിയൊരിക്കലും പൊരുത്തപ്പെട്ടുപോവാൻ ആവില്ലെന്ന വിധം അകന്നുപോയിട്ടുണ്ട്. അതൊരു സ്വയം നിർബന്ധിത തീരുമാനം ആണ് ചിലർക്കൊക്കെ . മറ്റുചിലവരാകട്ടെ ഇനി എന്ത് വന്നാലും നേരിടാം എന്ന ഉൾക്കരുത്ത് നേടിയവരാണ്. അവർക്ക് ആധി തങ്ങളുടെ ആൺമക്കളെ ഓർത്താണ്. അവരും ഇതിന്റെ ഭീഷണിക്കിരയാവുമോ എന്ന പേടിയാണ് മിക്കവർക്കും.

മുൻപ് പറഞ്ഞതുപോലെ അധികമൊന്നും രഷ്ട്രീയത്തിൽ സജീവമാവാത്ത ആളുകളായതുകൊണ്ടും രാഷ്ട്രീയഭേദമെന്യേ ആളുകളോട് പെരുമാറുന്നതുകൊണ്ടും കൊലക്കിരയായവരും ഇങ്ങനെയൊരു അപകടം പ്രതീക്ഷിക്കുന്നില്ല എന്നതാണ് സത്യം. മാത്രമല്ല, ഒന്നും ഭയക്കാനില്ലാത്തതുകൊണ്ടുതന്നെ അങ്ങിനെയുള്ള എന്തെങ്കിലും അപകടസൂചന പോലും അവർ തള്ളിക്കളയുന്നു. വീടുകളിലെ സ്ത്രീകൾ അവരെ പുറത്തുപോവുന്നതു തടഞ്ഞാലും ഇക്കൂട്ടർ അതൊന്നും വകവെക്കാറില്ല. അങ്ങിനെയുള്ള ഒട്ടനേകം സംഭവങ്ങളുണ്ട്. അതുമല്ല ഇങ്ങനെ സംഭവിക്കുന്ന വീടുകൾ മിക്കവാറും ചുറ്റും എതിർരാഷ്ട്രീയത്തിൽ വിശ്വസിക്കുന്ന ആളുകളുള്ള വീടുകളാൽ ചുറ്റപ്പെട്ട ഒരു ഒറ്റപ്പെട്ട വീടുകളാണ്. മിക്കവാറും എതിർരാഷ്ട്രീയത്തിൽ വിശ്വസിക്കുന്ന സ്ത്രീകൾ വഴിക്കുവെച്ചങ്ങാനും കണ്ടുമുട്ടിയാൽ പോലും കുശലം അന്വേഷിക്കുകയോ പരസ്പരം മിണ്ടുക പോലുമോ ചെയ്യാറില്ല.

ലേഖിക കൊലപാതകത്തിൽ തങ്ങളുടെ ഉറ്റവർ നഷ്ടപ്പെട്ട ചില സ്ത്രീകളുടെ അനുഭവങ്ങൾ കൂട്ടിച്ചേർക്കുന്നു അറുപത്തിയഞ്ച് വയസ്സുള്ള സ്ത്രീയാണ് സരോജിനി. അവരുടെ ഭർത്താവിനെ ഏകദേശം നാൽപതു കൊല്ലത്തിനു മുൻപേ കൊലപാതകത്തിൽ നഷ്ടപ്പെട്ടതാണ്. പതിനെട്ട് വയസ്സിൽ കല്യാണം കഴിഞ്ഞു അഞ്ചു വർഷത്തിനിടെ തന്റെ ഭർത്താവ് ബോംബേറിനിരയായി. അവർ ആ അനുഭവം വിവരിക്കുന്നതിങ്ങനെ. തന്റെ ഭർത്താവിന് ബീഡിപ്പണി ആയിരുന്നു ജോലി. ഒരു ദിവസം ജോലി ചെയ്യാൻ പോയപ്പോൾ തൊട്ടപ്പുറത്തെ കടയിൽനിന്ന് ബോംബേറിന്റെ ശബ്ദം കേട്ട് ചെന്ന് നോക്കിയതാണ്. അവിടെ ഉണ്ടായിരുന്ന എല്ലാവരും രക്ഷപ്പെട്ടു, ഇയാൾ മാത്രം മരിച്ചു. പൊടുന്നനവെ ഉണ്ടായ ഷോക്കിൽനിന്നും പുറത്തുകടക്കാനായില്ല. വേറൊരു മാർഗ്ഗവും മുന്നിൽ തെളിയാത്തതുകൊണ്ടു സ്വന്തം വീട്ടിലേക്കു തിരിച്ചുവന്നു. അവിടെ കൂടപ്പിറപ്പുകളൊക്കെ ഇളയവരായതുകൊണ്ടു അവർക്കു ബാധ്യതയാവാൻ തുടങ്ങി. കുടുംബം നോക്കാൻ വേറെ വഴിയില്ലാത്തതുകൊണ്ടു അമ്മ കൂലിപ്പണിക്ക് പോവാൻ തുടങ്ങി. അത്രയും ചെറുപ്പം ആയിട്ടുപോലും പിന്നീ

ടൊരു കുടുംബത്തെപ്പറ്റി ആലോചിച്ചതേയില്ല. അത്രക്ക് ആഘാതം ഏറ്റിട്ടുണ്ടായിരുന്നു മനസ്സിന്. പിന്നീട് പാർട്ടി തന്നെ ഇടപെട്ടു ബാലവാടിയിൽ ഒരു ജോലി തരപ്പെടുത്തിക്കൊടുത്തു. അങ്ങിനെയാണ് ക്രമേണ യാഥാർഥ്യവുമായി പൊരുത്തപ്പെടാൻ തുടങ്ങിയത്. കുട്ടികളുമായുള്ള ഇടപഴകൽ മനസ്സിന് ആശ്വാസം പകർന്നു. പക്ഷെ പിന്നീട് രാഷ്ട്രീയത്തിൽ നിന്നെല്ലാം അകന്നു. ഇപ്പോൾ എവിടെ ഇത്തരം പ്രശ്നങ്ങൾ ഉണ്ടെന്നു കേട്ടാലും ബോധക്ഷയം ഉണ്ടാകും. ജോലിയിൽ നിന്നും വിരമിച്ചതിനുശേഷം വീണ്ടും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാവാൻ തുടങ്ങി.

അമ്പതു വയസ്സുള്ള ലീലയാണ് അടുത്തയാൾ. കൊലപാതകം നടക്കുമ്പോൾ അവർക്ക് രണ്ട് മക്കളുണ്ടായിരുന്നു . അവരുടെ ഭർത്താവ് കുറച്ചൊക്കെ സജീവ രാഷ്ട്രീയപ്രവർത്തനത്തിൽ ഏർപ്പെടാറുണ്ടായിരുന്നതാണ്. ഒരുദിവസം അക്രമികൾ വീടിന്റെ ഉള്ളിൽ കയറി വരാന്തയിൽ ഉറങ്ങുകയായിരുന്ന അവരുടെ ഭർത്താവിനെ ആക്രമിച്ചു കൊലപ്പെടുത്തുകയാണുണ്ടായത്. അതിൽപിന്നെ കുറേക്കാലം അവർക്ക് മാനസികനില തെറ്റിക്കിടക്കുകയായിരുന്നു. സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവരാൻ സമയമെടുത്തു. ബാലവാടിയിൽ ജോലി ശരിയായതോടെ ജീവിതം സാധാരണനിലയിലേക്ക് തിരിച്ചുപിടിച്ചു. എങ്കിലും ഇപ്പോഴും ആ കൊലപാതകത്തെപ്പറ്റി ഓർക്കുമ്പോൾ മനസ്സ് നിശ്ചലമാകും. മക്കൾ ഇപ്പോൾ വലുതായി. എങ്കിലും തന്റെ മകനെക്കുറിച്ചു ഓർക്കുമ്പോൾ ഇപ്പോഴും പേടിയാണ്, കാരണം അവനെയും അവർ കൊലക്കത്തിക്ക് ഇരയാക്കിയെങ്കിലോ. എങ്കിലും അവർ ഇപ്പോഴും രാഷ്ട്രീയത്തിൽ സജീവമായിത്തന്നെ നിലകൊള്ളുന്നുണ്ട്.

മൂന്നാമത്തെയാൾ രാധ, അറുപതു വയസ്സ്. സംഭവം നടക്കുമ്പോൾ അവർക്ക് രണ്ടു കുട്ടികളുണ്ട്. ഒരു പ്രകോപനവും കൂടാതെയുള്ള ആക്രമണമായിരുന്നു അതും. മതരാഷ്ട്രീയ ഭേദമെനന്യേ എല്ലാവർക്കും പ്രിയപ്പെട്ട ആളായിരുന്നു അവരുടെ ഭർത്താവ്. അതുകൊണ്ടുതന്നെ ഒന്നുകൊണ്ടും ഭയപ്പെടേണ്ടതില്ലെന്നാണ് അവർ കരുതിയിരുന്നത്. അയാളെ ആശ്രയിച്ചു കഴിയുന്ന പെങ്ങന്മാരും ഉണ്ടായിരുന്നു. ഒരു ദിവസം രാവിലെ മുതൽ രാത്രി വരെ ഒന്നിച്ചു സൗഹൃദത്തിന്റെ പേരിൽ കൂടെ നടന്ന ആൾക്കാർ തന്നെ ഒളിച്ചിരുന്ന് അയാളെ ചതിച്ചുകൊല്ലുകയാണ് ഉണ്ടായത്. അക്രമം നടക്കുന്ന സമയമാണ്, എങ്കിലും താൻ എല്ലാവരോടും ഒരുപോലെ പെരുമാറുന്ന ആളാണല്ലോ തനിക്ക് ശത്രുക്കളില്ലല്ലോ എന്ന ആത്മവിശ്വാസത്തിലായിരുന്നു അയാൾ. തനിക്ക് പെങ്ങന്മാരിൽനിന്നു കിട്ടിയ മുന്നറിയിപ്പുപോലും അയാൾ ശ്രദ്ധിച്ചില്ല. വീട്ടുകാർ കൊലപാതകത്തിന്റെവാർത്ത കേട്ടപ്പോൾ അത് തങ്ങളുടെ വീട്ടിൽനിന്ന് ഒരാളാവുമെന്നു ചിന്തിച്ചതേയില്ല. പക്ഷെ, അതറിഞ്ഞനിമിഷം എങ്ങിനെയെന്ന് അവർക്കിപ്പോഴും ചിന്തിയ്ക്കാൻ പറ്റുന്നുണ്ടായിരുന്നില്ല. തന്റെ രണ്ടു പറക്കമുറ്റാത്ത കുട്ടികളെയുംകൊണ്ട് തന്റെ വീട്ടിൽ തിരിച്ചുപോയി ശിഷ്ടകാലം ജീവിക്കാൻ തീരുമാനിച്ചിരുന്നു അവർ. എന്നാൽ ഭർത്താവിന്റെ വീട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി അവർ അവിടെത്തന്നെ തുടരാൻ തീരുമാനിച്ചു. മക്കളിലായിരുന്നു ഏവരുടെയുംപ്രതീക്ഷ. അതുകൊണ്ടുതന്നെ പിടിച്ചുനിന്നു. എങ്കിലും ഇന്നും ഒരു ഒറ്റപ്പെട്ടുപോയ അന്തരീക്ഷമാണ്. അന്യ രാഷ്ട്രീയത്തിൽ വിശ്വസിക്കുന്ന സ്ത്രീകൾ പരസ്പരം വഴിയിൽ കണ്ടാൽ പോലും മിണ്ടാത്ത അവസ്ഥയാണിവിടെ. ജാതിയും മതവും പോലെ തന്നെ രാഷ്ട്രീയവും മനുഷ്യനെ എങ്ങിനെ വേർതിരിച്ചു കാണാൻ പ്രേരിപ്പിക്കുന്നു എന്നതിനുദാഹരണം!.

സുജ, അമ്പതു വയസ്സ്. അവർക്കു കല്യാണം കഴിഞ്ഞു നാല് വർഷത്തിനുള്ളിൽ ഭർത്താവ് കൊലപാതകത്തിൽ നഷ്ടപ്പെട്ടതാണ്. ഒരു മകനുണ്ട്. അവരുടെ ഭർത്താവ് ജനപ്രിയനായ ഒരാളായിരുന്നു അതുകൊണ്ടുതന്നെ രാഷ്ട്രീയപരമായി ശത്രുക്കൾ ഉണ്ടാവുമെന്ന് ഒട്ടും ഭയപ്പെട്ടിരുന്നില്ല. ഒരു ക്ഷേത്രത്തിൽ നടന്ന വാക്കു തർക്കം ഒരു നിരപരാധിയുടെ കൊലപാതകത്തിൽ ചെന്ന് അവസാനിച്ചതാണ്. ചിലപ്പോഴൊക്കെയും ചില ചെറിയ വഴക്കുകൾ ഇങ്ങനെയുള്ള കൊലപാതകത്തിൽ ചെന്ന് അവസാനിക്കാറുണ്ട്. അതാകട്ടെ മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും പുറത്താവും. ഭർത്താവ് മരിച്ചു സ്വന്തം വീട്ടിൽ തിരിച്ചെത്തി, വർഷങ്ങളോളം വെറുതെയിരിക്കേണ്ടി വന്നു. ഓർത്തെടുക്കാനാവാത്തവിധം ദുസ്സഹമായിരുന്നു കാര്യങ്ങൾ. പിന്നീട് പതിയെ ആത്മവിശ്വാസം വീണ്ടെടുത്ത് ജോലിക്ക് ശ്രമിക്കാൻ തുടങ്ങി, അങ്ങിനെ നാല് വർഷങ്ങൾക്ക് ശേഷം സ്വന്തമായി ഒരു ജോലി തരപ്പെടുത്തി. ഒരു വയസ്സുള്ള മകൻ ഇപ്പോൾ വളർന്നു വലുതായി എങ്കിലും തന്റെ പ്രായമുള്ള കുട്ടികളിൽ നിന്നും വളരെ വ്യത്യസ്തമായാണ് പെരുമാറ്റം. മറ്റുള്ളവരോട് അടുത്തിടപഴകാൻ വിമുഖതയാണ്. അച്ഛനെപ്പറ്റി ഒരക്ഷരം ചോദിക്കാറില്ല, ആരും പറയാറുമില്ല.

എന്തായാലും അതൊരു നല്ല അവസ്ഥയായി തോന്നിയില്ല! അങ്ങിനെ എത്രയെത്ര കഥകളുണ്ട്. തങ്ങളുടേതല്ലാത്ത കുറ്റത്തിന് ആയുസ്സു മുഴുവൻ ഹോമിക്കേണ്ടി വന്നവർ. എന്തെങ്കിലും കച്ചിത്തുരുമ്പിൽ അഭയം തേടി പിന്നെയും മനസ്സിന്റെ ഉൾക്കരുത്തുകൊണ്ടുമാത്രം പ്രതീക്ഷകളെ താലോലിക്കുന്നവർ. ഇവരെല്ലാം സ്ത്രീകളാണ്. സ്വന്തം ആർജ്ജവം കൊണ്ട് ജീവിതത്തെ തിരിച്ചുപിടിച്ചവർ. ഇങ്ങനെയുള്ള ആക്രമണങ്ങൾക്കും ഒറ്റപ്പെടലിനും ശേഷം ഒരുപാട് ആരോഗ്യപ്രശ്നങ്ങൾ അവരെ ബാധിച്ചിട്ടുണ്ട് ഇതൊക്കെ ആയാലും പ്രതികൾക്ക് വളരെ കുറച്ചു ശിക്ഷയോ അല്ലെങ്കിൽ ഒട്ടുമേ ലഭിക്കാറില്ല എന്നതാണ് വാസ്തവം.

ഇങ്ങനെയൊക്കെ സംഭവിക്കുമ്പോൾ മനുഷ്യന് രാഷ്ട്രീയത്തിലുള്ള വിശ്വാസം നഷ്ടപ്പെടുക മാത്രമല്ല മനുഷ്യന് മനുഷ്യരിലുള്ള വിശ്വാസം നഷ്ടപ്പെടുക കൂടെയാണ്. ആത്യന്തികമായി രാഷ്ട്രീയക്കാർ ചിന്താശേഷിയുള്ളവരാണല്ലോ. നല്ലൊരു നാടിനും അന്യന്റെ നന്മക്കുംവേണ്ടി നിലകൊള്ളേണ്ടവരാണല്ലോ.



ചർച്ചാവിഷയം



# രാഷ്ട്രീയ കൊലപാതകങ്ങൾ; ഒരു ഓർമ്മക്കുറിപ്പ്

**അഫീദ കെ. ടി.**
ഡൽഹി സർവകാലശാലയിൽ
സോഷ്യോളജി വിഭാഗം ഗവേഷക

ഇതൊരു സാമൂഹിക വിശകലനമോ ഒരു രാഷ്ട്രീയ നിരീക്ഷണമോ അല്ല. മറിച്ച് ഒരു സാമൂഹിക വിഷയം എങ്ങനെ കുട്ടിക്കാലത്ത് അനുഭവപ്പെട്ടു എന്നതിന്റെ ഓർമ്മിച്ചെടുക്കലാണ്. ഓർമ്മ എന്നത് വളരെ വ്യക്തിനിഷ്ഠമായ (സബ്ജെക്ടീവ്) ഒന്നാണ്. ചരിത്രം വസ്തുതയെ/സംഭവത്തെ, പറ്റി വിവരിക്കുന്ന ഒന്നാണെങ്കിൽ ഓർമ്മ അതിന്റെ അനുഭവവുമായി ബന്ധപ്പെട്ടതാണ്. ഓർമ്മയെ കുറിച്ച് പറയുമ്പോൾ ഒർമിക്കുന്ന വ്യക്തിയുടെ സാമൂഹിക പരിസരം വളരെ പ്രധാനമാണ്. സാമൂഹിക പരിസരം എന്നത് വ്യക്തിയുടെ ലിംഗപദവി, വർഗം, ജാതി, മതം എന്നിങ്ങനെ പല ഘടകങ്ങൾ (ഫാക്ടേർസ്) ചേർന്നതാണ്, ഇവയെല്ലാം തന്നെ ഓർമ്മിച്ചെടുക്കുക എന്ന പ്രക്രിയയെ സ്വാധീനിക്കുന്നതാണ്. ഓർമ്മ പങ്കിടുന്ന ആളുടെ വ്യക്തിനിഷ്ഠമായ സാമൂഹിക പരിസരം പോലെ പ്രധാനമാണ് ഓർമ്മ പങ്കിടുന്ന കാലം എന്നത്. എന്തിനെ കുറിച്ചാണോ ഓർമ്മിച്ചെടുക്കുന്നത് ആ സംഭവം നടന്ന കാലവും ഓർമ്മ പങ്കുവെക്കുന്ന കാലവും തമ്മിലുള്ള ദൂരം ഓർമ്മിച്ചെടുക്കുക എന്ന പ്രക്രിയയെ സ്വാധീനിക്കുന്ന ഘടകമാണ്. ഓർമ്മ പങ്കുവെക്കുന്ന കാലം എന്നു പറയുമ്പോൾ വ്യക്തിപരമായും സാമൂഹികമായുമുള്ള അവസ്ഥകളെ പരിശോധിക്കണം. എന്തിനെ പറ്റിയാണോ ഓർമ്മകളായി വിനിമയം ചെയ്യുന്നത്, ആ സംഭവം നടന്ന സമയവും വ്യക്തിയുടേയും അയാളുടെ സാമൂഹിക പരിസരത്തെയും മനസ്സിലാക്കേണ്ടതുണ്ട്. അതുപോലെ തന്നെ ആ വ്യക്തിയുടേയും അയാളുടെ സാമൂഹിക പരിസരത്തേയും ഓർമ പങ്കിടുന്ന സമായമായും ചേർത്തിണക്കി വായിക്കേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ ഓർമ്മിച്ചെടുക്കുക എന്ന പ്രക്രിയയേയും അതിലൂടെ പങ്കുവെക്കുന്ന വിവരണത്തെയും കാലം/സമയം എന്നിവ സ്വാധീനിക്കുന്നതായി മനസ്സിലാക്കാം. ഇവിടെ വ്യക്തിനിഷ്ഠ സാമൂഹിക പരിസരവും സമയവും എങ്ങനെ രാഷ്ട്രീയ സംഘർഷങ്ങളെ സ്വാധീനിച്ചു എന്നു വിലയിരിത്തുന്നു. അതിനായി എന്റെ ഓർമ്മയിൽ നിന്നും ചില കാര്യങ്ങൾ ഇവിടെ പങ്കുവെക്കുന്നു.

എനിക്കു പത്ത് വയസ്സ് ഉള്ളപ്പോൾ ആണ് ആ സംഭവം നടക്കുന്നത്, അന്ന് സ്കൂളിൽ പെട്ടെന്ന് ഒരു ബഹളം ഉണ്ടായി. ഉച്ചയ്ക്ക് തന്നെ സ്കൂൾ ബെൽ അടിച്ചു. വേഗം വീടുകളിലേക്ക് പോകുവാൻ ടീച്ചർ പറഞ്ഞു. എന്താണ് സംഭവിച്ചത് എന്നറിയാതെ കളിച്ച് ചിരിച്ച് ഞങ്ങൾ സ്കൂൾ ബസ്സിൽ കയറി. ബസ് ഡ്രൈവർ വളരെ ടെൻഷനിലായിരുന്നു. എല്ലാരെയും ബസ്സിൽ കയറ്റി ബസ്സ് പെട്ടെന്ന് തന്നെ സ്റ്റാർട്ട് ചെയ്തു. എന്നും പോകുന്ന വഴി അല്ല ബസ്സ് പോകുന്നത്. എല്ലാ കടകളും അടച്ചിരിക്കുന്നു. ഹർത്താൽ ആണെന്ന് അപ്പോൾ തന്നെ മനസ്സിലായി. പാനൂർ ജീവിക്കുന്ന ഞങ്ങൾക്കിത് നല്ല ശീലമാണ്. ഇടയ്ക്കിടെ ഹർത്താൽ എന്നു കേൾക്കാറുണ്ട്. അപ്പോയൊക്കെ ഉമ്മ ഭക്ഷണ സാധനങ്ങളെ കുറിച്ച് വ്യാകുലപ്പെടുന്നത്

കാണാറുണ്ട്. വേഗം അവശ്യസാധനങ്ങൾ എത്തിക്കാൻ ശ്രമിക്കും. എനിക്ക് ഹർത്താൽ എന്നു പറഞ്ഞാല് സ്കൂൾ ഇല്ല എന്നാണ്. ബസ്സ് നല്ല സ്പീഡിലാണ് പോകുന്നത്. 'ജയകൃഷ്ണൻ മാഷെ കൊന്നു, ഇനി നോക്കണ്ട, ഇതിവിടെ കൊണ്ടെന്നും തീരൂല്ല' എന്നു ഡ്രൈവർ ഒരു കുട്ടിയെ ഇറക്കുന്നതിനിടെ രക്ഷിതാവിനോട് പറയുന്നത് കേട്ടു. ആരോ മരിച്ചിട്ടുണ്ട് എന്നു മാത്രം മനസ്സിലായി. അങ്ങനെ ഞാൻ വീട്ടിൽ എത്തി. ഇങ്ങനെ പതിവിൽ വിപരീതമായി സ്കൂൾ വിട്ടു വീട്ടിൽ എത്തുമ്പോൾ ഞങ്ങൾക്ക് സന്തോഷമാണ്. വീട്ടിൽ തുരുതുരാ ഫോൺ വരുന്നുണ്ട്. കുട്ടികളൊക്കെ സ്കൂൾ വിട്ട് വീട്ടിൽ എത്തിയോ എന്നു ഉറപ്പ് വരുത്തുന്ന അന്വേഷണ വിളികളാണതൊക്കെ. അന്നു രാത്രി ഞങ്ങൾ ടിവി കണ്ടു കൊണ്ടിരിക്കുന്ന സമയത്ത് പെട്ടെന്ന് ഒരു വലിയ ശബ്ദം കേട്ടു. വലിയുമ്മ പറഞ്ഞു അതു ബോംബ് ആണെന്ന്. ഇങ്ങനെ എപ്പോഴൊക്കെ ഹർത്താൽ ആയി സ്കൂൾ വിട്ടിട്ടുണ്ടോ അപ്പോഴൊക്കെ ബോംബ് പൊട്ടുന്ന ശബ്ദം കേൾക്കാറുണ്ട്. ബോംബ് ആണോ പടക്കം ആണോ എന്ന ഒരു ചോദ്യം ആരെങ്കിലും ചോദിക്കും, പെട്ടെന്ന് തന്നെ ബോംബ് ആണെന്ന് പറയും. കുറെ ഫോൺ കോളുകൾ വരും. ആരും പുറത്തു പോകില്ല, വേഗം ലൈറ്റ് ഓഫ് ആക്കി കിടന്നുറങ്ങും, അത്ര തന്നെ. പിന്നീടുള്ള എല്ലാ ദിവസവും കുറെ ആളുകൾ മരിച്ചു. രാഷ്ട്രീയ കൊലപാതകമാണ് നടക്കുന്നത് എന്നൊന്നും മനസ്സിലാകുന്നുണ്ടായിരുന്നില്ല. ഞങ്ങൾ കുട്ടികൾക്ക് ഒരു ക്രിക്കറ്റ് മാച്ച് നടക്കുന്ന പോലെയാണ് എല്ലാം. ഒരാൾ കൊല്ലപ്പെട്ടാൽ ഒരു ടീമിലെ ഒരു വിക്കറ്റ് പോയി, പിന്നെ മറ്റൊരാളെ പകരം കൊന്നാൽ വേറെ ടീമിലെ വിക്കറ്റ് പോയി എന്നായിരുന്നു ഞങ്ങൾ കുട്ടികൾക്ക്. അങ്ങനെ ഓരോ ദിവസവും ഒന്നും രണ്ടും വിക്കറ്റ് പോയി കൊണ്ടിരുന്നു. സ്കൂൾ കുറെ കാലത്തേക്ക് ഉണ്ടാകില്ല എന്നു ഉമ്മ പറഞ്ഞു. ഞങ്ങൾ ഹാപ്പി ആയി.

അടുത്ത വീട്ടിലെ ചേച്ചി വീട്ടിൽ വന്നു, ഉമ്മയുമായി സംസാരത്തിലാണ്. അവരുടെ ഭർത്താവും മക്കളും ഒളിവിലാണ്. അവരാണോ ബോംബ് ഇട്ടത് എന്നു ഞാൻ കൗതുകത്തിൽ ചോദിച്ചു. 'അല്ല, പക്ഷേ പോലീസ് അവരെ പിടിച്ചു കൊണ്ട് പോകാതിരിക്കാൻ വേണ്ടി ഒളിച്ചിരിക്കാണ്' എന്നു ചേച്ചി പറഞ്ഞു. ഉമ്മ ചായ കൊണ്ട് വന്നു. 'എന്നാലും കുട്ടികളുടെ മുന്നിൽ നിന്നു എങ്ങനെയാ ഒരു മാഷിനെ കൊല്ലന്നെ?' കുറച്ച് വിഷമത്തിലാണ് ഉമ്മ അതു ചോദിച്ചത് . അതിനുള്ള ചേച്ചിയുടെ മറുപടി ഇങ്ങനെയായിരുന്നു; 'അയാൾ അത്രയ്ക്ക് വെടക്ക് ആളാണ്. ഞങ്ങളെ പാർട്ടിക്കാരെ കൊറേ കൊന്ന്ക്. മാത്രല്ല ഇങ്ങളെ കൂട്ടത്തിലെ ആളുകളെ കൊന്നു കൊലവിളിക്കും ഇവനെപ്പോലുള്ളവർ. അയിനു അയാളെ ഇതൊന്നും ചെയ്താ പോരാ'. പിന്നെ അവരുടെ സംഭാഷണം മറ്റു വിഷയങ്ങളിലേക്ക് കടന്നു. അങ്ങനെ ഹർത്താലും ബോംബും കോലാഹലങ്ങളും ഒക്കെയായി കുറെ ദിവസം പോയി. കൊറേ സിനിമാ നടന്മാര് പാനൂർ വന്നു. അവരെ പോയി കാണാൻ ഉമ്മ അനുവദികാത്തത്തിൽ ഞങ്ങൾക്ക് നല്ല വിഷമമായി. എല്ലാം ടിവിയിൽ കണ്ടു. പിന്നെ സ്കൂൾ തുറന്നു, എല്ലാം പഴയത് പോലെ ആയി.

പിന്നീട് ഞാൻ പത്താം ക്ലാസ്സിൽ പഠിച്ചു കൊണ്ടിരിക്കുന്ന സമയം. ഇതുപോലെ പെട്ടെന്ന് സ്കൂൾ വിട്ടു. സ്കൂൾ ബസ്സ് പല ഇടത്തും തടഞ്ഞു വെച്ചു ആളുകൾ പരിശോധിക്കുന്നു. ഇപ്പോൾ കാര്യങ്ങൾ വ്യക്തമാണ്. ഒരു ബി. ജെ. പി. കാരനെ സി. പി. എം കൊലപ്പെടുത്തി. തിരിച്ചൊരു കൊലപാതകം ഉറപ്പാണ്. പെട്ടെന്ന് വീട്ടിൽ എത്തണം. ബസ്സ് ഇറങ്ങി വീട്ടിലേക്ക് നടക്കുമ്പോൾ ഒരാൾ അടുത്തേക്ക് വന്നു പറഞ്ഞു വേഗം വീട്ടിൽ പോകൂ, ഭയങ്കരം പ്രശ്നമാണെന്ന്. ഓടി വീട്ടിൽ എത്തി. ഉമ്മ കാത്തിരിക്കുന്നുണ്ടായിരുന്നു. വീട്ടിൽ എത്തിയാൽ പിന്നെ പേടിക്കാനില്ല. കൊലയും ബോംബിടലും ഒക്കെ ആ രണ്ടു പാർട്ടികൾ തമ്മിൽ ആണ്. ഇടയ്ക്ക് ശബ്ദം കേൾക്കും. ബോംബ് ആണെന്ന് അങ്ങ് ഉറപ്പിക്കും. എല്ലാവരും കൊലപാതകങ്ങളെ പരസ്പരം ന്യായീകരിക്കുന്നത് വളരെ സ്വാഭാവികമായ അവസ്ഥയായി മാറിയിരുന്നു. കൊല നടക്കുന്നതിന്റെ രീതികളിലെ ശരി ഇല്ലായ്മ മാത്രമായിരുന്നു ചായ ചർച്ചകളിലെ പ്രധാന പ്രശ്നം. വീട്ടിൽ കയറി കൊല നടത്തുന്നത് കുറിച്ച് സ്ത്രീകൾക്ക് അസ്വസ്ഥത ഉണ്ടാക്കിയിട്ടുണ്ട്. എങ്കിലും പാർട്ടിക്ക് വേണ്ടി മരിക്കുന്ന മക്കൾ അവർക്ക് അഭിമാനമാണ്. അടിപിടി കേസ്സിൽ ജയിലിൽ കിടക്കുന്ന മക്കളെ കാണാൻ പോകുന്ന അമ്മമാർ ഒരു സാധാരണ കാഴ്ച ആണ്.

അങ്ങനെ കോഴിക്കോട് കോളേജിൽ പഠിക്കുന്ന കാലത്താണ് പാനൂരിൽ നിന്നാണ് വരുന്നത് എന്നു പറയുമ്പോൾ ആളുകൾ കാണിച്ച ആശ്ചര്യത്തിൽ നിന്നു രാഷ്ട്രീയ കൊലപാതകങ്ങളെ മറ്റു ജില്ലക്കാർ എങ്ങനെയാണ് കണ്ടിരുന്നത് എന്നു മനസ്സിലായത്. എന്റെ നിസ്സംഗമായ മറുപടിയിൽ അവർ ഞെട്ടൽ പ്രകടിപ്പിച്ചപ്പോഴാണ് എനിക്കും മറ്റു പലതും മനസ്സിലായത്.

പിന്നീടുള്ള വായനകളിൽ നിന്നും ചർച്ചകളിൽ നിന്നുമാണ് രാഷ്ട്രീയ കൊലപാതകങ്ങളുടെ സ്വഭാവവും അതിന്റെ ആഘാതങ്ങളും മനസ്സിലാകാൻ തുടങ്ങിയത്. പക്ഷേ, ഇന്നും പാനൂരിലെ രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ച് ആളുകൾ ചോദിക്കുമ്പോൾ വളരെ നിസ്സാരമായി തന്നെയാണ് ബോംബ് കഥ ഞാൻ പറയാറുള്ളത്. അതായിരുന്നു അനുഭവവും.



വഴിത്താരകൾ

**ജാനകി**
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക

# ശാന്തിപ്രിയയുടെ പാട്ടുവഴികളിലൂടെ ...

'ശരീരം മുഴുവനും കൊണ്ടവർ പാടി. ഏകതാരയും ഡുഗ്ഗിയും വായിച്ച് നൃത്തം ചെയ്തവർ പാടി. വാക്കുകൾക്ക് ഒരുപാട് പ്രധാന്യം നൽകി കഥ പറയുമ്പോലെ പാടി. ഒറ്റക്കൊരു സ്ത്രീ കാണിച്ച ലോകം അത്രയ്ക്ക് വലുതായിരുന്നു."

പാർവതി ബാവുൾ എന്ന സംഗീതോപാസകയെ പത്താം ക്ലാസ് കഴിഞ്ഞ ശാന്തി പ്രിയ എന്ന കൗമാരക്കാരിയായ സംഗീതകുതുകി നേരിൽ കണ്ട അനുഭവ വിവരണമാണിത്.

ആ സംഗമം ശാന്തിയിൽ കൊളുത്തിവിട്ട വികാരങ്ങൾ, ആഗ്രഹങ്ങൾ, തേടലുകൾ ഗഹനമായ അന്വേഷണങ്ങളായി മാറി. ഇന്ന് സ്വയം ഒരു ബാവുൾ ഉപാസകയായി അറിയപ്പെടുന്ന മുപ്പത്തിയാറുകാരിയായ ശാന്തിക്ക് തന്റെ സംഗീതയാത്രയിലെ നാൾവഴികളെക്കുറിച്ച് ഒരുപാട് ഓർത്തെടുക്കാനുണ്ട് . ആ ഓർമകളിൽ ഒരു നാടുണ്ട്-വയനാട്. കേരളം നെഞ്ചിലേറ്റിയ ഒരു കനവുണ്ട്. നാടുഗദ്ദിക പോലുള്ള നാടകാവതരണങ്ങളിലൂടെ കേരളത്തിന്റെ പൊതുബോധത്തെ പുതുതെളിച്ചങ്ങളിലേക്കു ഉണർത്തിയ കെ.ജെ.ബേബിയുടെയും ഷേർലി മേരി ജോസഫിന്റെയും മകളായ ശാന്തിപ്രിയക്ക് അരങ്ങു ഒരു കളിസ്ഥലമായിരുന്നു. തെരുവുകളിലും ഗ്രാമങ്ങളിലും ഒക്കെ അവതരിപ്പിക്കപ്പെട്ട ബേബിയുടെ നാടകയാത്രയിൽ കുട്ടികളുണ്ടായിരുന്നു. പാട്ടു വരുമ്പോൾ സ്റ്റേജിൽ ഓടിപ്പോയി പാടുകയും ഇഷ്ടമില്ലാത്ത സീനിൽ നിന്ന് ഇറങ്ങി ഓടി കാണികൾക്കിടയിൽ പോയിരിക്കുകയും ചെയ്തിരുന്ന ബാല്യകാലമായിരുന്നു ശാന്തിയുടേത്.

ശാന്തിപ്രിയയെ ഞാൻ ആദ്യം കാണുന്നത് 1996 ലാണ്. തൃശൂരിലെ ജവഹർ ബാലഭവനിൽ വയനാട്ടിൽ നിന്നും കനവിന്റെ മക്കൾ ചുരമിറങ്ങി സമതലങ്ങളിലേക്കു ആദിവാസി ജീവിതങ്ങളുടെ താളമേളങ്ങളുമായി ഇറങ്ങി വന്ന ഒരു സായാഹ്നം. അവരുടെ കൂട്ടത്തിൽ ബേബിയുടെയും ഷേർളിയുടെയും മക്കളായ ശാന്തിയും ഗീതിയും സജീവ സാന്നിധ്യമായിരുന്നെന്നു ഓർക്കുന്നു. "അപ്പ പാട്ടെഴുതുന്നു, പാട്ടു പാടുന്നു, പാട്ടു നിറയെ ശേഖരിക്കുന്നു... ഞങ്ങളെ തോളത്തിട്ടു പാട്ടു പാടി ഡാൻസ് കളിച്ചു ഉറക്കുന്നു. അമ്മ നിറയേ കഥകൾ പറഞ്ഞു തരുന്നു ബുദ്ധന്റെ, ത്യാഗരാജരുടെ, താൻസെന്റെ, മീരയുടെ, ബാവുളുകളുടെ ശാന്തിനികേതന്റെ ബീഥോവന്റെയുമൊക്കെ."

ഔപചാരിക വിദ്യാഭ്യാസത്തിന്റെ രീതികളിൽ നിന്ന് മാറി ജൈവമായ അറിവുകളും, ജീവന രീതികളും ആർജ്ജിക്കുന്ന പഠനമാതൃകകൾ പിന്തുടർന്ന കനവ് എന്ന സ്വപ്നത്തെ അത്ര പെട്ടെന്ന് നമുക്ക് മറക്കാനാവില്ല. ആ കൂട്ടായ്മയുടെ ആത്മാവായിരുന്നു കനവിന്റെ ഗാനങ്ങൾ. "നാട് എൻ വീട് ഈ വയനാട്" എന്ന് തുടങ്ങിയുള്ള പാട്ടുകൾ മലയാളി സമൂഹത്തെ മറഞ്ഞു കിടന്ന ഒരു ചരിത്രത്തെ ഓർമ്മിപ്പിച്ചു. കനവ് എന്ന സ്വപ്ന വിദ്യാലയം സഫലമാകുന്ന ആ ദിവസങ്ങൾ സംഗീത സാന്ദ്രമായിരുന്നു .മേപ്പയൂരിൽ നിന്ന് വന്ന ശിവാനന്ദൻ മാഷിന്റെ ഹിന്ദുസ്ഥാനി സംഗീത സദസ്സിൽ ചാരുകേശിയും മാൽകോൺസും കേട്ട് രാത്രി വൈകും വരെ കുട്ടികൾ

ഇരുന്നു.പലപ്പോഴും കേട്ട് കേട്ടവർ ഉറങ്ങിപ്പോകുമായിരുന്നു.

പല ദേശങ്ങളിൽ നിന്നും വന്ന ഗായകർ അവരെ പാട്ടുകൾ പഠിപ്പിച്ചു. വിപ്ലവഗാനങ്ങൾ, ഭജനുകൾ, ഗോത്രസംഗീതങ്ങൾ, ആഫ്രിക്കൻ ബ്ലൂസ്, കബീർദോഹകൾ,സിനിമാപാട്ടുകൾ എന്നിങ്ങനെ വിവിധങ്ങളായ സംഗീത പാരമ്പര്യങ്ങൾ ശാന്തിയും കൂട്ടുകാരും വളരെ നേരത്തെ പരിചയിച്ചു. കനവിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി സ്കൂളുകൾ, ക്ലബ്ബുകൾ, പള്ളി പറമ്പുകൾ, ഉത്സവസ്ഥലങ്ങൾ എന്നിവിടങ്ങളിലും ബേബിയും കൊച്ചു കൂട്ടുകാരും നടന്നു പാടിയ കാലം ഒരു നാടിന്റെ തന്നെ ചരിത്രമാണ്.ക്രമേണ പാട്ടു ശാന്തിയുടെ ജീവിതത്തിന്റെ തന്നെ ഭാഗം ആയി മാറുകയായിരുന്നു. പാട്ടിന്റെ സൗന്ദര്യം ചോരാതെ, ശ്രുതി തെറ്റാതെ പാടുക എന്നത് ഒരു വലിയ ഉത്തരവാദിത്തമായി ശാന്തി തിരിച്ചറിയുകയായിരുന്നു.

"പാട്ട് ഏറെ ഇഷ്ടമുള്ള കുട്ടി ആയിരുന്നു ഞാൻ. ബസ്സിൽ യാത്ര ചെയ്യുമ്പോഴും എന്ത് പണി ചെയ്യുമ്പോഴും പാടിക്കൊണ്ടിരുന്ന കുട്ടി. പാടുമ്പോൾ സ്വാതന്ത്ര്യവും സന്തോഷവും അനുഭവിച്ചിരുന്ന കുട്ടി."

സിറിയക് മാഷിന്റെയും മോഹനൻ മാഷിന്റെയും മേൽനോട്ടത്തിൽ കർണാടക സംഗീതത്തിൽ ശിക്ഷണം ലഭിച്ചു.ഇതിനിടയിൽ ടാൻസന്റെ ഗുരുവായ ഹരിദാസിന്റെ ഇരുപതാം തലമുറയിൽ പെട്ട ബഹാവുദ്ദീൻ ഡാഗറിന്റെ പൻവേലിലുള്ള ഗുരുകുലത്തിൽ പോയി രണ്ടു വർഷത്തോളം താമസിച്ചു ഹിന്ദുസ്ഥാനി സംഗീതം അഭ്യസിച്ചത് തന്റെ വളർച്ചയിൽ ഒരു നിർണായക സ്വാധീനമായതു ശാന്തി സ്മരിക്കുന്നു. "പഠിച്ചതിനെക്കാളേറെ സംഗീതത്തിന്റെ അതിവിശാലമായ ലോകം കേൾക്കുകയും അനുഭവിക്കുകയും ആണുണ്ടായത്. ബസന്ത് കേട്ടാൽ കാറ്റിനെ അതിന്റെ പല ഭാവങ്ങളെ അനുഭവിക്കാനാകുമെന്ന മാന്ത്രികത അറിഞ്ഞു."

പക്ഷെ ഈ പരിശീലനങ്ങളൊന്നും ശാന്തിയുടെ അന്തർദാഹങ്ങളെ ശമിപ്പിച്ചില്ല. ഇവയിലൊന്നിലും പൂർണ്ണമായി താൻ സാക്ഷാത്ക്കരിപ്പെടുന്നില്ല എന്ന അലട്ടൽ തുടർന്നു. "ഞാനാകുന്ന മറ്റെല്ലാത്തതിൽ നിന്നും അതെന്നെ disconnect ചെയ്തു. അതിൽ ശരീരം അപ്രസക്തമായിരുന്നു. യോഗയും കളരിയുമൊക്കെ ചെയ്തു വന്ന ശരീരം വളരെ അസ്വസ്ഥമായി.അത് പോലെ കവിത... റൂമിയും ഹാഫിസും മേരി ഒലിവറേയും ഒക്കെ ഇഷ്ടമുള്ള എനിക്ക് അവരുടെയും അഭാവം അനുഭവപ്പെട്ടു." നാടൻ പാട്ടുകൾ ഒരുപാട് ഇഷ്ടമാണെങ്കിലും അവയുടെ കാലിക പ്രസക്തിയിൽ മാത്രം തന്റെ അന്വേഷണത്തിന് സംതൃപ്തമാകാൻ കഴിയില്ലായിരുന്നു. കബീറിന്റെ ദോഹകൾ എന്നും എപ്പോഴും ഒരു സവിശേഷമായ അനുഭൂതി പ്രദാനം ചെയ്തിരുന്നു.കബീർ എപ്പോഴും ശാന്തിയോട് സംവദിച്ചു കൊണ്ടിരുന്നു. ഹിമാലയത്തിൽ നിന്ന് വന്ന ആനന്ദ്ജിയാണ് കബീർ ദോഹകൾ പഠിപ്പിച്ചു തന്നത്. ഉഡ് ജായേഗാ ഹംസ് അകേല, ജഗ് ദർശൻ കാ മേള എന്ന പാട്ട് ശാന്തിക്ക് ഏറെ പ്രിയപ്പെട്ടതായി. അങ്ങിനെയിരിക്കെ പത്താം ക്ലാസ്സ് പരീക്ഷക്ക് മുൻപ് ഉണ്ടായ ഒരു ബാംഗ്ലൂർ യാത്രയിലാണ് പാർവതി ബാവുളിന്റെ പാട്ടു കാണുന്നതും,കേൾക്കുന്നതും. ആ കണ്ടുമുട്ടലിന്റെ നേർസാക്ഷ്യമാണ് ഈ ലേഖനത്തിന്റെ തുടക്കത്തിൽ ഞാൻ ഉദ്ധരിച്ച ശാന്തിയുടെ വാക്കുകൾ.

ഇന്ത്യൻ സംഗീതത്തിലെ പെൺസ്വരങ്ങൾ പല വിധത്തിൽ നിയന്ത്രിക്കപ്പെടുന്നതിനെ കുറിച്ച് അടുത്ത കാലത്തു ഒരുപാട് ചർച്ചകളും നിരീക്ഷണങ്ങളും പഠനങ്ങളും നടന്നിട്ടുണ്ട്. വരേണ്യ സ്ത്രീ സ്വത്വനിർമ്മിതിയുടെ ഭാഗമാണ് സ്ത്രീശബ്ദത്തെ മെരുക്കി എടുക്കുക എന്നത്. തുറന്ന ശബ്ദവും സ്വതന്ത്രമായ ശരീര ചലനങ്ങളും ഇന്നും അംഗീകരിക്കാൻ മധ്യവർഗ്ഗത്തിനു പ്രയാസമാണ്. അവധൂത പാരമ്പര്യമായ ബാവുൾ സംഗീതം സ്ത്രീയുടെ ശബ്ദത്തെയും ശരീരത്തെയും ഒരൊറ്റ അനുഭവമാക്കി മാറ്റുന്ന ആത്മീയപ്രവർത്തനം കൂടി ആയി മാറുന്നു.പാർവതി ബാവുളിന്റെ കൂടെ താൻ പോയിക്കോട്ടെ എന്ന് ചോദിച്ച ശാന്തിയോട് അമ്മയായ ഷേർലി 'പരീക്ഷ കഴിഞ്ഞിട്ടാവാം' എന്ന ഉറപ്പു കൊടുത്തു.അതിനു ശേഷം മറ്റൊരു കണ്ടുമുട്ടൽ ശാന്തിയെ ബാവുൾ ഗീതങ്ങളിലേക്ക് കൂടുതൽ അടുപ്പിച്ചു. അത് ബംഗ്ലാദേശി ഗായകരായ അനുഷേയെയും ആദിലിനെയും കോഴിക്കോട് സർവകലാശാലയിൽ വെച്ച് കാണാനും കേൾക്കാനും ഇടയായതാണ്. ബാവുൾ സംഗീതം തന്റെ നിയോഗമാണെന്നു ശാന്തി ഒന്ന് കൂടി ഉറപ്പിച്ചു.ലാലോൻ ഫക്കീറിന്റെ പാട്ടു അനുഷേ പാടിയതിന്റെ അനുഭവം ശാന്തി വർണ്ണിക്കുന്നത് അനന്യമായ ശൈലിയിലാണ്. ആ പാട്ടു നമ്മളെ എല്ലാവരെയും കൂട്ടികൊണ്ട് പോയി ആകാശം തൊട്ടു. അത് ഹൃദയത്തിൽ ഒരു മുറിവുണ്ടാക്കി. പിന്നീട് 'കനവി'ൽ വന്നപ്പോൾ അനുഷേ തനിക്കു മറ്റൊരു ബാവുൾ പാട്ടു പഠിപ്പിച്ചു. "നോദിർ കൂലരെ ലാഗി അമി കാന്ദി" എന്ന ആ പാട്ടായിരുന്നു പിന്നെ കുറേക്കാലം ശാന്തിയുടെ പാട്ട്.

എന്നിട്ടും ഉടനെയൊന്നും പാർവതിയുടെ അടുത്ത് ശാന്തി എത്തിയില്ല എന്നതാണ് രസകരം. യാത്രകൾ വേറെയും നടത്താനുണ്ടായിരുന്നു. പിന്നീട് ശാന്തിക്ക് ഇംഗ്ലണ്ടിൽ ജിദ്ദു കൃഷ്ണമൂർത്തി സ്ഥാപിച്ച ബ്രോകവുഡ് പാർക്ക് സ്കൂളിൽ പോകാൻ അവസരം ഉണ്ടായി. തോട്ടത്തിൽ പണിയെടുത്തും അടുക്കളനടത്തിയും, വായിച്ചും, ചർച്ചചെയ്തും, മൗനം ദീക്ഷിച്ചും, മലകയറിയും തന്റെ അന്വേഷണങ്ങൾ തുടരുമ്പോഴും ആ പഴയ അസ്വസ്ഥത തന്നെ പിന്തുടർന്നുണ്ടായിരുന്നു. വാക്കിന്റെ മറ നീക്കി അന്വേഷിക്കാൻ കൃഷ്ണമൂർത്തി അവരോട് പറഞ്ഞു കൊണ്ടിരുന്നു. ആ മന്ത്രം അവരുടെ സന്തതസഹചാരി ആയതു കൊണ്ടാകാം ഒരു നിയോഗം പോലെ വീണ്ടും ശാന്തി പാർവതി ബാവുളിലേക്കു തിരിച്ചെത്തിയത്. അനിയത്തി ഗീതിയാണ് അത് ഓർമ്മിപ്പിച്ചത്. താൻ ഫോൺ ചെയ്യുമ്പോഴൊക്കെ പാർവതി ഇ

പ്പോൾ ആരെയും പഠിപ്പിക്കുന്നില്ല എന്നാണു പറഞ്ഞിരുന്നത്. ശാന്തി പിന്നീട് നേരിട്ട് പോയി കാണാൻ തീരുമാനിച്ചതോടെ പാർവതി ഇരുകൈയും നീട്ടി ശാന്തിയെ പൂർണ്ണമനസ്സോടെ സ്വീകരിക്കുകയായിരുന്നു. പാട്ടിന്റെ അർഥം പറഞ്ഞു കൊടുത്തുകൊണ്ടാണ് ശാന്തിയെ പാർവതി പഠിപ്പിച്ചത്. ഏകതാരയും ഡുഗ്ഗിയും വായിച്ചു പാടാൻ പഠിപ്പിച്ചു. ശാന്തിയുടെ ആ വിവരണത്തിൽ എനിക്ക് ഏറ്റവും ഹൃദ്യമായി തോന്നിയത് ബാവുൽ സംഗീത ഉപാസനയിലെ പരിവ്രാജക സ്വഭാവമാണ്. പാടി അലയുന്ന അവധൂത പാരമ്പര്യത്തിൽ ശാന്തി വീണ്ടും കനവിലെ ജീവിതം അനുഭവിക്കുകയായിരുന്നു. ബംഗാളിലെ ഉൾനാടുകളിലൂടെയും, പാർവതിയുടെ ഗുരുക്കന്മാരുടെ ആശ്രമങ്ങളിലൂടെയും പാടിക്കൊണ്ടുള്ള യാത്രകൾ, ശാന്തിയുടെ സംഗീതത്തിനെയും വ്യക്തിത്വത്തെയും മിനുക്കി കൊണ്ടേയിരുന്നു. കനവിലെ ജീവിതത്തിന്റെ തുടർച്ചകളായിരുന്നു ബംഗാളിന്റെ ഗ്രാമങ്ങളിൽ ശാന്തി ആസ്വദിച്ചത്. പാട്ടും നൃത്തവും ദൈനംദിനതയുടെ ഭാഗമാവുന്ന ജീവിതതാളം. കേൾക്കുന്നയാളും പാടുന്ന ആളും തമ്മിൽ അകലങ്ങളില്ലാത്ത നാദപ്രപഞ്ചം .പാർവതി ദീദിയിലൂടെ താൻ നേടിയ സംഗീത ദർശനത്തെ കുറിച്ചുള്ള ശാന്തിയുടെ നിരീക്ഷണം ഒരുപോലെ ലളിതവും, അഗാധവുമാണ്. "അത് അതിസൂക്ഷ്മവും അതിവിശാലവുമാണെന്നു കണ്ടു നമ്മൾ അതിശയിക്കുന്നു.എല്ലാവരുടെയും ഉള്ളിൽ നമ്മൾ അറിയാതെ ഉള്ള തേടലായിരിക്കാം അത്. ഓരോരുത്തർക്കും അവരുടെ സ്വന്തമായ ഭാവത്തിൽ അത് വെളിവാകുന്നുണ്ടാകും....വീടിനു പുറത്തേക്കു കാലു വെച്ച് ആദ്യമായി ആകാശത്തേക്ക് നോക്കിയ പോലെ ഒരു അനുഭവം."

ശാന്തിയുടെ പാട്ടുവഴിയിലെ മറ്റൊരു പ്രധാന ഗുരു പ്രഹ്ലാദ് സിംഗ് ടിപ്പാനിയ ആണ്.ഒരു സ്കൂൾ അധ്യാപകനായ ടിപ്പാനിയ എല്ലാവരെയും കബീറിന്റെ ലോകത്തിലേക്കും, അറിവിലേക്കും ഉണർത്താൻ സദാ ശ്രമിച്ചുകൊണ്ടിരുന്നു.വാമൊഴിയായി പാട്ടിലൂടെ കൈമാറ്റം ചെയ്യപ്പെട്ട അറിവുകളുടെ ഗുരുവാണി അഥവാ ശബ്ദഗാന പാരമ്പര്യമാണിത്.കശ്മീരിലെ ലല്ല, ഗുരുനാനക്ക്സാഹബ്, കബീർ, അക്കമഹാദേവി, ജ്ഞാനേശ്വർ, കേരളത്തിൽ ശ്രീനാരായണഗുരു എന്നിവരുടെ പാട്ടുകൾ ഒരൊറ്റ ജ്ഞാനശരീരമായി വർത്തിക്കുന്നു എന്ന് ശാന്തി അടിവരയിടുന്നു.

പാട്ടിന്റെ വാമൊഴി പാരമ്പര്യം അമൂല്യമായ ഒരു ഖനിയാണ്. കണ്ണ് കാണാത്ത എഴുത്തും വായനയും അറിയാത്ത ബംഗാളിലെ കാനായ്ദായെ കുറിച്ച് ശാന്തി വാചാലയാകുന്നു. "ആയിരത്തോളം പാട്ടുകൾ അറിയുന്ന കാനായ്ദാ തന്നെത്തന്നെ ഒരു പുസ്തകമായാണ് കാണുന്നത്." ബാവുൾ എന്ന അവധൂത പാരമ്പര്യം ശ്രദ്ധ പതിപ്പിക്കുന്നത് പാട്ടിനേക്കാളേറെ പാട്ടിലൂടെ കൈമാറ്റപ്പെടുന്ന അറിവിലാണ്. വ്യത്യസ്ത സംഗീതധാരകൾ തമ്മിലുള്ള അതിർവരമ്പുകൾ അത്ര കണിശമല്ലെന്നാണ് ശാന്തിയുടെ തെളിഞ്ഞ നിരീക്ഷണം. ഹൃദയംകൊണ്ട് പാടുമ്പോൾ സംവാദം എന്നും സാധ്യമാണ്.

ബാവുൾ സംഗീതമാണ് തന്റെ അടിസ്ഥാനം.ഏകതാരയും ഡുഗ്ഗിയും വായിച്ചു കബീർദോഹകളും നാരായണഗുരു കൃതികളും ശാന്തി പാടാൻ ശ്രമിക്കുന്നുണ്ട്. "പാട്ടുകളിൽ കാലവും ദേശവും അപ്പോഴത്തെ സാധാരണ ജീവിതവും ഒക്കെ പ്രതിഫലിക്കുന്നുണ്ട്.പക്ഷെ ആ പുറംകവചത്തിനുള്ളിൽ അടങ്ങിയിരിക്കുന്നത് ഗുരുവാണിയാണ്. അത് ഏതൊരു ദേശത്തോടും, കാലത്തോടും, നേരിട്ട് നമ്മുടെ ഹൃദയത്തോടും സംവദിക്കുന്നതുമായിട്ടുള്ള അറിവാണ്.ആ രീതിയിൽ ഞാനിതിനെ ഒന്നായിട്ടാണ് കാണുന്നത്."

"എനിക്ക് ഈ പാട്ടുവഴിയാണിഷ്ടം" എന്ന്പറയുമ്പോഴും ഗായിക എന്നതിനേക്കാൾ തന്നെത്തന്നെ ജീവിതത്തിന്റെ വിദ്യാർത്ഥിയായി കാണാൻ (a student of life ) സ്വയം ആഗ്രഹിക്കുന്നു എന്നും ശാന്തി വ്യക്തമാക്കുന്നു. ഒരു ആറു വയസ്സുകാരന്റെ അമ്മയെന്ന നിലയിൽ തന്റെ ഓരോ ദിവസവും കളിയും കഥപറച്ചിലും ഭക്ഷണംപാകം ചെയ്യലും എല്ലാം കൊണ്ട് തിരക്കേറിയതാണ്. അതിന്റെയൊക്കെ ഭാഗമാണ് തന്റെ പാട്ടും. ജീവിതവഴിയും പാട്ടുവഴിയും ഒന്ന് തന്നെയാണ്.


ഇന്ന് തിരുവണ്ണാമലയിലെ മരുതം വിദ്യാലയത്തിൽ ജീവിതപങ്കാളിയായ സുനിലിനും മകൻ വനമാലിക്കുമൊപ്പം താമസിച്ചു സംഗീതം പഠിപ്പിക്കുമ്പോഴും ആ തേടൽ തുടർന്നുകൊണ്ടേയിരിക്കുന്നു.കുട്ടികളിൽ സ്വാഭാവികമായും തുറന്നുപാടാനുള്ള ഒരു സിദ്ധിയുണ്ട് . അത് പ്രോത്സാഹിപ്പിക്കുന്നതാണ് തന്റെ ദൗത്യമെന്നു ശാന്തിയിലെ അധ്യാപിക കരുതുന്നു. കുട്ടിക്കാലത്തു കേൾക്കുന്ന കബീറിന്റെ ഒരു കുഞ്ഞു ദോഹ ഒരു വിത്തായി, എന്നെന്നേക്കുമുള്ള ഒരു കൂട്ടായി കൂടെയുണ്ടാകും. നാരായണഗുരുവിന്റെ പാട്ടുകളുടെ ആഴം ശാന്തിയെ ആകർഷിക്കുന്നുണ്ട്. "ലോകത്ത് ഒരുപാട് പാട്ടുകൾ ശേഖരിക്കപ്പെടാതെ കിടക്കുന്നുണ്ട്. ഒരു സമയത്തു ഒരു പാട്ടു നമ്മളെ യാദൃച്ഛികമായി തേടി എത്തും.അത് മീരയുടേതാകാം ബസവണ്ണന്റെയാകാം ബോബ് ഡിലന്റേതാകാം. അങ്ങിനെ നമ്മളെ തേടി എത്തുന്ന പാട്ടിനെ ഞാൻ എന്റെ മാലയിൽ കോർത്ത് വെക്കുന്നു."ശാന്തിപ്രിയ എന്ന ഗായികക്ക് , അന്വേഷകക്ക് ആസ്വാദകരോട് ഇനിയും ധാരാളം അറിവനുഭവങ്ങൾ പങ്കുവെക്കാനുണ്ടെന്നു വ്യക്തം. ഒരുപാട് ദിവസങ്ങളായി ഞങ്ങൾ നടത്തിയ നിരവധി സംഭാഷണങ്ങളിലൂടെ ശാന്തി ആർജിച്ചെടുത്ത പാട്ടറിവുകളുടെ വക്കിലേ ഞാൻ തൊട്ടിട്ടുള്ളൂ എന്ന് ഞാൻ മനസ്സിലാക്കുന്നു. ശാന്തിയുടെ യാത്രയെ ഇനിയുള്ള കാലം ഞാൻ സശ്രദ്ധം പിന്തുടരുമെന്നു ഉറപ്പാണ്. ഇത് എഴുതിത്തീരുമ്പോൾ ശാന്തിയുടെ ശബ്ദത്തിലൂടെ, സ്വരതാളങ്ങളിലൂടെ ഞാനും മൂളുന്നു ആ കബീർ ഭജൻ.ഒരു ദിവസം ഒറ്റയ്ക്ക് പറന്നു പോകുന്ന ഹംസത്തെ കുറിച്ചുള്ള പാട്ട്... "ഉഡ് ജായേഗ ഹംസ് അകേല ജഗ് ദർശൻ കാ മേള..."

നിങ്ങളുടെ വിലപ്പെട്ട പ്രതികരണങ്ങൾ feedbackvazhithaarakal@gmail.com എന്ന മെയിലേക്ക് അയക്കുക



**കവിത രതൂരി**
കാഠ്മണ്ഡു ആസ്ഥാനമാക്കി
പ്രവർത്തിക്കുന്ന ഒരു
സ്വതന്ത്ര ഗവേഷകയാണ്

# നേപ്പാളിലെ പീപ്പിൾസ് വാറിൽ സ്ത്രീകൾ



വിവർത്തനം
**ലയന**
കോഴിക്കോട് സർവ്വകലാശാല
സ്ത്രീപഠന വിഭാഗത്തിൽ അദ്ധ്യാപിക

**2014** മെയ്, ജില്ലയിലെ പടിഞ്ഞാറൻ ഗ്രാമത്തിലെ മഴയുള്ള ഒരു സായാഹ്നം. മഴ ഉള്ളതിനാൽ കുത്തനെയുള്ള ഇടുങ്ങിയ വഴികൾ തെന്നുന്നതിനാൽ, തുലോ ഗൗങ്ങ് (വലിയ ഗ്രാമം) എന്ന് വിളിക്കുന്ന ജൽഭംഗിൽ എത്തിച്ചേരാൻ പ്രയാസമാണ് . അതുകൊണ്ടു തന്നെ ഞങ്ങൾ (റൂട്ട് ഗൈഡും ഞാനും) അന്ന് രാത്രി അവിടെ തന്നെ താമസിക്കാമെന്ന് തീരുമാനിച്ചു.

അത്താഴത്തിനുശേഷമുള്ള ഇടവേളയിൽ ഹോംസ്റ്റേ ഉടമകളുമായി നേപ്പാൾ രാഷ്ട്രീയത്തെപ്പറ്റി സംസാരിക്കാൻ ഇടയായി. നേപ്പാൾ കമ്മ്യൂണിസ്റ്റ് പാർട്ടി മാവോയിസ്റ്റുകളും നേപ്പാൾ ഭരണകൂടവും തമ്മിൽ പോരാടിയിരുന്ന പീപ്പിൾസ് വാറിന്റെ പീപ്പിൾസ് ലിബറേഷൻ ആർമിയിലെ മുൻ അംഗങ്ങളായിരുന്നു അവർ. മുപ്പത് വയസ്സുള്ള സുലോചനയും (യഥാർത്ഥ നാമം അല്ല). മുൻഭർത്താവ് രക്തസാക്ഷി യായിരുന്നു. യുദ്ധത്തിൽ പങ്കെടുക്കുകയും അതിജീവിക്കുകയും ചെയ്ത വ്യക്തിയാണ്. ഇപ്പോൾ സമാധാന പ്രവർത്തനങ്ങൾക്ക് ശേഷം പീപ്പിൾസ് പാർട്ടിപ്രവർത്തകനെ തന്നെ അവൾ പുനർവിവാഹം ചെയ്തു. പീപ്പിൾസ് പാർട്ടി പ്രവർത്തനം അവരുടെ ജീവിതത്തിലെ ശ്രദ്ധേയമായ കാലഘട്ടമായി മാറിയതെങ്ങിനെയെന്നും അവൾ സംസാരിച്ചിരുന്നു. ഒളിപ്പോർ യുദ്ധം, അതിന്റെ ആവശ്യം, രാഷ്ട്രീയം , അന്നത്തെ പാർട്ടി ഘടന, പാർട്ടിയും ദൈനദിന ജീവിതവും, അതിന്റെ സ്വാധീനം ഇവയൊക്കെ അവരുടെ സംസ്സാരത്തിന്റെ ഭാഗമായിരുന്നു. എന്നിരുന്നാലും, 2006ൽ നേപ്പാളിൽ നടന്ന സമാധാന പ്രക്രിയയാണ് 2012ലെ പാർട്ടി പിളർപ്പിന് കാരണമായതെന്ന് അവൾ ഊന്നിപ്പറഞ്ഞു. അവരെ സംബന്ധിച്ചിടത്തോളം അവരുടെ നേതാക്കൾ ചെയ്തതു തന്നെയായിരുന്നു ശരി, നമ്മൾ ക്ഷമയോടെയിരിക്കണമായിരുന്നു. അതേസമയം അവർ അതിനോടുള്ള വിയോജിപ്പ് പ്രകടിപ്പിക്കുകയും ചെയ്തു. പാർട്ടി പിളർപ്പ് എന്നെ വല്ലാതെ വേദനിപ്പിച്ചെങ്കിലും ഞാനിപ്പോഴും ക്ഷമയോടെ ആണ് അതിനെക്കുറിച്ച് ചിന്തിക്കുന്നതെന്നും അവർ കൂട്ടിച്ചേർത്തു . പക്ഷേ ഇപ്പോൾ ഞാൻ അതിൽ സമാധാനം കണ്ടെത്തിയിരിക്കുന്നു. രണ്ട് സഹോദരന്മാർ ഒരു വീട്ടിൽ

ജീവിക്കാൻ ബുദ്ധിമുട്ടുന്നത് പോലെ തന്നെയാണ് ഇതും . പക്ഷെ എനിക്ക് ഇനി സജീവമായി രാഷ്ട്രീയ ജീവിതം നയിക്കുവാൻ സാധിക്കുമെന്ന് തോന്നുന്നില്ല.

സ്ത്രീകൾ തങ്ങളുടെ ഭൂതകാലത്തെ വ്യക്തിഗതമാക്കുകയും പാർട്ടിയെ വ്യക്തിപരമാക്കുകയും ചെയ്യുന്നതിനോപ്പം അവർ കടന്നു പോയ എല്ലാ അനുഭവങ്ങളെയും മാനുഷികവത്കരിക്കുകയും ചെയ്തുവെന്നത് രസകരമാണ്. രണ്ട് സഹോദരങ്ങൾ രണ്ട് പ്രത്യയശാസ്ത്രങ്ങളുള്ള രണ്ട് രാഷ്ട്രീയ പാർട്ടികൾ എന്ന കഥ സൂചിപ്പിക്കുന്നു. സ്ത്രീകൾ വികാരങ്ങളുമായി എളുപ്പത്തിൽ ബന്ധപ്പെടുന്നു. വികാരങ്ങൾ രാഷ്ട്രീയത്തിൽ ഒരിടത്തും ഇല്ലാത്തതുമായ ഒരു വൈകാരിക പ്രവർത്തിയായി ഇതിനെ കണക്കാക്കാം. എന്നാൽ ഇവിടെ വികാരങ്ങൾ ഒരു രാഷ്ട്രീയ പ്രകടനത്തെ തടസ്സപ്പെടുത്തുന്നതു യുക്തിസഹമാണ്. അതിനാൽ യുക്തിസഹമായി ഇതു സ്ഥാപിച്ചു. എന്നാൽ രാഷ്ട്രീയ വ്യവഹാരങ്ങളിൽ വികാരങ്ങൾ സ്ത്രീയും സ്ത്രീത്വവുമായും യുക്തിസഹമായും ബന്ധപ്പെട്ടിരിക്കുന്നു. അത് പുരുഷനും പുരുഷത്വവുമായും ബന്ധപ്പെട്ടിരിക്കുന്നു. തത്ഫലമായി സ്ത്രീകൾ രാഷ്ട്രീയത്തിലോ പി.ഡബ്ല്യു ബദൽരാഷ്ട്രീയ പ്രവർത്തനങ്ങളിലോ ഏർപ്പെടുമ്പോൾ, പുരുഷകേന്ദ്രീകൃത രാഷ്ട്രീയ പദ്ധതികളുടെ ഭാഗമാകുമ്പോൾ സ്ത്രീകളുടെ പങ്കാളിത്തം തന്നെ സൃഷ്ടിക്കാൻ കഴിയുമെന്ന കാര്യം നിഷേധിക്കാനാവില്ല. ഇത് സ്ത്രീ-പുരുഷ വ്യത്യസ്ത ശബ്ദങ്ങൾ, രാഷ്ട്രീയ ആവിഷ്കാരങ്ങൾ, ഭാഷ എന്നിവ മനസ്സിലാക്കാനോ വേർതിരിക്കാനോ സഹായിക്കുന്ന പുതിയ മാനം സൃഷ്ടിക്കുന്നു. എന്നിരുന്നാലും ഞാനിവിടെ മുഖ്യധാരാ രാഷ്ട്രീയത്തെയല്ല ഉദ്ദേശിക്കുന്നത്. ഇത് മുഖ്യധാരാ രാഷ്ട്രീയത്തിൽ ബാധകമാണെങ്കിലും നേപ്പാളിലെ സഹോദരന്മാരുടെ കഥപോലെ (സുലോചനയുടെ അഭിപ്രായത്തിൽ), ഞാൻ ഇതിനു മുൻപ് പുരുഷന്മാരാരും ഇത്തരം ഉപമകൾ പാർട്ടി പിളർപ്പിനെ കുറിച്ച് പ്രയോഗിക്കുന്നതായി അറിഞ്ഞിട്ടില്ല. പി.ഡബ്ല്യുയിൽ തന്നെ വ്യത്യസ്ത പാർട്ടിയിൽ പ്രവർത്തിക്കുന്ന പങ്കാളികൾ പോലും ഇത്തരം പ്രയോഗങ്ങൾ ഉപയോഗിച്ച് കണ്ടിട്ടില്ല. സുലോചന പരാമർശിക്കുന്നത് പാർട്ടി രണ്ടായി പിളർന്നുവെന്നാണ്. ഇത് ഒന്ന് മുഖ്യധാരാ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ സജീവമല്ല. എന്നാൽ രണ്ടാമത്തേത് സി.പി.എൻ (യുണൈറ്റഡ് എം.എൽ) ൽ ലയിച്ച് നേപ്പാൾ കമ്മ്യൂണിസ്റ്റ് പാർട്ടിയായി മാറി. ഇപ്പോൾ ഭരണകക്ഷിയാണ് എന്നിരുന്നാലും ഒരിക്കൽ മാവോയിസ്റ്റുകളുടെ ഹൃദയ ഭൂമിയായിരുന്നു റോൽഫയിൽ നടക്കുന്ന സാമൂഹിക-രാഷ്ട്രീയ വികാരങ്ങളെ 2020 കാഠ്മണ്ഡുവിൽ വിക്രം ചന്ദ്ര അക ബിപ്ലാവ് പാർട്ടിയുടെ നേതൃത്വത്തിൽ നടക്കുന്ന അക്രമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പത്ര വാർത്തയുടെ പശ്ചാത്തലത്തിൽ മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ്. മറുവശത്ത് പാർട്ടി ഉപരോധിക്കുകയും പ്രവർത്തകരെ വളർത്തുകയും കൊല്ലുകയും ചെയ്യുന്നത് നിത്യസംഭവങ്ങളായി. ഈ സംഭവങ്ങളാണ് 2014ൽ റോൽഫാലിൽ സ്ത്രീകൾ വിവരിച്ച ചില കഥകൾ എന്നെ ഓർമപ്പെടുത്തുന്നത്. പി.ഡബ്ല്യു. വിപ്ലവത്തിന്റെ കഥകൾ അപൂർണ്ണമായ വിപ്ലവവും അതിൽ നിന്നുടലെടുത്ത വേദനകളും രക്ഷപ്പെടലും പി.ഡബ്ല്യുവിന്റെ മുഴുവൻ പ്രവർത്തനവും വിസ്മരിക്കൽ. വ്യക്തമായി പറയുകയാണെങ്കിൽ ആ സമയത്തെ വേദനിപ്പിക്കുന്ന ഓർമ്മകളിലേക്ക് പോകാനാഗ്രഹിക്കുന്നില്ല. പക്ഷേ വാർത്താ തലക്കെട്ടുകൾ റോൽഫയിലെ സ്ത്രീകളുമായി ഞാൻ സംസാരിച്ചതും അവരുടെ കഥകളും ആശങ്കകളും ഭാവിയെക്കുറിച്ചും ഭാവി തലമുറയെ കുറിച്ചുമുള്ള അവരുടെ പ്രതീക്ഷകൾ എന്നെ ഓർമ്മപ്പെടുത്തുന്നു.

**മാറ്റത്തിനായി കാത്തിരിക്കുന്ന സ്ത്രീകൾ**

സാമുവൽ ബെക്കറ്റിന്റെ നാടകം 'വെയ്റ്റിംഗ് ഫോർ ഗോഡോട്ട്' -ൽ രണ്ടു കഥാപാത്രങ്ങൾ ഗോഡോട്ട് എന്ന് മറ്റൊരാളെ കാത്തിരിക്കുന്നു. ഗോഡോട്ട് ഒരിക്കലും എത്തിച്ചേരില്ലെങ്കിലും കാത്തിരിപ്പിനിടയിൽ അവർ പലതരം ചർച്ചകളിൽ ഏർപ്പെടുന്നു. നിലവിലെ നേപ്പാളി അവസ്ഥയാണ് നാടകത്തിന്റെ പശ്ചാത്തലം. ജീവിതത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് ഇവിടെ എല്ലാ വ്യക്തികളും മാറ്റത്തിനായി കാത്തുനിൽക്കുകയാണ്. പതിനൊന്നോ പന്ത്രണ്ടോ വർഷത്തെ സമാധാന പ്രവർത്തനങ്ങളുടെ (2006 തുടങ്ങിയ) ഭാഗമാ



യി എല്ലാം സാധാരണ പോലെ കാണപ്പെടുന്നു. തുടരുന്ന കാത്തിരിപ്പിന്റെ ഫലമാണിത്. ഇത് സാധാരണവൽക്കരണത്തിലേക്ക് നയിക്കുന്നു.

എന്തിനാണ് അഞ്ചു സ്ത്രീകൾ ലിബാംഗിൽ (റോൽഫയുടെ ജില്ലാ തലസ്ഥാനം) കാത്തു നിൽക്കുന്നത് എന്ന് എനിക്കറിയില്ല. എന്റെ ഫീൽഡ് വർക്ക് 2014 -15 സമയത്ത് എന്നോട് സംസാരിക്കാൻ വിസമ്മതിച്ചവർ എന്നോട് ഒന്ന് പറഞ്ഞു. 'എന്തിനാണ് ഞാൻ ഇതിനെക്കുറിച്ച് അന്വേഷിക്കുന്നത്. എനിക്ക് പി.എച്ച്.ഡി ഡിഗ്രി കിട്ടും. മറിച്ച് പശ്ചാതാപത്തിന്റെയും വഞ്ചനയുടെയും ഹൃദയം മുറിവേറ്റതിന്റെയും നീണ്ട വേദന നിറഞ്ഞ ഭൂതകാലസ്മരണകൾ അവർക്ക് എന്ത് നേടിക്കൊടുക്കും?


മൂന്ന് - അഞ്ച് വർഷങ്ങൾക്ക് മുമ്പാണ് ഞാൻ 34 വയസ്സുള്ള ബീന ബി. കെ. (യഥാർത്ഥനാമമല്ല)



കണ്ടത്. അവർ വിദേശത്ത് ഖാദി മുലുക്ക് (ഗൾഫ്) ജോലിക്ക് പോയ തന്റെ ജീവിതപങ്കാളി തിരികെ വരുന്നതും പ്രതീക്ഷിച്ചിരിക്കുകയാണ്. ഭർത്താവ് ജോലി ചെയ്യുന്ന രാജ്യം ഏതാണെന്ന് പോലും അവർക്ക് കൃത്യമായി അറിയില്ല. അവർ രണ്ടുപേരും പി.ഡബ്ല്യു. പ്രവർത്തകരായിരുന്നു. പക്ഷേ ഇപ്പോൾ അവർ ഒരു ചെറിയ കട നടത്തുകയാണ്. ഒരു ആൺകുട്ടിയുണ്ട്. ഭർത്താവ് വിദേശത്ത് നിന്നും വന്നിട്ട് ഒരുമിച്ച് നേപ്പാളിൽ വ്യാപാരം നടത്താൻ വേണ്ടി കാത്തിരിക്കുകയാണവർ. തുടക്കത്തിൽ എന്നോട് സംസാരിക്കാൻ അവർ വിസമ്മതിച്ചു. അവിടം സന്ദർശിക്കാറുള്ള ഗവേഷകർക്ക് പി.ഡബ്ല്യുന്റെ വിവരങ്ങൾ മാത്രമേ അറിയുവാൻ താല്പര്യമുള്ളെന്ന മുൻധാരണ കാരണമായിരിക്കാം ആ വിസമ്മതം. നിങ്ങൾക്ക് കാഠ്മണ്ഡുവിലെ നേതാക്കളോട് നേരിട്ട് ചോദിച്ചൂടെ, എനിക്ക് ഇതിനെക്കുറിച്ച് ഒന്നും പറയുവാനില്ല. ഉണ്ടെങ്കിൽ പോലും ഞാൻ ആഗ്രഹിക്കുന്നില്ല . ജീവിതം ഇപ്പോൾ സമാധാനത്തോടെ ജീവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

മേൽപ്പറഞ്ഞിട്ടുള്ള സ്ത്രീകളുടെ കഷ്ടപ്പാടുകളുടെ വിവരങ്ങൾ അവരുടെ രാഷ്ട്രീയ നിലപാടുകൾക്ക് അതീതമാണ്. എല്ലാവരും മുറിവേറ്റവരാണ്. പരിഭ്രാന്തരാണ്. പക്ഷേ സാവധാനത്തിലും സ്ഥിരമായും ജീവിതത്തിന്റെ ദൈനംദിന പ്രവർത്തനത്തിലേക്ക് മടങ്ങുന്നു. കഷ്ടപ്പാടുകൾക്ക് പുറമേ ആ കഥകളിലെ പൊതുവായി കാണപ്പെടുന്ന ഒരു കാര്യം ശുഭാപ്തി വിശ്വാസവും കാത്തിരിപ്പും ആണ്. ചിലർ ഭർത്താവിനെ, മകനെ, തൊഴിലിനായി വിദേശത്തേക്ക് പോയവരെ, വിപ്ലവ പാർട്ടി പ്രവർത്തനത്തിന് പേരിൽ ജയിലിലടയ്ക്കപ്പെട്ടവരെ അതുമല്ലെങ്കിൽ പാർട്ടി കൊണ്ടുവന്ന ഒരു മാറ്റം അവരെ സമൃദ്ധമായ ഭാവിയിലേക്ക് നയിക്കും എന്നിങ്ങനെ നീളുന്നു ശുഭാപ്തി വിശ്വസം.

സ്ത്രീകൾ നേപ്പാളിലെ പി.ഡബ്ല്യുന്റെ ഭാഗമായിരുന്നു. നേപ്പാളിന്റെ രാഷ്ട്രീയ പരിവർത്തനം അവർ അറിഞ്ഞിരുന്നു. പാർട്ടി പിളർപ്പിനെ അവരുടേതായ രീതിയിൽ മനസ്സിലാക്കിയിരുന്നു. പുരുഷന്മാർ രാഷ്ട്രീയം ചർച്ച ചെയ്യുന്ന രീതിയിൽ നിന്ന് അല്പം വ്യത്യസ്തമാണ്. നേപ്പാളി രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിൽ സ്ത്രീകളെ എവിടെ നിർത്തിയാലും പ്രശ്നമില്ല. വേർപ്പെടുത്തിയോ സജീവമോ നിഷ്ക്രിയമോ ആകട്ടെ എല്ലാവർക്കും അവരുടെ പങ്കിനെക്കുറിച്ചും നിലവിലെ സാഹചര്യത്തെക്കുറിച്ചും ശക്തവും വ്യക്തവുമായ അഭിപ്രായം ഉണ്ട്. എന്നാൽ ആദ്യം അവരുടെ അഭിപ്രായം പ്രകടിപ്പിക്കാൻ അവർ വിമുഖത കാണിക്കുന്നുണ്ടെങ്കിലും പലതും നിശബ്ദതയിലൂടെ അറിയിക്കുന്നു. സുലോചനയുടെ വീക്ഷണകോൺ പരാമർശിക്കുന്നത് പോലെ എങ്ങനെയാണ് അവരുടെ നിശബ്ദതയെയും താൽക്കാലിക വിരാമവും അവരുടെ സംഭാഷണത്തിലൂടെയും രാഷ്ട്രീയ ജീവിതത്തിലൂടെയും ഡീകോഡ് ചെയ്യുകയെന്നത് നമ്മളിലാണ്.



**ആരിഫ ജോഹാരി**
മുംബൈ കേന്ദ്രീകരിച്ച് പത്ര പ്രവർത്തനം നടത്തുന്നു. ഏഷ്യൻ രാജ്യങ്ങളിൽ FGC ഉന്മൂലനം ചെയ്യാൻ വേണ്ടി സഹിയോ എന്ന സംഘടന സ്ഥാപിച്ചിട്ടുണ്ട്.



വിവർത്തനം :
**ഗൗരി എം.കെ.**
മുൻ ബിഎസ്എൻഎൽ ജീവനക്കാരിയാണ് . ഇപ്പോൾ പരിഭാഷകൾ ചെയ്യുന്നു

# അവസാനിപ്പിക്കണം ചേലാകർമ്മമെന്ന അനാചാരം !

**ബി**രുദതലത്തിൽ എത്താത്ത പ്രായത്തിലാണ് ആഫ്രിക്കയുടെ വിവിധ ഭാഗങ്ങളിൽ നടന്നുവന്ന സ്ത്രീകളിലെ ചേലാകർമ്മം എന്ന നീച ആചാരത്തെക്കുറിച്ച് താൻ അറിയുന്നതെന്ന് നിവിൻ സുൽത്താൻ എന്ന യുവതി എന്നോട് പറഞ്ഞു. ചേലാകർമ്മം എന്ന് പരക്കെ അറിയപ്പെടുന്ന ഈ അനാചാരത്തിൽ പാരമ്പര്യത്തിന്റെയും അനുഷ്ഠാനത്തിന്റെയും പേരിൽ കൊച്ചു പെൺകുട്ടികളുടെ ബാഹ്യ ജനനേന്ദ്രിയങ്ങളുടെ മുറിച്ചുകളയലാണ് നടക്കുന്നത്.

ഈ അനാചാരത്തെ കുറിച്ചുള്ള വിവരണം കേട്ട് സ്തബ്ധയായ നെവിൻ തിരുവനന്തപുരത്ത് സ്ഥിരതാമസമാക്കിയ തന്റെ ഉമ്മയോട് ഇത് പറഞ്ഞു. അമ്മയുടെ പ്രതികരണം മറ്റൊരു ആഘാതമായി അവൾക്ക് . അതെ എനിക്കും നിനക്കും എല്ലാം ഈ അനാചാരം നേരിടേണ്ടി വന്നിട്ടുണ്ട് എന്ന് പറഞ്ഞു. നെവിന് ഒന്നും മനസ്സിലായില്ല. ലേഖനത്തിൽ പറഞ്ഞിട്ടുള്ള പെൺകുട്ടികളിലെ ചേലാകർമ്മം ആഫ്രിക്കയിൽ മാത്രം നടക്കുന്ന ഒന്നായാണ് വിവരിക്കപ്പെടുന്നത്. ഇന്ത്യയിൽ, ഈ കേരളത്തിൽ അതെങ്ങനെ നടന്നു?

ഉമ്മ മുഴുവൻ കഥയും പറഞ്ഞുകൊടുത്തു. നാല്പതു ദിവസം പ്രായമുള്ള കുടുംബനാഥൻ ഒസ്സാൻ സമുദായത്തിൽപ്പെട്ട ഒരു സ്ത്രീയെ പാരമ്പര്യവിധിയനുസരിച്ച് മുടി മുറിക്കാനായി വിളിച്ചുവരുത്തി. ആൺകുട്ടികൾക്കാണെങ്കിൽ ഈ ഒസ്സാൻ പ്രതിനിധി മുടി മുറിക്കൽ മാത്രമല്ല സുന്നത്തും നിർവഹിക്കുമെന്ന് എല്ലാവർക്കുമറിയാം. അതിനു ശേഷം കുറച്ചു കഴിഞ്ഞു കുഞ്ഞു നെവിൻ വാവിട്ടു കരയുന്നതു കേട്ട് ഉമ്മ ചെന്നപ്പോൾ കുടുംബത്തിലെ മുതിർന്ന സ്ത്രീകൾ ഒരു പുഞ്ചിരിയോടെ സുന്നത്തിന് സമാനമായ ക്രിയ പെൺകുട്ടികൾക്കും ചെയ്യുമെന്ന് വിവരിച്ചുവത്രെ. നെവിന്റെ ഉമ്മയ്ക്കും ഈ മുറിക്കൽ പ്രക്രിയ നടന്നിട്ടുണ്ട് . ഇപ്പോൾ നെവിനും. തന്റെ സമ്മതം കൂടാതെ ശരീരത്തിന്റെ ഒരു ഭാഗം ആരൊക്കെയോ ചേർന്നു മുറിച്ചു കളഞ്ഞു. നെവിനു കലശലായ ദേഷ്യവും നിസ്സഹായതയും ധർമ്മരോഷവും അനുഭവപ്പെട്ടു.

ഗുജറാത്തിലെ ഷിയാ മുസ്ലിം വിഭാഗത്തിലെ ദാവൂദി ബോറാ സമുദായത്തിൽപ്പെട്ട ഒരാളാണ് ഞാൻ. നൂറ്റാണ്ടുകളായി ഞങ്ങളുടെ സമുദായത്തിൽ ഖട്ന

എന്ന പേരിലറിയപ്പെടുന്ന സ്ത്രീകളിലെ സുന്നത്ത് ആചരിക്കപ്പെട്ടു വരുന്നുണ്ട് . മറ്റുപല ദാവൂദി ബോറാ പെൺകുട്ടികളെയും പോലെ തന്നെ ഏതാണ്ട് ഏഴു വയസ്സുള്ളപ്പോൾ ഉമ്മ എന്നെ ഒരു അപരിചിത സ്ത്രീയുടെ വീട്ടിലേക്ക് കൊണ്ടുപോയി. അവർ എന്റെ പാൻറീസ് അഴിച്ചുമാറ്റി കാലുകളകത്തി വെപ്പിച്ച് സ്വകാര്യഭാഗം ഒരു ബ്ലേഡ് കൊണ്ട് മുറിച്ചു. വിശദമായി ഓർക്കുന്നില്ല. എങ്കിലും അപ്പോൾ അനുഭവിച്ച വേദനയും ഇപ്പോഴും വിറയ്ക്കുന്ന ഓർമകളാണെനിക്ക്.

മനുഷ്യാവകാശത്തിന്റെയും ബാലാവകാശത്തിന്റെയും സ്ത്രീ അവകാശത്തിന്റെയും ലംഘനമെന്ന് ലോകാരോഗ്യസംഘടന വിവരിച്ചിട്ടുള്ള ഈ അനാചാരത്തിന് ഒരു കുഞ്ഞും വിധേയയായിക്കൂട.

2011ലാണ് സ്ത്രീകളിലെ ഖട്നയെക്കുറിച്ച് ഞാൻ പരസ്യമായി സംസാരിക്കാൻ തുടങ്ങിയത് . ദാവൂദി ബോറ സമുദായത്തിൽ അനാചാരത്തിനെതിരെ ഒരു വൻ മുന്നേറ്റമാണ് കഴിഞ്ഞ അഞ്ചു വർഷക്കാലത്തേക്ക് ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത്. തങ്ങളുടെ വേദനയുടെയും മനസംഘർഷത്തിന്റെയും കഥകൾ പങ്കുവെച്ചുകൊണ്ട് ഒരുപാട് സ്ത്രീകൾ മുന്നോട്ടു വരുന്നുണ്ട് . ഈ അനാചാരം അവസാനിപ്പിക്കണമെന്നും അവർക്ക് അദമ്യമായ ആഗ്രഹമുണ്ട്.

ഇന്ത്യയിൽ ഈ അനാചാരം നിലവിലുള്ള ദാവൂദി ബോറകളിലും മറ്റു ചെറിയ ചില വിഭാഗങ്ങളിലും മാത്രമാണെന്നാണ് ഒരുപാട് കാലം ഞങ്ങൾ ധരിച്ചിരുന്നത്. പക്ഷെ 2017ൽ ഞാൻ രൂപം നൽകിയ സഹിയോ എന്ന സംഘടന കേരളത്തിലും ഇത് നടക്കുന്നതായി മനസ്സിലാക്കി. തുടർന്ന് ഞങ്ങൾ നടത്തിയ ഒരന്വേഷണത്തിൽ കോഴിക്കോട്ടും പരിസരത്തും എല്ലാ പ്രായത്തിലുമുള്ള സ്ത്രീകളുടെ ജനനേന്ദ്രിയങ്ങൾ മുറിച്ചു നീക്കുന്ന ഡോക്ടർമാരുള്ള ഓരോ ക്ലിനിക്കുകൾ എങ്കിലും ഉള്ളതായി കണ്ടെത്തി.

കേരളത്തിലെ പ്രാദേശിക വാർത്താ ചാനലുകൾ ഞങ്ങളുടെ അന്വേഷണം തുടർന്നു പിടിച്ചത് സമൂഹത്തിൽ ഒച്ചപ്പാടുണ്ടാക്കി. സ്ത്രീകളിലെ സുന്നത്തുകർമ്മത്തെ തള്ളിപ്പറഞ്ഞുകൊണ്ട് രാഷ്ട്രീയ മത സ്ഥാപനങ്ങൾ പ്രസ്താവനകളിറക്കി. ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ കേരള ശാഖ ഈ അനാചാരത്തെ അശാസ്ത്രീയവും വൈദ്യ ധർമ്മത്തിന് നിരക്കാത്തതും എന്ന് വിശേഷിപ്പിച്ചു. ആരോഗ്യമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഈ വിഷയത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടു.

പക്ഷെ, ഇന്ത്യയിലിപ്പോഴും കേരളത്തിലെ ചില സമുദായങ്ങളും ദാവൂദി ബോറ സമുദായവും ഈ അനാചാരം തുടരുന്നു. സ്ത്രീകളിലെ സുന്നത്ത് ചേലാകർമ്മം (FGC) എന്നതിനെക്കുറിച്ച് നിങ്ങളിൽ പലർക്കും ഇപ്പോൾ മനസ്സിൽ സംശയങ്ങൾ ഉണ്ടായിരിക്കാം. ഞാൻ അത് വിശദീകരിക്കാൻ ശ്രമിക്കാം.

**ആദ്യമായി, എന്താണ് മുറിച്ചുമാറ്റുന്നത്?**

പലതരത്തിൽ ഈ ഫീമെയിൽ ജെനിറ്റൽ കട്ടിംഗ് നടന്നുവരുന്നുണ്ട്. പലതും ഭീകരമാണ് . ഇന്ത്യയിൽ നടന്നുവരുന്നത് അതിൽ ഏറ്റവും മൃദുവായ ഒരു രീതിയാണ്. ഒരു കൊച്ചു പെൺകുട്ടിയുടെ ഭഗശിശ്നികാദളങ്ങൾ (clitoral hood) മുറിച്ചു കളയുന്നതാണ് ഇത്.




**എന്താണ് ഭഗശിശ്നിക**

യോനീഭിത്തി കളുടെ ചുറ്റുമായി സ്ഥിതിചെയ്യുന്ന ഒരു അവയവമാണ് ഭഗശിശ്നിക. പുറത്തേക്ക് പ്രകടമാകുന്നത് അതിന്റെ അഗ്രം മാത്രം ആയിരക്കണക്കിന് സിരാഗ്രങ്ങളുള്ള ഒരു ബട്ടൺ പോലുള്ള മാംസക്കഷ്ണം. ഒരു സ്ത്രീയുടെ ലൈംഗികാനുഭൂതി പ്രദാനം ചെയ്യുക എന്ന ഒരേ ഒരു ധർമ്മമാണ് ഇതിനുള്ളത്. ലൈംഗികാഭിനിവേശം ഉണരുമ്പോൾ ഇത് വികസിക്കുന്നു. വളരെ സംവേദനക്ഷമമായ ഒരു അവയവമാകയാൽ ദളങ്ങൾ കൊണ്ട് സംരക്ഷിക്കപ്പെട്ടിരിക്കുന്നു അത്.

**എന്തുകൊണ്ടാണ് എഫ്.ജി.സി ആചരിക്കപ്പെടുന്നത്**

ചേലാകർമ്മം ആദരിക്കുന്ന സമുദായങ്ങൾ തങ്ങളുടെ പാരമ്പര്യ ആചാരം എന്ന നിലയിൽ ഒരു ചോദ്യം ചെയ്യലിനും വിധേയമാക്കാതെ കണ്ണുമടച്ചു പിന്തുടരുകയാണതിനെ. പൊതുവേ പരക്കെ പറഞ്ഞു കേട്ടിട്ടുള്ള കാരണം സ്ത്രീകളിലെ ലൈംഗികാസക്തിക്ക് തടയിടുക എന്നതാണ്. നെവിൻ എന്നോട് പറഞ്ഞത് ഒരു മതപണ്ഡിതനോട് ഇതേപ്പറ്റി ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് സ്ത്രീകൾക്ക് പൊതുവേ കൂടിയതോതിൽ ലൈംഗികാസക്തി ഉണ്ടെന്നും ജനനേന്ദ്രിയങ്ങൾ മുറിച്ചു പാകപ്പെടുത്തുക വഴി ഈ പാപത്തിൽ നിന്നും രക്ഷനേടാനാകും എന്നുമാണ്. ഈ ന്യായീകരണത്തിന് ഒരു ശാസ്ത്രീയ അടിത്തറയുമില്ല. സ്ത്രീ ലൈംഗികതയെ നിയന്ത്രിക്കാൻ പുരുഷ മേധാവിത്വം ഉപയോഗിക്കുന്ന ഒരുവടി മാത്രം. ഒരു ഇസ്ലാമിക ആചാരം ആണോ ഇത് ഒരിക്കലും അല്ല. യഥാർത്ഥത്തിൽ ഒരുതരത്തിലുമുള്ള സുന്നത്ത് കർമ്മങ്ങളെക്കുറിച്ചും ഖുർആനിൽ പരാമർശമില്ല. മുസ്ലീങ്ങളിൽ എല്ലാവർക്കും ഈ ആചാരമില്ലതാനും. ആഗോള തലത്തിൽ വിവിധ മത വിഭാഗങ്ങളിൽപ്പെട്ടവർ മുസ്ലിം, ക്രിസ്ത്യൻ, ജൂതർ ഇത് ആചരിക്കുന്നുമുണ്ട്.

**എന്താണ് എഫ്.ജി.സി യുടെ സ്വാധീനം**

മുറിപ്പെടുത്തലിന്റെ ഭയങ്കരതയ് ക്കനുസരിച്ച് ഒരു പെൺകുട്ടിയുടെ കായിക, മാനസിക ,ലൈംഗിക ആരോഗ്യം പലവിധത്തിൽ ബാധിക്കപ്പെടാം. ഏറ്റവും മൃദുവായ ഗുഹ്യഭാഗം മുറിച്ചെടുത്താൽ  ഭയങ്കര വേദനയുളവാക്കാം. ചുട്ടുനീറ്റലും രക്തസ്രാവവും ഉണ്ടാകാം. ചിലപ്പോൾ മുതിർന്നാലും നിൽക്കുന്ന വേദനയും മുറിപ്പാടുകളും ഉണ്ടാകും . ലൈംഗിക ചോദനകൾ കാര്യമായി കുറയുന്നതിനും ശാരീരിക വേഴ്ചകൾ ബുദ്ധിമുട്ടുകൾ നിറഞ്ഞ താക്കുന്നതിനും ഇടയാകാം. തീർച്ചയായും ചേലാകർമ്മത്തിലൂടെ കടന്നുപോരേണ്ടിവന്ന മിക്ക സ്ത്രീകൾക്കും മാനസികസംഘർഷവും പ്രിയപ്പെട്ടവരാൽ വഞ്ചിക്കപ്പെട്ടു എന്ന തോന്നലും ഉണ്ടായിട്ടുണ്ട്.

**സ്ത്രീകളിലെ ചേലാകർമ്മത്തിനെതിരെ ഒരു നിയമ വ്യവസ്ഥയുണ്ടോ?**

നാല്പതിലേറെ രാഷ്ട്രങ്ങൾ ഫീമെയിൽ ജെനിറ്റൽ കട്ടിംഗ് നിയമവിരുദ്ധമാക്കി പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഇത് നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് ഒരു പെറ്റീഷൻ സുപ്രീം കോടതിക്ക് മുന്നിൽ നിലവിലുണ്ട്. കേസ് എവിടെയും എത്തിയിട്ടില്ല.

പക്ഷേ എഫ്.ജി.സിക്ക് എതിരായ ഒരു നിയമം കിട്ടിയാലും ഈ അനാചാരം തുടച്ചുനീക്കാൻ ആവില്ല എന്നതാണ്. ഗാർഹിക പീഡനവും സ്ത്രീധനവും ബാല വിവാഹവും എല്ലാം ഇന്ത്യയിൽ നിയമവിരുദ്ധമാണ്. പക്ഷേ പലരും അവയെല്ലാം ഇപ്പോഴും പിന്തുടരുന്നു. അത്രയ്ക്ക് ആഴത്തിൽ വേരുകളുള്ള അനാചാരങ്ങളാണ് ഇവയെല്ലാം. സമുദായങ്ങളിൽ നിന്നുള്ള ശക്തമായ ഇച്ഛാശക്തികളിലൂടെ മാത്രമേ അതിൽ മാറ്റം വരുത്താനാകൂ. അതിനുള്ള വഴികൾ വിദ്യാഭ്യാസവും അവബോധവും താഴെത്തട്ടിലുള്ള സംഭാഷണങ്ങളും ചർച്ചകളുമാണ്.

സഹിയോ എന്ന ഞങ്ങളുടെ സംഘടന കഴിഞ്ഞ 5 വർഷങ്ങളായി ദാവൂദി ബോറ മറ്റു ഏഷ്യൻ സമുദായങ്ങൾ തുടങ്ങിയവയുമായി ഈ വിഷയത്തിൽ തുറന്ന ചർച്ചകൾക്കായി സുരക്ഷിത ഇടങ്ങളൊരുക്കുന്നുണ്ട്. എന്റെ സഹസ്ഥാപക പ്രിയാഗോസ്വാമിയും ഞാനും ചേർന്നു മാം കിൻ എന്ന ഒരു ആപ്പിന് രൂപം കൊടുത്തിട്ടുണ്ട്. എഫ് ജി സി പോലുള്ള ബുദ്ധിമുട്ടേറിയ വിഷയങ്ങളെ കുറിച്ച് പഠിക്കാൻ ജനങ്ങളെ സഹായിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

കേരളത്തിൽ എഫ്.ജി.സിക്കെതിരെ തുറന്നു സംസാരിക്കാൻ മറ്റു പലരും മുന്നോട്ടു വരുന്നു എന്നത് എനിക്ക് സന്തോഷം തരുന്ന കാര്യമാണ്. തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്തെ മരയ്ക്കാർ സമുദായത്തിൽപ്പെട്ട റഷാദ് അതിലൊരാളാണ്.

കഴിഞ്ഞവർഷം റഷാദിന്റെ സഹോദരിക്ക് ഒരു പെൺകുഞ്ഞു പിറന്നു. ആ കുഞ്ഞിനെ സുന്നത്ത് ചെയ്യാനൊരുങ്ങുകയാണ് അവളെന്ന് റഷാദ് മനസ്സിലാക്കി.

“യുക്തിക്ക് നിരക്കാത്ത മതത്തിന്റെ പേര് പറഞ്ഞുള്ള ഇത്തരം ആചാരങ്ങൾക്കെല്ലാം ഞാനെതിരാണ്. ഇവയെല്ലാം മനുഷ്യരുണ്ടാക്കിയതാണ്. ഇതൊന്നും ചെയ്യാൻ ഒരു ദൈവവും ആവശ്യപ്പെട്ടിട്ടില്ല.” റഷാദ് എന്നോട് പറഞ്ഞു.

തന്റെ മരുമകളെ ഇത്തരം നീചപ്രവർത്തിയിൽ നിന്ന് രക്ഷിക്കാൻ റഷീദിന് സഹോദരിയുമായി അവരുടെ ഭർതൃ മാതാപിതാക്കളുമായും സ്വ മാതാപിതാക്കളുമായും മറ്റു നിരവധി പേരുമായും നിരന്തര തീക്ഷ്ണ സംഭാഷണങ്ങളിലേർപ്പെടേണ്ടി വന്നു.

ഇത്തരം കർമ്മങ്ങൾ ചെയ്തില്ലെങ്കിൽ പിന്നീട് സമൂഹത്തിൽ മുഖം കാണിക്കാൻ പറ്റുമായിരുന്നില്ല എന്നാണ് സമുദായാംഗങ്ങളുടെ തോന്നൽ. അതൊരു വലിയ യുദ്ധം തന്നെയായിരുന്നു . ഒടുവിൽ സഹോദരി ഭർത്താവ് സമ്മതിച്ചു.  തന്റെ മകളെ ഇത്തരമൊരു അനാചാരത്തിനു ബലിയാടാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു . റഷാദ് പറഞ്ഞു.

ചർച്ചകളിലൂടെയും സംഭാഷണങ്ങളിലൂടെയും ഒടുവിൽ  തന്റെ മരുമകളെ രക്ഷിക്കാനായി. ചേലാകർമ്മം എന്ന ദൂഷിത വലയത്തിൽ നിന്ന് കുടുംബത്തെ മോചിപ്പിക്കാനുമായി. എല്ലാ കുടുംബങ്ങളിലും ഇതെല്ലാം ചെയ്യാൻ ശ്രമിക്കാം. സ്ത്രീകളിലെ ചേലാ കർമ്മം എന്ന അനാചാരം അവസാനിപ്പിക്കാം.



അനുസ്മരണം



**കെ.എ.ബീന**
എഴുത്തുകാരി,
പത്രപ്രവർത്തക

# ഇനിയീ മനസ്സിൽ കവിതയില്ല

സുഗതകുമാരി ടീച്ചർ യാത്രയായപ്പോൾ നമുക്ക് നഷ്ടപ്പെട്ടത് സർഗ് സമ്പന്നയും സമർപ്പിത ചേതസ്സുമായ ഒരു കവി മാത്രമല്ല , വലിയൊരു പ്രസ്ഥാനം തന്നെയാണ് . സാഹിത്യ സാമൂഹിക - പാരിസ്ഥിതിക- രാഷ്ട്രീയ മേഖലകളിലെമ്പാടും ഇത്രയധികം സ്വാധീനം ചെലുത്തിയ ഇത്രയധികം സാന്നിധ്യം തെളിയിച്ച മറ്റൊരു വ്യക്തി കേരളത്തിന്റെ സമീപകാല ചരിത്രത്തിൽ വേറെ ഉണ്ടായിട്ടില്ല .

മഹാമാരി കവർന്നെടുത്തത് ചെറിയൊരു ജീവിതമല്ല . തികച്ചും പുരുഷാധിപത്യം നില നിൽക്കുന്ന സമൂഹത്തിൽ സ്ത്രീകൾക്ക് വേണ്ടി ശബ്ദമുയർത്തുന്ന മറ്റൊരാൾ സുഗതകുമാരി ടീച്ചറെപ്പോലെ , സമീപഭാവിയിൽ ഇനിയുണ്ടാകുമെന്ന് തോന്നുന്നില്ല . ടീച്ചർ ഇവിടെ ഉപേക്ഷിച്ചു പോയത് നിരാലംബരുടേയും പ്രാന്ത വത്കരിക്കപ്പെട്ടവരുടെയും വലിയൊരു പ്രതീക്ഷയാണ്, അവർ ശുന്യമാക്കി പോയത് ഈ വിഭാഗത്തിലുള്ള സ്ത്രീക ളുടേയും കുട്ടികളുടേയും കരുത്തുറ്റ ശബ്ദം കൂടിയാണ് . അത്രയും നിർഭയത്തോടെയാണ് ടീച്ചർ അനീതിക്കെതിരെ പോരാടിയത് .



നമുക്കറിയാം കവിയെന്ന നിലയിൽ സുഗതകുമാരി ടീച്ചർക്ക് മലയാള സാഹിത്യത്തിലുള്ള ഉന്നത സ്ഥാനം. മലയാളത്തിലെ ഏറ്റവുമുയർന്ന ശ്രേണിയിലാണ് അവരുടെ പദവി.  നാമത് വേണ്ടവിധം മനസിലാക്കിയിട്ടുണ്ടോ എന്ന് പോലും സംശയമാണ്. ആധുനിക മലയാള കവിത നിലനിൽക്കുന്നത്. അന്നെ ഇത്രയും വലിയൊ രു അടിത്തറയിലാണെന്ന വസ്തുത കൂടി ചരിത്രം നാളെ അടയാളപ്പെടുത്തും. കാവ്യമേഖലയ്ക്ക് അവർ നൽകിയ സംഭാവനക്കുളെക്കുറിച്ച് എന്നെപ്പോ ലെയൊരാൾ വിധിയെഴുതേണ്ട ആവശ്യവുമില്ല . ചേതോഹരമായ ആ കവിതകൾ തന്നെയാണ് അതിനു സാക്ഷ്യം.

സുഗതകുമാരി പരിസ്ഥിതി മേഖലയിലും മറ്റ് സാമൂഹിക മേഖല കളിലും അർപ്പിച്ച സേവനങ്ങൾ നിസ്ഥുലമാണ് . ലോകപരിസ്ഥിതി പ്ര സ്ഥാനത്തിന് പോലും വലിയൊരു ഊർജം പകർന്ന സൈലന്റ് വാലി പോരാട്ടത്തിനു മുൻനിരയിൽ ടീച്ചറുണ്ടായിരുന്നു. ഇന്ന് സൈലന്റ് വാലി വനമേഖല മാത്രമല്ല, സഹ്യാദ്രിയുടെ താഴ്വാരമാകെ അതിന്റെ ശ്വാസം നിലനിർത്തുന്നത് പോലും സുഗതകുമാരി ടീച്ചറും മറ്റും നടത്തിയ പ്രക്ഷോപത്തിന്റെ കൂടി ഫലമാണ്. അന്തരീക്ഷ മലിനീകര ണത്തിനും വന നശീകരണത്തിനുമെതിരായ പോരാട്ടങ്ങളത്രയും കേരള ചരിത്രത്തിലെ മായാമറകളാണ്, സൈലന്റ് വാലിയിലെ നിർദ്ദിഷ്ട വൈദ്യുതി പദ്ധതി, കാടുകളുടെ പച്ചപ്പ് നഷ്ടപ്പെടുത്തുമെന്നും പാരിസ്ഥിതിക സന്തുലനം തകർക്കുമെന്നറിഞ്ഞ് അസ്വസ്ഥയായ ടീച്ചർ , എൻ.വി കൃഷ്ണവാര്യരേയും മറ്റും കണ്ട് ഇതിനായി ഒരു പ്രസ്ഥാനം തന്നെ രൂപം നൽകി, കവികളും എഴുത്തുകാരും പരിസ്ഥിതി നാശത്തിനെതിരെ ശബ്ദമുയർത്തി . മേധാപട്കറെപ്പോലുള്ളവർ സൈലന്റ് വാലിയുടെ നിലനിൽപിനായി മുൻ നിരയിൽ നിന്നത് സുഗതകുമാരി ടീച്ചറെപ്പോ

ലുള്ളവരുടെ പ്രേരണ കാരണം കൂടിയായിരുന്നു . അവസാനം പദ്ധതി ഉപേക്ഷിക്കാൻ സർക്കാർ നിർബന്ധിതമായി.

കേരളത്തിനകത്തും പുറത്തുമുള്ള അടിച്ചമർത്തപ്പെടുന്ന, ആത്മാവ് ചുട്ടുപൊള്ളുന്ന അബലകളും അഗതികളും ആയ ആർക്കും ഏതു സമയവും കടന്നു ചെല്ലാനും സങ്കടങ്ങൾ കേൾപ്പിക്കാനും ഉണ്ടായിരുന്നത് ടീച്ചറായിരുന്നു. മനസ്സിനും ശരീരത്തിനും മുറിവേറ്റ സ്ത്രീകളെ ഒന്നാകെ അവർ ചേർത്ത് പിടിച്ചു . അഭയ, അത്താണി തുടങ്ങിയ കൂട്ടായ്മകളിലെ അവരുടെ സേവനം ചെറുതല്ല.. അധികൃതർക്കു മുന്നിൽ അബലകളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ അവർ മുൻകൈയെടുത്തു. നീതി നിഷേധത്തിനെതിരെ സുധീരം പൊരുതി. അധികാരികളുടെ മുന്നിൽ ശിരസ്സുയർത്തി പിടിച്ചു. പല പോരാട്ടങ്ങളും വിജയംകണ്ടു. രാപ്പകലില്ലാതെയുള്ള ടീച്ചറുടെ സമരങ്ങൾ. ഞങ്ങൾക്കൊക്കെ എന്നും ആവേശമായിരുന്നു. സ്വന്തം പ്രശ്നങ്ങളത്രയും മാറ്റിവെച്ചുകൊണ്ട് പരക്ഷേമ താല്പര്യത്തിനായുള്ള പ്രതിരോധമാണ് അവർ നടത്തിയത്. എഴുത്ത് പോലും ടീച്ചർക്ക് ഒരു പ്രതിരോധം ആയിരുന്നു. നന്മക്കായുള്ള എല്ലാ വിവിധ പോരാട്ടങ്ങളുടെയും മുന്നിൽ അവരുണ്ടായിരുന്നു. നമുക്ക് ചുറ്റിലുമുള്ള മനുഷ്യരുടെ വ്യഥകളിലായിരുന്നു സുഗതകുമാരി ടീച്ചർക്കുള്ള ഉത്കണ്ഠ. സാമൂഹിക പ്രവർത്തനങ്ങളിലേർപ്പെടുന്ന സ്ത്രീകൾ പലവിധ പരിഹാസങ്ങൾക്കും വിധേയമാകുന്ന കേരളീയ പരിസരത്ത് നിന്ന് കൊണ്ടാണ് അവർ അന്ത്യം വരെ പോരാട്ടം തുടർന്നു കൊണ്ടുപോയതെന്നത് പുതുതലമുറക്കാകെ മാതൃകയാണ്. എല്ലാ വിഷമങ്ങളെയും മറികടന്നാണ് ടീച്ചർ നമുക്കെല്ലാം വേണ്ടി ഉറങ്ങാത്ത മനസ്സും അടയാത്ത കണ്ണുകളുമായി കാത്തിരുന്നത്. നിരാലംബരായ പെൺകുട്ടികൾക്ക് വേണ്ടിയുള്ള ശബ്ദമാണ് നിലച്ചു പോയത് . ഞങ്ങളെ സംബന്ധിച്ചിടത്തോളം തിരുവനന്തപുരത്തെ മാത്രമല്ല കേരളത്തിലെ മുഴുവൻ എഴുത്തുകാരികളുടെയും വനിതാ സാമൂഹിക പ്രവർത്തകരുടെയും എല്ലാം പ്രവർത്തനങ്ങളുടെ ഒരു കേന്ദ്ര ബിന്ദുവായിരുന്നു സുഗതകുമാരി ടീച്ചർ. ഉപദേശങ്ങൾ തേടാനും വിലപ്പെട്ട നിർദ്ദേശങ്ങൾ കേൾക്കാനുമുള്ള കരുതലിന്റെ ഒരു രക്ഷാ കേന്ദ്രം. അവരെ ആദരിക്കാൻ തിരുവനന്തപുരത്തെ സ്ത്രീകൂട്ടായ്മ മുൻകൈയെടുത്ത് 'പവിഴമല്ലി ' എന്ന പേരിൽ ഒരു പരിപാടി സംഘടിപ്പിച്ചത് ഓർക്കുന്നു. അവരുടെ എൺപത്തി രണ്ടാം പിറന്നാളിനായിരുന്നു ഇത്. ഒരുമാസം നീണ്ടുനിന്ന പവിഴമല്ലിയുടെ ഭാഗമായി 82 പൂമരങ്ങൾ പലസ്ഥലത്തും നട്ടുപിടിപ്പിക്കുകയും വന്ദനാ ശിവ , കെ.അജിത ,മേധാപട്ക്കർ തുടങ്ങി നിരവധി പേരുടെ സാന്നിധ്യം ചടങ്ങ് അനുഗ്രഹീതമാക്കുകയും ചെയ്തു. ടീച്ചറെ സംബന്ധിച്ചിടത്തോളം ഏറ്റവും സന്തോഷപ്രദമായ ചടങ്ങായിരുന്നു ഇത് ഞങ്ങളുടെ സ്നേഹവും ആരാധനയും എല്ലാം ഈ പ്രവർത്തിയിലൂടെ തെളിയിക്കാനും കഴിഞ്ഞു.

എനിക്ക് വഴികാട്ടിയും അമ്മയുമായിരുന്നു സുഗതകുമാരി ടീച്ചർ. ഒരുപാട് സ്നേഹവും വാത്സല്യവും സൗഹൃദവും അവർ പങ്കുവച്ചു തന്നു. ഏറ്റവും ഒടുവിൽ അവരുടെ സമ്പൂർണ്ണ കവിതകൾ 'എന്റെ കൊച്ചു കൂട്ടുകാരിക്ക്' എന്ന് പറഞ്ഞാണ് ഒപ്പിട്ട് തന്നത്. അത്രയേറെ കരുതലായിരുന്നു ടീച്ചർ ഞങ്ങൾക്കൊക്കെ നൽകിയത്. നിറഞ്ഞ സങ്കടത്തോടെ പ്രിയപ്പെട്ട ടീച്ചർക്ക് സ്നേഹാഞ്ജലി അർപ്പിക്കുമ്പോൾ അവർ പകർന്നു തന്ന വാത്സല്യവും എക്കാലത്തും ഞങ്ങളെപ്പോലെയുള്ളവരുടെ വരുംകാല ജീവിതത്തെ സുരഭിലം ആക്കുമെന്ന് ഉറപ്പാണ്.

# ആദരാഞ്ജലികൾ



അജിത കെ.



ഇക്കഴിഞ്ഞ 23ന് നമ്മെ വിട്ടുപിരിഞ്ഞ സുഗതകുമാരി ടീച്ചർ കേരളചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. ഒരു വ്യക്തിയോ ഒരു പ്രസ്ഥാനമോ അല്ല ഒരു യുഗം തന്നെ അവസാനിച്ചതു പോലെയാണ് എനിക്ക് തോന്നുന്നത്. എത്രയോ വർഷങ്ങളായി ഞാനും ടീച്ചറും അന്വേഷിയും തമ്മിലുള്ള ബന്ധം ആരംഭിച്ചിട്ട്. ഞങ്ങൾക്ക് ഒരുപാട് സ്നേഹം തന്ന മഹാപ്രതിഭ പോയപ്പോൾ എനിക്ക് നഷ്ടമായത് ഒരു ചേച്ചിയെയാണ്. അവരുടെ തീരാ നഷ്ടം നികത്താൻ നമുക്ക് ഇനി കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ആ ഓർമ്മയ്ക്കു മുൻപിൽ ഞാൻ തല കുനിക്കുന്നു. സ്നേഹം നിറഞ്ഞ എന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശാസ്ത്രം



**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ

# കാതലീന്റെ നാലു പതിറ്റാണ്ടു നീണ്ട ഗവേഷണവും കോവിഡ് വാക്സിനും

ഫൈസർ കോവിഡ് വാക്സിൻ ലോകത്തിനു മുഴുവൻ പ്രതീക്ഷയും ആശ്വാസവുമായി എത്തുമ്പോൾ ഒരു വനിതയുടെ നാലു പതിറ്റാണ്ടുകാലത്തെ ഗവേഷണ ഫലങ്ങളാണ് ഈ വാക്സിൻ വികസന ഗവേഷണത്തിനു കരുത്തു പകർന്നതെന്ന് എത്ര പേർക്കറിയാം? ആ കോവിഡ് വാക്സിൻ കാതലീൻ സ്വീകരിച്ച നിമിഷം ലോകത്തിന് കൈയടിക്കാതിരിക്കാൻ ആവുമായിരുന്നില്ല. പരിഹാസങ്ങളും അവഗണകളും വെല്ലുവിളികളുമൊക്കെ അതിജീവിച്ച് ആത്മവിശ്വാസത്തോടെ തന്റെ ഗവേഷണങ്ങളിൽ ഉറച്ചു നിന്നു വിസ്മയ നേട്ടം കൈയെത്തിപ്പിടിച്ച കാതലിൻ കാരിക്കോ എന്ന ശാസ്ത്രജ്ഞയുടെ ജീവിതം സംഭവബഹുലമാണ്. ഗവേഷണരംഗത്തെ വനിതകൾക്കൊരു പാഠപുസ്തകം തന്നെയാണാ ജീവിതം.



കാതലീൻ

1955 ജനുവരി 17 ന് ഹംഗറിയിലാണ് കാതലീൻ ജനിച്ചത്. ഡോക്ടറേറ്റ് നേടിയ ശേഷം ആർഎൻഎ ഗവേഷണങ്ങളിലായിരുന്നു കാതലീന്റെ ശ്രദ്ധ മുഴുവൻ. ആർ എൻ എ യുടെ രഹസ്യങ്ങൾക്കു പുറകെയായി കാതലീന്റെ യാത്ര. ആർ എൻ എ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന റൈബോ ന്യൂക്ലിക് ആസിഡ് എന്ന ഒറ്റ ഇഴ മാത്രമുള്ള, കോശങ്ങളിലെ പ്രധാന ജനിതക ഘടകത്തെ രോഗപ്രതിരോധത്തിൽ ഉപയോഗപ്പെടുത്താൻ കഴിയും എന്ന ഉറച്ച വിശ്വാസം മാത്രമായിരുന്നു കാതലീന്റെ കൈമുതൽ. ജീവന്റെ ചുരുളുകൾ എന്ന വിശേഷണമുള്ള ഡി.എൻ.എ യുടെ രഹസ്യങ്ങളിലേക്ക് മിഴിനട്ടിരിക്കുകയായിരുന്നു അക്കാലത്ത് ശാസ്ത്രലോകം. അപ്പോഴതാ ഒരു വനിത ആർ.എൻ.എ ഗവേഷണങ്ങൾ വിസ്മയങ്ങൾ വിരിയിക്കുമെന്ന അവകാശവാദവുമായി നടക്കുന്നു. പരിഹാസങ്ങളും അവഗണനകളുമൊന്നും കാതലീനെ തളർത്തിയില്ല. തന്റെ ധാരണ ശരിയാണെന്ന ഉറച്ച വിശ്വാസം അവർക്കുണ്ടായിരുന്നു.

ജനിതക വിവരങ്ങളെ ഡി.എൻ.എ യിൽ നിന്ന് റൈബോസോമിലേക്ക് എത്തിക്കുന്നത് മെസഞ്ചർ ആർ എൻ എ ആണ്. പ്രോട്ടീൻ നിർമ്മാണത്തിനു സഹായിക്കുന്ന സുപ്രധാന പ്രക്രിയയാണിത്. അങ്ങനെയെങ്കിൽ അഭിലഷണീയമായ വ്യതിയാനങ്ങൾ വരുത്തിയ സന്ദേശക ആർ എൻ എ കൾ മനുഷ്യശരീരത്തിൽ പ്രയോഗിച്ചാൽ അവ ആന്റിബോഡികൾ നിർമ്മിക്കും. അങ്ങനെ പല മാരകരോഗങ്ങളിൽ നിന്നും പകർച്ചവ്യാധികളിൽ നിന്നും മനുഷ്യനെ രക്ഷിക്കാം! ഈ വിസ്മയ സാധ്യതയാണ് കാതലീന്റെ ഗവേഷണങ്ങൾക്ക് എന്നും ഊർജ്ജം പകർന്നുകൊണ്ടിരുന്നത്. ഹംഗറിയിലെ സർവ്വകലാശാലയിൽ സ്ഥാപന മേധാവിയുമായുള്ള അഭിപ്രായ വ്യത്യാസങ്ങളെത്തുടർന്ന് 1985-ൽ കാതലീൻ അവിടെ നിന്നു പുറത്താക്കപ്പെട്ടു. നാടുവിടേണ്ട അവസ്ഥയിലേക്കു വരെ എത്തിയ




പ്പോഴും കാതലീൻ തന്റെ ഗവേഷണങ്ങളെ പ്രാണ വായു പോലെ ചേർത്തുപിടിച്ചു. അങ്ങനെ ഭർത്താവിനും മകൾക്കുമൊപ്പം അമേരിക്കയിലേക്ക് ചേക്കേറുകയും ഫിലാഡൽഫിയയിലെ ടെമ്പിൾ സർവ്വകലാശാലയിലെ ബയോകെമിസ്ട്രി വിഭാഗത്തിൽ ചേരുകയും ചെയ്തു. തന്റെ ഗവേഷണ സ്വപ്നങ്ങൾക്ക് പുതിയ ചിറകുകൾ മുളയ്ക്കുമെന്ന് പ്രതീക്ഷിച്ച കാതലീന് അവിടെയും പ്രതിസന്ധികളുടെ ഒരു നിര തന്നെ മറികടക്കേണ്ടി വന്നു. ഫണ്ടിങ്ങിന്റെയും ലാബ് സൗകര്യങ്ങളുടെയും അപര്യാപ്തത, ആർ എൻ എ ഗവേഷണങ്ങളോടുള്ള അവഗണന , ഇതൊന്നും ഫലം കാണാൻ പോവുന്നില്ലെന്ന പരിഹാസം ഇതൊക്കെ കാതലീന്റെ വാശി വർദ്ധിപ്പിച്ചതേയുള്ളൂ. സ്ഥാപന മേധാവിയുമായുള്ള അഭിപ്രായ വ്യത്യാസങ്ങൾ കാരണം ടെമ്പിൾ സർവ്വകലാശാല വിടേണ്ട സാഹചര്യവും വന്നു.

1990-ൽ പെനിസിൽവാനിയ സർവ്വകലാശാലയിൽ ചേർന്നു ഗവേഷണങ്ങൾ തുടർന്നെങ്കിലും അവിടെയും പ്രോൽസാഹനമൊന്നും ലഭിച്ചില്ല. മെസ്സഞ്ചർ ആർ.എൻ.എ അധിഷ്ഠിത ജീൻ തെറാപ്പി ഗവേഷണങ്ങൾ ഒരു ഭ്രാന്തൻ സങ്കല്പം മാത്രമാണെന്ന് അധിക്ഷേപിച്ച് അവിടെയും ഗ്രാന്റ് നിഷേധിക്കുകയായിരുന്നു സ്ഥാപന മേധാവികൾ. സമയം വെറുതെ പാഴാക്കുന്ന ഈ ഗവേഷണം നിർത്തുന്നതാണു നല്ലതെന്ന ഉപദേശം വേറെ! അവിടുത്തെ ഗവേഷകയായിരുന്നിട്ടും ആദ്യമൊക്കെ തൊട്ടു താഴെയുള്ള തസ്തികക്കാർക്കു നൽകിയിരുന്നതിനെക്കാൾ കുറഞ്ഞ വേതനമാണ് കാതലീനു നൽകിക്കൊണ്ടിരുന്നത്.

ഗവേഷണങ്ങൾ തുടർന്ന കാതലീൻ 2005-ൽ വീസ്സ്മാനുമായിച്ചേർന്ന് സന്ദേശക ആർ എൻ എ സംബന്ധമായ ഗവേഷണ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും കണ്ടെത്തലുകൾക്ക് പേറ്റന്റ് എടുക്കുകയും ചെയ്തു. എന്നാൽ വലിയ കമ്പനികളൊന്നും തന്നെ ഇതിൽ ആകൃഷ്ടരായില്ല. ഒടുവിൽ തങ്ങളുടെ ടെക്നോളജി ബയോൺടെക് എന്ന ചെറിയ ജർമ്മൻ കമ്പനിക്കു കൈമാറുകയായിരുന്നു അവർ. ഇപ്പോൾ ഫൈസറുമായി ചേർന്ന് കോവിഡ്-19 വാക്സിൻ ഉണ്ടാക്കിയ ബയോൺടെക് തന്നെ! മൊഡേണ കോവിഡ് വാക്സിന്റെ അടിസ്ഥാനവും ഇവരുടെ കണ്ടെത്തലുകൾ തന്നെ. തിരസ്ക്കാരങ്ങളുടെയും അവഗണനകളുടെയും വെല്ലുവിളികളുടെയും കടൽ നീന്തിക്കടന്ന കാതലീൻ ഇപ്പോൾ ലോകത്തിന്റെ പ്രതീക്ഷയും അഭിമാനവുമാണ്. ബയോൺടെക്കിന്റെ സീനിയർ വൈസ് പ്രസിഡന്റാണ് ഇപ്പോൾ കാതലീൻ. ലോകത്തെ നിശ്ചലമാക്കിയ ഒരു മഹാമാരിയിൽ നിന്ന് മനുഷ്യനെ കരകയറ്റാനുള്ള ശ്രമങ്ങളിൽ തന്റെ നാല്പതു വർഷത്തെ ഗവേഷണങ്ങൾ നിർണ്ണായകമായതിന്റെ ആഹ്ലാദത്തിലാണിപ്പോൾ കാതലീൻ. കാതലീന്റെ മകൾ സുസാൻ ഫ്രാൻസിയ ഒളിമ്പിക്സിൽ റോവിങ് ഇനത്തിൽ രണ്ടു തവണ സ്വർണ്ണ മെഡൽ നേടിയിട്ടുണ്ട്.

# സംഘർഷത്തിൽ നിന്ന് സമാധാനത്തിലേക്കു ള്ള ഇടപെടലുകൾ




**യെമെനിൽ പട്ടാള കൈയേറ്റത്തിനെരെ സ്ത്രീകൾ അണിനിരക്കുന്നു**




**അയർലൻഡ് ൽ സമാധാന പ്രവർത്തനങ്ങൾക്ക് നൊബേൽ സമ്മാനം നേടിയ ബെറ്റി വില്ല്യംസും മെയ്റെഡ് കൊറിഗനും**




**ലൈബീരിയയിലെ മാസ് ഏക്ഷൻ ഫർ പീസ്**




**സമാധാനത്തിനായി ഇസ്രയേൽ – പാലസ്തീൻ സ്ത്രീകളുടെ സംയുക്ത പ്രകടനം**




**വിയറ്റ്നാം യുദ്ധത്തിനെതിരെ അമേരിക്കയിൽ നടന്ന പ്രകടനം**



**ദക്ഷിണ കൊറിയയിൽ 2018 ൽ നടന്ന അന്താരാഷ്ട്ര പീസ് വോക്ക് നയപ്രഖ്യാപനം**




# സംഘടിത കൂട്ടായ്മയിൽ
# കണ്ണി ചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകൾക്കെഴുതാനും വായിക്കാനും പ്രസിദ്ധീകരിക്കാനുമുള്ള വേദിയായ സംഘടിതയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു.
കഥ, കവിത, ലേഖനം, ഓർമ്മക്കുറിപ്പുകൾ, നർമ്മശകലങ്ങൾ, നിരീക്ഷണങ്ങൾ, അമ്മയനുഭവങ്ങൾ, നവമാദ്ധ്യമ അവലോകനങ്ങൾ, പഴയ കുടുംബഫോട്ടോകൾ, സ്ത്രീകളെ സംബന്ധിക്കുന്ന പഴയ പത്രവാർത്തകൾ – പ്രസിദ്ധീകരിക്കാൻ തോന്നുന്ന എന്തും – ക്ഷണിക്കുന്നു. താൽപര്യമുള്ളവർ

**sheebakm@gmail.com**

എന്ന വിലാസത്തിലേക്ക് സ്വന്തം ഫോട്ടോയും മേൽവിലാസവും ഫോൺ നമ്പറും ഉൾപ്പെടുത്തി അയക്കുമല്ലോ.

AVA

Break the chain
കൈവിടാതിരിക്കാം... കൈ കഴുകൂ...

# കൈ കഴുകി
## കൊറോണയെ തടയാം

18 അപൂർവ ആയുർവേദ മൂലികകൾ അടങ്ങിയ മെഡിമിക്സ്
ആയുർവേദിക് ഹാൻഡ്‌വാഷ് നമ്മുടെ കൈകൾ അണുമുക്തമാക്കി
നമ്മളേയും നമ്മുടെ പ്രിയപെട്ടവരെയും കൊറോണയിൽ
നിന്ന് സംരക്ഷിക്കുന്നു.

**വരൂ നമുക്ക് ഒരുമിച്ചു കൈകഴുകി കോറോണയെ തടയാം!!!**




ഹാനികരമായ
രാസവസ്തുക്കൾ
ഇല്ലാത്ത
മെഡിമിക്സ്
ഹാൻഡ്‌വാഷ്

**അന്നും ഇന്നും എന്നും നിങ്ങളുടെ സംരക്ഷണത്തിന്**

MEDIMIX®
SINCE 1969

Toll Free: 1800 103 1282 | E-mail: customercare@avacare.in